JEEVAN BOOKS

# സാമൂഹ്യനീതി ബൈബിളിൽ



ഡോ. മൈക്കിൾ കാരിമറ്റം

# സാമൂഹ്യനീതി ബൈബിളിൽ

“മനുഷ്യാ, നല്ലതെന്തെന്ന് നിനക്ക് കാണിച്ചുതന്നിട്ടുണ്ട്.
നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക,
നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായിരിക്കുക.
ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽനിന്ന്
ആവശ്യപ്പെടുന്നത്?” (മിക്കാ 6,8)

“...നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ
നീതി, കാരുണ്യം, വിശ്വസ്തത... ” (മത്താ 23, 23)

ഡോ. മൈക്കിൾ കാരിമറ്റം

(Malayalam)
Samuhyaneethi Bibilil
Dr. Michael Karimattam
© : Author
First Edition : 2017
Published & Distributed by
Jeevan Books,
Bharananganam - 686 578,
Ph: 04822 - 237474
Jeevan Books is a pastoral service of the
Capuchins of St Joseph Province, Kerala, India.
It aims at the promotion of the
Word of God through the media.
Printed at
Seraphic Press
Bharananganam - 686 578,
Ph: 04822 - 236487
Cover Design
Price: ₹ 00.00/-

All rights reserved. No part of this book may be printed or duplicated in any manner without the written permission of the publisher.

# പ്രസ്താവന

സാമൂഹ്യനീതി ബൈബിളിൽ എന്ന പേരിൽ കഴിഞ്ഞ മൂന്നു വർഷമായി അസ്സീസി മാസികയിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. മാസംതോറും പ്രസിദ്ധീകരിച്ച ലേഖനങ്ങളാണെങ്കിലും ഒരു പുസ്തകത്തിന്റെ രൂപരേഖ മുന്നിൽ കണ്ടുകൊണ്ടാണ് ലേഖനങ്ങൾ ചിട്ടപ്പെടുത്തിയത്. ഉല്പത്തി മുതൽ വെളിപാടു വരെയുള്ള ബൈബിൾ ഗ്രന്ഥങ്ങളിൽ ക്രമപ്രവൃദ്ധമായി ചുരുൾ വിടരുന്ന സാമൂഹ്യനീതിയെക്കുറിച്ചുള്ള പഠനങ്ങൾ ഇവിടെ വിശദമായി അവതരിപ്പിച്ചിരിക്കുന്നു.

ആധുനികബൈബിൾ വിജ്ഞാനീയത്തിന്റെ പിൻബലത്തോടെയാണ് ലേഖനങ്ങൾ തയ്യാറാക്കുന്നതെങ്കിലും ശാസ്ത്രീയമായ വിശകലനത്തിന്റെയും അപഗ്രഥനങ്ങളുടെയുമല്ല മറിച്ച് വിവരണത്തിന്റെയും ആഖ്യാനത്തിന്റെയും ഒരു ശൈലിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ബൈബിൾ വിജ്ഞാനീയത്തിലും ദൈവശാസ്ത്രത്തിലും വലിയ അവഗാഹം അവകാശപ്പെടാനില്ലാത്ത സാധാരണ വായനക്കാരെ മുന്നിൽ കണ്ടുകൊണ്ട് ഈ പഠനം തയ്യാറാക്കിയിരിക്കുന്നതിനാൽ പ്രമേയങ്ങൾ കഴിയുന്നത്ര ലളിതമായി അവതരിപ്പിക്കാൻ ശ്രമിക്കുന്നു. വിഷയങ്ങൾ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോഴും അവയുടെ ആനുകാലിക പ്രസക്തി എടുത്തുകാട്ടാൻ ശ്രമിച്ചിട്ടുണ്ട്.

ബൈബിളിലെ പുസ്തകങ്ങൾ കത്തോലിക്കാസഭ അവതരിപ്പിക്കുന്ന കാനോനികക്രമത്തിൽ പഠിക്കാൻ ശ്രമിക്കുന്നതിനാൽ സാമൂഹ്യനീതി എന്ന വിഷയത്തിന്റെ ചരിത്രപമായ വികസനം എന്നതിനെക്കാൾ ബൈബിളിൽ പ്രത്യക്ഷപ്പെടുന്ന ക്രമത്തിന് മുൻഗണന നല്കിയിരിക്കുന്നു. എന്നാലും ഈ വിഷയത്തിൽ ഉണ്ടായ വികാസപരിണാമങ്ങൾ ചൂണ്ടിക്കാട്ടാൻ ശ്രമിച്ചിട്ടുണ്ട്.

ഏതാനും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞപ്പോൾതന്നെ പല വായനക്കാരും ഇത് ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണം എന്ന് ആവശ്യപ്പെടുകയുണ്ടായി. ഇതുപോലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇപ്പോൾ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് പ്രചോദനമായി. സാമൂഹ്യനീതിയെ സംബന്ധിച്ച ബൈബിളിന്റെ പ്രബോധനങ്ങൾ, നീതിനിഷ്ഠമായൊരു ജീവിതം, വ്യക്തിതലത്തിലും സമൂഹതലത്തിലും നയിക്കുന്നതിനും കരുപ്പിടിപ്പിക്കുന്നതിനും ഈ പഠനങ്ങളും പരിചിന്തനങ്ങളും അല്പമെങ്കിലും സഹായകമാകുമെങ്കിൽ ഞാൻ കൃതാർത്ഥനാണ്.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് മുൻകൈ എടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ജീവൻ ബുക്സിന്റെ ഡയറക്ടർ അലക്സ് കിഴക്കേക്കടവിൽ അച്ചനോടുള്ള ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തട്ടെ. അതുപോലെതന്നെ പ്രസിദ്ധീകരണത്തിനുവേണ്ടി കൈയ്യെഴുത്തുപ്രതി പകർത്തിയെഴുതിതന്ന ശ്രീമതി ലീലാ ഫ്രാൻസീസ്, അച്ചടി ഭംഗിയാക്കിയ സെറാഫിക് പ്രസ്സിലെ ജോലിക്കാർ, പുസ്തകമായി പ്രസിദ്ധീകരിക്കാൻ അനുവാദം നല്കിയ അസ്സീസി മാസിക എഡിറ്റർ ഫാ. ടോം കണ്ണന്താനം എന്നിവരെ അകൈതവമായ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

# ആമുഖം

*"നീതി ജലം പോലെ ഒഴുകട്ടെ;*
*സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും* (ആമോ 5,24).

സ്വന്തം പേരിൽ പുസ്തകമുള്ള പ്രവാചകന്മാരിൽ അഥവാ ലിഖിത പ്രവാചകന്മാരിൽ, ചരിത്രപരമായി നോക്കുമ്പോൾ ആദ്യത്തെ പ്രവാചകനാണ് ആമോസ്. സാമൂഹ്യനീതിയുടെ പ്രവാചകൻ എന്നാണ് ആമോസ് അറിയപ്പെടുന്നത്. എന്നാൽ ആമോസിന്റെ ഗർജ്ജനങ്ങളിൽ മാത്രമല്ല സാമൂഹ്യനീതിയുടെ ശബ്ദം മുഴങ്ങുന്നത്. ബൈബിളിലെ ആദ്യത്തെ അദ്ധ്യായം മുതൽ അവസാനത്തെ അദ്ധ്യായം വരെ എഴുപത്തിമൂന്നു പുസ്തകങ്ങളിലും നിറഞ്ഞുനിൽക്കുന്ന ഒരു പ്രമുഖപ്രമേയമാണു നീതി.

നീതി നിഷേധിക്കപ്പെടുന്നവരുടെ നിലവിളിയും നീതി നിഷേധിക്കുന്നവരുടെ കൊലവിളിയും, മർദ്ദകരുടെ ആക്രോശവും പീഡിതരുടെ വിലാപവും ബൈബിളിന്റെ താളുകളിൽ മുഴങ്ങുന്നു. അവയ്ക്കെല്ലാം ഉപരി നീതി നടപ്പിലാക്കുന്ന ദൈവത്തിന്റെ ശബ്ദം ആകാശത്തുനിന്ന് വെള്ളിടിപോലെ പ്രവാചകവചനങ്ങളിലൂടെയും മർദ്ദകസംവിധാനങ്ങളെ കടപുഴക്കി എറിയുന്ന ചരിത്രസംഭവങ്ങളിലൂടെയും ബൈബിളിന്റെ ചക്രവാളങ്ങളിൽ പ്രതിധ്വനിക്കുന്നത് കാതോർത്താൽ കേൾക്കാം.

വിശുദ്ധിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ഏശയ്യാ ആദ്യ അദ്ധ്യായത്തിൽത്തന്നെ അനീതി നിറഞ്ഞ ഉത്സവാഘോഷങ്ങൾക്കും ബലിയർപ്പണങ്ങൾക്കും എതിരേ ആഞ്ഞടിച്ചതിനുശേഷം ജനത്തെ ഒന്നടങ്കം ആഹ്വാനം ചെയ്യുന്നത് നീതി പ്രവർത്തിക്കാനാണ്. 'നന്മ പ്രവർത്തിക്കുവിൻ, നീതി അന്വേഷിക്കുവിൻ ... അനാഥരോട് നീതി ചെയ്യുവിൻ' (ഏശ 1,13-18). ദൈവത്തോടു രമ്യതപ്പെടാൻ അതു മാത്ര

മാണ് മാർഗ്ഗം എന്ന് സംശയത്തിനു പഴുതടച്ച് ഏശയ്യാ ഉദ്ഘോഷിച്ചു. സ്നേഹത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന ഹോസിയാ നല്കുന്ന സന്ദേശവും വ്യത്യസ്തമല്ല. "നീതിയും സ്നേഹവും മുറുകെപ്പിടിക്കുക, നിന്റെ ദൈവത്തിനു വേണ്ടി നിരന്തരം കാത്തിരിക്കുക" (ഹോസി 12,6).

ഈ മൂന്നു പ്രവാചകരുടെയും സന്ദേശം തന്നെയാണ് അവരുടെ സമകാലികനായ മിക്കായും സമ്യക്കായി അവതരിപ്പിക്കുന്നത്. കർത്താവിനെ പ്രീതിപ്പെടുത്താൻ എന്തു കാഴ്ചയാണ് കൊടുക്കേണ്ടത് എന്ന ഭക്തന്റെ ചോദ്യത്തിൽ മിക്കാ വ്യക്തമായ ഉത്തരം നൽകുന്നുണ്ട്. ആയിരക്കണക്കിനു ദഹനബലികളും പതിനായിരക്കണക്കിനു പാനീയബലികളും ദൈവത്തിനു വേണ്ട. ഏറ്റം വിലപ്പെട്ടതായി കരുതുന്ന നരബലിയും, ആദ്യജാതന്റെ ബലി പോലും ദൈവത്തെ പ്രീതിപ്പെടുത്താൻ പര്യാപ്തമല്ല. പിന്നെ എന്തുവേണം? "ഹേ, മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക. നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് ദൈവം ആവശ്യപ്പെടുന്നത്?" (മിക്കാ 6,6–8)

നീതി, കാരുണ്യം, വിനയം – ഇതാണ് പ്രവാചകസന്ദേശത്തിന്റെ രത്നച്ചുരുക്കം. നൂറ്റാണ്ടുകൾക്കു ശേഷം സകല പ്രവചനങ്ങളുടെയും പൂർത്തീകരണമായി അവതരിച്ച നസ്രത്തിലെ വലിയ പ്രവാചകനും നൽകുന്ന സന്ദേശം ഇതുതന്നെ. ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യത്തിന്റെ മുഖംമൂടി വലിച്ചു കീറി അവരുടെ തനിനിറം വ്യക്തമാക്കുന്ന ഏഴു വിമർശനങ്ങളിൽ നാലാമത്തേതായി അവതരിപ്പിക്കുന്നത് നിയമാനുസരണത്തിലെ കാപട്യവും യഥാർത്ഥ നീതി പ്രവർത്തിക്കാനുള്ള ആഹ്വാനവുമാണ്. "കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയ്ക്ക് ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണ് നിങ്ങൾ ചെയ്യേണ്ടിയിരുന്നത് – മറ്റുള്ളവ അവഗണിക്കാതെ തന്നെ" (മത്താ 23,23).

ബൈബിളിൽ നിറഞ്ഞുനിൽക്കുന്ന "സാമൂഹ്യനീതി" എന്ന പ്രമേയത്തെക്കുറിച്ച് സാമാന്യം വിശദമായ ഒരു പഠനത്തിനാണ് ഈ പുസ്തകത്തിലൂടെ ശ്രമിക്കുന്നത്. "നീതി" എന്ന പദത്തിന് "സാമൂഹ്യനീതി "യെക്കാൾ കൂടുതൽ വ്യാപകമായ അർത്ഥസൂചനയുണ്ട്. ദൈവമനു

ഷ്യബന്ധത്തിൽ നിലനിൽക്കണമെന്ന് ദൈവം ആവശ്യപ്പെടുന്ന ഒരു സവിശേഷതയാണ് നീതി. ദൈവതിരുമുമ്പിൽ സ്വീകാര്യനായി കാണപ്പെടാൻ മനുഷ്യനിൽ അവശ്യം ഉണ്ടായിരിക്കേണ്ട ഒരു ഗുണം. ഈ അർത്ഥത്തിന്റെ മുഴുവൻ ആഴവും വ്യാപ്തിയും ഉൾക്കൊള്ളുന്നില്ല സാമൂഹ്യനീതി എന്നു തോന്നാം.

എന്നാൽ സകല ബന്ധങ്ങളും സാമൂഹ്യബന്ധങ്ങളാണല്ലോ? ദൈവം പോലും ഒരു സമൂഹമായി, സാമൂഹ്യബന്ധമായി നിലനിൽക്കുന്നു എന്നല്ലേ നാം വിശ്വസിക്കുന്നത്? അതിനാൽ പ്രത്യക്ഷത്തിൽ തോന്നാവുന്ന, മനുഷ്യർ തമ്മിൽത്തമ്മിലുള്ള ബന്ധം മാത്രമല്ല, മറിച്ച് മനുഷ്യന് ദൈവത്തോടും പ്രപഞ്ചത്തോടും തന്നോടുതന്നെയും ഉള്ള ബന്ധങ്ങളെല്ലാം ഇതിൽ പെടും. ഈ ചതുർവിധ ബന്ധത്തിൽ നിലനിൽക്കേണ്ട ഗുണമാണ് സാമൂഹ്യനീതി. ഈ കാഴ്ചപ്പാടിൽ 'സാമൂഹ്യനീതി' എന്ന പ്രമേയം ബൈബിളിന്റെ കേന്ദ്രസ്ഥാനത്താണ് നിൽക്കുന്നത് എന്ന് നിസ്സംശയം പറയാൻ കഴിയും.

ഉൽപത്തി മുതൽ വെളിപാട് വരെയുള്ള 73 ഗ്രന്ഥങ്ങളിൽ ക്രമപ്രവൃദ്ധമായി വെളിപ്പെടുന്ന സാമൂഹ്യനീതി എന്ന പ്രമേയം കാനോനിക ഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്ന ക്രമത്തിൽത്തന്നെ പഠിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. രൂപരഹിതവും ശൂന്യവുമായ അവസ്ഥയിൽ നിന്ന് പ്രപഞ്ചം വിടർന്ന് ദൈവഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ എത്തുമ്പോൾ വീഴ്ചയായി, തകർച്ചയായി. അനീതി അരങ്ങേറി. നിലവിളിയും ശാപവും പിന്നെ ശാപമോക്ഷവും. രക്ഷാചരിത്രനാടകത്തിനു തിരശ്ശീല വീഴുന്നത് എല്ലാം നവീകരിച്ച്, ദൈവം മനുഷ്യനു കൂടാരമാകുന്ന മഹനീയ ദൃശ്യത്തോടെയാണ്. അപ്പോഴാണ് നീതി പൂർണ്ണമാവുക. ഇതൊരു തീർത്ഥാടനമാണ്. സമ്പൂർണ്ണമായ നീതി തേടിയുള്ള തീർത്ഥയാത്ര – പറുദീസായിൽ നിന്ന് പുതിയ ജറുസലേമിലേക്ക്. "നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും അവിടുത്തെ വാഗ്ദാനപ്രകാരം നാം കാത്തിരിക്കുന്നു" (2 പത്രോ 3,13).

## ഉള്ളടക്കം

1. മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപം
2. ആധിപത്യം = കാവൽ
3. സഹോദരൻ - കാവൽക്കാരൻ
4. ചിതറിക്കുന്ന ഗോപുരങ്ങൾ
5. കർത്താവിന്റെ വഴി
6. അന്ധമായ തീക്ഷ്ണത
7. ക്ഷമിക്കുന്ന സ്നേഹം അനിവാര്യം
8. ജീവന്റെ കാവല്ക്കാർ
9. നിലവിളി കേൾക്കുന്ന ദൈവം
10. പ്രമാണങ്ങൾ നീതിയുടെ അടിസ്ഥാനം
11. കുടുംബം സാമൂഹ്യനീതിയുടെ പഠനക്കളരി
12. ജീവനു സംരക്ഷണം
13. സ്വകാര്യ സ്വത്ത്
14. സത്യം മാത്രം
15. തീർത്ഥാടനം - പ്രലോഭനങ്ങൾ
16. ആഖോർ താഴ്വരയിലെ അനീതിയുടെ സ്മാരകം
17. രക്തമൊഴുകുന്ന വയലുകൾ
18. നരഭോജികൾ
19. ആരാധനാഭാസങ്ങൾ

20. പ്രവാചകാഹ്വാനം
21. ഒരു നാൾ വരും
22. വിശുദ്ധ ഗിരിയിൽ വസിക്കാൻ
23. നീതി - മാനസാന്തരത്തിന്റെ ഫലം
24. ജീവിതംതന്നെ പ്രബോധനം
25. ദൈവരാജ്യത്തിന്റെ നീതി
26. അവർക്ക് എല്ലാം പൊതുസ്വത്തായിരുന്നു
27. ഊട്ടുമേശ കൂട്ടായ്മയുടെ കേന്ദ്രം
28. ധനമോഹം
29. നീതിതന്നെ ഭക്തി
30. ഉപസംഹാരം - നവയുഗദർശനം

# 1

# മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപം

നീതിയെ, പ്രത്യേകിച്ചും സാമൂഹ്യനീതിയെക്കുറിച്ചുള്ള ഏറ്റവും ഹ്രസ്വവും അതേസമയം സമഗ്രവുമായ നിർവ്വചനം റോമാക്കാർ നല്കിയതാണെന്നു തോന്നുന്നു. വ്യക്തതയ്ക്കും കൃത്യതയ്ക്കും പേരുകേട്ട റോമൻ നിയമവ്യവസ്ഥയിൽ നീതിക്കു നല്കുന്ന നിർവ്വചനം രണ്ടേ രണ്ടു വാക്കുകളിൽ ഒതുങ്ങുന്നു; ഊനികൂയിക്വെ സൂവും (Unicuique Suum). "ഓരോരുത്തർക്കും അർഹമായത്". അതു നൽകുന്ന, അഥവാ ലഭിക്കുന്ന അവസ്ഥാവിശേഷമാണ് സാമൂഹ്യനീതികൊണ്ട് അർത്ഥമാക്കുക. ഇതിൽ അവകാശങ്ങളും കടമകളും വിവക്ഷിക്കപ്പെടുന്നു. ഓരോരുത്തർക്കും അർഹമായത് ലഭിക്കണമെങ്കിൽ അതു കൊടുക്കാനും ഓരോരുത്തരും തയ്യാറാകണം. അങ്ങനെ സമൂഹത്തിൽ നിലനിൽക്കേണ്ട കൊടുക്കൽ വാങ്ങൽ പ്രക്രിയയിലെ സന്തുലിതാവസ്ഥയാണ് സാമൂഹ്യനീതി എന്നു പറയുന്നതിൽ തെറ്റുണ്ടാവില്ല.

എന്നാൽ എന്താണ് ഓരോരുത്തർക്കും അർഹമായത്? എന്താണ് ഒരാളുടെ അവകാശം? എന്താണ് കടമകൾ? ആരാണ് അവകാശങ്ങളും കടമകളും നിശ്ചയിക്കുക? ഇവിടെ പ്രശ്നം സങ്കീർണ്ണമാകുന്നു. സ്വന്തം അവകാശങ്ങൾക്കു വേണ്ടി വാദിക്കുകയും മുറവിളി കൂട്ടുകയും സമരങ്ങൾ നയിക്കുകയും ചെയ്യുന്നവർ തങ്ങളുടെ കടമകളെക്കുറിച്ച് പലപ്പോഴും നിശ്ശബ്ദത പാലിക്കുന്നു; മാത്രമല്ല അതിനെക്കുറിച്ച് ഓർമ്മി

പ്പിക്കുന്നവർക്കെതിരേ പട നയിക്കാൻ മുതിരുകയും ചെയ്യുന്നു എന്ന വിരോധാഭാസം ഇന്ന് സാധാരണ സംഭവമായി മാറിയിരിക്കുന്നു.

അവകാശങ്ങളുടെയും കടമകളുടെയും, അഥവാ സാമൂഹ്യനീതിയുടെ തന്നെ അടിസ്ഥാനമായി നിൽക്കുന്നത് ആത്യന്തികമായി മനുഷ്യവ്യക്തിയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ്. ആരാണ് ഈ ഞാൻ? എന്താണ് സമൂഹത്തിൽ എന്റെ സ്ഥാനം? എന്താണ് എന്റെ ഉറവിടം, എന്റെ ലക്ഷ്യം? എന്നിങ്ങനെയുള്ള മൗലികമായ ചോദ്യങ്ങൾക്കു നൽകുന്ന ഉത്തരങ്ങളനുസരിച്ച് നീതിയെ സംബന്ധിച്ച കാഴ്ചപ്പാടുകളിലും നിലപാടുകളിലും വ്യത്യാസങ്ങൾ ഉണ്ടാകും.

മനുഷ്യരെ പല തട്ടുകളിലായി തരം തിരിച്ചു കാണുന്ന സംസ്കാരങ്ങൾ ധാരാളമുണ്ട്, പുരാതന കാലത്തു മാത്രമല്ല, ഇന്നും. "എല്ലാവരും തുല്യരാണ്, പക്ഷേ ചിലർ കൂടുതൽ തുല്യരാണ്" (All men are equal, but some are more equal)എന്ന പരിഹാസം നിലവിലിരിക്കുന്ന ഒരു സംസ്കാരത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടുന്നു. മനുഷ്യരെ പല ജാതികളായി, വ്യത്യസ്ത അവകാശങ്ങളോടെ സൃഷ്ടിച്ചതു ദൈവം തന്നെയാണെന്നും അതിനാൽ ജാതിവ്യവസ്ഥ തന്നെ ദൈവ നിശ്ചിത പദ്ധതിയാണെന്നും വിശ്വസിക്കുന്നവരുണ്ട്. ആഫ്രിക്കയിലെ കറുത്തവർ തങ്ങൾക്ക് അടിമവേലയ്ക്കായി ദൈവം തന്നെ നിശ്ചയിച്ചതാണെന്നു പ്രസംഗിക്കുകയും തങ്ങളുടെ താല്പര്യത്തിന് പിന്തുണയായി ബൈബിളിനെ കൂട്ടുപിടിക്കുകയും ചെയ്ത തൊലി വെളുത്തവരും ഉണ്ടായിരുന്നു.

പ്രപഞ്ചോല്പത്തിയെക്കുറിച്ചുള്ള ദൈവിക വെളിപാടുതന്നെയാണ് സാമൂഹ്യനീതിയുടെ അടിസ്ഥാനം. ബൈബിളിലെ ആദ്യഗ്രന്ഥമായ ഉൽപ്പത്തി പുസ്തകത്തിന്റെ ആദ്യത്തെ രണ്ടദ്ധ്യായങ്ങളിൽ പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള രണ്ടു വിവരണങ്ങൾ കാണാം.

ആദ്യവിവരണം ഉൽപ 1,1-2,4 പുരോഹിത പാരമ്പര്യം (P. Priestly tradition) എന്ന പേരിൽ അറിയപ്പെടുന്ന രചനയുടെ ഭാഗമാണ്. ബാബിലോൺ പ്രവാസത്തിനു ശേഷം ബി.സി. അഞ്ചാം നൂറ്റാണ്ടിലാണ് ഈ രചന പൂർത്തിയായത് എന്നു കരുതപ്പെടുന്നു. പടിപടിയായി നടന്ന സൃഷ്ടികർമ്മത്തിന്റെ ഒടുവിൽ സൃഷ്ടികളുടെയെല്ലാം മകുടമായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. മനുഷ്യസൃഷ്ടിയോടെ സൃഷ്ടികർമ്മം പൂർത്തിയായി; "എല്ലാം വളരെ നന്നായിരിക്കുന്നു എന്നു ദൈവം കണ്ടു" എന്ന വിലയിരുത്തലോടെ ഈ വിവരണം സമാപിക്കുന്നു. രണ്ടാമത്തെ വിവരണം ഉൽപ 2,5-25, സോളമന്റെ കാലത്ത് ബി.സി. 10 -ാം നൂറ്റാണ്ടിൽ രൂപംകൊണ്ട യാഹ്വിസ്റ്റ് (J-Yahwist) പാരമ്പര്യത്തിന്റെ ഭാഗമാണ്.

ഇവിടെ ആദ്യം മനുഷ്യനും പിന്നീട് മനുഷ്യനു വേണ്ടി മറ്റു വസ്തുക്കളും ജീവികളും സൃഷ്ടിക്കപ്പെട്ടതായി വിവരിക്കുന്നു. രണ്ടു വിവരണങ്ങളിലും മനുഷ്യന്റെ മഹത്വവും, മനുഷ്യന് ദൈവത്തോടും സൃഷ്ടപ്രപഞ്ചത്തോടും മനുഷ്യർ തമ്മിലും ഉണ്ടായിരിക്കേണ്ട ബന്ധവും സമ്യക്കായി അവതരിപ്പിക്കുന്നുണ്ട്. ഇവിടെയാണ് നാം സാമൂഹ്യനീതിയുടെ അടിസ്ഥാനം കണ്ടെത്തുക.

"നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" എന്ന ദൈവത്തിന്റെ സ്വഗതവും "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു" (ഉൽപ 26,27) എന്ന പ്രസ്താവനയും മനുഷ്യനെ സംബന്ധിച്ച സത്യം വെളിപ്പെടുത്തുന്നു. ദൈവത്തോടുള്ള ബന്ധമാണ് മനുഷ്യമഹത്വത്തിന്റെ അടിസ്ഥാനം. ഛായ, സാദൃശ്യം എന്ന രണ്ടു വാക്കുകൾ ഈ ബന്ധം വ്യക്തമാക്കുന്നു. "സെലെം" എന്ന ഹീബ്രു വാക്കാണ് ഛായ എന്നു വിവർത്തനം ചെയ്യുന്നത്. പ്രതിമ, പ്രതിരൂപം, വിഗ്രഹം എന്നൊക്കെയാണ് ഈ പദത്തിന്റെ വാച്യാർത്ഥം. നഗരങ്ങളിൽ സ്ഥാപിച്ചിരുന്ന രാജാക്കന്മാരുടെ പ്രതിമകൾക്കും ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചിരുന്ന വിഗ്രഹങ്ങൾക്കും ഈ പദമാണ് ഉപയോഗിച്ചിരുന്നത്. അപ്പോൾ മനുഷ്യൻ ദൈവത്തിന്റെ തനിപ്പകർപ്പോ വിഗ്രഹമോ ആയി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന സൂചന ലഭിക്കും. ഇതിനെ അൽപ്പം മയപ്പെടുത്താൻ വേണ്ടിയാവും "ദ്മൂത്ത്" എന്ന പദം കൂടി ഉപയോഗിച്ചിരിക്കുന്നത്. സാദൃശ്യം, ഏകദേശരൂപം എന്നർത്ഥം. ഈ രണ്ടു വാക്കുകളും ഒരുമിച്ചു നൽകുന്ന ചിത്രം ഇതാണ്. ദൈവം മനുഷ്യനെ സൃഷ്ടിയുടെ മകുടവും തന്റെ തന്നെ പ്രതിനിധിയുമായി ഭൂമിയിൽ സ്ഥാപിച്ചിരിക്കുന്നു.

മണ്ണിൽ നിന്നും മെനഞ്ഞെടുത്ത രൂപത്തിലേക്ക് ദൈവം ജീവന്റെ ശ്വാസം നിശ്വസിച്ചപ്പോഴാണ് മനുഷ്യനുണ്ടായത് എന്ന രണ്ടാം വിവരണവും (ഉൽപ 2,7) മനുഷ്യമഹത്വത്തിന്റെ നിദാനമായി ദൈവത്തോടുള്ള ബന്ധത്തെ എടുത്തുകാട്ടുന്നു. മനുഷ്യൻ മണ്ണിൽ നിന്നെടുക്കപ്പെട്ടവനായതിനാൽ മണ്ണിനോട് അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു; മർത്യനാണ്. അതേസമയം മൺകൂടാരത്തിൽ ദൈവത്തിന്റെ ജീവശ്വാസം പേറുന്നതിനാൽ അവൻ മണ്ണിന് അതീതനുമാണ്. മണ്ണിനോടും ദൈവത്തോടുമുള്ള ഈ ബന്ധമാണ് മനുഷ്യന്റെ സവിശേഷത. ഒരേ സമയം മർത്യനും അമർത്യനും; അതുതന്നെ അവന്റെ മഹത്വത്തിനു നിദാനവും.

ഈ രണ്ടു വിവരണങ്ങളിൽ നിന്ന് സാമൂഹ്യനീതിയെ സംബന്ധിച്ച സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു.

1. എല്ലാ മനുഷ്യരും മഹത്വമുള്ളവരാണ്. ദൈവം തന്നെ മനുഷ്യമഹത്വത്തിന് ഉറപ്പുനൽകുന്നു. "നീ എനിക്കു വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനുമാണ്" (ഏശ 43,4) എന്ന പ്രസ്താവന ഇസ്രായേൽ ജനത്തെ മാത്രമല്ല ലോകത്തിലെ സകല ജനതകളെയും വ്യക്തികളെയും സംബന്ധിച്ചും അന്വർത്ഥമാണ്. മനുഷ്യനായി അവതരിച്ച ദൈവപുത്രനിൽ ഈ മഹത്വം ഏറ്റം പ്രകടമാകുന്നു. മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു എന്ന പ്രസ്താവന "അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനു"മായ (കൊളോ 1, 15)യേശു ക്രിസ്തുവിലേക്കു വിരൽ ചൂണ്ടുന്നു. അവനിലാണ് മനുഷ്യന്റെ യഥാർത്ഥ മഹത്വം അതിന്റെ പൂർണ്ണതയിൽ പ്രകടമാകുന്നത്.

2. സ്ത്രീയും പുരുഷനും തുല്യമഹത്വവും തുല്യ അവകാശങ്ങളും ഉള്ളവരായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, കഴിവുകളിലും ദൗത്യങ്ങളിലും വ്യത്യാസങ്ങളുണ്ടെങ്കിലും. 'മനുഷ്യൻ' എന്ന പദം പുരുഷനെയും സ്ത്രീയെയും ഉൾക്കൊള്ളുന്നു. ആദാം എന്നാണ് ഹീബ്രു മൂലം. ആദ്യപുരുഷന്റെ പേരായി ചുരുങ്ങുന്നതിനു മുമ്പേ ഈ നാമം മനുഷ്യനെ പൊതുവായി സൂചിപ്പിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിൽനിന്ന് മനുഷ്യനെക്കുറിച്ചു മാത്രമല്ല, ദൈവത്തെക്കുറിച്ചും വ്യക്തമായ ഒരു സൂചന ലഭിക്കുന്നു. പുരുഷ മേധാവിത്വം നിലവിലിരുന്ന പേട്രിയാർക്കൽ സംവിധാനത്തിൽ ദൈവത്തെ പുരുഷനായി ചിത്രീകരിക്കാനുള്ള പ്രവണത ദൃശ്യമാണ്. എന്നാൽ ദൈവത്തിന്റെ സാദൃശ്യത്തിൽ, സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു എന്ന പ്രസ്താവനയിലൂടെ ഈ കാഴ്ചപ്പാടിനു തടയിടുന്നു. ദൈവം പുരുഷനും സ്ത്രീയുമാണ്, പിതാവും മാതാവുമാണ്. അതിനാൽ സ്ത്രീയെ പുരുഷനെക്കാൾ വില കുറഞ്ഞവളോ പുരുഷാധിപത്യത്തിനു വിട്ടുകൊടുക്കപ്പെട്ടവളോ ആയി കരുതാനാവില്ല.

3. വർണ്ണ, വർഗ്ഗ, ജാതി വ്യത്യാസങ്ങളൊന്നും ദൈവകല്പിതമല്ല, മനുഷ്യനിർമ്മിതി മാത്രമാണ്. നിറത്തിന്റെയോ തൊഴിലിന്റെയോ മറ്റെന്തിന്റെയെങ്കിലുമോ അടിസ്ഥാനത്തിൽ ചിലരെ കൂടുതൽ മാന്യരും മറ്റു ചിലരെ മാന്യത കുറഞ്ഞവരുമായി പരിഗണിക്കു

ന്നത് സ്രഷ്ടാവിന്റെ ഹിതത്തിനു വിരുദ്ധമാണ്. ഒരുപക്ഷേ സമൂഹത്തിൽ നിലനിൽക്കുന്ന അനീതി നിറഞ്ഞ സംവിധാനങ്ങളുടെയും അവയ്ക്ക് പിൻബലം നൽകുന്ന മനോഭാവങ്ങളുടെയും ഒരു മുഖ്യ കാരണം മനുഷ്യനെ പല തട്ടുകളിലായി അവതരിപ്പിക്കുന്ന ഈ കാഴ്ചപ്പാടാണ് എന്നു പറഞ്ഞാൽ തെറ്റുണ്ടാവില്ല.

4. ദൈവിക പദ്ധതിയനുസരിച്ച് മനുഷ്യൻ സമൂഹജീവിയാണ്. സ്വന്തം കാര്യം മാത്രം നോക്കുന്ന ഒറ്റയാന്മാരായി ജീവിക്കാനല്ല, പരസ്പരം അംഗീകരിച്ചും സ്നേഹിച്ചും സഹായിച്ചും ഒരു കുടുംബമായി, സമൂഹമായി വളരാൻ വേണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യനു നൽകുന്ന ആദ്യ അനുഗ്രഹവും കല്പനയും "ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ" (ഉൽപ 1, 26) ഈ സാമൂഹിക മാനത്തിന് ഊന്നൽ നൽകുന്നു.

സൃഷ്ടിയുടെ രണ്ടാമത്തെ വിവരണത്തിൽ ഈ മാനം കൂടുതൽ നാടകീയമായി അവതരിപ്പിച്ചിട്ടുണ്ട്. "ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും" (ഉൽപ 2,18). വർണ്ണവിവേചനവും വർഗ്ഗവിദ്വേഷവും, അതുപോലെ അപരനെ ശത്രുവായി കാണുന്ന സകല ചിന്താഗതികളും ഇവിടെ നിരാകരിക്കപ്പെടുന്നു. സമൂഹത്തിൽ നീതി പുലരാൻ ഈ കാഴ്ചപ്പാട് അംഗീകരിച്ചേ മതിയാവൂ. നാം എല്ലാം അയല്ക്കാരാണെന്നും ജീവിതത്തിന്റെ വഴിയോരങ്ങളിൽ രക്തം വാർന്നു കിടക്കുന്നവർ ഏറ്റം കൂടുതൽ പരിഗണനയും സഹായവും അർഹിക്കുന്നു എന്നും യേശു പഠിപ്പിച്ചപ്പോൾ (ലൂക്കാ 10,25-37) ഈ യാഥാർത്ഥ്യം എടുത്തു കാട്ടുകയായിരുന്നു.

പ്രകൃത്യാതന്നെ ദൈവത്തിന്റെ മുഖഛായ വഹിക്കുന്നതിനാൽ ഓരോ മനുഷ്യവ്യക്തിക്കും മഹത്വമുണ്ട്. മനുഷ്യനിർമ്മിതമായ എല്ലാ വിഭാഗീയതകൾക്കും അതീതമായി, സകല മനുഷ്യർക്കും, ഓരോ മനുഷ്യവ്യക്തിക്കും, ദൈവം കൽപ്പിച്ചിരിക്കുന്ന അമൂല്യത, മഹത്വം, അംഗീകരിക്കപ്പെടുന്നിടത്ത് സാമൂഹ്യ നീതി ഉറപ്പാകും. അതില്ലാതെ യഥാർത്ഥ നീതി ലഭ്യമാവില്ല. ഈ മഹത്വത്തോടൊപ്പം എല്ലാ മനുഷ്യർക്കും ദൈവം തന്നെ നൽകിയിരിക്കുന്ന അവകാശങ്ങളുമുണ്ട്. അതാണ് സൃഷ്ടികർമ്മത്തിന്റെ വിവരണത്തിൽ പ്രകടമാകുന്ന രണ്ടാമത്തെ ഘടകം. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

# 2

# ആധിപത്യം = കാവൽ

*"ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക് കടലിലെ മത്സ്യങ്ങളുടെയും ഭൂമി മുഴുവന്റെയും മേൽ ആധിപത്യമുണ്ടായിരിക്കട്ടെ. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. നിറഞ്ഞ് അതിനെ കീഴടക്കുവിൻ"* (ഉത്പ 1,26-28).

ഭൂമിയുടെയും അതിലെ വിഭവങ്ങളുടെയും മേലുള്ള അവകാശം, ഉപഭോഗ വസ്തുക്കളുടെ ഉല്പാദനം, വിതരണം എന്നിവയിൽ നിലനില്ക്കേണ്ട നീതി വ്യവസ്ഥയെയാണല്ലോ നാം സാധാരണയായി സാമൂഹ്യനീതിയെന്ന് വിശേഷിപ്പിക്കുക. എല്ലാ മനുഷ്യരും തുല്യമഹത്വവും തുല്യ അവകാശവും ഉള്ളവരാണെന്ന് നാം കണ്ടുകഴിഞ്ഞു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഭൂമിയോടും അതിലെ വിഭവങ്ങളോടും ജീവികളോടും ഉണ്ടായിരിക്കണം എന്നു ദൈവം നിശ്ചയിച്ചിരിക്കുന്ന ബന്ധമാണ് അടുത്തതായി ചർച്ചാവിഷയമാക്കുന്നത്. ആധിപത്യം സ്ഥാപിക്കുക, കീഴടക്കുക എന്ന രണ്ടു ക്രിയകൾ ഈ ബന്ധത്തെ വിശദീകരിക്കുന്നു. ഏറെ തെറ്റിധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇരയായിട്ടുള്ളതാണ് ഈ രണ്ടു വാക്കുകൾ. അതിനാൽത്തന്നെ ഈ വാക്കുകളിലൂടെ എന്താണ് ബൈബിൾ പഠിപ്പിക്കുന്നതെന്ന് കണിശമായി അപഗ്രഥിക്കേണ്ടതുണ്ട്.

ഉൽപ്പത്തി ഒന്നാം അധ്യായത്തിലെ ഈ കല്പനയുടെ അർത്ഥം പൂർണ്ണമായി ഗ്രഹിക്കണമെങ്കിൽ പ്രപഞ്ചത്തോടുള്ള മനുഷ്യന്റെ ബന്ധത്തെപ്പറ്റി രണ്ടാം അധ്യായത്തിൽ പറഞ്ഞുവച്ചിരിക്കുന്നതുകൂടെ പരിഗണിക്കണം. "ഏദേൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനുമായി ദൈവമായ കർത്താവ് അവനെ അവിടെയാക്കി. അവിടുന്ന് കല്പിച്ചു, തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; അതു തിന്നുന്ന ദിവസം നീ മരിക്കും" (ഉൽപ 2,15-17).

ആധിപത്യം സ്ഥാപിക്കുക, കീഴടക്കുക എന്ന് ആദ്യ അധ്യായത്തിൽ വിശേഷിപ്പിച്ച രണ്ടു പ്രവൃത്തികളുടെ അർത്ഥം കൃഷി ചെയ്യുക, സംരക്ഷിക്കുക എന്ന രണ്ടു ക്രിയകളിലൂടെ രണ്ടാമത്തെ അധ്യായത്തിൽ വിശദീകരിക്കുന്നു. ആധിപത്യം, കീഴടക്കൽ എന്നീ ക്രിയകൾ ഒരു യുദ്ധത്തിന്റെ പ്രതീതി ജനിപ്പിക്കുന്നവയാണ്. ശത്രുക്കളെ തോല്പിച്ച് അടിമകളാക്കുക, അവരുടെ രാജ്യം പിടിച്ചെടുത്ത് സ്വന്തമാക്കി അതിന്മേൽ ആധിപത്യം സ്ഥാപിക്കുക എന്നൊക്കെയാവാം ഈ പദങ്ങൾ നല്കുന്ന തോന്നൽ. അപ്പോൾ സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ ശത്രുവായിക്കണ്ട് എതിരിടുകയും യുദ്ധം ചെയ്ത് തോല്പിച്ച് കീഴടക്കുകയും ചെയ്യുക മനുഷ്യന്റെ ദൈവദത്തമായ ഉത്തരവാദിത്തമായി ഇതിനെ വ്യാഖ്യാനിക്കാൻ സാധ്യതയുണ്ട്. തന്നെയുമല്ല, താൻ കീഴടക്കിയ വ്യക്തികളെയും വസ്തുക്കളെയും ഭൂമിയെയും ഇഷ്ടംപോലെ ഉപയോഗിക്കാൻ ജേതാവിന് അധികാരമുണ്ട് എന്ന പ്രതീതി ജനിപ്പിക്കുന്നതുമാണ് ഈ വാക്കുകൾ. ഈ വിധത്തിൽ പലപ്പോഴും ഈ ദൈവവചനത്തെ വ്യാഖ്യാനിച്ചിരുന്നു. അതിന്റെ ഫലമായി ഭൂമിയുടെയും അതിലെ വിഭവങ്ങളുടെയുംമേൽ നിരങ്കുശവും നിരുത്തരവാദിത്തപരവുമായ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചവർ വായുവും വെള്ളവും മണ്ണും വിഷലിപ്തമാക്കി; ശാദ്വലഭൂമിയെ മരുഭൂമിയാക്കി; ഈ ഭൂമിയുടെതന്നെ സന്തുലിതാവസ്ഥയ്ക്കു കോട്ടം വരുത്തി. മാത്രമല്ല, കയ്യൂക്കുള്ളവൻ കാര്യക്കാരനായി, ചുരുക്കം വ്യക്തികൾ ഭൂമിയുടെമേൽ ആധിപത്യം സ്ഥാപിച്ചു. അനേകരെ ഭൂരഹിതരും ഒരവകാശവുമില്ലാത്തവരുമാക്കി. ഇതെല്ലാം ബൈബിളിൽ നല്കിയിരിക്കുന്ന കല്പനയനുസരിച്ചാണെന്ന് ഒരു കൂട്ടർ സ്വയം ന്യായീകരിക്കുമ്പോൾ മറുഭാഗത്തുനിന്ന് ഈ കടുത്ത അനീതിക്കും ദുരവസ്ഥയ്ക്കും ബൈബിളും അത് ദൈവവചനമായി പഠിപ്പിക്കുന്ന സഭയും തന്നെയാണ് കാരണം എന്ന രൂക്ഷവിമർശനവും ഉയർന്നു. എന്നാൽ ഇതാണോ കീഴടക്കൽ, ആധിപത്യം സ്ഥാപിക്കൽ എന്നതുകൊണ്ട് ബൈബിൾ അർത്ഥമാക്കുന്നത്?

ആദ്യമേ ശ്രദ്ധയിൽപ്പെടേണ്ട വസ്തുത ദൈവം അധികാരം നല്കിയിരിക്കുന്നത് ഏതെങ്കിലും വ്യക്തികൾക്കോ വർഗ്ഗങ്ങൾക്കോ അല്ല, എല്ലാ മനുഷ്യർക്കുമാണ് എന്നതത്രെ. അതിനാൽ ചുരുക്കംപേർ ഭൂമി കയ്യടക്കി അനേകരെ ഭൂരഹിതരും വഴിയാധാരരുമാക്കുന്ന പ്രക്രിയ ദൈവഹിതത്തിനു വിരുദ്ധമാണ്, പാപമാണ്. ഇത് മനുഷ്യനിർമ്മിത മായ ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണെങ്കിലും ബൈബിളിൽ ദൈവം നല്കിയിരിക്കുന്ന ആദ്യ കല്പനയ്ക്കു നിരക്കുന്നതല്ല. ഈ ഭൂമിയും അതിലെ സകല വിഭവങ്ങളും ദൈവം സൃഷ്ടിച്ചത് മനുഷ്യനും മൃഗങ്ങളും അടങ്ങുന്ന സകല ജീവികൾക്കുംവേണ്ടിയാണ്. ജീവ നുള്ളതെല്ലാം ഈ ഭൂമിയിൽനിന്ന് ആഹാരം കണ്ടെത്തണം (ഉൽപ. 1:29–31). ചരിക്കുന്ന ജീവികളെ സൃഷ്ടിക്കുന്നതിനുമുമ്പ് അവയ്ക്കെല്ലാം ആവശ്യമായ ആഹാരം സൃഷ്ടിച്ചു എന്ന് വി. ഗ്രന്ഥകാരൻ പറയുന്ന തിന്റെ അർത്ഥം ഇതാണ്. ഇവിടെ ആർക്കും ആവശ്യമായതൊന്നും കുറവു വരാൻ പാടില്ല. ചരാചരങ്ങളുടെമേൽ മനുഷ്യന് നല്കിയിരി ക്കുന്ന ആധിപത്യത്തെ ഈ വിധത്തിൽ മനസിലാക്കുമ്പോൾ ദൈവ ത്തിന്റെ കരുതലും മനുഷ്യന്റെ ഉത്തരവാദിത്വവും വ്യക്തമാകും.

മനുഷ്യൻ ആരോടും ഉത്തരം പറയാൻ കടമയില്ലാത്ത സ്വേഛാ ധിപതിയല്ല, അദൃശ്യനായ ദൈവത്തിന്റെ ഈ ഭൂമിയിലെ ദൃശ്യനായ പ്രതിനിധിയാണ്; പ്രതിരൂപമാണ്. അപ്പോൾ പ്രപഞ്ചത്തോടുള്ള ദൈവ ത്തിന്റെ കാരുണ്യവും കരുതലും മനുഷ്യനിലൂടെ പ്രകടമാകണം. എല്ലാ വർക്കും ജീവിക്കാനും വളർന്നു വികസിക്കാനും സഹായകമാകുന്ന വിധത്തിൽ ഈ പ്രപഞ്ചത്തെ ക്രമീകരിക്കാൻ മനുഷ്യനു കടമയുണ്ട്. സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണിത്; സൃഷ്ടാവായ ദൈവ ത്തിന്റെ പ്രവൃത്തിയുടെ തുടർച്ചയും. അപ്പോൾ ആധിപത്യം നശീകര ണത്തിന് അനുവാദം നല്കുന്നില്ല; അനേകരെ ദരിദ്രരാക്കി ചുരുക്കം പേർ സ്വത്തു സമ്പാദിക്കുന്ന ചൂഷണത്തിന് വഴി തുറക്കുന്നുമില്ല. മനു ഷ്യന്റെ ഈ ദൗത്യം രണ്ടാമത്തെ വിവരണത്തിൽ കൂടുതൽ വ്യക്തമാ കുന്നു.

മണ്ണിൽനിന്നു മെനഞ്ഞ് ജീവൻ നല്കിയ മനുഷ്യനെ ദൈവം തോട്ടത്തിലാക്കിയതിന്റെ മുഖ്യലക്ഷ്യം "കൃഷി ചെയ്യുക, തോട്ടം സംര ക്ഷിക്കുക" എന്നതായിരുന്നു. ഏദേൻതോട്ടം ഇവിടെ പ്രപഞ്ചത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. ജീവസന്ധാരണത്തിനാവശ്യ മായതെല്ലാം മനുഷ്യന് ഇവിടെ ലഭ്യമാണ്; പക്ഷേ, അധ്വാനിക്കണം. മാത്രമല്ല, തോട്ടം സംരക്ഷിക്കുകയും ചെയ്യണം. കൃഷിക്കാർക്ക് എളുപ്പം

മനസിലാകുന്ന ഭാഷയാണിത്. ഭൂമി കിളച്ചിളക്കണം, വിത്തു വിതയ്ക്കണം, കള പറിക്കണം; വളം നല്കണം. വന്യജീവികളിൽനിന്ന് വിളഭൂമിയെ സംരക്ഷിക്കണം, പാകമാകുമ്പോൾ വിളവെടുക്കണം. ഇതെല്ലാമാണ് കർഷകന്റെ ജോലി. ഇതുതന്നെയാണ് ദൈവം മനുഷ്യനു ഭൂമിയുടെമേൽ നല്കിയിരിക്കുന്ന ആധിപത്യം. ഇവിടെ ഭൂമിയും മനുഷ്യനും തമ്മിൽ ഒരു മാതൃപുത്രബന്ധം സംജാതമാകുന്നു. ആവശ്യമായതെല്ലാം നല്കി മനുഷ്യനെ പോറ്റുന്ന അമ്മയാണ് ഈ വിവരണത്തിൽ ഭൂമി; അമ്മയെ ശുശ്രൂഷിക്കുന്ന മകൻ മനുഷ്യൻ. ഭൂമി കീഴടക്കേണ്ട ശത്രുവല്ല; ഇഷ്ടംപോലെ ദുരുപയോഗിക്കാവുന്ന സ്വത്തുമല്ല.

ഏദേൻ തോട്ടത്തിൽ മനുഷ്യന് അവകാശം നല്കുമ്പോഴും ഒരു അപവാദമുണ്ട്. എല്ലാ മരങ്ങളുടെയും പഴം തിന്നാം, എന്നാൽ ഒരു മരത്തിന്റേതരുത്. ഈ മരത്തിന്റെയും പഴത്തിന്റെയും പ്രത്യേകതകൾ അത്രതന്നെ നമ്മുടെ വിഷയത്തിൽ പ്രസക്തമല്ല. ഒരു കാര്യം മാത്രം ശ്രദ്ധേയമാണ്. മനുഷ്യന്റെ അധികാരത്തിനും അവകാശത്തിനും അതിരുകളുണ്ട്. സ്രഷ്ടാവിന്റെ ഹിതം അനുസരിച്ചായിരിക്കണം മനുഷ്യന്റെ പ്രവൃത്തികൾ. ഒന്നുകൂടെ ഈ രണ്ടാംവിവരണത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യൻ ഏകനല്ല; ചേർന്ന ഒരിണയോടുകൂടിയവനാണ് പറുദീസായിൽ വസിക്കുന്നത് (ഉൽപ 2,18–25). സ്ത്രീയുടെ ആവിർഭാവത്തോടെ മാത്രമേ മനുഷ്യൻ പൂർണ്ണനാകുന്നുള്ളു. മനുഷ്യൻ സമൂഹജീവിയാണ്; സമൂഹമായി സ്നേഹിച്ചും പങ്കുവച്ചും ജീവിക്കണം. അതാണ് ദൈവികപദ്ധതി. അതുതന്നെ സാമൂഹിക നീതിയുടെ അടിസ്ഥാനം.

ദൈവദത്തമായ കല്പന മനുഷ്യൻ ലംഘിക്കുമ്പോഴാണ് പ്രപഞ്ചത്തിലെ ക്രമം തെറ്റുന്നത്, അനീതി ഉടലെടുക്കുന്നത്. വിലക്കപ്പെട്ട കനി തിന്ന മനുഷ്യന് സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. ലജ്ജാബോധത്താൽ തല കുനിയുന്നു; കുറ്റബോധം ഉളവാക്കിയ ഭയത്താൽ ദൈവത്തിൽനിന്ന് ഒളിക്കേണ്ടിവരുന്നു. പ്രപഞ്ചം മനുഷ്യന് ശത്രുവായി മാറുന്നു; മനുഷ്യർ പരസ്പരം കുറ്റം ആരോപിച്ച് അന്യരായിത്തീരുന്നു (ഉൽപ 3,1–19). സമൂഹത്തിൽ നിലനില്ക്കുന്ന അനീതിയും അക്രമവും ദൈവം നല്കിയ അനുഗ്രഹത്തിന്റെയും കല്പനയുടെയും ഫലമല്ല, മറിച്ച് അതിന്റെ ലംഘനം വരുത്തിവച്ച വിനകളാണെന്ന് തുടർന്നുള്ള ബൈബിൾ വിവരണങ്ങൾ ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നുണ്ട്.

എല്ലാവർക്കും ജീവിക്കാനും വളരാനുമായി സൃഷ്ടിച്ച ഭൂമിയിൽ ദൈവം ആർക്കും ഉടമസ്ഥാവകാശം നല്കിയിട്ടില്ല; ഉപയോഗാവകാശം

മാത്രം. "നിങ്ങൾ ഭൂമി എന്നേക്കുമായി വില്ക്കരുത്. എന്തെന്നാൽ ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരും മാത്രം" (ലേവ്യ 25,23). പ്രപഞ്ചത്തോടുള്ള മനുഷ്യന്റെ ബന്ധത്തിന് അടിസ്ഥാനമായി നിൽക്കുന്ന ഒരു പ്രമാണമാണിത്; സാമൂഹ്യനീതിക്ക് സംരക്ഷണം നല്കുന്ന അടിസ്ഥാന പ്രമാണം. നാടോടികളും ഭൂരഹിതരും എല്ലായിടത്തും പുറംതള്ളപ്പെട്ടവരും ആട്ടിയോടിക്കപ്പെട്ടവരുമായ ഒരു കൂട്ടം അഭയാർത്ഥികൾക്ക് ജോഷ്വായുടെ നേതൃത്വത്തിൽ കുടികിടക്കാൻ ഇടംനല്കുമ്പോൾ ഈ ഒരു പ്രമാണത്തിന്റെ അർത്ഥവ്യാപ്തി വ്യക്തമാകുന്നു.

വാഗാദത്തഭൂമി ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങൾക്കായി വീതിച്ചുകൊടുത്തപ്പോൾ ഭൂരഹിതരായ ഒരു ഗോത്രമോ, കുലമോ, കുടുംബമോ ഉണ്ടായിരുന്നില്ല. എല്ലാവർക്കും അംഗസംഖ്യ അനുസരിച്ച് ഭൂമിയിൽ അവകാശം ലഭിച്ചു. അത് എല്ലാവർക്കും ദൈവദത്തമായ ദാനമായിരുന്നു. ക്രയവിക്രയം ചെയ്യാവുന്ന ഒരു "വസ്തു" ആയിരുന്നില്ല അവർക്ക് ഭൂമി. അതുകൊണ്ടുതന്നെയാണ് തന്റെയും കുടുംബത്തിന്റെയും ജീവൻ നഷ്ടപ്പെടാൻ ഇടയായേക്കും എന്നു ഭയന്നിട്ടും ആഹാബ് രാജാവിന് തന്റെ പൈതൃകാവകാശമായ ഭൂമി വില്ക്കാൻ നാബോത്ത് വിസമ്മതിച്ചത് (1 രാജാ 21). ഈ വ്യവസ്ഥിതിക്കു മാറ്റം വരുത്തി ഭൂമി ചുരുക്കംപേർ കയ്യടക്കി, അനേകരെ ഭൂരഹിതരും വഴിയാധാരരുമാക്കിയപ്പോൾ തീ പാറുന്ന വിമർശനശരങ്ങളുമായി യാഹ്വേയുടെ പ്രവാചകർ രംഗപ്രവേശം ചെയ്തു.

"കർത്താവു ചോദിക്കുന്നു: നീ അവനെ കൊലപ്പെടുത്തി അവന്റെ ഭൂമി കൈയ്യേറിയോ... കർത്താവ് അരുളിച്ചെയ്യുന്നു - നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തം നായ്ക്കൽ നക്കിക്കുടിക്കും" (1 രാജാ 21,19). കർത്താവിന്റെ കല്പനകൾ വിസ്മരിച്ച് തങ്ങൾക്കായി സ്വത്തു സ്വരുക്കൂട്ടുന്നവർക്കെതിരേ ഏശയ്യായിലൂടെ ദൈവം വിധി പ്രസ്താവിച്ചു. "മറ്റാർക്കും വസിക്കാൻ ഇടം കിട്ടാത്തവിധം വീടോടു വീടു ചേർത്ത്, വയലോടു വയൽ ചേർത്ത്, അതിന്റെ മധ്യേ തനിച്ചു വസിക്കുന്നവർക്കു ദുരിതം! സൈന്യങ്ങളുടെ കർത്താവ് ശപഥം ചെയ്യുന്നത് ഞാൻ കേട്ടു. അനേകം മന്ദിരങ്ങൾ നിർജ്ജനമാകും. മനോഹരമായ മാളികകൾ വസിക്കാൻ ആളില്ലാതെ ശൂന്യമായിക്കിടക്കും" (ഏശ 5,8-9).

പ്രവാചകന്മാർ തുറന്നുകാട്ടി വിമർശിച്ച അപരാധങ്ങളിൽ മുഖ്യപങ്കും സാമൂഹ്യനീതിയുടെ ലംഘനമായിരുന്നു; നീതി നിഷേധമാകട്ടെ

ദൈവനിഷേധമായും നീതിനിർവ്വഹണത്തിലേക്കു നയിക്കാത്ത ആരാധന വിഗ്രഹാരാധനയായും അവർ വ്യാഖ്യാനിച്ചു. ഈ വ്യാഖ്യാനവും വിമർശനവും ബൈബിളിൽ ഉടനീളം ദൃശ്യമാണ്. കർത്താവു നൽകിയ ഭൂമിയുടെമേലുള്ള പരിപാവനമായ ഉത്തരവാദിത്തത്തെ അവഗണിച്ച്, സ്വാർത്ഥലക്ഷ്യങ്ങൾക്കായി ചൂഷണം ചെയ്യുന്നവരെ "ഭൂമിയെ നശിപ്പിക്കുന്നവർ" എന്നാണ് വെളിപാടുഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. ഭൂമിയെ നശിപ്പിക്കുന്നവരെ ഉന്മൂലനം ചെയ്യാനുള്ള സമയം സമാഗതമായി" (വെളി 11,18).

ഈ പശ്ചാത്തലത്തിൽ ഭൂമിയെയും അതിലെ വിഭവങ്ങളെയും സംബന്ധിച്ച ഇന്നു പൊതുവേ നിലനില്ക്കുന്ന മനോഭാവങ്ങളും നിയമവ്യവസ്ഥകളും നിശിതമായ പരിശോധനയ്ക്കു വിഷയമാകേണ്ടതുണ്ട്. മനുഷ്യനിർമ്മിതമായ രാജ്യാതിർത്തികൾ, ആഗോളജനസംഖ്യയും ഓരോ രാജ്യത്തിനും ജനങ്ങൾക്കും ലഭ്യമായ ഭൂവിഭാഗങ്ങളും വിഭവങ്ങളും പരിഗണിക്കുമ്പോൾത്തന്നെ ദൈവനിശ്ചിതമായ പദ്ധതിയിൽനിന്ന് നാം എത്രയോ വിദൂരത്താണെന്നു വ്യക്തമാകും. കാലകാലങ്ങളിൽ ആയുധശേഷിയും മേധാശക്തിയും വക്രബുദ്ധിയും അധീശത്വത്വരയുംവഴി ഭൂവിഭാഗങ്ങൾ കീഴടക്കി, തദ്ദേശവാസികളെ നിഷ്കരുണം ഉന്മൂലനം ചെയ്ത്, ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സമ്പന്നരും നീതിയുടെ കാവല്ക്കാരുമായി ചമയുന്നവരുടെ പിന്നാമ്പുറങ്ങളിൽനിന്ന് ഉയരുന്ന ആബേലിന്റെയും നാബോത്തിന്റെയും രക്തത്തിന്റെ നിലവിളി കർത്താവു കേൾക്കാതിരിക്കുമോ?

ജനകോടികളെ നിത്യദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും തള്ളിവിടുന്ന ആഗോളസാമ്പത്തികവ്യവസ്ഥിതിയെ ദൈവികനിയമത്തിന്റെ വെളിച്ചത്തിൽ എങ്ങനെ വിലയിരുത്തണം? സ്വതന്ത്രകമ്പോളവ്യവസ്ഥിതി പ്രഖ്യാപിച്ച്, ആനയും ഉറുമ്പും തമ്മിൽ മത്സരം നടത്തുന്ന ആനുകാലിക സാമൂഹിക-സാമ്പത്തിക നയങ്ങളെ ഏതു നിയമത്തിന്റെ പേരിൽ ന്യായീകരിക്കാനാവും? ആരാണ് ഇപ്രകാരമുള്ള നിയമനിർമ്മാണത്തിന് അധികാരവും അംഗീകാരവും നല്കുന്നത്? ലോകവിഭവങ്ങളിൽ ഭൂരിഭാഗവും കയ്യടക്കുകയും തങ്ങളുടെ ഉപഭോഗതൃഷ്ണയാൽ പ്രകൃതിയെ മുഴുവൻ മലിനീകരിക്കുകയും അതേസമയം അന്തരീക്ഷത്തിൽ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങളെ ശുദ്ധീകരിക്കുന്നതിനുവേണ്ടി വികസ്വരരാഷ്ട്രങ്ങളെ വനമാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രകൃതിസംരക്ഷകരുടെ കാപട്യം ദൈവികനിയമത്തിനുമുമ്പിൽ എങ്ങനെ ന്യായീകരിക്കാനാവും? ഉയർന്നുവരുന്ന

ആഗോളതാപനിലയെക്കുറിച്ചും ശുഷ്കിച്ചുവരുന്ന ഓസോൺ പാളികളെക്കുറിച്ചും മുതലക്കണ്ണീർ വീഴ്ത്തുന്നവർ എന്തേ തങ്ങളുടെ ശീതീകരണയന്ത്രങ്ങളും വാഹനങ്ങളും പുറന്തള്ളുന്ന വിഷവാതകങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുന്നില്ല? വന്യമൃഗസംരക്ഷണത്തിനുവേണ്ടി മുറവിളി കൂട്ടുന്ന പ്രകൃതിസ്നേഹികൾ സീമാതീതമായി പെറ്റുപെരുകി വനവും കൃഷിഭൂമികളും നശിപ്പിക്കുന്ന മൃഗങ്ങളും, എന്തിനേറെ, തെരുവുനായ്ക്കളും വരുത്തിവയ്ക്കുന്ന വിനകൾക്കുനേരെ കണ്ണടയ്ക്കുന്നു?

ഭൂമിയുടെമേൽ മനുഷ്യനു ദൈവം നല്കിയിരുന്ന ആധിപത്യം സ്വേഛാധിപത്യമല്ല; കീഴടക്കാനുള്ള കല്പന നശിപ്പിക്കാനുള്ള അനുമതിപത്രവുമല്ല. മനുഷ്യൻ ഈ പ്രപഞ്ചത്തിന്റെയും ഭൂമിയുടെയും ഭാഗമാണ്. മറ്റു ജീവികളെപ്പോലെ മനുഷ്യനും ഇവിടെ ജീവിക്കാൻ അവകാശമുണ്ട്, ദൈവദത്തമായ അവകാശം. തോട്ടങ്ങളുടെയും വിനോദ-വ്യവസായങ്ങളുടെയും അതിനൊക്കെ വഴിതെളിക്കുന്ന സ്വകാര്യസ്വത്തുടമസ്ഥാവകാശത്തിന്റെയും പേരിൽ, ആർക്കും അത് സ്വകാര്യവ്യക്തികളോ, സ്ഥാപനങ്ങളോ, സമൂഹങ്ങളോ, സംഘടനകളോ, ആകട്ടെ, പരിധിയില്ലാത്തവിധത്തിൽ ഭൂമി സ്വന്തമാക്കുകയും അതേസമയം കേറിക്കിടക്കാൻ ഒരു കുടിൽ കെട്ടാൻ പോലും ഇടം സ്വന്തമായില്ലാതെ വഴിയാധാരമാകാൻ അനേകർ നിർബ്ബന്ധിതരാവുകയും ചെയ്യുന്ന സാമൂഹ്യസംവിധാനങ്ങളും നിയമങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്താനും നിലനിർത്താനും അവകാശമില്ല. അവ തിരുത്തിയേ മതിയാകൂ! അതാണ് ഭൂമിയുടെ മേൽ ദൈവം മനുഷ്യനെ ഏല്പിച്ചിരിക്കുന്ന ആധിപത്യത്തിന്റെയും കാവലിനുള്ള ഉത്തരവാദിത്വത്തിന്റെയും പൊരുൾ. ഇതു നടപ്പിലാകുവോളം അനീതിക്കിരയായവരുടെ രക്തം, വിശക്കുന്ന വയറുകൾ, കർത്താവിന്റെ അടുക്കൽ നിലവിളിച്ചുകൊണ്ടേയിരിക്കും. ബൈബിളിൽ സ്വയം വെളിപ്പെടുത്തിയ ദൈവമായ കർത്താവ് നിലവിളി കേൾക്കുന്നവനാണെന്നു മറക്കാതിരിക്കാം. നിലവിളിക്ക് എപ്രകാരമാണ് ഉത്തരം നല്കുന്നതെന്ന് ബൈബിൾ വിവരിക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടാതിരിക്കരുത് (ഉൽപ 4,11-16; പുറ 3,7-8; 14, 25; 1 രാജാ 21, 17-24; ഏശ 5,7-9; ആമോ 4,1-3; യാക്കോ 5,1-6; വെളി 11,18).

# 3

# സഹോദരൻ – കാവൽക്കാരൻ

*"കർത്താവ് കായേനോടു ചോദിച്ചു: നിന്റെ സഹോദരൻ ആബേൽ എവിടെ? അവൻ പറഞ്ഞു: എനിക്കറിഞ്ഞുകൂടാ. സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?"* (ഉൽപത്തി 4,9).

മനുഷ്യർ തമ്മിലുള്ള പരസ്പരബന്ധത്തിൽ അവശ്യം നിലനിൽക്കേണ്ട ഒരു സവിശേഷ ഗുണമാണ് സാമൂഹ്യനീതി. സമൂഹത്തിൽ നീതി പുലരാൻ പാലിക്കേണ്ട ഒരു മനോഭാവത്തിലേക്ക് മേലുദ്ധരിച്ച ദൈവവചനം ശ്രദ്ധ ക്ഷണിക്കുന്നു. അപരനെ ശത്രുവായിക്കണ്ട് എതിരിട്ടു തോൽപ്പിക്കാനും കീഴടക്കി നശിപ്പിക്കാനും പ്രേരിപ്പിക്കുന്ന ഒരു മനോഭാവം സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. അപരൻ എനിക്കു നരകമാണെന്നു കരുതുന്ന, പഠിപ്പിക്കുന്ന തത്ത്വശാസ്ത്രങ്ങളും അവയിൽ നിന്നുരുത്തിരിയുന്ന പ്രത്യയശാസ്ത്രങ്ങളും ഉണ്ട്. എന്നാൽ ഈ കാഴ്ചപ്പാടും നിലപാടും ഒരിക്കലും സാമൂഹ്യനീതിയിലേക്കും യഥാർത്ഥവും ശാശ്വതവുമായ സമാധാനത്തിലേക്കും നയിക്കുകയില്ലെന്നതിന് ചരിത്രം സാക്ഷി.

ദൈവത്തിന്റെ ചോദ്യവും കായേന്റെ തർക്കുത്തരവും സാമൂഹ്യനീതിയുടെ കാതലിലേക്കു തന്നെയാണ് വിരൽചൂണ്ടുന്നത്. വയലിലേക്കു വിളിച്ചുകൊണ്ടുപോയി, സാക്ഷികൾ ആരുമില്ലെന്നുറപ്പാക്കിയ

തിനു ശേഷം കായേൻ തന്റെ ഇളയ സഹോദരൻ ആബേലിനെ വധിച്ചു. എന്താണീ ക്രൂരകൃത്യത്തിനു കായേനെ പ്രേരിപ്പിച്ചത് എന്നു വ്യക്തമല്ല; എന്നാൽ ബൈബിൾ ചില സൂചനകൾ നൽകുന്നുണ്ടു താനും. കാര്യകാരണങ്ങളിലേക്കു തിരിയുന്നതിനു മുമ്പേ ശ്രദ്ധിക്കേണ്ട ഒരു വസ്തുതയുണ്ട്. ബൈബിൾ ആരംഭം മുതൽ അവസാനം വരെ ഊന്നിപ്പറയുന്ന ഒരു സത്യം: മനുഷ്യർ പരസ്പരം സഹോദരങ്ങളാണ്. അതേസമയം ഈ സാഹോദര്യത്തിന്റെ നിരാസവും തിരസ്കാരവുമായി പാപം കടന്നുവരുന്നതും, അത് മനുഷ്യജീവിതത്തെ മുഴുവൻ വിഷലിപ്തമാക്കുന്നതും ബൈബിൾ തന്നെ വരച്ചുകാട്ടുന്നുണ്ട്. പറുദീസായിൽ തുടങ്ങിയതാണ് ഈ ദ്വന്ദ്വഭാവം.

ആദ്യപുരുഷൻ സ്ത്രീയെ ആദ്യമായി കണ്ടപ്പോൾ ഉരുവിട്ട ആദ്യത്തെ പ്രേമഗാനം ഈ സാഹോദര്യത്തെ ഊന്നിപ്പറയുന്നു: "ഒടുവിൽ ഇതാ, എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" (ഉൽപത്തി 2,23). നീ എന്റേതാണ്; ഞാൻ നിന്റേതും. നാം ഒന്നാണ് എന്ന ആദിമനുഷ്യന്റെ കീർത്തനത്തെ ദൈവം അംഗീകരിച്ചതാണ്. ഉറക്കിയ പുരുഷന്റെ വാരിയെല്ലിൽനിന്നു സ്ത്രീയെ സൃഷ്ടിക്കുമ്പോൾ ദൈവം തന്നെ ഈ അഭേദ്യബന്ധത്തിന് അടിത്തറയിടുന്നു.

എന്നാൽ ജീവന്റെ ഉറവിടമായ ദൈവത്തെ നിഷേധിച്ചതോടെ ഈ സഹോദരബന്ധത്തിൽ വിള്ളൽ വീണു. വിലക്കപ്പെട്ട കനി ഭക്ഷിച്ചതിന്റെ പേരിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ പുരുഷൻ തന്റെ പ്രേമഗാനം മറന്നു; സ്ത്രീയെ തന്റെതന്നെ ഭാഗമായല്ല, ശത്രുവും പ്രലോഭനകാരിയുമായാണ് ചിത്രീകരിക്കുന്നത്. "നീ എനിക്കു കൂട്ടിനു തന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്കു തന്നു. ഞാൻ അതു തിന്നു." (ഉൽപത്തി 3,12). ദൈവനിഷേധം സഹോദരനിഷേധത്തിലേക്കു നയിക്കുന്നു എന്ന അടിസ്ഥാന സത്യമാണ് വി. ഗ്രന്ഥകാരൻ കഥാരൂപത്തിൽ, പ്രതീകങ്ങളിലൂടെ, അവതരിപ്പിക്കുന്നത്. സഹോദര നിഷേധം ആത്യന്തികമായി എങ്ങോട്ടാണ് നയിക്കുന്നതെന്ന് കായേന്റെ കഥയിലൂടെ വ്യക്തമാക്കുന്നു. ദൈവദത്തമായ പ്രമാണങ്ങൾ, അഥവാ പ്രകൃതിജീവിത നിയമങ്ങൾ ലംഘിക്കുന്നിടത്ത് ഐക്യം തകരുന്നു. അസൂയയും ശത്രുതയും വിദ്വേഷവും ഉടലെടുക്കുന്നു. അതു കൊലപാതകത്തിലേക്കും സമൂലനാശത്തിലേക്കും നയിക്കുന്നു.

കായേന്റെ കഥയിലേക്കു മടങ്ങിവരുമ്പോൾ ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത് അവന്റെ ബലിയർപ്പണമാണ്. കായേനും ആബേലും,

ഒരേ മാതാപിതാക്കൾക്കു പിറന്ന സഹോദരർ. രണ്ടുപേരും ദൈവത്തിനു ബലിയർപ്പിച്ചു. ഓരോരുത്തരും അവരവർക്കു ലഭ്യമായ വസ്തുക്കൾ, തങ്ങളുടെ അദ്ധ്വാനഫലം, ആണ് അർപ്പിച്ചത്. കർഷകനായ കായേൻ കാർഷികോല്പന്നങ്ങളും ഇടയനായ ആബേൽ ആടിന്റെ കൊഴുപ്പും. ഇതു തികച്ചും സ്വാഭാവികംതന്നെ. അർപ്പിച്ച വസ്തുക്കളിൽ എന്തെങ്കിലും പോരായ്മ ഉണ്ടെന്നു വി. ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുപോലുമില്ല. പക്ഷേ ദൈവം ആബേലിന്റെ ബലി സ്വീകരിച്ചപ്പോൾ കായേന്റേതു തിരസ്കരിച്ചു. ഇവിടെയാണ് കഥാകാരന്റെ കാഴ്ചപ്പാടിൽ ശത്രുതയുടെ തുടക്കം എന്നു തോന്നും, ആദ്യനോട്ടത്തിൽ. എന്നാൽ കായേനോടുള്ള കർത്താവിന്റെ ചോദ്യവും താക്കീതും, "ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽ തന്നെ പതിയിരുപ്പുണ്ടെന്ന് ഓർക്കണം, നീ അതിനെ കീഴടക്കണം" (ഉൽപത്തി 4,67), മറ്റൊരു ദിശയിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്.

ബലിയർപ്പിച്ച വസ്തുവല്ല, അർപ്പകന്റെ ഹൃദയമാണ് ദൈവം പരിഗണിക്കുന്നത്. ബലിയർപ്പണ സമയത്തു തന്നെ കായേന്റെ ഹൃദയത്തിൽ ആബേലിനെതിരേ ശത്രുത പതിയിരുന്നു എന്ന ഒരു സൂചന ഈ ഓർമ്മപ്പെടുത്തലിൽ കാണാനാവും. കായേൻ ആബേലിനെ വെറുക്കാൻ കാരണം എന്താണെന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. എന്നാൽ ഉള്ളിൽ സഹോദര വിദ്വേഷം വച്ചുകൊണ്ടുള്ള ബലിയർപ്പണം ദൈവത്തിനു സ്വീകാര്യമല്ല എന്ന് ഇവിടെ ഊന്നിപ്പറയുന്നു.

കൊന്നവനും കൊല്ലപ്പെട്ടവനും സഹോദരങ്ങളാണ്; മാത്രമല്ല, ദൈവഭക്തരുമാണ്. ദൈവത്തിനുള്ള ബലിയർപ്പണം സഹോദരവധത്തിലേക്കു നയിച്ചു എന്ന വി. ഗ്രന്ഥകാരന്റെ നിരീക്ഷണം തികച്ചും ഭയാനകമത്രെ. ബലിവേദി കുരുതിക്കളമായി. സഹോദരനെ ശത്രുവായിക്കരുതി ഉന്മൂലനം ചെയ്യാൻ കായേനെ പ്രേരിപ്പിച്ച മതാത്മകത ഇവിടെ പ്രതിക്കൂട്ടിലാകുന്നു. പരസ്പരം ഐക്യത്തിൽ ബന്ധിപ്പിക്കേണ്ട മതം – (അതാണല്ലോ റെലിഗിയോ – റിലിജിയൻ എന്ന വാക്കിന്റെ മൂലാർത്ഥം). മനുഷ്യനെ പരസ്പരം അകറ്റുകയും തമ്മിലടിപ്പിക്കുകയും കൊലപാതകത്തിലേക്കു നയിക്കുകയും ചെയ്യുന്നതിന്റെ ഈ ഭീകരചിത്രം മാനവചരിത്രത്തിന്റെ ആരംഭത്തിൽ നടന്ന ഒറ്റപ്പെട്ട സംഭവമല്ല; വഴിതെറ്റിയ ദൈവഭക്തിയും മദം പൊട്ടിയ മതാത്മകതയും ഒഴുക്കിയ സഹോദരരക്തം മാനവചരിത്രത്തിന്റെ ഇടനാഴികളിൽ കട്ടപിടിച്ചു കിടക്കുന്നു, ഇന്നും ചൂടാറാതെ. മതഭക്തി മതഭ്രാന്തായും

ദൈവവിശ്വാസം മത ഭീകരതയായും പരിണമിക്കുന്നതിന്റെ ഏറ്റം അവസാനത്തെ തെളിവുകൾ മധ്യപൗരസ്ത്യ ദേശത്തു നടമാടുന്ന ഇസ്ലാമിക സ്റ്റേറ്റിന്റെ (IS) കൊടും ഭീകരതയിൽ ദൃശ്യമാണ്. കായേൻ എന്ന ദൈവവിശ്വാസി, അഥവാ മതഭീകരൻ, ഇന്നും ചരിത്രത്താളുകളിൽ നിറഞ്ഞുനിൽക്കുന്നു, ഉറഞ്ഞുതുള്ളുന്നു.

കായേന്റെ കൊലപാതകത്തിന് ദൈവത്തെയും മതത്തെയും പഴിക്കാനാവുമോ? മാനവസാഹോദര്യത്തിന്റെ നാരായവേരിനു കത്തിവയ്ക്കുന്നത് ദൈവവിശ്വാസവും മതഭക്തിയുമാണെന്നു പഠിപ്പിക്കുന്ന യുക്തിവാദങ്ങളും പ്രത്യയ ശാസ്ത്രങ്ങളും ഇന്നും പ്രബലമാണ്. എന്നാൽ ദൈവവും മതവുമാണോ അതിക്രമങ്ങൾക്കു വഴി തെളിക്കുന്നത്? അല്ലായെന്ന് കായേന്റെ കഥ തുടർന്നു വായിച്ചാൽ ബോധ്യപ്പെടും. സഹോദരനെ വെറുക്കുന്നവന്റെ ബലി ദൈവത്തിനു സ്വീകാര്യമല്ല എന്ന് ഈ കഥതന്നെ ഉറക്കെ പ്രഖ്യാപിക്കുന്നു. കായേൻ ഉചിതമായി പ്രവർത്തിക്കാത്തതാണ് ബലി തിരസ്കൃതമാകാൻ കാരണം. ബൈബിളിൽ ഉടനീളം പ്രതിധ്വനിക്കുന്ന ഒരു പ്രബോധനമാണിത്. ബലിയർപ്പണം നീതിനിർവ്വഹണത്തിനു സഹായിക്കണം; നീതിയില്ലാത്തിടത്തു ബലി സ്വീകാര്യമല്ല.

“അന്യായ സമ്പത്തിൽ നിന്നുള്ള ബലി പങ്കിലമാണ്. നിയമ നിഷേധകന്റെ കാഴ്ചകൾ സ്വീകാര്യമല്ല... ദരിദ്രന്റെ സമ്പത്തു തട്ടിയെടുത്ത് ബലിയർപ്പിക്കുന്നവൻ പിതാവിന്റെ മുമ്പിൽ വച്ച് പുത്രനെ കൊല്ലുന്നവനെപ്പോലെയാണ്. ദരിദ്രന്റെ ജീവൻ അവന്റെ ആഹാരമാണ്. അതപഹരിക്കുന്നവൻ കൊലപാതകിയാണ്” (പ്രഭാ 34,18–22) എന്നിങ്ങനെയുള്ള പ്രഭാഷക സൂക്തങ്ങൾ യഥാർത്ഥ ഭക്തിയും സാഹോദര്യവും സാമൂഹ്യനീതിയും തമ്മിലുള്ള ബന്ധത്തിലേക്ക് വിരൽ ചൂണ്ടുന്നു. നീതിയില്ലാത്ത, നീതി നിർവ്വഹണത്തിലേക്കു നയിക്കാത്ത, അനീതി നിറഞ്ഞ ബലികളും മററു മതാത്മക ചടങ്ങുകളും ദൈവത്തിനു സ്വീകാര്യമല്ല. അവയെല്ലാം ദൈവത്തെ പ്രസാദിപ്പിക്കുകയല്ല, അവഹേളിക്കുകയും പ്രകോപിപ്പിക്കുകയുമാണ് ചെയ്യുന്നതെന്ന് പ്രവാചകന്മാർ തറപ്പിച്ചു പറഞ്ഞു. “നിങ്ങളുടെ അനീതി നിറഞ്ഞ ഉത്സവങ്ങൾ എനിക്കു സഹിക്കാനാവില്ല. നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു. അവ എനിക്കു ദുസ്സഹമായിരിക്കുന്നു” (ഏശ 1,13–15; ആമോ 5,21–23). ബലിയർപ്പണത്തിനു മുമ്പേ സഹോദരനുമായി രമ്യതപ്പെടണം, അഥവാ ബലിയർപ്പണം സാഹോദര്യത്തിലേക്കു നയിക്കണം എന്ന യേശുവിന്റെ

പ്രബോധനം (മത്താ 5,23-24) ഈ കാഴ്ചപ്പാടിന്റെ തുടർച്ചയും സ്ഥിരീകരണവുമായി കാണാം.

ദൈവത്തിന്റെയും മതവിശ്വാസത്തിന്റെയും പേരിൽ മനുഷ്യൻ മനുഷ്യനെതിരെ ആയുധമെടുക്കുന്നെങ്കിൽ അത് ഏതു ദൈവത്തെ സംരക്ഷിക്കാനാണ് എന്നു ന്യായമായും ചോദിക്കേണ്ടതുണ്ട്. ഗ്രീസിലെ പുരാതനമായ ഒരു ആരാധന കേന്ദ്രമായിരുന്നു അപ്പോളോ ദേവനു പ്രതിഷ്ഠിതമായ ഡെൽഫി. ഉടനെ ശത്രുക്കളുടെ ആക്രമണമുണ്ടാകും എന്ന് ഒരിക്കൽ അരുളപ്പാടുണ്ടായി. ദേവവിഗ്രഹം ഇളക്കിയെടുത്ത് സുരക്ഷിത സ്ഥാനത്തെത്തിക്കാൻ പുരോഹിതന്മാർ ശ്രമിച്ചപ്പോൾ വീണ്ടും ഒരരുളപ്പാട്: "അപ്പോളോ തന്നെത്തന്നെ കാത്തുകൊള്ളും. നിങ്ങൾ ജീവൻ രക്ഷിക്കാൻ നോക്ക്." ജനം മലകളിലേക്ക് ഓടി രക്ഷപ്പെട്ടു. ശത്രുക്കൾ ആക്രമിക്കാൻ വന്നപ്പോൾ ഭൂമി കുലുങ്ങി. വലിയ കല്ലുകൾ ഉരുണ്ടുവന്ന് ശത്രുസൈന്യത്തെ നശിപ്പിച്ചു എന്ന് ഐതിഹ്യം. ഇതു കഥയോ ചരിത്രമോ ആകട്ടെ, ഒരു കാര്യം പ്രസക്തമാണ്. ദൈവത്തെ സംരക്ഷിക്കാൻ വേണ്ടി മനുഷ്യൻ പരസ്പരം പടവെട്ടരുത്. ദൈവം വിദ്വേഷത്തിന്റെയും ശത്രുതയുടെയും ദൈവമല്ല, ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ദൈവമാണ്. ഇതു സത്യമാണ്. ഈ സത്യമാണ് കായേന്റെ കഥയിലൂടെ വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നത്.

ബലിപീഠത്തിൽ നിന്നിറങ്ങി സഹോദരനെ വധിച്ച കായേനെ ദൈവം നേരിട്ടു. സാക്ഷികളാരുമില്ല എന്നു കരുതിയ കായേനു തെറ്റി. എല്ലാം കാണുന്ന ദൈവം തന്റെ ചെയ്തികളും ഹൃദയവും കാണുന്നുണ്ട് എന്ന് അവനെ ബോധ്യപ്പെടുത്തുന്നതാണ് ദൈവത്തിന്റെ ചോദ്യം. തന്നെയുമല്ല, താൻ വധിച്ചത് സ്വന്തം സഹോദരനെയാണെന്നും അന്യായമായി ചിന്തപ്പെട്ട രക്തത്തിന്റെ നിലവിളി കേട്ട്, പ്രതികാരം ചെയ്യുന്നവനാണ് ദൈവം എന്നും തുടർന്നു കേൾക്കുന്ന ദൈവസ്വരം പഠിപ്പിക്കുന്നു. "നീ എന്താണ് ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽ നിന്ന് എന്നെ വിളിച്ചു കരയുന്നു. നിന്റെ കൈയിൽ നിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാ പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും... നീ ഭൂമിയിൽ അലഞ്ഞു തിരിയുന്നവൻ ആയിരിക്കും" (ഉൽപത്തി 4,10-12).

നിലവിളി കേൾക്കുന്നവനാണ് ബൈബിളിൽ സ്വയം വെളിപ്പെടുത്തുന്ന ദൈവം. അനീതിക്കും മർദ്ദനത്തിനും ഇരയാകുന്നതാരാണെങ്കിലും അവരുടെ നിലവിളി ദൈവം കേൾക്കും. നീതിയുടെ കാര്യത്തിൽ

വർണ്ണ, വർഗ്ഗ, ജാതി, മത വ്യത്യാസമില്ല. ഈജിപ്തിലെ ഇഷ്ടികക്കള ങ്ങളിൽ നിന്നുയർന്നത് അടിമകളാക്കപ്പെട്ട ഇസ്രായേൽ ജനത്തിന്റെ നിലവിളിയാണ്; അവിടെ ദൈവം ഇറങ്ങിവന്നപ്പോൾ നിലവിളിക്കു കാര ണക്കാരായ ഈജിപ്തിന്റെ അധിപർ ശിക്ഷിക്കപ്പെട്ടു. (പുറ 3,7-8; 12,29-36; 14,24-25). ഇസ്രായേൽ ഒരു സാമ്രാജ്യമായി വളർന്നപ്പോൾ നിലവിളി കേട്ട് ദൈവം ഇറങ്ങിവന്നത് ഇസ്രായേലിന്റെ അധിപന്മാർക്കെ തിരേ ശിക്ഷ നടപ്പിലാക്കാനാണ് (ഏശ 5). എന്നാൽ ദൈവത്തിന്റെ ശിക്ഷാവിധി നാശത്തിലേക്കല്ല, മാനസാന്തരത്തിലേക്കും, അതുവഴി രക്ഷയിലേക്കും നയിക്കാൻ വേണ്ടിയുള്ളതാണെന്ന് കായേന്റെ കഥ യിൽ തുടർന്നു പ്രസ്താവിക്കുന്നു.

"കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും" എന്ന കായേന്റെ വിലാപത്തിനു ദൈവം നൽകുന്ന മറുപടിയും സംരക്ഷണമുദ്രയും സംശയമുളവാക്കാം. കൊലപാതകിയായ കായേനെ കൊല്ലാൻ ദൈവം ആരെയും അനുവദിക്കുകയില്ല എന്നും കായേനെ കൊല്ലുന്നവനെതിരെ ഏഴിരട്ടി പ്രതികാരം ചെയ്യും എന്നും പറയുമ്പോൾ കായേൻ ഇനിയും നിർഭയനായി കൊലപാതകം തുടർന്നുകൊള്ളട്ടെയെന്ന് ദൈവം അനു വദിക്കുകയാണോ? അതിനുവേണ്ടിയാണോ അവന്റെ നെറ്റിയിൽ സംര ക്ഷണമുദ്ര പതിക്കുന്നത്? തീർച്ചയായും അല്ല. എന്നാൽ ഈ സംര ക്ഷണം നിഗൂഢമായ ദൈവിക സ്വഭാവത്തിലേക്കും ദൈവനീതി യിലേക്കും വെളിച്ചം വീശുന്നുണ്ട്. പാപിയുടെ മരണമല്ല, മാനസാന്ത രമാണ് ദൈവം ആഗ്രഹിക്കുന്നത് (എസെ 33,11). കായേൻ കൊലപാ തകം തുടരുകയല്ല, ആബേൽ തന്റെ സഹോദരനാണ് എന്നു മനസ്സി ലാക്കി, തന്റെ തെറ്റിനെക്കുറിച്ച് അനുതപിക്കാനും സഹോദരനെ സ്നേഹിച്ചു സംരക്ഷിക്കാനും തയ്യാറാകണം. അതുവരെ അവൻ തന്റെ പാപഭാരവും ചുമന്ന് ശിക്ഷാഭീതിയോടെ അലയും.

മരണവും കൊലപാതകവും ഒന്നിനും പരിഹാരമാകുന്നില്ല. കൊല്ലുന്നവനെ കൊന്നതുകൊണ്ട് നീതി നടപ്പിലാവുകയില്ല. ആരും ആരെയും കൊല്ലുകയില്ലാത്ത, കൊല്ലണം എന്ന ചിന്തപോലും കടന്നുവരാത്ത ഒരു മനോഭാവം, അതിൽനിന്നുരുത്തിരിയുന്ന ജീവിത ശൈലിയും സമൂഹസംവിധാനവും സംജാതമാകണം. അതാണ് ദൈവം കൊലപാതകിക്കു നൽകുന്ന സംരക്ഷണത്തിന്റെ അർത്ഥവും ലക്ഷ്യവും. ബൈബിൾ അവതരിപ്പിക്കുന്ന മനുഷ്യന്റെ ചരിത്രം മുഴു വൻതന്നെ സാഹോദര്യത്തിന്റെ ചരിത്രമാണെന്നു പറഞ്ഞാൽ തെറ്റുണ്ടാവുകയില്ല. ദൈവമനുഷ്യബന്ധമാണ് ഈ സാഹോദര്യത്തിന്റെ

ഉറവിടം; യഥാർത്ഥ മതാത്മകത മാനവസാഹോദര്യത്തിന് അടിത്തറ യാവണം. ദൈവത്തിന്റെ ഛായയിൽ, കുടുംബമായി വളരാൻ സൃഷ്ടി ക്കപ്പെട്ട മനുഷ്യർ പരസ്പരം സഹോദരങ്ങളാണെന്നു തിരിച്ചറിയണം. ശത്രുവായി കരുതി വകവരുത്തുകയല്ല, സഹോദരനായി കണ്ടു സംര ക്ഷിക്കുകയാണ് വേണ്ടത്. "എനിക്കറിയില്ല, സഹോദരന്റെ കാവല്ക്കാ രനാണോ ഞാൻ" എന്ന ചോദ്യത്തിൽ നുണയും ധിക്കാരവുമുണ്ട്. സഹോദരന്റെ രക്തംപുരണ്ട കയ്യിലെ കറ കഴുകിക്കളയാനോ ഒളിച്ചുവയ്ക്കാനോ കഴിയില്ല. അതിനാൽ മതത്തിന്റെയും ദൈവത്തി ന്റെയും പേരിൽ, വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും മറവിൽ നടക്കുന്ന യുദ്ധങ്ങൾക്കും പീഡനങ്ങൾക്കും നരഹത്യയ്ക്കും ഒരു ന്യായീകരണവുമില്ല. ദൈവം എല്ലാ മനുഷ്യരുടെയും സ്രഷ്ടാവും പിതാവും ആണെന്നും, മനുഷ്യരെല്ലാം സഹോദരങ്ങളാണെന്നുമുള്ള അടിസ്ഥാനസത്യം അംഗീകരിക്കാതെ സാമൂഹ്യനീതി സാധ്യമല്ല.

സഹോദരന്റെ കാവൽ എന്റെ ഉത്തരവാദിത്തമല്ല എന്നു ധിക്കാരം പറഞ്ഞ കായേന്റെ മനോഭാവത്തെ തിരുത്തിക്കുറിക്കുന്നതാണ് രക്ഷാ ചരിത്രം. വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുന്ന അബ്രാഹത്തിന്റെ മനോഭാവത്തിൽ ഈ രക്ഷാചരിത്രത്തിന്റെ ഒരു വശം ദൃശ്യമാകുന്നു. വേലക്കാർ തമ്മിലുണ്ടായ കലഹം തങ്ങളുടെ ബന്ധത്തെ ബാധി ക്കുമോ എന്നു ഭയന്ന അബ്രാഹം സഹോദരപുത്രനായ ലോത്തിനോടു പറഞ്ഞു: "നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമു ണ്ടാകരുത്. കാരണം, നമ്മൾ സഹോദരങ്ങളാണ്" (ഉൽപത്തി 13,8). കലഹിക്കരുത്, നമ്മൾ സഹോദരങ്ങളാണ് എന്ന മനോഭാവമാണ് സമൂ ഹത്തിൽ ശാന്തിയും സമാധാനവും നിലനിർത്തുക. അതുതന്നെയാണ് സാമൂഹ്യനീതിയുടെ അടിസ്ഥാനം. ഈ ഒരു മനോഭാവത്തിന് ബൈബിൾ തന്നെ അനേകം ഉദാഹരണങ്ങൾ നല്കുന്നുണ്ട്. പരസ്പരം അകന്നുപോയ ഇസ്മായേലും ഇസഹാക്കും പിതാവിന്റെ മരണസമ യത്ത് ഒരുമിച്ചു; സഹോദരന്മാർ ഒന്നിച്ച് പിതാവിനെ സംസ്കരിച്ചു (ഉൽപത്തി 25,8). ജ്യേഷ്ഠനെ വഞ്ചിച്ച്, പിതാവിന്റെ അനുഗ്രഹം വാങ്ങി, ഒളിച്ചോടിയ യാക്കോബും അവസരം കിട്ടുമ്പോൾ അവനെ കൊല്ലും എന്നു ശപഥം ചെയ്ത ഏസാവും വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടി യത് ശത്രുക്കളായല്ല, പരസ്പരം സ്നേഹിക്കുന്ന സഹോദരങ്ങളായാണ് (ഉൽപത്തി 27,41; 33,4). തന്നെ കൊല്ലാൻ ശ്രമിക്കുകയും പിന്നെ അടി മയായി വിൽക്കുകയും ചെയ്ത സഹോദരങ്ങൾ അനേകം വർഷ ങ്ങൾക്കുശേഷം തന്റെ മുമ്പിൽ ഭയന്നുവിറച്ചു നിൽക്കുമ്പോൾ

ജോസഫ് പ്രതികാരത്തിനു ശ്രമിക്കുകയല്ല, സാഹോദര്യം ഊട്ടിയുറപ്പിക്കുകയാണ് ചെയ്തത് (ഉൽപത്തി 45,4-5).

ഇസ്രായേൽ ജനംതന്നെ ഒരു കൂട്ടായ്മയായിരുന്നു. പന്ത്രണ്ടു സഹോദരങ്ങളിൽ നിന്നുത്ഭവിച്ച പന്ത്രണ്ടു ഗോത്രങ്ങളുടെ ഒരു സാഹോദര്യം; പരസ്പരം സംരക്ഷിക്കാനും കാവൽ നിൽക്കാനും പ്രതിജ്ഞാബദ്ധരാകേണ്ടവർ. മനുഷ്യരെല്ലാം സഹോദരങ്ങളാണ് എന്ന സത്യം തന്റെ ശിഷ്യന്മാർ അംഗീകരിച്ച് നിരന്തരം അതനുസരിച്ചു ജീവിക്കണം എന്ന് യേശു അനുസ്മരിപ്പിക്കുന്നു. ശിഷ്യസമൂഹത്തിലെ ശുശ്രൂഷകൾ സ്ഥാനമാനങ്ങൾക്കുള്ള തീട്ടൂരങ്ങളല്ല, സാഹോദര്യം ഉറപ്പിക്കാനുള്ള ഉത്തരവാദിത്തങ്ങളാണ് എന്നു ഗുരുനാഥൻ പഠിപ്പിച്ചു. "നിങ്ങൾക്ക് ഒരു ഗുരുവേയുള്ളു, നിങ്ങളെല്ലാം സഹോദരന്മാരാണ്" (മത്തായി 23,8). യേശുവിന്റെ സഭ സഹോദരന്മാരുടെ കൂട്ടായ്മയാണ് - സകല മനുഷ്യരും സഹോദരങ്ങളുടെ കൂട്ടായ്മയായി വളരാൻ പ്രേരകമായി നിൽക്കുന്ന അടയാളവും ഉപകരണവും.

അപരനിലൂടെ എന്നെ സമീപിക്കുന്നതും, എന്റെ സ്നേഹവും പരിഗണനയും കാവലും ആവശ്യപ്പെടുന്നതും താൻ തന്നെയാണെന്ന ഗുരുമൊഴിയിൽ ഈ സത്യം അതിന്റെ പൂർണ്ണതയിൽ പ്രകടമാകുന്നു. "എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കാൻ തന്നു..... എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്തായി 25, 35-40). യഥാർത്ഥ മതവും വിശ്വാസവും അതു പ്രചരിപ്പിക്കുകയും ആചരിക്കുകയും ചെയ്യുന്ന ആചാര്യന്മാരും ജനവും ഈ സത്യം എന്നും അംഗീകരിക്കും. "അതിഥി ദേവോ ഭവ" എന്ന ഭാരത ഋഷിമാരുടെ സൂക്തം ഇതുതന്നെയല്ലേ പഠിപ്പിക്കുന്നത്? അതിനാൽ അപരനെ സഹോദരനായി കണ്ട് കാവൽ നിൽക്കാൻ പ്രേരിപ്പിക്കാത്ത മതവും വിശ്വാസവും യഥാർത്ഥ ദൈവഭക്തിയോ ദൈവാരാധനയോ അല്ല, സ്വന്തം സ്വാർത്ഥ താൽപ്പര്യങ്ങളാണ് ലക്ഷ്യംവയ്ക്കുന്നത്. "ഉദരമാണ് അവരുടെ ദൈവം" (ഫിലി 3,19; റോമ 16,18) എന്ന വി. പൗലോസിന്റെ വിലാപം ഈ സത്യത്തിന്റെ വ്യക്തമായ പ്രഖ്യാപനമാണ്. മനുഷ്യരെല്ലാം പരസ്പരം സഹോദരങ്ങളായി അംഗീകരിച്ച് കാവൽ നിൽക്കുന്നിടത്ത് യഥാർത്ഥ സാമൂഹ്യനീതി സംജാതമാകും. അതാണ് ബൈബിൾ വെളിപ്പെടുത്തുന്ന ദൈവിക പദ്ധതി.

# 4

# ചിതറിക്കുന്ന ഗോപുരങ്ങൾ

*"അവർ പരസ്പരം പറഞ്ഞു. നമുക്ക് ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും പണിത് പ്രശസ്തി നിലനിർത്താം... കർത്താവ് അവരെ ഭൂമുഖത്തെല്ലാം ചിതറിച്ചു."*(ഉൽപ 11,1-9)

ചരിത്രാതീത ചരിത്രത്തിലെ (ഉൽപ 1,11) അവസാനത്തെ സംഭവമായി ബൈബിൾ വരച്ചുകാട്ടുന്ന ബാബേൽ ഗോപുരത്തിന്റെ ചിത്രത്തിൽ സാമൂഹ്യനീതിയെ സംബന്ധിച്ച ശ്രദ്ധേയമായ ചില പാഠങ്ങൾ ഒളിപ്പിച്ചുവച്ചിട്ടുണ്ട്. നാഗരികതയുടെ ആരംഭത്തിലെന്നോ സംഭവിച്ച ഒന്നായിട്ടാണ് ഗോപുരനിർമ്മാണത്തിനുള്ള വിഫലശ്രമം വിവരിച്ചിരിക്കുന്നത്. ബാബിലോണിലെ മർദുക് ദേവന്റെ ക്ഷേത്രത്തിന്റെ ഭാഗമായിരുന്ന സിഗുറാത്ത് എന്നറിയപ്പെടുന്ന ഗോപുരങ്ങളായിരിക്കണം യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ രചനയുടെ പശ്ചാത്തലമായി സ്വീകരിച്ചത് എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

ക്ഷേത്രഗോപുരത്തിന്റെ മുകൾത്തട്ടുവരെ നടകളുണ്ട്. ഏറ്റം മുകളിലത്തെ നിലയാണ് ആരാധനയ്ക്കുള്ള സ്ഥലം. കാഴ്ചവസ്തുക്കളുമായി പുരോഹിതൻ നട കയറി മുകൾത്തട്ടിലെ ആരാധനമുറിയിൽ എത്തും. അപ്പോൾ മർദുക് ദേവൻ ആകാശത്തിൽ നിന്ന് ഇറങ്ങിവരും; കാഴ്ചകൾ സ്വീകരിക്കും; അനുഗ്രഹങ്ങൾ വർഷിക്കും എന്ന് വിശ്വസിച്ചിരുന്നു. അങ്ങനെ ദൈവ-മനുഷ്യസമാഗമത്തിന്റെ അടയാളവും

വേദിയുമായിട്ടാണ് ഗോപുരങ്ങൾ കരുതപ്പെട്ടിരുന്നത്. യാക്കോബ് സ്വപ്നത്തിൽ കണ്ട ആകാശം മുട്ടുന്ന ഗോവണി (ഉൽപ 28,11-13) യുടെ ചിത്രം ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ കഴിയും. ഈ പ്രതീകം ഉപയോഗിച്ചുകൊണ്ട് ദൈവ-മനുഷ്യ സമാഗമ വേദിയായി യേശു സ്വയം ചിത്രീകരിച്ചത് യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 1,51). ഇപ്രകാരം വിശുദ്ധമായൊരു പ്രതീകമാണ് ഗോപുരം എങ്കിൽ എന്താണ് പിന്നെ ബാബേൽ ഗോപുരത്തിനുകുഴപ്പം? എന്തുകൊണ്ടാണ് നഗരവും ഗോപുരവും നിർമ്മിക്കുന്നത് ദൈവവിരുദ്ധ പ്രവൃത്തിയായിക്കണ്ട് നഗരനിർമ്മാതാക്കളെ ചിതറിക്കുന്നത്? വി. ഗ്രന്ഥകാരന്റെ വിവരണം സശ്രദ്ധം അപഗ്രഥിക്കേണ്ടതുണ്ട്.

നഗരവും ഗോപുരവും നിർമ്മിക്കുന്നതിന്റെ ലക്ഷ്യവും ഗോപുരത്തിന്റെ വിവരണവുമാണ് ഏറ്റം ശ്രദ്ധേയം. "നമുക്ക് ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും പണിത് പ്രശസ്തി നിലനിർത്താം" (ഉൽപ 11,4) എന്ന വിചിന്തനത്തിൽ നിർമ്മാണ പ്രക്രിയയുടെ ലക്ഷ്യം വ്യക്തമാകുന്നു. നമുക്കുവേണ്ടി ഒരു നഗരം; നമ്മുടെ പ്രശസ്തിക്കുവേണ്ടി ഒരു ഗോപുരം -അതാണ് നിർമ്മാതാക്കളുടെ ലക്ഷ്യം. ഗോപുരത്തിന് ഒരു പ്രത്യേകതയുണ്ട്. അത് ആകാശം മുട്ടുന്നതാകണം. ഈ വിശേഷണത്തിന്റെ പ്രത്യേകത മനസ്സിലാക്കാൻ അന്നു നിലവിലിരുന്ന പ്രപഞ്ചസങ്കല്പം കണക്കിലെടുക്കണം. പലക പോലെ പരന്ന ഭൂമി ജലത്തിനു മുകളിൽ, തൂണുകളിൽ ഉറപ്പിച്ചിരിക്കുന്നു. ഈ ഭൂമിക്കു മുകളിൽ കൂടാരം പോലെ വിരിച്ചു നിർത്തിയിരിക്കുന്ന ആകാശം ചക്രവാള സീമകളിലെ ഭീമാകാരമായ തൂണുകളിൽ, അഥവാ, പർവ്വതങ്ങളിൽ ഉറപ്പിച്ചിരിക്കുന്നു. ഈ ആകാശത്തിനു മുകളിലും ജലമുണ്ട്. ജലമധ്യേ ദൈവം ഉയർത്തിയ കമാനമാണ് ആകാശം. ആകാശത്തിനു മുകളിലെ ജലത്തിനും മുകളിലാണ് ദൈവത്തിന്റെ സിംഹാസനം (സങ്കീ 104,2-3).

ഈ പ്രപഞ്ച സങ്കല്പത്തിന്റെ പശ്ചാത്തലത്തിൽ ആകാശം മുട്ടുന്ന ഗോപുരം എന്നതിന് പ്രത്യേകതയുണ്ട്. ഏറെ ഉയരമുള്ള ഒരു ഗോപുരം എന്നു മാത്രമല്ല അതിനർത്ഥം. മനുഷ്യൻ പണിയാൻ ലക്ഷ്യമിടുന്ന ഗോപുരം ദൈവത്തിന്റെ സിംഹാസനത്തോളം ഉയരണം. അങ്ങനെ ദൈവതുല്യനാകണം. ദൈവിക സിംഹാസനത്തോളം ഉയർന്നു നില്ക്കുമ്പോൾ മനുഷ്യൻ ദൈവത്തിനു സമനാകുന്നു, അഥവാ മറ്റൊരു ദൈവമാകുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ ദൈവനിഷേധമാണ് ഈ ഗോപുര നിർമ്മാണം ലക്ഷ്യം വയ്ക്കുന്നതും പ്രകടമാക്കുന്നതും. പറുദീസായിലെ ആദ്യപാപത്തിലേക്കു നയിച്ച പ്രലോ

ഭനത്തിന്റെ മറ്റൊരു ചിത്രീകരണമായി ഇതിനെ കരുതാൻ കഴിയും. പഴം തിന്നാൽ കണ്ണു തുറക്കും, ദൈവത്തെപ്പോലെയാകും എന്നതായിരുന്നു ആദ്യപ്രലോഭനം. പ്രയോഗത്തിൽ ദൈവനിഷേധവും സ്വയം ദൈവമാകാനുള്ള ശ്രമവുമാണ് ഈ പ്രതീകത്തിനു പിന്നിലുള്ളത്. അതുതന്നെയാണ് നഗര-ഗോപുര നിർമ്മിതിയിലും പ്രതിഫലിക്കുന്നത്.

"പ്രശസ്തി നിലനിർത്താം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകളുടെ വാച്യാർത്ഥം "നമുക്കായി ഒരു പേരുണ്ടാക്കാം" (let us make a name for ourselves) എന്നാണ്. ദൈവതുല്യനാകുക എന്നാൽ പേരുണ്ടാക്കുക - കീർത്തി സമ്പാദിക്കുക, ഏറ്റം വലിയവനായി അറിയപ്പെടുക എന്നതത്രെ. ഭൂമിയിലെങ്ങും ചിതറിപ്പോകാതെ ഒറ്റക്കെട്ടായി നിൽക്കണം എന്ന ലക്ഷ്യവും ദൈവിക പദ്ധതിക്കു വിരുദ്ധമാണെന്ന് വി. ഗ്രന്ഥകാരൻ സൂചിപ്പക്കുന്നു. "സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉൽപ 1,28) എന്ന ആദ്യകൽപ്പനയ്ക്കു വിരുദ്ധമാവും ഒരു സ്ഥലത്തു മാത്രം കഴിയാനുള്ള തീരുമാനം. എന്നാൽ അതിനേക്കാൾ പ്രാധാന്യമർഹിക്കുന്നതാണ് സ്വന്തമായി പേരുണ്ടാക്കാനുള്ള ശ്രമം. ദൈവനിയമങ്ങൾക്കു വിധേയരായി, ദൈവത്തിന്റെ പ്രതിരൂപങ്ങളും പ്രതിനിധികളുമായി ഭൂമിയിൽ നിറയുന്നതിനു പകരം സ്വയം ദൈവങ്ങളായി പ്രഖ്യാപിക്കാനുള്ള ശ്രമമായി ഗോപുരനിർമ്മാണം ഇവിടെ വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ മനുഷ്യന്റെ ഈ ശ്രമം എത്ര ബാലിശവും അർത്ഥശൂന്യവുമാണെന്നു വ്യക്തമാക്കുന്നതാണ് ദൈവത്തിന്റെ പ്രതികരണം. "മനുഷ്യർ നിർമ്മിച്ച നഗരവും ഗോപുരവും കാണാൻ കർത്താവ് ഇറങ്ങിവന്നു." (ഉൽപ 11,5). ദൈവസിംഹാസനത്തിനുപരി തല ഉയർത്തി നിൽക്കാമെന്നു വ്യാമോഹിച്ചു മനുഷ്യൻ നിർമ്മിച്ച ഗോപുരം കാണണമെങ്കിൽ ദൈവത്തിന് താഴേക്ക് ഇറങ്ങി വരണം; അത്ര വലിപ്പമുണ്ട് ആ ഗോപുരത്തിന്!

ശ്രമം വ്യർത്ഥമാണെങ്കിലും അത് ദൂരവ്യാപകവും ഭീകരവുമായ വിപത്തുകൾ വരുത്തിവയ്ക്കും. ദൈവത്തിന്റെ സ്വഗതം "...അവർ ചെയ്യാനിരിക്കുന്നതിന്റെ തുടക്കമേ ആയിട്ടുള്ളൂ. ചെയ്യാൻ ഒരുമ്പെടുന്നതൊന്നും അവർക്കിനി അസാധ്യമായിരിക്കുകയില്ല"(ഉൽപ 11,6) അതാണ് സൂപിപ്പിക്കുന്നത്. അതു സംഭവിക്കാതിരിക്കാൻ വേണ്ടി ദൈവം അവരുടെ ഭാഷ ഭിന്നിപ്പിച്ചു, ഭൂമുഖത്തെല്ലാം ചിതറിച്ചു എന്നു കഥാരൂപത്തിൽ പറയുമ്പോൾ ദൈവത്തിന്റെ അസൂയയും ഭയവുമാണ് ഇതിനു കാരണം എന്നു തോന്നാം. എന്നാൽ പറുദീസായിലെന്ന

പോലെ ഇവിടെയും, ദൈവത്തിന്റെ അസൂയ എന്നതിനേക്കാൾ, ദൈവ ത്തിന്റെ സ്ഥാനത്തു കയറിയിരിക്കാൻ ശ്രമിക്കുന്ന മനുഷ്യൻ തനിക്കു തന്നെ വരുത്തിവയ്ക്കുന്ന ഭീകര ദുരന്തത്തിന്റെ ചിത്രമാണ് വി. ഗ്രന്ഥ കാരൻ വരച്ചുകാട്ടുന്നത്.

മനുഷ്യൻ നിർമ്മിച്ച നഗരവും ആകാശം മുട്ടുന്ന ഗോപുരവും അഹങ്കാരത്തിന്റെ പ്രത്യക്ഷ ചിത്രമായിട്ടാണ് വി. ഗ്രന്ഥകാരൻ വിശ ദീകരിക്കുന്നത്. അഹങ്കാരികളെ ദൈവം ചിതറിക്കുന്നു എന്ന പ്രബോ ധനം ബൈബിളിൽ പല തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. (ഉദാ : 2 സാമു 22,28; ജറെ 13,9; ലൂക്കാ 1,51). സംഭവിക്കുന്നതിന്റെയെല്ലാം അന്തിമകാ രണം ദൈവമാണ് എന്ന അടിസ്ഥാന വിശ്വാസമാണ് ഈ ചിത്രീകര ണത്തിൽ പ്രതിഫലിക്കുന്നത്. എന്നാൽ ചിതറിക്കപ്പെടുക എന്നത് മനു ഷ്യന്റെ തന്നെ പ്രവൃത്തിയുടെ ഫലമായി കാണാൻ കഴിയും. ചരിത്രം നൽകുന്ന പാഠങ്ങളും നാം ഇന്നും കണ്ടുകൊണ്ടിരിക്കുന്ന സംഭവ ങ്ങളും ഈ ശിഥിലീകരണത്തിനു സാക്ഷ്യം വഹിക്കുന്നു. ഉദാഹരണ ങ്ങൾ എത്ര വേണമെങ്കിലും നമുക്കു ചുറ്റും ഉണ്ട്.

1989 ൽ ബർലിൻ മതിലുകൾ തകർന്നു വീഴുകയും സോവിയറ്റ് യൂണിയൻ പല രാജ്യങ്ങളായി ചിതറുകയും ചെയ്യുന്നതുവരെ ലോകം പൊതുവേ രണ്ടു സൂപ്പർ പവർ ചേരികളായി വിഭജിക്കപ്പെട്ടിരുന്നു. അതിൽ ഒന്നു തകർന്നു വീണപ്പോൾ ലോകത്തിൽ ശാശ്വതമായ ശാന്തിയും സമാധാനവും ഐക്യവും സംജാതമായി എന്ന് പലരും കരുതി. എന്നാൽ 1991 ലെ കുവൈറ്റ് യുദ്ധം കൂടു തുറന്നുവിട്ട ശിഥി ലീകരണ ദുർഭൂതം ഇന്ന് അതിന്റെ ഭീകരമായ പല്ലും നഖവും കാട്ടി സംഹാരതാണ്ഡവമാടുന്നു. ലോകം മുഴുവൻ കീഴടക്കാനുള്ള ശ്രമം ഓരോരുത്തരും തങ്ങളാലാവും വിധം നടത്തുമ്പോൾ നഷ്ടപ്പെടുന്നത് ഐക്യവും സമാധാനവുമാണ്.

വലിയവനാകണം; ഏറ്റം വലിയവനാകണം. ഇതാണ് പ്രലോഭ നം. ഏറ്റം വലിയവൻ ഒരുവൻ മാത്രമേയുള്ളു എന്നും അവനോടു ചേർന്നു നില്ക്കുന്നതും അവന്റെ ഹിതാനുസാരം ജീവിക്കുന്നതുമാണ് യഥാർത്ഥ മഹത്വം എന്നും മനസ്സിലാകുന്നിടത്തു മാത്രമേ വലുതാക ലിന്റെ ഈ മിഥ്യാമോഹം അസ്തമിക്കുകയുള്ളൂ. എന്നാൽ ഈ സത്യം ഗ്രഹിക്കാതെ തങ്ങളുടെ വലുപ്പം കാട്ടി മറ്റുള്ളവരെ അമ്പരപ്പിക്കാൻ ശ്രമിക്കുന്നവർ എന്താണ് ലക്ഷ്യം വയ്ക്കുക? ഒരു ഗ്രാമത്തിലെ മാതൃ സംഘം അവതരിപ്പിച്ച ഒരു ഹാസ്യ നൃത്തം ഓർമ്മയിൽ വരുന്നു. ഓരോരുത്തരും തങ്ങളുടെ വലിപ്പം പ്രകടിപ്പിക്കാനാണ് ശ്രമം. ഒരാൾ

കൊണ്ടുവന്നത് ഒരു വലിയ ചൂല്. അവൾ പാടി: എന്റെ ചൂലു കണ്ടോ, എന്റെ ചൂലിന്റെ നീളം കണ്ടോ? ആർക്കുണ്ട് ഇത്ര നീളമുള്ള ചൂല്? അടുത്തയാൾ വന്നത് മൂട്ടിൽ സ്വർണ്ണം കെട്ടിയ ഉലക്കയുമായിട്ടാണ്. അവൾ പാടി വെല്ലുവിളിച്ചു. എന്റെ ഉലക്ക കണ്ടോ? ഉലക്കേടെ മുട്ടു കണ്ടോ? ആർക്കുണ്ട് ഇത്തരമൊരു ഉലക്ക? എന്നാൽ സമ്മാനം കിട്ടിയത് മറ്റൊരാൾക്കാണ്. അവൾ വന്നത് സ്വർണ്ണത്തിൽ തീർത്ത കോളാമ്പിയുമായിട്ടാണ്. എന്റെ കോളാമ്പി കണ്ടോ? ഇങ്ങനെ ഒന്ന് ആരെങ്കിലും കണ്ടിട്ടുണ്ടോ? ഇല്ല എന്ന് എല്ലാവരും തലകുലുക്കി സമ്മതിച്ചു. മാതൃസംഘത്തിന്റെ ഓഫീസിൽ ഒഴാഴ്ചത്തേക്ക് സ്വർണ്ണക്കോളാമ്പി പ്രതിഷ്ഠിക്കാനും ചെറിയ ഒരു ടിക്കറ്റ് വച്ച് അത് കാണാൻ അനുവദിക്കാനും തീരുമാനമായി. കഴിയുമെങ്കിൽ ഇത് ഗിന്നസ് ബുക്കിൽ പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റ് വാങ്ങാൻ ശ്രമിക്കണം എന്ന് സംഘം തീരുമാനിക്കുകയും അതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സാക്ഷിപത്രം കിട്ടിയോ എന്നറിയില്ല; എന്നാലും സ്വർണ്ണക്കോളാമ്പി ഒരു ലോക മഹാത്ഭുതമാണെന്ന കാര്യത്തിൽ ആ മാതൃസംഘാംഗങ്ങളിൽ ആർക്കും ഇന്നും ഒരു സംശയവുമില്ല.

മറ്റുള്ളവരുടെ മുമ്പിൽ വലുപ്പം കാട്ടാനുള്ള വ്യർത്ഥ ശ്രമത്തിന്റെ അപഹാസ്യത എടുത്തു കാട്ടുകയായിരുന്നു മാതൃസംഘാംഗങ്ങൾ ആ ഹാസ്യനൃത്തത്തിലൂടെ ലക്ഷ്യം വച്ചത്. എന്നാൽ ആരാണതിന്നു മനസ്സിലാക്കുക! എല്ലായിടത്തും മത്സരങ്ങളാണല്ലോ അരങ്ങേറുന്നത്. ലോകത്തിലെ ഏറ്റം ഉയരം കൂടിയ ഗോപുരം തങ്ങളുടേതാണെന്ന് അവകാശപ്പെടുന്ന അനേകർ; വീണ്ടും ഉയരം കൂടിയവ പണിത് പഴയ റിക്കോർഡ് തിരുത്താൻ ശ്രമിക്കുന്നവർ. ഏറ്റവും ഉയരം കൂടിയ പ്രതിമ, ഏറ്റവും ഉയരം കൂടിയ ദേവാലയഗോപുരം; എന്തിനേറെ ലോകത്തിലെ ഏറ്റവും വലിയ "പിയെത്ത" ഉണ്ടാക്കി റെക്കോർഡു നേടാൻ ശ്രമിക്കുന്നവരും വിരളമല്ല. അതിദാരുണമാം വിധം വധിക്കപ്പെട്ട മകന്റെ തകർന്ന ശരീരം മടിയിൽ കിടത്തി വിലപിക്കുന്ന അമ്മയെപ്പോലും ഇന്നു റെക്കോർഡിന്റെ കണ്ണിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുമ്പോൾ ബാബേൽ ഗോപുരങ്ങൾ പുനർജ്ജനിക്കുന്നതു കാണാൻ വിഷമമില്ല.

ദൈവാരാധനയ്ക്കായി ദൈവജനത്തിന് ഒരുമിച്ചു കൂടാൻ ആവശ്യമായ സ്ഥലമാണ് ദേവാലയം. അതിന്റെ ബാഹ്യഭംഗി തീർച്ചയായും ദൈവാരാധനയ്ക്കു സഹായകമാകണം. എന്നാൽ ലോകത്തിലെ ഏറ്റം വലിയ ഗോപുരം ഞങ്ങളുടെ പള്ളിയുടേതാണ്; ഏഷ്യയിലെ ഏറ്റം ഉയരം കൂടിയ മുഖവാരം ഞങ്ങളുടേതാണ് എന്നൊക്കെ അവകാശവാദങ്ങളുമായി ഗിന്നസ് അധികൃതരെ സമീപിക്കുകയും പെരുവഴി

നീളെ കൂറ്റൻ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നവർ ദൈവമഹത്വമാണ് ലക്ഷ്യം വയ്ക്കുന്നത് എന്നു വിശ്വസിക്കാൻ കാണികൾക്കു കഴിയാതെ പോയാൽ അതാരുടെ കുറ്റമാണ്?

പേരും പ്രശസ്തിയും നിലനിർത്തുക മുഖ്യലക്ഷ്യമായി കരുതപ്പെടുമ്പോൾ ദിവ്യവും പരിശുദ്ധവുമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംവിധാനങ്ങളും പോലും മനുഷ്യനെ ദൈവത്തിൽ നിന്നും പരസ്പരവും അകറ്റുന്ന ശിഥിലീകരണത്തിന്റെ ഗോപുരങ്ങളായിത്തീരുന്നു. ദൈവത്തിനായി കാഴ്ചവയ്ക്കുന്നത്, പണമോ, വസ്തുക്കളോ ആകട്ടെ, ദൈവജനത്തിന്, അതായത് സമൂഹത്തിലെ ഏറ്റം താഴെക്കിടയിലുള്ളവർക്ക് അവകാശപ്പെട്ടതാണ്. ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാണ് എന്നുദ്ഘോഷിച്ചപ്പോൾ ഗുരുനാഥൻ ഇതും അർത്ഥമാക്കിയിട്ടുണ്ടാവും. ദേവാലയത്തിൽ സമർപ്പിക്കുന്ന ദശാംശം, ദേവാലയ സംരക്ഷണത്തിനാവശ്യമായതു കഴിഞ്ഞ് മിച്ചമുള്ളത്, പാവപ്പെട്ടവർക്ക് അവകാശപ്പെട്ടതാണ്. എന്നാൽ പാവപ്പെട്ടവരെപ്പോലും പിഴിഞ്ഞ് ഗോപുരങ്ങൾ നിർമ്മിക്കുകയും ധൂർത്തിന്റെ പെരുന്നാളാഘോഷിക്കുകയും ചെയ്യുമ്പോൾ ബാബേൽ ഗോപുരം എപ്രകാരം അനീതിയുടെ ഉറവിടങ്ങളായിത്തീരുന്നു എന്നു കാണാം. സത്രത്തിൽ സ്ഥലം കിട്ടാൻ അർഹതയില്ലാതെ പുൽക്കൂട്ടിൽ ജനിച്ച്, വീടില്ലാത്തവനോടു താദാത്മ്യം പ്രാപിച്ചവന്റെ ഓർമ്മയാചരിക്കാൻ ലക്ഷങ്ങൾ മുടക്കി പുൽക്കൂടു നിർമ്മിക്കുകയും, പുൽക്കൂടു തന്നെ മത്സരത്തിന്റെ ഇനമായി പ്രഖ്യാപിച്ച് വലിയ ധൂർത്തിന് വഴിയൊരുക്കുകയും ചെയ്യുന്നവരും ബാബേൽ ഗോപുരം നിർമ്മാതാക്കളുടെ തലമുറയിൽപ്പെടും.

ദൈവത്തെ മറന്ന്, അഥവാ ദൈവത്തെ വെല്ലുവിളിച്ച്, കെട്ടിപ്പൊക്കിയ ഗോപുരത്തിലൂടെ പേരു നിലനിർത്താൻ ശ്രമിച്ചവർ കരുതിയില്ല, ദൈവം ഇറങ്ങിവന്ന് തങ്ങളുടെ ഗോപുരം ഇടിച്ചു നിരത്തുമെന്ന്, തങ്ങളുടെ പേര് ഭോഷത്വത്തിന്റെ പര്യായവും മാതൃകയുമായി നിലനില്ക്കുമെന്ന്. ഹേറോദേസ് മഹാരാജാവ് പുനർ നിർമ്മിച്ചു മോടിപിടിപ്പിച്ച ജറുസലെം ദേവാലയം മഹാത്ഭുതങ്ങളുടെ പട്ടികയിൽ പെടാൻ മാത്രം ബൃഹത്തും മനോഹരവുമായിരുന്നു. ബി.സി. 20–ൽ ആരംഭിച്ച പുനർനിർമ്മാണം എ.ഡി. 64–ലാണ് പൂർത്തിയായത്. ഈ മനോഹര സൗധം ചൂണ്ടിക്കാണിച്ച് ശിഷ്യന്മാർ പറഞ്ഞു. "നോക്കൂ എത്ര വലിയ കല്ലുകൾ! എത്ര വിസ്മയകരമായ സൗധങ്ങൾ!" യേശുവിന്റെ മറുപടി ഏറെ ശ്രദ്ധേയമാണ്: "ഈ മഹാ സൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ?

ഇവയെല്ലാം കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും"(മർക്കോ 13,1-2) എ.ഡി. 70-ൽ ഈ പ്രവചനം അക്ഷരശഃ പൂർത്തിയായി.

സമൂഹത്തിൽ എല്ലാവർക്കും, പ്രത്യേകിച്ചും ഏറ്റം താഴെക്കിടയിലുള്ളവർക്ക്, ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾ ഉറപ്പുവരുത്താൻ ഉപയോഗിക്കേണ്ട പൊതുമുതൽ വ്യർത്ഥാഭിമാനത്തിന്റെയും ധൂർത്തിന്റെയും ഗോപുരങ്ങൾ നിർമ്മിക്കാനായി വകമാറ്റി ചെലവഴിച്ചാൽ വരാൻ പോകുന്ന നാശത്തിന്റെ ഒരു മുന്നറിയിപ്പാണ് ബൈബിളിലെ ബാബേൽ ഗോപുരം. നേതാക്കന്മാരുടെയും എന്തിനേറെ, വിശുദ്ധരുടെയും പേരിൽപ്പോലും നടക്കുന്ന ആഘോഷങ്ങളും ആർഭാടങ്ങളും വഴി എന്തു സന്ദേശമാണ് തങ്ങൾ നല്കുന്നതെന്ന് ഉത്തരവാദപ്പെട്ടവർ ആത്മശോധന ചെയ്യണം.

ഉടമയുടെ അഭിമാനം, കാണികൾക്ക് അസൂയ (owner's pride, neighbour's Jealousy) എന്നൊരു പരസ്യമുണ്ടായിരുന്നു. മറ്റുള്ളവരിൽ അസൂയ ജനിപ്പിക്കുംവിധം നിർമ്മിക്കുന്ന സൗധങ്ങളും നടത്തുന്ന ആഘോഷങ്ങളും സമൂഹത്തിൽ വരുത്തി വയ്ക്കുന്ന വിനകൾ കുറച്ചൊന്നുമല്ല. അസൂയ പെരുകുന്ന അയൽക്കാരൻ അനുകരിക്കാൻ ശ്രമിക്കും; പോരാ മറികടക്കാൻ നോക്കും. അതു സാധ്യമല്ലാതെ വരുമ്പോൾ അസൂയ വിദ്വേഷമാകും; വിദ്വേഷം അക്രമാസക്തമാകും. പിന്നെ ഉണ്ടാകുന്നത് പ്രവചനാതീതമാംവിധം ദൂരവ്യാപകങ്ങളായ ദുരന്തങ്ങളാവും, അനുദിനമെന്നോണം പെരുകുന്ന മതവർഗ്ഗീയതയും തീവ്രവാദവും മതപീഡനങ്ങളും ഒരു പരിധിവരെയെങ്കിലും ഇപ്രകാരമുള്ള ബാബേൽ ഗോപുരങ്ങൾ ഇളക്കിവിടുന്ന അസൂയയുടെയും വിദ്വേഷത്തിന്റെയും ഫലമല്ലെയെന്നും ചിന്തിക്കണം.

ആഡംബര മാളിക തീർത്ത മെത്രാനെ സ്ഥാനഭ്രഷ്ടനാക്കിയതും ആഡംബരക്കാർ വില്ക്കാൻ മറ്റൊരു മെത്രാനെ നിർബ്ബന്ധിച്ചതുമെല്ലാം ശിഥിലീകരണത്തിന്റെ ഗോപുരങ്ങളെക്കുറിച്ച് ആഗോള സഭയിൽ സംജാതമായിക്കൊണ്ടിരിക്കുന്ന അവബോധത്തിന്റെ അടയാളങ്ങളായി കാണണം. സുവിശേഷ മൂല്യങ്ങൾക്കു ചേരാത്ത ആഘോഷങ്ങളും ആർഭാടങ്ങളും, അതു ദൈവത്തിന്റെ പേരിലാണെങ്കിൽപ്പോലും പാപമാണെന്ന് എന്നാണ് നാം തിരിച്ചറിയുക? ഇനിയും എത്ര ഗോപുരങ്ങൾ തകർന്നു വീണാലാണു നമ്മുടെ കണ്ണു തുറക്കുക! "ഉദരമാണവരുടെ ദൈവം, ലജ്ജാകരമായതിൽ അവർ അഭിമാനം കൊള്ളുന്നു. ഭൗതികമായതുമാത്രം അവർ ചിന്തിക്കുന്നു" (ഫിലി 3,19) എന്ന അപ്പസ്തോലന്റെ വിലാപം നമ്മുടെ സമൂഹത്തെ നോക്കിയാവുമോ?

# 5

# കർത്താവിന്റെ വഴി

*"ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നത് നീതിയും ന്യായവും പ്രവർത്തിച്ച്, കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും കൽപ്പിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിനും വേണ്ടിയാണ്"* (ഉൽപ 18,19)

ബൈബിൾ അവതരിപ്പിക്കുന്ന രക്ഷാചരിത്രത്തിന്റെ തുടക്കത്തിൽ നിൽക്കുന്ന അതികായനാണ് വിശ്വാസികളുടെ പിതാവ് എന്നു ബൈബിൾ വിശേഷിപ്പിക്കുന്ന അബ്രാഹം. സകല ജനതകൾക്കും രക്ഷ നൽകുക എന്ന ദൈവികപദ്ധതിയുടെ പൂർത്തീകരണം എപ്രകാരമായിരിക്കും സംഭവിക്കുക എന്നു സൂചിപ്പിക്കുന്ന മേലുദ്ധരിച്ച വാക്യത്തിൽ സാമൂഹ്യനീതിയെ സംബന്ധിച്ച നിർണ്ണായകമായ ഒരു പ്രബോധനം ഉൾച്ചേർന്നിരിക്കുന്നു.

ദൈവം അബ്രാഹത്തിനു നൽകിയ വാഗ്ദാനം (ഉൽപത്തി 12,1 –3) പൂർത്തിയാകണമെങ്കിൽ അബ്രാഹത്തിന്റെ മക്കൾ കർത്താവിന്റെ വഴിയിലൂടെ നടക്കണം. അതിന് അവർ നീതിയും ന്യായവും പ്രവർത്തിക്കണം. ഇതു സംഭവിക്കണമെങ്കിൽ അബ്രാഹംതന്നെ ഈ നിബന്ധനകൾ അനുസരിക്കുകയും വാക്കും പ്രവൃത്തിയും വഴി മക്കളെ അതിനായി പരിശീലിപ്പിക്കുകയും ചെയ്യണം. കർത്താവിന്റെ വഴി, നീതി,

ന്യായം എന്നീ മൂന്നു വാക്കുകൾ കർത്താവിന്റെ സ്വഗതമായി അവതരിപ്പിച്ചിരിക്കുന്ന വാക്യത്തിൽ മുന്നിട്ടു നില്ക്കുന്നു. അവ അടുത്തു പരിശോധിക്കുന്നതിനു മുമ്പേ ഈ വചനം അവതരിപ്പിക്കുന്ന സാഹചര്യം ശ്രദ്ധിക്കണം. ഓരോ വാക്യവും അതതിന്റെ പൊതു പശ്ചാത്തലത്തിൽ മനസ്സിലാക്കണം (text in context) എന്നത് ബൈബിൾ വ്യാഖ്യാനത്തിന്റെ ഒരു സുപ്രധാന നിയമമാണ്.

ആദാമിൽ തുടങ്ങി കായേനിലൂടെ വളർന്ന ദൈവനിഷേധവും സഹോദര വിദ്വേഷവും എന്ന പാപം സകല അതിരുകളും ലംഘിച്ച്, ഭൂമിയിൽ മനുഷ്യജീവിതം അസാദ്ധ്യമാക്കിത്തീർക്കുന്ന സാഹചര്യമാണ് ഉൽപത്തി 6-ാം അധ്യായത്തിൽ വിവരിക്കുന്നത്. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണെന്നും കർത്താവു കണ്ടു. ഭൂമുഖത്ത് മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവ് പരിതപിച്ചു. അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു" (ഉൽപത്തി 6,5-6). താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നു (ഉൽപത്തി 1,30) എന്ന അവലോകനത്തിൽ നിന്നും എത്രയോ അകലെയാണ് ഇവിടെ രേഖപ്പെടുത്തുന്ന ദൈവത്തിന്റെ ദുഃഖം!

താൻ നിശ്ചയിച്ച ലക്ഷ്യത്തിൽ നിന്നകന്ന്, മടങ്ങിവരാൻ പറ്റാത്തവണ്ണം അതിദൂരം സഞ്ചരിച്ച മനുഷ്യവർഗ്ഗത്തെ ഉന്മൂലനം ചെയ്യാൻ ദൈവം തീരുമാനിക്കുന്നത് കഠിനദുഃഖത്തോടെയാണ്. ദൈവത്തിൽ മാനുഷിക വികാരങ്ങൾ ആരോപിക്കുന്ന ഈ സാഹിത്യശൈലി അക്ഷരാർത്ഥത്തിലല്ല വ്യാഖ്യാനിക്കേണ്ടതെങ്കിലും അനീതിയിലൂടെ പ്രകടമാകുന്ന മനുഷ്യന്റെ ദുഷ്ടത സമൂല നാശം വരുത്തിവയ്ക്കും എന്ന യാഥാർത്ഥ്യം അവഗണിക്കാനാവില്ല. എല്ലാം തുടച്ചുമാറ്റാൻ തുടങ്ങുമ്പോഴും നീതി പ്രവർത്തിക്കുന്ന ഒരു പിതാവിനെയും കുടുംബത്തെയും ദൈവം വേറിട്ടു കാണുന്നു; "എന്നാൽ നോഹ കർത്താവിന്റെ പ്രീതിക്കു പാത്രമായി.... നോഹ നീതിമാനായിരുന്നു. ആ തലമുറയിലെ കറയറ്റ മനുഷ്യൻ"(ഉൽപത്തി 6,8-9). പാപത്തിനധീനമായ പഴയ മനുഷ്യവർഗ്ഗത്തെ ഉന്മൂലനം ചെയ്യുമ്പോൾ നീതിമാനായ ഒരു മനുഷ്യനിലൂടെ ഒരു പുതിയ ജനതയെ ദൈവം വാർത്തെടുക്കുന്നു. ഈ നോഹ അബ്രാഹത്തിന്റെ പിതാമഹൻ മാത്രമല്ല, പ്രതീകവും മുന്നോടിയുമാണ്. നോഹയിലൂടെ ദൈവം ആരംഭിച്ച പുതിയ സൃഷ്ടി അബ്രാഹമിലൂടെ തുടരുന്നു. അതിനായി നോഹയെപ്പോലെ അബ്രാഹവും നീതിയുടെ പാതയിൽ ചരിക്കണം. നോഹയുടെ മൂന്നു മക്കളിൽ ഒരു

വനായ ഹാമിനു സംഭവിച്ച ദുരന്തം അബ്രാഹത്തിന്റെ മക്കൾക്കുണ്ടാകരുത്.

കറയറ്റ മനുഷ്യനായി കരുതപ്പെട്ട നോഹയുടെ പ്രളയാനന്തരജീവിതം വഴിപിഴച്ചു. മുന്തിരി കൃഷി ചെയ്ത്, മദ്യപിച്ചു ലക്കുകെട്ട്, ഉടയാടകൾ ഊരിമാറ്റി, നഗ്നനായി കൂടാരത്തിൽ കിടന്നത് ഇളയമകൻ ഹാമിന് പാപകാരണമായി; അവന്റെ പിൻതലമുറകൾക്കു ശാപകാരണവും (ഉൽപത്തി 9,18–29). നോഹയിൽ നിന്നുത്ഭവിച്ച തലമുറകളിൽ വീണ്ടും അഹങ്കാരം മുളപൊട്ടി. ദൈവനിഷേധ സൂചകമായ ഗോപുര നിർമ്മാണം, പറുദീസായിലെ വിലക്കപ്പെട്ട കനിപോലെ, വീണ്ടും മനുഷ്യസമൂഹത്തിൽ ഭിന്നിപ്പിനു കാരണമായി. "ഞാൻ" എന്ന ഭാഷ മാത്രം സംസാരിക്കുന്നവന് അപരനെ സഹോദരനായി കാണാൻ കഴിയില്ല; അപരന്റെ ഭാഷ മനസ്സിലാകുകയുമില്ല. ശിഥിലീകരണമാണ് ഫലം (ഉൽപത്തി 11,1–9). പരസ്പരം അറിയാനും അംഗീകരിക്കാനും കഴിയാതെ അകന്നുപോകുന്ന മനുഷ്യസമൂഹത്തിൽ നിന്നാണ് ദൈവം തേരായുടെ മകൻ അബ്രാമിനെ പേരു ചൊല്ലി വിളിച്ച്, വേർതിരിച്ച്, പുതിയൊരു ചരിത്രത്തിനു തുടക്കം കുറിക്കുന്നത്. ഇത് പഠന വിഷയമായ വാക്യത്തിന്റെ അകന്ന പശ്ചാത്തലം.

സോദോമിന്റെ പാപവും തന്മൂലം നഗരത്തിന്മേൽ പതിക്കാൻ പോകുന്ന സംഹാരാഗ്നിയുമാണ് വാക്യത്തിന്റെ അടുത്ത സാഹചര്യം. സോദോം നഗരത്തിനെതിരെ ഉയരുന്ന "മുറവിളി" വളരെ വലുതാണ്. അവരുടെ പാപം ഗുരുതരവുമാണ്. അതിനാൽ അവരുടെ പ്രവൃത്തികൾ എന്റെ സന്നിധിയിൽ എത്തിയിട്ടുള്ള വിലാപങ്ങളെ സാധൂകരിക്കുന്നോ ഇല്ലയോ എന്നറിയാൻ ഞാൻ അവിടം വരെ പോവുകയാണ്" (ഉൽപത്തി 18,20–21). ഗുരുതരമായ പാപം ആനുപാതികമായ ശിക്ഷ വിളിച്ചു വരുത്തും. ദൈവിക സന്ദർശനം വസ്തുതകളുടെ നിജസ്ഥിതി വെളിപ്പെടുത്തും. തുടർന്നു സംഭവിക്കാൻ പോകുന്ന സമൂലനാശമാണ് ദൈവം ചെയ്യാൻ പോകുന്ന കാര്യം. ഇത് അബ്രാഹത്തിൽനിന്നു മറച്ചു വയ്ക്കുന്നതു ശരിയല്ല എന്ന ദൈവത്തിന്റെ സ്വഗതം, കഥാരൂപത്തിൽ മാനുഷിക ചിന്താരീതി  ദൈവത്തിൽ ആരോപിക്കുന്നത് സാഹിത്യ ശൈലിയുടെ പ്രത്യേകത തന്നെ. എന്നാൽ ഇതിലൂടെ ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്ന യാഥാർത്ഥ്യം അതീവ ഗുരുതരമാണ്. അതു ഗ്രഹിക്കണമെങ്കിൽ എന്താണ് സോദോമിന്റെ പാപമെന്നും  സോദോമിന്റെ പാപവും അതിനു ലഭിക്കുന്ന ശിക്ഷയും അബ്രാഹത്തിന്റെ വിളിയോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും കണ്ടെത്തണം.

പുരുഷന്മാരുടെ സ്വവർഗ്ഗരതിയാണ് സോദോമിന്റെ പാപം എന്ന ഒരു ധാരണ പൊതുവേ നിലനിൽക്കുന്നുണ്ട്. ആ അർത്ഥത്തിലാണല്ലോ സോഡൊമി (sodomy) എന്ന പദം തന്നെ ഉപയോഗിക്കുന്നത്. ഇതിനു തക്കതായ ന്യായീകരണം ബൈബിളിൽത്തന്നെയുണ്ട്. നഗരത്തിനെതിരേ ഉയരുന്ന നിലവിളിയുടെ കാരണം പരിശോധിക്കാനായി, വഴിയാത്രക്കാരെപ്പോലെ വന്ന് ലോത്തിന്റെ ആതിഥ്യം സ്വീകരിച്ച രണ്ടു ദൂതന്മാരെ തങ്ങളുടെ ഭോഗാസക്തിക്കു വിട്ടുതരണം എന്നു നഗരവാസികൾ ആവശ്യപ്പെടുന്നിടത്ത് ഈ വിശദീകരണം വ്യക്തമാകുന്നു. അതിരുകൾ ലംഘിക്കുന്ന ലൈംഗികവൃത്തികളാണ് സോദോമിന്റെ പാപം എന്ന് ഇതിൽനിന്നു വ്യാഖ്യാനിക്കാനാവും. എന്നാൽ അതു മാത്രമാണോ കർത്തവിന്റെ സംഹാരാഗ്നി നഗരത്തിന്മേൽ പതിക്കാൻ കാരണമായത്?

സോദോമിന്റെ പാപത്തെക്കുറിച്ച് ബൈബിളിൽ അനേകം തവണ പരാമർശിക്കുന്നുണ്ട്. തങ്ങളുടെ പാപത്തിന്റെ കാഠിന്യം മൂലം ദൈവ ശിക്ഷയ്ക്കിരയായവരുടെ മാതൃകയായി സോദോമിനെ യേശുതന്നെ എടുത്തു കാട്ടുന്നുമുണ്ട് (മത്താ 10,15, 11,23-24, ലൂക്കാ 17,29). എന്നാൽ എന്തായിരുന്നു ഇത്ര ഭീകരമായ ശിക്ഷ വിളിച്ചു വരുത്തിയ പാപം? ദൈവഭയമില്ലാതെ ജീവിച്ചു എന്ന് പൊതുവായ ഒരു അവലോകനമാണ് 2പത്രോ 2,6 ൽ കാണുന്നത്. അതേസമയം യൂദാ. 7 ൽ ഭോഗാസക്തിയും വ്യഭിചാരവുമായിരുന്നു സോദോമിന്റെ പാപം എന്ന് എടുത്തുപറയുന്നു. എന്നാൽ അതു മാത്രമല്ല. സകല തിന്മകളുടെയും കേന്ദ്രമായി മാറിയ റോമിനെ പ്രതീകാർത്ഥത്തിൽ സോദോം എന്നു വിളിക്കുന്ന വെളിപാടുഗ്രന്ഥകാരൻ (വെളി 11,8) സോദോമിന്റെ പാപത്തെ ലൈംഗിക വൈകൃതമായി ചുരുക്കുന്നില്ല. പ്രവാചകന്മാരുടെ ചില പരാമർശങ്ങൾ എപ്രകാരമാണ് സോദോമിന്റെ പാപം മനസ്സിലാക്കേണ്ടത് എന്നു സൂചിപ്പിക്കുന്നതു കാണാം.

പ്രവാചകന്മാരിൽ അഗ്രഗണ്യനായ ഏശയ്യാ തന്റെ ഗ്രന്ഥം ആരംഭിക്കുന്നതുതന്നെ അതി നിശിതമായ ഒരു സമൂഹ വിമർശനത്തോടെയാണ്. “തിന്മ നിറഞ്ഞ രാജ്യം, അനീതിയുടെ ഭാരം വഹിക്കുന്ന ജനം... അവർ കർത്താവിനെ പരിത്യജിച്ചു... നിന്ദിച്ചു... തീർത്തും അകന്നു പോയി”(ഏശ 1,4) ഇപ്രകാരം ഒരാമുഖത്തിനു ശേഷം വിശദമായ കുറ്റപത്രം അവതരിപ്പിക്കുന്നതിനു മുമ്പേ, പ്രവാചകൻ, അവിശ്വസ്തയായ യൂദായെ വിശേഷിപ്പിക്കുന്നത് സോദോം എന്നാണ്: “സോദോമിന്റെ അധിപതികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ....” (ഏശ 1, 10).

തുടർന്നു വരുന്ന കുറ്റാരോപണങ്ങളിൽ ലൈംഗികമ്ലേച്ഛതകൾ ഒന്നും പരാമർശ വിഷയമാകുന്നില്ല. മറിച്ച് സമൂഹത്തിൽ നടമാടുന്ന അക്രമവും അനീതിയുമാണ് വിശദമായി അവതരിപ്പിക്കുന്നത്. അനീതി നിലനിൽക്കുന്ന സമൂഹത്തിൽ ദൈവാരാധന ദൈവത്തെ അവഹേളിക്കലായിത്തീരുന്നു. ദൈവത്തെ പ്രീതിപ്പെടുത്താൻ, അഥവാ ദൈവവുമായി രമ്യതയിലെത്താൻ നീതി പ്രവർത്തിക്കുകയാണാവശ്യം എന്ന് സംശയത്തിനു പഴുതടച്ച് പ്രവാചകൻ ഉദ്ഘോഷിക്കുന്നു (ഏശയ്യ 1,11–20). അതാണ്, അതുമാത്രമാണ് പാപമോചനത്തിനും ദൈവപ്രീതിക്കുമുള്ള മാർഗ്ഗം. ഏശ 3,9 ലും ഇതേ ആശയം തന്നെയാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്.

പ്രവാസികളോടു പ്രസംഗിച്ച എസെക്കിയേൽ പ്രവാചകൻ യൂദായെ സോദോമിനോട് ഉപമിച്ചതിനു ശേഷം അവളുടെ പാപം എന്തെന്ന് വിശദീകരിക്കുന്നത് ശ്രദ്ധേയമാണ്. “നിന്റെ സഹോദരിയായ സോദോമിന്റെ തെറ്റ് ഇതായിരുന്നു: പ്രൗഢിയും ഭക്ഷ്യസമൃദ്ധിയും സമാധാനവും സ്വസ്ഥതയും ഉണ്ടായിട്ടും അവളും അവളുടെ പുത്രന്മാരും നിർദ്ധനരെയും അഗതികളെയും തുണച്ചില്ല''. മാത്രമല്ല അവരെ അതികഠിനമായി ചൂഷണം ചെയ്യുകയും ചെയ്തു. നഗരം സന്ദർശിക്കാൻ വന്ന ദൂതന്മാർക്ക് രാത്രി ചെലവഴിക്കാൻ ഇടം നൽകിയത് സോദോം പൗരന്മാരല്ല, പരദേശിയായ വന്നുപാർത്ത ലോത്താണ് എന്ന വിശദാംശം ഇവിടെ പ്രസക്തമാകുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ, അനീതിയായിരുന്നു സോദോമിന്റെ പാപം; അനീതി അതിന്റെ ഏറ്റം വ്യാപകമായ അർത്ഥത്തിൽത്തന്നെ എടുക്കണം.

സാഹചര്യത്തിന്റെ ഈ വിശദീകരണത്തിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു. സോദോമിനു സംഭവിക്കാൻ പോകുന്ന ദുരന്തം അബ്രാഹത്തിനും മക്കൾക്കും ഉണ്ടാകരുത്. അതിന് ഒന്നേ ചെയ്യേണ്ടതുള്ളു. അബ്രാഹം കർത്താവിന്റെ വഴിയിൽ നടക്കണം; അതിനായി നീതിയും ന്യായവും പ്രവർത്തിക്കണം; അങ്ങനെ നടക്കാൻ തന്റെ പിൻമുറക്കാരെ പഠിപ്പിക്കണം. (ഇവിടെ പി.ഒ.സി. വിവർത്തനത്തിൽ ഒരു ചെറിയ അക്ഷരപ്പിശകു വന്നിരിക്കുന്നത് അർത്ഥം ആകെ മാറ്റിമറിക്കും എന്ന് എടുത്തുപറയേണ്ടതുണ്ട്. “നീതിയും ന്യായവും പ്രവർത്തിച്ച് കർത്താവിന്റെ വഴിയിലൂടെ നടക്കാൻ” എന്നാണ് മൂലം. ഇതിൽ പ്രവർത്തിച്ച് എന്നതിന്റെ ചന്ദ്രക്കല – ് – വിട്ടുപോയപ്പോൾ നീതിയും ന്യായവും പ്രവർത്തിച്ച കർത്താവിന്റെ എന്നായി. അപ്പോൾ നീതി പ്രവർത്തിക്കുന്നതു അബ്രാഹമല്ല, കർത്താവാണെന്നു വരുന്നു. ഏറ്റം നിസ്സാരമായ

ചിഹ്നം വിട്ടുപോയപ്പോഴുണ്ടായ അർത്ഥവ്യതിയാനം!) സോദോമിന്റെ ചിത്രം അനുകരിക്കാൻ പാടില്ലാത്ത ഒരു നിഷേധാത്മക മാതൃകയായി നിൽക്കുന്നു. സോദോം നിവാസികൾ ചെയ്തത് അബ്രാഹവും മക്കളും ചെയ്യരുത് - അനീതി പ്രവർത്തിക്കരുത്. അതേസമയം അവർ ചെയ്യാതെ ഉപേക്ഷിച്ച നന്മ - നിർദ്ധനരെയും അഗതികളെയും തുണയ്ക്കുക - ചെയ്യണം. അപ്പോൾ, അപ്പോൾ മാത്രമേ അബ്രാഹത്തിനു നല്കപ്പെട്ട വാഗ്ദാനങ്ങൾ പൂർത്തിയാകൂ.

കർത്താവിന്റെ വഴിയിലൂടെ നടക്കുക എന്നതിന്റെ വിശദീകരണമാണ് നീതിയും ന്യായവും പ്രവർത്തിക്കുക എന്നത്. കർത്താവിന്റെ വഴി എന്നാൽ ദൈവത്തിന്റെ ഹിതം എന്നുതന്നെയാണർത്ഥം. താൻ തിരഞ്ഞെടുക്കുകയും ഉടമ്പടിയിലൂടെ സ്വന്തം ജനമായി സ്വീകരിക്കുകയും ചെയ്ത അബ്രാഹവും സന്തതികളും എന്തു ചെയ്യണം, എന്തു ചെയ്യരുത്, അവരുടെ ജീവിത നിയമങ്ങൾ എന്തായിരിക്കണം എന്ന് ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ആ തിരുഹിതത്തിന്റെ സംക്ഷിപ്ത രൂപമാണ് പത്തു കല്പനകൾ (പുറ 20,1-17). അവയുടെ വിശദീകരണം തുടർന്നുവരുന്ന നിയമസംഹിതകളിൽ (പുറ 21,23, ലേവ്യർ 17,26, നിയ 12,26) കാണാം. ഉടമ്പടിയിൽ ഭാഗഭാക്കുകളായവർ ഉടമ്പടിയുടെ നിബന്ധനകൾ പാലിക്കാൻ കടപ്പെട്ടിരിക്കുന്നു; എന്നാൽ ഈ അനുസരണം നിർബ്ബന്ധത്തിനു വഴങ്ങിയല്ല, സ്വതന്ത്രമായ തീരുമാനമായിരിക്കണം. “ഇതാ, ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു...” (നിയ 30,15-20). ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാം. എന്നാൽ ജനം നന്മ തിരഞ്ഞെടുത്തു ജീവിക്കണം എന്നതാണ് ദൈവഹിതം. മറിച്ചായാൽ മരണം നിശ്ചയം.

സാമൂഹ്യ നിതിയെ സംബന്ധിച്ച് ഏറ്റം പ്രധാനപ്പെട്ട രണ്ടു വാക്കുകളാണ് നീതിയും ന്യായവും. സ്ദാഖാ (Sedaqa) എന്നതാണ് ആദ്യത്തെ വാക്കിന്റെ ഹീബ്രു മൂലം; മിഷ്പാത്ത് (mishpath) എന്ന് രണ്ടാമത്തേതിന്റെയും. ഇവ രണ്ടും കൂടിച്ചേരുമ്പോൾ കർത്താവിന്റെ വഴിയായി; അഥവാ മനുഷ്യജീവിതത്തെ സംബന്ധിച്ച് വെളിപ്പെടുത്തപ്പെട്ട കർത്താവിന്റെ തിരുഹിതമായി. എന്താണ് ഈ വാക്കുകൾ കൊണ്ട് വിവക്ഷിക്കുന്നത്?

നീതി-നീതിമാൻ (Sedaqa-Saddiq) എന്ന നാമവും വിശേഷണവും കർത്താവിനു പ്രീതികരമായ ഒരു ജീവിതത്തെ സൂചിപ്പിക്കുന്നു. ആർക്കാണ് കർത്താവിന്റെ കൂടാരത്തിൽ വസിക്കാൻ സാധിക്കുക എന്ന ഭക്തന്റെ ചോദ്യത്തിന് ദൈവിക അരുളപ്പാടായി നൽകപ്പെടുന്ന മറുപ

ടിയിൽ (സങ്കീ 15) ഈ പദത്തിന്റെ വ്യക്തമായ ഒരു നിർവ്വചനവും വിശദീകരണവും കാണാം. "നീതി മാത്രം പ്രവർത്തിക്കുക" എന്നാൽ "നിഷ്കളങ്കനായി ജീവിക്കുക" എന്നാണർത്ഥം (സങ്കീ 15,2). അതിന്റെ വിശദീകരണം തുടർന്നു വരുന്ന വാക്യങ്ങളിൽ നൽകിയിരിക്കുന്നു. സത്യമേ പറയാവൂ, പരദൂഷണമരുത്, സ്നേഹിതനെ ദ്രോഹിക്കരുത്, അപവാദമരുത്, ദുഷ്ടരോട് കൂട്ടുകൂടരുത്. ദൈവഭക്തരെ മാനിക്കണം. പ്രതിജ്ഞ നിറവേറ്റണം. കടത്തിനു പലിശ ഈടാക്കരുത്. കൈക്കൂലി വാങ്ങരുത്. ഇങ്ങനെ ജീവിക്കുന്നവനാണ് നീതിമാൻ. അവന്റെ ജീവിതം സുസ്ഥിരമായിരിക്കും. ചുരുക്കത്തിൽ, ദൈവപ്രമാണങ്ങൾ അനുസരിച്ച്, ദൈവത്തിനു പ്രീതികരമായ ജീവിതം നയിക്കുന്നതാണ് നീതി. അങ്ങനെ ജീവിക്കുന്നവൻ നീതിമാൻ. ഇവിടെ മനുഷ്യർ പരസ്പരമുള്ള ബന്ധത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. നീതി മുഖ്യമായും സാമൂഹ്യനീതിയാണ്. നീതി നിലനിൽക്കുന്ന സമൂഹത്തിലാണ് ദൈവം സംപ്രീതനാവുക.

"ന്യായം" എന്നു വിവർത്തനം ചെയ്യുന്നത് മിഷ്പാത്ത് (mishpath) എന്ന ഹീബ്രു വാക്കാണ്. ''വിധിക്കുക" അഥവാ "ന്യായം വിധിക്കുക" എന്നർത്ഥമുള്ള ഷാഫാത്ത് (shaphath) എന്ന ക്രിയാധാതുവിൽ നിന്നാണ് മിഷ്പാത്തിന്റെ നിഷ്പത്തി. നീതി നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ സമൂഹത്തിൽ സംജാതമാകാം. അപ്പോൾ നിഷേധിക്കപ്പെട്ട നീതി പുനഃസ്ഥാപിക്കാൻ ആവശ്യമായ സംവിധാനങ്ങൾ സമൂഹത്തിലുണ്ടായിരിക്കണം. ഇപ്രകാരമുള്ള സംവിധാനത്തെയാണ് ബൈബിളിൽ "നഗരകവാടം" എന്നും "നീതിന്യായ കോടതി" എന്നും വിശേഷിപ്പിക്കുന്നത്.

ഗോത്രാടിസ്ഥാനത്തിൽ ജീവിതം നയിച്ചിരുന്ന കാലത്ത് ഗോത്ര–കുടുംബത്തലവന്മാരായിരുന്നു പരാതികൾ കേട്ട് തീർപ്പു കല്പിക്കുകയും നിഷേധിക്കപ്പെട്ട നീതി പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നത്. രാജഭരണത്തിന്റെ ആവിർഭാവത്തോടെ ഈ ദൗത്യം രാജാവു നിയമിക്കുന്ന ഉദ്യോഗസ്ഥർക്കായി. അവിടെ സ്വജനപക്ഷപാതവും കൈക്കൂലിയും നിതീനിഷേധത്തിനു കാരണമായപ്പോൾ അതിനെതിരേ നിശിതമായ വിമർശനങ്ങളുമായി പ്രവാചകർ രംഗപ്രവേശം ചെയ്തു. (ആമോ 5,12, 6,12, ജറ 6,13–14, എസെ 22,12–25 നീതിയെ സംബന്ധിച്ച പ്രവാചക പ്രബോധനം പിന്നീട് വിശദമായി ചർച്ച ചെയ്യുന്നതാണ്). നിഷേധിക്കപ്പെട്ട നീതി വ്യവഹാരത്തിലൂടെ നടപ്പിലാക്കുന്നതിനെയാണ് "മിഷ്പാത്ത്" എന്ന പദം വിവക്ഷിക്കുന്നത്. അതിനെ ന്യായം എന്ന

തിനെക്കാൾ "ന്യായവിധി"എന്നു വിവർത്തനം ചെയ്യുകയാവും അർത്ഥം വ്യക്തമാക്കാൻ കൂടുതൽ സഹായകം.

അബ്രാഹത്തിന്റെ ദൗത്യത്തെ സംബന്ധിച്ച ദൈവത്തിന്റെ സ്വഗതമായി അവതരിപ്പിച്ചിരിക്കുന്ന വാക്യത്തിൽനിന്നു കിട്ടുന്ന പാഠമിതാണ്. ദൈവം അബ്രാഹത്തെ പ്രത്യേകമായി തിരഞ്ഞെടുത്ത് അനുഗ്രഹിച്ചിരിക്കുന്നത് അവൻ കർത്താവിന്റെ തിരുഹിതം മനസ്സിലാക്കി അതനുസരിച്ചു ജീവിക്കുകയും അപ്രകാരം ജീവിക്കാൻ തന്റെ മക്കളെ പഠിപ്പിക്കുകയും ചെയ്യാൻ വേണ്ടിയത്രെ. ആ തിരുഹിതം സാവകാശം ഉടമ്പടിയുടെ നിയമങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ടു. അതനുസരിച്ചു ജീവിച്ചാൽ മാത്രമേ ഈ ഭൂമിയിൽ ജീവിതം സാധ്യമാകൂ.

മനുഷ്യർ പരസ്പരമുള്ള ബന്ധത്തെ നിയന്ത്രിക്കുന്നത് മനുഷ്യഹൃദയങ്ങളിൽ സ്വാഭാവികമായി നിക്ഷിപ്തമായിരിക്കുന്ന മനസ്സാക്ഷിയുടെ സ്വരവും ആ മനസ്സാക്ഷിയെ രൂപപ്പെടുത്തുന്നത് ഉടമ്പടി നിബന്ധനകളായി നല്കപ്പെട്ടിരിക്കുന്ന നിയമങ്ങളുമാണ്. ഈ നിയമങ്ങൾ ദൈവമനുഷ്യബന്ധത്തിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. മനുഷ്യർ പരസ്പരമുള്ള ബന്ധങ്ങൾക്ക് ഈ നിയമങ്ങൾ പ്രാമുഖ്യം നൽകുകയും ചെയ്യുന്നു. അബ്രാഹവും സന്തതികളും ഈ നിയമങ്ങൾ അനുസരിച്ചാൽ സകലർക്കും അനുഗ്രഹം ലഭിക്കും. അനുസരിച്ചില്ലെങ്കിൽ, സോദോമിന്റെ അനുഭവം പഠിപ്പിക്കുന്നതുപോലെ, സമൂലനാശമായിരിക്കും ഫലം.

# 6

# അന്ധമായ തീക്ഷ്ണത

*"അവൻ പറഞ്ഞു: അവളെ പുറത്തിറക്കി ചുട്ടുകളയുക"*
(ഉൽപ 38,25).

ഭീകരമായൊരു വിധിവാചകമാണിത്. ഉച്ചരിച്ചത് മറ്റാരുമല്ല, യാക്കോബിന്റെ മകനും മിശിഹായുടെ പൂർവ്വികനുമായ യൂദാ, തന്റെ പുത്രഭാര്യ വേശ്യാവൃത്തി മൂലം ഗർഭിണിയായിരിക്കുന്നു എന്ന വാർത്ത കേട്ട് ധാർമ്മികരോഷത്താൽ ജ്വലിച്ച അമ്മായിയപ്പനാണ് അതിഭീകര മായ ഈ ശിക്ഷാവിധി കല്പിച്ചത്: ചുട്ടുകൊല്ലുക. സംഭവങ്ങളുടെ ധാർമ്മികതയെക്കുറിച്ചുള്ള വിശകലനം അനുവാചകർക്ക് വിട്ട്, കഥാ രൂപത്തിൽ കാര്യങ്ങൾ അവതരിപ്പിക്കുന്ന യാഹ്‌വിസ്റ്റ് ഗ്രന്ഥകാരന്റെ തൂലികയിൽ നിന്നാണ് യൂദായുടെ അപഭ്രംശത്തിന്റെയും തുടർന്നു ണ്ടായ ശിക്ഷാവിധിയുടെയും വിവരണം. പ്രത്യക്ഷത്തിൽ സാമൂഹ്യ നീതിയെ സംബന്ധിച്ച പാഠമൊന്നും ഈ വിവരണത്തിൽ ഇല്ല എന്നു തോന്നാം. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ ഈ വിവരണത്തിന്റെ വരികൾക്കിടയിൽ ഒളി പ്പിച്ചു വച്ചിരിക്കുന്നത് കാണാൻ കഴിയും.

ഉൽപത്തി 38-ാം അധ്യായം മുഴുവൻ ഈ ഒരു വിവരണത്തിനു വേണ്ടി മാറ്റിവച്ചിരിക്കുന്നതിനാൽ വി. ഗ്രന്ഥകാരൻ ഈ സംഭവത്തിനു നൽകുന്ന പ്രാധാന്യം ചെറുതല്ല എന്നു കാണാൻ കഴിയും. പിതാവി

ന്റെയും സഹോദരങ്ങളുടെയും കൂട്ടം വിട്ട് തനിച്ച് കാനാൻകാരുടെ ഇടയിൽ വാസമുറപ്പിച്ച യൂദാ ഒരു കാനാൻകാരിയെ വിവാഹം ചെയ്തു.

അവളിൽ നിന്ന് മൂന്ന് ആൺമക്കൾ ജനിച്ചു. ഏർ, ഓനാൻ, ഷേലാ. മൂത്തവനു പ്രായമായപ്പോൾ താമാർ എന്ന കാനാൻകാരിയെ അവന് ഭാര്യയായി നല്കി. മക്കളില്ലാതെ ഏർ മരിച്ചപ്പോൾ രണ്ടാമനായ ഓനാന് താമാറിനെ ഭാര്യയായി നല്കി. അയാളും മക്കളില്ലാതെ മരിച്ചു. മൂന്നാമനും ഇതുപോലെ മരിച്ചേക്കും എന്നു ഭയന്ന യൂദാ താമാറിനെ അവളുടെ പിതൃഗൃഹത്തിലേക്കു പറഞ്ഞയച്ചു. ഷേലായ്ക്കു പ്രായമാകുമ്പോൾ ഭർത്താവായി നല്കാം എന്ന വാഗ്ദാനവും നല്കി. അതുവരെ അവൾ വിധവയായി പിതൃഭവനത്തിൽ കഴിയണം. ഇതാണ് തുടക്കം.

ഇസ്രായേൽ ജനത്തിന്റെ പൂർവ്വികരുടെ കാലത്തെ ഒരു സംഭവമായിട്ടാണ് കഥ അവതരിപ്പിച്ചിരിക്കുന്നത്. നിയമങ്ങളെല്ലാം ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. എന്നാലും ഭർതൃസഹോദരധർമ്മം എന്നൊരു നിയമം അവരുടെ ഇടയിൽ പ്രചാരത്തിലിരുന്നുവെന്ന് വിവരണം സൂചിപ്പിക്കുന്നു. മക്കളില്ലാതെ മരിക്കുന്ന സഹോദരന്റെ ഭാര്യയെ സ്വീകരിച്ച്, അവളിൽ നിന്നു ജനിക്കുന്ന ആദ്യസന്താനത്തെ മരിച്ച സഹോദരന്റെ പിൻതുടർച്ചാവകാശിയായി പരിഗണിക്കണം. ഇതാണ് നിയമം. (നിയ 25,5-10).

സഹോദരൻ ഈ ധർമ്മം നിർവ്വഹിക്കുന്നില്ലെങ്കിൽ അതിനുള്ള ശിക്ഷയും പ്രതിവിധിയും ആ നിയമത്തിൽ തന്നെയുണ്ട്. ഇതിൻപ്രകാരം തന്റെ മൂന്നാമത്തെ മകനായ ഷേലായെ താമാറിനു ഭർത്താവായി യൂദാ നൽകേണ്ടിയിരുന്നു. അതു ചെയ്തില്ല. തികച്ചും വിജാതീയ സ്ത്രീ ആയിരുന്ന താമാറിനെ അവളുടെ ജനത്തിന്റെ നിയമങ്ങളും ആചാരങ്ങളും അനുസരിച്ച് ജീവിക്കാൻ അനുവദിച്ചില്ല. സ്വന്തം പിതൃഭവനത്തിൽ യഹൂദരുടെ നിയമമനുസരിച്ച് വിധവയായി ജീവിക്കാൻ നിർബ്ബന്ധിക്കുകയും ചെയ്തു. വേണ്ട സംരക്ഷണവും പരിഗണനയും സുരക്ഷിതത്വവും നല്കാതെ തനിക്കന്യമായ ഒരു നിയമം അനുസരിക്കാൻ താമാറിനെ നിർബ്ബന്ധിക്കുന്ന യൂദാ അവളുടെ കാര്യം മനഃപൂർവ്വം മറന്നതുപോലെ തോന്നും.

തന്റെ രണ്ടു പുത്രന്മാർ മരിച്ചതിന്റെ ഉത്തരവാദിത്വം താമാറിന്റെ മേൽ ആരോപിക്കുന്ന യൂദാ മനസ്സിലാക്കാതെ പോകുന്ന കാര്യമാണ് വി. ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നത്. മൂത്തമകൻ ഏർ മരിക്കാൻ

കാരണം അവന്റെ തന്നെ ദുഷ്ടതയാണ്. ഓനാന്റെ കുറ്റം മറ്റൊന്നായിരുന്നു. ഈ ബന്ധത്തിൽ നിന്നു ജനിക്കാൻ പോകുന്ന ശിശു തന്റേതായിരിക്കുകയില്ല, മരിച്ചുപോയ സഹോദരന്റേതായിരിക്കും എന്നതിനാൽ കുഞ്ഞു ജനിക്കാതിരിക്കാൻ വേണ്ടി സംഗമസമയത്ത് ബീജം നിലത്തു വീഴ്ത്തി – ജനനനിയന്ത്രണത്തിന്റെ ബൈബിൾ നൽകുന്ന ആദ്യവിവരണം. ഇതിൽ നിന്നാണ് ഓണനിസം എന്ന വാക്കു തന്നെ ഉണ്ടായത്. ഇവിടെ ഓനാന്റെ പ്രവൃത്തിയും അതിന്റെ ലക്ഷ്യവും ഒരുപോലെ തിന്മയാണെന്ന് വി.ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. ഇരുവരുടെയും മരണത്തിന് ഉത്തരവാദികൾ അവർ തന്നെ ആയിരുന്നു. പക്ഷെ ശിക്ഷിക്കപ്പെടുന്നത് നിരപരാധിയായ താമാറും.

അടുത്ത രംഗത്താണ് ശിക്ഷാവിധിക്കടിസ്ഥാനമായ സംഭവം വിവരിക്കുന്നത്. തന്റെ ഭാര്യയുടെ മരണത്തെ തുടർന്ന് യൂദാ ആചാരപ്രകാരമുള്ള വിലാപം അനുഷ്ഠിച്ചു. "ദുഃഖത്തിന് ആശ്വാസമുണ്ടായപ്പോൾ എന്ന സാഹചര്യവിവരണം ക്രമപ്രകാരമുള്ള വിലാപദിനങ്ങൾ സമാപിച്ചതിനെ സൂചിപ്പിക്കുന്നു. ആടുകളുടെ രോമം കത്രിക്കൽ വലിയൊരാഘോഷമാണ്. അതിനായി പോകുമ്പോഴാണ് യൂദാ ആശ്വാസം തേടി, വഴിവക്കിലിരുന്ന വേശ്യയെ സമീപിക്കുന്നത്. ഇതിൽ എന്തെങ്കിലും തെറ്റോ അസാധാരണത്വമോ ഉണ്ടെന്ന സൂചനപോലും വി. ഗ്രന്ഥകാരൻ നല്കുന്നില്ല. വേശ്യയ്ക്കു വേതനമായി കൊടുക്കാൻ കൈവശമൊന്നുമില്ലാത്തതിനാൽ കടം പറഞ്ഞു. പക്ഷേ വെറും വാക്കുകൊണ്ട് തൃപ്തിപ്പെടാതെ പണയം ചോദിച്ചപ്പോൾ തനിക്ക് ഏറ്റം വിലപ്പെട്ട, തന്റെ തന്നെ സ്വത്വത്തിന്റെ അടയാളമായ മുദ്രമോതിരവും വളയും വടിയും നിസ്സങ്കോചം കൊടുത്ത യൂദാ മനസ്സിലാക്കിയില്ല തന്റെ മുമ്പിൽ വേശ്യാവേഷമിട്ടു നിൽക്കുന്നത് പുത്രഭാര്യയായ താമാറാണെന്ന്.

തന്റെ ആവശ്യം നിർവ്വഹിച്ച യൂദാ പണയവസ്തുക്കൾ തിരിച്ചെടുക്കാനായി വാഗ്ദാനം ചെയ്തിരുന്ന ആടിനെയും കൊണ്ട് ദൂതനെ അയച്ചു. പക്ഷേ അതിനകം താമാർ സ്വന്തം വീട്ടിലേക്കു മടങ്ങി, വേശ്യാവസ്ത്രം അഴിച്ച്, വിധവാ വസ്ത്രം ധരിച്ചുകഴിഞ്ഞിരുന്നു. അങ്ങനെ ഒരു വേശ്യ ആ നാട്ടിലില്ല എന്ന വിവരവുമായി ദൂതൻ തിരിച്ചുവന്നപ്പോഴും യൂദായ്ക്ക് അസാധാരണമായി ഒന്നും തോന്നിയില്ല. വേശ്യയ്ക്കു കൂലി കൊടുത്തില്ല എന്ന അപവാദം കേൾക്കേണ്ടി വരില്ലല്ലോ എന്ന ചിന്തയേ അയാൾക്കുള്ളൂ. പറഞ്ഞൊത്ത പണം കൊടുത്താൽ വേശ്യാവൃത്തിയിൽ അപാകതയൊന്നുമില്ല എന്ന ഒരു മനോഭാവമാണ് യൂദാ പ്രകടമാക്കുന്നത്. അയാളാണ് അടുത്ത രംഗത്ത്

വേശ്യാവൃത്തിയുടെ പേരിൽ ഒരു സ്ത്രീയെ ചുട്ടുകൊല്ലാൻ വിധിക്കുന്നത്!

മൂന്നു മാസം കഴിഞ്ഞപ്പോൾ കേട്ട വാർത്ത യൂദായെ കോപാക്രാന്തനാക്കി. തന്റെ പുത്രഭാര്യ പിതൃഗൃഹത്തിൽ ആയിരിക്കുമ്പോൾ വേശ്യാവൃത്തിയിൽ ഏർപ്പെട്ടു. അവൾ ഗർഭിണിയാണ്. ഇനി വേറെ തെളിവെന്തു വേണം? ഗോത്രപിതാവിന്റെ ധാർമ്മികരോഷം ഉണർന്നു, തീവ്രമായ ഭക്തി സടകുടഞ്ഞെണീറ്റു. തെളിവെടുപ്പും വിചാരണയും ഒന്നും കൂടാതെ വിധി പ്രസ്താവിച്ചു: "അവളെ പുറത്തിറക്കി ചുട്ടുകളയുക!" വേശ്യാവൃത്തിയിൽ ഏർപ്പെട്ടു എന്ന കുറ്റം ആരോപിക്കപ്പെടുന്ന സ്ത്രീക്ക് വധശിക്ഷ വിധിച്ച യൂദാ തന്റെ കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നുപോലുമില്ല. എത്ര ലാഘവത്തോടെയാണ് അയാൾ വന്നതും എണീറ്റുപോയതും! തുക കൊടുത്തു, കാര്യം തീർന്നു. എന്തേ ഇങ്ങനെ രണ്ടു സമീപനങ്ങൾ എന്നു ഗോത്രപിതാവു ചോദിച്ചില്ല; മറ്റാരും ചോദിച്ചില്ല, ചോദിക്കാൻ പ്രേരിപ്പിച്ചതുമില്ല.

ഏകദേശം രണ്ടായിരം വർഷം കാത്തിരിക്കേണ്ടിവന്നു ഈ ചോദ്യം ഉന്നയിക്കുന്ന ഒരാൾ വരാൻ! "നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യത്തെ കല്ലെറിയട്ടെ" (യോഹ 8,7). അത് യൂദായുടെ തന്നെ ഒരു പിൻമുറക്കാരനായിരുന്നു. അവന്റെ ഉത്ഭവത്തിലേക്കു നയിച്ച വഴി കടന്നുപോയത് ഇവിടെ വധശിക്ഷ വിധിക്കുന്ന സംഭവത്തിലൂടെയാണെന്നത് ചരിത്രത്തിന്റെ വെറും ഒരാകസ്മികത എന്നതിനേക്കാൾ ദൈവിക ഇടപെടലുകളുടെ അടയാളമാണ് - വിരോധാഭാസമായി തോന്നാവുന്ന, മാനുഷിക നിയമങ്ങളെയും കാഴ്ചപ്പാടുകളെയും തലകുത്തി നിർത്തുന്ന വൈരുദ്ധ്യം.

ശിക്ഷാവിധി നടപ്പിലാക്കാൻ വന്നവരുടെ മുമ്പിൽ പതറാതെ നിന്ന താമാറിന് ഒന്നേ പറയാനുള്ളൂ. ഈ മുദ്രമോതിരവും വളയും വടിയും ആരുടേതാണെന്ന് യൂദായോട് ചോദിക്കുക. ഇവയുടെ ഉടമസ്ഥനാണ് എന്റെ ഗർഭസ്ഥ ശിശുവിന്റെ പിതാവ്. തന്റെ മേൽ വേശ്യാവൃത്തി ആരോപിക്കുന്ന ആൾ തന്നെയാണ് തന്നെ വേശ്യയായി പരിഗണിച്ച് ഗർഭിണിയാക്കിയത് എന്ന താമാറിന്റെ പ്രസ്താവനയ്ക്ക് ദൂരവ്യാപകമായ ധ്വനികളുണ്ട്. ആചാരങ്ങളും നിയമങ്ങളും പാലിക്കാനും നടപ്പിലാക്കാനും ബദ്ധപ്പെടുന്നവർ തന്നെ അവ ലംഘിക്കുന്നതിലെ വിരോധാഭാസം ചെറുതല്ല. ഈ സംഭവത്തിന്റെ വിവരണത്തിലൂടെ വി. ഗ്രന്ഥകാരൻ നല്കുന്ന പാഠങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകരുത്. അവയുടെ

ആനുകാലികപ്രസക്തിയിലേക്കു തിരിയുന്നതിനു മുമ്പേ യൂദായുടെ പ്രതികരണവും അനന്തരഫലങ്ങളും കൂടെ കണക്കിലെടുക്കണം.

തൊണ്ടിസാധനങ്ങൾ കണ്ട യൂദാ തന്റെ പങ്ക് സമ്മതിക്കുക മാത്ര മല്ല താമാർ തന്നെക്കാൾ നീതിനിഷ്ഠയുള്ളവളാണെന്നു അംഗീകരി ക്കാനുള്ള ആർജ്ജവത്വവും പ്രകടമാക്കി. "അവൻ പറഞ്ഞു: അവൾ എന്നെക്കാൾ നീതിയുള്ളവളാണ്. ഞാൻ അവളെ എന്റെ മകൻ ഷേലായ്ക്കു ഭാര്യയായി നല്കിയില്ലല്ലോ" (ഉൽപ. 38:26). താമാറിന്റെ നീതിനിഷ്ഠയെ ഏറ്റുപറയുമ്പോൾ നീതിക്കു തന്നെ ഒരു പ്രത്യേക മാനം നല്കുന്നു. എന്തിനുവേണ്ടിയാണ് അവൾ വേശ്യയുടെ വേഷ മിട്ട്, ജീവൻ തന്നെ അപകടത്തിലാക്കുന്ന സാഹസത്തിനു മുതിർന്ന ത് എന്ന് വിശദീകരിക്കുന്നതിലൂടെ ജീവന്റെ സംരക്ഷണവും നില നിൽപ്പുമാണ് നീതിയുടെ മുഖ്യലക്ഷ്യം എന്ന് സൂചിപ്പിക്കുന്നു.

മരണാനന്തര ജീവിതത്തെയും പുനരുത്ഥാനത്തെയും കുറിച്ച് അറിവില്ലാതിരുന്ന ആ കാലത്ത് ഒരാളുടെ നിലനില്പ് സന്തതി പരമ്പ രയിലൂടെയാണ് പരിഗണിച്ചിരുന്നത്. സന്തതിയില്ലാതെ മരിക്കുന്നയാൾ എന്നേക്കുമായി വിഛേദിക്കപ്പെടുന്നു. വാഗ്ദത്തഭൂമിയിൽ വാസമുറ പ്പിച്ചപ്പോൾ എല്ലാ ഗോത്രങ്ങൾക്കും കുടുംബങ്ങൾക്കുമായി ജോഷ്വാ ഭൂമി വീതിച്ചു കൊടുത്തു. ഭൂമിയിൽ അവകാശമില്ലാത്ത ആരുമുണ്ടാ യിരുന്നില്ല. ഒരാൾക്ക് അവകാശപ്പെട്ട ഭൂമി അയാളുടെ മരണശേഷം മക്കൾക്ക് അവകാശമായി ലഭിക്കുന്നു. അങ്ങനെ മക്കളിലൂടെ ജീവി ക്കുന്നതോടൊപ്പം വാഗ്ദത്തഭൂമിയുടെ അവകാശിയായി തുടരുകയും ചെയ്യുന്നു. വാഗ്ദത്തഭൂമിയിൽ അവകാശം നഷ്ടപ്പെടുന്നത് ദൈവ ത്തിൽ നിന്ന് അകറ്റപ്പെടുന്നതിനു തുല്യമായി പരിഗണിച്ചിരുന്നു. അതോടൊപ്പം ഓരോ ഗോത്രത്തിനും അവകാശമായി ലഭിച്ച ഭൂമി മറ്റു ഗോത്രങ്ങൾക്കായി കൈമാറ്റം ചെയ്യപ്പെടാൻ പാടില്ല എന്നും നിയമമു ണ്ടായിരുന്നു. വ്യക്തികളുടെയും ഗോത്രങ്ങളുടെയും നിലനിൽപും സുര ക്ഷിതത്വവും ഉറപ്പുവരുത്തുന്ന നിയമമായിരുന്നു ഇത്.

ഈ പശ്ചാത്തലത്തിൽ വേണം ഭർതൃസഹോദര ധർമ്മം എന്ന നിയമം മനസ്സിലാക്കാൻ. താമാർ ഇപ്രകാരം ഒരു സാഹസത്തിനു മുതിർന്നത് തനിക്കുവേണ്ടി മാത്രമല്ല, യൂദായ്ക്കും കുടുംബത്തിനും വേണ്ടി കൂടിയാണ്. ദൈവം അവളെ കടാക്ഷിച്ചനുഗ്രഹിച്ചു; സംര ക്ഷിച്ചു. മാത്രമല്ല, രക്ഷാചരിത്രത്തിൽ അതിധന്യമായൊരു സ്ഥാനവും അവൾക്കു നൽകി. യൂദായുമായുള്ള അവിഹിതബന്ധത്തിലൂടെ അവ ളിൽ നിന്നു ജനിച്ച ഏർ മിശിഹായുടെ വംശാവലിയിലെ ഒരു കണ്ണി

യായി. യേശുവിന്റെ വംശാവലിയിൽ മത്തായി സുവിശേഷകൻ പേരെടുത്തു പറയുന്ന നാലു സ്ത്രീകളിൽ ആദ്യത്തേതാണ് താമാർ.

നീതിബോധം നഷ്ടപ്പെടുന്ന ഭക്തിയും മതാചാരങ്ങളും എത്ര ഹീനവും ഭീകരവുമായി അധഃപതിക്കാം എന്നതിന് ഒരുദാഹരണമാണ് താമാറിന്റെ മേൽ യൂദാ പ്രസ്താവിച്ച ശിക്ഷാവിധി. എന്നാൽ ഇത് ചരിത്രത്തിലെ ഒറ്റപ്പെട്ട സംഭവമല്ലല്ലോ. വ്യഭിചാരക്കുറ്റം ആരോപിച്ച് കല്ലെറിയാൻ കൊണ്ടുവന്ന സ്ത്രീയുടെ മേൽ വിധി പ്രസ്താവിക്കാൻ യേശുവിനോടാവശ്യപ്പെട്ട യഹൂദനേതാക്കന്മാർ പ്രകടമാക്കുന്നതും വഴി തെറ്റിയ മതാത്മകതയുടെ ഭീകരമുഖമാണ് (യോഹ 8,1-11). വിരുന്നുശാലയിലേക്ക് ഓടിക്കയറി, യേശുവിന്റെ കാല്ക്കൽ പ്രണമിച്ച് കണ്ണീരൊഴുക്കിയ പാപിനിയുടെ നേരേ നീണ്ട ഫരിസേയപ്രമാണി ശിമയോന്റെ ചൂണ്ടുവിരലും ചൂണ്ടുന്നത് ലക്ഷ്യം തെറ്റിയ മതാത്മകത അണിയുന്ന നീതിയുടെ മൂടുപടത്തിനു നേരെയാണ്. തങ്ങളുടെ ഇംഗിതത്തിനു വഴങ്ങാത്ത സൂസന്നയെ വ്യഭിചാരക്കുറ്റം ആരോപിച്ച് വധശിക്ഷ വിധിച്ച ന്യായാധിപന്മാരിലൂടെ കാപട്യത്തിന്റെ ദുർമുഖം തുറന്നുകാട്ടുന്നതും (ദാനി 13) സമാനമായൊരു സംഭവമത്രെ.

നീതിബോധം നഷ്ടപ്പെടുന്ന മതാത്മകതയും കരുണയുടെ ഉറവ വറ്റിയ ഭക്തിയും സ്വന്തം പാപങ്ങൾ മറച്ചുവച്ച് അന്യനിൽ കുറ്റമാരോപിക്കുന്ന ഫരിസേയ ധാർഷ്ട്യവും ഇന്നും വിരളമല്ലല്ലോ. തന്റേതിൽ നിന്നു വ്യത്യസ്തമായൊരു വിശ്വാസസംഹിതയോ ആചാരാനുഷ്ഠാനങ്ങളോ കാത്തുപാലിക്കുന്നവരെ ദൈവവിരോധികളായിക്കണ്ട് ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന സ്പഷ്ടമായ മതഭ്രാന്തർ മാത്രമല്ല ഇവിടെ പ്രതിക്കൂട്ടിൽ നില്ക്കുക. ഞാൻ മാത്രം വിശുദ്ധൻ, മറ്റെല്ലാവരും പാപികൾ എന്ന ഫരിസേയ മനോഭാവം (ലൂക്കാ 18,9-14) മിക്കവാറും എല്ലാ മതങ്ങളിലും ദൃശ്യമാണ്. അതിലും എത്രയോ അധികമാണ് ഇന്നത്തെ പൊതുസമൂഹത്തിൽ അരങ്ങേറുന്ന അനീതിയാരോപണങ്ങളും വിധി പ്രസ്താവങ്ങളും. പുറത്തിറക്കി ചുട്ടുകളയാൻ ആക്രോശിക്കുന്ന നേതാക്കന്മാരും അണികളും എവിടെയാണ് തങ്ങളുടെ കൈകളിലെ രക്തക്കറ മറച്ചുവയ്ക്കുക. ഏതു സമുദ്രത്തിൽ കഴുകിയാണ്, ഏതു പുഴയിൽ കുളിച്ചാലാണ് ഭീകരമായ അനീതികളുടെയും അക്രമങ്ങളുടെയും കറകൾ മായുക!

അഞ്ഞൂറു രൂപാ കൈക്കൂലി വാങ്ങിയ ഉദ്യോഗസ്ഥനെതിരെ അന്വേഷണത്തിന് ഉത്തരവിടുന്ന ഉന്നതനേതാവ് വാരിക്കൂട്ടിയ കോടികളുടെ കഥകൾ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നതിനെ എങ്ങനെ

വ്യാഖ്യാനിക്കണം? നമ്മുടെ തെരുവുകളിൽ നിരപരാധരുടെ രക്തം ഒഴുകുമ്പോൾ ഒളിവിലിരുന്നു നരവധങ്ങൾ ആസൂത്രണം ചെയ്ത തല മുതിർന്ന നേതാക്കൾ നിരപരാധരും നീതിനിഷ്ഠരും മാന്യന്മാരുമായി അധികാരശ്രേണിയിൽ ഉയരുന്നു; കഴിവും സ്വാധീനവുമില്ലാത്ത ആരൊക്കെയോ ബലിയാടുകളാകുന്നു. "അവളെ ചുട്ടുകൊല്ലുക!" കാതടപ്പിക്കുന്ന ആക്രോശങ്ങൾ നമ്മുടെ അന്തരീക്ഷത്തിൽ നിരന്തരം ഉയരുമ്പോൾ ആക്രോശിക്കുന്നവർക്ക് യൂദായുടെ ആർജവത്വം എങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്നു വ്യാമോഹിച്ചു പോകുന്നു. "അവൾ എന്നെക്കാൾ നീതിയുള്ളവളാണ്", "വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല... നിങ്ങൾ അളക്കുന്ന അളവു കൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും." (മത്താ 7,1-2).

# 7

# ക്ഷമിക്കുന്ന സ്നേഹം അനിവാര്യം

*“നിങ്ങൾ എനിക്കു തിന്മ ചെയ്തു. പക്ഷേ, ദൈവം അത് നന്മയ്ക്കായി മാറ്റി... അനേകം പേരുടെ ജീവൻ രക്ഷിക്കാൻവേണ്ടിയാണ് അവിടുന്ന് അത് ചെയ്തത്. അതുകൊണ്ട് ഭയപ്പെടേണ്ട, നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും ഞാൻ പോറ്റിക്കൊള്ളാം”* (ഉൽപ 50,19-21).

പിതാവിന്റെ മരണത്തിനുശേഷം തങ്ങളോടു പകരംവീട്ടുമെന്നു ഭയന്ന് ക്ഷമാപണവുമായി സമീപിച്ച സഹോദരന്മാരോട് ജോസഫ് പറഞ്ഞ ഈ വാക്കുകൾ സാമൂഹ്യനീതിയെ സംബന്ധിച്ച അതിപ്രധാനമായ ഒരു സത്യം വെളിപ്പെടുത്തുന്നു. പ്രതികാരം ഒന്നിനും പരിഹാരമാവില്ല; ക്ഷമിക്കുന്ന സ്നേഹമേ പരസ്പര ബന്ധത്തിൽ നീതി ഉറപ്പാക്കാൻ ഉപകരിക്കൂ!

സഹോദരങ്ങൾ തന്നോടു ചെയ്ത അതിക്രമങ്ങൾ ഒന്നും ജോസഫ് മറന്നിട്ടില്ല. അസൂയ നിമിത്തം തന്നെ വധിക്കാൻ ശ്രമിച്ചതും അവസാനം അടിമയായി വിറ്റതും എല്ലാം കൃത്യമായി ഓർക്കുന്നുണ്ട് (ഉൽപ 37,45). എന്നാൽ തനിക്കു സംഭവിച്ചതെല്ലാം പൊതുനന്മയ്ക്കുവേണ്ടി ദൈവം അനുവദിച്ചതായിരുന്നു എന്ന തിരിച്ചറിവ് ക്ഷമിക്കാൻ ജോസഫിനെ സഹായിക്കുക മാത്രമല്ല, ഭൂതകാലാനുഭവങ്ങൾ ജീവിതത്തിന് ലക്ഷ്യവും ശക്തിയും നല്കുന്ന ഉറവിടമായി പരിണമിപ്പി

ക്കുകയും ചെയ്തു: “നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണു ഞാൻ. എന്നെ ഇവിടെ വിറ്റതോർത്ത് വിഷ മിക്കുകയോ വിഷാദിക്കുകയോ വേണ്ട. കാരണം ജീവൻ നില നിർത്താൻവേണ്ടി ദൈവമാണ് നിങ്ങൾക്കു മുമ്പേ എന്നെ ഇങ്ങോട്ടയ ച്ചത്” (ഉൽപ 45,5). ബൈബിളിൽ ഉടനീളം ഈ സന്ദേശം കാണാം.

ഭൂമിയിൽ ആദ്യത്തെ കൊലപാതകത്തിന്റെ കാരണം അസൂയയും തജ്ജന്യമായ വിദ്വേഷവുമായിരുന്നു. വാതിൽക്കൽ പതിയിരിക്കുന്ന പാപത്തെ കീഴടക്കണം എന്ന കർത്താവിന്റെ നിർദ്ദേശം അവൻ ഗൗനി ച്ചില്ല. ആബേലിനെ സഹോദരനായി പരിഗണിക്കാനോ, അവനുമായി യുണ്ടായ അസ്വസ്ഥത ക്ഷമിച്ചു പരിഹരിക്കാനോ ശ്രമിച്ചില്ല. മറിച്ച് അവനെ കൊന്ന് പ്രശ്നത്തിന് അറുതി വരുത്താം എന്നു കരുതിയ കായേൻ അവസാനം ഭയത്തിന്റെ വിഭ്രാന്തിയിലായി. “കാണുന്നവ രെല്ലാം എന്നെ കൊല്ലാൻ നോക്കും” എന്ന വിലാപം (ഉൽപ 4,14) അവന്റെമേൽ പിടിമുറുക്കിയിരിക്കുന്ന പ്രതികാരദുർഭൂതത്തിന്റെ ബീഭ ത്സരൂപം തുറന്നുകാട്ടുന്നു. കൊലപാതകത്തിന് ഏഴിരട്ടി പ്രതികാരം നിർദ്ദേശിച്ചത് (ഉൽപ 4,15) നീതിയിലേക്കു നയിച്ചില്ല എന്നു മാത്രമല്ല, അഞ്ചാം തലമുറ ആയപ്പോൾ പ്രതികാരം എഴുപത്തേഴിരട്ടിയായി. പ്രതി കാരം ധീരതയുടെ അടയാളമാക്കി അഹങ്കരിക്കാൻ മാത്രം വളർന്നു മനുഷ്യർ തമ്മിലുള്ള ശത്രുത. ഭാര്യമാരുടെ മുമ്പിൽ ലാമെക്ക് ആല പിക്കുന്ന പ്രതികാരകീർത്തനം: “എന്നെ മുറിപ്പെടുത്തിയ ഒരുവനെയും എന്നെ അടിച്ച ഒരു ചെറുപ്പക്കാരനെയും ഞാൻ കൊന്നു. കായേന്റെ പ്രതികാരം ഏഴിരട്ടിയെങ്കിൽ ലാമെക്കിന്റേത് എഴുപത്തേഴിരട്ടിയായി രിക്കും” (ഉൽപ 4,23-24). സർവ്വനാശത്തിലേക്കു കൂപ്പുകുത്തുന്ന ശത്രു തയുടെ ചരിത്രം വിളംബരം ചെയ്യുന്നു.

പ്രളയത്തിനുശേഷം ദൈവം സ്ഥാപിച്ച പ്രാപഞ്ചികോടമ്പടി (Cosmic Covenant) യിലും പ്രതികാരമാണ് ശത്രുതയ്ക്ക് പ്രതിവിധിയായി നിർദ്ദേശിച്ചിരിക്കുന്നത്. “മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനു ഷ്യൻ തന്നെ ചൊരിയും” (ഉൽപ 9,6) എന്ന പ്രതികാരനിയമം മാനവ ചരിത്രത്തിന്റെ ഇടനാഴികളെ മനുഷ്യരക്തംകൊണ്ടു നിറച്ചു. ഇന്നും നമ്മുടെ തെരുവുകളിലും പൊതുസ്ഥലങ്ങളിലും, എന്തിനേറെ, ആരാ ധനാലയങ്ങളിൽപ്പോലും മനുഷ്യരക്തം തളംകെട്ടി കിടക്കാൻ പ്രതി കാരത്തിന്റെ പ്രത്യയശാസ്ത്രം കാരണമായിത്തീരുന്നു. ഈജിപ്തിലെ അടിമത്തത്തിൽനിന്നു താൻ മോചിപ്പിച്ച ജനം ഇനി ആരുടെയും അടി മകളാകരുത് ആരെയും അടിമകളാക്കുകയും അരുത് എന്ന ലക്ഷ്യ

ത്തോടെ ദൈവം സ്ഥാപിച്ച സീനായ് ഉടമ്പടിയിലും അനീതിക്കു പ്രതിവിധിയായി പ്രതികാരം പ്രത്യക്ഷപ്പെടുന്നു. "ജീവനു പകരം ജീവൻ.... കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, കൈക്കു പകരം കൈ, കാലിനു പകരം കാല്..." (പുറ 21,24-25; ലേവ്യ 24,19-21; നിയ 19,21). ഈ നിയമം നടപ്പിലായാൽ താമസിയാതെ മനുഷ്യർ മുഴുവൻ തന്നെ കണ്ണും, പല്ലും, കയ്യും, കാലും ഇല്ലാത്തവരായിത്തീരും; മനുഷ്യജീവിതം ഭൂമിയിൽ അസാധ്യമാകും എന്നതിന് അനുഭവം സാക്ഷി.

പ്രതികാരചിന്ത നാശം വിതയ്ക്കുന്നതിന്റെ ഉദാഹരണങ്ങൾ പഴയനിയമത്തിൽ ഇനിയും ധാരാളമുണ്ട്. ഇസ്രായേൽ ജനത്തിനു രക്ഷകനായി ദൈവം പ്രത്യേകം തിരഞ്ഞെടുത്ത വ്യക്തിയാണ് സാംസൺ. അവന്റെ ജനനത്തിനായി പ്രത്യേകം നിഷ്ഠയോടെ അവന്റെ മാതാപിതാക്കൾ ഒരുങ്ങി; ജീവിതനിയമങ്ങളെല്ലാം കർശനമായി അനുസരിച്ചു; അനുസരിക്കാൻ മകനെ പഠിപ്പിച്ചു. എന്നാൽ ഒരു നിയമവും തനിക്കു ബാധകമല്ലെന്നു കരുതിയ സാംസൺ, കാതൽ ചിതൽ തിന്ന മരത്തിന്റെ പുറന്തോടുപോലെ, വ്രതത്തിന്റെ അടയാളമായ മുടി മാത്രം കേടുകൂടാതെ സൂക്ഷിച്ചു. അവസാനം എല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞപ്പോൾ കർത്താവിലേക്കു തിരിഞ്ഞു പ്രാർത്ഥിക്കുന്നത് പ്രതികാരത്തിനുവേണ്ടിയാണ്: "... ദൈവമായ കർത്താവേ, എന്നെ ഓർക്കണമേ... എന്റെ കണ്ണുകളിൽ ഒന്നിനു ഫിലിസ്ത്യരോടു പ്രതികാരം ചെയ്യാൻ എന്നെ ശക്തിപ്പെടുത്തണമേ" (ന്യായാ 16,28). പ്രാർത്ഥന ഫലമണിഞ്ഞു. ദാഗോന്റെ ക്ഷേത്രത്തിൽ സമ്മേളിച്ചിരുന്ന മൂവായിരത്തിൽപരം ഫിലിസ്ത്യരും അവരുടെകൂടെ സാംസണും അയാൾ തകർത്തു വീഴ്ത്തിയ ക്ഷേത്രാവശിഷ്ടങ്ങൾക്കിടയിൽ ചതഞ്ഞരഞ്ഞു. ഇതാണു പ്രതികാരത്തിനു ഫലം.

ദൈവം ഒരു ദർശനംവഴി സാമുവേലിനെ ചുമതലപ്പെടുത്തിയതനുസരിച്ചാണ് കർഷകപുത്രനായ സാവൂളിനെ ഇസ്രായേലിന്റെ ആദ്യരാജാവായി തിരഞ്ഞെടുത്തത്. അഭിഷേകം ചെയ്തത്. എന്നാൽ തന്റെ അംഗരക്ഷകനായ ദാവീദിനോടുള്ള അസൂയയും ഭയവും ശത്രുതയായി മാറി. ജനത്തെ ശത്രുക്കളിൽനിന്ന് സംരക്ഷിക്കേണ്ട രാജാവ് തന്റെ ദൗത്യം അവഗണിച്ച് ദാവീദിനെ വേട്ടയാടി. അവസാനം ഗിൽബോവാക്കുന്നിൽ സ്വന്തം വാളിൽവീണ് ജീവൻ ഒടുക്കുമ്പോൾ സാവൂളിന്റെ ജീവൻ മാത്രമല്ല പൊലിഞ്ഞുപോയത്, ഇസ്രായേലിന്റെ സ്വാതന്ത്ര്യവും കൂടെ ആയിരുന്നു. സ്വന്തം സൈനികനായ ഊറിയായെ ചതിയിൽ കൊന്ന് വ്യഭിചാരകുറ്റം മറച്ചുവയ്ക്കാനും മാനം രക്ഷിക്കാനും ശ്രമിച്ച

ദാവീദ് തന്റെ കുടുംബത്തിന്റെ മാത്രമല്ല, ഇസ്രായേൽ ജനത്തിന്റെതന്നെ ഐക്യത്തിന്റെ അടിത്തറ മാന്തി. വ്യഭിചരിച്ച രാജാവിന്റെ മകൻ സ്വന്തം സഹോദരിയുടെ മാനം കവർന്നു; കൊലപാതകിയുടെ മക്കൾ പരസ്പരം വധിച്ചു. രാജ്യംതന്നെ പിളർന്നു. പിന്നീട് ഒരിക്കലും അവർ ഒറ്റജനതയായില്ല.

പ്രതികാരം കൂടുതൽ പ്രതികാരത്തെ വിളിച്ചുവരുത്തും. ശിക്ഷാഭീതി കൂടാതെ ആരും അപരനെ ദ്രോഹിക്കരുത് എന്ന ലക്ഷ്യമാണ് പ്രതികാര നിയമത്തിനുള്ളത്. എന്നാൽ അതുകൊണ്ടു മാത്രം കുറ്റകൃത്യങ്ങൾ നിലയ്ക്കുന്നില്ല എന്ന് ഇന്നും നിറഞ്ഞു കവിയുന്ന തടവറകളും തെരുവുകളിൽ ഒഴുകുന്ന രക്തവും ഉയരുന്ന നിലവിളിയും വിളിച്ചറിയിക്കുന്നു. പ്രതികാരം നീതിയുടെ മാർഗ്ഗമല്ല; അത് കൂടുതൽ അനീതി വിളിച്ചുവരുത്തുകയേ ഉള്ളൂ. ഇവിടെയാണ് യേശു കാട്ടിത്തരുന്ന പുതിയ മാർഗ്ഗം ശ്രദ്ധേയമാകുന്നത്.

“കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ദുഷ്ടനെ എതിർക്കരുത്. വലതു കരണത്തടിക്കുന്നവന് മറ്റേ കരണംകൂടെ കാണിച്ചുകൊടുക്കുക...” (മത്താ 5,38–42). മലയിൽ വച്ച് വിവരിക്കുന്ന പുതിയനിയമസംഹിതയുടെ ഭാഗമാണ് നീതിയുടെ മാർഗ്ഗമായി അവതരിപ്പിക്കുന്ന സ്നേഹത്തിന്റെ നിയമം. പ്രതികാരമല്ല, ക്ഷമിക്കുന്ന സ്നേഹമാണ് സമൂഹത്തിൽ നീതി ഉറപ്പുവരുത്തുക. അയല്ക്കാരനെ ഏതെങ്കിലും വിധത്തിൽ ദ്രോഹിക്കുകയോ പ്രകോപനപരമായി സംസാരിക്കുകയോ ചെയ്യാതിരുന്നാൽ പോരാ. ക്ഷമിച്ചും ക്ഷമ ചോദിച്ചും, കഴിയുന്നതും വേഗം രമ്യതയിലെത്തണം. മറിച്ചായാൽ നിത്യനാശമായിരിക്കും ഫലം (മത്താ. 5,21–26).

യേശു പഠിപ്പിച്ച നീതിയുടെ മാർഗ്ഗം ക്ഷമിക്കുന്ന സ്നേഹത്തിന്റേതാണ്; പോരാ, ശത്രുക്കളെപ്പോലും സ്നേഹിക്കാൻ തയ്യാറാവുന്നതിലൂടെ മാത്രമേ ഒരുവന് യേശുവിന്റെ ശിഷ്യനാകാൻ കഴിയൂ. എഴുതപ്പെട്ട നിയമത്തിന്റെ അക്ഷരാർത്ഥത്തിലുള്ള കണിശമായ അനുസരണം പ്രഘോഷിച്ചിരുന്ന ഫരിസേയ നീതിയെ അതിലംഘിക്കുന്നതാണ് യേശുവിന്റെ പ്രബോധനം. സ്നേഹിക്കുന്നവരെ സ്നേഹിക്കുകയും വെറുക്കുന്നവരെ വെറുക്കുകയും ചെയ്യുന്ന വിജാതീയ നീതി പോലെയല്ല യേശു പ്രഘോഷിച്ചതും കാണിച്ചുതരുന്നതുമായ നീതിയുടെ മാർഗ്ഗം (മത്താ 4,43–48).

ഇവിടെ മറ്റാരെയുമല്ല, സർവ്വശക്തനും പിതാവുമായ ദൈവത്തെ ത്തന്നെയാണ് യേശു മാതൃകയായി അവതരിപ്പിക്കുന്നത്. നീതിമാനെന്നോ ദുഷ്ടനെന്നോ നോക്കാതെ സകലരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്ന പിതാവിനെപ്പോലെയാകണം സകല മനുഷ്യരും. “നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ” (മത്താ 5,48). എന്തിലാണ് ഈ പൂർണ്ണത അടങ്ങിയിരിക്കുന്നത്, എപ്രകാരമാണ് പരിമിതനും ബലഹീനനുമായ മനുഷ്യന് ദൈവത്തെപ്പോലെ പരിപൂർണ്ണനാകാൻ കഴിയുക എന്ന്, ഗുരുമൊഴിയ്ക്ക് ഒരു ഭാഷ്യമെന്നപോലെ ലൂക്കാ വ്യക്തമാക്കുന്നു. “നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ” (ലൂക്കാ 6,36). കരുണയാണ് സ്നേഹത്തിന്റെ പൂർണ്ണത. കരുണയാണ് അപരന്റെ ആവശ്യങ്ങൾ കാണാനും ബലഹീനതകൾ മനസിലാക്കാനും അയാൾ ആയിരിക്കുന്ന വിധത്തിൽത്തന്നെ സ്വീകരിച്ച് സ്നേഹിക്കാനും ഒരുവനെ പ്രാപ്തനാക്കുന്നത്.

ഭക്തന്റെ പ്രാർത്ഥനയും ബലിയർപ്പണവും ദൈവത്തിനു സ്വീകാര്യമാകണമെങ്കിൽ ആദ്യമേ സഹോദരനുമായി രമ്യതപ്പെടണം (മത്താ 5,23–25); സഹോദരനോടു ക്ഷമിക്കണം (മർക്കോ 11,25–26). ഫരിസേയർ പഠിപ്പിച്ചതുപോലെ ഏഴുതവണയല്ല, ഏഴെഴുപതു തവണ അഥവാ പരിധിയില്ലാതെ ക്ഷമിക്കാൻ തയ്യാറാവണം (മത്താ 18,22). എഴുപത്തേഴിരട്ടി പ്രതികാരം ചെയ്യുമെന്ന് ആക്രോശിച്ച ലാമെക്കിന്റെ നീതിയുടെ പാഠം യേശു തിരുത്തിക്കുറിച്ചു. എന്താണ് ഇതിന്റെ അർത്ഥം, ഇത് എപ്രകാരം പ്രാവർത്തികമാക്കണം എന്ന് അവസാന നിമിഷംവരെ യേശു തന്റെ മാതൃകയിലൂടെ കാട്ടിത്തന്നു. വിചാരണയിൽ നിരപരാധിയെന്നു തെളിയുകയും ന്യായാധിപൻ തന്നെ അതു പരസ്യമായി സമ്മതിക്കുകയും ചെയ്തിട്ടും അതേ ന്യായാധിപൻ തന്നെയാണ് യേശുവിന്റെ മേൽ വധശിക്ഷ പ്രഖ്യാപിച്ചത്. താഴെനിന്നു പരിഹസിച്ച മതനേതാക്കൾക്കും വഴിപോക്കർക്കും എല്ലാം അറിയാമായിരുന്നു യേശുവിന്റെ നിരപരാധിത്വം. എന്നിട്ടും തന്നെ തള്ളിപ്പറയുകയും മരണത്തിന് ഏല്പിച്ചുകൊടുക്കുകയും ചെയ്തവർക്കുവേണ്ടി യേശു അർപ്പിച്ച പ്രാർത്ഥനതന്നെയാണ് ഏറ്റവും വലിയ മാതൃക: “പിതാവേ, അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല” (ലൂക്കാ 23,34).

ക്ഷമിക്കുന്ന സ്നേഹം മാത്രമേ യഥാർത്ഥമായ സാമൂഹ്യ നീതിയിലേക്കു നയിക്കൂ എന്ന് പുതിയ നിയമഗ്രന്ഥങ്ങളെല്ലാംതന്നെ

ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട്. "നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അനുഗ്രഹിക്കുകയല്ലാതെ ശപിക്കരുത്.... നിന്റെ ശത്രുവിനു വിശക്കുന്നെങ്കിൽ ഭക്ഷിക്കാനും ദാഹിക്കുന്നെങ്കിൽ കുടിക്കാനും കൊടുക്കുക. അതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനലുകൾ കൂനകൂട്ടും" (റോമാ 12,14-20). പഴയനിയമത്തിലെ സുഭാഷിതഗ്രന്ഥത്തിൽനിന്ന് ഉദ്ധരിച്ചുകൊണ്ടാണ് അപ്പസ്തോലൻ ക്ഷമയുടെ ഈ പാഠം പഠിപ്പിക്കുന്നത് (സുഭാ 25,21-22). തലയിൽ എരിയുന്ന തീക്കനൽ അനുതാപത്തെയും അതുവഴിയുണ്ടാകുന്ന അനുരഞ്ജനത്തെയും സൂചിപ്പിക്കുന്നു. "അയല്ക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു" (റോമാ 13,8) എന്നു പ്രഖ്യാപിക്കുമ്പോൾ ക്ഷമിക്കുന്ന സ്നേഹത്തെയാണ് ഏറ്റം പ്രധാനപ്പെട്ട പ്രമാണവും മറ്റെല്ലാ പ്രമാണങ്ങളുടെയും അടിസ്ഥാനവും സംഗ്രഹവുമായി അവതരിപ്പിക്കുന്നത്.

മനുഷ്യരെല്ലാം ദൈവത്തിന്റ ക്ഷമ അനുഭവിക്കുന്നവരും അതുകൊണ്ടു മാത്രം ജീവിക്കുന്നവരുമാണ് എന്ന സത്യം പരസ്പരം ക്ഷമിക്കാൻ പ്രേരിപ്പിക്കണം. "ദൈവം ക്രിസ്തുവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ" (എഫേ 4,32) എന്ന അപ്പസ്തോലന്റെ ഉപദേശം പിതാവായ ദൈവത്തെയും രക്ഷകനായ യേശുക്രിസ്തുവിനെയും ക്ഷമിക്കുന്ന സ്നേഹത്തിന്റെ മാതൃകയായി അവതരിപ്പിക്കുന്നു.

ഇതേ ഉപദേശം തന്നെയാണ് അപ്പസ്തോലപ്രമുഖനായ പത്രോസും നല്കുന്നത്: "നിങ്ങളെല്ലാവരും ഹൃദയൈക്യവും അനുകമ്പയും സഹോദരസ്നേഹവും കരുണയും വിനയവുമുള്ളവരായിരിക്കുവിൻ. തിന്മയ്ക്കു പകരം തിന്മയോ നിന്ദനത്തിനു പകരം നിന്ദനമോ കൊടുക്കാതെ അനുഗ്രഹിക്കുവിൻ" (1 പത്രോ 3,8-9) "ദൈവം സ്നേഹമാകുന്നു" (1 യോഹ 4,8-16) എന്നു നിർവ്വചിച്ച സ്നേഹത്തിന്റെ പ്രവാചകൻ എന്നു വിശേഷിപ്പിക്കാവുന്ന അപ്പസ്തോലൻ യോഹന്നാൻ നല്കുന്ന പ്രബോധനവും മറ്റൊന്നല്ല. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ 4,20).

ഹ്രസ്വമായ ഈ അപഗ്രഥനത്തിൽനിന്ന് ഒരു കാര്യം തറപ്പിച്ചു പറയാൻ കഴിയും. യഥാർത്ഥ നീതിയിലേക്കു നയിക്കാൻ ക്ഷമിക്കുന്ന സ്നേഹത്തിനു മാത്രമേ കഴിയൂ. കുറ്റത്തിനു ശിക്ഷയും പ്രതികാരവു

മൊന്നും സ്ഥായിയായ സമാധാനവും നീതിയും സ്ഥാപിക്കാൻ പര്യാപ്തമാവുകയില്ല. പരിവർത്തനം ആദ്യം ആവശ്യമായിരിക്കുന്നത് മനുഷ്യഹൃദയത്തിലാണ്. അപരനെ സഹോദരനായി കരുതി സ്നേഹിക്കാനും തെറ്റുകളും കുറ്റങ്ങളും ക്ഷമിക്കാനും തയ്യാറായാൽ മാത്രമേ ശാശ്വതമായ നീതിയും സമാധാനവും സംജാതമാകൂ.

നിയമങ്ങൾ ആവശ്യമില്ലെന്നോ, നിയമങ്ങൾക്കൊണ്ട് നീതി സ്ഥാപിക്കാൻ സാധിക്കുകയില്ലെന്നോ ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. എന്നാൽ നിയമം തന്നെ നീതിനിഷ്ഠമാകണമെങ്കിൽ നിയമനിർമ്മാണത്തെ നയിക്കുന്ന ചൈതന്യം സ്നേഹമായിരിക്കണം; ആരെയും ഒഴിവാക്കാത്ത, സകലരെയും തുല്യരായി പരിഗണിച്ച് അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന, സ്നേഹം. അതേസമയം, സ്വാർത്ഥത വെടിഞ്ഞ് അപരനിലേക്കു ക്ഷമിക്കുന്ന സ്നേഹത്തോടെ ഹൃദയം തുറക്കാൻ സകലരും തയ്യാറാകണം. ഇതാണല്ലോ പരസ്യജീവിതം ആരംഭിക്കുമ്പോൾ യേശു ആദ്യമായി ഉദ്ഘോഷിക്കുന്നത്: “മാനസാന്തരപ്പെടുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു” (മത്താ 4,17). “നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും” (റോമാ 14,17) ആകുന്ന ദൈവരാജ്യം ഹൃദയത്തിലും സമൂഹത്തിലും ഒരനുഭവവും യാഥാർത്ഥ്യവുമാകണമെങ്കിൽ ഹൃദയപരിവർത്തനമുണ്ടാകണം. പുതിയ ഒരു ഹൃദയം ഉണ്ടായാലേ നീതി നിവസിക്കുന്ന പുതിയ സമൂഹം യാഥാർത്ഥ്യമാകൂ.

# 8

# ജീവന്റെ കാവല്ക്കാർ

*"ആ സൂതികർമ്മിണികൾ ദൈവഭയമുള്ളവരായിരുന്നതിനാൽ രാജാവു പറഞ്ഞതുപോലെ ചെയ്തില്ല. അവർ കുട്ടികളെ ജീവിക്കാൻ അനുവദിച്ചു"* (പുറ 1,17).

ദൈവം മാനവചരിത്രത്തിൽ ഇടപെട്ട്, ആ ചരിത്രത്തിന്റെ ഗതി മാറ്റിവിടുകയും അതിലൂടെ തന്റെ മുഖം, അഥവാ സ്വഭാവം വെളിപ്പെടുത്തുകയും ചെയ്ത നിർണ്ണായകമായൊരു സംഭവമാണ് പുറപ്പാട് സംഭവം. മഹത്തായ വാഗ്ദാനങ്ങളുടെ ഉടമകളായ ഇസ്രായേൽ മക്കൾ എങ്ങനെ ഈജിപ്തിൽ അടിമകളായിത്തീർന്നെന്നും എപ്രകാരമാണ് ദൈവം അവരെ മോചിപ്പിച്ച് ഒരു സ്വതന്ത്രജനതയും രാജ്യവുമാക്കിയതെന്നും ഈ സംഭവപരമ്പര വ്യക്തമാക്കുന്നു. വിമോചനത്തിലേക്കു നയിക്കുന്ന ദൈവിക ഇടപെടലുകളുടെ തുടക്കത്തിൽ പ്രതിപാദിക്കുന്ന ചില വ്യക്തികളും അവരുടെ പ്രവർത്തനങ്ങളും സാമൂഹ്യനീതിയെ സംബന്ധിച്ച ബൈബിളിന്റെ പഠനങ്ങളിലേക്ക് ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്.

"ഹിക്സോസ്" (Hykoss) എന്ന പേരിൽ അറിയപ്പെടുന്ന ഒരു വിദേശരാജവംശം ഈജിപ്തു ഭരിച്ചിരുന്ന കാലത്താണ് (ബി. സി. 1700 –1550) യാക്കോബും മക്കളും ഈജിപ്തിലേക്കു കുടിയേറിയതും വളർന്നതും. ചരിത്രാഖ്യായികയായി കരുതപ്പെടുന്ന ജോസഫിന്റെ കഥ

കൾ ഇസ്രായേൽക്കാർ ഈജിപ്തിൽ ചെന്നെത്തിയ ചരിത്രപശ്ചാത്തലം വ്യക്തമാക്കുന്നുണ്ട്. രാജാവു കഴിഞ്ഞാൽ ദേശത്തെ ഏറ്റം ഉന്നതാധികാരിയായി അവരോധിക്കപ്പെട്ട ജോസഫ് തന്റെ പിതാവിനെയും സഹോദരങ്ങളെയും ഈജിപ്തിലേക്കു ക്ഷണിച്ചു; ഫറവോയുടെ അംഗീകാരത്തോടെ അവർക്ക് ദേശത്തെ ഏറ്റം ഫലപുഷ്ടമായ മേച്ചിൽപുറങ്ങൾ നല്കി. രാജാവിന്റെ അതിഥികളെന്ന നിലയിൽ പ്രത്യേക സംരക്ഷണവും പരിഗണനയും ആസ്വദിക്കുന്ന വിശിഷ്ട പൗരന്മാരായി അവർ ആദരിക്കപ്പെട്ടു.

കാലം കടന്നുപോയി. ബി.സി. 1550-ൽ ഹിക്സോസിനെ തുരത്തി തദ്ദേശീയരായ നേതാക്കന്മാർ ഭരണം പിടിച്ചെടുത്ത് പുതിയ രാജവംശത്തിനു തുടക്കം കുറിച്ചു. വിദേശികളായി കടന്നുവന്ന ജോസഫിന്റെ പിൻമുറക്കാർ തദ്ദേശീയരുടെ അസൂയയ്ക്കും ശത്രുതയ്ക്കും പാത്രമായി. ഇതാണ് പുറപ്പാടു പുസ്തകം തുടങ്ങുന്ന പശ്ചാത്തലം. വൈരുദ്ധ്യാത്മകമായ ഒരു നിലപാടാണു ഈജിപ്തുഭരണാധികാരിയുടേതായി ഇവിടെ ചിത്രീകരിക്കുന്നത്. ഒരു ഭാഗത്തുനിന്ന് ഇസ്രായേൽക്കാരുടെ സാന്നിധ്യവും സേവനവും ഈജിപ്തുകാർക്കാവശ്യമുണ്ട്. മറുഭാഗത്തുനിന്ന് ഇസ്രായേൽക്കാരെ ഒരു ഭീഷണിയായി അവർ കരുതുന്നു. ഇസ്രായേൽക്കാരുടെ എണ്ണവും ശക്തിയും വർദ്ധിക്കുന്നത് ഒരു ഭീഷണിയായി കരുതുന്ന രാജാവ് ഭയപ്പെടുന്നത് എന്തെന്ന കാര്യം വിചിത്രമായി തോന്നാം.

“നോക്കുവിൻ, ഇസ്രായേൽ ജനത്തിന്റെ എണ്ണവും ശക്തിയും നമ്മുടേതിനേക്കാൾ അധികമായി വരുന്നു. ഒരു യുദ്ധമുണ്ടായാൽ ഇവർ ശത്രുപക്ഷം ചേർന്ന് നമുക്കെതിരേ പൊരുതുകയും അങ്ങനെ രാജ്യം വിട്ടുപോവുകയും ചെയ്തേക്കാം” (പുറ 1,9-10). രണ്ടു കാര്യങ്ങളാണ് ഈജിപ്തുകാർ ഭയക്കുന്നത്. ഒന്ന് - അവർ തങ്ങൾക്കെതിരേ, ശത്രുപക്ഷം ചേർന്ന് യുദ്ധം ചെയ്തേക്കും. രണ്ട് - അവർ നാടുവിട്ടുപോയേക്കും. ഇതാണ് ശ്രദ്ധേയമായ ഫറവോയുടെ യുക്തി. ഒരു ഭാഗത്തുനിന്ന് ഇസ്രായേൽക്കാരുടെ സേവനം, അധ്വാനം തങ്ങൾക്കു വേണം; അതേസമയം അവർ എണ്ണത്തിലും ശക്തിയിലും വളരരുത്. വളർന്നാൽ അവർ നാടുവിട്ടുപോയേക്കും. അപ്പോൾ തങ്ങളുടെ നാടിനാവശ്യമായ മാനവശേഷി, അഥവാ വേലക്കാർ നഷ്ടമാകും. അതിനുവേണ്ടി ഫറവോ സ്വീകരിക്കുന്ന നിലപാടുകളും നടപ്പിലാക്കുന്ന പദ്ധതികളും സവിശേഷ ശ്രദ്ധയർഹിക്കുന്നു.

“അനന്തരം അവരെ കഠിനാധ്വാനം കൊണ്ട് ഞെരുക്കാൻ ക്രൂരന്മാരായ മേൽനോട്ടക്കാരെ നിയമിച്ചു” (പുറ 1,11). ഇസ്രോയേൽക്കാ

രുടെ സംഖ്യയും ശക്തിയും നിയന്ത്രിക്കാൻ തന്ത്രപൂർവ്വം ഏർപ്പെടുത്തിയ ആദ്യത്തെ പദ്ധതിയാണിത്. പക്ഷേ നേരെ വിപരീതമായ ഫലമാണുണ്ടായത്. അധ്വാനിക്കുന്നവർ ശക്തിയാർജ്ജിക്കും. അധ്വാനിക്കാതെ മറ്റുള്ളവരുടെ അധ്വാനഫലംകൊണ്ട് ജീവിക്കാൻ ശ്രമിക്കുന്നവർക്ക് ക്രമേണ ശക്തി ക്ഷയിക്കും. എന്നത്തേതുപോലെ, ഒരു പക്ഷേ എന്നത്തേതിനേക്കാൾ ഏറെ ഇന്ന് നമ്മുടെ നാട്ടിലും കാണുന്ന ഒരു പ്രതിഭാസമാണല്ലോ ഇത്.

കെട്ടിടനിർമ്മാണം മുതൽ വീട്ടുവേലയ്ക്കുവരെ മറുനാടൻ തൊഴിലാളികളെ ആശ്രയിക്കുന്ന മലയാള നാട്ടുകാരുടെയും അധ്വാനിക്കുന്ന തൊഴിലാളികളുടെയും ശരീരപ്രകൃതി മാത്രം നോക്കിയാൽ മതി. അതിന് അകലെയെങ്ങും പോകേണ്ടാ, നമ്മുടെ വീടുകളിലും തെരുവുകളിലും കടകളിലും സൂപ്പർമാർക്കറ്റുകളിലും കാണാം. ദുർമ്മേദസ്സ് മുറ്റിയ ഒരു പറ്റം സമ്പന്നർ. ബസുകളുടെ സീറ്റിനു വീതി പോരാ; കസേരകൾക്കു ഭാരം താങ്ങാൻ കരുത്തുപോരാ, ചികിത്സിക്കാൻ ആശുപത്രികൾ പോരാ എന്ന പരാതികൾ ഉയരുന്നു. ഒരു ഭാഗത്തുനിന്ന് അലസത, അനാരോഗ്യം; മറുഭാഗത്തുനിന്ന് മറുനാട്ടുകാരെ ഭയം. അവരുടെ സേവനമില്ലാതെ ഇവിടെ ജീവിക്കാനാവില്ല എന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. അതേസമയം അവർ മോഷ്ടിക്കും, ആക്രമിക്കും നാടുവിട്ടുപോയേക്കും എന്നൊക്കെ ഭയം. ഫറവോയുടെയും പ്രജകളുടെയും അവസ്ഥ നമുക്കു ശരിക്കും മനസ്സിലാകും. എന്താണ് പ്രതിവിധി? ഫറവോ നിർദ്ദേശിച്ച കഠിനാധ്വാനം ഫലം ചെയ്തില്ല. അതിനാൽ അടുത്തപടി: നിർബന്ധിത ജനന നിയന്ത്രണം.

ജീവൻ അതിന്റെ ആദ്യനിമിഷം മുതൽ സംരക്ഷിച്ചു പരിപാലിക്കാൻ കടപ്പെട്ട സൂതികർമ്മിണികളെത്തന്നെയാണ് കരുക്കളാക്കാൻ ഫറവോ ശ്രമിക്കുന്നത്: "ഈജിപ്തുരാജാവ് ഷിഫ്റാ, പുവാ എന്നു പേരായ രണ്ടു ഹെബ്രായ സൂതികർമ്മിണികളോടു പറഞ്ഞു: നിങ്ങൾ ഹെബ്രായ സ്ത്രീകൾക്കു പ്രസവശുശ്രൂഷ നല്കുമ്പോൾ ശ്രദ്ധിക്കുവിൻ. പിറക്കുന്നത് ആൺകുട്ടിയെങ്കിൽ അവനെ വധിക്കണം. പെൺകുട്ടിയെങ്കിൽ ജീവിച്ചുകൊള്ളട്ടെ"(പുറ 1,15-16). ജനസംഖ്യ നിയന്ത്രിക്കാൻ ഏറ്റം ഫലപ്രദമായ മാർഗ്ഗമാണ് ശിശുവധം. പക്ഷേ ഇവിടെ ഫറവോയുടെ യുക്തി മനസ്സിലാക്കാൻ പ്രയാസമുണ്ട്. ജനസംഖ്യ നിയന്ത്രിക്കുകയാണ് ലക്ഷ്യമെങ്കിൽ പെൺകുഞ്ഞുങ്ങളെയല്ലേ വധിക്കേണ്ടത്? ആൺകുഞ്ഞുങ്ങൾ വളർന്നാലും പെറ്റുപെരുകുകയില്ലല്ലോ! അപ്പോൾ എന്തായിരിക്കാം ഈ തീരുമാനത്തിനു പ്രേരിപ്പിക്കുന്ന ചേതോവികാരം?

സ്ത്രീകൾ പൊതുവേ ശാന്തപ്രകൃതിയുള്ളവരാണല്ലോ. അവർ സാധാരണ യുദ്ധത്തിനു പോകാറില്ല. അതിനാൽ അവരുടെ സംഖ്യ പെരുകിയാലും ഭയപ്പെടേണ്ടതില്ല എന്നു കരുതിയിട്ടാവാം ഈ തീരുമാനം. അപ്പോൾ ജനപ്പെരുപ്പത്തേക്കാൾ കൂടുതൽ തനിക്കെതിരേ ഉണ്ടായേക്കാവുന്ന പ്രതിഷേധത്തെയും യുദ്ധത്തെയുമാണ് ഭരണാധിപൻ ഭയക്കുന്നത്. എന്നും പ്രസക്തമായൊരു മനോഭാവമാണല്ലോ ഇത്. എന്നാൽ പുരുഷസന്തതികളെയെല്ലാം ഉന്മൂലനം ചെയ്താൽ ആ ജനത തന്നെ അന്യംനിന്നു പോകും എന്നതും മറക്കാനാവില്ല. അതിനാൽ വംശനാശമാണ് ഫറവോയുടെ കല്പനയുടെ ആത്യന്തികഫലം. സമൂലനാശത്തിന് ഉഴിഞ്ഞിടപ്പെട്ട ഒരു ജനതയായി ഇസ്രായേൽ ഇവിടെ പ്രത്യക്ഷപ്പെടുന്നു. അതിഭീകരമായ ഈ അനീതിയെ ചെറുക്കാൻ മുൻകൈ എടുക്കുന്നത് ഏതാനും സ്ത്രീകളാണെന്ന് തുടർന്നുള്ള വിവരണം എടുത്തുകാട്ടുന്നു.

"ആ സൂതികർമ്മിണികൾ ദൈവഭയമുള്ളവരായിരുന്നതിനാൽ രാജാവു പറഞ്ഞതുപോലെ ചെയ്തില്ല. അവർ ആൺകുട്ടികളെ ജീവിക്കാൻ അനുവദിച്ചു" (പുറ 1,17). രാജകല്പന ലംഘിക്കുന്നത് വധശിക്ഷയർഹിക്കുന്ന കുറ്റമാണെന്നറിയാത്തവരല്ല ആ സൂതികർമ്മിണികൾ. എന്നാൽ രാജാവിനെക്കാൾ കൂടുതൽ ദൈവത്തെ ഭയപ്പെടുന്നവരായിരുന്നു അവർ. ദൈവനിയമവും രാജനിയമവും പരസ്പരവിരുദ്ധമായി നില്ക്കുമ്പോൾ എന്തു നിലപാട് സ്വീകരിക്കണം എന്ന് വി. ഗ്രന്ഥകാരൻ ഈ രണ്ടു സ്ത്രീകളുടെ കഥയിലൂടെ വ്യക്തമാക്കുന്നു. അടിമപ്പാളയത്തിൽ നീതിക്കുവേണ്ടിയുള്ള പോരാട്ടം തുടങ്ങിയത് ധീരന്മാരെന്നു കരുതപ്പെടുന്ന, അഥവാ അഭിമാനിക്കുന്ന പുരുഷന്മാരല്ല, ബലഹീനതയുടെയും ഭീരുത്വത്തിന്റെയും പ്രതീകങ്ങളായി മുദ്രകുത്തപ്പെടാറുള്ള സ്ത്രീകളാണെന്ന വെളിപാട് നല്കുന്ന പാഠം ചെറുതല്ല. ജീവൻ നിലനിർത്താൻ വിളിക്കപ്പെട്ടവർ കാപാലികരാകാൻ വിസമ്മതിച്ചു, സ്വന്തം ജീവൻ കയ്യിൽ എടുത്തുകൊണ്ടുതന്നെ.

ഈ പ്രതിഷേധത്തിനും നിയമലംഘനത്തിനും അവരെ പ്രേരിപ്പിച്ചതെന്താണെന്ന് വി. ഗ്രന്ഥകാരൻ എടുത്തുപറയുന്നുണ്ട്: അവർ ദൈവഭയമുള്ളവരായിരുന്നു. രാജാവ് ചോദ്യംചെയ്തപ്പോൾ നുണ പറയാനും അവർ മടിച്ചില്ല. "... സൂതികർമ്മിണി ചെല്ലുന്നതിനുമുൻപേ അവർ പ്രസവിച്ചു കഴിയും" (പുറ 1,19). സൂതികർമ്മിണികൾ നുണപറയുന്നതിന്റെ ധാർമ്മികതയെ ചോദ്യം ചെയ്യുന്നവരുണ്ട്. വി. ഗ്രന്ഥകാരൻ ആ വിഷയം ചർച്ചചെയ്യുന്നില്ല; വായനക്കാർക്കു വിട്ടിരിക്കുന്നു.

പക്ഷേ മറക്കരുതാത്ത ഒരു കാര്യമുണ്ട്. നിഷ്കളങ്ക ജീവൻ നശിപ്പിക്കാൻ ആർക്കും അധികാരമില്ല; അവകാശവുമില്ല. രാജാവും ദൈവനിയമത്തിനു വിധേയനാണ്. അതിനാൽ ദൈവികനിയമത്തിനു വിരുദ്ധമായി രാജനിയമമുണ്ടായാൽ അതിനെ അനുസരിക്കാൻ ദൈവവിശ്വാസിക്കു കടമയില്ല; മാത്രമല്ല ആ നിയമം അനുസരിക്കുന്നത് ദൈവത്തിനു മുമ്പിൽ കുറ്റകരമായിരിക്കും.

ഇവിടെ ഒരു തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്നു. ചരിത്രത്തിലുടനീളം സംഭവിക്കുന്നതാണ് ഈ പ്രതിസന്ധി. ദൈവത്തെ അനുസരിക്കണമോ രാജാവിനെ അനുസരിക്കണമോ? രാജനിയമം ലംഘിച്ചാൽ ഭൗതികജീവൻ നഷ്ടപ്പെടാം; ദൈവികനിയമം ലംഘിച്ചാൽ നിത്യജീവനും. ഇവിടെ സൂതികർമ്മിണികൾ രാജാവിനെക്കാൾ കൂടുതലായി ദൈവത്തെ അനുസരിക്കാൻ തീരുമാനിച്ചു. ദൈവം അവരെ സംരക്ഷിക്കുകയും ചെയ്തു.

ഉദ്ദേശിച്ച ഫലം കാണാത്തതിനാൽ ഈജിപ്തുരാജാവ് ക്രുദ്ധനായി, അവസാനക്കൈ പ്രയോഗിച്ചു. "ഹെബ്രായർക്കു ജനിക്കുന്ന ആൺകുട്ടികളെയെല്ലാം നദിയിൽ എറിഞ്ഞുകളയുക" (പുറ 1,22). ഈ പശ്ചാത്തലത്തിലാണ് മോശയുടെ ജനനം ചിത്രീകരിച്ചിരിക്കുന്നത്. മരണമുദ്രയുമായി പിറന്നുവീണ ശിശുവാണ് മോശ, ജനിച്ചപാടേ നൈൽനദിയിൽ എറിഞ്ഞുകളയുവാൻ വിധിക്കപ്പെട്ടവൻ. എന്നാൽ അവിടെയും ചില സ്ത്രീകളുടെ ധീരമായ പ്രവർത്തനം ആ കുരുന്നു ജീവനു സംരക്ഷണമായി. അറിഞ്ഞുകൊണ്ടുതന്നെ രാജകല്പന ലംഘിച്ച കുഞ്ഞിന്റെ മാതാവ് യോക്കെബെദ് മൂന്നുമാസത്തിനശേഷം, ഇനിയും ഒളിച്ചുവയ്ക്കാൻ കഴിയില്ല എന്നു ബോധ്യമായപ്പോൾ ഞാങ്ങണ പേടകത്തിലാക്കി കുഞ്ഞിനെ നദീതീരത്തുവച്ച്, സഹോദരി മിരിയാവിനെ കാവൽനിർത്തി. പേടകം കണ്ടെത്തിയ തോഴിമാരും, പേടകത്തിൽ കിടന്നു കരയുന്ന കുഞ്ഞിനെ, അതു ഹെബ്രായ ശിശുവാണെന്നറിഞ്ഞുകൊണ്ടുതന്നെ സ്വന്തം മകനായി സ്വീകരിക്കുന്ന ഫറവോപുത്രിയും എല്ലാം ഇവിടെ ജീവന്റെ കാവല്ക്കാരായി വർത്തിക്കുന്നു. ജീവൻ നശിപ്പിക്കാൻ ശ്രമിക്കുന്ന പുരുഷമേധാവിത്വത്തിനെതിരേ നിശ്ശബ്ദം, നിർഭയം, അണിനിരക്കുന്ന ഈ പെൺപടയാണ് പുറപ്പാടു പുസ്തകത്തിലെ വിമോചന പോരാട്ടത്തിനു തുടക്കം കുറിച്ച മുന്നണി പോരാളികൾ. ദൈവം അവരോടുകൂടെ ഉണ്ടായിരുന്നു.

"അവൻ കരയുകയായിരുന്നു. അവൾക്ക് അവനോട് അനുകമ്പ തോന്നി" (പുറ 2,6). ആണായി ജനിച്ചുപോയതു കുറ്റമായി പരിഗണി

ക്കപ്പെട്ട് വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ശിശുവിന്റെ ജീവൻ രക്ഷിക്കാൻ ആ രാജകുമാരിയെ പ്രേരിപ്പിച്ചത് അനുകമ്പയായിരുന്നു. ഇസ്രായേൽക്കാരുടെ സംഖ്യ വർദ്ധിക്കുന്നതിൽ ഭയക്കുന്ന ഫറവോ; കരയുന്ന കുഞ്ഞിനോട് അനുകമ്പ തോന്നുന്ന മകൾ. പുറപ്പാടു പുസ്തകം എടുത്തു കാട്ടുന്ന വൈരുദ്ധ്യാത്മകത തികച്ചും ശ്രദ്ധേയമത്രെ. ഈ അനുകമ്പ ശിശുവിനു സംരക്ഷണം നല്കാൻ പ്രേരിപ്പിച്ചു. അങ്ങനെ വംശനാശത്തിനുഴിഞ്ഞിട്ട ജനത്തിന്റെ വിമോചകനാകാൻ വിളിക്കപ്പെട്ടവൻ വധശിക്ഷ വിധിച്ച രാജാവിന്റെതന്നെ കൊട്ടാരത്തിൽ രാജകുമാരനെപ്പോലെ വളരാൻ ഈ അനുകമ്പ കാരണമായി; അഥവാ ദൈവം ഇടയാക്കി.

എന്നാൽ പ്രായപൂർത്തിയായ മോശ തന്റെ ജനത്തിന്റെ ക്ലേശങ്ങളും അവരനുഭവിക്കുന്ന പീഡനങ്ങളും നേരിൽക്കണ്ട്, കോപാകുലനായി, ബലപ്രയോഗത്തിലൂടെ അവരെ മോചിപ്പിക്കാം എന്നു വ്യാമോഹിച്ചു. “സ്വജനത്തിൽപ്പെട്ട ഒരു ഹെബ്രായനെ ഒരു ഈജിപ്തുകാരൻ പ്രഹരിക്കുന്നതു കണ്ടു. അവൻ ചുറ്റും നോക്കി. ആരുമില്ലെന്നു കണ്ടപ്പോൾ ആ ഈജിപ്തുകാരനെ കൊന്ന് മണലിൽ മറവു ചെയ്തു” (പുറ 2,11-12). സംഭവം ഫറവോ അറിഞ്ഞു. തന്റെ ജീവൻ അപകടത്തിലായിരിക്കുന്നു എന്നു മനസ്സിലാക്കിയ മോശ മരുഭൂമിയിലേക്ക് ഒളിച്ചോടി, ജനത്തിന്റെ മോചനം എന്ന സ്വപ്നം ബലപ്രയോഗവും കൊലപാതകവും വഴി സാധ്യമല്ല എന്ന തിക്തമായ തിരിച്ചറിവോടെ.

ജീവന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട രണ്ടു നിലപാടുകളും ശൈലികളും ഇവിടെ പ്രകടമാകുന്നു; അതോടൊപ്പം നീതി നടപ്പിലാക്കാൻ ഉപയുക്തമായ മാർഗ്ഗത്തെ സംബന്ധിച്ച വ്യക്തമായ ഒരു പാഠവും. മർദ്ദകനെ വധിച്ചുകൊണ്ട് മർദ്ദനം അവസാനിപ്പിക്കാൻ സാധിക്കുകയില്ല എന്നതാണ് മോശയുടെ അനുഭവം നല്കുന്ന പാഠം. കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന നിയമം കർശനമായി നടപ്പിലായാൽ സകലർക്കും കണ്ണും പല്ലും നഷ്ടപ്പെടും എന്നല്ലാതെ, നീതി ലഭ്യമാകില്ല. ചരിത്രത്തിന്റെ ഇടനാഴികളിൽ ഒഴുകുന്ന രക്തവും ഉയരുന്ന നിലവിളികളും സായുധവിപ്ലവങ്ങളുടെ ആത്യന്തികമായ പരാജയം വിളിച്ചറിയിക്കുന്നു. വേറൊരു മാർഗ്ഗം, ക്ഷമിക്കുന്ന സ്നേഹത്തിന്റെ മാർഗ്ഗം കാട്ടിത്തരാൻ രക്ഷാചരിത്രത്തിന് പിന്നെയും ആയിരത്തിലേറെ വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു.

1995 മാർച്ച് 25-ാം തീയതി, മാതാവിന്റെ മംഗലവാർത്താ തിരുനാളിൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ “ജീവന്റെ സുവിശേഷം”

(Evangelium Vitae) എന്ന പേരിൽ പുറപ്പെടുവിച്ച ചാക്രികലേഖനത്തിൽ ഇസ്രായേൽ ജനത്തിന്റെ വംശനാശത്തിനു ശ്രമിച്ച ഫറവോയുടെ ആനുകാലികാവതാരങ്ങളെക്കുറിച്ചു വിശദമായി പരാമർശിക്കുന്നുണ്ട്. ആൺകുഞ്ഞുങ്ങളെയെല്ലാം നൈൽനദിയിൽ എറിഞ്ഞുകളയാൻ കല്പിച്ച ഫറവോയും യേശുവിന്റെ ജനനത്തോടനുബന്ധിച്ച് ബെത്ലെഹെമിലും ചുറ്റുപാടും രണ്ടുവയസ്സും അതിൽത്താഴെയുമുള്ള ആൺകുഞ്ഞുങ്ങളെയെല്ലാം വധിക്കാൻ കല്പിച്ച ഹേറോദേസും വീണ്ടും വീണ്ടും പുതിയ രൂപഭാവങ്ങളിൽ പുനരവതരിക്കുന്നു. ഭയമാണ് ശിശുവധത്തിലേക്കു നയിച്ചത്, നയിക്കുന്നത്. തങ്ങളുടെ അധികാരത്തിനെതിരായിട്ടാണ് ഫറവോയും ഹേറോദേസും ഭീഷണി നേരിട്ടതെങ്കിൽ അവരുടെ പുതിയ പതിപ്പുകൾ ഭയക്കുന്നത് ജനിക്കുന്ന ശിശുക്കൾ തങ്ങളുടെ സുഖസൗകര്യങ്ങൾക്കു നേരെ ഉയർത്തുന്ന ഭീഷണിയാണ് എന്നൊരു വ്യത്യാസമുണ്ട്.

ഈ ഭയം മൂലം സംഘടിതവും ആസൂത്രിതവുമായ രീതിയിൽ ആഗോള സമൂഹംതന്നെ ശിശുക്കളെ വധിക്കാൻ ശ്രമിക്കുന്ന ഭീകരമായൊരു സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ദമ്പതികൾക്ക് ഒരു ശിശുവേ ആകാവൂ എന്ന ദേശീയനിയമം നിലനില്ക്കുന്ന ചൈനയും കുഞ്ഞേതായാലും ഒന്നുമതി എന്ന നിലപാടു സ്വീകരിച്ചുവരുന്ന നമ്മുടെ നാടും എല്ലാം ഈ പ്രതിഭാസത്തിനു സാക്ഷികളാണല്ലോ. ഒരു പടികൂടി കടന്ന്, സന്താനോല്പാദനം വിവാഹത്തിന്റെ ലക്ഷ്യമേയല്ല, ഇനി വിവാഹംപോലും ആവശ്യമില്ല കൂടിത്താമസിക്കാൻ എന്ന നിലപാടും ശക്തി പ്രാപിച്ചുവരുന്നു. ഒരു സ്ത്രീയും ഒരു പുരുഷനും തമ്മിൽ മരണംവരെ ഒരുമിച്ചു ജീവിക്കാനും സന്താനങ്ങൾക്കു ജന്മം നല്കി മനുഷ്യോചിതമായ രീതിയിൽ അവരെ വളർത്താനും വേണ്ടി ഏർപ്പെടുന്ന അലംഘനീയമായ കരാറാണ് വിവാഹം എന്ന ചിന്താഗതിയും അസ്തമിക്കുകയാണോ എന്ന സംശയവും നില്ക്കുന്നു. സ്വവർഗ്ഗവിവാഹം മനുഷ്യന്റെ അവകാശമായി പ്രഖ്യാപിക്കാൻ ലജ്ജിക്കാത്ത ഭരണകൂടങ്ങളും വാദിക്കാൻ മടിക്കാത്ത വക്താക്കളും പെരുകിവരുന്നു.

ഇതിനെല്ലാം പുറമേ ഗർഭസ്ഥശിശു മാതാവിന്റെ തന്നെ ശരീരത്തിന്റെ ഭാഗമാണെന്നും അതിന്റെമേൽ മാതാവിന് പൂർണ്ണാവകാശവും അധികാരവും ഉണ്ടെന്നു വാദിക്കുന്ന വഴിപിഴച്ച സ്ത്രീവിമോചകരും പെരുകി വരുന്നു. ഗർഭഛിദ്രം നിയമാനുസൃതമാകുന്നു. മൂന്നുമാസം എന്നത് ആറുമാസം എന്നു നീട്ടുന്നു. പോരാ, മാതൃഗർഭത്തിലായിരി

ക്കുന്നിടത്തോളം കാലം ശിശു മാതാവിന്റെ തന്നെ ഭാഗമാണെന്നും അതിനെ ഇഷ്ടംപോലെ കൈകാര്യം ചെയ്യാനുള്ള അവകാശം മാതാവിനു പ്രകൃതിദത്തമാണെന്നും വാദിക്കുന്നവരും കുറവല്ല. മാതൃഗർഭത്തിൽ നിന്നു പൂർണ്ണമായി പുറത്തുവരുന്നതിനുമുമ്പേ ശിശുവിനെ വധിക്കുന്ന അതികിരാതവും പ്രാകൃതവുമായ കൊലപാതകശൈലി ലോകത്തിലെ ഏറ്റം പരിഷ്കൃതവും സ്വതന്ത്രവും എന്നു സ്വയം അഭിമാനിക്കുന്ന രാഷ്ട്രങ്ങളിൽ നിലനിൽക്കുന്നത് വിസ്മയിപ്പിക്കുന്നു. ജനിച്ച ഉടനെതന്നെ ശിശുവിനെ കൊന്നു കൊടുക്കുന്ന പ്രസവരക്ഷാ ക്ലിനിക്കുകളും അവയ്ക്കു നേതൃത്വം നല്കുന്ന പ്രസവശുശ്രൂഷാവിദഗ്ദ്ധരും ഫറവോയെക്കാൾ എത്രയോ അധികം മുന്നോട്ടുപോയിരിക്കുന്നു!

ഈ ഭീകരതയെല്ലാം നിഷ്പ്രഭവും നിസ്സാരവുമായിത്തീരുന്നു, അടുത്തകാലത്തു സംഭവിക്കുന്നതായി കേൾക്കുന്ന ചില സംഭവങ്ങളുടെ വെളിച്ചത്തിൽ. ഗർഭഛിദ്രം വഴി പുറത്തെടുക്കുന്ന ശിശുവിന്റെ ശരീരഭാഗങ്ങൾ സൗന്ദര്യവർദ്ധകമരുന്നുണ്ടാക്കാൻ ഉപയോഗിക്കുന്ന ഫാക്ടറികളുണ്ടത്രേ. താൻ കൊന്നെടുത്ത ഭ്രൂണങ്ങളിൽ ചിലതിനെ വൈകുന്നേരം വീട്ടിലേക്കു കൊണ്ടുപോയി പൊരിച്ചു തിന്നുന്ന ഗൈനക്കോളജിസ്റ്റിനെ നാം എന്തു പേരു വിളിക്കും? മനുഷ്യഭ്രൂണങ്ങളും വെട്ടിമുറിച്ചു പുറത്തെടുത്ത ശിശുവിന്റെ അവയവങ്ങളും വിശിഷ്ട വിഭവങ്ങളായി വിളമ്പുന്ന തീറ്റിത്താവളങ്ങളെ പൈശാചികം എന്നല്ലാതെ എന്തു വിളിക്കാൻ!

ആൺകുഞ്ഞുങ്ങളെ നദിയിൽ എറിയാൻ കല്പിച്ച ഫറവോ നൈൽനദിയെ ദേവതയായി കരുതി ഹെബ്രായ ശിശുക്കളെ ആ ദേവതയ്ക്കു ബലിയർപ്പിക്കുകയായിരുന്നു എന്നു കരുതുന്നവരുണ്ട്. ദേവപ്രീതിക്കായി നരബലി പതിവായിരുന്ന കാലവും സംസ്കാരങ്ങളുമുണ്ട്. അവയെ അപരിഷ്കൃതവും അന്ധവിശ്വാസജഡിലവുമായി നാം മുദ്രകുത്താറുമുണ്ട്. എന്നാൽ ഇന്ന് ആണ്ടുതോറും അഞ്ചുകോടിയിലേറെ കുഞ്ഞുങ്ങളെ മാതൃഗർഭത്തിൽവച്ചു ബലിയർപ്പിക്കുന്നത് ഏതു ദേവതയെ പ്രീതിപ്പെടുത്താനാണ്? സമ്പത്ത്, സുഖഭോഗങ്ങൾ, ആധിപത്യം, സ്വാർത്ഥത എന്നൊക്കെ പല പേരുകളിൽ വിളിക്കുന്നത് ഏതു ദേവതയെയാണ്? യുക്തിഭദ്രമായി ചിന്തിക്കുന്നു, വിവേകപൂർവ്വം തീരുമാനമെടുക്കുന്നു എന്ന് അഭിമാനിക്കുന്ന ആധുനിക പരിഷ്കൃത സമൂഹം മനുഷ്യജീവനെതിരെ നടത്തുന്ന കൊടുംക്രൂരകൃത്യങ്ങൾ എങ്ങനെ മനസ്സിലാക്കണം? ഗർഭഛിദ്രവും ദയാവധവും ഒരുപോലെ കൊലപാതകമാണെന്നു പറഞ്ഞുതരാൻ ഇനി ആരാണ് വരേണ്ടത്?

ഏറ്റം അടിസ്ഥാനപരമായ അവകാശവും നീതിയുടെ ആണിക്കല്ലും ജീവിക്കാനുള്ള അവകാശമാണെന്ന് എന്നാണ് ആധുനിക, സംസ്കൃ ബുദ്ധിജീവികൾ മനസ്സിലാക്കുക?

ഇവിടെ ആധുനിക ഫറവോമാർക്കെതിരെ ഷിഫ്റായും പുവായും യോക്കെബെദും മിരിയാമും വീണ്ടും ജനിക്കേണ്ടിയിരിക്കുന്നു. ജീവന്റെ പക്ഷം ചേർന്ന്, "നുണയനും കൊലപാതകിയു"മായ സാത്താന്റെ പിണിയാളുകൾക്കെതിരേ അണിനിരക്കാൻ തയ്യാറാകുന്ന ഒരു പറ്റം യുവജനങ്ങൾ, ജാതിയുടെയും മതത്തിന്റെയും രാജ്യത്തിന്റെയും സംസ്കാരത്തിന്റെയും പരിധികൾക്കതീതമായി തയ്യാറാകുന്നതിനെ ജീവദാതാവായ ദൈവാത്മാവിന്റെ പ്രവൃത്തിയായി കാണണം. ദൈവഭയമുള്ളവർ ജീവന്റെ പക്ഷം ചേരും.

മരണസംസ്കാരത്തിന് നിലനില്പില്ല എന്ന സത്യം, വൈകിയെ ങ്കിലും വലിയ നടുക്കത്തോടെ ആധുനികലോകം തിരിച്ചറിഞ്ഞുകൊ ണ്ടിരിക്കുന്നു. ജരാനര ബാധിച്ച പാശ്ചാത്യലോകവും ഭാര്യമാരെ കണ്ടെ ത്താൻ കഴിയാതെ കോടിക്കണക്കിനു യുവാക്കൾ വിദേശത്തേക്കു നോക്കുന്ന ഏകശിശു നിയമക്കാരും, കാലിയാകുന്ന സ്കൂളുകളും കുഞ്ഞുങ്ങളെ കാണാൻ കിട്ടാത്ത ഗ്രാമങ്ങളും എല്ലാം ജീവന്റെ കാവ ല്ക്കാരാകാൻ പ്രേരിപ്പിക്കുന്നു. അതിലൂടെ മാത്രമേ നീതി ലഭ്യമാകൂ; അതിലൂടെ മാത്രമേ മനുഷ്യസമൂഹത്തിന്റെ നിലനില്പും സുസ്ഥി തിയും സാധ്യമാകൂ. മറിച്ചായാൽ സമൂലനാശമാകും ഫലം.

# 9

# നിലവിളി കേൾക്കുന്ന ദൈവം

*"അടിമകളായിക്കഴിഞ്ഞിരുന്ന ഇസ്രായേൽ മക്കൾ നെടുവീർപ്പിട്ടു നിലവിളിച്ചു. അവരുടെ നിലവിളി ദൈവസന്നിധിയിലെത്തി. ദൈവം അവരുടെ നിലവിളി കേട്ടു. അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടി ഓർമിച്ചു. അവിടുന്ന് അവരെ കടാക്ഷിച്ചു. അവരുടെ ദയനീയാവസ്ഥ ഗ്രഹിച്ചു"* (പുറ 2,23-25).

വലിയ വാഗ്ദാനങ്ങളുടെ ഉടമകളായിരുന്ന ഇസ്രായേൽ മക്കൾ എപ്രകാരമാണ് വാഗ്ദത്തഭൂമിയിൽ നിന്നകലെ ഈജിപ്തിലെത്തിയത് എന്ന് ഉത്പത്തി പുസ്തകത്തിന്റെ അവസാന അധ്യായങ്ങൾ വരച്ചുകാട്ടി. സ്വന്തം സഹോദരനെ അടിമയായി വിറ്റവരുടെ മക്കൾ കാലാന്തരത്തിൽ അടിമകളാക്കപ്പെട്ടു. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ദൈവം അവർക്കു നല്കിയ വിമോചനത്തിന്റെ വിവരണത്തിൽ സാമൂഹ്യനീതിയെ സംബന്ധിച്ച സുപ്രധാനമായ ചില സത്യങ്ങൾ ദൃശ്യമാണ്. ഇതാകട്ടെ ദൈവത്തിന്റെ സ്വഭാവവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

ജീവൻ രക്ഷിക്കാൻവേണ്ടി ചില സ്ത്രീകൾ നടത്തിയ വീരോചിതമായ ശ്രമങ്ങളും കൊലപാതകത്തിലൂടെ മോചനം തേടിയ മോശയുടെ ഉദ്യമവും വിഫലമായി. അടിമകളാക്കപ്പെട്ട പീഡിതജനത്തിന് ഒരായുധം മാത്രം അവശേഷിച്ചു: നിലവിളി. നിലവിളിക്കുന്ന മനുഷ്യൻ

പ്രത്യാശയുള്ളവനാണ്. തന്റെ നിലവിളി ആരെങ്കിലും കേൾക്കുമെന്നും തനിക്കുത്തരം നല്കുമെന്നും പ്രതീക്ഷയുള്ളതുകൊണ്ടാണല്ലോ നിലവിളിക്കുന്നത്. കേൾക്കാൻ ആരുമില്ലെങ്കിൽ നിലവിളിച്ചിട്ടെന്തു ഫലം?

പീഡിതന്റെ നിലവിളി വെറും വനരോദനമായിപ്പോവില്ല എന്നതിന് ഉറപ്പാണ് പുറപ്പാടുപുസ്തകം വിവരിക്കുന്ന ദൈവത്തിന്റെ ഇടപെടൽ. പൂർണമായും പരാജയപ്പെട്ടു, എല്ലാ വാതിലുകളും അടഞ്ഞു എന്നു തോന്നുന്ന നിമിഷത്തിൽ ദൈവം അപ്രതീക്ഷിതമായ രക്ഷാമാർഗങ്ങൾ തുറക്കുന്നു. അതിലൂടെ ദൈവത്തിന്റെ യഥാർഥമുഖം അനാവരണം ചെയ്യപ്പെടുന്നു. പുറപ്പാടുസംഭവത്തിലൂടെ വെളിപ്പെട്ടത് അന്നുവരെ അപരിചിതമായിരുന്ന ഒരു ദൈവചിത്രമാണ്. അബ്രാഹത്തിനും ഇസഹാക്കിനും യാക്കോബിനും വെളിപ്പെടുത്താതിരുന്ന പേരു വെളിപ്പെടുത്തിക്കൊണ്ടാണ് ദൈവം മോശയെ വിമോചനദൗത്യം ഏല്പിക്കുന്നത്. കത്തിജ്വലിച്ചിട്ടും എരിഞ്ഞുചാമ്പലാകാതിരുന്ന മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട ദൈവം നിലവിളി കേൾക്കുന്നവനാണ്.

എന്താണ് ദഹിപ്പിച്ചു ചാരമാക്കാത്ത ഈ അഗ്നിയുടെ പ്രത്യേകത? ദൈവത്തിന്റെ വിശുദ്ധിയുടെ അടയാളമാണ് ഈ അഗ്നി എന്നു പൊതുവേ കരുതപ്പെടുന്നു. അതേസമയം ഈ പ്രത്യക്ഷീകരണത്തിന്റെ സാഹചര്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ശ്രമിച്ചു പരാജയപ്പെട്ടെങ്കിലും സ്വന്തം ജനത്തിന്റെ അടിമത്തവും അവർ അനുഭവിക്കുന്ന ക്ലേശങ്ങളും മോശയുടെ മനസ്സിൽ ജ്വലിക്കുന്ന കനലുകൾപോലെ ആയിരുന്നു. അതാണോ മുൾപ്പടർപ്പിൽ പ്രത്യക്ഷമായത്? അതോ ദൈവത്തിന്റെ തന്നെ സ്വഭാവമോ? എങ്കിൽ എന്താണ് ആ സ്വഭാവത്തിന്റെ പ്രത്യേകത? നിഷ്കളങ്കർ നിഷ്കരുണം പീഡിപ്പിക്കപ്പെടുന്നു; നിസ്സഹായർ നിരന്തരം ചൂഷണത്തിനും മർദനത്തിനും ഇരയായിത്തീരുന്നു. മനുഷ്യൻ മനുഷ്യനെതിരേ ചെയ്യുന്ന ഈ ക്രൂരതയുടെ മുന്നിൽ ജ്വലിക്കുന്ന ദൈവത്തിന്റെ ക്രോധാഗ്നിയാവില്ലേ അത്?

മനുഷ്യൻ മനുഷ്യനെതിരെ ചെയ്യുന്ന അതിക്രമങ്ങൾക്കുമുന്നിൽ നിശ്ശബ്ദം, നിഷ്ക്രിയനായി നോക്കിനില്ക്കുന്നവനല്ല ദൈവം. തന്റെ ജനത്തിന്റെ നിലവിളി കേൾക്കാൻ കാതും ക്ലേശങ്ങൾ കാണാൻ കണ്ണും ഗ്രഹിക്കാൻ ഹൃദയവുമുള്ളവനാണ് ദൈവം എന്ന് പുറപ്പാടുസംഭവം വെളിപ്പെടുത്തുന്നു. ആബേലിന്റെ നിലവിളികേട്ട് കായേനെ നേരിട്ട ദൈവം നിലവിളിയുടെ മൂലകാരണങ്ങൾ കണ്ടുപിടിച്ച് ഉന്മൂലനം ചെയ്യുന്നവനാണ്. ചരിത്രത്തിൽ ഇടപെടുക മാത്രമല്ല, സകല മർദനങ്ങൾക്കും അറുതി വരുത്തി, മാനവചരിത്രത്തെ പുതിയ വഴിയിലൂടെ നയിക്കു

ന്നവനുമാണ് എരിയുന്ന മുൾപ്പടർപ്പിൽ മോശയ്ക്കു പ്രത്യക്ഷപ്പെട്ട ദൈവം.

"നിന്റെ ചെരിപ്പുകൾ അഴിച്ചുമാറ്റുക; നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്" (പുറ 3,5). മർദിതന്റെ നിലവിളികേട്ട് ഉത്തരം നല്കുന്നതിലൂടെയാണ് ദൈവം ഇവിടെ തന്റെ വിശുദ്ധി വെളിപ്പെടുത്തുന്നത്. ആ ദൈവത്തിന്റെ തിരുസാന്നിധ്യത്തിലേക്കു കടന്നുവരാൻ മോശ അശുദ്ധമായ തന്റെ ചെരിപ്പുകൾ അഴിച്ചുമാറ്റണം; അഥവാ ഒരു സമൂലപരിവർത്തനത്തിനു വിധേയനാകണം. തനിക്കു പരിചിതവും പ്രയോഗിച്ചു പരാജയപ്പെട്ടതുമായ അക്രമത്തിന്റെയും കൊലപാതകത്തിന്റെയും വഴികൾ ഉപേക്ഷിച്ച് ദൈവം നയിക്കുന്ന നീതിയുടെയും വിമോചനത്തിന്റെയും പുതിയ വഴികൾ പരിശീലിക്കണം. ജനത്തിന്റെ മോചനം എന്ന സ്വപ്നം എരിയുന്ന കനൽപോലെ ഹൃദയത്തിൽ സൂക്ഷിക്കുന്ന മോശയെത്തന്നെയാണ് ദൈവം വിമോചകനായി നിയമിക്കുന്നത്.

"ആകയാൽ വരൂ, ഞാൻ നിന്നെ ഫറവോയുടെ അടുക്കലേക്ക് അയയ്ക്കാം. നീ എന്റെ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരണം" (പുറ 3,10). അതിനുള്ള മാർഗം ആയുധപ്രയോഗമോ ശത്രുനിഗ്രഹമോ അല്ല, മറിച്ച് കർത്താവിന്റെ ആധികാരികമായ ഇടപെടലാണ്; ശക്തമായ വചനമാണ്. കൈവശം ഉണ്ടായിരുന്ന ഏക ആയുധമായ വടിയും താഴെയിടാൻ കല്പിച്ചതിനുശേഷമാണ് ദൈവം മോശയെ തന്റെ വക്താവും സ്ഥാനപതിയും പ്രതിനിധിയുമായി ഫറവോയുടെ അടുത്തേക്ക് അയയ്ക്കുന്നത്. സ്വന്തം പദ്ധതികളോ ശക്തിയോ അല്ല, ദൈവത്തിന്റെ ശക്തമായ കരമാണ് അടിമകൾക്കു മോചനം നല്കുന്നത് എന്ന് ആദ്യമേ മോശയും പിന്നീട് ഫറവോയും ഇസ്രായേൽജനവും ഗ്രഹിക്കണം അതിലൂടെ ദൈവത്തിന്റെ രൂപവും സ്വഭാവവും എല്ലാവർക്കും വെളിപ്പെടണം. ഇതാണ് പുറപ്പാടുചരിത്രത്തിലുടനീളം സംഭവിക്കുന്നത്.

നിലത്തിട്ട വടി ദൈവകല്പനയനുസരിച്ച് മോശ വീണ്ടും കൈയിലെടുത്തു. പാഞ്ഞടുക്കുന്ന ഈജിപ്തു സൈന്യത്തിന്റെയും മറികടക്കാനാവാത്ത പ്രതിബന്ധമായി നിന്ന ചെങ്കടലിന്റെയും മേൽ വിജയം വരിക്കാൻ ദൈവം നല്കിയ ആയുധമായിരുന്നു ആ വടി. മോശയുടെ നേതൃത്വപാടവമോ ഇസ്രായേൽ ജനത്തിന്റെ ശക്തിയോ അല്ല, നിലവിളി കേൾക്കുന്ന ദൈവമാണ് അവർക്കു മോചനം നല്കുന്നതെന്ന്

വ്യക്തമാക്കാനാവാം കേവലം ഒരു വടിയുമായി മോശയെ ഫറവോ യുടെ അടുക്കലേക്ക് അയച്ചത്.

പുറപ്പാടു സംഭവത്തിന്റെ തുടക്കത്തിൽത്തന്നെ വെളിപ്പെടുത്ത പ്പെടുന്ന ദൈവത്തിന്റെ പേര് സവിശേഷ ശ്രദ്ധ അർഹിക്കുന്നു. “അവി ടുത്തെ പേരെന്തെന്ന് അവർ ചോദിച്ചാൽ ഞാൻ എന്തു പറയണം? ദൈവം മോശയോട് അരുളിച്ചെയ്തു. ഞാൻ ഞാൻ തന്നെ. ഇസ്രാ യേൽ മക്കളോടു പറയുക: ഞാനാകുന്നവൻ എന്നെ നിങ്ങളുടെ അടു ത്തേക്ക് അയച്ചിരിക്കുന്നു... ഇതാണ് എന്നേക്കും എന്റെ നാമധേയം. അങ്ങനെ സർവ്വ പുരുഷാന്തരങ്ങളിലൂടെയും ഈ നാമധേയത്തിൽ ഞാൻ അറിയപ്പെടണം” (പുറ 3,14-15). പേര് ഒരു നിർവചനമാണ്. അതിനാൽത്തന്നെ ദൈവത്തിന്റെ പേര് മനുഷ്യർക്ക് അജ്ഞാതമായി രിക്കും. മനുഷ്യന്റെ പരിമിതമായ ബുദ്ധികൊണ്ട് അപരിമേയനും സർവാതിശായിയുമായ ദൈവത്തെ ഗ്രഹിക്കാനോ നിർവചിക്കാനോ കഴിയില്ല. അപ്പോൾ ദൈവം വെളിപ്പെടുത്തിയ ‘യാഹ്വേ’ എന്ന പേരിന്റെ അർഥവും പ്രസക്തിയും എന്ത് എന്ന ചോദ്യം ഉയരുന്നു.

മോശയുടെ ചോദ്യത്തിന് ദൈവം നല്കുന്ന മറുപടിയാണ് ശ്രദ്ധേയം: “ഞാൻ.” എന്താണ് നിന്റെ പേര് എന്ന ചോദ്യത്തിന് ഞാൻ എന്ന മറുപടി. “ഞാൻ ഞാൻ തന്നെ” എന്നു വിശദീകരണം. മറ്റാരെ ങ്കിലുമോ എന്തെങ്കിലുമോ ആയി ബന്ധപ്പെടുത്തി ദൈവത്തെ നിർവ ചിക്കാനാവില്ല. ‘ഞാൻ’ എന്ന് കേവലമായ അർഥത്തിൽ പറയാൻ ഒരാൾക്കേ കഴിയൂ. അതാണ് ദൈവം. അപ്പോൾ എങ്ങനെയാണ് ഈ ദൈവത്തെ അറിയുക? ദൈവത്തിന്റെ പ്രവൃത്തികളിലൂടെ; ഇവിടെ യാണ് മോശയ്ക്കു ലഭിക്കുന്ന വെളിപാടിന്റെ സവിശേഷത. “ഞാൻ കർത്താവാണ്. (യാഹ്വേ എന്ന പേര് ദൈവത്തോടുള്ള ആദരവുമൂലം യഹൂദർ ഉച്ചരിക്കാറില്ല; പകരം അദോനായ് എന്നാണു പറയുക. അതിന്റെ വിവർത്തനമാണ് കർത്താവ്) ഈജിപ്തുകാർ ചുമത്തിയ ഭാരം നീക്കി നിങ്ങളെ ഞാൻ മോചിപ്പിക്കും... ഈജിപ്തുകാരുടെ ദാസ്യ ത്തിൽനിന്നു നിങ്ങളെ മോചിപ്പിച്ച ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് എന്നു നിങ്ങൾ അറിയും” (പുറ 6,6-7). ‘ഞാൻ’ എന്ന പേരിന്റെ വിശദീകരണമാണിത്. നിങ്ങളെ മോചിപ്പിച്ചുകഴിയുമ്പോൾ ഞാൻ ആരെന്നു നിങ്ങൾ അറിയും. പ്രവൃത്തിയിലൂടെ സ്വയം വെളി പ്പെടുത്തുന്ന ദൈവം. ആ പ്രവൃത്തിയാകട്ടെ അടിമത്തത്തിൽനിന്നുള്ള മോചനവും.

അടിമകൾക്കു മോചനം നല്കാൻ വിസമ്മതിക്കുന്ന രാജ്യത്തിനെതിരെ ശക്തമായ ശിക്ഷണനടപടികൾ ഉണ്ടായി. ഒന്നിനു പിറകേ ഒന്നായി വരുന്ന കൂടുതൽ കൂടുതൽ ശക്തവും ഭീകരവുമായ ശിക്ഷകൾ നീതി നടപ്പിലാക്കുന്ന ദൈവത്തിന്റെ പ്രവൃത്തികളായി കാണണം. മനുഷ്യർ മനുഷ്യർക്കെതിരേ നടത്തുന്ന അനീതിയും അക്രമവും ഭീകരമായ ശിക്ഷാവിധിക്കു കാരണമാകും, അതു പ്രപഞ്ചശക്തികളിലൂടെ ആയിരിക്കും നടപ്പിലാകുക എന്നു പഠിപ്പിക്കുന്നതാണ് ഈജിപ്തിനെതിരേ ആഞ്ഞടിച്ച മഹാമാരികൾ. "നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും" (ഉൽപ 3,17) എന്ന് ആദാമിനോടും, "നിന്റെ കയ്യിൽനിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാ പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും; കൃഷി ചെയ്യുമ്പോൾ മണ്ണ് നിനക്കു ഫലം തരില്ല" (ഉൽപ 4,11-12) എന്നു കായേനോടും പറഞ്ഞ അതേ ഭാഷയാണ് ഈജിപ്തിലെ മഹാമാരികളിലൂടെ ആവർത്തിക്കപ്പെടുന്നത്.

മനുഷ്യൻ മനുഷ്യനെതിരേ ചെയ്യുന്ന അതിക്രമങ്ങൾക്ക് പ്രപഞ്ചവസ്തുക്കളിലൂടെ തന്നെ ശിക്ഷ ലഭിക്കുന്നു എന്ന് ഈജിപ്തിനെ ബാധിച്ച മഹാമാരികളിലൂടെ നല്കുന്ന പാഠം എന്നത്തേക്കാളെറേ ഇന്ന് ശ്രദ്ധേയമാകുന്നു. കുടിക്കാൻ കൊള്ളാത്തവിധം ജലം രക്തമായി മാറിയതാണ് ആദ്യത്തെ മഹാമാരി. തുടർന്നുവന്ന മഹാമാരികളെല്ലാം തന്നെ സൃഷ്ടപ്രപഞ്ചം മനുഷ്യനെതിരേ തിരിയുന്നതിന്റെ ഉദാഹരണങ്ങളാണ്. ഇതിന്റെയെല്ലാം കൂടുതൽ രൂക്ഷമായ ഭാവങ്ങളല്ലേ ഇന്നു നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്? വിഷലിപ്തമായ ജലം, വായു, മാരകമായ വിഷം കലർന്ന മണ്ണും മണ്ണിലെ ഉത്പന്നങ്ങളും, പ്രപഞ്ചത്തിൽ വന്നുകൊണ്ടിരിക്കുന്ന ഭയാനകമായ വ്യതിയാനങ്ങൾ, ഉരുകുന്ന മഞ്ഞുമലകൾ, ഉയരുന്ന ജലവിതാനം, പടരുന്ന മരുഭൂമികൾ, പകരുന്ന മാരകരോഗങ്ങൾ, വീശിയടിക്കുന്ന തീക്കാറ്റ്, പൊട്ടിത്തെറിക്കുന്ന അഗ്നിപർവതങ്ങൾ.

പുറപ്പാടു നയിച്ച, നിലവിളി കേൾക്കുന്ന ദൈവം വീണ്ടും ഒരു പുറപ്പാടിന് ആഹ്വാനം ചെയ്യുന്നതിന്റെ അടയാളങ്ങളാവുകയല്ലേ ഒന്നിനൊന്ന് കൂടുതൽ ഭയാനകങ്ങളായ ഈ പ്രപഞ്ചപ്രതിഭാസങ്ങൾ? ആദ്യജാതന്മാർ വധിക്കപ്പെട്ടിട്ടും മനസ്സു തിരിയാത്ത ഫറവോയും സൈന്യവും ചെങ്കടലിൽ ചത്തുപൊങ്ങി. നീതി നടപ്പിലാക്കാൻ ഇറങ്ങിവന്ന ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു അത്.

കടലിൻനടുവിൽ തെളിഞ്ഞ വഴിയിലൂടെ ഇസ്രായേൽക്കാരെ പിൻതുടർന്നു പിടിക്കാൻ ശ്രമിച്ച ഈജിപ്തുസൈന്യത്തിന് യാഥാർഥ്യ

ബോധം ജനിച്ചത് വൈകിയാണ്. "ഇസ്രായേൽക്കാരിൽനിന്ന് നമുക്ക് ഓടി രക്ഷപ്പെടാം. കർത്താവ് അവർക്കുവേണ്ടി ഈജിപ്തിനെതിരേ യുദ്ധം ചെയ്യുന്നു" (പുറ 14,25). ഈ അവബോധം അവർക്കു രക്ഷണീയമായില്ല. അവർ പിന്തിരിഞ്ഞോടിയത് തങ്ങളെ മൂടുന്ന കടൽജലത്തിനു നടുവിലേക്കാണ്. അനുതപിക്കാൻ ലഭിച്ച അവസരം നഷ്ടപ്പെടുത്തിയവർക്ക് അവശേഷിച്ചത് സമൂലനാശം.

മനുഷ്യർക്ക് പ്രപഞ്ചത്തോടും പരസ്പരവും ഉണ്ടായിരിക്കേണ്ട നീതിനിഷ്ഠമായ ബന്ധത്തെക്കുറിച്ച് ഈ വിവരണങ്ങളിലൂടെ സുപ്രധാനമായ പഠനങ്ങളാണ് ബൈബിൾ നല്കുന്നത്; അതോടൊപ്പം നീതി നിഷേധിക്കപ്പെടുന്നവന്റെ പക്ഷം ചേരുന്ന ദൈവത്തെക്കുറിച്ചും. അടിമകളുടെ വിയർപ്പും രക്തവും വീണ് കുതിരുന്ന ഫറവോയുടെ ഇഷ്ടികക്കളങ്ങളിൽ നിന്നുയരുന്ന നിലവിളികൾ പ്രപഞ്ചസ്രഷ്ടാവിന്റെ അടുത്തെത്തണം. പ്രപഞ്ചശക്തികളിലൂടെതന്നെ ദൈവം പ്രത്യുത്തരിക്കും. ഭൂമിയുടെ പാലകനും (ഉൽ 2,15) സഹോദരന്റെ കാവൽക്കാരനും (ഉൽ 4,9) ആകാൻ വിളിക്കപ്പെട്ട മനുഷ്യൻ തന്റെ ദൗത്യം വിസ്മരിച്ച് ഭൂമിയുടെ അധിപനും സഹോദരന്റെ അന്തകനുമാകുമ്പോൾ കയ്യും കെട്ടി, നിർവികാരനായി നോക്കിയിരിക്കുന്നവനല്ല, പുറപ്പാടു സംഭവത്തിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവം.

"ആരാണ് കർത്താവ്? അവന്റെ വാക്കുകേട്ട് എന്തിന് ഞാൻ ഇസ്രായേൽക്കാരെ വിട്ടയയ്ക്കണം? ഞാൻ കർത്താവിനെ അറിയുന്നില്ല. ഇസ്രായേൽക്കാരെ വിട്ടയയ്ക്കുകയില്ല" (പുറ 5,2) എന്ന ഫറവോയുടെ നിലപാടിൽ ധാർഷ്ഠ്യമുണ്ട്. ആത്യന്തികമായി അതു നയിച്ചത് ചെങ്കടലിലെ സമൂലനാശത്തിലേക്കാണ്. ഫറവോയുടെ ഹൃദയകാഠിന്യം കർത്താവിന്റെ കരുത്തും മർദിതരോടുള്ള പക്ഷപാതവും വെളിപ്പെടുത്താൻ നിമിത്തമായി. അത് എന്നേക്കും ഒരടയാളവും താക്കീതും ആയിരിക്കാൻ വേണ്ടിയാണ് വിശുദ്ധഗ്രന്ഥത്തിൽ കുറിച്ചിട്ടിരിക്കുന്നത്. നിലവിളി കേൾക്കുന്ന ദൈവം നീതി നടപ്പിലാക്കുകതന്നെ ചെയ്യും. അനീതിയിൽ അടിയുറച്ച്, മർദനവും ചൂഷണവും തുടരുന്നവർ അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരും എന്ന് ചെങ്കടലിൽ ചത്തുപൊങ്ങിയ ഫറവോയുടെയും സൈന്യത്തിന്റെയും ശവങ്ങൾ അനുസ്മരിപ്പിക്കുന്നു.

നിലവിളി കേൾക്കുന്ന ദൈവം ജനത്തെ അടിമത്തത്തിന്റെ ഭവനത്തിൽനിന്നു പുറത്തുകൊണ്ടുവരുന്നതു കൊണ്ടുമാത്രം തൃപ്തനാകുന്നില്ല. മരുഭൂമിയിലൂടെയുള്ള ഇസ്രായേൽജനത്തിന്റെ പ്രയാണം അതി

നുള്ള തെളിവാണ്. മുന്നിൽ വഴികാട്ടിയും പിന്നിൽ സംരക്ഷകനും മുകളിൽ തണലുമായി ദൈവം അവരെ നയിച്ചു. ആകാശത്തുനിന്ന് അപ്പം വർഷിച്ചു; കാറ്റിന്റെ ചിറകിൽ കാടപ്പക്ഷികളെ അയച്ചു; പാറയിൽനിന്ന് ദാഹജലം ഒഴുക്കി. ഈജിപ്തിനെ പ്രഹരിച്ച ബാധകൾ അനീതിക്കെതിരേയുള്ള ശിക്ഷാവിധിയുടെ പ്രതീകങ്ങളാകുമ്പോൾ മരുഭൂമിയിലെ സംരക്ഷണം നീതി നിർവഹണത്തിന്റെ അടയാളങ്ങളാകുന്നു. ദൈവത്തിന്റെ കരുത്തും കരുണയും, വിധിയും വിടുതലും അനുഭവിച്ചറിഞ്ഞ ഇസ്രായേൽ ഒരു പുത്തൻജനതയാവണം; ദൈവം നടപ്പിലാക്കുന്ന നീതിയുടെ അടയാളങ്ങളും ഉപകരണങ്ങളുമാകണം. അതിനുവേണ്ടിയാണ് അവരെ മരുഭൂമിയിലേക്കും മരുഭൂമിയിലൂടെയും നയിച്ചത്. ദൈവം അയയ്ക്കുന്ന ശിക്ഷയുടെയും നല്കുന്ന രക്ഷയുടെയും ദൃക്സാക്ഷികളായവർ തിരുഹിതമനുസരിച്ച്, നീതിനിഷ്ഠമായ ഒരു സമൂഹത്തെ കരുപ്പിടിപ്പിക്കണം. ഈ ഭൂമിയിൽ അവർ ദൈവത്തിന്റെ നീതിയുടെ സാക്ഷികളും ഉപകരണങ്ങളും ആവണം. അതിനുവേണ്ട മാർഗനിർദേശങ്ങളാണ് സീനായ്മലയിൽ നിന്ന് ഉടമ്പടിയുടെ പ്രമാണങ്ങളായി നല്കുന്നത്.

# 10

# പ്രമാണങ്ങൾ നീതിയുടെ അടിസ്ഥാനം

*"നിങ്ങൾ നിവർന്നു നടക്കേണ്ടതിനു നിങ്ങളുടെ നുകത്തിന്റെ കെട്ടുകൾ ഞാൻ പൊട്ടിച്ചു"* (ലേവ്യ 26,13).

കരുത്തുറ്റ കരംനീട്ടി ഈജിപ്തിലെ അടിമത്തത്തിൽനിന്ന് താൻ മോചിപ്പിച്ച ജനം ഇനി ഒരിക്കലും ആരുടെയും അടിമകളാകരുത്; ആരെയും അടിമകളാക്കുകയുമരുത് എന്ന് ദൈവം ആഗ്രഹിച്ചു. അവർ നിവർന്നു നടക്കുന്ന, അന്തസ്സും അഭിമാനവുമുള്ള ഒരു ജനതയായിരിക്കണം; അതോടൊപ്പം ലോകജനതകൾക്കെല്ലാം മാതൃകയും. ആരും ആരുടെയും മുമ്പിൽ നട്ടെല്ലുവളയ്ക്കാനോ മുട്ടുകുത്താനോ ഇടയാകരുത്. തന്റെതന്നെ ഛായയിലും സാദൃശ്യത്തിലും താൻ രൂപംനല്കിയ മനുഷ്യർ എന്നും സ്വതന്ത്രരും ആത്മാഭിമാനമുള്ളവരുമായിരിക്കണം. അതിന് അടിമത്തത്തിൽനിന്ന് ഒരിക്കൽ മോചനം നേടിയാൽ മാത്രം പോരാ. എല്ലാവർക്കും സ്വാതന്ത്ര്യവും മഹത്വവും ഉറപ്പുവരുത്തുന്ന ഒരു സമൂഹസംവിധാനം ആവശ്യമാണ്.

ഒറ്റപ്പെട്ട വ്യക്തികളായിട്ടല്ല, നീതിനിഷ്ഠമായ ഒരു കൂട്ടായ്മയായി മനുഷ്യർ വളരണം. അതായിരുന്നു ദൈവികപദ്ധതി. നീതിയും സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ വേണ്ടിയാണ് ഉടമ്പടിയുടെ നിബന്ധനകളായി പത്തുപ്രമാണങ്ങൾ നല്കിയത്. കർത്താവ് തന്റെ വിരൽകൊണ്ട് കല്പലകയിൽ എഴുതിയ പത്തുപ്രമാണങ്ങൾ സാമൂഹ്യനീതിയുടെ

മാഗ്നാകർട്ടായായി നിലകൊള്ളുന്നു. എക്കാലത്തും ഏതു സമൂഹ ത്തിലും സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന ഉറച്ച അടിസ്ഥാനമാണ് പത്തുപ്രമാണങ്ങൾ.

ഉടമ്പടിയുടെ പ്രമാണങ്ങൾ എന്നാണ് പത്തുകല്പനകൾ അറി യപ്പെടുന്നത്. ഉഭയകക്ഷി സമ്മതത്തോടെ ചെയ്യുന്ന ഒരു കരാറാണല്ലോ ഉടമ്പടി. ദൈവ-മനുഷ്യബന്ധത്തെയും മനുഷ്യർ പരസ്പരമുള്ള ബന്ധ ത്തെയും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനുവേണ്ടി, ദൈവംതന്നെ മുൻകൈ എടുത്ത് സൗജന്യമായി നല്കിയതാണ് സീനായ് ഉടമ്പടി. ജനം ആ ഉടമ്പടി സ്വീകരിക്കണം; പ്രമാണങ്ങൾ അനുസരിക്കണം. ആ ഉടമ്പടിയുടെ സാഹചര്യവും നിബന്ധനകളും പുറ. 19-20 അധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. "ഈജിപ്തുകാരോട് ഞാൻ ചെയ്തതെന്തെന്നും കഴുകന്മാരുടെ ചിറകുകളിൽ സംവഹിച്ച് ഞാൻ നിങ്ങളെ എങ്ങനെ എന്റെയടുക്കലേക്കു കൊണ്ടുവന്നെന്നും നിങ്ങൾ കണ്ടുകഴിഞ്ഞു. അതുകൊണ്ട് നിങ്ങൾ എന്റെ വാക്കു കേൾക്കു കയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജന ങ്ങളിലുംവച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരി ക്കും. കാരണം ഭൂമി മുഴുവൻ എന്റേതാണ്. നിങ്ങൾ എനിക്ക് പുരോ ഹിതരാജ്യവും വിശുദ്ധജനവുമായിരിക്കും" (പുറ 19,4-6)

ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടതാണ് വിശുദ്ധം. വിശുദ്ധജനം എന്ന വിശേഷണം ഇസ്രായേൽ ജനത്തിന്റെ സവിശേ ഷത വ്യക്തമാക്കുന്നു. ദൈവം തന്റേതായി തിരഞ്ഞെടുത്ത ജനം. ആ തിരഞ്ഞെടുപ്പിനും അവർക്കു നല്കിയ വിമോചനത്തിനും ഒരു ലക്ഷ്യ മുണ്ട്. ലോകജനതകൾക്കിടയിൽ അവർ ഒരു പുരോഹിതരാജ്യമായി രിക്കണം. ദൈവത്തിനും ജനത്തിനുമിടയിൽ മധ്യസ്ഥനായി നില്ക്കു ന്നവനാണ് പുരോഹിതൻ. അവൻ ദൈവഹിതം ജനത്തെ അറിയിക്ക ണം; തിരുഹിതമനുസരിച്ച് ജീവിക്കാൻ പഠിപ്പിക്കണം. അതോടൊപ്പം ജനത്തിന്റെ യാചനകളും പ്രാർത്ഥനകളും കാണിക്കകളും ദൈവസ ന്നിധിയിൽ അർപ്പിക്കണം. ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിച്ച് ജനത്തിനു നല്കണം. ദൈവതിരുമനസ്സ് അനുസരിച്ച് ജനത്തെ രൂപ പ്പെടുത്തുക; ജനത്തെ മുഴുവൻ ദൈവത്തിനു സ്വീകാര്യമായ കാഴ്ച യായി സമർപ്പിക്കുക. ഇതാണ് പൗരോഹിത്യധർമ്മത്തിന്റെ കാതൽ.

ഇപ്രകാരമൊരു പുരോഹിതശുശ്രൂഷ നടത്തുവാൻ വേണ്ടിയാണ് ഇസ്രായേൽ ജനം വിളിക്കപ്പെട്ടത്. അവരിൽനിന്നു പ്രത്യേകം തിര ഞ്ഞെടുക്കപ്പെട്ട ലേവീ ഗോത്രത്തിലെ അഹറോൻ വംശജർ മാത്രമല്ല,

ഇസ്രായേൽ മുഴുവൻ പുരോഹിതരാകണം. അതാണല്ലോ "പുരോഹിതരാജ്യം" എന്ന പ്രയോഗത്തിലെ ധ്വനി. ഈ പുരോഹിതശുശ്രൂഷ സാധ്യമാകണമെങ്കിൽ ഇസ്രായേൽ ജനം ഒന്നടങ്കം ഒരു പ്രത്യേകജീവിതക്രമം പാലിക്കണം. അതാണ് ഉടമ്പടിയുടെ പ്രമാണങ്ങളായി നല്കപ്പെട്ടിരിക്കുന്നത്.

പത്തുപ്രമാണങ്ങളെ സാധാരണ രണ്ടു ഗണങ്ങളായി തിരിക്കാറുണ്ട്: ദൈവ-മനുഷ്യബന്ധത്തെയും മനുഷ്യർ പരസ്പരമുള്ള ബന്ധത്തെയും സൂചിപ്പിക്കുന്നവ. ആദ്യത്തെ മൂന്നുപ്രമാണങ്ങൾ ദൈവത്തോടുള്ള ബന്ധത്തെ പരാമർശിക്കുന്നു; ബാക്കി ഏഴുപ്രമാണങ്ങൾ മനുഷ്യർ പരസ്പരമുള്ള ബന്ധത്തെയും. എന്നാൽ ഓർത്തിരിക്കേണ്ട ഒരു സുപ്രധാന കാര്യമുണ്ട്. മനുഷ്യന് ദൈവത്തോടുള്ള ബന്ധമാണ് പരസ്പരബന്ധത്തിന്റെതന്നെ അടിസ്ഥാനം. അതിനാൽ ദൈവ-മനുഷ്യബന്ധത്തെക്കുറിച്ചു പ്രതിപാദിക്കുന്നതുതന്നെ ദൈവത്തിനു സംരക്ഷണം നല്കാൻ വേണ്ടിയല്ല, മനുഷ്യരുടെ ഇടയിലുള്ള ബന്ധം നീതിനിഷ്ഠമായിരിക്കും എന്നുറപ്പുവരുത്തുന്നതിനുവേണ്ടിയാണ്.

സീനായ് ഉടമ്പടിയുടെ പ്രമാണങ്ങൾ പത്താണെന്ന് എല്ലാവരും അംഗീകരിക്കുമ്പോഴും ഓരോ പ്രമാണത്തിന്റെയും സ്ഥാനക്രമം നിശ്ചയിക്കുമ്പോൾ കത്തോലിക്കരും പ്രോട്ടസ്റ്റന്റുസഭകളും തമ്മിൽ ആശയവ്യത്യാസമുണ്ട്. കത്തോലിക്കർക്ക് സാബത്തിനെ സംബന്ധിച്ച പ്രമാണം മൂന്നാമത്തേതാണ്; പ്രോട്ടസ്റ്റന്റുസഭകൾക്കു നാലാമത്തേതും. കാരണം വിഗ്രഹാരാധന വിലക്കുന്നത് രണ്ടാംപ്രമാണമായി ഇവർ കരുതുമ്പോൾ അത് ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന ഒന്നാം പ്രമാണത്തിന്റെ ഭാഗമായി കത്തോലിക്കർ കരുതുന്നു. ഈ വ്യത്യാസം കാരണം പത്താം പ്രമാണത്തിലും വ്യത്യാസമുണ്ട്. മോഹിക്കരുത് എന്ന ഒറ്റ നിയമത്തിനു കീഴിൽ അയൽക്കാരന്റെ ഭാര്യയും കഴുതയും ഭവനവും എല്ലാം പെടുന്നു പ്രോട്ടസ്റ്റന്റു കാഴ്ചപ്പാടിൽ; കത്തോലിക്കർ ഇതിനെ 9-10 എന്ന രണ്ടു പ്രമാണങ്ങളായി തിരിക്കുന്നു. അങ്ങനെ വ്യക്തികളും വസ്തുക്കളും തമ്മിൽ വ്യത്യാസം കല്പിക്കുന്നു. ഭാര്യയ്ക്കും കഴുതയ്ക്കും ഒരേ സ്ഥാനമല്ല ഈ വിഭജനത്തിലുള്ളത്.

വിഭജനത്തിലുള്ള ഈ വ്യത്യാസം ബൈബിളിൽത്തന്നെ കാണാം. പുറ. 20,1-17; നിയ. 5,6-21 എന്നീ ഭാഗങ്ങളിൽ പ്രമാണങ്ങളുടെ രണ്ടു പട്ടികകൾ ഉണ്ട്. പുരോഹിതപാരമ്പര്യത്തിൽ (P)പെട്ട ആദ്യത്തെ പട്ടികയാണ് പ്രോട്ടസ്റ്റന്റ് സഭക്കാർ സ്വീകരിച്ചിരിക്കുന്നത്; നിയമാവർത്തന പാരമ്പര്യത്തിൽ (D) പെട്ട രണ്ടാമത്തെ പട്ടിക കത്തോലിക്കരും. ഈ

രണ്ടു പട്ടികകൾ തമ്മിൽ ചുരുക്കം ചില ഊന്നലുകളിലും വ്യത്യാസമുണ്ട്. അതു വഴിയേ കാണുന്നതായിരിക്കും. വിഭജനക്രമത്തിൽ വ്യത്യാസമുണ്ടെങ്കിലും ആശയതലത്തിൽ കാതലായ വ്യത്യാസം ഒന്നുമില്ല. രണ്ടു പട്ടികകളും അവതരിപ്പിക്കുന്നത് ഒരേ നിയമസംഹിത തന്നെ.

ഓരോ പ്രമാണത്തിന്റെയും വിശദമായ ഒരു ചർച്ച ഈ പഠനത്തിന്റെ പരിധിയിൽ ഒതുങ്ങുന്നതല്ല. സാമൂഹ്യനീതിയെ സംബന്ധിച്ച പ്രധാനപ്പെട്ട ചില ആശയങ്ങൾ എടുത്തുകാട്ടാൻ മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

ദൈവത്തെ ആരാധിക്കണം, ദൈവത്തെ മാത്രമേ ആരാധിക്കാവൂ; ദൈവത്തിന്റെ നാമം വൃഥാ ഉപയോഗിക്കരുത്; ആഴ്ചയിലെ ഏഴാം ദിവസം കർത്താവിന്റെ ദിവസം എന്ന രീതിയിൽ വിശുദ്ധമായി ആചരിക്കണം. ഇത്രയുമാണ് ആദ്യത്തെ മൂന്നുപ്രമാണങ്ങളുടെ സാരസംഗ്രഹം.

പത്തുപ്രമാണങ്ങളുടെയും അടിസ്ഥാനമായി നില്ക്കുന്നതാണ് ദൈവാരാധനയെ സംബന്ധിച്ച ആദ്യപ്രമാണം. ദൈവം ആരെന്നും ദൈവം ജനത്തിനുവേണ്ടി എന്തു ചെയ്തെന്നും ജനത്തിന് ദൈവത്തോടുള്ള ബന്ധം ഏതു വിധത്തിലുള്ളതായിരിക്കണം എന്നും ഈ ആദ്യപ്രമാണത്തിൽ വ്യക്തമാക്കുന്നു. "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ (ദൈവങ്ങൾ) നിനക്കുണ്ടാകരുത്." ഇതാണ് പ്രമാണത്തിന്റെ കാതൽ. വിഗ്രഹനിർമ്മാണവും വിഗ്രഹാരാധനയും വിലക്കുന്നത് ഈ പ്രമാണത്തിന്റെതന്നെ രണ്ടാംഭാഗത്തിന്റെ വിശദീകരണമാണ്.

ഇസ്രായേൽ ജനം ആരാധിക്കാൻ കടപ്പെട്ടിരിക്കുന്ന ദൈവത്തിന് ഒരു സവിശേഷതയുണ്ട്. ദാസ്യഭവനമായ ഈജിപ്തിൽനിന്ന് അവരെ മോചിപ്പിച്ചവനാണ് ദൈവം. കർത്താവ് എന്നാണ് അവിടുത്തെ നാമം. സീനായ് മലയിൽവച്ച് മോശയ്ക്കു വെളിപ്പെടുത്തിയ 'കർത്താവ്' എന്ന നാമം 'വിമോചകൻ' എന്ന ദൈവത്തിന്റെ സവിശേഷത എടുത്തുകാട്ടുന്നു. അതോടൊപ്പം നാളിതുവരെയുള്ള ജനത്തിന്റെ ചരിത്രാനുഭവങ്ങളിലേക്ക്, പ്രത്യേകിച്ചും ഈജിപ്തിലെ അടിമത്തം, പീഡനം, നിലവിളി, ദൈവത്തിന്റെ ശക്തിപ്രകടനം, ദൈവം നല്കിയ വിമോചനം, മരുഭൂമിയിൽ ജനം അനുഭവിച്ച സംരക്ഷണം, പരിപാലനം എന്നിങ്ങനെ അനുഭവത്തിന്റെ വിവിധ മേഖലകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിമോ

ചകനായ ദൈവത്തെ ആരാധിക്കുക എന്നത് സ്വാതന്ത്ര്യത്തിന്റെ അവശ്യനിബന്ധനയാണ്.

ആരാധനയെന്നാൽ സമ്പൂർണ്ണമായ സമർപ്പണം എന്നാണല്ലോ അർത്ഥമാക്കുക. നീയാണ് എന്റെ ഉറവിടവും ലക്ഷ്യവും; ഞാനും എനിക്കുള്ളതും എല്ലാം നിന്റെ സൗജന്യദാനമാണ്. ഞാൻ പൂർണ്ണമായും നിന്റേതുമാത്രമാണ്. നീയല്ലാതെ എനിക്കു വേറെ ലക്ഷ്യമില്ല; നാഥനുമില്ല. ഇപ്രകാരം ഒരു പരിപൂർണ്ണവിധേയത്വം വ്യക്തമാക്കുന്ന ആരാധനയാണ് ദൈവം ആവശ്യപ്പെടുന്നത് എന്നുപറയുമ്പോൾ ദൈവം മനുഷ്യനെ വീണ്ടും അടിമയാക്കുകയല്ലേ എന്ന ചോദ്യം ഉദിക്കാം. ആരാണ് ദൈവം എന്നു ഗ്രഹിക്കാത്തതിനാലാണ് ഈ ചോദ്യം ഉയരുന്നത്. നിലവിളികേട്ട് ഇറങ്ങിവന്ന്, നിലവിളിയുടെ കാരണമായ അടിമത്തത്തിന് അറുതിവരുത്തിയവനാണ് ദൈവം. അവിടുന്നാഗ്രഹിക്കുന്നത് അടിമകളുടെ വിധേയത്വമല്ല, മക്കളുടെ സ്നേഹമാണ്. അതിനാൽ ഭയം വേണ്ടാ, ദൈവാരാധന മാനവസ്വാതന്ത്ര്യത്തിന്റെയും സാമൂഹ്യനീതിയുടെയും മൂലക്കല്ലാണ്. അതെടുത്തു മാറ്റിയാൽ നീതിനിഷ്ഠമായ ഒരു സമൂഹം സാധ്യമാവില്ല എന്നതിനു ചരിത്രം സാക്ഷി.

മറ്റു ദൈവങ്ങൾ ഉണ്ടാകരുത് എന്ന കല്പന അനേകം ദൈവങ്ങളുടെ അസ്തിത്വത്തിലേക്കു വിരൽ ചൂണ്ടുന്നതായി തോന്നാം. എന്നാൽ പ്രമാണം എടുത്തു പരിശോധിച്ചാൽ മനസ്സിലാകും, കർത്താവല്ലാതെ വേറെ ദൈവങ്ങൾ ഉണ്ടെന്നല്ല, മറ്റൊന്നിനെയും മറ്റാരെയും ദൈവമായി പരിഗണിക്കരുത്, ആരാധിക്കരുത് എന്നാണ് പ്രമാണം ഊന്നിപ്പറയുന്നത്. കാരണം മറ്റാരെയെങ്കിലും ആരാധിച്ചാൽ ആരാധിക്കുന്നവൻ ആരധനാവസ്തുവിന്റെ അഥവാ വ്യക്തിയുടെ അടിമയായിത്തീരും. അപ്പോൾ ദൈവം നല്കിയ സ്വാതന്ത്ര്യം നഷ്ടമാകും. നുകങ്ങൾ ഒടിക്കുകയും കെട്ടുകൾ പൊട്ടിക്കുകയും ചെയ്യുന്ന വിമോചകനാണ് ഏകദൈവമായ കർത്താവ്. ആകയാൽ ഏകദൈവരാധന അനുശാസിക്കുന്ന ഒന്നാം പ്രമാണംതന്നെയാണ് മറ്റെല്ലാ പ്രമാണങ്ങളുടെയും തദ്വാര സാമൂഹ്യനീതിയുടെയും അടിസ്ഥാനം. അതിനുപകരം മനുഷ്യനിർമ്മിതമായ വസ്തുക്കളെയോ ആദർശങ്ങളെയോ പ്രത്യയശാസ്ത്രങ്ങളെയോ ആരാധനവിഷയമാക്കുന്നവർ അവയുടെതന്നെ അടിമകളായിത്തീരുന്നു; മറ്റുള്ളവരെയും അടിമകളാക്കുന്നു എന്നതിന് ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാം.

ദൈവത്തിന്റെ സ്ഥാനത്തു കയറിനിന്ന് ആരാധന ആവശ്യപ്പെടുന്ന ഒന്നിനെ 'മാമ്മോൻ' എന്നാണ് യേശു വിശേഷിപ്പിച്ചത്. ഒറ്റവാ

ക്കിൽ 'പണം' എന്നു പറയാമെങ്കിലും മനുഷ്യനെ അടിമയാക്കുന്ന സകലഭൗതികശക്തികളും ആശയങ്ങളുമെല്ലാം അതിനു പിന്നിലുണ്ട്. റോമാക്കാർക്കെഴുതിയ ലേഖനത്തിന്റെ തുടക്കത്തിൽ വിഗ്രഹാരാധന വരുത്തിവയ്ക്കുന്ന ഭീകരമായ അടിമത്തത്തെയും ദുരന്തത്തെയും വി. പൗലോസ് വിശദമായി അവതരിപ്പിക്കുന്നുണ്ട്. (റോമാ 1,18–22). "ദൈവത്തെ അംഗീകരിക്കുന്നത് ഒരു പോരായ്മയായി അവർ കരുതിയതുനിമിത്തം അധമവികാരത്തിനും അനുചിതപ്രവൃത്തികൾക്കും ദൈവം അവരെ വിട്ടുകൊടുത്തു. അവർ എല്ലാത്തരത്തിലുമുള്ള അനീതിയും ദുഷ്ടതയും അത്യാഗ്രഹവും തിന്മയും നിറഞ്ഞവരാണ്" (റോമാ 1,28–29).

നേതാക്കന്മാരെ ആദരിക്കുന്നതോ, പ്രതിമകളെ വണങ്ങുന്നതോ, വിശുദ്ധരുടെ മാധ്യസ്ഥ്യം തേടുന്നതോ വിഗ്രഹാരാധനയാകണം എന്നില്ല. ആദരവും ആരാധനയും ഒന്നല്ല; മാദ്ധ്യസ്ഥ്യം തേടുന്നതോ വണങ്ങുന്നതോ ആരാധനയല്ല. എന്നാൽ വിശുദ്ധന്മാരെ അത്ഭുതപ്രവർത്തകരായും മതാത്മകതയെ ഉദ്ദിഷ്ടകാര്യസാധ്യത്തിനുള്ള ഉപകരണമായും മാത്രം കരുതുമ്പോൾ വിഗ്രഹാരാധന ഉടലെടുക്കുന്നു എന്നതു വിസ്മരിക്കാനാവില്ല. അത്ഭുതം പ്രവർത്തിക്കുന്നത് ദൈവം മാത്രമാണ്. വിശുദ്ധർ ദൈവതിരുമുമ്പിൽ മാധ്യസ്ഥ്യം വഹിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. നേരെമറിച്ചു ചിന്തിക്കാൻ തുടങ്ങിയാൽ ഒന്നാം പ്രമാണത്തിന്റെ ലംഘനത്തിലേക്കായിരിക്കും അറിയാതെ വഴുതിവീഴുക.

ഒരേ വിശുദ്ധന്റെതന്നെ വ്യത്യസ്ത സ്ഥലങ്ങളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന പ്രതിമകൾക്ക് ശക്തിയിൽ കൂടുതതൽ–കുറവ് ഉണ്ടെന്നു കരുതുമ്പോൾ ശ്രദ്ധാകേന്ദ്രം ദൈവത്തിൽനിന്ന് ആ പ്രത്യേക പ്രതിമയിലേക്കു തെന്നിമാറുന്നു. വീണ്ടും വിഗ്രഹാരാധന തന്നെയാവും ഫലം. ശക്തി പ്രതിമയ്ക്കോ വിശുദ്ധനോ അല്ല, ദൈവത്തിനാണ് എന്ന കാര്യം മറക്കരുത്. ചില സ്ഥലങ്ങളിൽ ചില വിശുദ്ധർക്ക് മനുഷ്യരെ, കുട്ടികളെയും മുതിർന്നവരെയും 'അടിമവയ്ക്കുന്ന' പതിവിനെക്കുറിച്ചും ഇതുതന്നെ പറയേണ്ടിയിരിക്കുന്നു. ഒരു വിശുദ്ധന്റെ പ്രത്യേകമായ മാധ്യസ്ഥത്തിനു സ്വയം സമർപ്പിച്ച്, ആ വിശുദ്ധനോട് സവിശേഷമായി പ്രാർത്ഥിക്കുന്നതിനെയാണ് 'അടിമവയ്ക്കൽ' സൂചിപ്പിക്കുന്നത് എങ്കിൽ തെറ്റുപറയാനാവില്ല. അല്ലെങ്കിൽ വീണ്ടും വിഗ്രഹാരാധനയിലേക്കു വഴുതിവീഴലാകും സംഭവിക്കുക – ഫലത്തിൽ ഒന്നാം പ്രമാണത്തിന്റെ ലംഘനംതന്നെ.

ദൈവത്തിന്റെ നാമം വൃഥാ പ്രയോഗിക്കരുത് എന്ന രണ്ടാം പ്രമാണം ദൈവത്തോട് ആവശ്യമായ ആദരവും വിധേയത്വവും ഉറപ്പുവരുത്തുക മാത്രമല്ല, സാമൂഹ്യനീതിയുടെ സംരക്ഷണവും സൂചിപ്പിക്കുന്നുണ്ട്. ദൈവനാമത്തിൽ ആണയിട്ട് അസത്യം സത്യമായി ഉറപ്പിക്കാൻ ശ്രമിക്കുന്നവർ ദൈവത്തെ അനീതിക്കു കൂട്ടുനിർത്താൻ ശ്രമിക്കുന്നു. ഇവിടെ ദൈവം അവഹേളിക്കപ്പെടുകയും ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ വഞ്ചിക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ രണ്ടാംപ്രമാണവും ഫലത്തിൽ മനുഷ്യനുതന്നെയാണ് സംരക്ഷണം നല്കുന്നത്.

സാബത്താചരണത്തെ സംബന്ധിച്ച മൂന്നാംപ്രമാണം ദൈവാരാധനയ്ക്കായി സമയം കണ്ടെത്താൻ പ്രേരിപ്പിക്കുന്നതോടൊപ്പം അധ്വാനിക്കുന്ന മനുഷ്യന് വിശ്രമത്തിനുള്ള അവകാശം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ദൈവം ആറുദിവസംകൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി, ഏഴാംദിവസം വിശ്രമിച്ചു; അതുപോലെ മനുഷ്യനും ഏഴാംദിവസം വിശ്രമിക്കണം, അഥവാ സാബത്താചരിക്കണം എന്ന പുരോഹിതപാരമ്പര്യത്തിലെ (P) നിർദ്ദേശം (പുറ 20,8-11) ദൈവാരാധനയ്ക്ക് ഊന്നൽ നല്കുമ്പോൾ നിയമാവർത്തന പാരമ്പര്യത്തിലെ (D) പ്രമാണം അധ്വാനിക്കുന്നവർക്ക് അവകാശപ്പെട്ട വിശ്രമത്തിന് കൂടുതൽ പ്രാധാന്യം നല്കുന്നു.

“നീ ഈജിപ്തിൽ അടിമയായിരുന്നെന്നും നിന്റെ ദൈവമായ കർത്താവ് കരുത്തുറ്റ കരംനീട്ടി അവിടെനിന്ന് നിന്നെ മോചിപ്പിച്ചുകൊണ്ടുവന്നുവെന്നും ഓർമ്മിക്കുക. അതുകൊണ്ട് സാബത്തുദിവസം ആചരിക്കാൻ അവിടുന്ന് നിന്നോടു കല്പിച്ചിരിക്കുന്നു” (നിയ 5,15). വിശ്രമം മനുഷ്യന് ആവശ്യമാണ് - ശരീരത്തിനും മനസ്സിനും. ഈ വിശ്രമം ദൈവത്തെക്കുറിച്ചുള്ള അവബോധത്തിൽ ആഴപ്പെടാനും അതേസമയം ശരീരത്തിനും മനസ്സിനും ഊർജ്ജവും ഉന്മേഷവും വീണ്ടെടുക്കാനും ആവശ്യമാണ്; അധ്വാനിക്കുന്ന മനുഷ്യന്റെ അവകാശമാണ് വിശ്രമം. മനുഷ്യൻ അധ്വാനത്തിന്റെ അടിമയാകാതിരിക്കാൻ സാബത്തുനിയമം സഹായിക്കുന്നു. അടുത്തകാലത്തു പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്ന 24/7 പ്രവണത സാബത്തുലംഘനം മാത്രമല്ല, മനുഷ്യന്റെ മൗലികാവകാശത്തിന്റെ നിഷേധം കൂടിയാവാം. അധ്വാനവും ധനസമ്പാദനവും ജീവിതലക്ഷ്യമാകുമ്പോൾ ലക്ഷ്യം മാർഗത്തിനു വഴിമാറുകയാണെന്നതു വിസ്മരിക്കാനാവില്ല.

ചുരുക്കത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്തി, മനുഷ്യനു സംരക്ഷണം നല്കുന്നതാണ് ദൈവ-മനുഷ്യബന്ധത്തെ നിർണ്ണയിക്കുന്ന ആദ്യത്തെ മൂന്നുപ്രമാണങ്ങൾ. ഈ പ്രമാണങ്ങൾ ലംഘിക്കപ്പെടുന്നിടത്ത് അടിമത്തം ഉടലെടുക്കുന്നു; മനുഷ്യന് സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. തുടർന്നുള്ള ഏഴുപ്രമാണങ്ങൾ സാമൂഹ്യനീതിയുടെ വിവിധ തലങ്ങളെ സ്പർശിക്കുന്നു; നിയന്ത്രിക്കുന്നു.

# 11

# കുടുംബം
# സാമൂഹ്യനീതിയുടെ പഠനക്കളരി

*"നിന്റെ ദൈവമായ കർത്താവു തരുന്ന രാജ്യത്ത് നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക."* (പുറ 20,13)

ദൈവ-മനുഷ്യ ബന്ധത്തെ സംബന്ധിക്കുന്ന അടിസ്ഥാന നിയമങ്ങളാണ് ആദ്യത്തെ മൂന്നുപ്രമാണങ്ങളുടെ വിഷയം. തുടർന്നുള്ള ഏഴു പ്രമാണങ്ങൾ മനുഷ്യർ പരസ്പരമുള്ള ബന്ധത്തിൽ അവശ്യം പാലിക്കേണ്ട നിയമങ്ങൾ അവതരിപ്പിക്കുന്നു. അവയിൽ ആദ്യത്തെ പ്രമാണമാണ് ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന നിയമത്തിൽ സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിൽ പാലിക്കപ്പെടേണ്ട ക്രമം വ്യക്തമാക്കുന്നു.

മക്കൾക്കു മാതാപിതാക്കളോടുള്ള കടമ മാത്രമല്ല, മാതാപിതാക്കൾക്കു മക്കളോടുള്ള കടമയും ഈ നിയമത്തിന്റെ വിഷയം തന്നെ. അതിലുപരി നീതിനിഷ്ഠമായ ഒരു സമൂഹനിർമ്മിതിക്കും നിലനില്പ്പിനും ആവശ്യകമായ അധികാര സംവിധാനവും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ അനേകം തവണ പരാമർശവിഷയമാകുന്നതാണ് ഈ നിയമം. (ഈ നിയമത്തെ സംബന്ധിച്ച സഭയുടെ ആധികാരിക പ്രബോധനം കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 2168-2256 ഖണ്ഡികക

ളിലും യുവജനമതബോധന ഗ്രന്ഥം 367-377 ഖണ്ഡികകളിലും കാണാം).

ദൈവ-മനുഷ്യബന്ധത്തിൽനിന്ന് മനുഷ്യർക്കു പരസ്പരമുണ്ടായിരിക്കേണ്ട ബന്ധങ്ങളിലേക്കു കടക്കുമ്പോൾ ആദ്യമേ പ്രതിപാദിക്കുന്നത് മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധമാണെന്നതു പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ജീവന്റെ ഉറവിടവും ഉടയവനും ദൈവമാണ്. ദൈവത്തിൽനിന്നു മനുഷ്യവ്യക്തികളിലേക്കു ജീവൻ കടന്നുവരുന്നത് മാതാപിതാക്കളിലൂടെയാണല്ലോ. മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കുകയും സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ ദൈവിക പ്രതിച്ഛായ വഹിക്കുന്ന മനുഷ്യരെ സൃഷ്ടിക്കുന്നതിൽ പങ്കുകാരാകാൻ വിളിച്ച് അനുഗ്രഹിക്കുകയും ചെയ്തത് ദൈവമാണ് (ഉൽപ 1,27-28). മാതാപിതാക്കളും മക്കളും അടങ്ങുന്നതാണ് കുടുംബം. കുടുംബമാണ് സമൂഹത്തിന്റെ ഏറ്റം ചെറുതും അതേ സമയം അടിസ്ഥാനവുമായ ഘടകം. അതിനാൽത്തന്നെ കുടുംബത്തെ സംബന്ധിച്ച ദൈവഹിതം മറ്റു പ്രമാണങ്ങൾക്കു മുമ്പേ അവതരിപ്പിക്കുന്നു.

ഈ പ്രമാണം അനുസരിക്കുന്നതിനു പ്രചോദനമായി ഒരു പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നത് ശ്രദ്ധേയമത്രെ. "വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കല്പന" (എഫേ 6,3) എന്നാണ് പൗലോസ് ശ്ലീഹാ ഈ പ്രമാണത്തെ വിശേഷിപ്പിക്കുന്നത്. എന്താണ് ഈ വാഗ്ദാനം? "നിന്റെ ദൈവമായ കർത്താവ് നിനക്കു തരുന്ന രാജ്യത്ത് നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന്" എന്ന ആമുഖവാക്യത്തിൽ ഈ വാഗ്ദാനം കാണാം. എഫേസിയ ലേഖനത്തിൽ "ഭൂമിയിൽ ദീർഘകാലം" എന്നാണു കാണുക. ഏതാണ് ദൈവം തരുന്ന രാജ്യം? രക്ഷാചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അതു കാനാൻദേശം എന്ന വാഗ്ദത്തഭൂമിയാണെന്നും കരുതാനാവും. ദൈവത്തിന്റെ ഉടമ്പടി പാലിക്കുന്നിടത്തോളം കാലം മാത്രമേ അവർക്കു വാഗ്ദത്തഭൂമിയിൽ വസിക്കാൻ കഴിയൂ.

ഉടമ്പടി ലംഘിച്ചാൽ വാഗ്ദത്തഭൂമിയിൽനിന്ന് നിഷ്കാസിതരാകും എന്ന് അനേകം തവണ അനുസ്മരിപ്പിച്ചിട്ടുണ്ട്. ജനം ഉടമ്പടി ലംഘിച്ചു. അതിനാൽ അവർക്കു വാഗ്ദത്തഭൂമിക്കു പുറത്ത് പ്രവാസികളായി കഴിയേണ്ടി വന്നു. വിലാപങ്ങളുടെ പുസ്തകം എടുത്തുകാട്ടുന്ന മുഖ്യപ്രമേയമാണിത്. പ്രവാചകന്മാർ മുന്നറിയിപ്പു നൽകിയിരുന്നു. എന്നാൽ ജനം അതു വകവച്ചില്ല. അതിനാൽ ഉടമ്പടിയുടെ നിബന്ധനപ്രകാരംതന്നെ അവർ ശിക്ഷിക്കപ്പെട്ടു (ജെറ 34,18-22). അതിനാൽ

കർത്താവു തരുന്ന രാജ്യം എന്നത് വാഗ്ദത്തഭൂമിയെ സൂചിപ്പിക്കുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. എന്നാൽ അതു മാത്രമല്ല.

പറുദീസായിലാക്കിയ മനുഷ്യന് ദൈവം നല്കിയ താക്കീത് ഇവിടെ ശ്രദ്ധേയമാണ്: "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്. തിന്നുന്ന ദിവസം നീ മരിക്കും" (ഉൽപ 2,17). എന്നാൽ കല്പന ലംഘിച്ച മനുഷ്യൻ ഉടനെ മരിച്ചില്ല. പക്ഷേ മറ്റൊന്നു സംഭവിച്ചു. അവർക്ക് നഗ്നതാബോധവും ലജ്ജയും ഉണ്ടായി; ദൈവികസാന്നിദ്ധ്യത്തെ അവർ ഭയന്നു. പറുദീസാ അവർക്കു നഷ്ടമായി. ദൈവത്തോടൊന്നിച്ച്, അവിടുത്തെ സാന്നിദ്ധ്യത്തിലുള്ള ജീവിതമാണ്, അഥവാ ദൈവികജീവനിലേക്കുള്ള പങ്കുചേരലാണ് പറുദീസാ. അതിനാൽ പറുദീസാ നഷ്ടപ്പെടുക എന്നാൽ ദൈവികജീവനിൽ നിന്ന് വിച്ഛേദിക്കപ്പെടുക എന്നത്രെ അർത്ഥം.

ഈ കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ നാലാം പ്രമാണം നല്കുന്ന വാഗ്ദാനവും അതുൾക്കൊള്ളുന്ന താക്കീതും കൂടുതൽ വ്യക്തമാകുന്നു. ദൈവം തരുന്ന രാജ്യം ഏതെങ്കിലും ഭൗമികമായ സ്ഥലമല്ല, ഈ ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗവുമല്ല. മറിച്ച് ദൈവിക സാന്നിദ്ധ്യവും ദൈവികജീവനിലുള്ള പങ്കുചേരലുമാണ്. അതാണ് പിന്നീട് "ദൈവരാജ്യം" എന്ന് യേശു വിശേഷിപ്പിച്ചത്. ദൈവികജീവനിൽ പങ്കുകാരാകണമെങ്കിൽ തങ്ങൾക്കു ജീവൻ നല്കിയ മാതാപിതാക്കളെ ആദരിക്കണം, ബഹുമാനിക്കണം.

ഇനി എന്താണ് ദീർഘകാലം? എത്ര വർഷം ജീവിച്ചാൽ അതു ദീർഘകാലമാകും? മനുഷ്യജീവിതം എഴുപത്, കൂടിയാൽ എൺപത് (സങ്കീ 90,10) എന്ന പരിധിയെ മറികടന്ന് നൂറുവർഷം ജീവിച്ചാലും അതിനെ ദീർഘകാലം എന്നു പറയാനാവുമോ? അതേസമയം വളരെ ചെറുപ്പത്തിൽതന്നെ മരിച്ചുപോകുന്നവരെക്കുറിച്ച് എന്തു പറയണം? മാതാപിതാക്കന്മാരെ ബഹുമാനിക്കാത്തതുകൊണ്ടാണോ വി. കൊച്ചുത്രേസ്യാ ഇരുപത്തിനാലാം വയസ്സിൽ ക്ഷയരോഗിയായി മരിച്ചത്? ഇവിടെ ദീർഘകാലം എന്നതുകൊണ്ട് ബൈബിൾ ഉദ്ദേശിക്കുന്നത് ഒരു പ്രത്യേക കാലയളവല്ല, മറിച്ച് അവസാനമില്ലാത്ത ജീവിതം, അഥവാ നിത്യജീവിതം തന്നെയാണ്. ദൈവത്തോടൊന്നിച്ച് എന്നേക്കും ജീവിക്കണമെങ്കിൽ മാതാപിതാക്കളെ ബഹുമാനിക്കണം.

മാതാപിതാക്കളെ ബഹുമാനിക്കുക എന്ന പ്രമാണത്തിന് പല അർത്ഥസൂചനകളുണ്ട്. മാതാപിതാക്കളോട് മക്കൾക്കുണ്ടായിരിക്കേണ്ട

മനോഭാവവും അവർ അനുവർത്തിക്കേണ്ട സമീപനങ്ങളും അനേകം തവണ ബൈബിളിൽ പ്രതിപാദനവിഷയമാകുന്നുണ്ട്. "മകനേ, പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കരുത്"(സുഭാ 1,8) "മകനേ, പിതാവിന്റെ കല്പന കാത്തുകൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കരുത്" (സുഭാ 6,20). ഈ പ്രബോധനങ്ങളും ഉപദേശങ്ങളും ഹൃദയത്തിൽ സ്വീകരിക്കണം; നിരന്തരം അനുസ്മരിക്കണം; ജീവിതത്തിൽ പ്രാവർത്തികമാക്കണം. മാതാപിതാക്കളുടെ ഉപദേശങ്ങൾ മക്കൾക്കു മാർഗ്ഗദർശനമായിരിക്കണം. "പൂർണ്ണ ഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക; നൊന്തുപെറ്റ അമ്മയെ മറക്കരുത്" (പ്രഭാ 7,27-28).

മാതാപിതാക്കളുടെ ഉപദേശം സ്വീകരിച്ചാൽ മാത്രം പോരാ, അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കണം. പ്രത്യേകിച്ചും രോഗികളും വൃദ്ധരുമാകുമ്പോൾ അവരെ സംരക്ഷിക്കാനും പരിപാലിക്കാനും മക്കൾക്കുള്ള കടമയും ഈ പ്രമാണം അനുശാസിക്കുന്നു. മറിച്ചായാൽ ദൈവകോപത്തിനിരയാകും എന്ന് പ്രത്യേകം അനുസ്മരിപ്പിക്കുന്നു. "നിനക്കു ജന്മം നൽകിയ പിതാവിനെ അനുസരിക്കുക; വൃദ്ധയായ അമ്മയെ നിന്ദിക്കരുത്" (സുഭാ 23,22). "അപ്പനിൽ നിന്നോ, അമ്മയിൽ നിന്നോ പിടിച്ചുപറിച്ചിട്ട് അതു തെറ്റല്ല എന്നു പറയുന്നവൻ അക്രമിയുടെ കൂട്ടുകാരനാണ്" (സുഭാ 28,24). "പിതാവിനെ പരിഹസിക്കുകയും അമ്മയെ അവജ്ഞയോടെ ധിക്കരിക്കുകയും ചെയ്യുന്നവന്റെ കണ്ണ് മലങ്കാക്ക കൊത്തിപ്പറിക്കുകയും കഴുകന്മാർ തിന്നുകയും ചെയ്യും" (സുഭാ 30,17). അതേ സമയം "പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നു; അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു" (പ്രഭാ 3,3).

മാതാപിതാക്കളെ അനുസരിക്കണം, ആദരിക്കണം; ആവശ്യമുള്ളതെല്ലാം നല്കി പരിപാലിക്കണം. ഒരിക്കലും തങ്ങൾ അനാഥരോ ആവശ്യമില്ലാത്ത അധികപ്പറ്റോ ആയി തോന്നാൻ അവർക്കിടയാകരുത്. ഇതെല്ലാം മാതാപിതാക്കളോടുള്ള സ്നേഹത്തിന്റെയും നന്ദിയുടെയും പ്രകടനമാകണം. തലമുറകളുടെ തുടർച്ചയാണല്ലോ മനുഷ്യജീവിതം. മാതാപിതാക്കളെ തങ്ങൾ എപ്രകാരം സ്നേഹിച്ച്, ആദരിച്ച്, പരിപാലിക്കുന്നു എന്നത് തങ്ങളുടെ മക്കൾ കാണുന്നുണ്ടെന്നും ഓർക്കണം. തങ്ങളും ഒരിക്കൽ വൃദ്ധരും രോഗികളും പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്തവരും ആയിത്തീരാം എന്നതും മറക്കരുത്.

മാതാപിതാക്കളോടുള്ള കടമ ദൈവപ്രമാണങ്ങളിൽ വളരെ പ്രധാനപ്പെട്ടതായി യേശു തന്നെ എടുത്തു കാട്ടിയിട്ടുണ്ട്. നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം എന്നു ചോദിച്ച അധികാരിക്ക് കൊടുത്ത മറുപടിയിൽ എടുത്തുപറയുന്ന പ്രമാണങ്ങളെല്ലാം മനുഷ്യർ പരസ്പരമുള്ള ബന്ധത്തെ നിയന്ത്രിക്കുന്നവയാണ്. അവയിൽ ഏറ്റം അവസാനത്തേതായി, അഥവാ ഏറ്റം പ്രധാനപ്പെട്ടതായി ചൂണ്ടിക്കാട്ടുന്നത് നാലാം പ്രമാണമാണ് (ലൂക്കാ 18,20). മാതാപിതാക്കന്മാരോടുള്ള കടമയിൽ വീഴ്ചവരുത്തുന്നത് വലിയ പാപമായി യേശു പഠിപ്പിക്കുന്നു. മാതാപിതാക്കളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വമാണ് ഇവിടെ പരാമർശവിഷയം (മർക്കോ 7,9-12).

മക്കൾക്കു മാതാപിതാക്കളോടുള്ളതുപോലെ തന്നെ മാതാപിതാക്കൾക്കു മക്കളോടുള്ള കടമയും ഈ പ്രമാണത്തിന്റെ ഭാഗമാണ്. "ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പഠിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽനിന്നു വ്യതിചലിക്കുകയില്ല" (സുഭാ 22,6). മാതാപിതാക്കൾ മക്കൾക്കു മാതൃകയും മാർഗ്ഗദീപങ്ങളുമാകണം. മാതാപിതാക്കളിൽ നിന്നാണല്ലോ മക്കൾ ജീവിതത്തെ സംബന്ധിച്ച ആദ്യപാഠങ്ങൾ ഹൃദിസ്ഥമാക്കുക. വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തവും വിലമതിക്കുന്ന മൂല്യങ്ങളും ജീവിതശൈലിയുമെല്ലാം മക്കൾക്കു മാതൃകയും പ്രചോദനവുമാകും. "ശിശുവിന്റെ ഹൃദയത്തിൽ ഭോഷത്തം കെട്ടുപിണഞ്ഞു കിടക്കുന്നു; ശിക്ഷണത്തിന്റെ വടി അതിനെ ആട്ടിയോടിക്കുന്നു" (സുഭാ 22,15).

കുട്ടികൾക്കു ശരിയായ ബോധനവും ശിക്ഷണവും നല്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി പ്രഭാഷകൻ വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. (പ്രഭാ 30,1-13). മക്കളെ ദൈവത്തിന്റെ ദാനമായി കണ്ട് സ്വീകരിക്കുക, സ്നേഹിക്കുക, അവരെ ദൈവത്തിന്റെ മക്കളായി വളർത്തുക - ഇതു ദൈവം തന്നെ മാതാപിതാക്കളെ ഏല്പിച്ചിരിക്കുന്ന പരിപാവനമായ ദൗത്യമാണ്. "പിതാക്കന്മാരേ നിങ്ങൾ കുട്ടികളേ പ്രകോപിപ്പിക്കരുത്. പ്രകോപിപ്പിച്ചാൽ അവർ നിരുന്മേഷരാകും" (കൊളോ 3,2) എന്നിങ്ങനെയുള്ള അപ്പസ്തോലന്റെ പ്രബോധനങ്ങൾ നാലാം പ്രമാണത്തിന്റെ മറുഭാഗം വ്യക്തമാക്കുന്നു.

അടിസ്ഥാനഘടകമായ കുടുംബത്തിലെന്ന പോലെ, പൊതുസമൂഹത്തിൽ നിലനിൽക്കേണ്ട അധികാര സംവിധാനത്തെയും ഭരണകർത്താക്കളും ഭരണീയരും തമ്മിൽ ഉണ്ടായിരിക്കേണ്ട ആരോഗ്യകരമായ ബന്ധങ്ങളെയുംകുറിച്ച് നാലാം പ്രമാണത്തിന്റെ നിർദ്ദേശം പ്രസ

ക്തമാണ്. പരസ്പരമുള്ള ആദരവും പൊതുനന്മയ്ക്കുവേണ്ടിയുള്ള നിയമനിർമ്മാണങ്ങളും ഭരണക്രമവുമെല്ലാം മനുഷ്യനെ സംബന്ധിച്ച ദൈവികപദ്ധതിയുടെയും ഭാഗമാണ്; നീതിനിഷ്ഠമായ സമൂഹനിർമ്മിതിക്ക് അത്യന്താപേക്ഷിതവുമാണ്. നിലവിലിരിക്കുന്ന അധികാരസംവിധാനങ്ങൾ ദൈവത്താൽ സ്ഥാപിതമാണെന്നും അവയെ അനുസരിക്കുക ഓരോ വിശ്വാസിയുടെയും പൗരന്റെയും കടമയാണെന്നും വി. പൗലോസ് അനുസ്മരിപ്പിക്കുന്നു: "നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമണ്..... (അധികാരി) ദൈവത്തിന്റെ ശുശ്രൂഷകനാണ്..... " (റോമാ 13,1-7). "ഉന്നതാധികാരിയായ രാജാവോ..... പ്രാദേശികാധികാരികളോ ആരായിരുന്നാലും നിങ്ങൾ കർത്താവിനെ പ്രതി എല്ലാ മാനുഷാധികാരികൾക്കും വിധേയരായിരിക്കുവിൻ" (1 പത്രോ 2,13-16) എന്ന വി. പത്രോസിന്റെ നിർദ്ദേശം ഈ പ്രമാണത്തിന്റെ സാമൂഹിക തലത്തിലുള്ള വിശദീകരണമായി കാണാൻ കഴിയും.

മാതാപിതാക്കളെ ബഹുമാനിക്കണം എന്ന പ്രമാണത്തിന്റെ താത്വികമായ വശം വളരെ വ്യക്തവും സുതാര്യവുമാണ്. ഈ പ്രമാണം അനുസരിക്കാതെ സാമൂഹ്യനീതി സാധ്യമാവില്ല എന്നു നിസംശയം പറയാം. എന്നാൽ പ്രായോഗിക തലത്തിലേക്കു കടക്കുമ്പോൾ അനേകം തെറ്റിദ്ധാരണകളും വികലമായ വ്യാഖ്യാനങ്ങളും വിട്ടുവീഴ്ചകളും ഉടലെടുക്കുന്നു. മാതാപിതാക്കളെ ഭാരമായി കരുതുന്ന മക്കളുടെയും മക്കൾ അനാവശ്യവും ഒഴിവാക്കേണ്ട ഒരു ബാധ്യതയായി കരുതുന്ന ദമ്പതികളുടെയും എണ്ണം വർദ്ധിച്ചുവരുന്നതായി തോന്നും. പല കാരണങ്ങളാലും മാതാപിതാക്കളെ ശ്രദ്ധിക്കാനോ പരിചരിക്കാനോ കഴിയാതെ വരുന്നവർ വൃദ്ധസദനങ്ങളെ ആ ജോലി ഏല്പിക്കുക സാധാരണമായി വരുന്നു. കാർഷികമേഖലയിൽ നിന്ന് വ്യവസായ-വ്യാപാര-സേവന മേഖലകളിലേക്ക് സമൂഹത്തിലെ ഭൂരിഭാഗം കടന്നപ്പോൾ കുടുംബങ്ങളുടെ പഴയ കെട്ടുറപ്പു നഷ്ടപ്പെട്ടു; കൂട്ടുകുടുംബങ്ങൾ നല്കിയിരുന്ന സുരക്ഷിതത്വവും പരിഗണനയും ഇല്ലാതായി. ഈ പുതിയ സാഹചര്യത്തിൽ എപ്രകാരമാണ് നാലാം പ്രമാണം പ്രാവർത്തികമാക്കാൻ കഴിയുക എന്ന ചോദ്യം ഗൗരവമായി കണക്കിലെടുക്കണം.

വൃദ്ധസദനങ്ങൾ ഒരു പരിഹാരമാകുമോ? പലപ്പോഴും വിദേശത്തു ജോലിചെയ്യുന്ന മക്കൾ മാതാപിതാക്കൾക്കായി വലിയ വീടും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നു. എന്നാൽ വൃദ്ധരും രോഗികളുമായ മാതാപിതാക്കൾ തങ്ങളുടെ മാളികകളിൽ തടവുകാരെപ്പോലെ

കഴിയേണ്ടിവരുന്നു. ചെറിയ കുടുംബം സന്തുഷ്ടകുടുംബം; മതമേതായാലും മക്കൾ ഒന്നു മതി തുടങ്ങിയ 'ആദർശ'വാക്യങ്ങൾ സ്വീകരിച്ച് അണുകുടുംബങ്ങൾ രൂപപ്പെടുത്തുകയും മക്കൾക്ക് കഴിയുന്നത്ര വിദേശജോലി ലഭ്യമാക്കുന്ന വിദ്യാഭ്യാസം നല്കുകയും ചെയ്യുക വഴി, ഒരു പരിധിവരെ, മാതാപിതാക്കളും പൊതുസമൂഹവും ഈ പ്രതിസന്ധിക്കു കാരണമായിട്ടില്ലേ എന്ന ചോദ്യം പ്രസക്തമാണ്.

ജീവിതവീക്ഷണത്തെ, പ്രത്യേകിച്ചും സമ്പത്തിനെയും ജീവിതസൗകര്യങ്ങളെയും സംബന്ധിച്ച് നാം വച്ചുപുലർത്തുന്ന കാഴ്ചപ്പാടുകളെ, ദൈവവചനത്തിന്റെയും അനുദിനാനുഭവങ്ങളുടെയും വെളിച്ചത്തിൽ ചോദ്യം ചെയ്യാനും ആവശ്യമെങ്കിൽ തിരുത്തിക്കുറിക്കാനും സന്നദ്ധരാകാൻ നാലാം പ്രമാണം നിർബ്ബന്ധിക്കുന്നു. കൂടുതൽ ശമ്പളം കിട്ടാവുന്ന ജോലി, അതും വിദേശത്തു കിട്ടുന്ന ജോലിയാണ് ഒരാളുടെ ജീവിതത്തെ ധന്യമാക്കുന്നത് എന്ന കാഴ്ചപ്പാട് എപ്പോഴും ശരിയാകണമെന്നില്ല. ഇപ്രകാരം ഒരു ജീവിതവീക്ഷണത്തോടെ കുറച്ചുകാലമായി നാം പടുത്തുയർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും സേവനകേന്ദ്രങ്ങളും സമൂഹത്തിൽ പ്രചരിപ്പിക്കുന്ന മൂല്യങ്ങൾ ഏവയെന്നും പരിഗണിക്കേണ്ടതുണ്ട്. മാനവശേഷി കയറ്റുമതി സ്ഥാപനങ്ങളായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറണമോ എന്നു ഗൗരവമായി ചിന്തിക്കണം.

മക്കൾക്ക് ശരിയായ ശിക്ഷണം നൽകാൻ സമൂഹം പരാജയപ്പെടുന്നില്ലേ എന്ന സംശയവും നിലനില്ക്കുന്നു. ശിക്ഷിക്കാൻ പാടില്ല എന്നല്ല, ശാസിക്കുന്നതു പോലും കുറ്റകരമായി അവതരിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സംസ്കാരം എപ്രകാരമുള്ള ഭാവിപൗരന്മാരെ ആയിരിക്കും വാർത്തെടുക്കുക? വിദ്യാർത്ഥികളുടെ നൈസർഗ്ഗിക വാസനകളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, യാതൊരു നിയന്ത്രണവും ശിക്ഷണവുമില്ലാതെ കയറൂരി വിട്ടാൽ ഏതു വിധമുള്ള സമൂഹമായിരിക്കും നാം രൂപപ്പെടുത്തുക? കടമകളെക്കുറിച്ച് ഒരു ബോധ്യവുമില്ലാതെ അവകാശങ്ങളെക്കുറിച്ച് മാത്രം ചിന്തിക്കാൻ തുടങ്ങുന്നിടത്ത് പതനത്തിന്റെ തുടക്കം കാണാം. ഒരുപക്ഷേ ഇതുതന്നെയല്ലേ മാതാപിതാക്കൾ അവഗണിക്കപ്പെടുന്നതിന്റെ ഒരു കാരണം? അവകാശങ്ങൾ മാത്രം ഉയർത്തിക്കാട്ടുകയും സംഘടിത ശക്തിയിലൂടെ ഉദ്യോഗസ്ഥ-തൊഴിലാളി വൃന്ദം അവ നേടിയെടുക്കുകയും ചെയ്യുമ്പോൾ ഭൂരിപക്ഷം വരുന്ന അസംഘടിതരായ വ്യക്തികൾ ദാരിദ്ര്യത്തിലേക്കും നിരാശയിലേക്കും കൂപ്പുകുത്തുന്നതും ഒരു പക്ഷെ നാലാം പ്രമാണത്തിന്റെ ലംഘനം മൂലമാണെന്നു പറയാൻ കഴിയില്ലേ?

ദൈവം തരുന്ന രാജ്യത്ത്, അഥവാ ദൈവരാജ്യത്തിൽ, ദൈവിക ജീവനിൽ പങ്കുചേർന്ന് എന്നേക്കും ജീവിക്കാൻ കുടുംബത്തിലും സമൂഹത്തിലും നീതിനിഷ്ഠമായ ജീവിതം നയിക്കണം; അതിനുതകുന്ന ജീവിത സാഹചര്യങ്ങൾ കരുപ്പിടിപ്പിക്കണം; നിലനിർത്തണം. മക്കൾക്കു മാതാപിതാക്കളോടും മാതാപിതാക്കൾക്കു മക്കളോടും ഉള്ള കടമകളും കടപ്പാടുകളും, സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ, കണിശമായും പാലിക്കപ്പെടണം. മറിച്ച് കുടുംബംതന്നെ വേണ്ടെന്നുവയ്ക്കുന്ന കൂടിത്താമസവും, സ്വവർഗ്ഗ വിവാഹവും, മക്കൾ വേണ്ടെന്നുവയ്ക്കുന്ന മനോഭാവവും നീതിനിഷ്ഠമായ സമൂഹസൃഷ്ടിക്കു സഹായകമാവില്ല എന്നതിന് ഈ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ തിക്താനുഭവങ്ങൾ സാക്ഷി.

"വ്യക്തികളുടെയും മാനവസമൂഹത്തിന്റെയും ക്രൈസ്തവ സമൂഹത്തിന്റെയും ക്ഷേമം ദാമ്പത്യസമൂഹത്തിന്റെയും കുടുംബസമൂഹത്തിന്റെയും സുസ്ഥിതിയുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു" (ccc 2250). "സത്യം, നീതി, സഹാനുഭാവം, സ്വാതന്ത്ര്യം എന്നിവയുടെ ചൈതന്യത്തിൽ സമൂഹത്തെ പടുത്തുയർത്തുന്നതിന് രാഷ്ട്രീയാധികാരികളോടൊപ്പം അധ്വാനിക്കാൻ പൗരന്മാർക്ക് കടമയുണ്ട്" (ccc 2255).

# 12

# ജീവനു സംരക്ഷണം

നിത്യജീവൻ അവകാശമാക്കാൻ എന്തുചെയ്യണം എന്ന ചോദ്യവുമായി തന്നെ സമീപിച്ച ധനികനായ മനുഷ്യന്റെ മുമ്പിൽ യേശു ഒരു പ്രമാണപ്പട്ടിക നിരത്തിവച്ചു (മർക്കോ 16,19), ആ പട്ടികയിൽ ആദ്യമേ വരുന്നത് 'കൊല്ലരുത്' എന്ന പ്രമാണമാണ്. പത്തു പ്രമാണങ്ങളിൽ അഞ്ചാമത്തേതാണ് 'നീ കൊല്ലരുത്' എന്ന കല്പന (പുറ 20, 14; നിയ 5,17) അവതരണം 'അരുത്' എന്ന നിഷേധാത്മകരീതിയിലാണെങ്കിലും ജീവനു നല്കേണ്ട സംരക്ഷണവും കരുതലുമാണ് ഈ പ്രമാണത്തിന്റെ മുഖ്യലക്ഷ്യം. തുടർന്നു വരുന്ന മറ്റ് അഞ്ചു പ്രമാണങ്ങളിലും ഇതേ അവതരണരീതി തന്നെ അവലംബിച്ചിരിക്കുന്നെങ്കിലും പ്രമാണങ്ങളുടെയെല്ലാം ഉള്ളടക്കവും ലക്ഷ്യവും ഭാവാത്മകമാണ്. അരുത് എന്ന വിലക്കിലൂടെ ഒരു സംരക്ഷണവലയം സൃഷ്ടിക്കുന്നു. എന്നാൽ അരുതുകൾ മാത്രമല്ല, ക്രിയാത്മകമായ സംരക്ഷണത്തിനുള്ള ഉത്തരവാദിത്വവും ഈ പ്രമാണങ്ങൾ സൂചിപ്പിക്കുന്നു.

നീ കൊല്ലരുത് എന്ന അഞ്ചാം പ്രമാണത്തെ സംബന്ധിച്ച കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനത്തിന്റെ വിശദരൂപം സാർവ്വത്രികസഭയുടെ മതബോധനഗ്രന്ഥം (CCC) 2258– 2330 ഖണ്ഡികകളിലും യുവജനമതബോധനഗ്രന്ഥം 378–399 ഖണ്ഡികകളിലും കാണാം. ജീവൻ നേരിടുന്ന ഭീഷണികളുടെയും ജീവനു നല്കേണ്ട സംരക്ഷണ

ത്തിന്റെയും വിവിധങ്ങളായ വിശദാംശങ്ങളിലേക്ക് കടക്കാതെ, ഈ പ്രമാണത്തെ സംബന്ധിച്ച ബൈബിളിന്റെ പ്രബോധനങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കാൻ മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

മനുഷ്യജീവൻ മാത്രമല്ല, പക്ഷിമൃഗാദികളും വൃക്ഷലതാദികളുമടങ്ങുന്ന സകല ജീവജാലങ്ങളുടെയും ജീവൻ ദൈവത്തിനു വിലപ്പെട്ടതാണ്. അവയെല്ലാം വളർന്നു വികസിച്ച് ദൈവനിശ്ചിതമായ ലക്ഷ്യം പ്രാപിക്കണം എന്ന ദൈവികപദ്ധതിയെ സൂചിപ്പിക്കുന്നതാണ് അഞ്ചാം പ്രമാണം. അതേസമയം ഒന്ന് മറ്റൊന്നിന് വളവും ഭക്ഷണവുമായിത്തീരുക എന്നതും ദൈവികപദ്ധതി തന്നെ. സകല ജീവജാലങ്ങളോടും അവയ്ക്കെല്ലാം അസ്തിത്വവും വളർച്ചയും ഉറപ്പുവരുത്തുന്ന ആവാസവ്യവസ്ഥയോടും മനുഷ്യനുള്ള ഉത്തരവാദിത്വത്തെയും അവയോടെല്ലാം മനുഷ്യൻ കാണിക്കേണ്ട കരുതലിനെയും കുറിച്ചുള്ള അവബോധം എന്നത്തേക്കാളേറെ ഇന്നു ശക്തമായി വരുന്നുണ്ട്. പ്രത്യേകിച്ചും സ്വാർത്ഥതാൽപര്യങ്ങൾക്കായി പ്രപഞ്ചത്തെ ചൂഷണം ചെയ്യുന്നതുവഴി നേരിടുന്ന ആഗോളപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, “ലൗദാത്തോ സി” എന്ന ചാക്രികലേഖനത്തിൽ പ്രതിഫലിക്കുന്നത് ഈ ഉൽക്കണ്ഠയുടെയും കരുതലിന്റെയും തീവ്രമായ ഒരു പ്രകടനമാണ്.

സകല ജീവജാലങ്ങളുടെയും മൂല്യവും പ്രാധാന്യവും എടുത്തുപറയുമ്പോഴും മനുഷ്യജീവന്റെ അതുല്യമായ പ്രാധാന്യം ആരംഭം മുതലേ ബൈബിൾ അടിവരയിട്ട് ഉറപ്പിക്കുന്നുണ്ട്. “നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം” എന്ന ആലോചനയിലും “ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു: ദൈവത്തിന്റെ സാദൃശ്യത്തിൽ അവിടുന്ന് അവരെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.” (ഉൽപ. 1, 26–27) എന്ന വിവരണത്തിലും ഈ പ്രാധാന്യം വ്യക്തമാകുന്നുണ്ട്. പുരോഹിതപാരമ്പര്യത്തിൽ(P)പെട്ട ആദ്യഅദ്ധ്യായത്തിലെ വിവരണത്തിൽ മാത്രമല്ല യാഹ് വിസ്റ്റ് (J) ഗ്രന്ഥകാരന്റേതെന്നു കരുതപ്പെടുന്ന സൃഷ്ടിയുടെ രണ്ടാം വിവരണത്തിലും മനുഷ്യജീവന് നല്കുന്ന ഈ ഊന്നൽ കാണാം.

“ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു” (ഉൽപ 2,7). മനുഷ്യന്റെ ശ്വാസകോശങ്ങളെ ത്രസിപ്പിക്കു

ന്നത് ദൈവത്തിന്റെ ശ്വാസമാണ്; അവനെ ജീവനുള്ളവനാക്കുന്നത് ദൈവത്തിന്റെ ജീവനും. ദൈവത്തിന്റെ മുഖം വഹിക്കുന്ന ദൈവത്തിന്റെ ജീവനാൽ ജീവിക്കുന്ന ഓരോ മനുഷ്യവ്യക്തിയും ദൈവത്തിന് അമൂല്യനാണ്. കളിമൺ കൂടാരമായ മനുഷ്യശരീരത്തിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന അമൂല്യനിധിയാണ് ജീവൻ. പ്രപഞ്ചത്തിന്റെ അധിപനും (ഉൽപ 1,28) കാവൽക്കാരനും (ഉൽപ 2, 15) ആയി നിയോഗിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ ജീവന്റെ സംരക്ഷകനായിരിക്കണം. അതിനാൽത്തന്നെ ജീവനെതിരായി ഉയരുന്ന സകല ഭീഷണികളും വെല്ലുവിളികളും ദൈവം അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു.

ഒരു കൊലപാതകത്തിലൂടെയാണ് മരണം ഈ ലോകത്തേയ്ക്കു കടന്നുവന്നതെന്ന വിശുദ്ധ ഗ്രന്ഥകാരന്റെ നിരീക്ഷണം (ഉൽപ 4,8) പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. കൊലപാതകത്തിന്റെ കാരണം വ്യക്തമാക്കുന്നില്ലെങ്കിലും കൊലപാതകിയെ ദൈവം നേരിടുന്ന വിധത്തിലാണ് അഞ്ചാം പ്രമാണത്തിന്റെ പ്രസക്തി ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. ''നീയെന്താണ് ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു. നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാപിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും" (ഉൽപ. 4,10-11). വധിച്ചത് തന്റെ സഹോദരനെയാണെന്ന അവബോധം കായേനെ തന്റെ സഹോദരന്റെ കാവൽക്കാരനായിക്കേണ്ടതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് അനുസ്മരിപ്പിക്കുന്നു.

കാവൽക്കാരൻ കാപാലികനാകുന്നതിലെ വൈരുധ്യത്തിന്റെ തീവ്രത ഇവിടെ എടുത്തു കാട്ടുന്നു. സഹോദരനെ വധിച്ച തനിക്ക് ജീവിക്കാൻ അവകാശമില്ല, സാധ്യതയുമില്ല എന്ന ധാരണയാണ് "കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും" എന്ന കായേന്റെ വിലാപത്തിൽ പ്രതിധ്വനിക്കുന്നത്. എന്നാൽ അവിടെയും അഞ്ചാം പ്രമാണത്തിന്റെ പ്രാധാന്യം വി. ഗ്രന്ഥം എടുത്തുകാട്ടുന്നു. "കർത്താവു പറഞ്ഞു, ഒരക്കലുമില്ല. കായേനെ കൊല്ലുന്നവന്റെ മേൽ ഏഴിരട്ടിയായി ഞാൻ പ്രതികാരം ചെയ്യും. ആരും കായേനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെ മേൽ ഒരടയാളം പതിച്ചു"(ഉൽപ 4,15). കൊലപാതകിക്കുപോലും സംരക്ഷണം ഉറപ്പുവരുത്തുന്നതാണ് ഇവിടെ അവതരിപ്പിക്കുന്ന ഏഴിരട്ടി പ്രതികാരത്തിന്റെ നിയമം. നിർബാധം കൊലപാതകം തുടരാനുള്ള അനുവാദം നല്കുകയല്ല, ജീവനു സംരക്ഷണം നല്കേണ്ടതിന്റെ പ്രാധാന്യം എടുത്തുകാട്ടുകയാണ് ഇതിന്റെ ലക്ഷ്യം.

പ്രളയാനന്തരം സംജാതമാകുന്ന പുതിയ സംവിധാനത്തിൽ മനുഷ്യജീവനു സംരക്ഷണം നല്കുന്ന പ്രമാണം കൂടുതൽ ശക്തമായി അവതരിപ്പിക്കുന്നുണ്ട്. "ജീവരക്തത്തിന് മനുഷ്യനോടും മൃഗത്തോടും ഞാൻ കണക്കുചോദിക്കും. ഓരോരുത്തനോടും സഹോദരന്റെ രക്തത്തിനു ഞാൻ കണക്കുചോദിക്കും. മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻ തന്നെ ചൊരിയണം. കാരണം എന്റെ ഛായയിലാണ് ഞാൻ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്" (ഉൽപ 9,5-6). അപരന്റെ ജീവനെ മാനിക്കാത്തവന് ജീവിക്കാൻ അവകാശമില്ല എന്ന ഈ കാഴ്ചപ്പാട് അക്രമത്തിന് അതിരു കല്പിക്കുകയും ജീവന് സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഈ നിലപാടിന്റെ കൂടുതൽ വ്യക്തവും തീവ്രവുമായ അവതരണമാണ് തുല്യപ്രതികാരത്തിന്റെ നിയമത്തിൽ കാണുന്നത്. "കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല്, കൈക്കു പകരം കൈ; കാലിനു പകരം കാല്; പൊള്ളലിനു പകരം പൊള്ളൽ; മുറിവിനു പകരം മുറിവ്; പ്രഹരത്തിനു പകരം പ്രഹരം" (പുറ 21,24-25). ശിക്ഷാഭീതികൂടാതെ ആരും ആരെയും ഉപദ്രവിക്കരുത് എന്ന് ഈ പ്രമാണം ഉറപ്പുവരുത്തുന്നു. ഇവിടെയും അവതരണരീതി നിഷേധാത്മകവും പ്രതികാരലക്ഷ്യത്തോടുകൂടി ആയതും എന്നു തോന്നാമെങ്കിലും നിയമത്തിന്റെ ലക്ഷ്യം ജീവന്റെ സമഗ്രമായ സംരക്ഷണമാണെന്നതിൽ സംശയത്തിന് ഇടമില്ല.

മനുഷ്യജീവനോടുള്ള ആദരവ്, വ്യക്തികളുടെ മാഹാത്മ്യത്തോടുള്ള ആദരവ്, സമാധാന സംരക്ഷണം എന്ന മൂന്ന് ഉപശീർഷകങ്ങൾക്കു കീഴിലാണ് സാർവ്വത്രിക മതബോധനഗ്രന്ഥം ഈ പ്രമാണത്തെ വിശകലനം ചെയ്ത് നിർദ്ദേശങ്ങൾ നല്കുന്നത്. ആത്യന്തികമായ ലക്ഷ്യം ജീവന്റെ, അതും നിഷ്കളങ്കജീവന്റെ സംരക്ഷണം ഉറപ്പുവരുത്തുകയാണെന്ന് ആവർത്തിച്ചു വ്യക്തമാക്കുന്നു. പ്രത്യക്ഷത്തിലുള്ള കൊലപാതകം മാത്രമല്ല, ജീവനെ ക്ഷയിപ്പിക്കുന്നതോ അപകടപ്പെടുത്തുന്നതോ നശിപ്പിക്കുന്നതോ ആയ സകലപ്രവൃത്തികളും മനോഭാവങ്ങളും സംവിധാനങ്ങളും ഈ പ്രമാണത്തിന്റെ പരിധിയിൽ വരുന്നു.

"ദരിദ്രന്റെ സമ്പത്തു തട്ടിയെടുത്ത് ബലിയർപ്പിക്കുന്നവൻ പിതാവിന്റെ മുമ്പിൽ വച്ച് പുത്രനെ കൊല്ലുന്നവനെപ്പോലെയാണ്. ദരിദ്രന്റെ ജീവൻ അവന്റെ ആഹാരമാണ്. അത് അപഹരിക്കുന്നവൻ കൊലപാതകിയാണ്. അയല്ക്കാരന്റെ ഉപജീവനമാർഗം തടയുന്നവൻ അവനെ

കൊല്ലുകയാണ്; വേലക്കാരന്റെ കൂലി കൊടുക്കാതിരിക്കുന്നത് രക്ത ച്ചൊരിച്ചിലാണ്" (പ്രഭാ 34,20-22) എന്നിങ്ങനെയുള്ള പ്രഭാഷകവചന ങ്ങൾ ഈ പ്രമാണത്തിന്റെ വിവിധ വശങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കു ന്നു. ജോലിക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുന്നതുപോലതന്നെ കുറ്റകരമാണ് ചെയ്യാത്ത ജോലിക്കു കൂലി വാങ്ങുന്നതും ജോലിക്കും ജോലിചെയ്യുന്നവന്റെ ആവശ്യങ്ങൾക്കും ആനുപാതികമല്ലാത്ത വേതനം വിവിധ മാർഗ്ഗങ്ങളിലൂടെ നിർബന്ധപൂർവ്വം ഈടാക്കുന്നതും സേവന-വേതന വ്യവസ്ഥകളും ജീവിക്കാൻ ആവശ്യമായ വേതനം നല്കേണ്ടതിന്റെ ആവശ്യകതയും എല്ലാം ഈ പ്രമാണത്തിന്റെ പരി ധിയിൽ വരുന്നു.

"നന്മയെ ദ്വേഷിക്കുകയും തിന്മയെ സ്നേഹിക്കുകയും ചെയ്യുന്ന നിങ്ങൾ എന്റെ ജനത്തിന്റെ തൊലി ഉരിഞ്ഞെടുക്കുന്നു. അവരുടെ അസ്ഥികളിൽനിന്ന് മാംസവും. നിങ്ങൾ എന്റെ ജനത്തിന്റെ മാംസം ഭക്ഷിക്കുന്നു... അവരുടെ അസ്ഥികൾ തകർക്കുന്നു. ചട്ടിയിലെ ഇറ ച്ചിയും കുട്ടകത്തിലെ മാംസവും പോലെ അവരെ നുറുക്കുകയും ചെയ്യുന്നു" (മിക്കാ 3,2-3) എന്ന പ്രവാചകവിമർശനം കൊല്ലരുത് എന്ന പ്രമാണത്തിന്റെ വിവിധങ്ങളായ സാമൂഹ്യമാനങ്ങൾ എടുത്തുകാണി ക്കുന്നു. ഇതുതന്നെയാണ് പ്രവാചകശൈലിയിൽ പുതിയ നിയമത്തിലെ പ്രവാചകഗ്രന്ഥം എന്നു വിശേഷിപ്പിക്കാവുന്ന വി. യാക്കോബിന്റെ ലേഖനം അതിശക്തമായ ഭാഷയിൽ ഓർമ്മപ്പെടുത്തുന്നത്. "ധനവാ ന്മാരേ, നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ച ത്തിൽ നിലവിളിക്കുവിൻ... നിങ്ങളുടെ നിലങ്ങളിൽനിന്നു വിളവു ശേഖ രിച്ചവർക്ക് കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ, നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണ്ണ പുടങ്ങളിൽ എത്തിയിരിക്കുന്നു...." (യാക്കോ 5,1-6).

മനുഷ്യജീവൻ അതിന്റെ എല്ലാ അവസ്ഥകളിലും സംരക്ഷിക്ക പ്പെടണം എന്ന സമഗ്രമായ ഉത്തരവാദിത്വമാണ് അഞ്ചാം പ്രമാണം അനുശാസിക്കുന്നത്, പ്രത്യേകിച്ചും ജീവൻ ഏറ്റവും ദുർബലമായിരി ക്കുന്ന അവസ്ഥയിൽ. ആധുനികലോകം രൂപപ്പെടുത്തിയിരിക്കുന്ന മനു ഷ്യജീവന് ഹാനികരമായ മനോഭാവങ്ങളെയും നിയമവ്യവസ്ഥക ളെയും ഈ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തണം എന്ന് അഞ്ചാം പ്രമാണത്തിന്റെ വിശദീകരണത്തിന്റെ ഭാഗമായി സഭ ഉദ്ബോധിപ്പിക്കുന്നു. ഗർഭഛിദ്രവും ദയാവധവും ദൈവികനിയമത്തിന്റെ കഠിനലംഘനമായി പരിഗണിക്കണം. നിരപരാധരും നിഷ്കളങ്കരും

ഏറ്റം നിസ്സഹായരുമായവരുടെ ജീവൻ നശിപ്പിക്കാൻ ഭൂരിപക്ഷാഭിപ്രായത്തിന്റെ പിൻബലത്തോടെയാണെങ്കിലും ആർക്കും അവകാശമില്ല.

ഇതോടൊപ്പം ആഗോളസാമ്പത്തിക വ്യവസ്ഥിതിയിൽ നിലനില്ക്കുന്ന അനീതിയും അനേകരുടെ ജീവഹാനിക്കു കാരണമാകുന്നു എന്ന കാര്യം സഭ പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ട്. കോടിക്കണക്കിനു മനുഷ്യർ പോഷകാഹാരക്കുറവുമൂലം നിത്യരോഗികളാവുകയും പട്ടിണി മരണത്തിനിരയാവുകയും ചെയ്യുമ്പോൾ അതിനുകാരണമാകുന്ന സമ്പദ്‌വ്യവസ്ഥകളും വ്യാപാരനിയമങ്ങളും എല്ലാം അഞ്ചാം പ്രമാണത്തിന്റെ വെളിച്ചത്തിൽ കുറ്റക്കാരാവുന്നു. പടിവാതില്ക്കൽ പട്ടിണി കിടന്ന ലാസറിനെ കാണാതെ അനുദിനം സമൃദ്ധമായ വിരുന്നാഘോഷിച്ച ധനികൻ അവന്റെ മരണത്തിന് ഉത്തരവാദിയായിയെന്ന് ഉപമയിലൂടെ യേശു സമർത്ഥിച്ചത് ഇവിടെ ശ്രദ്ധേയമാകുന്നു. അപരന്റെ ആവശ്യങ്ങൾക്കു നേരെ നിസ്സംഗതയോടെ കണ്ണടയ്ക്കുന്നവർ നിത്യവിധിയാളന്റെ മുമ്പിൽ കൊലക്കുറ്റത്തിന് ഉത്തരം പറയേണ്ടിവരും എന്ന് യേശു അനുസ്മരിപ്പിക്കുന്നുണ്ട് (മത്താ 25,31-46).

ദൈവരാജ്യത്തിന്റെ ആവിർഭാവത്തിന്റെ വെളിച്ചത്തിൽ യേശു അവതരിപ്പിക്കുന്ന പുതിയ നിയമസംഹിതയിൽ അഞ്ചാം പ്രമാണത്തിന് വളരെ അടിസ്ഥാനപരവും തീവ്രവുമായ ഒരു പുതിയ ഭാഷ്യം നല്കുന്നു: “കൊല്ലരുത്, കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്ന് പൂർവ്വികരോട് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും.... വിഡ്ഢി എന്നു വിളിക്കുന്നവനാകട്ടെ നരകാഗ്നിക്ക് ഇരയായിത്തീരും” (മത്താ 5,21-22).

ശാരീരികമായ കൊലപാതകത്തിനപ്പുറത്ത് മനുഷ്യനെ ശത്രുതയിലേക്കു നയിക്കുന്ന സകല മനോഭാവങ്ങളെയും തിരുത്തിക്കുറിക്കാൻ യേശുനാഥൻ ആവശ്യപ്പെടുന്നു. കോപിക്കൽ, ഭോഷൻ, വിഡ്ഢി എന്നിങ്ങനെയുള്ള വിളികൾ എല്ലാം അപരനെ വെറുക്കുന്ന ചിന്തയുടെ അടയാളങ്ങളാണ്. അതിനാൽ ജീവനെതിരായ സകല ചിന്തകളുടെയും വേരുകൾതന്നെ പിഴുതുമാറ്റണം എന്ന് തുടർന്ന് പഠിപ്പിക്കുന്നു (മത്താ 5,38-47). എല്ലാവരെയും അവരുടെ യോഗ്യതകൾ പരിഗണിക്കാതെ തന്നെ, സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന “സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ” (മത്താ 5,48).

പ്രത്യക്ഷത്തിൽ അസാധ്യമെന്നു തോന്നാവുന്ന ഈ കല്പനയുടെ അർത്ഥം വ്യക്തമാക്കുന്നതാണ് ലൂക്കാ നല്കുന്ന ഭാഷ്യം: "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6,36). നിയമാധിഷ്ഠിതമായ നീതിയെയും തജ്ജന്യമായ അവകാശവാദങ്ങളെയും എല്ലാം മറികടക്കുന്നതാണ് യേശു ആവശ്യപ്പെടുന്ന മനോഭാവവും ജീവിതശൈലിയും. അതിന്റെ അടിസ്ഥാനം കരുണയായിരിക്കണം. ആവശ്യങ്ങൾ കണ്ടറിഞ്ഞ്, അർഹത നോക്കാതെ അപരന്റെ സംരക്ഷണത്തിനും സഹായത്തിനും പ്രേരിപ്പിക്കുന്ന, ദൈവതുല്യമായ കരുണ. കരുണയാൽ നയിക്കപ്പെടുന്ന വ്യക്തിയും സമൂഹവും ഒരിക്കലും അനീതി പ്രവർത്തിക്കുകയില്ല, ജീവനു ഭീഷണിയാവുകയില്ല.

അതേസമയം സകല ജീവജാലങ്ങളോടും പ്രത്യേകിച്ച് മനുഷ്യരോടുമുള്ള കരുണയും കരുതലും മറ്റുള്ളവർക്ക് അപകടകരമോ അനീതിക്കു കാരണമോ ആകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവിടെയാണ് പൊതുസമൂഹത്തിന്റെയും നീതിപൂർവ്വകമായ നിയമസംഹിതകളുടെയും ആവശ്യം. അടുത്തകാലത്ത് വളരെയേറെ ചർച്ചാവിഷയമായിരിക്കുന്ന വന്യജീവി-മൃഗസംരക്ഷണം ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. മനുഷ്യന്റെ ജീവനും കാർഷികവിളകൾക്കും എന്തു നാശം വരുത്തിയാലും മൃഗങ്ങളുടെ സൈര്യവിഹാരത്തിനു തടസമുണ്ടാക്കരുത് എന്ന മൃഗസ്നേഹികളുടെ വാദം തെരുവുനായ്ക്കു കൊടുക്കുന്ന സംരക്ഷണം പോലും മനുഷ്യനു നല്കാൻ തയ്യാറാകുന്നില്ല എന്ന സത്യം ശ്രദ്ധിക്കപ്പെടുക തന്നെ വേണം.

സന്തുലിതമായ ഒരു ആവാസവ്യവസ്ഥയിൽ സകല ജീവികൾക്കും ഇടമുണ്ടാകണം. പരിധിയില്ലാതെ പെറ്റുപെരുകിയാൽ മനുഷ്യനു മാത്രമല്ല, മൃഗങ്ങൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ കഴിയാതെ വരും. അതിനാൽ ആവശ്യമായ നിയന്ത്രണങ്ങൾ പ്രപഞ്ചവിധാതാവു തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനെ അറിയുക; അംഗീകരിച്ചു നടപ്പാക്കുക. എത്ര മനുഷ്യരെ കടിച്ചാലും കൊന്നാലും തെരുവിൽ അലയുന്ന നായ്ക്കളെ ഉപദ്രവിക്കരുത് എന്നു വാദിക്കുമ്പോൾ ഇപ്രകാരമുള്ള സാമാന്യബുദ്ധിയും വിവേകവും നഷ്ടപ്പെടുന്നോ എന്നു സംശയിക്കണം. ജീവൻ സംരക്ഷിക്കപ്പെടണം, മനുഷ്യജീവൻ മാത്രമല്ല, എല്ലാത്തരം ജീവനും. അതിന് ആവശ്യമായ നിയമസംവിധാനങ്ങൾ പൊതുസമൂഹം പ്രാദേശികതലത്തിലും ആഗോളതലത്തിലും രൂപപ്പെടുത്ത

ണം, നടപ്പിലാക്കണം എന്ന് 'കൊല്ലരുത്' എന്ന പ്രമാണത്തിലൂടെ നിർദ്ദേശിക്കുന്നു. ഇതിനെ അവഗണിച്ചുകൊണ്ടോ ഇതിന്റെ പ്രാധാന്യം ലഘൂകരിച്ചുകൊണ്ടോ സാമൂഹ്യനീതി സംലഭ്യമാക്കുക അസാധ്യമായിരിക്കും.

# 13

# സ്വകാര്യസ്വത്ത്

ഭൂമിയിൽ മനുഷ്യജീവിതം സുഗമവും സുരക്ഷിതവും സന്തോഷപ്രദവും ആക്കുന്നതിന് അവശ്യം പാലിക്കേണ്ട നിബന്ധനകളാണ് പത്തുപ്രമാണങ്ങൾ. ഇതിൽ ഏഴും പത്തും പ്രമാണങ്ങളാണ് ഇവിടെ ചർച്ചാവിഷയം. ജീവൻ നിലനിർത്താനും വളർന്നു വികസിക്കാനും ആവശ്യമായ ഭൗതികസാഹചര്യങ്ങളെ സംബന്ധിക്കുന്നതാണ് ഈ രണ്ടു പ്രമാണങ്ങൾ. അന്യന്റെ വസ്തുക്കൾ മോഷ്ടിക്കരുത്, മോഹിക്കരുത് അഥവാ സ്വന്തമാക്കാൻ ആഗ്രഹിക്കുകപോലും അരുത് എന്ന കല്പനകൾ സകല മനുഷ്യരുടെയും മാത്രമല്ല സകല ജീവജാലങ്ങളുടെയും ജീവിതത്തിനു സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു.

സാമൂഹ്യനീതിയെ സംബന്ധിച്ച അടിസ്ഥാനപരമായൊരു നിയമമാണിത്. ഈ നിയമത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച സഭയുടെ പ്രബോധനം "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" (CCC) 2401–2463; 2534–2557 ഖണ്ഡികകളിലും യുവജനമതബോധനഗ്രന്ഥം (youcat) 426–451; 465–468 ഖണ്ഡികകളിലും കാണാം. കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകളിൽ മാർപ്പാപ്പാമാർ ചാക്രികലേഖനങ്ങളിലൂടെ ഈ വിഷയത്തെ സംബന്ധിച്ചു നല്കിയ പ്രബോധനങ്ങൾ 1991ൽ പി.ഒ.സി.യിൽനിന്നു പ്രസിദ്ധീകരിച്ച "റേരും നൊവാരും മുതൽ ചെന്തേസിമുസ് ആനൂസ്വരെ" എന്ന ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നു.

ലെയോ XIII, പീയൂസ് XI, ജോൺ XXIII, പോൾ VI, ജോൺ പോൾ II എന്നീ മാർപ്പാപ്പാമാരുടെ ഒമ്പതു ചാക്രികലേഖനങ്ങളാണ് ഈ സമാഹാരത്തിലുള്ളത്. ഫ്രാൻസീസ് മാർപ്പാപ്പയുടെ "ലൗദാത്തോ സി" എന്ന ചാക്രികലേഖനമാണ് ഈ വിഷയത്തെ സംബന്ധിച്ച കത്തോലിക്കാ സഭയുടെ ഏറ്റം പുതിയ പ്രബോധനം. ഫാ. തോമസ് സ്രാമ്പിക്കൽ, അഡ്വ. ജോജി ചിറയിൽ എന്നിവർ രചിച്ച "നീതിയും സത്യസന്ധതയും" എന്ന വിശിഷ്ടഗ്രന്ഥം ഈ പ്രമാണങ്ങളുടെ വിവിധവശങ്ങൾ സമഗ്രമായി ചർച്ചചെയ്യുന്നുണ്ട്. ഈ രണ്ടു പ്രമാണങ്ങൾ അവതരിപ്പിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളെക്കുറിച്ച് ദീർഘമായ ഒരു ചർച്ചയ്ക്ക് മുതിരാതെ, ബൈബിളിൽ, പ്രത്യേകിച്ചും പഞ്ചഗ്രന്ഥത്തിൽ കാണുന്ന സുപ്രധാനമായ ചില കാര്യങ്ങൾ എടുത്തുകാട്ടാൻ മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളു. വിശദമായ പഠനത്തിന് മേലുദ്ധരിച്ച ഗ്രന്ഥങ്ങൾ സഹായകമായിരിക്കും. പ്രവാചക വീക്ഷണവും പുതിയനിയമ കാഴ്ചപ്പാടുകളും തുടർന്നുള്ള അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യുന്നതാണ്.

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും വിധാതാവും നാഥനും ദൈവം മാത്രമാണ് എന്ന അടിസ്ഥാന സത്യത്തിലാണ് മനുഷ്യന് ഭൗതികവസ്തുക്കളിന്മേലുള്ള അവകാശം ഊന്നിനില്ക്കുന്നത്. "ഭൂമി മുഴുവൻ എന്റേതാണ്" (പുറ 19, 5). "ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്" (ലേവ്യ 25,23). താൻ സൃഷ്ടിച്ച ഭൂമിയിൽ ദൈവം മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ജീവിക്കാൻ അവകാശം നല്കി. എല്ലാവർക്കും വളരാനും വികസിക്കാനും ആവശ്യമായവ ഈ ഭൂമിയിൽ കണ്ടെത്താൻ കഴിയും. എന്നാൽ മനുഷ്യൻ ഭൂമിയുടെ ഉടമയല്ല; ദൈവത്തിന്റെ പ്രതിനിധിയും ഉപഭോക്താവും മാത്രമാണ്. ഉടമസ്ഥാവകാശം ആർക്കുമില്ല; ഉപയോഗിക്കാനുള്ള അവകാശമേ ദൈവം നല്കിയിട്ടുള്ളു. അതിനാൽത്തന്നെ ഓരോ മനുഷ്യവ്യക്തിക്കും ഈ ഭൂമിയുടെയും അതിലെ വിഭവങ്ങളുടെയും മേലുള്ള അവകാശങ്ങൾക്കു പരിധിയുണ്ട്. അപരന്റെ അവകാശമാണ് എന്റെ അവകാശത്തിന്റെ പരിധി. ആ "അപരൻ" മനുഷ്യനോ, മൃഗമോ, സസ്യമോ, സൃഷ്ടപ്രപഞ്ചത്തിലെ മറ്റേതെങ്കിലും, സചേതനമോ അചേതനമോ ആയ അംഗമായിരിക്കാം. അപരന്റെ അവകാശങ്ങൾ മാനിക്കണം എന്നതാണ് മോഷ്ടിക്കരുത്, മോഹിക്കരുത് എന്ന പ്രമാണങ്ങളുടെ അർത്ഥം. ഇതിലൂടെ എല്ലാ ജീവജാലങ്ങൾക്കും സുരക്ഷിതത്വം ഉറപ്പാക്കുന്നു.

ബൈബിളിൽ മാത്രമല്ല, ഏതു മനുഷ്യസമൂഹത്തിലും നിലനില്ക്കുന്ന ഒരു നിയമമാണിത്. ഈ നിയമം മാനിക്കാതെ ഒരു സമൂഹ

ത്തിനും വ്യക്തിക്കും നിലനില്പ് സാധ്യമല്ല. ഒരാൾ ശേഖരിച്ച പഴങ്ങളും കിഴങ്ങുകളും പിടിച്ച മീനും മൃഗവും മറ്റൊരാൾ അപഹരിക്കരുത് എന്ന അലിഖിതനിയമം മനുഷ്യവർഗ്ഗത്തിന്റെ ആരംഭം മുതലേ നിലനിന്നു. അതു മാനിക്കാത്തിടത്ത് സംഘർഷങ്ങളുണ്ടാകും. അതു സംഘട്ടനത്തിലേക്കും രക്തച്ചൊരിച്ചിലേക്കും നയിക്കും. പക്ഷേ അതു തന്നെയാണല്ലോ മാനവചരിത്രത്തെ രക്തപങ്കിലമാക്കുന്ന മുഖ്യഘടകം. മോഷ്ടിക്കരുത് എന്ന പ്രമാണത്തിന്റെ ലംഘനമാണ് അനീതിക്കു മുഖ്യകാരണം. എന്നാൽ എന്താണ് മോഷണം എന്നു തീരുമാനിക്കുന്ന കാര്യത്തിൽ വ്യത്യസ്ത മനോഭാവങ്ങളുണ്ടാകാം. അവകാശം എന്നു കരുതി കരസ്ഥമാക്കുന്നത് ചിലപ്പോൾ മോഷണമാകാം. അതുപോലെ തന്നെ, മോഷണമെന്നു മുദ്രകുത്തുന്ന പലതും മോഷണമല്ലെന്നും വരും.

ദൈവം എല്ലാവർക്കുംവേണ്ടി സൃഷ്ടിച്ചതാണ് ഭൂമി. അതു പൊതുസ്വത്താണ്; അഥവാ സകല ജീവജാലങ്ങളുടെയും അമ്മയാണ് ഭൂമി. അതേസമയം ഓരോ വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും അതിൽ ജീവിതത്തിന് ആവശ്യമായത് കണ്ടെത്താൻ അവകാശമുണ്ട്. ഇവിടെ പൊതുസ്വത്തും സ്വകാര്യസ്വത്തും തമ്മിൽ ഒരു സന്തുലിതാവസ്ഥ ആവശ്യമായി വരുന്നു. അതിനു സഹായിക്കുന്നതാണ് മോഷ്ടിക്കരുത് എന്ന പ്രമാണം.

"മോഷ്ടിക്കരുത്" എന്ന പ്രമാണത്തിന് നിഷേധാത്മകവും ഭാവാത്മകവുമായ രണ്ടു വശങ്ങളുണ്ട്. ഒരാൾക്ക് അവകാശപ്പെട്ടത് മറ്റൊരാൾ കരസ്ഥമാക്കരുത് എന്നതാണ് വിലക്ക്. അതേസമയം ഒരാൾക്കു ജീവിക്കാൻ ആവശ്യമായതു ലഭ്യമാക്കണം എന്ന കല്പനയും ഈ പ്രമാണത്തിൽ ഉൾച്ചേർന്നിരിക്കുന്നു. ദൈവംതന്നെയാണ് ഇവ രണ്ടിന്റെയും അടിസ്ഥാനം. ദൈവികനിയമമാണ് ഇതിനു സംരക്ഷണമായി നില്ക്കുന്നത്. ഇതിനെ ലംഘിക്കുന്നത് ദൈവത്തിനെതിരേ ചെയ്യുന്ന പാപമായി പരിഗണിക്കപ്പെടും, കഠിനമായ ശിക്ഷ വിളിച്ചുവരുത്തുന്ന മാരകപാപം.

സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ ദൈവം മനുഷ്യനു നിശ്ചയിക്കുന്ന ലക്ഷ്യത്തിൽത്തന്നെ ഈ ദാനവും ദൗത്യവും കാണാം. "നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക്... ഭൂമി മുഴുവന്റെയും... മേൽ ആധിപത്യമുണ്ടായിരിക്കട്ടെ" (ഉൽപ 1,26-28). ഇതിന്റെ ഒരു വിശദീകരണം ഉൽപ 2,5-14 ൽ ഉണ്ട്. "ഏദേൻ തോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനുമായി

കർത്താവ് മനുഷ്യനെ അവിടെയാക്കി." എല്ലാവർക്കും വളർന്നുവികസിക്കാൻ ആവശ്യമായതു ദൈവം സൃഷ്ടിച്ചിട്ടുണ്ട്; എല്ലാ മനുഷ്യർക്കുമായി നല്കിയിട്ടുമുണ്ട്. ദൈവത്തിന്റെ പ്രതിനിധിയും അവിടുത്തെ തോട്ടം സൂക്ഷിപ്പുകാരനും എന്ന നിലയിൽ ഈ ഭൂമിയിൽ അധ്വാനിക്കാനും വിഭവങ്ങൾ എല്ലാവർക്കും ലഭ്യമായ വിധത്തിൽ വിതരണം ചെയ്യാനും മനുഷ്യന് ഉത്തരവാദിത്വമുണ്ട്. മനുഷ്യൻ ഈ ഉത്തരവാദിത്വം നിർവ്വഹിക്കുന്നു എന്നു ഉറപ്പുവരുത്തുന്നതാണ് ചർച്ചാവിഷയമായ പ്രമാണങ്ങൾ.

വാഗ്ദത്തഭൂമിയെ ലക്ഷ്യംവച്ചു യാത്രചെയ്യുന്ന ഇസ്രായേൽ ജനം തങ്ങളുടെ യാത്രാമദ്ധ്യേ ഈ അവകാശവും കടമയും പഠിച്ചു; പഠിക്കാൻ ദൈവം അവർക്ക് നിരവധി അവസരങ്ങൾ നല്കി. നൂറ്റാണ്ടുകളായി തങ്ങളെക്കൊണ്ട് അടിമവേല ചെയ്യിച്ച്, തങ്ങളുടെ അധ്വാനഫലം അന്യായമായി കൈവശംവച്ച ഈജിപ്തുകാരിൽനിന്ന് ഇസ്രായേൽക്കാർ പൊന്നും വെള്ളിയുംകൊണ്ടുള്ള ആഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചുവാങ്ങി അവരെ കൊള്ളയടിച്ചത് നീതിപൂർവ്വകമായൊരു പ്രവൃത്തി ആയിട്ടാണ് ബൈബിൾ അവതരിപ്പിച്ചിരിക്കുന്നത് (പുറ 12, 35-36). മോഷ്ടിക്കരുത് എന്ന പ്രമാണത്തിന്റെ ഭാവാത്മകവും ഒരുപക്ഷേ ബൈബിളിൽ ആദ്യത്തേതുമായ ഒരു വ്യാഖ്യാനമായി ഈ സംഭവത്തെ കാണാവുന്നതാണ്. തങ്ങൾക്കവകാശപ്പെട്ടത് എടുക്കുക മാത്രമാണ് ഇസ്രായേൽക്കാർ ചെയ്തത് എന്നത്രേ ധ്വനി. അനുദിനജീവിതത്തിൽ അനേകം വ്യാഖ്യാനസാധ്യതകൾ ഉള്ളതാണ് ഈ സംഭവം. വിശക്കുന്നവന് ആഹാരം ലഭിക്കുക എന്നത് സ്വകാര്യ സ്വത്തുടമസ്ഥതയേക്കാൾ പ്രധാനപ്പെട്ടതായി ബൈബിൾ കാണുന്നു. അതിനാലാണല്ലോ അരികുതീർത്തു കൊയ്യരുത്, കാലാപെറുക്കരുത്, വഴിയിൽ വീഴുന്ന കറ്റ എടുക്കരുത് (ലേവ്യർ 19, 9-10) മുന്തിരിത്തോട്ടത്തിലൂടെ കടന്നുപോകുമ്പോൾ മുന്തിരിങ്ങാ പറിച്ചു ഭക്ഷിക്കാം (നിയ 23, 24-25) എന്നൊക്കെ കല്പിച്ചിരിക്കുന്നത്.

ദൈവം ആകാശത്തുനിന്ന് ദാനമായി വർഷിച്ച മന്നായെ സംബന്ധിച്ച വിവരണത്തിൽ ഈ പ്രമാണത്തിന്റെ മറ്റൊരു മാനം ദൃശ്യമാണ്. മന്നാ സമൃദ്ധമായി പെയ്തു. എത്ര വേണമെങ്കിലും അവർക്കു ശേഖരിക്കാമായിരുന്നു. എന്നാൽ ഇവിടെ ഒരു നിബന്ധനവയ്ക്കുന്നു. "കർത്താവ് കല്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്. ഓരോരുത്തനും തന്റെ കൂടാരത്തിലുള്ള ആളിന്റെ എണ്ണമനുസിച്ച് ആളൊന്നിന് ഒരു ഓമർവീതം ശേഖരിക്കട്ടെ" (പുറ 16,16). എന്നാൽ കല്പന ലംഘിച്ച്

ചിലർ കൂടുതൽ ശേഖരിച്ചു; മറ്റുചിലർക്ക് കുറച്ചേ കിട്ടിയുള്ളു. എന്നാൽ പിന്നീട് അളന്നുനോക്കിയപ്പോൾ ഈ വ്യത്യാസം കണ്ടില്ല; എല്ലാവർക്കും തുല്യമായ വിഹിതമാണ് ലഭിച്ചത്. അന്നന്നത്തെ ആവശ്യത്തിനുമാത്രമേ ശേഖരിക്കാവൂ, ഒന്നും സൂക്ഷിച്ചുവയ്ക്കരുത് എന്ന നിയമം മാനിക്കാതെ ചിലർ തങ്ങൾ ശേഖരിച്ചതിൽ അല്പം പിറ്റേദിവസത്തേക്കായി മാറ്റിവച്ചു. എന്നാൽ അത് പുഴുത്തു മോശമായി (പുറ, 16,17-21). ദൈവം നല്കിയിരിക്കുന്ന ഭൗതികസമ്പത്ത് എപ്രകാരം ഉപയോഗിക്കണം എന്നു വ്യക്തമായി പഠിപ്പിക്കുന്ന ഒരു സംഭവമാണിത്. ഓരോരുത്തരും ആവശ്യത്തിനുമാത്രമേ എടുക്കാവൂ. മറ്റുള്ളവർക്ക് അവകാശപ്പെട്ടതു ശേഖരിച്ചു സൂക്ഷിച്ച് ധനികനാകാൻ ശ്രമിക്കരുത്.

മന്നായെ സംബന്ധിച്ചു മാത്രമല്ല, ഭൂമിയെയും അതിലെ സകല വിഭവങ്ങളെയും കുറിച്ചും ഈ ഉദാഹരണം പ്രസക്തമാണ്. ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻദേശം ഇസ്രായേൽ ഗോത്രങ്ങൾക്കായി വിഭജിച്ചപ്പോൾ എല്ലാവർക്കും ഒരുതുണ്ടു ഭൂമി കിട്ടി. അത് തലമുറയായി കൈമാറപ്പെടണം. ഏതെങ്കിലും കാരണത്താൽ ഒരാൾ തന്റെ പിതൃസ്വത്ത് അന്യാധീനപ്പെടുത്തിയാൽ ജൂബിലിവർഷത്തിൽ അത് ആദ്യ ഉടമയ്ക്കു തിരിച്ചുകിട്ടണം (ലേവ്യ 25, 28). ദൈവം സ്വതന്ത്രരായി സൃഷ്ടിക്കുകയും പിന്നീട് അടിമത്തത്തിൽനിന്നു സ്വതന്ത്രരാക്കുകയും ചെയ്ത ജനം ആരെയും അടിമകളാക്കരുത്; സ്വയം അടിമകളാവുകയുമരുത്. എന്നാൽ ഏതെങ്കിലും കാരണത്താൽ ഒരാൾ അടിമയായിത്തീർന്നാൽ ഇസ്രായേൽക്കാരനെങ്കിൽ സാബത്തു വർഷത്തിലും വിജാതീയനെങ്കിൽ ജൂബിലിവർഷത്തിലും അയാൾക്കു സ്വാതന്ത്ര്യം ലഭിക്കണം (നിയ 15,12; ലേവ്യ 25, 39-55). ഇപ്രകാരം സാമൂഹ്യനീതി പുനഃസ്ഥാപിക്കുന്നതിനുള്ള ക്രമീകരണമായിരുന്നു സാബത്ത് - ജൂബിലിവർഷങ്ങൾ.

അയല്ക്കാരന്റെ സ്വത്ത് കൈവശപ്പെടുത്തുന്നത് കഠിനമായ കുറ്റമായി പരിഗണിക്കപ്പെട്ടിരുന്നു - ദൈവശാപം വിളിച്ചുവരുത്തുന്ന മാരകപാപം. "അയല്ക്കാരന്റെ അതിർത്തിക്കല്ലു മാറ്റുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ" (നിയ 27,17). സ്വകാര്യവ്യക്തികൾ തമ്മിലുള്ള അതിർത്തിബന്ധങ്ങളിൽ മാത്രമല്ല ഈ നിയമവും ശാപവും പ്രസക്തമാകുന്നത്. രാജ്യങ്ങൾ തമ്മിലും ഇതു പ്രസക്തമാകുന്നു. ലോകചരിത്രം രേഖപ്പെടുത്തുന്ന യുദ്ധങ്ങളുടെയെല്ലാം മുഖ്യകാരണം ഈ അതിർത്തിലംഘനങ്ങളും കയ്യേറ്റങ്ങളുമായിരുന്നല്ലോ. ഇന്നും രാജ്യാതിർത്തികൾ നിർണ്ണയിക്കലും മാറ്റിപ്രതിഷ്ഠിക്കലും തന്നെയാണല്ലോ സംഘർഷ

ങ്ങളുടെ ഒരു മുഖ്യകാരണം. വ്യാവസായിക-വിനോദയാത്ര വികസന ങ്ങളുടെ പേരിൽ കർഷകന്റെ തുണ്ടുഭൂമി ബലമായി പിടിച്ചെടുക്കുകയും പകരം ന്യായമായ പരിഹാരം നല്കാതിരിക്കുകയും ചെയ്യുന്നിടത്ത് ഈ നിയമലംഘനം കാണാം. പതിനായിരക്കണക്കിന് ആളുകൾ കുടി യിറക്കപ്പെടുകയും ജീവിക്കാൻ ഒരിടവും ലഭിക്കാതെ അലയുകയും ചെയ്യുന്നതും ഈ നിയമം പാലിക്കപ്പെടാത്തതുകൊണ്ടല്ലേ? ജനാധി പത്യപ്രക്രിയയിലൂടെ ജനം തിരഞ്ഞെടുത്തത് അധികാരത്തിൽ പ്രതി ഷ്ഠിച്ച സർക്കാരുകൾ തന്നെ ഇപ്രകാരമുള്ള നീതി നിഷേധത്തിനു സഹായകമായ നിയമങ്ങൾ നിർമ്മിച്ച് നടപ്പിലാക്കുന്നത് ദൈവികനി യമത്തിന്റെ ലംഘനമാകുന്നു; ദൈവത്തിന്റെ ന്യായാസനത്തിനുമുമ്പിൽ കണക്കു പറയേണ്ട കുറ്റം.

കൂലിയെ സംബന്ധിച്ച ചില സുപ്രധാന നിർദ്ദേശങ്ങൾ ഈ നിയ മത്തിന്റെ ഭാഗമായി ബൈബിൾ അവതരിപ്പിക്കുന്നുണ്ട്. ദൈവം സൃഷ്ടിച്ച ഭൂമിയിൽ മനുഷ്യന്റെ അധ്വാനമാണ് സമ്പത്തുണ്ടാക്കുന്ന ത്. അതിനാൽ അധ്വാനിക്കുന്ന മനുഷ്യന് അർഹമായ കൂലി ലഭിക്ക ണം. എന്നാൽ ഭൂമിയും മറ്റു വിഭവങ്ങളും പല മാർഗ്ഗങ്ങളിലൂടെ കയ്യട ക്കുന്നവർ തങ്ങളുടേതെന്ന് അവകാശപ്പെടുന്ന ഭൂമിയിൽ അധ്വാനിക്കു ന്നവർക്കു പലപ്പോഴും ന്യായമായ കൂലി നല്കാറില്ല. ഇതിനെയും കഠി നമായ കുറ്റമായിട്ടാണ് ബൈബിൾ വീക്ഷിക്കുന്നത്. "അഗതിയും ദരി ദ്രനുമായ കൂലിക്കാരനെ, അവൻ നിന്റെ അയല്ക്കാരനോ... പരദേ ശിയോ ആകട്ടെ, നീ പീഡിപ്പിക്കരുത്. അവന്റെ കൂലി അന്നന്നു സൂര്യ നസ്തമിക്കുന്നതിനു മുൻപു കൊടുക്കണം.... അവൻ നിനക്കെതിരായി നിലവിളിച്ചാൽ നീ കുറ്റക്കാരനായിരിക്കും" (നിയ 24,14-15). "വേല ക്കാരന്റെ കൂലി കൊടുക്കാതിരിക്കുന്നത് രക്തച്ചൊരിച്ചിലാണ്" (പ്രഭാ 34, 22), ആ രക്തം, ആബേലിന്റെ രക്തംപോലെ, പ്രതികാരത്തിനായി നിലവിളിക്കും. ദൈവം നിലവിളി കേൾക്കും (യാക്കോ 5, 4).

വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുന്നത് മോഷ ണമാണ് എന്ന കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ ആധുനിക-ആ ഗോള സമ്പദ്വ്യവസ്ഥയിൽ നിലനില്ക്കുന്ന അനീതിയുടെ ഭീകരത വ്യക്തമാകും. ഒരേ ജോലിക്കുതന്നെ നല്കുന്ന കൂലിയിൽ വലിയ ഏറ്റ ക്കുറച്ചിലുകൾ കാണാം. അതു പുരുഷനും സ്ത്രീയും തമ്മിലുള്ള വ്യത്യാസമാകാം; സ്വദേശിയും വിദേശിയും തമ്മിലാകാം. അതുപോ ലെതന്നെ വ്യത്യസ്ത ജോലികൾക്കു നല്കുന്ന കൂലിയിലുള്ള ഭീമ മായ അന്തരത്തെയും മോഷണമായിത്തന്നെയല്ലേ പരിഗണിക്കേണ്ടത്?

ഒരേ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോക്ടർ, നേഴ്സ്, തൂപ്പുകാർ തുടങ്ങി വ്യത്യസ്ത തട്ടുകളിലെ ജോലികൾക്കു കൊടുക്കുന്ന കൂലിയിലുള്ള അന്തരം ഉദാഹരണമായെടുക്കാം. ഒരോരുത്തരും ചെയ്യുന്ന ജോലിയുടെ പ്രാധാന്യവും അതിനാവശ്യമായ പരിശീലനവും വ്യത്യസ്തമാണ്; അതിനാൽത്തന്നെ വേതനത്തിലും വ്യത്യാസമുണ്ടാവുക സ്വാഭാവികമത്രേ. എന്നാൽ ഡോക്ടർമാർക്ക് അനേകലക്ഷം കൊടുക്കുമ്പോൾ മറ്റു ജോലിക്കാർക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനംപോലും കൊടുക്കാതിരിക്കുന്നതിനെ മോഷണം എന്നല്ലാതെ എന്തു വിളിക്കും. ജോലികളിൽ താഴ്ന്നതും ഉയർന്നതും എന്ന തരംതിരിവും അതുവഴി സമൂഹത്തിൽ നല്കപ്പെടുന്ന ആദരവും അവഗണനയും എല്ലാം ഈ പ്രമാണത്തിന്റെ പരിധിയിൽ പരിഗണിക്കേണ്ടതില്ലേ? പ്രഗത്ഭരെന്നു ഖ്യാതിനേടിയ ഡോക്ടറെ ഒരു ഹോസ്പിറ്റലിൽനിന്നു പറിച്ചെടുത്തു സ്വന്തമാക്കാൻ ശ്രമിക്കുന്ന മറ്റൊരു ഹോസ്പിറ്റൽ ഭീമമായ തുക വാഗ്ദാനം ചെയ്യുന്നു; അതിനാവശ്യമായ തുക രോഗികളെ പിഴിഞ്ഞും ജോലിക്കാർക്കു നീതി നിഷേധിച്ചും സമാഹരിക്കുന്നു. ഇങ്ങനെ മോഷണത്തിന്റെ എത്രയെത്ര മുഖങ്ങൾ! ന്യായമായ വേതനം നല്കാതിരിക്കുന്നതു മോഷണമാണെങ്കിൽ അർഹമല്ലാത്ത കൂലി സംഘടനാബലമോ സ്വാധീനമോ ഉപയോഗിച്ച് ഈടാക്കുന്നതും മോഷണം തന്നെയെന്നു സമ്മതിച്ചേ മതിയാകൂ.

ന്യായമായ കൂലി നിഷേധിക്കുന്നതും അന്യായകൂലി വാങ്ങുന്നതുംപോലെതന്നെ, ഒരു പക്ഷേ അതിനേക്കാൾ ഒരുപടി കൂടുതൽ കുറ്റകരമാണ് കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും. അർഹതയില്ലാത്തതു ലഭിക്കാൻവേണ്ടി കൈക്കൂലി കൊടുക്കുന്നവരുണ്ട്; അർഹതമായതു കൊടുക്കാൻവേണ്ടി കൈക്കൂലി വാങ്ങുന്നവരുമുണ്ട്. ഇന്ന് ഇതൊരു ആഗോളപ്രതിഭാസമായിത്തീർന്നിരിക്കുന്നതിനാൽ ഒരു അലിഖിതനിയമമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എന്നാലും ചെറിയ തുക കൈക്കൂലി വാങ്ങിയവരെ കുറ്റക്കാരായി പരിഗണിച്ച് ശിക്ഷിക്കുക വിളരമായെങ്കിലും സംഭവിക്കുമ്പോഴും കോടികൾ വാങ്ങിയവർ മാന്യരായി നടക്കുന്നു. "കൈക്കൂലി വാങ്ങരുത്; അതു വിജ്ഞനെ അന്ധനാക്കുന്നു; നീതിമാനെ കള്ളം പറയാൻ പ്രേരിപ്പിക്കുന്നു" (പുറ 23, 8; നിയമ 16,19) എന്ന തിരുവചനം ഇവിടെ പ്രസക്തമാകുന്നു.

വ്യാപാരത്തിലും വ്യവസായത്തിലും നിലനില്ക്കുന്ന അനീതിയും മോഷണത്തിന്റെ പരിധിയിൽ വരുന്നതായി കാണാം. "ലാഭം" എന്നാണതിനെ വിശേഷിപ്പിക്കുന്നതെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ

ഈ ലാഭംതന്നെ മോഷണമാണെന്നു വ്യക്തമാകും. പ്രതിവർഷം സഹസ്രകോടികളുടെ ലാഭം പ്രഖ്യാപിക്കുന്ന ബാങ്കുകൾ, വ്യവസായ സ്ഥാപനങ്ങൾ മുതലായവ ഏതു മാർഗ്ഗത്തിലാണ് ഈ വലിയ ലാഭമുണ്ടാക്കുന്നത് എന്നു ചോദിക്കാൻ ആരും മെനക്കെടാറില്ല. മരുന്നുകമ്പനികൾ കൊയ്യുന്ന കോടികൾ മനുഷ്യജീവനു വിലപറഞ്ഞു സമ്പാദിക്കുന്നതാണെന്ന കാര്യം നിഷേധിക്കാനാവുമോ? പ്രകൃതിവിഭവങ്ങൾക്കും കാർഷികോല്പന്നങ്ങൾക്കും തുഛമായ വില നല്കി വ്യവസായ സ്ഥാപനങ്ങൾ സമ്പാദിക്കുന്ന അമിതലാഭത്തിലും മോഷണംതന്നെയല്ലേ കാണുന്നത്? കാർഷികോല്പന്നമായ റബറും വ്യാവസായികോല്പന്നമായ ടയറും ശ്രദ്ധേയമായ ഉദാഹരണമാണ്. രണ്ടുവർഷം മുമ്പ് കിലോക്ക് 250 ക. കർഷകനു ലഭിച്ചിരുന്ന റബറിന് ഇന്നു വില 100 ക. എന്നാൽ ടയറിന്റെ വില കൂടിയതല്ലാതെ അല്പംപോലും കുറഞ്ഞിട്ടില്ല. ഇത് ചെറിയൊരുദാഹരണം മാത്രം.

പണത്തെ ഏറ്റവും വലിയ മൂല്യമായി കരുതുകയും ഏതുവിധേനയും അതാർജിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന മനോഭാവത്തിന്റെ നാരായവേരറക്കുന്നതാണ് ഏഴും ഒമ്പതും പ്രമാണങ്ങൾ. ഏതു മാർഗ്ഗത്തിലൂടെ ആർജിച്ചതായാലും കുഴപ്പമില്ല, ധനം ഭാവിക്കു സുരക്ഷിതത്വവും സമൂഹത്തിൽ വലിയ സ്ഥാനവും നല്കും എന്ന ചിന്തയാണല്ലോ പലവിധത്തിലുള്ള മോഷണങ്ങൾക്കും പ്രേരിപ്പിക്കുന്നത്. ചിന്തകൾ ബോധ്യങ്ങളിലേക്കും ബോധ്യങ്ങൾ പ്രവർത്തനത്തിലേക്കും മനോഭാവങ്ങളിലേക്കും ജീവിതശൈലിയിലേക്കും നയിക്കുന്നു. അതിനാൽ മൂല്യങ്ങളുടെ തലത്തിലാണ് വ്യതിയാനം ആവശ്യം എന്ന് ബൈബിൾ പഠിപ്പിക്കുന്നു.

ഈ ഭൂമിയും ഇതിലെ വിഭവങ്ങളും എല്ലാവർക്കും അവകാശപ്പെട്ടതാണ്. ഞാൻ അർഹിക്കുന്നതിൽ കൂടുതൽ എടുത്താൽ അത് മോഷണമാകും. പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണവും തന്മൂലം സംജാതമാകുന്ന ജല-വായു മലിനീകരണം, ധാതുക്കളുടെ ശോഷണം, കാലാവസ്ഥ വ്യതിയാനം മുതലായ അനേകം ദുരന്തങ്ങളും ഈ പ്രമാണം ലംഘിക്കുന്നതിന്റെ ഫലമല്ലേ? വരുംതലമുറകൾക്കവകാശപ്പെട്ടത് ഇന്നു നാം തിന്നുതീർക്കരുത്!

സ്വരുക്കൂട്ടി വയ്ക്കുന്ന ഭൗതികസമ്പത്ത് മനുഷ്യജീവിതത്തെ ധന്യമാക്കുകയില്ല. മരിക്കുമ്പോൾ ഒന്നും കൂടെകൊണ്ടുപോകാൻ കഴിയുകയില്ല (ലൂക്കാ 12,15-21). ഈ സത്യം അംഗീകരിക്കാതെ സാമൂഹിക നീതി നടപ്പിലാക്കുക സാധ്യമല്ല. അതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊ

ന്നുകൂടെയുണ്ട്. വില്ക്കൽ - വാങ്ങലിലെ ഒരു വിനിമയോപാധി എന്ന നിലവിട്ട് പണം അതിൽത്തന്നെ ഒരു പരമമൂല്യമായി പരിഗണിക്കാൻ തുടങ്ങുന്നിടത്ത് വിഗ്രഹാരാധന ഉടലെടുക്കുന്നു. അതുകൊണ്ടാണ് യേശു ധനത്തെ “മാമോൻ” എന്നു വിശേഷിപ്പിച്ചത്. ദൈവത്തിനു മാത്രം നല്കേണ്ട ആരാധന ആവശ്യപ്പെടുന്ന മാമോൻ ഇന്ന് സകല വേദികളിലും, രാഷ്ട്രീയവും സാമൂഹികവും മാത്രമല്ല മതപരമായ വേദി കളിൽപ്പോലും ആധിപത്യം സ്ഥാപിച്ചിരിക്കുന്നതുപോലെ തോന്നും.

ഏതു പ്രവൃത്തിയുടെയും മുഖ്യലക്ഷ്യം സാമ്പത്തികലാഭമാ ണെന്ന നില വന്നുചേരുന്നു. വ്യാപാരവ്യവസായ സ്ഥാപനങ്ങൾ മാത്ര മല്ല, തിരുനാളാഘോഷങ്ങളും ബൈബിൾ കൺവൻഷനുകളും, ധ്യാന പരിപാടികളും പോലും നടത്തിക്കഴിയുമ്പോൾ സംഘാടകരുടെ മുഖ്യവ്യഗ്രത “എന്തു മിച്ചമുണ്ട്” എന്നാണെങ്കിൽ മതാചാര ങ്ങൾപോലും മോഷണത്തിനുള്ള വേദിയാകുന്നില്ലേ എന്നു സംശയി ക്കണം. ഇവിടെ മാമോൻ ദൈവത്തിന്റെ സ്ഥാനത്തു കയറിപ്പറ്റുന്നു. ദീർഘമായ പ്രാർത്ഥനയുടെ മറവിൽ വിധവകളുടെ വീടു വിഴുങ്ങുന്ന വരുടെ എണ്ണം വർദ്ധിക്കുന്നു (മർക്കോ 12, 38–44). മാമോൻ ആരാധന യ്ക്കെതിരെ ജാഗ്രത പാലിക്കാനും സമൂഹത്തിലെ എല്ലാവർക്കും നീതി ലഭിക്കാനും സഹായിക്കുന്നതാണ് മോഷ്ടിക്കരുത്, മോഹിക്കരുത് എന്ന പ്രമാണങ്ങൾ.

# 14

# വ്യാജസാക്ഷ്യം അരുത്

“സാമൂഹ്യനീതി സംജാതമാകാനും നിലനില്ക്കാനും അവശ്യം വേണ്ട ഒരു ഘടകമാണ് സത്യത്തോടുള്ള തുറവിയും സത്യം അംഗീകരിക്കാനും പ്രവർത്തിക്കാനും നടപ്പിലാക്കാനുമുള്ള സന്നദ്ധതയും. “നിന്റെ അയല്ക്കാരനെതിരെ കള്ളസാക്ഷ്യം പറയരുത്”(പുറ 20,16) എന്നാണ് എട്ടാം പ്രമാണം അനുശാസിക്കുന്നത്. അവതരണം നിഷേധാത്മകവും സങ്കുചിതവുമാണെന്നു തോന്നാം. കാരണം ‘അയല്ക്കാരൻ’ എന്ന പ്രയോഗം പഴയനിയമത്തിൽ മുഖ്യമായും ഇസ്രായേൽക്കാരെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. വിജാതിയരെ അന്യരായി പരിഗണിച്ചിരുന്നു. ഇരുവരോടുമുള്ള സമീപനത്തിൽ വ്യത്യാസങ്ങളും നിർദ്ദേശിച്ചിരുന്നു. തന്നെയുമല്ല, സാക്ഷ്യം എന്ന പ്രയോഗം നീതിന്യായ കോടതിയിലെ വിചാരണയിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. അതിനാൽ കോടതിയിൽ വിചാരണ ചെയ്യപ്പെടുമ്പോൾ സ്വന്തം ജനത്തിൽ ഒരുവനായ അയല്ക്കാരെനെതിരേ കള്ളസാക്ഷ്യം പറയരുത് എന്ന് വളരെ സങ്കുചിതമായ അർത്ഥത്തിൽ ഈ പ്രമാണത്തെ ഒതുക്കാൻ കഴിയും. എന്നാൽ ഇതു മാത്രമല്ല എട്ടാം പ്രമാണം ലക്ഷ്യം വയ്ക്കുന്നത്. ഈ പ്രമാണത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ ഔദ്യോഗികപ്രബോധനം സാർവ്വത്രികസഭയുടെ മതബോധനഗ്രന്ഥം (CCC) 2464-2513 ഖണ്ഡികകളിൽ അവതരിപ്പിച്ചിട്ടുണ്ട്.

അവതരണം നിഷേധാത്മകമാണെങ്കിലും, മറ്റ് പ്രമാണങ്ങളിലെന്നതുപോലെ ഇവിടെയും ഉള്ളടക്കം ഭാവാത്മകമാണ്. നുണ പറയാതിരിക്കുക എന്നത് ഒരു പുറംവേലി പോലെ കരുതിയാൽ മതിയാകും. സത്യം സംരക്ഷിക്കപ്പെടുകയാണ് ഈ പ്രമാണത്തിന്റെ ലക്ഷ്യം. "എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ 8, 31-32) എന്ന ഗുരുമൊഴിയിൽ ഈ പ്രമാണത്തിന്റെ ആത്യന്തികലക്ഷ്യം പ്രകടമാകുന്നു. സത്യമാണ് സ്വാതന്ത്ര്യം നല്കുന്നത്, സത്യമാണ് നീതിനിഷ്ഠമായ സമൂഹത്തിന്റെ അടിത്തറ. അതിനാൽ സത്യം അന്വേഷിക്കാനും പറയാനും പ്രവർത്തിക്കാനും ജീവിക്കാനും ഓരോ വ്യക്തിയും സമൂഹവും കടപ്പെട്ടിരിക്കുന്നു എന്ന് ഈ പ്രമാണം ഉദ്ബോധിപ്പിക്കുന്നു. സത്യം നിഷേധിക്കുന്നിടത്ത് സ്വാതന്ത്ര്യം അവസാനിക്കുന്നു; അടിമത്തം ഉടലെടുക്കുന്നു; നീതി നിഷേധിക്കപ്പെടുന്നു.

സമൂഹജീവിതത്തിന് അവശ്യം ആവശ്യമായ പരസ്പരവിശ്വാസം അടിയുറപ്പിച്ചിരിക്കുന്നത് സത്യത്തിലാണ്. കാണുന്നതും കേൾക്കുന്നതും സത്യമാണെന്ന ബോധ്യത്തിലേ വ്യക്തിക്കും സമൂഹത്തിനും ജീവിക്കാൻ കഴിയൂ. സത്യം നിഷേധിക്കപ്പെടുന്നിടത്ത് അനീതിയും അക്രമവും, ചുരുക്കത്തിൽ തിന്മ ഉടലെടുക്കുന്നു. ബൈബിളിൽ ഉടനീളം പ്രകടമാകുന്ന ഒരു യാഥാർത്ഥ്യമാണിത്. നന്മ മാത്രമായി ദൈവം സൃഷ്ടിച്ച ഈ ഭൂമിയിലേക്ക് തിന്മ കടന്നുവന്നത് തന്നെ ഒരു നുണയിലൂടെയാണെന്ന് ആദിചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ അംഗീകരിക്കണം, വിശ്വസിക്കണം, അനുസരിക്കണം. എങ്കിൽ മാത്രമേ അവിടുത്തോടൊന്നിച്ചു ജീവിക്കാൻ മനുഷ്യനു കഴിയൂ എന്ന് അനുസ്മരിപ്പിക്കുന്നതായിരുന്നു നന്മ തിന്മയുടെ അറിവിന്റെ വൃക്ഷത്തെക്കുറിച്ചുള്ള താക്കീത്: "തിന്നരുത്. തിന്നുന്ന ദിവസം നീ മരിക്കും" (ഉല്പത്തി 2, 17). ഈ കല്പനയെ വളച്ചൊടിച്ച് ദൈവത്തെ നുണയനും സ്വാർത്ഥമതിയും അസൂയാലുവുമായി ചിത്രീകരിച്ചുകൊണ്ട് തിന്മയുടെ ശക്തി മനുഷ്യനെ പ്രലോഭിപ്പിച്ചു; ദൈവത്തിനെതിരേ തിരിച്ചു; സകല തിന്മകൾക്കും അധീനനാക്കി: "നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം."(ഉൽപ 3, 5). ഇവിടെയാണ് അനീതിയടക്കം സകല തിന്മകളു

ടെയും തുടക്കം. അതിനാലാണ് പിശാചിനെ "നുണയനും നുണയുടെ പിതാവും" (യോഹ 8,44) എന്ന് യേശു വിശേഷിപ്പിച്ചത്.

സത്യം മറച്ചുവച്ച്, നുണ സത്യമായി അവതരിപ്പിക്കുന്നതിന്റെയും തന്മൂലം സംജാതമാകുന്ന അനീതികളുടെയും ഉദാഹരണങ്ങൾ ബൈബിളിൽ ധാരാളമുണ്ട്. അപ്പന്റെ അനുഗ്രഹത്തിനുവേണ്ടി ആട്ടിൻതോൽ പുതച്ച് ജ്യേഷ്ഠനായ ഏസാവ് ആണ് താൻ എന്ന നുണ പറഞ്ഞ യാക്കോബും (ഉല്പ 27), ജോസഫിനെ കാട്ടുമൃഗങ്ങൾ തിന്നു വെന്നു പറഞ്ഞ സഹോദരന്മാരും (ഉൽപ 37, 32-34), തന്റെ ഇംഗിത ത്തിനു വഴങ്ങാത്തതിന്റെ പേരിൽ ജോസഫിനെതിരെ വ്യാജാരോപ ണങ്ങൾ ഉന്നയിച്ച പൊത്തിഫറിന്റെ ഭാര്യയും (ഉൽപ 39, 7-20), നാബോ ത്തിനെ കല്ലെറിഞ്ഞുകൊന്ന് അവന്റെ മുന്തിരിതോട്ടം കയ്യേറാൻ വേണ്ടി വ്യാജസാക്ഷ്യം നല്കാൻ കല്പനയിറക്കിയ ജെസബെലും (1രാജാ 21), തങ്ങൾക്കു വഴങ്ങാത്ത സൂസന്നയ്ക്കെതിരേ വ്യഭിചാരകുററം ആരോപിച്ചുകൊല്ലാൻ വിധിയെഴുതിയ ന്യായാധിപന്മാരും (ദാനി 13) പോലെ എത്രയെത്ര ഉദാഹരണങ്ങൾ! സമൂഹത്തിൽ നീതി നില നിൽക്കണമെങ്കിൽ സത്യം ജയിച്ചേ മതിയാകൂ.

ദൈവം തനിക്കു സ്വന്തമായി ഒരു ജനത്തെ തിരഞ്ഞെടുത്ത് അവ രുമായി ഉടമ്പടി ചെയ്തത് ഈ ഭൂമിയിൽ സത്യം നിലനിർത്തുന്നതിന്, സത്യത്തിന് സാക്ഷ്യം വഹിക്കുന്നതിനു വേണ്ടിയായിരുന്നു. സത്യം ഒന്നേയുള്ളൂ; ദൈവം. ആ ദൈവത്തിന്റെ തന്നെ പ്രത്യക്ഷികരണവും ആത്യന്തികവുമായ വെളിപ്പെടുത്തലുമാണ് യേശുക്രിസ്തു. എന്താണ് സത്യം എന്ന പീലാത്തോസിന്റെ ചോദ്യത്തിന് (യോഹ 18, 38) യേശു ഉത്തരമൊന്നും പറഞ്ഞില്ല. കാരണം അവൻ നേരത്തെ തന്നെ ഉത്തരം നല്കിക്കഴിഞ്ഞിരുന്നു. "ഞാനാണ് വഴിയും സത്യവും ജീവനുനും (യോഹ 14, 6). ബൈബിളിൽ പ്രത്യക്ഷപ്പെടുന്ന സകല പ്രവാചകന്മാരും സത്യത്തിനു സാക്ഷ്യം വഹിച്ചവരാണ്; വ്യാജത്തെ ചെറുത്തവരാണ്.

നമ്മുടെ നാട്ടിൽ പ്രചാരത്തിലിരിക്കുന്ന ഒരു സാരോപദേശ കഥ യുണ്ട്. നേരും നുണയും കൂടി ഒരിക്കൽ ഒരു തീർത്ഥാടനത്തിനു പോയി. കുറെ ദൂരം നടന്നു കഴിഞ്ഞപ്പോൾ ഒരു പുഴ കണ്ടു. നല്ല വെയിൽ. ഇരുവരും നടന്ന് തളർന്നിരുന്നു. ഒന്ന് കുളിച്ചിട്ട് യാത്ര തുടരാം എന്ന വർ തീരുമാനിച്ചു. വസ്ത്രങ്ങൾ അഴിച്ച് കരയിൽ വച്ചിട്ട് ഇരുവരും കുളിക്കാനായി പുഴയിൽ ഇറങ്ങി. നുണ വേഗം കുളിനിർത്തി കരയ്ക്കു കയറി, നേരിന്റെ തുണിയുടുത്ത് നടന്നു. നേര് കയറി വന്നപ്പോൾ തന്റെ വസ്ത്രം കാണാനില്ല. നുണയുടെ വസ്ത്രം ധരിക്കാൻ താത്പര്യമി

ല്ലാത്തതിനാൽ തുണിയില്ലാതെ തന്നെ യാത്ര തുടർന്നു. അങ്ങനെയാണത്രേ 'നഗ്നസത്യം' എന്ന പ്രയോഗമുണ്ടായത്.

കണ്ടുപിടിച്ചത് ആരാണെങ്കിലും തികച്ചും അർത്ഥവത്തും പ്രസക്തവുമാണ് കഥ. നേരിന്റെ തുണിയുടുപ്പിച്ച് നുണയെ നേരായി അവതരിപ്പിക്കുന്നതിന്റെ എത്രയോ ഉദാഹരണങ്ങൾ, ബൈബിളിൽ മാത്രമല്ല, നമ്മുടെ ഈ കാലത്തും കാണാം. "നുണയുടെ കയറുകൊണ്ട് അകൃത്യത്തെ വലിച്ചിഴയ്ക്കുന്നവനു ദുരിതം... തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും വിളിക്കുന്നവനു ദുരിതം... കൈക്കൂലി വാങ്ങി കുറ്റവാളിയെ മോചിപ്പിക്കുകയും നിരപരാധകർക്കു നീതി നിഷേധിക്കുകയും ചെയ്യുന്നവർക്കു ദുരിതം!"(ഏശ. 5, 15–23). അതുകൊണ്ടാണ് സത്യം മാത്രമേ പറയാവൂ എന്ന് യേശു കർശനമായി നിർദ്ദേശിക്കുന്നത്. നിങ്ങളുടെ വാക്കുകൾ അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ." (മത്താ 5, 37).

ഏതു സാഹചര്യത്തിലും, ജീവൻ അപകടപ്പെടുത്തിക്കൊണ്ടുപോലും സത്യം പറയാനും സത്യത്തിനു സാക്ഷ്യം വഹിക്കാനും ഈ പ്രമാണം നമ്മെ കടപ്പെടുത്തുന്നു. യേശുവിനും യേശുവിലൂടെ വെളിപ്പെടുന്ന ദൈവരാജ്യത്തിനും  ലോകാതിർത്തികൾ വരെ സാക്ഷ്യം വഹിക്കാനായി നിയോഗിക്കപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ. ഈ സാക്ഷ്യം സമൂഹജീവിതത്തിന്റെ സകല മേഖലകളെയും സ്പർശിക്കണം. പ്രപഞ്ചത്തെയും മനുഷ്യരെയും ഇരുവരും തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ച് വെളിപ്പെടുത്തപ്പെട്ട ദൈവികപദ്ധതിക്കു സാക്ഷ്യം വഹിക്കുകയും സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗം തന്നെ. കള്ളസാക്ഷ്യം പറയരുത് എന്ന കല്പന യഥാർത്ഥത്തിൽ സത്യം പ്രഘോഷിക്കാനുള്ള കല്പനയാണ്; അതുതന്നെയാണല്ലോ സുവിശേഷ പ്രഘോഷണം.

സത്യത്തിനെതിരായി സംഭവിക്കാവുന്ന തെറ്റുകളുടെ നിരവധി ഉദാഹരണങ്ങൾ 'മതബോധനഗ്രന്ഥം' അവതരിപ്പിക്കുന്നുണ്ട്(CCC 2475 2487). നുണപ്രചരണങ്ങൾ, വ്യക്തികൾക്കു മാനഹാനി സംഭവിക്കുന്ന പ്രചരണങ്ങൾ, ഇല്ലാത്തത് ഉണ്ടെന്നു നടിച്ച് വമ്പുപറയൽ തുടങ്ങി അനേകം ഉദാഹരണങ്ങൾ. ചുറ്റും നോക്കിയാൽ ഇപ്രകാരമുള്ള നുണപ്രചരണങ്ങൾ എല്ലായിടത്തും കാണാം. മാധ്യമങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന വാർത്തകൾ തന്നെ എത്ര ഭീകരമായ നുണകളാണ് സത്യത്തിന്റെ ആവരണമണിഞ്ഞു പ്രത്യക്ഷപ്പെടുന്നത്.

ഇന്നു ലോകത്തെത്തന്നെ ഒരു മഹായുദ്ധത്തിന്റെ മുൾമുനയിൽ നിർത്തുന്ന മധ്യപൗരസ്ത്യദേശത്തെ പ്രതിസന്ധിയുടെ ഏറ്റം പ്രധാനപ്പെട്ട തുടക്കം ഒരു നുണയായിരുന്നുവെന്ന് ലോകം തിരിച്ചറിഞ്ഞിരിക്കുന്നു. ഇറാക്കിന്റെ ഭരണാധിപനായിരുന്ന സദ്ദാം ഹുസൈനെ ഉന്മൂലനം ചെയ്യാൻ വേണ്ടി തന്ത്രപൂർവ്വം മെനഞ്ഞെടുത്ത ഒരു കള്ളക്കഥയായിരുന്നു ഇറാക്ക് വൻ വിനാശശേഷിയുള്ള ആയുധങ്ങൾ കൈവശം വച്ചിരിക്കുന്നു എന്നത്. പ്രചരിപ്പിച്ച രാജ്യങ്ങൾക്ക് അതു നുണയാണെന്ന് അറിയാമായിരുന്നു. പക്ഷേ ലോകം അതു വിശ്വസിച്ചു. ഫലമോ? ഇന്നു നാം അനുഭവിക്കുന്ന, ലോകത്തെ മുഴുവൻ പേടിസ്വപ്നത്തിലാഴ്ത്തുന്ന ഇസ്ലാമിക സ്റ്റേറ്റ് പോലുള്ള ഭീകരസംഘടനകൾ.

മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന നുണകളുടെയും അവ വരുത്തിവയ്ക്കുന്ന ദുരന്തങ്ങളുടെയും ഉദാഹരണങ്ങൾ എന്നും തന്നെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. പശു മാംസം ഭക്ഷിച്ചു എന്നാരോപിച്ചു നടത്തപ്പെടുന്ന കൊലപാതകങ്ങൾ. ഇതര മതസ്തരെ ശത്രുക്കളും രാജ്യദ്രോഹികളുമായി താറടിക്കുന്ന പ്രചാരണങ്ങൾ. പ്രവാചകനെതിരേ ദൂഷണം പറഞ്ഞുവെന്നാരോപിച്ച് നടത്തുന്ന വിചാരണ പ്രഹസനങ്ങൾ, മതനിന്ദാ കുറ്റം ചുമത്തി പ്രസ്താവിക്കുന്ന വധശിക്ഷകൾ - സത്യം നിഷേധിക്കപ്പെടുന്നിടത്ത് മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വമില്ല.

ഇത്രതന്നെ മാരകമല്ലെങ്കിൽപ്പോലും വലിയ തിന്മയായിത്തീരുന്ന പരസ്യങ്ങളും ഇവിടെ ശ്രദ്ധേയമാകുന്നു. മുടിയിൽ കരിയും തൊലിയിൽ ചാരവും പുരട്ടി സൗന്ദര്യം വർദ്ധിപ്പിക്കാമെന്നു വ്യാമോഹിപ്പിക്കുന്ന സൗന്ദര്യവർദ്ധക വസ്തുക്കളുടെ പരസ്യം ഒരു ചെറിയ ഉദാഹരണമാണ്. വെളുത്തമുടിയും നിറം മങ്ങിയ മുഖവും സുന്ദരമല്ല എന്ന ധാരണയിൽ വാരിത്തേയ്ക്കുന്ന രാസവസ്തുക്കളുടെ ദോഷഫലം താമസിച്ചായിരിക്കും അറിയുക. വെളിച്ചെണ്ണയിലെ കൊളസ്ട്രോളിനെക്കുറിച്ച് നുണ പ്രചരിപ്പിച്ചത് പനയെണ്ണ വിൽക്കാൻ വേണ്ടിയായിരുന്നു എന്നു വൈകിയാണ് നാം തിരിച്ചറിഞ്ഞത്. പുതിയ വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ മുതലായവയുടെ ദോഷഫലങ്ങൾ മറച്ചുവച്ച് കർഷകരെ കബളിപ്പിക്കുന്ന ബഹുരാഷ്ട്രകമ്പനികൾ വരുത്തിവയ്ക്കുന്ന വൻ വിനകകളുടെ ഭീകരത നാം അനുഭവിച്ചു തുടങ്ങിയിട്ടേയുള്ളൂ.

ഉടമയ്ക്ക് അഭിമാനം, അയല്ക്കാരന് അസൂയ എന്നു പച്ചയ്ക്കു വിളിച്ചുപറയുന്ന പരസ്യങ്ങൾ എന്താണ് ലക്ഷ്യം വയ്ക്കുന്ന

തെന്നറിയാൻ അധികമൊന്നും ആലോചിക്കേണ്ടതില്ല. പരസ്യം തന്നെ വ്യവസായമായി മാറിയിരിക്കുകയാണല്ലോ. ഇല്ലാത്ത അവശ്യബോധം സൃഷ്ടിച്ച്, ആവശ്യമില്ലാത്തവ വാങ്ങിക്കൂട്ടാൻ പ്രേരിപ്പിക്കുകയും വാങ്ങാൻ കഴിയാത്തവരെ നിരാശയിൽ ആഴ്ത്തുകയും മാത്രമല്ല ചെയ്യുന്നത്. ഏതു വിധേനയും അതു സ്വന്തമാക്കാൻ വേണ്ടി എന്ത ക്രമവും അനീതിയും പോലും പ്രവർത്തിക്കാൻ ഈ പരസ്യങ്ങൾ സൃഷ്ടിക്കുന്ന വ്യാമോഹങ്ങൾ മനുഷ്യനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

നുണയുടെ ഒരായിരം മുഖങ്ങൾ ഇനിയും അനാവരണം ചെയ്യാനാകും. എന്നാൽ, സത്യത്തിനു മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യവും നീതിയും നല്കാൻ കഴിയൂ എന്ന അവബോധമാണ് പ്രധാനം. ആ അവബോധമാണ് എട്ടാം പ്രമാണം നല്കുന്നത്. സത്യം പറയണം, സത്യമേ പറയാവൂ എന്ന് നിർദേശിക്കുമ്പോഴും സത്യം പറയുന്നതിലും വിവേകം ആവശ്യമുണ്ട് എന്ന് ഓർമ്മിക്കണം. വ്യക്തികൾക്കും സമൂഹങ്ങൾക്കും അവശ്യം സൂക്ഷിക്കേണ്ട രഹസ്യങ്ങളുണ്ടാകാം. അതു രഹസ്യമായിത്തന്നെ സൂക്ഷിക്കാനുള്ള കടമയും ഈ പ്രമാണത്തിന്റെ ഭാഗമാണ്. സ്വകാര്യ വ്യക്തിയുടെ മൗലികാവകാശങ്ങളുടെ ഭാഗമാണെന്ന ഇന്ത്യൻ സുപ്രീം കോടതിയുടെ അടുത്തകാലത്തുണ്ടായ വിധന നിർണ്ണയം ഇതിനു സാക്ഷ്യമാണ്. സത്യം പറയണം, സത്യമേ പറയാവൂ. ജീവിതത്തിലും പ്രവർത്തനത്തിലും സത്യം പ്രതിഫലിക്കണം. “സത്യമേവ ജയതേ” എന്ന നമ്മുടെ പുരാതന പ്രാർത്ഥന ഇതിനോടൊത്തു പോകുന്നു.

# 15

# തീർത്ഥാടനം - പ്രലോഭനങ്ങൾ

*ഞങ്ങളെ നയിക്കാൻ വേഗം ദൈവങ്ങളെ ഉണ്ടാക്കിത്തരുക* (പുറ. 32,1)

സകലർക്കും സാമൂഹ്യനീതി സംലഭ്യമാക്കുന്ന സംവിധാനത്തിന്റെ പ്രതീകമാണ് വാഗ്ദത്തഭൂമി. അതിനെ ദൈവരാജ്യമെന്നും ദൈവഭരണമെന്നും ബൈബിൾ വിശേഷിപ്പിക്കുന്നു. ദൈവം രാജാവായി ഭരിക്കുമ്പോൾ, അഥവാ ദൈവത്തിന്റെ തിരുഹിതം സ്വന്തം ജീവിത നിയമമായി വ്യക്തികളും സമൂഹങ്ങളും സ്വീകരിച്ച് നടപ്പിലാക്കുമ്പോൾ സാമൂഹ്യനീതി ഏവർക്കും ലഭ്യമാകും. അതിനു സഹായിക്കുന്നതാണ് സീനായ് മലയിൽ വച്ചു നൽകപ്പെട്ട ഉടമ്പടിയുടെ നിബന്ധനകളായ പത്തുപ്രമാണങ്ങൾ. എന്നാൽ പ്രമാണങ്ങൾ നൽകപ്പെട്ടതുകൊണ്ടു മാത്രം നീതി നടപ്പിലാകുന്നില്ല. നീതിനിഷ്ഠമായ ഒരു സമൂഹ നിർമ്മിതിക്ക് മനുഷ്യന്റെ സഹകരണവും കഠിനപ്രയത്നവും ആവശ്യമാണ്. നീതിനിഷ്ഠ സമൂഹത്തിന്റെ പ്രതീകമായ വാഗ്ദത്തഭൂമിയിലേക്ക് ദീർഘമായൊരു യാത്ര ആവശ്യമാണ്– ഒരു തീർത്ഥയാത്ര. ഇതിനെയാണ് മരുഭൂമിയിലൂടെയുള്ള ഇസ്രായേൽ ജനത്തിന്റെ യാത്രയായി ബൈബിൾ ചിത്രീകരിക്കുന്നത്.

ഇത് ചുട്ടുപൊള്ളുന്ന, തണലും വഴിയുമില്ലാത്ത മണലാരണ്യത്തിലൂടെ നടത്തിയ ചരിത്രപരമായ ഒരു യാത്ര മാത്രമല്ല; ഓരോ സമൂ

ഹവും ഓരോ വ്യക്തിയും നടത്തേണ്ട ഒരു ആന്തരിക, അഥവാ ആത്മീയയാത്രയും കൂടിയാണ്. പുറപ്പാടു യാത്രയിൽ ഇസ്രായേൽ ജനം നേരിട്ട പ്രലോഭനങ്ങൾ ഏവർക്കും ഈ യാത്രയിൽ ഒരു മുന്നറിയിപ്പും താക്കീതുമായി നിലകൊള്ളുന്നു. നമുക്കു മാർഗ്ഗദർശകമാകുന്നതിനു വേണ്ടിയാണ് പരിശുദ്ധാത്മനിവേശനത്താൽ പ്രേരിതരായി വിശുദ്ധ ഗ്രന്ഥകർത്താക്കൾ അവ രേഖപ്പെടുത്തിയതും സഭ കാത്തുസൂക്ഷിക്കുന്നതും. അവർക്കുണ്ടായ വീഴ്ചകളിൽനിന്നു പാഠങ്ങൾ പഠിക്കണം; അവർ ഇടറിയ വഴികളിൽ കാലിടറാതെ നാം മുന്നേറണം. എങ്കിലേ ദൈവം ആഗ്രഹിക്കുന്നതും വാഗ്ദാനം ചെയ്തതുമായ സാമൂഹ്യനീതി ഒരു യാഥാർത്ഥ്യമാകൂ!

വാഗ്ദത്ത ഭൂമിയിലേക്ക് നടത്തിയ തീർത്ഥാടനമദ്ധ്യേ ഇസ്രായേൽജനം നേരിട്ട നിരവധി പ്രലോഭനങ്ങളിൽ പ്രധാനപ്പെട്ട ചിലത് അപഗ്രഥിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്. പ്രത്യക്ഷത്തിൽ പണ്ടെങ്ങോ നടന്ന സംഭവങ്ങളോ അല്ലെങ്കിൽ വിവരണം ആകർഷകമാക്കാൻ ഗ്രന്ഥകാരൻ ഉണ്ടാക്കിയ കെട്ടുകഥകളോ ആയി തോന്നാമെങ്കിലും ഇവിടെ വിവരിക്കുന്ന സംഭവങ്ങളുടെ ചരിത്രപരത നിഷേധിക്കാനാവില്ല. അതിലുപരി ആ സംഭവങ്ങളിലൂടെ വിശുദ്ധഗ്രന്ഥം അടിവരയിടുന്ന പ്രബോധനങ്ങൾ ശ്രദ്ധിച്ചേ മതിയാവൂ!

### 1. ആരാധിക്കാൻ ഒരു വിഗ്രഹം

വലിയ സന്തോഷത്തോടെ, പ്രതീക്ഷകളോടെ ഈജിപ്തിൽനിന്നു ഘോഷയാത്രയായി പുറപ്പെട്ട ജനം വലിയ അത്ഭുതങ്ങൾ കണ്ടു. കടൽ പിളർന്ന് വഴി തെളിഞ്ഞു. പകൽ മേഘം വഴിയിൽ തണൽ വിരിച്ചു; രാത്രി അഗ്നിസ്തംഭം വഴികാട്ടി. പാറയിൽ നിന്നു ദാഹജലം ഒഴുകി. ആകാശത്തു നിന്നു മന്ന പൊഴിഞ്ഞു. കാറ്റിന്റെ ചിറകിൽ കാടപക്ഷികൾ വന്നെത്തി. അവസാനം അവർ കർത്താവിന്റെ മലയായ ഹോറെബിന്റെ താഴ്വരയിൽ പാളയമടിച്ചു. മലയിലേക്കു കയറിപ്പോയ നേതാവായ മോശ ദിവസങ്ങൾ കഴിഞ്ഞിട്ടും മടങ്ങിവന്നില്ല. ജനം അക്ഷമരായി. മോശയ്ക്ക് എന്തു സംഭവിച്ചു എന്നറിയില്ല. ഈ സാഹചര്യത്തിലാണ് പുരോഹിതനായ അഹറോനെ ഒരു നിർദ്ദേശവുമായി ജനനേതാക്കൾ സമീപിക്കുന്നത്: "ഞങ്ങളെ നയിക്കാൻ വേഗം ദൈവങ്ങളെ (ദേവന്മാരെ എന്നു പി. ഒ. സി. വിവർത്തനം)ഉണ്ടാക്കിത്തരുക. ഞങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന മോശ എന്ന മനുഷ്യന് എന്തു സംഭവിച്ചു എന്ന് ഞങ്ങൾക്കറിയില്ല"(പുറ 32,1).

ജനത്തിന്റെ അഭ്യർത്ഥനയിൽ ശ്രദ്ധേയമായൊരു കാര്യമുണ്ട്. ദൈവമാണ് ഞങ്ങളെ നയിക്കുന്നത് എന്ന് അവർ വിശ്വസിക്കുന്നു. തുടർന്നും ദൈവം തന്നെ അവരെ നയിക്കണം എന്ന് അവർക്ക് നിർബ ന്ധവുമുണ്ട്. എന്നാൽ ആരാണീ ദൈവം? തങ്ങൾക്കു കാണാനും എടുത്തുകൊണ്ടു നടക്കാനും പറ്റുന്ന ഒരു ദൈവം. ആ ദൈവം തങ്ങൾക്കു മുമ്പേ പോകണം; അഥവാ ഞങ്ങൾ എടുത്തുകൊണ്ടു നട ക്കുന്ന വഴിയിൽ ദൈവം ഞങ്ങളുടെ മുൻപേ പോകണം. ഇവിടെ, ദൈവം നയിക്കണം എന്നു പറയുമ്പോഴും യഥാർത്ഥത്തിൽ ജനം പോകാൻ ആഗ്രഹിക്കുന്നത് സ്വന്തം ഇഷ്ടം അനുസരിച്ചാണ്. തന്നെ യുമല്ല, അവർ ആരാധിക്കുന്ന ദൈവം അവരുടെ തന്നെ സൃഷ്ടിയാണ്. ദൈവങ്ങളെ ഉണ്ടാക്കിത്തരൂ എന്ന അവരുടെ ആവശ്യം ഇതാണല്ലോ സൂചിപ്പിക്കുന്നത്?

മലമുകളിൽ മോശ സത്യദൈവത്തിൽ നിന്നു കല്പനകൾ സ്വീക രിക്കുന്ന സമയത്താണ് താഴെ ജനം തങ്ങൾക്കായി ദൈവങ്ങളെ ഉണ്ടാ ക്കാൻ ശ്രമിക്കുന്നത് എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു. വെളിപ്പെ ടുത്തപ്പെട്ട ദൈവഹിതവും സ്വാർത്ഥതാൽപര്യങ്ങളാൽ പ്രേരിതമാകുന്ന മനുഷ്യഹിതവും തമ്മിലുള്ള സംഘർഷം ഇവിടെ കാണാം. എല്ലാ വർക്കും നീതി ലഭ്യമാക്കുന്നവനാണ് യഥാർത്ഥ ദൈവം. അവിടുത്തെ ഹിതം അനുസരിച്ചു ജീവിക്കുക മാത്രമാണ് നീതി ലഭ്യമാക്കാനുള്ള ഏക മാർഗ്ഗം. എന്നാൽ ഇവിടെ ജനം തങ്ങൾക്കുവേണ്ടി സ്വന്തം ദൈവ ങ്ങളെ ഉണ്ടാക്കുന്നു. ദൈവഹിതം അനുസരിച്ചു മനുഷ്യൻ ജീവിക്കുക എന്നതിനു പകരം മനുഷ്യഹിതം അനുസരിച്ചു പ്രവർത്തിക്കുന്ന ദൈവത്തെ വാർത്തെടുക്കലാണ് ഇവിടെ നടക്കുന്നത്. യഥാർത്ഥമതാ ത്മകതയെ തലകുത്തി നിർത്തുന്ന മനോഭാവം.

ദൈവം കണിച്ചുതരുന്ന വഴിയിലൂടെ ജനത്തെ നയിക്കേണ്ട പുരോഹിതന് ഇവിടെ കാലിടറുന്നു; വഴി തെറ്റുന്നു. അഹറോൻ തന്നെ യാണ് വിഗ്രഹനിർമ്മിതിക്ക് മുൻകൈ എടുക്കുന്നത്.''അഹറോൻ പറഞ്ഞു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരു ടെയും കാതിലുള്ള സ്വർണ്ണവളയങ്ങൾ ഊരിയെടുത്ത് എന്റെയടുത്തു കൊണ്ടുവരുവിൻ"(പുറ 32, 2). ജനത്തിന്റെ അഭ്യർത്ഥനയുടെ ഗുണ ദോഷങ്ങൾ പരിഗണിക്കാതെ പുരോഹിതൻ തീരുമാനമെടുത്തു. ജന ത്തിന്റെ ആഭരണങ്ങൾ വാങ്ങി മൂശയിൽ ഉരുക്കി വിഗ്രഹത്തെ വാർത്തെടുത്തു പ്രതിഷ്ഠിച്ചു. പോരാ, താൻ വാർത്തെടുത്ത കാളക്കു ട്ടിയാണ് അവരെ മോചിപ്പിച്ചതും വഴി നടത്തിയതും എന്ന് ജനം വിളി

ച്ചുപറഞ്ഞപ്പോൾ അതിനെ തിരുത്തുകയല്ല പ്രോത്സാഹിപ്പിക്കുകയാണ് അഹറോൻ ചെയ്തത്. മാത്രമല്ല, ഒരു ആരാധനയും ആഘോഷവും അഹറോൻ തന്നെ നേതൃത്വം നല്കി സംഘടിപ്പിച്ചു: "അഹറോൻ കാള ക്കുട്ടിയുടെ മുൻപിൽ ഒരു ബലിപീഠം പണിതിട്ട് ഇപ്രകാരം പ്രഖ്യാപിച്ചു: നാളെ കർത്താവിന്റെ ഉത്സവമായിരിക്കും. അവർ പിറ്റേന്ന് അതിരാവിലെ ഉണർന്ന് ദഹനയാഗങ്ങളും അനുരഞ്ജനയാഗങ്ങളും അർപ്പിച്ചു. ജനം തീനും കുടിയും കഴിഞ്ഞ് വിനോദങ്ങളിൽ ഏർപ്പെട്ടു"(പുറ 32,5-6).

ഇസ്രായേലിന്റെ ആദ്യപുരോഹിതനായ അഹറോനാണ് ഇപ്രകാരം ജനത്തെ വഴിതെറ്റിച്ചത് എന്നു പറയുമ്പോൾ ബൈബിൾ അതിശക്തമായ ചില മുന്നറിയിപ്പുകളും താക്കീതുകളും നല്കുന്നുണ്ട്. ചോദ്യം ചെയ്യപ്പെട്ടപ്പോൾ മോശയുടെ മുമ്പിൽ ഒഴിവുകഴിവുകൾ പറയാൻ ശ്രമിച്ചെങ്കിലും ഇസ്രായേലിന്റെ ആദ്യപാപമെന്നു വിശേഷിപ്പിക്കാറുള്ള സീനായിലെ കാളക്കുട്ടിയുടെ ഉത്തരവാദിത്വത്തിൽനിന്ന് അഹറോന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ജനത്തിന്റെ നിർബന്ധത്തിനു വഴങ്ങിയെന്ന ധാരണയിൽ മതത്തെയും ജനത്തെയും വഴിതെറ്റിക്കുന്ന അഹറോന്റെ തലമുറ ഇന്നും അവസാനിച്ചിട്ടില്ലല്ലോ?

ദൈവാരാധനയെന്നാൽ ഏതാനും ചില ആചാരങ്ങൾ കൃത്യനിഷ്ഠയോടെ കണിശമായി അനുഷ്ഠിക്കുന്നതു മാത്രമാണെന്നു കരുതുന്നിടത്തു തുടങ്ങുന്നു വഴിതെറ്റൽ. ദൈവം ആഗ്രഹിക്കുന്നത് കാരുണ്യത്താൽ പ്രചോദിതവും നീതിനിഷ്ഠവുമായ ജീവിതവും പ്രവൃത്തികളും ആണെന്നതു മറന്ന്, വസ്തുക്കളിലും വാസ്തുശില്പങ്ങളിലും ആഘോഷങ്ങളിലും ആർഭാടങ്ങളിലും അഭിരമിക്കുന്നത് ദൈവാരാധനയല്ല, വിഗ്രഹാരാധനയാണ്, അഥവാ ആരാധനാഭാസമാണെന്ന് അഹറോന്റെ പ്രവൃത്തിയിലൂടെ വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നു.

വിഗ്രഹാരാധനയുടെ വിവിധ വശങ്ങൾ നാം കണ്ടുകഴിഞ്ഞതാണ്. അവയിൽ ഒന്നു മാത്രം എടുത്തുകാട്ടട്ടെ. തന്റെ താൽപര്യങ്ങൾ നേടിത്തരുന്നവനായി ഭക്തൻ ദൈവത്തെ കാണുന്നു. അപ്പോൾ മതം തന്നെ ഒരു കച്ചവടസ്ഥാപനമായി മാറുന്നു. ഉദ്ദിഷ്ടകാര്യങ്ങൾ നേടിയെടുക്കാൻ വേണ്ടി നടത്തുന്ന ഒരു വ്യവഹാരമായി അധഃപതിക്കുന്ന ആരാധന. ലോകത്തിലെ ഒരു മതവും ഈ പ്രലോഭനത്തിൽ നിന്നു മുക്തമല്ല. ജനത്തിൽനിന്ന് അവരുടെ സ്വർണ്ണാഭരണങ്ങൾ ചോദിച്ചു വാങ്ങി അവർക്കുവേണ്ടി കാളക്കുട്ടിയെ നിർമ്മിച്ച അഹറോന്റെ സ്ഥാനത്തല്ലേ ഇന്ന് പല മതനേതാക്കളും എന്ന ചോദ്യം ഉന്നയിച്ചേ മതിയാ

വൂ. പ്രമാണപ്പലകയുമായി ദൈവസന്നിധിയിൽനിന്ന് ഇറങ്ങി വന്ന്, കാളക്കുട്ടിയെ ഇടിച്ചുപൊടിച്ച് വെള്ളത്തിൽ കലക്കി അവരെ കുടിപ്പിച്ച മോശ(പുറ 32,20) ഇനിയും എന്നാണ് മലയിറങ്ങി വരുക! തകർക്കപ്പെടേണ്ട എത്രയെത്ര വിഗ്രഹങ്ങൾ, മാറ്റപ്പെടേണ്ട മനോഭാവങ്ങൾ! ഉടമ്പടിയുടെ പ്രമാണങ്ങൾ തന്നെ അവയുടെ അന്ത്യം കുറിക്കണം.

**2. അലസത – ആർത്തി – ആസക്തി**

വാഗ്ദത്തഭൂമിയിലേക്കുള്ള തീർത്ഥാടനമദ്ധ്യേ ജനം നേരിട്ട മറ്റൊരു പ്രലോഭനമാണ് അലസത. ഒന്നിലും തൃപ്തിയില്ല; ഒരു ക്ലേശവും സഹിക്കാൻ സന്നദ്ധതയില്ല. എന്തിനും എപ്പോഴും പരാതി. വഴിയിൽ തണലില്ല; കുടിക്കാൻ വെള്ളമില്ല; കഴിക്കാൻ ആഹാരമില്ല. കിട്ടുന്ന അപ്പത്തിനും വെള്ളത്തിനും രുചിയില്ല. യാത്ര ദുഷ്കരം. ലക്ഷ്യം കണ്ണെത്താദൂരത്ത്. അലസത നിരാശയും പ്രതിഷേധവുമായി ജനം നേതാക്കന്മാരായ മോശയ്ക്കും അഹറോനും എതിരെ തിരിഞ്ഞു. മരുഭൂമിയിലെ ക്ലേശങ്ങളെക്കാൾ അടിമത്തത്തിന്റെ സുരക്ഷിതത്വമായിരുന്നു മെച്ചം എന്ന് അവർ കരുതി. പുതിയൊരു നേതാവിനെ തിരഞ്ഞെടുത്ത്, വിട്ടുപോന്ന ഈജിപ്തിലേയ്ക്കു തന്നെ തിരിച്ചുപോകാൻ പ്രലോഭനം ശക്തമായി.

യാത്രയുടെ തുടക്കത്തിൽ എത്ര സന്തോഷമായിരുന്നു, എന്താവേശമായിരുന്നു അവർക്ക്! പകൽ മേഘമേലാപ്പിൽ തണലായും രാത്രി അഗ്നിത്തൂണിൽ വഴികാട്ടിയായും ദൈവത്തെ കണ്ടവർ ആഹ്ളാദിച്ചു. പക്ഷേ സമയം കഴിയുന്തോറും ആവേശം കെട്ടടങ്ങി; അസംതൃപ്തി തലപൊക്കി; ഒപ്പം പരാതികളും. ആരംഭത്തിൽ ഇഷ്ടഭോജ്യമായി കണ്ട സ്വർഗ്ഗീയ മന്ന ഇപ്പോൾ വിലകെട്ട അപ്പമായി. എന്നും ഒരേ ആഹാരം. “ഈജിപ്തിൽ വെറുതെ കിട്ടിയിരുന്ന മത്സ്യം, വെള്ളരിക്ക, മത്തങ്ങ, സവോള, ചുവന്നുള്ളി, വെളുത്തുള്ളി, ഇവയൊക്കെ ഞങ്ങൾ ഓർക്കുന്നു. ഇവിടെ ഞങ്ങളുടെ പ്രാണൻ പോകുന്നു. ഈ മന്നായല്ലാതെ മറ്റൊന്നും കാണാനില്ല.”(സംഖ്യ 11, 5-6). “ഈ വിലകെട്ട അപ്പം തിന്ന് ഞങ്ങൾ മടുത്തു”(സംഖ്യ 21, 5).

വിശപ്പടക്കാൻ എന്തെങ്കിലും മതിയെന്ന് കരുതിയവർക്ക് മന്നാ സ്വർഗ്ഗീയഭോജ്യമായിരുന്നു. എന്നാൽ ഇപ്പോൾ അതു പോരാ. മാംസാഹാരം തന്നെ വേണം. “ആരാണ് ഞങ്ങൾക്ക് ഭക്ഷിക്കാൻ മാംസം തരുക?”(സംഖ്യ 11, 5)വിശപ്പില്ലാത്തവർക്ക് ആസക്തി ഉണർന്നു. വിശിഷ്ടഭോജ്യങ്ങൾ വേണം. ഇവിടെ ഒരു പുതിയ

സംസ്കാരം രൂപപ്പെടുന്നതു കാണാം -ആർത്തിയുടെയും ആസക്തിയുടെയും സംസ്കാരം. വിശപ്പടക്കാൻ ആഹാരമല്ല ഇവിടെ ആവശ്യം. തങ്ങളുടെ രുചിഭേദങ്ങളെ തൃപ്തിപ്പെടുത്തുന്ന വിശിഷ്ടഭോജ്യങ്ങളാണ്. ദൈവം സൗജന്യദാനമായി നൽകുന്ന പ്രകൃതിവിഭവങ്ങൾ കൊണ്ടു തൃപ്തിയാവാതെ കൂടുതൽ രുചികരമായവയ്ക്കുവേണ്ടി മുറവിളികൂട്ടിയവർക്ക് ദൈവം നല്കിയ മറുപടിയും തുടർന്നുണ്ടായ അനുഭവവും സാമൂഹ്യനീതിയെ സംബന്ധിച്ച് ഇന്നും വളരെ വിലപ്പെട്ട പാഠങ്ങൾ നൽകുന്നുണ്ട്.

വ്യർത്ഥമായ പരാതി കേട്ട ദൈവം മോശയിലൂടെ പ്രതികരിച്ചു:“കർത്താവു നിങ്ങൾക്കു മാംസം തരും, നിങ്ങൾ ഭക്ഷിക്കുകയും ചെയ്യും. ഒന്നോ, രണ്ടോ അഞ്ചോ പത്തോ ഇരുപതോ ദിവസത്തേയ്ക്കല്ല നിങ്ങൾ അതു തിന്നുക. നിങ്ങളുടെ മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനിക്കുന്നതുവരെ ഒരു മാസത്തേയ്ക്ക് നിങ്ങൾ അതു തിന്നും” (സംഖ്യ 11,19-20). പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. കർത്താവയച്ച കാറ്റിന്റെ ചിറകിൽ കാടപക്ഷികൾ വന്നു; പാളയത്തിനു ചുറ്റും ഏതാണ്ട് പത്തു കിലോമീറ്റർ വ്യാസാർദ്ധത്തിൽ രണ്ടു മുഴം ഘനത്തിൽ അവ കിടന്നു. ആർത്തി പൂണ്ട ജനം വാരിക്കൂട്ടി; കൊന്നു തിന്നു. തിന്നുതിന്ന് ഛർദ്ദിച്ച്, ആ ഛർദ്ദിയിൽ കിടന്ന് അവർ ചത്തു. അങ്ങനെ ആ സ്ഥലത്തിന് ആർത്തിയുടെ ശവക്കുഴി എന്ന അർത്ഥമുള്ള “കിബ്റോത്ത ഹത്താവാ” എന്ന പേരുണ്ടായി.

ആർത്തിയുടെയും ഒന്നുകൊണ്ടും തൃപ്തിയാകാത്ത ആസക്തിയുടെയും സംസ്കാരം ശവക്കുഴിയിലേക്കാണ് നയിക്കുക എന്ന വ്യക്തമായ താക്കീതാണ് “കിബ് റോത്ത് ഹത്താവ.” ചരിത്രത്തിൽ എത്ര തവണ ആവർത്തിച്ചു കണ്ടിട്ടും ഇന്നും നാം പഠിക്കാത്ത വിലപ്പെട്ട ഒരു പാഠമാണ് ഈ പേരുവഴി ബൈബിൾ കൈമാറിത്തരുന്നത്. ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രമല്ല ഈ പാഠം പ്രസക്തമാകുന്നത്. വസ്ത്രം, പാർപ്പിടം, യാത്രാ സൗകര്യങ്ങൾ, വാഹനങ്ങൾ, വിനോദങ്ങൾ, ആഘോഷങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ കിബ്റോത്ത് ഹത്താവ പ്രസക്തമാകുന്നു.

ഈ പാഠം പഠിക്കാത്തതുകൊണ്ടല്ലേ ഭൂമിയിലെ ജനസംഖ്യയുടെ മൂന്നിൽ ഒരു ഭാഗം ഒരു നേരം പോലും വിശപ്പടക്കാൻ ആഹാരം കിട്ടാതെ വലയുമ്പോൾ ഒരു ചെറിയ വിഭാഗം അമിതാഹാരത്തിന്റെ ഭാരം പേറി രോഗികളാകുന്നു? കേറിക്കിടക്കാൻ സ്വന്തമായൊരു ചെറ്റക്കുടിൽപോലും ഇല്ലാതെ കോടിക്കണക്കിന് ജനങ്ങൾ നരകിക്കുമ്പോൾ

കോടികൾ മുടക്കി മനോഹര മാളികകൾ നിർമ്മിക്കാൻ "സമ്പന്നർക്ക്" കഴിയുന്നു? ദൈവത്തിന്റെ പേരിൽ പോലും ഈ ആർത്തിയുടെയും ആസക്തിയുടെയും സംസ്കാരം വളരുന്നില്ലേ എന്ന സംശയം ഉയരുന്നു. അലസതയും ആർത്തിയും ആസക്തിയും നീതിനിഷ്ഠമായ ഒരു സമൂഹമല്ല ശവക്കുഴികളായ "കിബ് റോത്ത് ഹത്താവാ" ആയിരിക്കും നിർമ്മിക്കുക എന്ന് ഈ സംഭവങ്ങൾ ഓർമ്മപ്പെടുത്തുന്നു.

**3. അധികാരമോഹം**

തീർത്ഥാടകർ നേരിട്ട മറ്റൊരു വലിയ പ്രലോഭനമായിരുന്നു അധികാരമോഹം. ജനത്തെ വാഗ്ദത്തഭൂമിയുടെ സ്വാതന്ത്ര്യത്തിലേക്കു നയിക്കാനായി മോശയെയും സഹായിക്കാൻ അഹറോനെയും നിശ്ചയിച്ചതു ദൈവമായിരുന്നു. നേതൃത്വവും അധികാരവും അതു സമൂഹത്തിൽ നല്കുന്ന ഉന്നതസ്ഥാനവും അഭികാമ്യമായി കരുതി സ്വന്തമാക്കാനുള്ള ശ്രമം ജനത്തിനിടയിലുണ്ടായി. മോശയുടെ സ്വന്തം സഹോദരങ്ങളും സഹപ്രവർത്തകരുമായ അഹറോനും മിരിയാമും പോലും ഈ പ്രലോഭനത്തിനു വശംവദരായി. "കർത്താവ് മോശ വഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ എന്നവർ ചോദിച്ചു"(സംഖ്യ 12,2).

ജനത്തെ നയിക്കുകയും അവരുടെ പരാതികൾ കേട്ട് തീർപ്പുകൽപ്പിക്കുകയും ചെയ്യാൻവേണ്ടി ദൈവം തന്നെ ആവശ്യപ്പെട്ടതനുസരിച്ച് സഹായികളെ നിശ്ചയിക്കുന്ന സംഭവത്തിലും അധികാരമോഹത്തിന്റെ ദുർമുഖം കാണാം. തിരഞ്ഞെടുക്കപ്പെട്ട എഴുപതുപേരിൽ മോശയുടെ മേലുണ്ടായിരുന്ന ദൈവിക ചൈതന്യം അയയ്ക്കപ്പെട്ടപ്പോൾ, പാളയത്തിനു പുറത്ത് രണ്ടുപേർക്കും അതേ ചൈതന്യം ലഭിച്ചു. മോശയുടെ സേവകനായ ജോഷ്വായ്ക്ക് ഇത് മനസ്സിലാക്കാനോ അംഗീകരിക്കാനോ കഴിഞ്ഞില്ല: "പ്രഭോ അവരെ വിലക്കുക!"(സംഖ്യ 11.28) അധികാരം കൈവിട്ടുപോകുന്നു എന്നു കരുതിയതാവാം ജോഷ്വായുടെ ഈ പ്രതികരണത്തിനു കാരണം. എന്നാൽ മോശയ്ക്ക് ഈ ഭയമുണ്ടായിരുന്നില്ല: "നീ എന്നെ പ്രതി അസൂയപ്പെടുന്നുവോ? കർത്താവിന്റെ ജനം മുഴുവൻ പ്രവാചകന്മാരാവുകയും അവിടുന്ന് തന്റെ ആത്മാവിനെ അവർക്കു നൽകുകയും ചെയ്തിരുന്നെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു" (സംഖ്യ 11, 29) എന്ന മറുപടി ഇത് വ്യക്തമാക്കുന്നു.

പൗരോഹിത്യത്തിന്റെ കാര്യത്തിലും ഈ അധികാരമോഹം ദൃശ്യമായി. കോറഹിന്റെ നേതൃത്വത്തിൽ മോശയ്ക്കും അഹറോനും എതിരേ

പ്രതിഷേധമുയർത്തി നേതൃത്വം പിടിച്ചെടുക്കാൻ നടത്തിയ ശ്രമം സംഖ്യ 16ൽ വിശദമായി വിവരിക്കുന്നുണ്ട്. ഇവിടെയും അധികാര മോഹം ദൈവം അംഗീകരിക്കുന്നില്ല. മോശയുടെ അധികാരത്തെ ചോദ്യം ചെയ്ത മിരിയാമിനു കുഷ്ഠം ബാധിച്ചു; പൗരോഹിത്യാധികാരം സ്വയം ഏറ്റെടുക്കാൻ ശ്രമിച്ച കോറഹിന്റെ സംഘത്തെ ഭൂമി വിഴുങ്ങി; സംഘത്തിൽ അവശേഷിച്ചവരെ അഗ്നിയും(സംഖ്യ 16, 31-35).

അധികാരമോഹം മോശയുടെ കാലത്തെ ഒരു സവിശേഷത മാത്രമല്ലല്ലോ? രാഷ്ട്രീയ - സാമൂഹിക - മതതലങ്ങളിലെല്ലാം എന്നത്തേക്കാളേറെ ഈ പ്രവണത ശക്തിപ്പെടുന്നതു കാണാം. അതുകൊണ്ടായിരിക്കണമല്ലോ ക്രിസ്തുവിന്റെ സഭയിൽ അധികാരസ്ഥാനമോഹികൾക്ക്(carrierism) സ്ഥലമില്ല എന്നു ഫ്രാൻസിസ് മാർപ്പാപ്പ പരസ്യമായി താക്കീതു നൽകിയത്. പഞ്ചായത്തുതലം മുതൽ ദേശീയതലം വരെ എല്ലാ മേഖലകളിലും അധികാരത്തിനുവേണ്ടി നടക്കുന്ന മത്സരങ്ങൾ, അതിനുവേണ്ടി നടക്കുന്ന ഉപജാപങ്ങൾ, കുത്സിതമാർഗ്ഗങ്ങൾ, ഭീകരപ്രവൃത്തികൾ എല്ലാം അനുദിനം നാം കാണുന്നു. സമ്പത്തും സുഖഭോഗങ്ങളും സമൂഹത്തിൽ സ്ഥാനമാനങ്ങളും ആർജിക്കാനുള്ള ഉപാധിയായി അധികാരം കരുതപ്പെടുന്നിടത്ത് എങ്ങനെയാണ് സാമൂഹ്യനീതി പുലരുക? അധികാരമെന്നാൽ ആധിപത്യത്തിനുള്ള അനുമതിയല്ല, സേവനത്തിനുള്ള കടമയും അവകാശവും ആണെന്നു പഠിപ്പിക്കാൻ നസ്രത്തിലെ തച്ചൻ ഒന്നുകൂടെ അവതരിക്കേണ്ടി വരുമോ?

### 4. ഭീരുത്വം

വാഗ്ദത്തഭൂമിയിലേക്കുള്ള തീർത്ഥാടനത്തിൽ ജനം നേരിട്ട മറ്റൊരു പ്രലോഭനമായിരുന്നു ഭീരുത്വം. ഉടമ്പടിയുടെ മലയിൽനിന്ന് ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന അവബോധത്തോടെ പന്ത്രണ്ടു ഗോത്രങ്ങൾ യുദ്ധത്തിനൊരുങ്ങി, അണിയണിയായി മുന്നേറി, വാഗ്ദത്തഭൂമിയിലേയ്ക്ക്. ഉടമ്പടിയുടെ പേടകം, മുൻപേ പോയി. കർത്താവിന്റെ മേഘം അവർക്കു വഴികാട്ടി(സംഖ്യ 10). ജനം സന്തോഷത്തോടെ അനുഗമിച്ചു. എന്നാൽ നിർണ്ണായകനിമിഷത്തിൽ എല്ലാ പ്രതീഷകളും തകർന്നടിഞ്ഞു.

പാരാൻ മരുഭൂമിയിൽ കാദെശ്ബർണെയായിലെ പാളയത്തിൽനിന്ന് മോശ പന്ത്രണ്ടു ഗോത്രപ്രതിനിധികളെ കാനാൻ ദേശം നിരീക്ഷിക്കാനായി പറഞ്ഞയച്ചു. നാല്പതുദിവസത്തെ രഹസ്യനിരീ

ക്ഷണത്തിനുശേഷം മടങ്ങിയെത്തിയ ചാരന്മാർ ദേശത്തെക്കുറിച്ചു വിശദമായ വിവരണം നല്കി. തേനും പാലും ഒഴുകുന്ന നാട്. ദൈവം തങ്ങൾക്കായി ഒരുക്കിയിരിക്കുന്ന പറുദീസ സമാനമായ, ദേശത്തുനിന്ന് അവർ കൊണ്ടുവന്ന മുന്തിരിക്കുലയും പഴങ്ങളും ദേശത്തിന്റെ സമൃദ്ധിയുടെയും ഫലപുഷ്ടിയുടെയും വ്യക്തമായ അടയാളങ്ങളായിരുന്നു. ഇനി ഒന്നേ ചെയ്യാനുള്ളൂ. ഒറ്റക്കെട്ടായി മുന്നേറുക, കടന്നുചെന്നാക്രമിക്കുക, ദേശം കൈവശപ്പെടുത്തുക. അതിനു തങ്ങൾക്കു സാധിക്കും എന്നു കാലെബും ജോഷ്വായും പറഞ്ഞെങ്കിലും മറ്റു പത്തുപേർ അതിനെ എതിർത്തു. "ഞങ്ങൾ ഒറ്റുനോക്കിയ ദേശം അവിടെ വസിക്കാൻ ചെല്ലുന്നവരെ വിഴുങ്ങിക്കളയുന്നതാണ്. അവിടെ ഞങ്ങൾ കണ്ട മനുഷ്യരോ അതികായകൻമാർ... അവരുടെ മുൻപിൽ ഞങ്ങൾ വെറും വിട്ടിലുകളാണെന്നു ഞങ്ങൾക്കു തോന്നി. അവർക്കു ഞങ്ങളെക്കുറിച്ചും അങ്ങനെ തോന്നിയിരിക്കണം"(സംഖ്യ 13,32-33).

ഈ വാർത്ത കേട്ടു ഭയന്നു വിറച്ച ജനം രാത്രി മുഴുവൻ ഉറക്കെ നിലവിളിച്ചു. യുദ്ധത്തിനു പുറപ്പെടാൻ വിസമ്മതിച്ചു. വാഗ്ദത്തഭൂമിയുടെ പടിവാതിൽക്കൽ എത്തിയവർ അങ്ങനെ പിന്തിരിഞ്ഞ് മരുഭൂമിയിലൂടെ നാല്പതുവർഷം അലയേണ്ടി വന്നു. ഭയന്നു പിൻമാറിയ ആ ഒരു തലമുറ മുഴുവൻ മരുഭൂമിയിൽ മരിച്ചു മണ്ണടിഞ്ഞതിനുശേഷമാണ് വാഗ്ദത്തഭൂമിയിൽ ജനത്തിനു പ്രവേശിക്കാൻ കഴിഞ്ഞത്. സാമൂഹ്യനീതിയെയും വാഗ്ദത്തഭൂമിയെയും സംബന്ധിച്ച് സുപ്രധാനമായൊരു പാഠം ഈ വിവരണത്തിലുണ്ട്. അലസർക്കും ഭീരുക്കൾക്കും സൗജന്യമായി ലഭിക്കുന്ന ദാനമല്ല വാഗ്ദത്തഭൂമിയെന്ന ദൈവരാജ്യം. അതിനുവേണ്ടി അധ്വാനിക്കണം; ക്ലേശിക്കണം; അപകടകരമായ വഴികളിലൂടെ മുന്നേറാൻ തയ്യാറാകണം. പരാജയ ഭീതിയോടെ പിൻതിരിയുന്നവർക്ക് അവിടെ പ്രവേശനം സാധ്യമാവില്ല.

എന്നും പ്രസക്തമായൊരു പാഠമാണിത്. രക്ഷാചരിത്രം അതിന്റെ പരിസമാപ്തിയിലെത്തുമ്പോൾ സംജാതമാകുന്ന പുതിയ ഭൂമിയിൽനിന്നു പുറന്തള്ളുന്നവരുടെ പട്ടികയിൽ ആദ്യമേ വരുന്നതു ഭീരുക്കളാണ്. "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, ദുർമ്മാർഗ്ഗികൾ..... എന്നിവരുടെ ഓഹരി തീയും ഗന്ധവുമെരിയുന്ന തടാകമായിരിക്കും" (വെളി 21,8). ക്രിസ്തുവിശ്വാസിക്ക് ഒരിക്കലും ഭീരുവായിരിക്കാൻ കഴിയുകയില്ല. ജീവൻപോലും നഷ്ടപ്പെടുത്താൻ സന്നദ്ധരാകുന്നവർക്കേ യേശുവിനെ അനുഗമിക്കാൻ കഴിയൂ. അതു മറ്റുള്ളവരെ വധിക്കാൻ വേണ്ടി നടത്തുന്ന സാഹസവും അക്രമവുമല്ല, അപരനുവേണ്ടി

ജീവൻത്യജിക്കാനുള്ള സന്നദ്ധതയാണ്. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവരെ ഭാഗ്യവാന്മാരെന്നു വിളിച്ചുകൊണ്ട് അവർക്കു നൽകുന്ന വാഗ്ദാനം, അഥവാ ഉറപ്പ് "സ്വർഗ്ഗരാജ്യം അവരുടേതാണ്" (മത്താ 5,10) ഈ സത്യം ഉറക്കെ പ്രഘോഷിക്കുന്നു.

നീതി വസിക്കുന്ന സംവിധാനം സംജാതമാകണമെങ്കിൽ അതിനുള്ള വില കൊടുക്കാൻ തയ്യാറാകണം. പ്രതിബന്ധങ്ങൾ കണ്ടു ഭയന്നു പിന്മാറിയാൽ പരാജയം നിശ്ചയം. നേരെമറിച്ച്, ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവിടുത്തെ കല്പനകളനുസരിച്ച് ജീവിക്കാൻ തയ്യാറാകുന്നിടത്ത് നീതി സ്ഥാപിക്കപ്പെടും. മരുഭൂമിയിലൂടെ ഇസ്രായേൽ ജനം നടത്തിയ തീർത്ഥാടനവും അവർ നേരിട്ട പ്രലോഭനങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്ന ഒരു സത്യമാണിത്. കർത്താവിൽ ആശ്രയിക്കുന്നവർക്ക് ധൈര്യമുണ്ടാകും. നീതിക്കുവേണ്ടി, തിന്മയുടെ ശക്തികൾക്കെതിരേ നടത്തുന്ന പോരാട്ടത്തിൽ ആത്യന്തിക വിജയം അവർക്കായിരിക്കും. ദാവീദിന്റെ മുമ്പിൽ ഗോലിയാത്തെന്നപോലെ, വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവരുടെ മുമ്പിൽനിന്ന് മലകൾ എന്നതുപോലെ (മർക്കോ 11,23) പ്രതിബന്ധങ്ങൾ മാറും; വിജയം നിശ്ചയമാകും. ചെറിയവരിലൂടെ, ദുർബലം എന്നു കരുതപ്പെടുന്ന ചെറിയ സമൂഹങ്ങളിലൂടെയാണ് ദൈവം വലിയകാര്യങ്ങൾ ചെയ്യുന്നത്. ആത്യന്തികമായി നീതിയുടെ സ്ഥാപനം ദൈവത്തിന്റെ തന്നെ പ്രവൃത്തിയാണ്. നമ്മിൽനിന്നാവശ്യപ്പെടുന്നത് നിർഭയവും ധീരവുമായ സഹകരണം മാത്രം.

# 16

# ആഖോർ താഴ്‌വരയിലെ അനീതിയുടെ സ്മാരകം

*"അപ്പോൾ ഇസ്രായേൽജനം അവനെയും കുടുംബത്തെയും കല്ലെറിഞ്ഞു; വസ്തുവകകൾ അഗ്നിക്കിരയാക്കി. അവർ അവന്റെ മേൽ ഒരു വലിയ കല്ക്കൂമ്പാരമുണ്ടാക്കി. അത് ഇന്നും അവിടെയുണ്ട്. അങ്ങനെ കർത്താവിന്റെ ഉഗ്രകോപം ശമിച്ചു. ഇന്നും ആ സ്ഥലം ആഖോറിന്റെ താഴ്‌വര എന്ന് അറിയപ്പെടുന്നു"*(ജോഷ്വ 7,25-26).

വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ഇസ്രായേൽ ജനം ദയനീയമായി തോറ്റോടേണ്ടി വന്ന ഒരു സംഭവത്തിന്റെ ബാക്കിപത്രമാണ് മുകളിൽ കുറിച്ചിരിക്കുന്ന ദൈവവചനം. തികച്ചും കിരാതവും ഭയാനകവും എന്നു തോന്നാവുന്ന ഈ ചിത്രത്തിനു പിന്നിൽ സാമൂഹ്യനീതിയെ സംബന്ധിച്ച ബൈബിളിന്റെ ചില സുപ്രധാനമായ പാഠങ്ങൾ ഒളിപ്പിച്ചുവച്ചിട്ടുണ്ട്. അതു കണ്ടെത്താൻ സംഭവം അടുത്തു പരിശോധിക്കണം; അതോടൊപ്പം സംഭവം വിവരിക്കുന്നവരുടെ ചരിത്രപശ്ചാത്തലവും ദൈവശാസ്ത്ര-വിശ്വാസവീക്ഷണങ്ങളും മനസ്സിലാക്കണം. 26 വാക്യങ്ങളുള്ള ഒരധ്യായം മുഴുവൻ ഈ സംഭവത്തിന്റെ വിവരണത്തിനായി ബൈബിൾ മാറ്റിവച്ചിരിക്കുന്നതിനാൽ സുപ്രധാനമായ ചില സന്ദേശങ്ങൾ ഇതിലുണ്ട് എന്നതിൽ സംശയമില്ല.

വാഗ്ദത്തഭൂമിയായ കാനാനിലേക്കുള്ള പ്രവേശനം ഒരു ഘോഷയാത്രയുടെ ശൈലിയിലാണ് വി. ഗ്രന്ഥകാരൻ ചിത്രീകരിച്ചിരിക്കുന്ന

ത്. ദൈവിക സാന്നിധ്യത്തെ അനുസ്മരിപ്പിക്കുന്ന ഉടമ്പടിയുടെ പേടകം വഹിക്കുന്ന പുരോഹിതന്മാർ മുമ്പേ പോകുന്നു. കൊമ്പും കുഴലും തപ്പും തകിലുമായി ലേവായന്മാർ അകമ്പടി സേവിക്കുന്നു. ജനം ഒന്ന ടങ്കം ഒരു തിരുനാൾ പ്രദക്ഷിണത്തിലെന്നപോലെ അനുഗമിക്കുന്നു. അവർക്കു മുമ്പിൽ കരകവിഞ്ഞൊഴുകിയിരുന്ന ജോർദ്ദാൻ നദി നിശ്ച ലമായി, അടിത്തറ തെളിഞ്ഞു. വരണ്ട ഭൂമിയിലൂടെ ജനം മറുകര കട ന്നു, ചെങ്കടലിലെ അത്ഭുതം ആവർത്തിച്ചതുപോലെ. മറികടക്കാനാ വാത്ത പ്രതിബന്ധമായി വഴിയിൽ ഉയർന്നുനിന്ന ജറീക്കോകോട്ട, ചീട്ടു കൊട്ടാരം പോലെ തകർന്നു വീണു. ജനം നിഷ്പ്രയാസം കോട്ട കീഴ ടക്കി. അങ്ങനെ കാനാൻ ദേശത്തേക്കുള്ള വഴി തെളിഞ്ഞു. എന്നാൽ അടുത്തദിവസം തികച്ചും അപ്രതീക്ഷിതമായതാണ് സംഭവിച്ചത്.

പ്രായേണ ചെറിയൊരു പട്ടണമായ "ആയി" പിടിച്ചടക്കാൻ പട്ടാളം മുഴുവൻ പോകേണ്ടതില്ല എന്ന ചാരന്മാരുടെ നിർദ്ദേശം അനുസരിച്ച് ജോഷ്വാ മൂവായിരം പടയാളികളെ യുദ്ധത്തിനയച്ചു. പക്ഷേ അവർ ദയനീയമായി പരാജയപ്പെട്ടു. തോറ്റോടിയവരിൽ പലരും ശത്രുക്കളുടെ വാളിനിരയായി. വാർത്ത കേട്ട ജനമാകെ ഭയന്നു വിറച്ചു. ഈജിപ്തിൽ നിന്നു പുറപ്പെട്ടതിനു ശേഷം ആദ്യമായാണ് ഇപ്രകാരം ഒരു തോൽവി അവർക്കുണ്ടാകുന്നത്. ഈ വാർത്ത പരസ്യമാകുന്നതോടെ കാനാൻകാർ ഒന്നടങ്കം തങ്ങൾക്കെതിരേ വരും, തങ്ങൾ നിഷ്കരുണം ഉന്മൂലനം ചെയ്യപ്പെടും എന്നു ജനം ഭയന്നു. നേതാവായ ജോഷ്വായെ യും ഭയം ഗ്രസിച്ചു. തകർന്ന ഹൃദയവും തളർന്ന കൈകളുമായി ജോഷ്വാ പേടകത്തിനുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ച്, തന്റെ ഭയവും വേവലാതികളും നിരത്തി. അപ്പോഴാണ് പരാജയകാരണം ദൈവം അയാൾക്ക് വെളിപ്പെടുത്തി കൊടുത്തത്.

രക്ഷിക്കാനാവാത്ത വിധം ദൈവത്തിന്റെ കരം കുറുകിപ്പോയതു കൊണ്ടല്ല, ആയി നിവാസികൾ അമാനുഷികശക്തിയുള്ളവരായതുകൊ ണ്ടുമല്ല ജനം പരാജയപ്പെട്ടത്, മറിച്ച് അവർ ദൈവകല്പന ലംഘിച്ച്, പാപം ചെയ്തതുകൊണ്ടാണ്. എന്താണ് പരാജയകാരണമായ പാപം എന്നതിനെക്കുറിച്ച് ഒരു സൂചനയും ദൈവം നൽകുന്നുണ്ട്: നിഷിദ്ധ വസ്തുക്കൾ സ്വന്തമായി എടുത്തു; അവ ഒളിപ്പിച്ചു വച്ചു; നുണ പറ യുന്നു. കുറ്റവാളിയെ കണ്ടുപിടിക്കാനുള്ള മാർഗ്ഗവും ദൈവം തന്നെ നിർദ്ദേശിച്ചു. അതനുസരിച്ച് ജോഷ്വാ ജനത്തെ മുഴുവൻ വിളിച്ചുവരു ത്തി. അവരിൽ നിന്ന് യൂദാ ഗോത്രത്തിലെ, സേരാകുലത്തിലെ, സബ്ദി കുടുംബത്തിലെ കാർമ്മിയുടെ പുത്രൻ ആഖാൻ പിടിക്കപ്പെട്ടു.

അയാളോടുള്ള ജോഷ്വായുടെ സംഭാഷണം ശ്രദ്ധേയമാണ്. "എന്റെ മകനേ, ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ മഹത്വപ്പെടുത്തി അവിടുത്തെ സ്തുതിക്കുക. നീ എന്താണ് ചെയ്തതെന്ന് എന്നോട് പറയുക. എന്നിൽ നിന്നും ഒന്നും മറച്ചുവയ്ക്കരുത്" (ജോഷ്വ 7,19) കുറ്റക്കാരൻ എന്ന് നിസംശയം ചൂണ്ടിക്കാണിച്ച വ്യക്തിയോട് എത്ര സൗമ്യമായാണ് ജോഷ്വ സംസാരിക്കുന്നത്! എന്നാൽ ദൈവത്തെ മഹത്വപ്പെടുത്താനുള്ള ആഹ്വാനം ഭീകരമായ ഒരു ധ്വനി ഉൾക്കൊള്ളുന്നുണ്ട്. ജനത്തിനു മുഴുവൻ പരാജയകാരണമായ തെറ്റ് ഏറ്റുപറയാനാണ് ജോഷ്വാ അയാളോട് ആവശ്യപ്പെടുന്നത്. സത്യം ഏറ്റുപറയുന്നത് ദൈവമഹത്വത്തിന് കാരണമാകും: അഥവാ, തന്റെ കുറ്റം മൂലമാണ്, ദൈവത്തിന്റെ ബലഹീനതയോ താല്പര്യക്കുറവോ കാരണമല്ല ജനം പരാജയപ്പെട്ടത് എന്ന തിരിച്ചറിവ് ദൈവത്തെക്കുറിച്ചുണ്ടായ ജനത്തിന്റെ തെറ്റിധാരണ തിരുത്തും. ഇതു തന്നെയാണ് ദൈവത്തെ മഹത്വപ്പെടുത്തൽ – അവിടുത്തെ ശക്തിയും കരുണയും കരുതലും എറ്റുപറഞ്ഞ് പരസ്യപ്പെടുത്തൽ.

ആവശ്യപ്പെട്ടതുപോലെ ആഖാൻ സ്വന്തം കുറ്റം ഏറ്റുപറഞ്ഞു. "കൊള്ളവസ്തുക്കളുടെ കൂടെ ഷീനാറിൽ നിന്നുള്ള അതിവിശിഷ്ടമായ ഒരു മേലങ്കിയും ഇരുന്നൂറു ഷെക്കൽ വെള്ളിയും അമ്പതുഷെക്കൽ തൂക്കമുള്ള ഒരു സ്വർണ്ണക്കട്ടിയും ഞാൻ കണ്ടു. മോഹം തോന്നി ഞാൻ അവ എടുത്തു. വെള്ളി ഏറ്റവും അടിയിലായി, അവയെല്ലാം എന്റെ കൂടാരത്തിനുള്ളിൽ കുഴിച്ചിടുകയും ചെയ്തു." (ജോഷ്വ 7,21)

ആഖാൻ പറഞ്ഞതു മുഴുവൻ സത്യമായിരുന്നു. അങ്ങനെ ജോഷ്വ ആവശ്യപ്പെട്ടതുപോലെ അയാൾ ദൈവത്തെ മഹത്വപ്പെടുത്തി. എന്നാൽ ബൈബിൾ വിവരണം അവിടെ അവസാനിക്കുന്നില്ല. തൊണ്ടിസാധനങ്ങൾ കണ്ടെടുത്തു. അത് ദൈവത്തിനായി ഭണ്ഡാരത്തിൽ സൂക്ഷിക്കുകയല്ല മറിച്ച് അഗ്നിക്കിരയാക്കുകയാണ് ജോഷ്വ ചെയ്തത്. മോഷ്ടിച്ച വസ്തുക്കൾ മാത്രമല്ല ആഖാന്റെ കൂടാരമടക്കം സകല വസ്തുക്കളും താഴ്വരയിലേക്കു കൊണ്ടുപോയി. ആഖാനെയും കുടുംബത്തെയും കല്ലെറിഞ്ഞു കൊന്നു. അവസാനം എല്ലാം ഒരു ദഹനബലിയായി അർപ്പിച്ചു. ചിതാഭസ്മത്തിനു മുകളിൽ ഒരു കൂറ്റൻ സ്മാരകവും നിർമ്മിച്ചു. അങ്ങനെ ആഖോർ താഴ്വരയിൽ ആഖാന്റെ സ്മരണ നിലനിർത്തുന്ന സ്മാരകം ഇന്നും അവിടെയുണ്ട് എന്നു പറഞ്ഞു നിർത്തുന്ന വി. ഗ്രന്ഥകാരൻ എന്തു സന്ദേശമാണ് നല്കാൻ ആഗ്രഹിക്കുന്നത്? എന്തു പ്രസക്തിയാണ് ഇന്ന് ഈ വിവരണത്തിനുള്ളത്

എന്നന്വേഷിക്കണം. കൊള്ളവസ്തുക്കളെ സംബന്ധിച്ചു നിലവിലിരിക്കുന്ന കാഴ്ച്ചപ്പാടു മനസ്സിലാക്കിയാലേ ഇവിടെ ഉത്തരം കിട്ടുകയുള്ളൂ.

വിവിധ ലക്ഷ്യങ്ങളോടു കൂടിയുള്ള യുദ്ധങ്ങൾ പതിവായിരുന്ന ഒരു ചരിത്ര പശ്ചാത്തലത്തിലാണ് ഈ വിവരണം അവതരിപ്പിച്ചിരിക്കുന്നത്. യുദ്ധത്തിൽ പരാജയപ്പെടുന്ന രാജ്യത്തെ വിജയികൾ കൊള്ളയടിക്കും – അത് വസ്തുക്കളോ മനുഷ്യരോ മൃഗങ്ങളോ എന്തുമാകാം. തോറ്റവന് സംരക്ഷണം നൽകുന്ന ഒരു നിയമവുമില്ല. കൊള്ളമുതലിന്റെ മുഴുവൻ ഉടമ യുദ്ധം ജയിച്ചവരായിരിക്കും. എന്നാൽ എല്ലാവരുമല്ല നേതാവ്, അഥവാ രാജാവ് മാത്രം. ഇസ്രായേൽക്കാരുടെ മുമ്പിൽ ജെറീക്കോ നിലം പതിച്ചത് ദൈവത്തിന്റെ ശക്തിയാലാണ്. ആ യുദ്ധം നയിച്ചത് ദൈവമായിരുന്നു. അതിനാൽ അവിടെയുള്ള സകലതും ദൈവത്തിന് അവകാശപ്പെട്ടതാണ്; കൊടുക്കണം, അഥവാ ബലിയർപ്പിക്കണം. വസ്തുക്കളും മൃഗങ്ങളും മനുഷ്യരും അഗ്നിയിൽ ദഹിച്ച്, ധൂപച്ചുരുളുകളായി മുകളിലേക്കുയരും. അങ്ങനെ അവയെല്ലാം ദൈവത്തിനു സമർപ്പിച്ചു എന്നും ദൈവം സ്വീകരിച്ചു എന്നും പ്രതീകാത്മകമായി സമർത്ഥിക്കുന്നു.

കൊള്ളമുതൽ ദൈവത്തിനുള്ളതാണ്. അതിൽ നിന്നും എന്തെങ്കിലും എടുക്കുന്നത് മോഷണമാണ്; അതിനാൽത്തന്നെ നിഷിദ്ധവും. ഈ കാഴ്ച്ചപ്പാടിലാണ് ആഖാന്റെ പാപം വിലയിരുത്തുന്നത്. മേലങ്കിയും വെള്ളിയും സ്വർണ്ണവും അഗ്നിയിൽ ദഹിപ്പിച്ചു ചാരമാക്കിയതുകൊണ്ട് ദൈവത്തിനു എന്തുഗുണം എന്ന ചോദ്യം ആരും ചോദിക്കരുത്. അതായിരുന്നു അന്നത്തെ കാഴ്ചപ്പാട്. എന്നാൽ ഈ കാഴ്ചപ്പാടിനു പിന്നിൽ നില്ക്കുന്ന ചില സത്യങ്ങളും ബോധ്യങ്ങളുമുണ്ട്. അവയാണ് വി. ഗ്രന്ഥം നമ്മുടെ പ്രബോധനത്തിനായി നല്കുന്നത്.

ബലിയർപ്പണം വഴി ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുകയും എല്ലാം ദൈവത്തിന്റെ ദാനമാണ് എന്ന് ഏറ്റുപറയുകയുമാണ് ബലിയർപ്പകൻ ചെയ്യുന്നത്. അതിനാൽ ദൈവത്തിനായി, ദൈവശുശ്രൂഷയ്ക്കായി, മാറ്റി വച്ചിരിക്കുന്നവ സ്വന്തമാക്കുന്നത് ദൈവത്തിനെതിരേ ചെയ്യുന്ന പാപമായി പരിഗണിക്കപ്പെടുന്നു. ദൈവത്തിനു നൽകേണ്ടതു നിഷേധിക്കുകയും സ്വന്തമാക്കുകയും ചെയ്യുന്നതാണല്ലോ പാപം. എന്നാൽ ആഖാന്റെ പാപത്തിനു മറ്റൊരു മാനം കൂടിയുണ്ട്.

ദൈവത്തിനായി മാറ്റിവയ്ക്കുന്നത് പൊതുമുതലാണ്; അത് ആർക്കും സ്വാർത്ഥ താൽപര്യങ്ങൾക്കായി ഉപയോഗിക്കാനുള്ളതല്ല.

പിൽക്കാലത്ത് ദേവാലയവും ദേവാലയശുശ്രൂഷകളും ശുശ്രൂഷകരുമുണ്ടായപ്പോൾ ജനം ദൈവത്തിനർപ്പിക്കുന്ന കാഴ്ചവസ്തുക്കൾ ദേവാലയ ശുശ്രൂഷകൾക്കായി ഉപയോഗിക്കപ്പെട്ടു. മിച്ചമുള്ളതു പാപങ്ങൾക്കു ദാനമായി നല്കണം എന്നതായിരുന്നു നിയമം. ദശാംശത്തിന്റെ കാര്യത്തിൽ ഈ നിയമം ഏറ്റം വ്യക്തമായിരുന്നു. ഈ കാഴ്ച്ചപ്പാട് രൂപം കൊള്ളുന്നതു തന്നെ വ്യക്തമായൊരു മനോഭാവത്തിൽ നിന്നാണ്. ഇസ്രായേലിന്റെ ജീവിതാനുഭവത്തിൽ വേരൂന്നിയതായിരുന്നു ആ മനോഭാവം. അതായത് അടിമകളും ദരിദ്രരും അനാഥരും വിധവകളുമായ അഗതികൾ ദൈവത്തിന്റെ ജനമാണ്. അവരുടെ സംരക്ഷണം ദൈവം സ്വന്തമായി ഏറ്റെടുത്തിരിക്കുന്നു. അതാണല്ലോ ഈജിപ്തിൽ ഫറവോയുടെ അടിമകളായി കഴിഞ്ഞവരെ ദൈവം സ്വന്തം ജനമെന്നു വിളിച്ച്, അവരുമായി ഉടമ്പടി ചെയ്യുന്നതിലൂടെ അർത്ഥമാക്കുന്നത്.

അതിനാൽ ദൈവത്തിനു സമർപ്പിക്കുന്ന കാഴ്ചകൾ ആത്യന്തികമായി പാവപ്പെട്ടവർക്ക് അവകാശപ്പെട്ട പൊതുമുതലാണ്. ഈ പൊതുമുതൽ ആരെങ്കിലും സ്വാർത്ഥ ലക്ഷ്യങ്ങൾക്കായി സ്വന്തമാക്കുന്നത് ദൈവത്തിനെതിരേ ചെയ്യുന്ന പാപമാണ്, കടുത്ത അനീതിയാണ്. വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ച ജനം ഇപ്രകാരമുള്ള അനീതികൾക്കിരയാകുന്നതിന്റെ ചിത്രം അവരുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്; അതിനെതിരേ പ്രവാചകൻന്മാരിലൂടെ ദൈവം ഉയർത്തിയ കർശനമായ വിമർശനങ്ങളും.

ഇപ്രകാരം - ഒരു വിമർശനത്തിന്റെ തുടക്കത്തിലാണ് ആഖോർ താഴ്വരയും അവിടെ ഉയർത്തിയ അനീതിയുടെ സ്മാരകവും നിൽക്കുന്നത്. വാഗ്ദത്തഭൂമിയിലേക്കുള്ള കുടിയേറ്റത്തിന്റെ തുടക്കത്തിൽ തന്നെ ദൈവം ശക്തമായ ചില താക്കീതുകളും ഓർമ്മപ്പെടുത്തലുകളും നല്കുന്നു - പ്രത്യക്ഷത്തിൽ അതിക്രൂരവും കിരാതവും എന്നു തോന്നാവുന്ന ശിക്ഷാനടപടിയുടെ ലക്ഷ്യം ഇതാണ്. പൊതുമുതൽ ആരും സ്വന്തമാക്കരുത്. വിലപിടിച്ച മേലങ്കിയും പൊന്നും വെള്ളിയും എല്ലാം പ്രലോഭനങ്ങളാകാം. പക്ഷേ അതിനു വഴിപ്പെടുന്നത് മാരകമായ ദുരന്തങ്ങൾക്കു കാരണമാകാം എന്ന മുന്നറിയിപ്പാണ് ഒരു കുടുംബത്തെ മുഴുവൻ നിഷ്കരുണം ചുട്ടുചാമ്പലാക്കുന്നതിലൂടെ നല്കുന്നത്. വരും തലമുറകൾക്ക് ഇതൊരു പാഠമായിരിക്കണം. ധനമോഹം ആരെയും അനീതി പ്രവർത്തിപ്പിക്കാൻ പ്രേരിപ്പിക്കരുത്. അതിനുവേണ്ടിയാണ് ആഖോർ താഴ്വരയിൽ അവർ സ്മാരകം പണിതത്.

സന്തോഷപ്രദവും അഭിമാനകരവുമായ മഹാസംഭവങ്ങളുടെയും വിജയങ്ങളുടെയും ഓർമ്മ നിലനിർത്താനായിട്ടാണല്ലോ മനുഷ്യൻ സാധാരണമായി സ്മാരകങ്ങൾ നിർമ്മിക്കുക? എന്നാൽ ഇവിടെ സ്മാരകം ഉണർത്തുന്നത് സന്തോഷവും അഭിമാനവുമല്ല, ഭയമാണ് – രക്ഷാകരമായ ഭയം. ദൈവത്തിനും ദൈവജനത്തിനുമായി മാറ്റിവച്ചിരിക്കുന്ന പൊതുമുതൽ സ്വന്തമാക്കുന്നവനെ കാത്തിരിക്കുന്നത് ആഖാന്റെ അന്ത്യമാണെന്ന മുന്നറിയിപ്പ് തീർച്ചയായും രക്ഷാകരമാണ്. അനീതി പ്രവർത്തിക്കുന്നതിൽ നിന്ന് അകന്നു നിൽക്കാൻ അതു പ്രേരിപ്പിക്കണം.

ലോകചരിത്രത്തിലും രക്ഷാകരചരിത്രത്തിലും ഒരു പോലെ ധാരാളമായി ഉയർന്നു നില്ക്കുന്നെങ്കിലും ഈ സ്മാരകങ്ങൾ വിസ്മരിക്കപ്പെടുന്നു എന്നതാണ് ദുഃഖകരമായ യാഥാർത്ഥ്യം. വിജയസ്മരണക്കായി ഉയർത്തുന്ന ഗോപുരങ്ങളും സ്തംഭങ്ങളും പോലും പലപ്പോഴും വലിയ അക്രമത്തിന്റെയും അനീതിയുടെയും സ്മരണകളായിരിക്കും ഉണർത്തുക. അന്യന് അർഹമായത് പിടിച്ചടക്കി സ്വന്തമാക്കി വിജയം ആഘോഷിച്ച് സ്മാരകങ്ങൾ നിർമ്മിക്കുന്നവർ തങ്ങളുടെ തന്നെ പാപത്തിന്റെയും അനീതികളുടെയും ഓർമ്മകളാണ് പിൻതലമുറകൾക്ക് കൈമാറുന്നത് എന്ന് മറന്നുപോകുന്നു.

ഒരാളുടെ പാപം, അനീതി നിറഞ്ഞ പ്രവർത്തനം, സമൂഹത്തിനു മുഴുവൻ നാശകാരണമാകും എന്ന ഒരു പാഠവും ആഖാന്റെ വിവരണത്തിലൂടെ ബൈബിൾ പഠിപ്പിക്കുന്നുണ്ട്. മനുഷ്യന്റെ ഏതു പ്രവർത്തനവും, അതു നന്മയോ തിന്മയോ ആകട്ടെ, ഒരു വ്യക്തിയുടെ സ്വകാര്യ മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. സംഘാതവ്യക്തിത്വം (Corporate Personality) എന്നൊരു കാഴ്ച്ചപ്പാടുണ്ട്. അതിൻപ്രകാരം ഒരു സമൂഹത്തിലെ ഓരോ വ്യക്തിയും അഭേദ്യമാം വിധത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒരാളുടെ വാക്കും പ്രവൃത്തിയും മാത്രമല്ല ചിന്ത പോലും, ആ സമൂഹത്തിലെ എല്ലാവരെയും ബാധിക്കും; സ്വാധീനിക്കും. അതിനാൽ എല്ലാവർക്കും ഒരു കൂട്ടുത്തരവാദിത്വമുണ്ട്. “നിന്റെ സഹോദരൻ ആബേൽ എവിടെ?” എന്ന ചോദ്യത്തിന്, “എനിക്കറിയില്ല സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?” എന്ന മറുചോദ്യം കൊണ്ട് ഉത്തരം പറഞ്ഞ് ഒഴിഞ്ഞുമാറാൻ ദൈവം ആരെയും അനുവദിക്കുകയില്ല എന്നും ആഖോർ താഴ്വരയിലെ കല്ക്കൂമ്പാരം അനുസ്മരിപ്പിക്കുന്നു.

ശിക്ഷാഭീതി കൂടാതെ ആരും അക്രമം പ്രവർത്തിക്കരുത്, അനീതിയിൽ തുടരരുത് എന്നു പഠിപ്പിക്കാൻ വേണ്ടി കൂടിയാണ് ബൈബിൾ ആഖാന്റെ അനുഭവം വിശദമായി വിവരിക്കുന്നത്. ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ച് തീക്ഷ്ണമായി പഠിപ്പിക്കുമ്പോഴും നീതിബോധം നഷ്ടമാക്കരുത് എന്ന കർശനമായ താക്കീതുകളും ബൈബിൾ നല്കുന്നുണ്ട്. ഇന്നു നമ്മുടെ നാട്ടിൽ ഉയർന്നു നില്ക്കുന്ന പല വലിയ മാളികകളും സ്തംഭങ്ങളും സ്തൂപങ്ങളും ആഖോർ താഴ്വരയിലെ കല്ക്കൂമ്പാരത്തെയല്ലേ അനുസ്മരിപ്പിക്കുന്നത് എന്ന സംശയം നിലനിൽക്കുന്നു. പല രക്തസാക്ഷി മണ്ഡപങ്ങളും അസംഘടിതരും അശക്തരുമായ പാവപ്പെട്ടവർക്കെതിരെ നടത്തിയ അതിക്രമങ്ങളുടെയും അനീതികളുടെയും സ്മാരകങ്ങളല്ലേയെന്നും സംശയിക്കണം. യുവമനസ്സുകളിൽ വിദ്വേഷത്തിന്റെ വിഷം നിറച്ച്, തല്ലിത്തകർക്കാനും കൊന്നൊടുക്കാനുമായി തെരുവിലേക്കിറക്കിവിടുന്ന നേതാക്കന്മാർക്കും ലഭിക്കേണ്ടത് ആഖാന്റെ തന്നെ സ്മാരകങ്ങളാണെന്ന് ബൈബിൾ അനുസ്മരിപ്പിക്കുന്നു.

സാമൂഹ്യനീതിയെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്നവരും അനീതിക്കെതിരേ ആയുധമെടുക്കാൻ അണികളോടാഹ്വാനം ചെയ്യുന്നവരും ആഖോർ താഴ്വരയിൽ ഒരു നിമിഷം നിൽക്കണം; അവിടെ ഉയർന്നു നിൽക്കുന്ന കൽകൂമ്പാരം കാണണം, അവിടെ നിന്നുയരുന്ന രക്തത്തിന്റെ നിലവിളി കേൾക്കണം. അന്യന് അർഹമായത് സ്വന്തമാക്കുന്നവന്റെ ഗതി ഇതായിരിക്കും എന്ന താക്കീത് ഓർക്കണം. പൊതുമുതൽ സ്വന്തമാക്കുന്ന ജനസേവകർക്കും ജനനായകർക്കും അനീതിയുടെ സ്മാരകങ്ങളാണ് തങ്ങൾക്കുവേണ്ടി പണിയുന്നത് എന്ന തിരിച്ചറിവുനല്കാൻ ആഖോർതാഴ്വരയ്ക്കു കഴിയും.

സാമൂഹ്യ - രാഷ്ട്രീയ മേഖലകളിൽ മാത്രമല്ല, മതമേഖലയിലും ആഖോർ താഴ്വരയ്ക്ക് ഏറെ പ്രസക്തിയുണ്ട്. ദൈവത്തിന്റെ പേരിൽ സംഭരിക്കുന്ന നേർച്ച - കാഴ്ച്ചകളും ദശാംശങ്ങളും മറ്റ് ഓഹരികളും എന്തിനുവേണ്ടി ചെലവഴിക്കുന്നു എന്ന ആത്മശോധനയ്ക്ക് ഈ സ്മാരകം പ്രേരകമാകണം. ദൈവാരാധനയ്ക്കെന്ന ലേബലിൽ സംഭരിക്കുന്ന സ്വത്ത് മനോഹരങ്ങളായ ആലയങ്ങളും ഉത്തുംഗ ഗോപുരങ്ങളും പൊന്നുപൂശിയ താഴികക്കുടങ്ങളും നിർമ്മിക്കാനായി ചെലവിടുമ്പോൾ അതാണോ യഥാർത്ഥ ദൈവാരാധന, ഇങ്ങനെയാണോ ദൈവത്തെ മഹത്വപ്പെടുത്തേണ്ടത് എന്നും ചിന്തിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള നിർമ്മിതികൾക്കായി മുടക്കുന്ന തുകകളുടെ അത്ര നിസ്സാ

രമല്ലാത്ത ഒരോഹരി നിർമ്മിതാക്കൾ സ്വന്തമാക്കുന്നെങ്കിൽ അതിനെ മോഷണമെന്ന് വിശേഷിപ്പിക്കാനാകുമോ? അവിടെയൊക്കെ ആഖാൻ പുനർജനിക്കുകയല്ലേ? അപ്പോൾ അവരുയർത്തുന്ന സ്മാരകങ്ങളും ആഖോർ താഴ്‌വരയെ അനുസ്മരിപ്പിക്കുന്നതാവില്ലേ?

പ്രത്യക്ഷത്തിൽ അതിക്രൂരവും കിരാതവുമായി തോന്നാവുന്ന ആഖാൻ സംഭവത്തിന് ഇന്നും ഒട്ടും തന്നെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. പക്ഷെ ആ സംഭവത്തിൽ ഉൾച്ചേർത്തിരിക്കുന്ന സന്ദേശം പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്നു, ശ്രദ്ധിച്ചാൽ തന്നെ മറന്നുപോകുന്നു, അഥവാ മറന്നു കളയുന്നു എന്നതല്ലേ യാഥാർത്ഥ്യം? ജനജീവിതത്തിന്റെ സകല മേഖലകളെയും കീഴടക്കിക്കൊണ്ടിരിക്കുന്ന സ്വാർത്ഥമോഹങ്ങളും സമ്പത്തിനോടുള്ള ആസക്തിയും മാമ്മോന്റെ സർവ്വാധിപത്യവും വരുത്തിവയ്ക്കുന്ന ദുരന്തത്തെ അനുസ്മരിപ്പിക്കുന്നതാണ് ആഖോർ താഴ്‌വരയിലെ കല്ക്കൂമ്പാരം. ഒന്നേ ചെയ്യേണ്ടതുള്ളൂ, ദൈവത്തിന്റേതു ദൈവത്തിനു കൊടുക്കുക. അതേ സമയം ദൈവത്തിന്റേത് ദൈവത്തിനു സ്വന്തമായവർക്ക്, ദരിദ്രർക്ക് ഉള്ളതാണെന്ന് മറക്കാതിരിക്കുക. പൊതുമുതൽ സ്വന്തമാക്കാതെ, അന്യർക്ക് അർഹമായതു പിടിച്ചെടുക്കാതെ, നീതിപൂർവ്വം വർത്തിക്കാൻ ആഖാന്റെ സ്മാരകം അനുസ്മരിപ്പിക്കുന്നു.

# 17

# രക്തമൊഴുകുന്ന  വയലുകൾ

*“കർത്താവ് ചോദിക്കുന്നു: നീ അവനെ കൊലപ്പെടുത്തി, അവന്റെ വസ്തു കയ്യേറിയോ? കർത്താവരുളിച്ചെയ്യുന്നു: നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തം നായ്ക്കൾ നക്കിക്കുടിക്കും”*(1 രാജാ 21,19).

വളരെ ലളിതമായിരുന്നു ആഹാബിന്റെ ആഗ്രഹം. ഇസ്രായേൽ രാജാവായ തന്റെ വേനൽക്കാല വസതിക്കടുത്തുള്ള ചെറിയൊരു മുന്തിരിത്തോട്ടം വാങ്ങി ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കുക. കൊട്ടാരത്തിനടുത്ത് ഒരു പച്ചക്കറിത്തോട്ടമുണ്ടാക്കണം എന്ന രാജാവിന്റെ ആഗ്രഹത്തിൽ എന്തെങ്കിലും തിന്മയോ അനീതിയോ വക്രതയോ കാണാനില്ല. സ്ഥലത്തിനു ന്യായമായ വില, അല്ല ഉടമസ്ഥൻ നിശ്ചയിക്കുന്ന മോഹവില തന്നെ കൊടുക്കാനും അയാൾ ഒരുക്കമാണ്. വിലയല്ല, പകരം സ്ഥലമാണ് ആഗ്രഹമെങ്കിൽ അതിനും തയ്യാർ. ഒരു രാജാവെന്നനിലയിൽ എന്താണ് ഇതിൽക്കൂടുതൽ ചെയ്യേണ്ടത്?

എന്നാൽ തോട്ടത്തിന്റെ ഉടമയായ നാബോത്ത് തോട്ടം വിൽക്കാൻ ഒരുക്കമല്ല; മാറ്റക്കച്ചവടത്തിനും അയാൾ വിസമ്മതിച്ചു. ഇതു രാജാവിനെ കുപിതനാക്കി; അതിലേറെ ദുഃഖിതനും. കൊട്ടാരത്തിൽ തിരിച്ചെത്തി, കട്ടിലിൽ കയറിക്കിടന്ന രാജാവിന്റെ അടുക്കൽ രാജ്ഞി ജെസ

ബെൽ കാര്യം തിരക്കി. വിവരമറിഞ്ഞ രാജ്ഞിക്കു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഇസ്രായേൽ വാഴുന്ന മഹാരാജാവിന് തന്റെ കൊട്ടാരത്തി നടുത്ത് ഒരു പച്ചക്കറിത്തോട്ടം നട്ടുപിടിപ്പിക്കാൻ സ്ഥലം കിട്ടാതെ വരുക! അതിൽപരം അപഹാസ്യമായെന്തുണ്ട്. രാജ്ഞിക്ക് പുച്ഛമാണ് തോന്നിയത്. അങ്ങാണോ രാജാവ്? എഴുന്നേറ്റ് ഭക്ഷണം കഴിക്കുക. തോട്ടം നാളെ അങ്ങയുടേതായിരിക്കും.

എന്തുകൊണ്ടാണ് നാബോത്ത് തന്റെ സ്ഥലം വില്ക്കാനോ കൈമാറ്റം ചെയ്യാനോ വിസമ്മതിച്ചതെന്ന് ടയിർ രാജാവിന്റെ മകളായ ജെസബെല്ലിനു മനസ്സിലാവില്ല. കാരണം നാബോത്തിന്റെ നിലപാട് ഒരു യഥാർത്ഥ ഇസ്രായേൽക്കാരന്റേതാണ്. അവന് “ഭൂമി” ഒരു കച്ചവ ടചരക്കല്ല, തലമുറകളായി കൈമാറിവന്ന ദൈവത്തിന്റെ ദാനവും പിതൃ സ്വത്തുമാണ്. അതിൽ അവനു വസിക്കാം, കൃഷി ചെയ്യാം. മരിക്കു മ്പോൾ അവിടെ തന്നെ സംസ്കരിക്കപ്പെടാം. അങ്ങനെ തലമുറകളായി വസിക്കുന്ന, ദൈവത്തിന്റെ സ്വത്താണു ഭൂമി. അതിനു വിലപറയാനാ വില്ല. “നിങ്ങൾ ഭൂമി എന്നേക്കുമായി വില്ക്കരുത്. എന്തെന്നാൽ ഭൂമി എന്റേതാണ്. നിങ്ങൾ കുടികിടപ്പുകാരുമാണ്” (ലേവ്യ 25,23) ദൈവം നൽകുന്ന അവകാശത്തിൽ പങ്കുചേരാനും ദൈവജനത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടാനും സഹായിക്കുന്നതാണ് ജോഷ്വായുടെ കാലം മുതൽ പിതൃസ്വത്തായി നല്കപ്പെട്ട ഭൂമി. അതിൽനിന്നകറ്റപ്പെടുന്നത് ദൈവികസാന്നിധ്യത്തിൽനിന്നു പുറന്തള്ളപ്പെടുന്നതിനു തുല്യമാണ്. ഭൂമിയുടെ ഈ ദൈവശാസ്ത്രം അറിയാത്ത വിജാതീയ രാജ്ഞി തന്റെ നാട്ടുനടപ്പനുസരിച്ചു പ്രവർത്തിച്ചു.

രാജാവിന്റെ മുദ്രമോതിരം കൊണ്ട് മുദ്രവച്ച രാജകല്പനയുമായി ദൂതൻ ജസ്രേലിലേക്കു കുതിച്ചു. കല്പനപ്രകാരം പിറ്റേന്ന് പട്ടണത്തിൽ ഉപവാസം പ്രഖ്യാപിച്ചു. സായാഹ്നത്തിൽ മഹാസഭ വിളിച്ചു കൂട്ടി. സമ്മേളനത്തിന്റെ മുഖ്യ അതിഥിയായി നാബോത്തിനെ ഇരുത്തി. അയാൾ ദൈവത്തിനും രാജാവിനും എതിരേ ദൂഷണം പറഞ്ഞെന്ന് രണ്ടു സാക്ഷികൾ കള്ളം പറഞ്ഞു. രണ്ടു സാക്ഷികളുടെ മൊഴി നിയ മപ്രകാരം സത്യമായി പരിഗണിച്ച് ശിക്ഷ വിധിച്ചു. നാബോത്തിനെ അവന്റെ മുന്തിരിത്തോട്ടത്തിൽ കൊണ്ടുചെന്ന് കുടുംബസമേതം കല്ലെ റിഞ്ഞു കൊന്നു. രാജ്യദ്രോഹകുറ്റത്തിന് ശിക്ഷിക്കപ്പെടുന്നവന്റെ സ്വത്ത് രാജഭണ്ഡാരത്തിലേക്കു കണ്ടുകെട്ടുക അന്ന് നിയമമായിരു ന്നു. അങ്ങനെ ഒരു മുതൽ മുടക്കും കൂടാതെ താൻ ആഗ്രഹിച്ച തോട്ടം ആഹാബിനു കിട്ടി.

സാക്ഷ്യം പറഞ്ഞവർക്കും വധശിക്ഷ വിധിച്ചവർക്കും കല്ലെറിഞ്ഞവർക്കും എല്ലാം അറിയാമായിരുന്നു നാബോത്ത് നിരപരാധനാണെന്ന്. എന്നാൽ രാജകല്പന ധിക്കരിക്കാനോ ചോദ്യം ചെയ്യാനോ അതിൽ പ്രതിഷേധിക്കാനോ ആരും തയ്യാറായില്ല. നിരപരാധന്റെ രക്തം തോട്ടത്തിൽ തളംകെട്ടിക്കിടന്നു, നായ്ക്കൾ നക്കിക്കുടിച്ചു. അത്രടം വരെ എത്തി ഇസ്രായേൽ ജനത്തിന്റെ നീതിന്യായ വ്യവസ്ഥ!

ബി.സി. 847–853 ആണ് ആഹാബിന്റെ ഭരണകാലം. ആഹാബിന്റേയോ ഭാര്യ ജെസബെല്ലിന്റേയോ പ്രത്യേക സ്വാർത്ഥതയുടെയും ക്രൂരതയുടെയും പ്രതിഫലനമല്ല മുകളിൽ വിവരിച്ച സംഭവം. രാജഭരണത്തിന്റെ ആവിർഭാവത്തോടെ ഇസ്രായേൽ ജനം സാവകാശം ചെന്നുപെട്ട ദുരന്തത്തിന്റെ ഒരുദാഹരണം മാത്രമാണിത്. വാഗ്ദത്തഭൂമിയിലേക്കു പ്രവേശിക്കുമ്പോൾ എത്ര വലിയ നീതിബോധമുള്ള ഒരു ജനതയായിരുന്നു ഇസ്രയേൽ! ആഖോർ താഴ്വരയിലെ സ്മാരകം അതിന്റെ അടയാളമാണ്; ഒപ്പം നീതി പാലിക്കാൻ അഹ്വാനം ചെയ്യുന്ന ഒരു താക്കീതും. വാഗ്ദത്തഭൂമി കീഴടക്കിയപ്പോൾ എല്ലാ ഗോത്രങ്ങൾക്കും കുലങ്ങൾക്കും കുടുംബങ്ങൾക്കുമായി, അവരുടെ സംഖ്യ അനുസരിച്ച് ജോഷ്വാ തന്നെയാണ് ദേശം വീതിച്ചു കൊടുത്തത്(ജോഷ്വ 13–21).

സ്വന്തമായൊന്നുമില്ലാതെ, ഫറവോയുടെ ഇഷ്ടികക്കളത്തിൽ രക്തം വിയർപ്പാക്കി ഒഴുക്കിയ ഒരു പറ്റം അടിമകളെ, കരുത്തുറ്റ കരം നീട്ടി മോചിപ്പിച്ച്, അത്ഭുതകരമായി വഴി നടത്തി, വാഗ്ദത്തഭൂമിയിൽ കുടിയിരുത്തിയത് അവർ ദൈവത്തിന്റെ സ്വന്തം ജനമായി ജീവിക്കുന്നതിനുവേണ്ടിയായിരുന്നു. സത്യത്തിലും നീതിയിലും, കരുണയിലും സ്നേഹത്തിലും അടിയുറച്ച അവരുടെ ജീവിതം ലോകജനതകൾക്കു മുന്നിൽ ഒരു സാക്ഷ്യമായിരിക്കണം. അവർ ലോകത്തിന്റെ പ്രകാശമാകണം. അവരിലൂടെ, അവരുടെ ജീവിതത്തിലൂടെ, സത്യദൈവത്തെ ലോകം മുഴുവൻ അറിയണം; തിരുഹിതം അറിഞ്ഞതനുസരിച്ചു ജീവിക്കണം. എന്നാൽ അതല്ല സംഭവിച്ചത്.

ജോഷ്വായുടെ മരണത്തിനുശേഷം ഏകദേശം 150 വർഷം (ബി. സി. 1200–1030) ജനം ചെറിയ സമൂഹങ്ങളായി കാനാൻ ദേശത്ത് വസിച്ചു. പ്രതിസന്ധികളുണ്ടവുമ്പോൾ ദൈവം അവർക്കു നേതാക്കന്മാരെ നല്കും. "ന്യായാധിപന്മാർ "എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ നേതാക്കന്മാർ ശത്രുക്കളിൽ നിന്നു സംരക്ഷണം നല്കും; സുരക്ഷിതത്വവും. പക്ഷെ കാലക്രമത്തിൽ ഈ ന്യായാധിപസംവിധാനം പോരാ എന്ന് അവർക്കു തോന്നി. തങ്ങൾക്കു മോചനം നല്കി നയിച്ച

യാഹ്വേയുടെ കൂടെ മറ്റു ദേവന്മാരെയും അവർ ആരാധിച്ചു തുടങ്ങി. നേതാക്കന്മാർ അവിശ്വസ്തരും നീതിബോധമില്ലാത്തവരുമായി. ശത്രുക്കൾ കൂടുതൽ ശക്തരായി. അവസാനം ഏറ്റം വിശുദ്ധവും ശക്തികേന്ദ്രവുമായി അവർ കരുതിയിരുന്ന ഉടമ്പടിയുടെ പേടകം പോലും ശത്രുക്കളായ ഫിലിസ്ത്യർ പിടിച്ചെടുത്തു. (1സാമു 4-5). ഒരു പുതിയ സംവിധാനമുണ്ടായാലേ വാഗ്ദത്തഭൂമിയിൽ ഉറച്ചുനില്ക്കാനാകൂ എന്ന് ജനം ഉറച്ചു വിശ്വസിച്ചു. അതിനായി അവർ അന്നത്തെ നേതാവും അവസാനത്തെ ന്യായാധിപനുമായ സാമുവേലിനെ സമീപിച്ചു.

"അങ്ങു വൃദ്ധനായി; പുത്രന്മാരാകട്ടെ അങ്ങയുടെ മാർഗ്ഗം പിന്തുടരുന്നതുമില്ല. അതിനാൽ, മറ്റു ജനതകൾക്കുള്ളതുപോലെ ഒരു രാജാവിനെ ഞങ്ങൾക്കും നിയമിച്ചുതരിക''(1സാമു 8,5). ജനത്തിന്റെ അഭ്യർത്ഥന സാമുവേലിനിഷ്ടമായില്ല. കാരണം ഇസ്രായേൽ ജനം ഇതരജനതകളെപ്പോലെയല്ല എന്ന് അയാൾക്കറിയാമായിരുന്നു. തന്റെ സ്വന്തം ജനമാകേണ്ടതിനുവേണ്ടി ദൈവം തന്നെ അവരെ തിരഞ്ഞെടുത്ത് വളർത്തിയതാണ്. അതിനാൽ മറ്റ് ജനതകളെപ്പോലെയാകാനുള്ള അവരുടെ ആഗ്രഹം വിശ്വാസത്യാഗത്തേക്കാൾ ഒട്ടും കുറവല്ല. ദൈവം തന്നെ അത് വെളിവാക്കുന്നുമുണ്ട്. പക്ഷേ അവർ ആഗ്രഹിച്ചതുപോലെ ഒരു രാജാവിനെ വാഴിച്ചുകൊടുക്കാൻ ദൈവം സാമുവേലിനെത്തന്നെ ചുമതലപ്പെടുത്തി. കർത്താവു സാമുവേലിനോടു പറഞ്ഞു: "ജനം പറയുന്നതു ചെയ്യുക. നിന്നെയല്ല, തങ്ങളുടെ രാജാവായ എന്നെയാണ് അവർ തിരസ്കരിച്ചിരിക്കുന്നത്" (1 സാമു 8, 7-9). ദൈവത്തിന്റെ ഈ വാക്കുകളിൽ ജനത്തിന്റെ വിശ്വാസരാഹിത്യത്തെയും നന്ദികേടിനെയും കുറിച്ചുള്ള ദുഃഖമുണ്ട്. അതേസമയം അവർക്കു താൻ നല്കിയ സ്വാതന്ത്ര്യം മാനിക്കാനുള്ള തീരുമാനവും.

അവരുടെ ആഗ്രഹവും ദുഃശാഠ്യവും വരുത്തിവയ്ക്കാൻ പോകുന്ന വിനകൾ എന്തൊക്കെയെന്നു വ്യക്തമായ താക്കീതു നല്കാനും ദൈവം സാമുവേലിനെ ചുമതലപ്പെടുത്തി: "നിങ്ങളെ ഭരിക്കാൻ പോകുന്ന രാജാവ് നിങ്ങളോട് ഇങ്ങനെ ചെയ്യും... ഭടന്മാരായി നിങ്ങളുടെ പുത്രന്മാരെ നിയോഗിക്കും. .. ഉഴവുകാരും കൊയ്ത്തുകാരും ആയുധപ്പണിക്കാരും ... പുത്രിമാരെ പാചകക്കാരികളും അപ്പക്കാരികളും ..... നിങ്ങളുടെ .... മുന്തിരിത്തോട്ടങ്ങളിലും... ഏറ്റം നല്ലത് അവൻ തന്റെ സേവകർക്കു നല്കും... നിങ്ങൾ അവന്റെ അടിമകളായിത്തീരും..."(1 സാമു 8, 10-18). ഈ താക്കീതുകളൊന്നും തങ്ങൾക്കൊരു രാജാവു വേണം എന്ന ആഗ്രഹത്തിൽനിന്നു ജനത്തെ പിന്തിരിപ്പിച്ചില്ല. അങ്ങനെ ഇസ്രാ

യേൽ ചരിത്രത്തിൽ ആദ്യമായൊരു രാജാവുണ്ടായി - 'ചോദിച്ചുവാങ്ങിയവൻ' എന്നർത്ഥമുള്ള ശാവോൽ അഥവാ സാവൂൾ.

രാജഭരണത്തെ സംബന്ധിച്ച് വ്യത്യസ്തവും പരസ്പര വിരുദ്ധമെന്നു തോന്നാവുന്നതുമായ രണ്ടു കാഴ്ചപ്പാടുകൾ ബൈബിളിൽ കാണാം. നിഷേധാത്മകമായ കാഴ്ചപ്പാടാണ് മുകളിൽ അവതരിപ്പിച്ചത്. എന്നാൽ ദൈവം തന്നെ ജനത്തിനു കനിഞ്ഞു നല്കിയ നേതാവാണ് രാജാവ് എന്ന ഒരു കാഴ്ചപ്പാടും ബൈബിളിലുണ്ട്. രാജഭരണത്തെക്കുറിച്ചുള്ള ഈ രണ്ടു മനോഭാവങ്ങൾ ചരിത്രത്തിന്റെ തന്നെ പ്രതിഫലനങ്ങളാണ്. പല തരത്തിലും രാജഭരണം ഇസ്രായേൽ ജനത്തിന് ഗുണകരമായിരുന്നു; അതേസമയം ദോഷഫലങ്ങളും കുറവായിരുന്നില്ല.

മറ്റേതു ജനതയോടും തുല്യമായി തല ഉയർത്തിനിൽക്കാൻ മാത്രം അന്തസും അഭിമാനവുമുള്ള ഒരു ജനവും രാജ്യവും രാഷ്ട്രവുമാണ് തങ്ങൾ എന്ന അവബോധം ഇസ്രായേലിനുണ്ടായത് രാജഭരണകാലത്താണ്. ദാവീദ് ഇസ്രായേലിനു സുരക്ഷിതത്വം നല്കി; ദേശത്തിനു വിസ്തൃതിയും ജനത്തിനു മഹത്വവും കൈവന്നു, സോളമന്റെ കാലമായപ്പോഴേക്കും അന്താരാഷ്ട്രതലത്ത് വലിയ സാമാജ്യങ്ങളെപ്പോലെ ഒരു സാമ്രാജ്യമായി ഇസ്രായേൽ. വ്യവസായവും വാണിജ്യവും വികസിച്ചു. ദേശം സമ്പന്നവും സുശക്തവുമായി. ഫറവോയുടെ മകളെ ഭാര്യയായി സ്വീകരിക്കാൻ മാത്രം ഇസ്രായേൽ രാജാവ് വളർന്നു.

കേന്ദ്രീകൃത ഭരണസംവിധാനവും ആരാധനയും ജനത്തിന്റെ കെട്ടുറപ്പ് വർദ്ധിപ്പിച്ചു; ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾക്കു നിറം പകർന്നു. എന്നും നിലനിൽക്കുന്ന ദാവിദീന്റെ സാമ്രാജ്യത്തെയും വരാൻ പോകുന്ന രക്ഷകനായ ദാവീദിന്റെ പുത്രനെയും കുറിച്ച് പ്രവചനങ്ങളുണ്ടായി. ദൈവിക ഇടപെടലുകൾ വ്യക്തമാക്കുന്ന ജനത്തിന്റെ ചരിത്രം എഴുതപ്പെടാൻ തുടങ്ങിയത് രാജഭരണകാലത്താണ്. പ്രത്യേകിച്ചും ദാവീദിന്റെയും സോളമന്റെയും കാലത്ത്. അങ്ങനെ ഒറ്റനോട്ടത്തിൽ വലിയൊരു വിജയമായിരുന്നു രാജഭരണം; ദൈവം തന്നെ അനുഗ്രഹിച്ചു നല്കിയ സംവിധാനം. എന്നാൽ ഇത് രാജഭരണത്തിന്റെ ഒരു വശം മാത്രം.

ഭീകരവും സാമൂഹ്യനീതിയെ സംബന്ധിച്ച് സുപ്രധാനവുമായ മറ്റൊരു മുഖവും രാജഭരണത്തിനുണ്ട്. ജനത്തിനുണ്ടായ തിക്താനുഭവങ്ങളിൽ നിന്നു രൂപപ്പെട്ടതോ അവയെ മുൻകൂട്ടി ഒരു താക്കീതു

പോലെ വിവരിക്കുന്നതോ ആയ സാമുവേലിന്റെ വാക്കുകളിൽ തെളിയുന്നത് രാജഭരണത്തിന്റെ ബീഭത്സമായ ഈ മുഖമാണ്. ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു സംരക്ഷണം മാത്രമായിരുന്നു രാജാവിനു വേണ്ടി മുറവിളി കൂട്ടിയവർ ആഗ്രഹിച്ചത്. ഒരു പരിധിവരെ അവർക്കതു ലഭിക്കുകയും ചെയ്തു. എന്നാൽ അതിനു കൊടുക്കേണ്ടി വന്ന വില വളരെ വലുതായിരുന്നു. ദൈവംതന്നെ തിരഞ്ഞെടുത്ത് അഭിഷേചിച്ച് രാജാവായി നല്കിയ സാവൂളിൽത്തന്നെ തുടങ്ങാം. ആദ്യമാദ്യം ശത്രുക്കൾക്കെതിരേ സൈന്യത്തെ നയിക്കാൻ സാവൂളിനു സാധിച്ചു. ചില വിജയങ്ങൾ നേടാനും. എന്നാൽ രാജാധികാരം ഒരു ലഹരിപോലെ തലയ്ക്കടിച്ചപ്പോൾ സാവൂളിനു കാലിടറി. തന്നെ നിയോഗിച്ച ദൈവത്തിന്റെ ഹിതമനുസരിച്ചാണ് താൻ ജനത്തെ നയിക്കേണ്ടത് എന്ന കാര്യം അയാൾ അവഗണിച്ചു; വിജയം നല്കുന്നതു ദൈവമാണെന്നതും മറന്നു.

ഗോലിയാത്തിന്റെ വെല്ലുവിളിയിൽ മനസു പതറിയ സാവൂൾ സാവകാശം മാനസികരോഗിയായതുപോലെ തോന്നും. ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാൻ കഴിയാത്തവിധം വിഭക്ത വ്യക്തിത്വത്തിനും വിഷാദരോഗത്തിനും ഇരയായ അയാൾ തന്റെ രാജഭരണത്തിന്റെ രണ്ടാം പകുതി ദാവീദിനെ വേട്ടയാടാൻ വേണ്ടിയാണ് ചെലവഴിച്ചത്. രാജ്യരക്ഷയും പ്രജകളുടെ നന്മയും എന്നതിലുപരി സിംഹാസനം ഉറപ്പിക്കാനും സ്വന്തമായൊരു രാജവംശം സ്ഥാപിക്കാനുമുള്ള വ്യഗ്രതയ്ക്കായി മുൻഗണന. ഒളിച്ചോടിയ അംഗരക്ഷകന് സംരക്ഷണം നല്കി എന്ന കുറ്റമാരോപിച്ച് പുരോഹിത സമൂഹത്തെ ഒന്നടങ്കം കൊന്നൊടുക്കുന്നതിന് അയാൾക്ക് യാതൊരു ശങ്കയുമുണ്ടായില്ല.(1 സാമു 22, 6-23). ശത്രു സംഹാരത്തിനുവേണ്ടി അഭിഷിക്തനായ സാവൂൾ രാജാവിന്റെ വാൾ സ്വന്തം ജനത്തിന്റെ രക്തം ഒഴുകുന്നതിനും കാരണമായി. നോബിലെ പുരോഹിതന്മാർ ഒരു ഉദാഹരണം മാത്രം. അവസാനം എൻദോറിലെ മന്ത്രവാദിനിയുടെ അടുക്കൽ വച്ച് സാമുവേലിൽ നിന്ന് വധശിക്ഷയുടെ വിധിത്തീർപ്പ് ഏറ്റുവാങ്ങി, മന്ത്രവാദിനി ഒരുക്കിയ അന്ത്യഅത്താഴവും കഴിച്ച് സാവൂൾ നീങ്ങിയത് ദാരുണമായ മരണത്തിലേക്കായിരുന്നു. പിറ്റേദിവസം ഗിൽബോവിക്കുന്നിൽ സാവൂളും മൂന്നു മക്കളും ഫിലിസ്ത്യരുടെ വാളിനിരയായി. രാജഭരണം എന്ന പരീക്ഷണം അതോടെ തീർത്തും പരാജയപ്പെട്ടു എന്നു തോന്നും. എന്നാൽ സ്വന്തം ചിതാഭസ്മത്തിൽ നിന്നുയിർക്കുന്ന ഫീനിക്സ് പക്ഷികളെപ്പോലെ ഇസ്രായേൽ ജനം ഈ പരാജയത്തിൽനിന്നും ഉയിർത്തു,

അതിശക്തമായ ഒരു സാമ്രാജ്യമായി വളർന്നു, ശക്തനും ധീരനും കുശാഗ്രബുദ്ധിയുമായ ദാവീദിന്റെ നേതൃത്വത്തിൽ.

ഇസ്രായേൽ ജനത്തെ മുഴുവൻ കിടുകിടാവെറപ്പിച്ച മല്ലൻ ഗോലിയാത്തിനെ കവിണയിൽ നിന്നു തൊടുത്തുവിട്ട ഒറ്റ കല്ലുകൊണ്ട് വീഴ്ത്തിയ ഇടയബാലനായ ദാവീദിന്റെ സഞ്ചിയിൽ കല്ലുകൾ ബാക്കി. സാവൂളിനെ ഭയന്ന് മരുഭൂമിയിൽ അലഞ്ഞുനടന്ന ആ അംഗരക്ഷകൻ അനേകർക്ക് അഭയമായി(1 സാമു 22, 1–2). സാവൂളിന്റെ മരണത്തിനു ശേഷം മടങ്ങിവന്ന ദാവീദ് ആദ്യം യൂദായുടെയും പിന്നീട് ഇസ്രായേലിലെ മുഴുവൻ ഗോത്രങ്ങളുടെയും രാജാവായി അഭിഷേചിക്കപ്പെട്ടു. തന്ത്രപൂർവ്വമായ നീക്കങ്ങളിലൂടെ ശത്രുക്കളെ പരാജയപ്പെടുത്തി. ജറുസലെം പിടിച്ചെടുത്ത് രാജ്യത്തിന്റെ തലസ്ഥാനമാക്കി. ഉടമ്പടിയുടെ പേടകം അവിടെ പ്രതിഷ്ഠിച്ച് മതപരമായ കേന്ദ്രവുമാക്കി. അങ്ങനെ ദാവീദിന്റെ നഗരമായ ജറുസലെം രാഷ്ട്രീയവും മതപരവുമായ തലസ്ഥാനമായി. ദാവീദ് എന്ന രാജാവിന്റെ കീഴിൽ ഇസ്രായേൽ ജനം ശക്തമായ ഒരു രാജ്യമായി. ശത്രുക്കൾ കീഴടങ്ങി, അല്ലെങ്കിൽ ഉടമ്പടികൾ വഴി സമാന്തരമായി. എല്ലാം കൊണ്ടും ഇസ്രായേൽ ജനത്തിന്റെ സുവർണദശയായിരുന്നു ദാവീദിന്റെ രാജഭരണം. വിശുദ്ധനും ദൈവത്തോട് വിശ്വസ്തനുമായിരുന്ന ദാവീദ് രാജാവിനെ ദൈവം അനുഗ്രഹിച്ചു. അവസാനിക്കാത്ത ഒരു സാമ്രാജ്യവും സുസ്ഥിരമായ ഒരു സിംഹാസനവും അതിലിരിക്കാൻ എന്നും ഒരു പുത്രനും ഉണ്ടായിരിക്കും എന്ന വാഗ്ദാനവും നല്കി(2 സാമു 7).

ഇതെല്ലാമായിട്ടും ദാവീദിന്റെ രാജഭരണം ജനത്തിനു ദോഷകരമായി. അതിർത്തികൾ വിസ്തൃതവും സുരക്ഷിതവുമാക്കാനുള്ള അമിതവ്യഗ്രതയിൽ യുദ്ധങ്ങൾ വർദ്ധിച്ചു. പടയാളികൾ പടകുടീരങ്ങളിൽ കാവൽ കിടന്നപ്പോൾ രാജാവ് അലസനായി, കൊട്ടാരത്തിൽ വസിച്ചു. ആലസ്യം ആസക്തിയുണർത്തി. തനിക്കുവേണ്ടി പടപൊരുതുന്ന പടയാളിയുടെ ഭാര്യയാണെന്നറിഞ്ഞിട്ടും ആളയച്ച് അവളെ വരുത്തി സ്വന്തമാക്കാൻ മടി തോന്നിയില്ല – രാജാവ് അത്രമാത്രം രാജകീയതയിൽ വളർന്നു കഴിഞ്ഞിരുന്നു! ഒപ്പം ദൈവത്തിൽ നിന്ന് അകലുകയും. ബത്ഷേബായുടെ ഗർഭത്തിൽ വളരുന്ന തന്റെ ശിശുവിന്റെ പിതൃത്വം ഭർത്താവായ ഊറിയായുടെ മേൽ കെട്ടിവയ്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ടപ്പോൾ തന്ത്രപൂർവ്വം അയാളെ കുരുതികഴിക്കാനും ദാവീദു മടിച്ചില്ല (2 സാമു 11). അതിവിശുദ്ധനും ദൈവഭക്തനും നീതിമാനുമായ ദാവീദിന്റെ കാലത്ത് ഇതാണു സംഭവിച്ചതെങ്കിൽ അത്രതന്നെ

വിശ്വാസവും വിശുദ്ധിയുമില്ലാത്ത രാജാക്കന്മാരുടെ ഭരണത്തിൽ എന്തു സംഭവിക്കാം എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

നീതി നടപ്പിലാക്കേണ്ട രാജാവു തന്നെ അനീതി പ്രവർത്തിക്കുന്നു. കുടുംബങ്ങൾക്കു സംരക്ഷണം നല്കേണ്ടവൻ കുടുംബം തകർക്കുന്നു. രാജ്യരക്ഷയ്ക്കുവേണ്ടി തന്റെ കല്പനയനുസരിച്ച് പടപൊരുതുന്ന പടയാളിയുടെ ജീവൻ രാജാവുതന്നെ ഒടുക്കക്കുന്നു. ഇനി എവിടെയാണ് രക്ഷ? നീതി-ന്യായത്തിന്റെ ആസ്ഥാനമായിരിക്കേണ്ട രാജസിംഹാസനം അനീതിയുടെ ഉറവിടമായാൽ പിന്നെ എവിടെ കിട്ടും നീതി? സാമുവേൽ വഴി ദൈവം നല്കിയ താക്കീത് യാഥാർത്ഥ്യമാവുകയായി. "അന്നു നിങ്ങൾ വിലപിക്കും. എന്നാൽ കർത്താവ് നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല"(1സാമു 8,18).

ദാവിദിന്റെ കാലത്തുതന്നെ അനീതിയുടെ ദോഷഫലങ്ങൾ വ്യക്തമായി. വ്യഭിചാരവും കൊലപാതകവും വഴി ധാർമ്മികാധികാരം നഷ്ടപ്പെട്ട ദാവീദിന് ജനങ്ങളെയെന്നല്ല, സ്വന്തം കുടുംബത്തെപ്പോലും നീതിപൂർവ്വം ഭരിക്കാനോ നയിക്കാനോ കഴിഞ്ഞില്ല. പല ഭാര്യമാരിൽനിന്നു ജനിച്ച ദാവിദീന്റെ മക്കൾ തമ്മിൽ അസൂയയും വിദ്വേഷവും കാമാസക്തിയും ശത്രുതയും വർദ്ധിച്ചു. കുടുംബം തകർന്നു. അവസാനം സ്വന്തം പുത്രനെ ഭയന്ന് മരുഭൂമിയിലേക്ക് ഓടുന്ന ദാവീദ് രാജാവ് രാജഭരണത്തിന്റെ ദയനീയ പരാജയത്തിന് ഉദാഹരണമായി നില്ക്കുന്നു.

രാജാവും ദൈവികനിയമത്തിനു വിധേയനാണെന്നും ജനത്തെ നയിക്കേണ്ടത് ആത്യന്തികമായി ദൈവികനിയമങ്ങൾ അനുസരിച്ചാണെന്നും മറക്കുന്നിടത്ത് അനീതി പിറക്കുന്നു. അപ്പോൾ രാജാവിരിക്കുന്നത് അനീതിയുടെ സിംഹാസനത്തിലായിരിക്കും. അവർ ഒഴുക്കുന്നത് ശത്രുക്കളുടെ മാത്രമല്ല, സ്വന്തം ജനത്തിന്റെയും രക്തമായിരിക്കും. സാവൂളും ദാവീദും തുടങ്ങി ആഹബിൽ എത്തുമ്പോഴേക്കും യൂദായുടെയും ഇസ്രായേലിന്റെയും വയലുകളിലും തോട്ടങ്ങളിലും ഇസ്രായേൽ ജനത്തിന്റെ തന്നെ രക്തം ഒഴുകി, തളം കെട്ടി. നിസ്സഹായരായ ജനം നിലവിളിക്കാൻ പോലും കഴിയാതെ മരവിച്ചു. ഏതെങ്കിലും വിധത്തിൽ പ്രതിഷേധിക്കാൻ ശ്രമിച്ചവർക്ക് ജീവൻ നഷ്ടപ്പെട്ടു.

ജനത്തിനു സംരക്ഷണവും സുരക്ഷിതത്വവും നല്കാൻ, വ്യക്തികൾക്കും സമൂഹങ്ങൾക്കും നീതി ഉറപ്പു വരുത്താൻ, രാജഭരണത്തിനു കഴിയുകയില്ല എന്ന് വ്യക്തമാക്കുന്ന വിധത്തിലാണ് നിയമാവർത്തന

ചരിത്രകാരൻ ഇസ്രായേൽ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവം നല്കിയിരിക്കുന്ന സ്വാഭാവിക നിയമങ്ങളെ കാറ്റിൽ പറത്തുന്നവർ അനീതിയുടെ ഉറവിടങ്ങളായിത്തീരുന്നു – ബത്ഷേബായുടെയും ഊറിയായുടെയും, നാബോത്തിന്റെയും കുടുംബത്തിന്റെയും ഉദാഹരണങ്ങൾ ബൈബിളിൽ ഒറ്റപ്പെട്ട സംഭവങ്ങളല്ല. ആ സംഭവങ്ങൾക്ക് ഇന്ന് പ്രസക്തി ഒട്ടും കുറഞ്ഞിട്ടുമില്ല എന്ന് ആനുകാലിക സംഭവങ്ങൾ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുന്നു.

വ്യവസായ–വാണിജ്യ സംരംഭങ്ങൾക്കുവേണ്ടി ഭൂമി കണ്ടെത്താൻ ശ്രമിക്കുമ്പോൾ വഴിയാധാരരാക്കപ്പെടുന്ന നാബോത്തുമാരുടെ നിലവിളി ഈ ഭൂഗോളത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ഉയരുന്നില്ലേ? വഴിക്കു വീതിയും അണക്കെട്ടുകൾക്ക് ഉയരവും കൂട്ടാൻ വേണ്ടി കുടിയിറക്കപ്പെടുന്നവർ ദശകങ്ങൾ കഴിഞ്ഞിട്ടും വഴിയിറമ്പുകളിലും മരച്ചുവടുകളിലും അന്തിയുറങ്ങേണ്ടി വരുന്നത് ഒരു സ്ഥിരം കാഴ്ചയായി മാറിയതിനാൽ ശ്രദ്ധിക്കപ്പെടുന്നു പോലുമില്ലല്ലോ.

രാജഭരണം പുരോഗമിച്ചതോടെ ഇസ്രായേലിൽ ഉച്ചനീചത്വം ഉടലെടുത്തു. രാജാവും ഉദ്യോഗസ്ഥവൃന്ദവും വലിയവരായി; സാധാരണ ജനം ചെറിയവർ. ഭൂമി വില്ക്കുകയും വാങ്ങുകയും ചെയ്യാവുന്ന വസ്തുവായി. അതോടെ ഭൂമി ചുരുക്കം പേരുടെ കൈകളിൽ ഒതുങ്ങി; ഭൂരിപക്ഷം ഭൂരഹിതരായി. ചെറിയവർക്കു സംരക്ഷണമില്ലാതെയായി. സാവകാശം ഈജിപ്തിലെ അടിമത്തത്തെ വെല്ലുന്ന അടിമത്തം വാഗ്ദത്തഭൂമിയിൽ സംജാതമായി. ദൈവത്തെ മറന്ന് പടുത്തുയർത്തിയ സാമ്രാജ്യം ജനത്തിനു താങ്ങാനാവാത്ത ഭാരമായി, അവരുടെ ജീവരക്തം ഊറ്റിയെടുക്കുന്ന സംവിധാനമായിത്തീർന്നു. സകല മേഖലകളിലും നീതി നിഷേധിക്കപ്പെട്ടു. അനീതിയുടെ വിളനിലമായ ഈ സംവിധാനത്തിനെതിരേ പുറപ്പാടു നയിച്ച ദൈവം ഗർജ്ജിച്ച ശക്തരായ പ്രവാചകരിലൂടെ. അതാണ് അടുത്തതായി കാണാൻ ശ്രമിക്കുന്നത്.

# 18

# നരഭോജികൾ

*"നന്മയെ ദ്വേഷിക്കുകയും തിന്മയെ സ്നേഹിക്കുകയും ചെയ്യുന്ന നിങ്ങൾ എന്റെ ജനത്തിന്റെ തൊലി ഉരിഞ്ഞെടുക്കുന്നു; അവരുടെ അസ്ഥികളിൽനിന്നു മാംസവും. നിങ്ങൾ എന്റെ ജനത്തിന്റെ മാംസം ഭക്ഷിക്കുന്നു; തൊലി ഉരിഞ്ഞെടുക്കുന്നു. അവരുടെ അസ്ഥികൾ തകർക്കുന്നു. ചട്ടിയിലെ ഇറച്ചിയും കുട്ടകത്തിലെ മാംസവും പോലെ അവരെ നുറുക്കുകയും ചെയ്യുന്നു"* (മിക്കാ 3,2-3).

ലോകജനതകൾക്കു മദ്ധ്യേ നീതിയും ന്യായവും പ്രവർത്തിച്ച്, വിമോചകനായ സത്യദൈവത്തിനു സാക്ഷ്യം വഹിച്ച്, ലോകത്തിനു പ്രകാശമായി വർത്തിക്കാൻ വേണ്ടിയാണ് ദൈവം ഒരുപറ്റം അടിമകളെ ഈജിപ്തിൽ നിന്നു മോചിപ്പിച്ച്, സീനായ് മലയിൽവച്ച് ഉടമ്പടി നല്കി, സ്വന്തം ജനമാക്കിയതും വാഗ്ദത്തഭൂമി അവർക്കു സ്വന്തമായി നല്കിയതും. അവരിലൂടെ, അവരുടെ ജീവിതത്തിലൂടെ, സകലജനതകളും ദൈവത്തെ അറിയണം. അങ്ങനെ സകലരും ദൈവത്തെ പിതാവും പരസ്പരം സഹോദരങ്ങളുമായി തിരിച്ചറിഞ്ഞ്, അംഗീകരിച്ച്, സന്തോഷത്തിലും സമാധാനത്തിലും ജീവിക്കണം. ഇതായിരുന്നു ബൈബളിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവിക പദ്ധതി.

എന്നാൽ വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ചവർ രൂപപ്പെടുത്തിയ സാമൂഹികക്രമത്തിൽ ഭൂരിപക്ഷത്തിനും നീതി നിഷേധിക്കപ്പെട്ടു. എല്ലാ

വർക്കുമായി ദൈവം നല്കിയ വാഗ്ദത്തഭൂമി ചുരുക്കം പേരുടെ കൈകളിൽ ഒതുങ്ങി. തുല്യരായിരിക്കേണ്ടവരിൽ ചിലർ വലിയവരും അനേകർ ചെറിയവരുമായി. രാജാക്കൻമാർ ജനത്തിനു സംരക്ഷണം നൽകേണ്ടതിനു പകരം അവരെ ചൂഷണം ചെയ്തു. ജനത്തിന്റെ ജീവനും സ്വത്തിനും കുടുംബത്തിനും സുരക്ഷിതത്വമില്ലാതായി. ഊറിയായ്ക്ക് ഭാര്യയും ജീവനും നഷ്ടപ്പെട്ടു. നാബോത്തിന് വീടും മുന്തിരിത്തോട്ടവും മാത്രമല്ല കുടുംബത്തിൽ സകലരുടെയും ജീവനും നഷ്ടമായി. ഇപ്രകാരമുള്ള സാഹചര്യത്തിലാണ് പ്രതികാരത്തിനു വേണ്ടി ഉയരുന്ന രക്തത്തിന്റെ നിലവിളി ഏറ്റുവാങ്ങിയ നാഥാനും ഏലിയായും പോലുള്ള പ്രവാചകന്മാർ രംഗത്തു വന്നത്.

മോശയും സാമുവേലും നാഥാനും ഏലിയായും പ്രവാചകന്മാരുടെ ആദ്യപതിപ്പുകളാണ്. രാജഭരണകാലത്ത് അനീതിക്കെതിരെയുള്ള ദൈവത്തിന്റെ സിംഹഗർജ്ജനമായി കരുത്തരായ പ്രവാചകൻമാരുടെ ഒരു നിര തന്നെ രംഗത്തുവന്നു. ഇതരമതങ്ങളിൽ നിന്നെല്ലാം ഇസ്രായേലിനെ വ്യത്യസ്തമാക്കുന്ന ഒരു പ്രത്യേകഘടകവും പ്രതിഭാസവുമാണ് ഈ പ്രവാചകന്മാർ. ജനത്തെ സംബന്ധിച്ച ദൈവഹിതം വെളിപ്പെടുത്താനും ആ തിരുഹിതമനുസരിച്ച് ജീവിക്കാൻ സകലരെയും ആഹ്വാനം ചെയ്യാനുമായി ദൈവത്താൽ അയയ്ക്കപ്പെട്ടവരാണ് പ്രവാചകന്മാർ.

സ്വന്തം പേരിൽ പുസ്തകമുള്ളവരെ എഴുത്തുകാരായ പ്രവാചകന്മാർ എന്നും പേരിൽ പുസ്തകമില്ലാത്തവരെ എഴുത്തുകാരല്ലാത്ത പ്രവാചകന്മാർ എന്നും വിളിക്കുന്നു. ആദ്യ ഗണത്തിൽ നാലു വലിയ പ്രവാചകന്മാരും പന്ത്രണ്ട് ചെറിയ പ്രവാചകന്മാരുമുണ്ട്. ബി.സി. 760 മുതൽ 500 വരെയാണ് ഈ പ്രവാചകന്മാരുടെ സുവർണ്ണദശ. ജെറൊബൊവാം രണ്ടാമന്റെ ഭരണകാലത്ത് (ബി.സി.783–743) വടക്കൻ രാജ്യമായ ഇസ്രായേലിൽ പ്രസംഗിച്ച ആമോസ് (760) ആണ് ഈ പ്രവാചകന്മാരിൽ, കാലക്രമത്തിലും ആശയതലത്തിലും ഒന്നാമൻ. സാമൂഹ്യനീതിയുടെ പ്രവാചകൻ എന്നാണ് ആമോസ് അറിയപ്പെട്ടതു തന്നെ. തുടർന്നു വന്ന പ്രവാചകന്മാരെല്ലാം ആമോസിൽ നിന്ന് ആശയവും വാക്കുകളും കടമെടുക്കുന്നതു കാണാം. ആമോസിനു തൊട്ടു പിന്നാലെ, വടക്കൻ രാജ്യമായ ഇസ്രായേലിൽ വന്ന പ്രവാചകനാണ് ഹോസിയാ (750–720)

ഇതേ കാലഘട്ടത്തിൽ തന്നെയാണ് തെക്ക് യൂദായിൽ ഏശയ്യായും മിക്കായും പ്രസംഗിച്ചത്. (ബി.സി. 740–700). ബി. സി. 721-ൽ ഇസ്രായേൽ രാജ്യം ഭൂപടത്തിൽ നിന്ന് അപ്രത്യക്ഷമായി. അസീറിയാ

അവരെ കീഴടക്കി, നാടുകടത്തി പിന്നീട് ഇസ്രായേൽ ജനം "യൂദാ" എന്ന തെക്കൻ രാജ്യത്തിൽ ഒതുങ്ങി. ബി.സി. 587-ൽ ബാബിലോൺ സൈന്യം ജറുസലെം നശിപ്പിച്ചു, രാജാവിനെയും ജനത്തെയും നാടു കടത്തി. അങ്ങനെ ബാബിലോൺ പ്രവാസം ആരംഭിച്ചു. പ്രവാസത്തിന് എകദേശം 40 വർഷം മുമ്പേ ബി.സി. 626-ൽ ജറുസലേമിൽ പ്രവർത്തനം ആരംഭിച്ച പ്രവാചകനാണ് ജറെമിയാ. താൻ പ്രവചിച്ച ദുരന്തങ്ങളെല്ലാം സ്വന്തം കണ്ണുകൊണ്ടുകാണാൻ അയാൾക്കു ദൗർഭാഗ്യമുണ്ടായി. ജറെമിയായുടെ സമകാലികരായി ജനത്തെ മാനസാന്തരത്തിനു ക്ഷണിക്കാൻ ജറുസലെമിലേക്കു അയയ്ക്കപ്പെട്ടവരാണ് സെഫാനിയ, നാഹും, ഹബക്കുക്ക്, ഒബാദിയാ എന്നിവർ.

ബി.സി. 598-ൽ ബാബിലോൺ ചക്രവർത്തി ജറുസലെം ആക്രമിച്ചു കീഴടക്കുകയും അനേകം പേരെ തടവുകാരാക്കി ബാബിലോണിലേക്കു കൊണ്ടുപോവുകയും ചെയ്തിരുന്നു. ആ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരാളാണ് എസെക്കിയേൽ പ്രവാചകൻ. ജറുസലെം പൂർണ്ണമായി നശിപ്പിക്കപ്പെടുന്നതിനുമുമ്പുള്ള എകദേശം പത്തുവർഷത്തിനിടയിലാണ് എസെക്കിയേലിന്റെ പ്രവചനങ്ങൾ അധിക പങ്കും നടന്നത്. ഈ പ്രവാചകന്മാരിലൂടെയെല്ലാം ദൈവം നിരന്തരമായി ആവശ്യപ്പെട്ടതായിരുന്നു നീതിയുടെ പ്രവർത്തനം. അവരുടെ പ്രബോധനങ്ങളിലൂടെ കടന്നുപോയാൽ സാമൂഹ്യനീതിയെക്കുറിച്ച് ദൈവം നൽകുന്ന പാഠങ്ങൾ വ്യക്തമായി ഗ്രഹിക്കാൻ കഴിയും.

**പ്രവാചകൻ - ദീർഘദർശി**

കാണുന്നവൻ എന്നർത്ഥമുള്ള "റോയേ" എന്ന പേരിലാണ് പ്രവാചകന്മാർ ആദ്യം അറിയപ്പെട്ടിരുന്നത്. സാധാരണക്കാർ കാണുന്നതിലും ആഴത്തിലും ദൂരത്തിലും അവർ കാണുന്നു. അതിനാൽ അവരെ ദീർഘദർശികൾ എന്നും ക്രാന്തദർശികൾ എന്നും വിശേഷിപ്പിക്കാറുണ്ട്. ദൈവത്തിന്റെ ദൃഷ്ടിയിലൂടെ ചരിത്രത്തെയും ചരിത്രത്തിലെ ഓരോ സംഭവങ്ങളെയും നോക്കിക്കാണുന്ന അവർ കർത്താവിൽ നിന്നു കാഴ്ച ലഭിച്ചവരാണ്, ദർശനം സിദ്ധിച്ചവരാണ്. ദർശനം എന്നാൽ അസാധാരണമായ എന്തെങ്കിലും കാഴ്ചകൾ എന്നല്ല, മറിച്ച് ജനജീവിതത്തെ സംബന്ധിച്ച ദൈവികപദ്ധതിയെക്കുറിച്ചുള്ള ആഴമേറിയ ഉൾക്കാഴ്ച എന്നു തന്നെയാണ് അർത്ഥമാക്കുന്നത്. ഈ ദർശനത്തിന്റെ വെളിച്ചത്തിൽ സമൂഹത്തെ വീക്ഷിക്കുമ്പോൾ കാണുന്ന വൈരുധ്യങ്ങളും വരുത്തേണ്ട തിരുത്തലുകളും അവർ ഉറക്കെ പ്രഘോഷിക്കും. അവിടെ പ്രവാചകത്വത്തിന്റെ മറ്റൊരു മാനം വ്യക്തമാക്കുന്നു.

## പ്രവാചകർ - ദൈവത്തിന്റെ വക്താക്കൾ

മറ്റൊരാൾക്കുവേണ്ടി, (ദൈവത്തിനു വേണ്ടി) സംസാരിക്കുക എന്നർത്ഥമുള്ള പ്രൊഫേമി (Prophemi) എന്ന ഗ്രീക്കു ക്രിയാധാതുവിൽ നിന്നാണ് പ്രൊഫേതേസ് ( Prophetes) എന്ന നാമത്തിന്റെ നിഷ്പത്തി. ദൈവത്തിനുവേണ്ടി, സംസാരിക്കുന്നവൻ എന്നർത്ഥം. ഏതാണ്ട് ഇതേ അർത്ഥം തന്നെയാണ് “നബി” എന്ന ഹീബ്രു വാക്കിനുമുള്ളത്. വിളിച്ചു പറയുന്നവൻ എന്ന് മൂലാർത്ഥം. ദൈവത്തിന്റെ വചനം വിശ്വസ്തതയോടെ, നിർഭയം വിളിച്ചു പറയാൻ വിളിക്കപ്പെട്ടവരാണ് പ്രവാചകർ. അവർ പറയുന്നതു സ്വന്തം തോന്നലുകളല്ല, ദൈവത്തിന്റെ വചനങ്ങളായിരിക്കും. ഇപ്രകാരം ദൈവവചനം പ്രഘോഷിച്ച പ്രവാചകന്മാർ സാമൂഹിക നീതിയെക്കുറിച്ച് എന്തു പറയുന്നു എന്നന്വേഷിക്കുമ്പോൾ മുഖ്യമായും മൂന്നു മേഖലകൾ ശ്രദ്ധയിൽപ്പെടുന്നു. 1. സമൂഹത്തിൽ നിലനിൽക്കുന്ന അനീതിയെക്കുറിച്ചുള്ള രൂക്ഷമായ വിമർശനം. 2. മാനസാന്തരത്തിന് ആഹ്വാനം. 3. മാനസാന്തരപ്പെടുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന ഭീകരമായ ശിക്ഷാവിധി.

### അനീതിക്കെതിരേ വിമർശനം

ഏശയ്യാ മുതൽ മലാക്കിവരെയുള്ള പതിനാറു പ്രവാചകന്മാരിലും പ്രത്യക്ഷപ്പെടുന്ന ഒന്നാണ് സമൂഹത്തിൽ നടമാടുന്ന അക്രമങ്ങൾക്കും അനീതികൾക്കും എതിരെയുള്ള അതിശക്തമായ വിമർശനം. ഈ പ്രവാചകന്മാരിൽ, ചരിത്രപരമായ ക്രമത്തിൽ നോക്കുമ്പോൾ ആദ്യമേ കടന്നുവരുന്നത് സാമൂഹ്യ നീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ആമോസാണ് (ബി.സി. 760). വടക്കൻ രാജ്യമായ ഇസ്രായേലിന്റെ തലസ്ഥാനമായ സമറിയായിലും ആരാധനകേന്ദ്രമായ ബെഥേലിലുമാണ് അദ്ദേഹം മുഖ്യമായും പ്രവർത്തിച്ചത്. ഏതാനും മാസങ്ങൾ മാത്രം ദീർഘിച്ച അദ്ദേഹത്തിന്റെ പ്രവാചകവചനങ്ങൾ സിംഹഗർജ്ജനംപോലെ ജനങ്ങൾക്കനുഭവപ്പെട്ടു. ദൈവവചനം കേട്ടു നടുങ്ങിയ അധികാരികൾ ആമോസിനെതിരേ വിലക്കു കല്പിക്കുക മാത്രമല്ല, ആ ശബ്ദം അടിച്ചമർത്തുകയും ചെയ്തു.

കൊന്നു കളഞ്ഞു എന്നാണ് പാരമ്പര്യം സാക്ഷിക്കുന്നത്. അത്രമാത്രം ഭയം ജനിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വചനങ്ങൾ. ഏതാനും ഉദാഹരണങ്ങൾ ഇത് വ്യക്തമാക്കും. “ദരിദ്രരെ പീഡിപ്പിക്കുകയും അവശരെ ചവിട്ടിയരയ്ക്കുകയും ഞങ്ങൾക്കു കുടിക്കാൻ കൊണ്ടുവരിക എന്ന് ഭർത്താക്കന്മാരോടു പറയുകയും ചെയ്യുന്ന സമറിയായിലെ ബാഷാൻ പശുക്കളെ ശ്രവിക്കുവിൻ... ശത്രു നിങ്ങളെ

കൊളുത്തിട്ടിഴയ്ക്കുന്ന നാൾ വരുന്നു... ഹെർമോൻ മലയിലേക്കു നിങ്ങൾ വലിച്ചെറിയപ്പെടും" (ആമോ 4, 1-3). സമൂഹത്തിലെ ഉന്നതന്മാരുടെ സുഖലോലുപരായ ഭാര്യമാരെയാണ് ഇവിടെ ബാഷാൻ പശുക്കൾ എന്നു വിശേഷിപ്പിക്കുന്നത്. ഏറ്റം നല്ല മേച്ചിൽപുറങ്ങളായിരുന്നു ബാഷാൻ ദേശം. അവിടുത്തെ കാളക്കുറ്റന്മാരും പശുക്കളും ഒരുപോലെ മേദസ്സ് മുറ്റിയവരായിരുന്നു. അറവുമൃഗങ്ങളെപ്പോലെ അവയെ കൈകാര്യം ചെയ്യും എന്ന താക്കീത് ഭയാനകം എന്നു മാത്രമല്ല, പ്രകോപനപരവും ആയിരുന്നു.

"ഇസ്രായേൽ ഭവനമേ, നിങ്ങളെക്കുറിച്ചുള്ള എന്റെ വിലാപഗാനം കേൾക്കുവിൻ. ഇസ്രായേൽ കന്യക വീണുപോയി. അവൾ ഇനി എഴുന്നേല്ക്കുകയില്ല. അവൾ സ്വദേശത്ത് പരിത്യക്തയായി കിടക്കുന്നു. എഴുന്നേല്പിക്കാൻ ആരുമില്ല" (ആമോ 5, 1-2), ജോറോബൊവാം രണ്ടാമന്റെ കാലത്ത് (ബി. സി. 783-743) സമൃദ്ധിയുടെ ഉച്ചകോടിയിൽ കഴിഞ്ഞിരുന്ന ഒരു ജനത്തോട് ആമോസ് ഇപ്രകാരം സംസാരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. കാരണം പൊതുവേ നോക്കുമ്പോൾ സമ്പൽസമൃദ്ധിയും ആഡംബരാഘോഷങ്ങളും കാണുന്നിടത്ത്, ദൈവിക ദൃഷ്ടിയിലൂടെ നോക്കുന്ന ആമോസ് ആസന്നമായിരിക്കുന്ന സമൂലനാശം കാണുന്നു. അതിനു കാരണവും പ്രവാചകൻ തന്നെ പറയുന്നുണ്ട്.

"ഇസ്രായേൽ ആവർത്തിച്ചു ചെയ്ത തിന്മകൾക്കുള്ള ശിക്ഷ ഞാൻ പിൻവലിക്കുകയില്ല. അവർ നീതിമാന്മാരെ വെള്ളിക്കു വില്ക്കുന്നു; ഒരു ജോടി ചെരുപ്പിനു സാധുക്കളെയും. പാവപ്പെട്ടവരുടെ തല അവർ പൂഴിയിൽ ചവിട്ടി മെതിക്കുന്നു. ദരിദ്രരെ വഴിയിൽനിന്നു തള്ളിമാറ്റുന്നു. അപ്പനും മകനും ഒരേ യുവതിയെ പ്രാപിക്കുന്നു. അങ്ങനെ അവർ എന്റെ വിശുദ്ധ നാമത്തിനു കളങ്കം വരുത്തുന്നു" (ആമോ 2, 6-7). ദൈവം സ്വതന്ത്രരാക്കിയ മനുഷ്യരെ ഇപ്പോൾ സമറിയായിലെ ചന്തകളിൽ മൃഗങ്ങളെപ്പോലെ ലേലം വിളിച്ചു വില്ക്കുന്നു. അതും ഒരു ജോടി ചെരുപ്പിന്റെ വിലയ്ക്ക്! ചെരുപ്പിനെക്കുറിച്ചുള്ള പരാമർശം ഈ ലേലത്തിനും അടിമക്കച്ചവടത്തിനും ഭരണകൂടത്തിന്റെ അംഗീകാരവും അനുമതിയും ഉണ്ടെന്നു സൂചിപ്പിക്കുന്നു. ചെരുപ്പ് കൈമാറുന്നത് മുദ്രപത്രത്തിൽ ഒപ്പുവയ്ക്കുന്നതിന് തുല്യമായ ഒരു പ്രവൃത്തിയായിരുന്നു (റൂത്ത് 4,7). കൊടുത്തു വീട്ടാത്ത കടത്തിന്റെ പേരിൽ അടിമയായി വില്ക്കപ്പെടുന്നവർക്ക് പിന്നെ കുടുംബമില്ല, അവകാശങ്ങൾ ഒന്നും അവശേഷിപ്പിക്കുന്നില്ല. പെൺകുട്ടികൾ അനുഭവിക്കേണ്ടിവന്ന നരകയാതനയിലേക്കാണ് അപ്പനും മകനും ഒരേ യുവതിയെ പ്രാപിക്കുന്നു എന്ന കുറ്റപത്രം വിരൽ ചൂണ്ടുന്നത്.

ജനത്തിൽ എല്ലാവർക്കും, പ്രത്യേകിച്ച് ഏറ്റം താഴെക്കിടയിലുള്ളവർക്ക്, നീതി ഉറപ്പുവരുത്തുന്നതായിരുന്നു ഉടമ്പടിയുടെ ഭാഗമായി ദൈവം നല്കിയ സാമൂഹിക നിയമങ്ങൾ. അവയെ കാറ്റിൽ പറത്തി, തത്സ്ഥാനത്ത് രാജകീയ നിയമങ്ങൾ നിലവിൽ വന്നു. അവയാകട്ടെ സമ്പന്നർക്ക് സംരക്ഷണവും ചൂഷണത്തിന് അവസരവും ഉറപ്പുവരുത്തുന്നതായിരുന്നു. നീതി നിഷേധിക്കപ്പെടുന്നവർക്ക് വീണ്ടും നീതി ഉറപ്പുവരുത്താനുള്ള സംവിധാനമായിരുന്നു രാജ്യത്തെ നീതി-ന്യായ വ്യവസ്ഥ. കോടതികളാണ് നിഷേധിക്കപ്പെട്ട നീതി നേടികൊടുക്കേണ്ടത്. എന്നാൽ അവിടെയും അനീതി കടന്നുകൂടി. “നഗരത്തിൽ ന്യായം വിധിക്കുന്നവരെ അവർ ദ്വേഷിക്കുന്നു. സത്യം പറയുന്നവരെ അവർ ജുഗുപ്സയോടെ നോക്കുന്നു... നിങ്ങൾ നീതിമാന്മാരെ പീഡിപ്പിക്കുകയും കോഴവാങ്ങുകയും നിരാലംബർക്കു നീതി നിഷേധിക്കുകയും ചെയ്യുന്നു(ആമോ 5, 10-13).

ആമോസിനു തൊട്ടുപിന്നാലെ ഇസ്രായേലിൽ വന്ന ഹോസിയായും ഇതേ ശബ്ദത്തിൽ, ഇതേ ഭാഷയിൽ അനീതി തുറന്നുകാട്ടി, വിധി പ്രഖ്യാപിച്ചു. “ഇസ്രായേൽ ജനമേ, കർത്താവിന്റെ വാക്കു കേൾക്കുക. ദേശവാസികൾക്കെതിരേ അവിടുത്തേക്ക് ഒരാരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും സീമാതീതമായിരിക്കുന്നു” (ഹോസി 4, 1-2). “അവർ നീതിയെ ചവിട്ടിമെതിക്കുന്നു” (ഹോസി 5.11) എന്ന് ഒറ്റവാക്കിൽ വ്യക്തമായൊരു ചിത്രം അവതരിപ്പിക്കുന്നു.

ഹോസിയായുടെ സമകാലികരാണ് യൂദായിൽ പ്രസംഗിച്ച ഏശയ്യായും മിക്കായും. പ്രവാചകരിൽ അഗ്രഗണ്യൻ എന്നറിയപ്പെടുന്ന ഏശയ്യായുടെ പ്രവചനങ്ങൾ ആരംഭിക്കുന്നതുതന്നെ അനീതിക്കെതിരെ വ്യക്തമായ ഒരു കുറ്റപത്രം അവതരിപ്പിച്ചുകൊണ്ടാണ്: “വിശ്വസ്തനഗരം വേശ്യയായിത്തീർന്നതെങ്ങനെ? നീതിയും ധർമ്മവും കുടികൊണ്ടിരുന്ന അവളിൽ ഇന്നു കൊലപാതകികളാണ് വസിക്കുന്നത്. നിന്റെ വെള്ളി കിട്ടമായി മാറിയിരിക്കുന്നു. നിന്റെ വീഞ്ഞിൽ വെള്ളം കലർന്നിരിക്കുന്നു. നിന്റെ പ്രഭുക്കന്മാർ കലഹപ്രിയരാണ്. അവർ കള്ളന്മാരോടു കൂട്ടുചേരുന്നു. സകലരും കോഴ കൊതിക്കുന്നു. സമ്മാനത്തിന്റെ പിന്നാലെ പായുന്നു. അവർ അനാഥരുടെ പക്ഷത്തു നില്ക്കുന്നില്ല, വിധവകളുടെ അവകാശം പരിഗണിക്കുന്നുമില്ല” (ഏശ 1, 21-23).

സ്വത്തു സ്വരുക്കൂട്ടാനുള്ള ശ്രമത്തിൽ സഹജീവികളായ മനുഷ്യരോട് യാതൊരു പരിഗണനയും കൂടാതെ, അനേകരെ നിരാലംബരും വഴിയാധാരവുമാക്കുന്ന സമ്പന്നർക്കും സാമ്പത്തിക ക്രമത്തിനും എതിരേ ശക്തമായ താക്കീതാണ് പ്രവാചകനിലൂടെ നല്കുന്നത്: "മറ്റാർക്കും വസിക്കാൻ ഇടം കിട്ടാത്തവിധം, വീടോടു വീടു ചേർത്ത്, വയലോടു വയൽ ചേർത്ത് അതിന്റെ മധ്യേ തനിച്ചു വസിക്കുന്നവർക്ക് ദുരിതം. സൈന്യങ്ങളുടെ കർത്താവ് ശപഥം ചെയ്യുന്നത് ഞാൻ കേട്ടു: അനേകം മന്ദിരങ്ങൾ നിർജ്ജനമാകും. മനോഹരമായ മാളികകൾ വസിക്കാൻ ആളില്ലാതെ ശൂന്യമായിക്കിടക്കും" (ഏശ 5, 8–9).

ആമോസ്, ഹോസിയാ, ഏശയ്യാ എന്നീ മൂന്നു പ്രവാചകന്മാരുടെയും വിമർശനങ്ങൾ കൂടുതൽ രൂക്ഷമായി അവതരിപ്പിക്കുന്ന പ്രവാചകനാണ് മൊറേഷെത്തിൽ നിന്നുള്ള മിക്കാ. "കർത്താവിനു തുല്യൻ ആര്" എന്നർത്ഥമുള്ള മിക്കായാ എന്ന പേരിന്റെ ഹ്രസ്വരൂപമാണ് മിക്കാ. ഉപയോഗിക്കുന്ന ഉദാഹരണങ്ങളും ഭാഷാശൈലിയും വാക്കുകളുടെ മൂർച്ചയും പരിഗണിച്ച്, അനീതികൾക്കിരയായ ഒരു കർഷകനായിരുന്നു മിക്കാ എന്ന നിഗമനത്തിൽ എത്തുന്ന വ്യാഖ്യാതാക്കളുണ്ട്. തൊഴിൽ എന്തുതന്നെ ആയിരുന്നാലും പാവപ്പെട്ടവർ അനുഭവിക്കുന്ന ദുരിതങ്ങളുടെ കയ്പുനീർ മട്ടുവരെ കുടിച്ചവനാണ് ഈ പ്രവാചകൻ എന്നു തോന്നും.

സമൂഹത്തിൽ നടമാടുന്ന അനീതിക്കും അക്രമത്തിനും എതിരേ അതിശക്തവും വ്യക്തവുമായ ഭാഷയിൽ അദ്ദേഹം പ്രതികരിക്കുന്നു. "കിടക്കയിൽ വച്ചു തിന്മ നിരൂപിക്കുകയും ദുരുപായങ്ങൾ ആലോചിക്കുകയും ചെയ്യുന്നവർക്കു ദുരിതം. പുലരുമ്പോൾ അവരതു ചെയ്യുന്നു. അവർ വയലുകൾ മോഹിക്കുന്നു. അവ പിടിച്ചടക്കുന്നു. വീടുകൾ മോഹിക്കുന്നു. അവ സ്വന്തമാക്കുന്നു. വീട്ടുടമസ്ഥനെയും അവന്റെ കുടുംബാംഗങ്ങളെയും, മനുഷ്യനെയും അവന്റെ അവകാശത്തെയും അവർ പീഡിപ്പിക്കുന്നു" (മിക്കാ 2, 1–2). പാവപ്പെട്ടവരെ അവരുടെ പരമ്പരാഗത ഭൂമിയിൽനിന്നും കുത്സിതമാർഗ്ഗങ്ങളിലൂടെ ആട്ടിയിറക്കുന്ന ധനികർ ആ ഭൂമിയിൽ തങ്ങൾക്കായി മാളികകൾ പണിയുന്നു. അത് വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള റിസോർട്ടുകളാകാം, വ്യവസായാവശ്യങ്ങൾക്കുള്ള പണിശാലകളാകാം; വിസ്തൃതമായ വഴികളാകാം. സർവ്വോപരി അധർമ്മം തേർവാഴ്ച നടത്തുന്ന നഗരങ്ങളാകാം.

"രക്തത്താൽ നിങ്ങൾ സീയോൺ പണിതുയർത്തുന്നു. അധർമ്മത്താൽ ജറുസലെമും. അതിന്റെ ന്യായാധിപന്മാർ കോഴ വാങ്ങി വിധി

ക്കുന്നു. പുരോഹിതന്മാർ കൂലി വാങ്ങി പഠിപ്പിക്കുന്നു. പ്രവാചകന്മാർ പണത്തിനുവേണ്ടി ഭാവി പറയുന്നു"(മിക്കാ 3, 10-11). പണം ഏറ്റം വലിയ മൂല്യമായി പരിഗണിക്കപ്പെടുന്നു. പോരാ, പണം തന്നെ ദൈവം എന്ന ധാരണ കടന്നുവരുന്നു. അങ്ങനെ ദൈവത്തിന്റെ സ്ഥാനത്ത് പണം എന്ന വിഗ്രഹം അവരോധിക്കപ്പെടുന്നു. ആ മൂർത്തിയുടെ മുമ്പിലാണ് മനുഷ്യരക്തം ബലിയായി അർപ്പിക്കപ്പെടുന്നത്.

"നന്മയെ ദ്വേഷിക്കുകയും തിന്മയെ സ്നേഹിക്കുകയും ചെയ്യുന്ന നിങ്ങൾ എന്റെ ജനത്തിന്റെ തൊലി ഉരിഞ്ഞെടുക്കുന്നു. അവരുടെ അസ്ഥികളിൽനിന്നു മാംസവും. നിങ്ങൾ എന്റെ ജനത്തിന്റെ മാംസം ഭക്ഷിക്കുന്നു." ഒരു പക്ഷേ പ്രവാചക വചനങ്ങളിൽ ഏറ്റവും ക്രൂരവും പ്രാകൃതവുമായി തോന്നാവുന്ന ഒന്നാണ് മിക്കായുടെ ഈ ആരോപണം. പച്ചയായ മനുഷ്യമാംസം ഭക്ഷിച്ചു എന്ന് ഇതർത്ഥമാക്കണമെന്നില്ല. പാവപ്പെട്ടവർ അനുഭവിക്കുന്ന ചൂഷണത്തിന്റെയും മർദ്ദനത്തിന്റെയും ക്രൂരതയും തദ്ഫലമായുണ്ടാകുന്ന അതിദയനീയമായ അവസ്ഥയും ചിത്രീകരിക്കാൻ ഈ ഉദാഹരണങ്ങൾ സഹായിക്കും എന്നതിൽ സംശയമില്ല.

ആമോസിന്റെയും ഹോസിയായുടെയും ആഹ്വാനത്തിനു ഫലമുണ്ടായില്ല. (ബി. സി. 721ൽ) ഇസ്രായേൽ അസീറിയായ്ക്കു കീഴടങ്ങി. പത്തു ഗോത്രങ്ങൾ ചരിത്രത്തിൽനിന്നും ഭൂപടത്തിൽനിന്നും അപ്രത്യക്ഷമായി. അവശേഷിച്ച യൂദാഗോത്രത്തിനും (ബെഞ്ചമിൻ യൂദായുടെ ഭാഗമായി പരിഗണിക്കപ്പെട്ടിരുന്നു) അതേ ഗതിതന്നെ ഉണ്ടാകും എന്ന മുന്നറിയിപ്പുമായി കടന്നുവന്ന ജെറെമിയാ, ഒബാദിയാ, നാഹും, ഹബക്കുക്ക്, സെഫാനിയാ എന്നീ പ്രവാചകന്മാരുടെയും മുഖ്യസന്ദേശം ഇതുതന്നെയായിരുന്നു - ജനത്തിൽ നിലനില്ക്കുന്ന അനീതിയെ തുറന്നുകാട്ടി മാറ്റത്തിനു ക്ഷണിക്കുക, ചുരുക്കം ഉദാഹരണങ്ങൾ മാത്രം എടുത്തുകാട്ടട്ടെ.

"നിങ്ങൾ എന്റെ ദേശം ദുഷിപ്പിച്ചു" (ജറേ 2-7). "നിന്റെ വസ്ത്രാഞ്ചലത്തിൽ നിരപരാധരായ പാവങ്ങളുടെ ജീവരക്തം പുരണ്ടിരിക്കുന്നു" (ജറെ 2, 34). "എന്റെ ജനത്തിനിടയിൽ ദുഷ്ടന്മാർ കടന്നുകൂടി, വേടന്മാരെപ്പോലെ പതിയിരിക്കുന്നു. അവർ കെണിയൊരുക്കി മനുഷ്യരെ കുടുക്കിലാക്കുന്നു. കൂട്ടിൽ പക്ഷികളെന്നപോലെ അവരുടെ ഭവനങ്ങളിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ വമ്പന്മാരും പണക്കാരുമായി. അവർ തടിച്ചുകൊഴുത്തു. അവരുടെ ദുഷ്ടതയ്ക്കതിരില്ല. അവരുടെ വിധികൾ നീതിയുക്തമല്ല. അനാഥർക്കുവേണ്ടി

അവർ നിലകൊള്ളുന്നില്ല. ദരിദ്രരുടെ അവകാശം സംരക്ഷിക്കുന്നുമില്ല" (ജറെ 5, 26–28).

ബാബിലോൺ പ്രവാസത്തിന്റെ ആരംഭത്തിൽ ജനത്തെ മാനസാന്തരത്തിനു ക്ഷണിച്ച എസെക്കിയേൽ പ്രവാചകൻ അനേകം ഉദാഹരണങ്ങളിലൂടെ ജനം അനുഭവിക്കുന്ന ക്രൂരമായ അനീതിയുടെ വ്യക്തമായ ചിത്രം അവതരിപ്പിക്കുന്നുണ്ട്. "ഇസ്രായേലിലെ രാജാക്കന്മാർ തങ്ങളുടെ ശക്തിക്കൊത്ത് നിന്നിൽ രക്തച്ചൊരിച്ചിൽ നടത്തി. നിന്നിൽ മാതാപിതാക്കൾ നിന്ദിക്കപ്പെട്ടു. പരദേശികൾ കൊള്ളയടിക്കപ്പെട്ടു. അനാഥരും വിധവകളും ദ്രോഹിക്കപ്പെട്ടു... നിന്നിൽ രക്തം ചിന്തുന്നതിനായി കോഴ വാങ്ങുന്നവരുണ്ട്. നീ പലിശ വാങ്ങുകയും ലാഭമുണ്ടാക്കുകയും അയല്ക്കാരനെ ഞെരുക്കി സമ്പത്തുണ്ടാക്കുകയും ചെയ്യുന്നു. അവളുടെ മധ്യേ പ്രഭുക്കന്മാർ ഇരയെ ചീന്തിക്കീറി അലറുന്ന സിംഹത്തെപ്പോലെയാണ്" (എസെ. 22, 6–27).

ഹബക്കുക്ക് പ്രവാചകന്റെ വിലാപവും ഇതേ പ്രമേയം തന്നെ അവതരിപ്പിക്കുന്നു: "നിയമം നിർവീര്യമാക്കപ്പെടുന്നു. നീതി നിർവ്വഹിക്കപ്പെടുന്നില്ല. ദുഷ്ടൻ നീതിമാനെ വളയുന്നു. നീതി വികലമാക്കപ്പെട്ടിരിക്കുന്നു." (ഹബ 1,4) "അനർത്ഥങ്ങൾ എത്തിപ്പിടിക്കാതിരിക്കാൻ ഉന്നതങ്ങളിൽ കൂടുകൂട്ടേണ്ടതിന്, തന്റെ കുടുംബത്തിനുവേണ്ടി അന്യായമായി ധനം നേടുന്നവന് ഹാ കഷ്ടം!.... ഭിത്തിയിൽ നിന്ന് കല്ലു വിളിച്ചു പറയും; മേല്ക്കൂരയിൽ നിന്ന് തുലാം മറുപടി പറയും. രക്തംകൊണ്ട് നഗരം പണിയുകയും അകൃത്യംകൊണ്ട് പട്ടണം സ്ഥാപിക്കുകയും ചെയ്യുന്നവന് ഹാ കഷ്ടം!" (ഹബ 2, 9–12)

കാനോനികപ്രവാചകന്മാരിൽ അവസാനത്തെ പ്രവാചകനായ മലാക്കിയുടെ സന്ദേശവും വ്യത്യസ്തമല്ല. ശിക്ഷാവിധി നടപ്പിലാക്കാൻ കർത്താവ് വേഗം വരും എന്ന താക്കീതോടെയാണ് അനീതിയുടെ പട്ടിക സമാപിക്കുന്നത്. "ആഭിചാരക്കാർക്കും വ്യഭിചാരികൾക്കും കള്ളസത്യം ചെയ്യുന്നവർക്കും കൂലിയിൽ വഞ്ചിക്കുന്നവർക്കും വിധവകളെയും അനാഥരെയും പീഡിപ്പിക്കുന്നവർക്കും പരദേശികളെ ഞെരുക്കുന്നവർക്കും എന്നെ ഭയപ്പെടാത്തവർക്കും എതിരേ സാക്ഷ്യം നല്കാൻ ഞാൻ വേഗം വരും – സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു" (മലാ 3,5)

നാഥാൻ മുതൽ മലാക്കിവരെ ഏകദേശം അറുന്നൂറു വർഷം ദീർഘിച്ച പഴയനിയമ പ്രവാചകരുടെ സന്ദേശത്തിൽ ഒരു മുഖ്യഘടകം

സമൂഹത്തിൽ നിലനിന്ന അനീതിക്കെതിരെയുള്ള വിമർശനങ്ങളായിരുന്നു. ഉടമ്പടിയുടെ നിയമങ്ങളാകുന്ന തൂക്കുകട്ട പിടിച്ച് (ആമോ 7, 8–9) അളന്നുനോക്കുമ്പോൾ പരിഹരിക്കാനാകാത്ത വിധം വക്രമായിരിക്കുന്ന ഇസ്രായേൽ സമൂഹമെന്ന മതിൽ ഇടിച്ചു തകർക്കുകയല്ലാതെ മറ്റൊരു വഴിയും അവശേഷിക്കുന്നില്ല എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് ആമോസിന്റെ പ്രവചനങ്ങൾ. എന്നാൽ എല്ലാം ഇനിയും നഷ്ടപ്പെട്ടിട്ടില്ല, രക്ഷാമാർഗ്ഗം പൂർണ്ണമായും അടയ്ക്കപ്പെട്ടിട്ടില്ല. എന്ന് തുടർന്നു വന്ന പ്രവാചകന്മാർ പ്രഘോഷിച്ചു. അവരുടെയെല്ലാം പ്രഘോഷണങ്ങളിൽ അനീതിയുടെ രൂക്ഷമായ അവതരണമാണ് "നരഭോജികൾ" എന്ന ശീർഷകം.

മനുഷ്യമാംസം ഭക്ഷിക്കുന്നു എന്ന ആരോപണം അക്ഷരാർത്ഥത്തിൽ എടുത്തില്ലെങ്കിലും പാവപ്പെട്ടവർ അനുഭവിക്കുന്ന മർദ്ദനത്തിന്റെയും ചൂഷണത്തിന്റെയും ക്രൂരത വ്യക്തമാക്കുന്നതാണ് നരഭോജികൾ എന്ന വിശേഷണം. ഈ വിമർശനങ്ങൾ ഒന്നും കാലഹരണപ്പെട്ടുപോയിട്ടില്ല, കൂടുതൽ രൂക്ഷമായതേ ഉള്ളൂ എന്നു തെളിയിക്കുന്നതാണല്ലോ ആനുകാലിക സംഭവങ്ങൾ? ഭൂമിയുടെ ഒരു ഭാഗത്ത് പട്ടിണി മൂലം കോടിക്കണക്കിനാളുകൾ നരകതുല്യമായ യാതനയനുഭവിക്കുകയും മരണത്തിനു തന്നെ ഇരയാവുകയും ചെയ്യുമ്പോൾ അവർക്കു നല്കേണ്ടിയിരുന്ന ആഹാരം പല വിധത്തിൽ നശിപ്പിച്ചു കളയുന്നതിനെ എങ്ങനെ വിശേഷിപ്പിക്കണം? ആഗോളതലത്തിലെ അനീതിയിലേക്കു പോകണ്ടാ, നമ്മുടെ തന്നെ മാളികകളുടെയും മനോഹരസൗധങ്ങളുടെയും പിന്നാമ്പുറങ്ങളിലും കുപ്പത്തൊട്ടികളിലും ആഹാരത്തിനുവേണ്ടി നായ്ക്കളുമായി പടപൊരുതേണ്ടി വരുന്ന മനുഷ്യക്കോലങ്ങളെ കണ്ടില്ലെന്നു നടിക്കാനാവുമോ? അമിതാഹാരവും അധ്വാനരാഹിത്യവും മൂലം അമിതഭാരം താങ്ങി തളരുന്നവർ എന്തേ പട്ടിണിക്കോലങ്ങളെ കാണാതെ പോകുന്നു? തങ്ങളുടെ അമിതഭാരം അവരുടെ മാംസം ഭക്ഷിച്ചുണ്ടായതാണെന്ന് ആരെങ്കിലും ആരോപിച്ചാൽ അവരോട് കലഹിക്കാനാകുമോ?

എന്നാൽ ഇതുമാത്രമല്ലല്ലോ? നരഭോജികൾ എന്ന വിശേഷണം അക്ഷരാർത്ഥത്തിൽ അന്വർത്ഥമാകുന്ന സംഭവങ്ങളും അത്രതന്നെ വിരളമല്ലാതായിട്ടില്ലേ? ഗർഭഛിദ്രത്തിലൂടെ പുറത്തെടുക്കുന്ന മനുഷ്യശിശുക്കളുടെ ശരീരഭാഗങ്ങൾ സൗന്ദര്യവർദ്ധക വസ്തുക്കൾക്കായി ഉപയോഗിക്കുന്ന ഫാക്ടറികൾ അത്ര രഹസ്യമല്ലാത്ത വാർത്തയായിട്ടുണ്ടല്ലോ. ഒരു പടികൂടി കടന്ന് താൻ തന്നെ കാശു വാങ്ങി അബോർട്ട്

ചെയ്ത ശിശുവിന്റെ ജഡം വീട്ടിൽ കൊണ്ടുപോയി പൊരിച്ചു തിന്നുന്ന പ്രസവവിദഗ്ധ വൈദ്യരെ എന്തു വിളിക്കണം? മനുഷ്യഭ്രൂണങ്ങളെ വിശിഷ്ട വിഭവങ്ങളായി വിളമ്പുന്ന അത്യാധുനിക ഭോജനശാലകൾ ദോഷൈകദൃക്കുകളുടെ ഭാവനാസൃഷ്ടി മാത്രമല്ലല്ലോ. ഇനിയും എത്ര യെത്ര തലങ്ങളിൽ നരഭോജികൾ അഴിഞ്ഞാടുന്നു, അരങ്ങു തകർക്കുന്നു!

ഒരു കാര്യം വ്യക്തം, അനീതി സമൂഹത്തിൽ നിലനിൽക്കുന്നു; പോരാ വർദ്ധിക്കുന്നു. അത് ഭീകരമായ ശിക്ഷ വിളിച്ചു വരുത്തും എന്ന തിനു സംശയം വേണ്ട. ആ വിപത്തുകളുടെ അടയാളങ്ങൾ പ്രകൃതി യിലും സമൂഹങ്ങളിലും വ്യക്തികളിലും നാം കാണുന്നുമുണ്ടല്ലോ. മക്ക ളുടെ രക്തം കുടിക്കാൻ നിർബന്ധിതയായ അമ്മഭൂമിയുടെ നിലവിളി ഏറ്റുവാങ്ങി ദിഗന്തങ്ങളിൽ പ്രഘോഷിച്ച ഫ്രാൻസീസ് പാപ്പായുടെ നിലവിളി വനരോദനമായിത്തീരുന്നോ എന്ന ഭയം നിലനില്ക്കുന്നു. എന്താണ് ഈ അനീതികൾക്കു കാരണം? ആരാണിതിന് മുഖ്യ ഉത്ത രവാദികൾ? അതാണ് പ്രവാചകരുടെ പഠനങ്ങളിലൂടെയുള്ള ഈ തീർത്ഥയാത്രയിൽ അടുത്തതായി നാം അന്വേഷിക്കുന്നത്.

# 19

# ആരാധനാഭാസങ്ങൾ

*"നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു. അവ എനിക്കു ദുഃസഹമായിരിക്കുന്നു. നിങ്ങൾ കരങ്ങൾ ഉയർത്തുമ്പോൾ ഞാൻ നിങ്ങളിൽ നിന്ന് മുഖം മറയ്ക്കും. നിങ്ങൾ എത്ര പ്രാർത്ഥിച്ചാലും ഞാൻ കേൾക്കുകയില്ല. നിങ്ങളുടെ കരങ്ങൾ രക്തപങ്കിലങ്ങളാണ്."*(ഏശ 1, 14-15).

അനീതിയുടെ മൂലകാരണം തേടി പ്രവാചകഗ്രന്ഥത്തിലൂടെ വിശദമായി കടന്നുപോകുമ്പോൾ നാം ചെന്നെത്തുന്നത് ആരാധനയിലും ആരാധനയിൽ കടന്നുകൂടിയ അനാചാരങ്ങളിലും ആരാധന തന്നെ രൂപം കൊടുത്ത ചില മനോഭാവങ്ങളിലുമാണ്. അനീതിക്കെതിരേ പടവാളെടുക്കുന്ന പ്രവാചകന്റെ കണ്ണു പതിയുന്നത് ജനത്തിൽ തെറ്റായ വിശ്വാസങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നവരിലാണ്. അവർ പുരോഹിതന്മാരും പ്രവാചകന്മാരും രാജാക്കന്മാരുമാകാം. ജനത്തെ നേർവഴി നയിക്കാൻ നിയുക്തരായ ഇടയന്മാർതന്നെ അവരെ വഴിതെറ്റിച്ച്, ദൈവത്തിൽ നിന്നകറ്റുന്നു. സമൂഹത്തിൽ കടുത്ത അനീതിയ്ക്ക് വഴി തെളിക്കുന്നു. അതേസമയം തങ്ങൾ ദൈവത്തിനു സ്വീകാര്യരും വിശുദ്ധരുമാണെന്ന ഒരു മിഥ്യാധാരണ നിലനിർത്താൻ കാരണമാകുകയും ചെയ്യുന്നു.

ദൈവത്തെ ആരാധിക്കുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് ഇസ്രയേൽ ജനത്തെ ദൈവം അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചത്. "എന്നെ ആരാധിക്കാനായി എന്റെ ജനത്തെ വിട്ടയയ്ക്കുക"(പുറ 4,23). യഥാർത്ഥമായ ദൈവാരാധന എല്ലാവർക്കും സ്വാതന്ത്ര്യവും വ്യക്തിമഹത്വവും ഉറപ്പുവരുത്തും. "നിങ്ങൾ നിവർന്നു നടക്കേണ്ടതിന് നിങ്ങളുടെ നുകത്തിന്റെ കെട്ടുകൾ ഞാൻ പൊട്ടിച്ചു."(ലേവ്യ 26,13) ദൈവം ചെയ്ത വലിയ കാര്യങ്ങൾ നന്ദിയോടെ അനുസ്മരിക്കാനും അവിടുത്തെ കല്പനകൾ പാലിക്കാനുമുള്ള തീരുമാനം ആവർത്തിച്ചുറപ്പിക്കാനും വരും തലമുറയ്ക്ക് പറഞ്ഞുകൊടുക്കുവാനും വേണ്ടിയാണ് പെസഹാ, പെന്തക്കുസ്താ, കൂടാരത്തിരുന്നാൾ തുടങ്ങിയ തിരുന്നാളുകളും സാബത്തു ദിവസം, സാബത്തുവർഷം, ജൂബിലിവർഷം - മുതലായ അവസരങ്ങളും നിശ്ചയിച്ചത്. എന്നാൽ വിശ്വാസാധിഷ്ഠിതവും നീതിനിഷ്ഠവുമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ ഇവയെല്ലാം പരാജയപ്പെട്ടു. ആഘോഷങ്ങൾ അരങ്ങുതകർത്തപ്പോൾ ദൈവികനിയമങ്ങൾ കാറ്റിൽപറത്തി; പാവപ്പെട്ടവർക്കു നീതി നിഷേധിക്കപ്പെട്ടു. ദൈവാരാധന വിഗ്രഹാരാധനയായി വഴി തെറ്റി.

ആദ്യത്തെ പ്രധാനപുരോഹിതനായ അഹറോൻ തന്നെയാണ് ഇപ്രകാരം ആരാധന വഴിതെറ്റാൻ കാരണക്കാരനായത് എന്ന് ബൈബിൾ എടുത്തു പറയുന്നുണ്ട്. സീനായ് മലയുടെ താഴ്വരയിൽ കൂടാരമടിച്ച ജനം അസ്വസ്ഥമായി. നേതാവായ മോശ മലമുകളിലേക്ക് പോയിട്ട് ആഴ്ചകൾ കഴിഞ്ഞു. അപ്പോഴാണ് അവർ തങ്ങളുടെ ആവശ്യം ഉന്നയിക്കുന്നത്. "ഞങ്ങളെ നയിക്കാൻ വേഗം ദേവന്മാരെ ഉണ്ടാക്കിത്തരുക" (പുറ 32,1) ജനത്തെ നേർവഴിക്കു നയിക്കേണ്ട പ്രധാനപുരോഹിതൻ ജനഹിതത്തിനു വഴങ്ങി; മാത്രമല്ല, അവരെ വിഗ്രഹാരാധനയിലേക്കു തള്ളിവിടുകയും ചെയ്തു. അവരിൽനിന്നു ചോദിച്ചു വാങ്ങിയ അവരുടെ സ്വർണ്ണാഭരണങ്ങൾകൊണ്ടു കാളക്കുട്ടിയെ വാർത്തെടുത്തു കൊടുത്തപ്പോൾ ജനം വിളിച്ചുപറഞ്ഞു: "ഇസ്രായേലേ, ഇതാ നിങ്ങളെ ഈജിപ്തിൽ നിന്ന് കൊണ്ടുവന്ന ദേവന്മാർ"(പുറ 32,4)."അതു കണ്ടപ്പോൾ അഹറോൻ കാളക്കുട്ടിയുടെ മുമ്പിൽ ഒരു ബലിപീഠം പണിതിട്ട് ഇപ്രകാരം ഉദ്ഘോഷിച്ചു. നാളെ കർത്താവിന്റെ ഉത്സവദിനമായിരിക്കും. അവർ പിറ്റേന്ന് അതിരാവിലെ ഉണർന്ന് ദഹനയാഗങ്ങളും അനുരഞ്ജനയാഗങ്ങളും അർപ്പിച്ചു. ജനം തീനും കുടിയും കഴിഞ്ഞ് വിനോദങ്ങളിൽ ഏർപ്പെട്ടു."(പുറ 32, 5-6) "ശത്രുക്കളുടെ ഇടയിൽ സ്വയം ലജ്ജിതരാകത്തക്കവിധം അഴിഞ്ഞാടുന്നതിന് അഹറോൻ അവരെ അനുവദിച്ചിരുന്നു." (പുറ 32,25) പിടിച്ചുനിർത്തി

ചോദ്യം ചെയ്ത മോശയ്ക്ക് നല്കാൻ ന്യായമായ വിശദീകരണങ്ങളൊന്നും അഹറോനുണ്ടായിരുന്നില്ല. “അവർ സ്വർണ്ണം കൊണ്ടുവന്നു, ഞാനതു തീയിലിട്ടു. അപ്പോൾ ഈ കാളക്കുട്ടി പുറത്തുവന്നു.” (പുറ 32,24).

എത്ര എളുപ്പത്തിലാണ് അഹറോൻ കൈകഴുകി ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാകാൻ ശ്രമിക്കുന്നത്! സീനായ് മലയിലെ കാളക്കുട്ടിയാണ് ഇസ്രായേലിന്റെ ആദ്യപാപമായി പരിഗണിക്കപ്പെടുന്നത്. അതിനു മുഖ്യഉത്തരവാദി അഹറോനായിരുന്നു. അഹറോന്റെ പിൻമുറക്കാർ ഈ പാരമ്പര്യം ഒട്ടും കുറവുവരുത്താതെ തുടർന്നു. ദൈവിക നിയമങ്ങൾ ജനത്തെ പഠിപ്പിച്ച്, ദൈവജനമായി അവരെ വളർത്തിയെടുക്കുകയായിരുന്നു പുരോഹിതരുടെ മുഖ്യ ദൗത്യം. അതോടൊപ്പം ദൈവത്തിനു ബലിയർപ്പിക്കുകയും ദൈവനാമത്തിൽ ജനത്തെ ആശീർവ്വദിക്കുകയും ചെയ്യുക. അങ്ങനെ ദൈവത്തിനും ജനത്തിനും ഇടയിൽ ഒരു പാലം പോലെ മധ്യവർത്തിയും മധ്യസ്ഥനുമായി നിൽക്കേണ്ട പുരോഹിതനു ലക്ഷ്യം തെറ്റി; കാലിടറി. അതിനാൽ തന്നെ ബലിയർപ്പണങ്ങളും ഉത്സവാഘോഷങ്ങളും ലക്ഷ്യം കാണാതെ പോയി. പ്രവാചക വിമർശനങ്ങളുടെ കാതൽ ഇവിടെ കാണാം. ആരംഭത്തിൽ ഉദ്ധരിച്ച ഏശയ്യായുടെ വചനങ്ങൾ ഒറ്റപ്പെട്ട സംഭവമല്ല. മിക്കവാറും ഏല്ലാ പ്രവാചകന്മാരും ആരാധനയിൽ വന്ന അപാകതകളുടെയും അതിനു മുഖ്യ കാരണക്കാരായ പുരോഹിതരുടെയും നേരേയാണ് വിരൽ ചൂണ്ടുന്നത്.

കർത്താവിന്റെ കല്പനയനുസരിക്കാതെ ബലിയർപ്പിക്കുന്നതു കർത്താവിനു സ്വീകാര്യമല്ല എന്നു സാവൂൾ രാജാവിനോടു പറഞ്ഞ സാമുവേൽ പ്രവാചകനിൽ ഈ പ്രബോധനപാരമ്പര്യത്തിന്റെ തുടക്കം കാണാം. “തന്റെ കല്പന അനുസരിക്കുന്നതോ ദഹനബലികളും മറ്റു ബലികളും അർപ്പിക്കുന്നതോ കർത്താവിനു പ്രീതികരം? അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം; മുട്ടാടുകളുടെ മേദസിനേക്കാൾ ഉൽകൃഷ്ടം” (1 സാമു 15,22). എന്നാൽ പുരോഹിതന്മാർക്കും ജനങ്ങൾക്കും ഒരുപോലെ, ബലിയർപ്പണങ്ങളും ഉത്സവാഘോഷങ്ങളുമായിരുന്നു ദൈവികനിയമങ്ങൾ അനുസരിച്ചുള്ള ജീവിതത്തേക്കാൾ അഭികാമ്യം! ജനങ്ങൾ എന്നാൽ സമ്പന്നരും അധികാരം കയ്യാളുന്നവരുമായ ഉന്നതർ എന്നു വിവക്ഷ.

സോളമൻ ദേവാലയം നിർമ്മിച്ച് ദൈവത്തിനു സമർപ്പിച്ചത് വലിയ ആഘോഷത്തോടെയാണ്. “സോളമൻ ഇരുപതിനായിരം കാളകളെയും

ഒരുലക്ഷത്തിയിരുപതിനായിരം ആടുകളെയും കർത്താവിനു സമാധാനബലിയായി അർപ്പിച്ചു... കർത്താവിന്റെ മുമ്പിൽ ഏഴു ദിവസം ഉത്സവം ആഘോഷിച്ചു." (1 രാജാ 8, 62-65). അങ്ങനെ ആഘോഷങ്ങളുടെ പാരമ്പര്യത്തിനു തുടക്കം കുറിച്ചു. ദേവാലയ പ്രതിഷ്ഠയോടനുബന്ധിച്ചു നടത്തിയ ദീർഘമായ പ്രാർത്ഥനയ്ക്ക് കർത്താവ് നല്കിയ ഉത്തരം ശ്രദ്ധേയമാണ്. പിതാവായ ദാവീദിനെപ്പോലെ വിശ്വസ്തത പാലിക്കുകയും നിയമങ്ങൾ അനുസരിക്കുകയും ചെയ്താൽ ദൈവത്തിന്റെ കൃപാകടാക്ഷം സോളമന്റെ മക്കളുടെയും ജനം മുഴുവന്റെയും മേൽ ഉണ്ടാകും. മറിച്ചായാൽ ഇപ്പോൾ പ്രതിഷ്ഠിച്ചിരിക്കുന്ന ആലയം തന്നെ നാശക്കൂമ്പാരമാകും. (1 രാജാ 9, 1-9). പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽ ചരിത്രം പുനരാഖ്യാനം ചെയ്യുന്ന നിയമാവർത്തനാത്മക ഗ്രന്ഥകാരന്റെ തൂലികയിൽ നിന്നു വരുന്ന ഈ താക്കീത് എത്രമാത്രം പ്രസക്തമായിരുന്നു എന്ന് തുടർന്നു വന്ന പ്രവാചകന്മാരുടെ വിമർശനങ്ങളിൽ നിന്ന് കാണാനാവും.

"നിങ്ങളുടെ ഉത്സവങ്ങളോട് എനിക്ക് വെറുപ്പാണ്, അവജ്ഞയാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്ക് പ്രസാദമില്ല. നിങ്ങൾ ദഹനബലികളും ധാന്യബലികളും അർപ്പിച്ചാലും ഞാൻ സ്വീകരിക്കുകയില്ല... നിങ്ങളുടെ ഗാനങ്ങളുടെ ശബ്ദം എനിക്കു കേൾക്കണ്ടാ..." (ആമോ 5, 21-23). ഇസ്രയേൽ ജനത്തിന്റെ ആരാധനയുമായി ബന്ധപ്പെട്ട സകല പ്രവൃത്തികളും കർത്താവു തിരസ്കരിക്കുന്നു എന്ന് പ്രവാചകൻ പറയുന്നതിന് ഒരേ ഒരു കാരണമേയുള്ളൂ. നാട്ടിൽ അനീതി നടമാടുന്നു. അനീതി പ്രവർത്തിക്കുന്നിടത്ത്, അനീതി നിലനിൽക്കുന്നിടത്ത്, അതിനു കാരണക്കാരായവർ ബലിയർപ്പിക്കുന്നതും ഉത്സവമാഘോഷിക്കുന്നതും ദൈവത്തെ പ്രസാദിപ്പിക്കുകയല്ല, അവഹേളിക്കുകയാണ് ചെയ്യുന്നത്. അതിനാൽ പ്രവാചകൻ തുടർന്നു പറയും: "നീതി ജലംപോലെ ഒഴുകട്ടെ. സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും" (ആമോ 5,24).

തൊട്ടു പിന്നാലെ വന്ന ഹോസിയാ കുറെക്കൂടി ശക്തവും കഠിനവുമായ ഭാഷയിലാണ് അനീതിയുടെ മൂലകാരണങ്ങളെ അനാവരണം ചെയ്യുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന അനീതിയെ തുറന്നു കാട്ടിയതിനുശേഷം ആരാണിതിനു മുഖ്യ ഉത്തരവാദികൾ എന്ന സംശയത്തിനു പഴുതടച്ച് പ്രവാചകൻ പ്രഖ്യാപിക്കുന്നു: "എന്നാൽ അരും തർക്കിക്കേണ്ട, കുറ്റപ്പെടുത്തുകയും വേണ്ട, പുരോഹിതാ, നിനക്കെതിരെയാണ് എന്റെ ആരോപണം.....അജ്ഞത നിമിത്തം എന്റെ ജനം

നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതുകൊണ്ട് എന്റെ പുരോഹിതനായിരിക്കുന്നതിൽ നിന്ന് നിന്നെ ഞാൻ തിരസ്കരിക്കുന്നു." (ഹോസി 4, 4-6). അജ്ഞത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തെയും അവിടുത്തെ തിരുഹിതത്തെയും കുറിച്ചുള്ള അജ്ഞതയാണ്. അതോടൊപ്പം തങ്ങൾ ആരെന്നും തങ്ങളെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതി എന്തെന്നും ജനം അറിയുന്നില്ല. അതാണ് അവർ വഴി തെറ്റാൻ കാരണം. അറിയേണ്ട പുരോഹിതനും അജ്ഞനായിത്തീർന്നിരിക്കുന്നു. അതിനാൽ പുരോഹിതനായി തുടരാൻ അയാൾക്കിനി അർഹതയില്ല.

ഇത് ഇസ്രായേലിലെ ഏതെങ്കിലും ഒരു പ്രത്യേകപുരോഹിതനെ തിരെയുള്ള കുറ്റാരോപണവും ശിക്ഷാവിധിയുമല്ല. എക്കാലത്തും നില നില്ക്കുന്ന പൗരോഹിത്യം തന്നെയാണ് ഇവിടെ പ്രതിക്കൂട്ടിലാകുന്നത്. ഇന്നത്തെ ക്രിസ്തീയ പുരോഹിതരും ഇതിന് അപവാദമാവുകയില്ല. ദൈവത്തെ അറിയാനും അറിയിക്കാനും കടപ്പെട്ടവർ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ദേശത്തെ ഏറ്റം മികച്ചതും സമ്പന്നർക്കുമാത്രം അഭിഗമ്യവും പാവപ്പെട്ടവരെ അവഗണിക്കുന്ന പുതിയ ആഗോള ഉപഭോഗസംസ്കാരത്തിനു വഴിയൊരുക്കുന്നതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളും പടുത്തുയർത്താൻ ശ്രമിക്കുമ്പോൾ അജ്ഞത മൂലം ജനം നശിക്കുന്നു എന്ന പ്രവാചക വിലാപം ഇവിടെയും മാറ്റൊലി കൊള്ളുന്നത് കേൾക്കാതെ പോകുന്നു.

തെറ്റായ പ്രബോധനങ്ങളും അവ നല്കുന്ന ബോധ്യങ്ങളുമാണ് അനീതിയുടെ അടിസ്ഥാനമായി പ്രവാചകർ കാണുന്നത്. അതിനു കാരണക്കാരായി മൂന്നു വിഭാഗം നേതാക്കളെ എടുത്തു കാട്ടുന്നു. "പുരോഹിതന്മാരേ കേൾക്കുവിൻ. ഇസ്രായേൽ ഭവനമേ ശ്രദ്ധിക്കുക. രാജകുടുംബമേ ശ്രദ്ധിക്കുക. നിങ്ങളുടെ മേൽ വിധി പ്രസ്താവിച്ചിരിക്കുന്നു." (ഹോസി 5,1). പട്ടികയുടെ മുൻപിൽ പുരോഹിതർ തന്നെ. പിന്നാലെയാണ് രാജകുടുംബവും സമ്പന്നരും വരുന്നത്. "പുരോഹിതനെപ്പോലെ ജനവും" (ഹോസി 4,9) എന്ന കണ്ടെത്തലിൽ പുരോഹിതന്റെ ഉത്തരവാദിത്വം വീണ്ടും എടുത്തു കാട്ടുന്നു.

ഉത്സവാഘോഷങ്ങളിലും ബലിയർപ്പണങ്ങളിലും സാഫല്യം കണ്ടെത്തുന്നവർക്കെതിരേ, സാമുവേലിന്റെ തീക്ഷ്ണതയോടെ ഹോസിയാ ആവർത്തിക്കുന്നു: "ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്; ദഹനബലിയല്ല ദൈവജ്ഞാനമാണ് എനിക്കിഷ്ടം." (ഹോസി 6,6). ഉടമ്പടിയോടുള്ള വിശ്വസ്തതയാണ് ഇവിടെ സ്നേഹം

എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്, "ഹെസെദ്" എന്ന് ഹീബ്രു മൂലം. നീതി പ്രവർത്തിക്കാതെ ദൈവത്തെ അറിയാൻ കഴിയില്ല എന്നതു പ്രവാചകന്മാരുടെ പൊതുവായ ദർശനമാണ്. ജോസിയാ രാജാവിനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ജറെമിയാ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. "അവൻ ദരിദ്രർക്കും അഗതികൾക്കും ന്യായം നടത്തിക്കൊടുത്തു....എന്നെ അറിയുകയെന്നാൽ ഇതു തന്നെയല്ലേ എന്നു കർത്താവ് അരുൾചെയ്യുന്നു."(ജറെ 22,16)

ആരാധനയും അതുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളും നീതിനിഷ്ഠമായ ഒരു ജീവിതത്തിന്റെ സാക്ഷ്യമാകണം, അതിനു സഹായിക്കുന്നതുമാകണം. അതില്ലാതെ വരുമ്പോൾ ആരാധന തന്നെ അനീതിയുടെ ഉറവിടമായി മാറാം. പ്രത്യേകിച്ചും തങ്ങൾ ദൈവത്തിനു പ്രീതികരമായ ജീവിതമാണു നയിക്കുന്നതെന്ന മിഥ്യാബോധം വളർത്താൻ ഈ ആചാരാനുഷ്ഠാനങ്ങൾ സഹായകമാകും. ഇപ്രകാരം വ്യർത്ഥമായ സുരക്ഷിതബോധത്തിനും അതിൽ നിന്നു സംജാതമാകുന്ന അഹങ്കാരത്തിനുമെതിരേ ശക്തമായി പ്രതികരിച്ച പ്രവാചകന്മാരിൽ മുൻപന്തിയിലാണ് ജറെമിയാ...

വലിയൊരു മതനവീകരണത്തിനു നേതൃത്വം നല്കിയ ജോസിയാ രാജാവ് ബി.സി. 609 ൽ മെഗിദോയിൽ വച്ച് യുദ്ധത്തിൽ കൊല്ലപ്പെട്ടു. അതോടെ മതനവീകരണത്തിനു വഴിമുട്ടി. പഴയ ദുരാചാരങ്ങളും മിഥ്യാധാരണകളും വീണ്ടും സജീവമായി. ജനം അനിവാര്യമായ ദുരന്തത്തിലേക്കു നീങ്ങുന്നു എന്നു കണ്ട ജറെമിയാ കർത്താവിൽ ആശ്രയിക്കാനും അവിടുത്തെ പ്രമാണങ്ങളനുസരിച്ച് ജീവിക്കുവാനും അവരെ ഉദ്ബോധിപ്പിക്കാൻ ശ്രമിച്ചു. കർത്താവിന്റെ ആലയം സ്ഥിതി ചെയ്യുന്നിടത്തോളം കാലം കർത്താവു തങ്ങളുടെ മധ്യത്തിൽ ഉണ്ടായിരിക്കും, തങ്ങളെ സംരക്ഷിക്കും. അതിനാൽ ബലിയർപ്പണങ്ങളും ആഘോഷങ്ങളും കൂടുതൽ സജീവമാക്കണം. തങ്ങൾക്കൊരനർത്ഥവും വരികയില്ല എന്നു പ്രവചിച്ച പുരോഹിതന്മാർക്കും പ്രവാചകന്മാർക്കും എതിരേ ഒറ്റയ്ക്കു നിന്ന് ജനത്തെ മാനസാന്തരത്തിനു ക്ഷണിക്കുമ്പോൾ ഔദ്യോഗിക പക്ഷത്തിന്റെ ഈ പ്രബോധനത്തെ ശക്തമായി എതിർക്കുന്നതു കാണാം.

അനുഷ്ഠാനങ്ങൾ രക്ഷിക്കും എന്ന മനോഭാവത്തെ പിഴുതെറിയാനും ഇടിച്ചു തകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പുതിയമനോഭാവങ്ങൾ പണിതുയർത്താനും നട്ടുവളർത്താനുമായി (ജറെ 1,10) ദൈവം പ്രത്യേകം തിരഞ്ഞെടുത്ത പ്രവാചകനാണ് ജെറെമിയാ.

ആരാധനയും ആഘോഷങ്ങളും സജീവമായി നടക്കുമ്പോഴും ജനം ജീവജലത്തിന്റെ ഉറവിടമായ സത്യദൈവത്തെ തിരസ്കരിച്ച് പൊട്ടക്കിണറുകൾ കുഴിക്കുകയാണെന്നു പറഞ്ഞത് അവർക്കു സ്വീകാര്യമായില്ല; മനസ്സിലാക്കാനും കഴിഞ്ഞില്ല.

ദേവാലയത്തിൽവച്ചു നടത്തിയ പ്രസംഗം ജനത്തിന്റെ മിഥ്യാധാരണകളുടെ അടിത്തറ തകർക്കുന്നതായിരുന്നു. "കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം എന്ന പൊള്ളവാക്കുകളിൽ നിങ്ങൾ ആശ്രയിക്കരുത്... നിങ്ങൾ മോഷ്ടിക്കുകയും കൊല്ലുകയും വ്യഭിചാരം ചെയ്യുകയും കള്ളസാക്ഷി പറയുകയും ബാലിനു ധൂപമർപ്പിക്കുകയും നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത ദേവന്മാരെ പിഞ്ചെല്ലുകയും ചെയ്യുന്നു. എന്നിട്ട് എന്റെ സന്നിധിയിൽ വന്നുനിന്ന് നിങ്ങൾ സുരക്ഷിതരാണെന്നു പറയുന്നുവോ? എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്കു മോഷ്ടാക്കളുടെ ഗുഹയോ?" (ജറെ7, 4-11). നീതിപൂർവ്വകമായ ജീവിതമില്ലാതെ ദേവാലയത്തിൽ പോകുകയും ആരാധനയിൽ പങ്കുചേരുകയും ചെയ്യുന്നത് ആർക്കും സുരക്ഷിതത്വം നല്കുകയില്ല എന്ന് പ്രവാചകൻ തറപ്പിച്ചു പറയുന്നു.

ബലിയർപ്പണവും ആഘോഷവും മാത്രം ആരെയും രക്ഷിക്കുകയില്ല എന്നു തറപ്പിച്ചു പറയുന്നതോടൊപ്പം നീതിക്കുവേണ്ടിയുള്ള ആഹ്വാനവും പ്രവാചകൻ നല്കുന്നുണ്ട്. പക്ഷേ ജറെമിയായുടെ വാക്കു കേൾക്കാൻ ജനം വിസമ്മതിച്ചു. അതിന് ഒരു പ്രധാനകാരണം ഔദ്യോഗികമായി പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്ന പുരോഹിതന്മാരും പ്രവാചകന്മാർ എന്നു സ്വയം വിശേഷിപ്പിച്ചവരുമായിരുന്നു. ജനത്തിന്റെ ഔദ്യോഗിക നേതാക്കളായ പുരോഹിതന്മാരും പ്രവാചകന്മാരും രാജാവും മറ്റു ഭരണാധികാരികളും ഒരു വശത്ത്. മറുവശത്ത് ഏകനായ ജറെമിയാ. ഇവിടെ ജനം ആരെ സ്വീകരിക്കണം? ആരാണ് യഥാർത്ഥ പ്രവാചകൻ. ആരാണ് വ്യാജപ്രവാചകൻ? എവിടെയാണ് സത്യദൈവത്തിന്റെ മായം ചേർക്കാത്ത വചനം കണ്ടെത്താൻ കഴിയുക?

സ്വീകാര്യമായ ഒരേയൊരു മാനദണ്ഡമാണ് ജെറെമിയാ എടുത്തുകാട്ടുന്നത്. ജനത്തിന്റെ പരമ്പരാഗതമായ വിശ്വാസസംഹിതകളോടു വിശ്വസ്തത പുലർത്തുന്നവരും യഥാർത്ഥമായ മാനസാന്തരത്തിനു ക്ഷണിക്കുന്നവരുമാണ് ദൈവം അയച്ച പ്രവാചകർ. ആസന്നമായിരിക്കുന്ന നാശത്തെക്കുറിച്ച് അവർ പ്രവചിക്കുന്നത് മാനസാന്തരത്തിലേക്കു നയിക്കാനാണ്. എന്നാൽ ഭയപ്പെടേണ്ടതില്ല; യാതൊര

നർത്ഥവും വരികയില്ല. ദൈവം സംരക്ഷിച്ചു കൊള്ളും എന്ന വ്യർത്ഥ വാഗ്ദാനങ്ങൾ നല്കി തിന്മയിൽ തുടരാൻ ജനത്തെ പ്രേരിപ്പിക്കുന്ന വർ വ്യാജപ്രവാചകന്മാരാണ്.(ജറെ 28, 1-9). പ്രവാചകനും പുരോഹി തനും ഒന്നുപോലെ കപടമായി പെരുമാറുന്നു. "അശ്രദ്ധമായിട്ടാണ് അവർ എന്റെ ജനത്തിന്റെ മുറിവുകൾ വച്ചുകെട്ടുന്നത്. സമാധാനം ഇല്ലാതിരിക്കെ സമാധാനം, സമാധാനം എന്ന് അവർ പറയുന്നു" (ജറെ 6, 13-14). "നിയമജ്ഞരുടെ വ്യാജമായ തൂലിക നിയമത്തെ വ്യാജമാ ക്കിയിരിക്കുന്നുന്നു(ജറെ. 8, 8-11).

ഉപരോധമേർപ്പെടുത്തിയിരിക്കുന്ന കോട്ടമതിലിനോടാണ് എസെ ക്കിയേൽ പ്രവാചകൻ ഇസ്രായേൽ ജനത്തെ ഉപമിക്കുന്നത്. ശത്രുക്ക ളുടെ യന്ത്രമുട്ടികൊണ്ടുള്ള നിരന്തരമായ പ്രഹരത്തിൽ മതിലിനു വിള്ളൽ വീണിരിക്കുന്നു. ഏതു സമയവും ആ വിള്ളലിലൂടെ ശത്രു സൈന്യം അകത്തുകടക്കാം. ഈ സാഹചര്യത്തിൽ ആയുധമേന്തി വിള്ളലിൽ നില്ക്കേണ്ടവരാണ് പുരോഹിതരും പ്രവാചകരും. എന്നാൽ അവർ ചെയ്യുന്നത് വിള്ളലിനു വെള്ള പൂശുകയാണ് (എസെ. 22, 28 -30; 13, 10) കള്ളപ്രവചനങ്ങൾകൊണ്ട് ജനത്തിന്റെ തെറ്റുകൾ മൂടിവ യ്ക്കുന്ന പ്രവാചകന്മാരും പുരോഹിതരുമാണ് നാശത്തിനു പ്രധാന ഉത്തരവാദികൾ എന്നാണ് എസെക്കിയേലിനു പറയാനുള്ളത്.

ജെറുസലേമിന്റെ കോട്ടകൾ തകർന്നു. ദേവാലയം ചാരക്കൂനയാ യി. ജനം നാടുകടത്തപ്പെട്ടു. ഈ നാശക്കൂമ്പാരത്തിന്റെ മധ്യത്തി ലിരുന്നു വിലപിക്കുന്ന അമ്മയായി ജെറൂസലേമിനെ ചിത്രീകരിക്കുന്ന വിലാപങ്ങളുടെ കർത്താവായ പ്രവാചകൻ എടുത്തുകാട്ടുന്ന കാരണം ശ്രദ്ധേയമാണ്. "നിന്റെ പ്രവാചകന്മാർ നിനക്കുവേണ്ടി കണ്ടത് വഞ്ച നാത്മകമായ വ്യാജദർശനങ്ങളാണ്. നിന്റെ ഐശ്വര്യം പുനസ്ഥാപി ക്കാൻ വേണ്ടി നിന്റെ അകൃത്യങ്ങൾ അവർ മറനീക്കി കാണിച്ചില്ല" (വിലാ 2, 14).

ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ചുള്ള ജീവിതമാണ് ദൈവം ജനത്തിൽ നിന്നാഗ്രഹിക്കുന്നത്. പുരോഹിതന്മാരും പ്രവാചകന്മാരും അതിനു ജനത്തെ സഹായിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യണം. എന്നാൽ അതുണ്ടായില്ല. തന്മൂലം അവർക്കെതിരേ ഭീകരമായ ശിക്ഷാ വിധിയാണ് യഥാർത്ഥ പ്രവാചകന്മാരിലൂടെ ദൈവം പ്രഖ്യാപിക്കുന്ന ത്. ദൈവവചനത്തിനു വിലക്കു കല്പിച്ച പുരോഹിതൻ അമാസി യുടെ മേൽ ആമോസ് വഴി ദൈവം വിധി പ്രഖ്യാപിച്ചു: "നിന്റെ ഭാര്യ നഗരത്തിൽ വേശ്യയായിത്തീരും. നിന്റെ പുത്രന്മാരും പുത്രിമാരും വാളി

നിരയാകും... അശുദ്ധ ദേശത്തു കിടന്നു നീ മരിക്കും(ആമോ 7, 16–17). മാത്രമല്ല, വ്യർത്ഥമായ സുരക്ഷിതത്വബോധം ജനത്തിനു നല്കിയ ദേവാലയം ദൈവം തന്നെ തല്ലിത്തകർക്കും. "ബലിപീഠത്തിനരികെ കർത്താവു നില്ക്കുന്നതു ഞാൻ കണ്ടു. അവിടുന്ന് അരുളിച്ചെയ്തു. "പൂമുഖം കുലുങ്ങുമാറ് പോതികയെ ഊക്കോടെ അടിക്കുക. എല്ലാവരുടെയും തലയിൽ അതു തകർന്നു വീഴട്ടെ. അവശേഷിക്കുന്നവരെ ഞാൻ വാളിനിരയാക്കും... ഒരുവനും രക്ഷപ്പെടുകയില്ല" (ആമോ 9, 1–2). ദേവാലയത്തിൽ വന്നതുതന്നെ മരണശിക്ഷയർഹിക്കുന്ന പാപമാണ് എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് ഈ പ്രവചനം.

നീതിനിഷ്ഠമായ ജീവിതത്തിനു പ്രേരിപ്പിക്കാതെ ദൈവപ്രീതി നേടാൻ എളുപ്പമാർഗ്ഗമായി ദേവാലയവും ചില ഭക്താഭ്യാസങ്ങളും അവതരിപ്പിച്ച വ്യാജപ്രവാചകന്മാരുടെയും പുരോഹിതന്മാരുടെയും പ്രബോധനങ്ങൾക്കെതിരേയാണ് യഥാർത്ഥപ്രവാചകന്മാർ എല്ലാവരും തന്നെ സംസാരിച്ചത്. "നിങ്ങൾ നിമിത്തം സീയോൻ വയൽപോലെ ഉഴുതുമറിക്കപ്പെടും; ജറുസലേം നാശക്കൂമ്പാരമാകും; ദേവാലയഗിരി വനമായിത്തീരും" (മിക്കാ 3, 12) എന്നു പ്രവചിച്ച മിക്കായും ജെറുസലേം ഷീലോ പോലെ തകർക്കപ്പെടും എന്നു താക്കീതു നല്കിയ ജെറെമിയായും (ജറെ 7,14; 26, 4–6) ഉദാഹരണങ്ങൾ മാത്രം. കാനോനിക പ്രവാചകന്മാരുടെ കണ്ണിയിലെ അവസാനത്തെ പ്രവാചകനായ മലാക്കി അനീതി നിറഞ്ഞ ബലിയർപ്പണം തടയാൻ വേണ്ടി ദേവാലയം അടച്ചുപൂട്ടാനാണാവശ്യപ്പെടുന്നത്: "നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർത്ഥമായി തീ കത്തിക്കാതിരിക്കാൻ നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചിരുന്നെങ്കിൽ!" (മലാ, 1, 10).

ദൈവത്തിന്റെ നിയമം സശ്രദ്ധം ഹൃദിസ്ഥമാക്കുകയും ജനത്തെ പഠിപ്പിക്കുകയും ചെയ്യാൻ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. "പുരോഹിതന്മാരേ, ഇതാ ഈ കല്പന നിങ്ങൾക്കുവേണ്ടിയാണ്. നിങ്ങൾ ശ്രദ്ധിക്കാതെയും എന്റെ നാമത്തിനു മഹത്വം നല്കാൻ മനസ്സുവയ്ക്കാതെയും ഇരുന്നാൽ നിങ്ങളുടെ മേൽ ഞാൻ ശാപം അയയ്ക്കും. നിങ്ങളുടെ അനുഗ്രഹങ്ങളെ ഞാൻ ശാപമാക്കും... നിങ്ങളുടെ ബലിമൃഗങ്ങളുടെ ചാണകം നിങ്ങളുടെ മുഖത്തു ഞാൻ തേയ്ക്കും. എന്റെ സന്നിധിയിൽ നിന്നു നിങ്ങളെ ഞാൻ നിഷ്കാസനം ചെയ്യും"(മലാ2, 1–3). "പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്. എന്നാൽ നിങ്ങൾ വഴിതെറ്റിപ്പോയിരിക്കുന്നു. നിങ്ങ

ളുടെ ഉപദേശം അനേകരുടെ ഇടർച്ചയ്ക്കു കാരണമായിരിക്കുന്നു" (മലാ 2, 7-9).

പുരോഹിതരും പ്രവാചകരും ജനനേതാക്കളും ജനത്തെ നന്മയിലേക്കു നയിക്കാൻ കടപ്പെട്ടവരാണ്. തെറ്റു ചൂണ്ടിക്കാട്ടി തിരുത്താനും നേരായ മാർഗ്ഗം പഠിപ്പിക്കാനും വേണ്ടി നിയുക്തരായ വഴികാട്ടികളും കാവല്ക്കാരനുമാണവർ. പക്ഷേ "എന്റെ ജനത്തിന്റെ കാവല്ക്കാർ അന്ധരാണ്. അവർ ഒന്നും അറിയുന്നില്ല. അവർ മൂകരായ നായ്ക്കളാണ്. അവർക്കു കുരയ്ക്കാനാവില്ല. അവർ കിടന്നു സ്വപ്നം കാണുന്നു. നിദ്രാപ്രിയരാണവർ..." (ഏശ 56, 10-11) എന്ന എശയ്യായുടെ വിമർശനം അനീതിയുടെ ഉറവിടങ്ങളിലേക്കു തന്നെയാണ് വിരൽചൂണ്ടുന്നത്. പുരോഹിതൻ എന്ന വിശേഷണം ബലിയർപ്പണത്തിനായി ഒദ്യോഗികമായി നിയുക്തരായവർക്കു മാത്രമല്ല, ജനത്തെ ദൈവോന്മുഖമായി, നീതിയുടെ പാതയിൽ നയിക്കാൻ കടപ്പെട്ട എല്ലാവർക്കും യോജിച്ചതാണ്. "ആശാൻ അക്ഷരമൊന്നു പിഴച്ചാൽ അമ്പത്താറു പിഴയ്ക്കും ശിഷ്യർ" എന്ന പഴമൊഴി ഇവിടെ യാഥാർത്ഥ്യമാകുന്നു.

വിശുദ്ധിയിലേക്കു നയിക്കേണ്ട ബലിയർപ്പണവും ദൈവോന്മുഖജീവിതത്തിനു കരുത്തു പകരേണ്ട ഉത്സവാഘോഷങ്ങളും അനീതിക്കു വഴി തുറക്കുകയും ജനത്തെ വ്യർത്ഥമായ സുരക്ഷിതബോധത്തിലേക്കു നയിക്കുകയും ചെയ്തു. ദൈവാരാധന വിഗ്രഹാരാധനയായിത്തീർന്നു. ആരാധനയുടെ അനുഷ്ഠാനങ്ങൾ ദൈവത്തെ അവഹേളിക്കുന്ന ആഭാസങ്ങളായി അധഃപതിച്ചു. ദൈവാരാധന എന്ന തോന്നൽ മാത്രം നിലനിർത്തുന്നതും എന്നാൽ യഥാർത്ഥമായ ആരാധനയുടെ യാതൊരു ഗുണവും അവശേഷിപ്പിക്കാത്തതുമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും നീതിനിർവ്വഹണത്തിനു പ്രേരിപ്പിക്കുന്നതിനു പകരം അനീതിക്കു പ്രോത്സാഹനമായി. ജനത്തിന്റെ നേതാക്കന്മാർ തന്നെയാണ് ഇതിനുത്തരവാദികൾ എന്ന പ്രവാചക വിമർശനത്തിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാനാവില്ല. ഇനി എന്താണ് പ്രവാചകന്മാർ ആവശ്യപ്പെടുന്നത്? അതിലേക്കാണ് തുടർന്നു ശ്രദ്ധ തിരിക്കുന്നത്.

# 20

## പ്രവാചകാഹ്വാനം

*"നീതി ജലംപോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും"* (ആമോ 5,24).

ജനതകൾക്കു മധ്യേ സത്യദൈവത്തിനു സാക്ഷികളായി വർത്തിക്കാൻ വിളിക്കപ്പെട്ട ജനം അവരുടെ ദിവ്യദൗത്യ നിർവ്വഹണത്തിൽ അമ്പേ പരാജയപ്പെട്ടു എന്ന് പ്രവാചകന്മാർ തറപ്പിച്ചു പറഞ്ഞു. അവരുടെ വീഴ്ചകളും ഇടർച്ചകളും പരാജയകാരണങ്ങളും അതിന്റെ ഭീകരമായ ഫലങ്ങളും ഒന്നൊന്നായി ജനതകൾക്കു മുമ്പിൽ അവർ നിരത്തിവച്ചു. നിഷേധിക്കാനാവാത്തവിധം പഴുതടച്ച് അവതരിപ്പിക്കുന്ന കുറ്റകൃത്യങ്ങളുടെ പട്ടികക്കു മുമ്പിൽ പകച്ചു നിൽക്കുന്ന ജനത്തോട് എന്താഹ്വാനമാണ് പ്രവാചകന്മാർ അടുത്തതായി ദൈവനാമത്തിൽ നല്കുന്നത്? എന്താണ് കർത്താവ് അവരിൽനിന്ന് ആവശ്യപ്പെടുന്നത്?

പ്രവാചകന്മാർ വഴി ദൈവം ജനത്തിന് നല്കുന്ന ആഹ്വാനത്തെ ഒറ്റവാക്കിൽ സംഗ്രഹിക്കാം. "മടങ്ങി വരുവിൻ". "ഷൂബ്" എന്നാണ് ഹീബ്രു മൂലം. തുടക്കത്തിലേക്കു മടങ്ങുക. കടന്നുപോന്ന വഴികൾ പരിശോധിക്കുക. നാല്ക്കവലകളിൽ ശ്രദ്ധിക്കുക. എവിടെയൊക്കെയാണ് വഴിതെറ്റിയതെന്ന് തിരിച്ചറിയുക. അതനുസരിച്ച് പിൻതിരിയുക. ഏശയ്യാ മുതൽ മലാക്കി വരെ സ്വന്തം പേരിൽ പുസ്തകങ്ങളുള്ള

പതിനാറു പ്രവാചകന്മാരും ഏകകണ്ഠമായി നടത്തുന്ന ആഹ്വാന മാണിത് – മടങ്ങി വരുക!

തിരിച്ചു വരണമെങ്കിൽ രണ്ടു കാര്യങ്ങൾ ആവശ്യമാണ്. 1. വഴി തെറ്റിയിരിക്കുന്നു എന്നു വ്യക്തമായ അവബോധം. 2. എങ്ങോട്ടാണ് മടങ്ങേണ്ടത് എന്ന തിരിച്ചറിവ്. സാമൂഹ്യ-സാമ്പത്തിക-മതാത്മകത ലങ്ങളിൽ പ്രവാചകന്മാർ അവതരിപ്പിച്ച രൂക്ഷവിമർശനങ്ങൾ ജനങ്ങൾ തെറ്റായ വഴിയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് വ്യക്തമാക്കി കഴി ഞ്ഞു. ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു; "ഞാൻ മലിനയല്ല, ബാലിന്റെ പിറകേ പോയിട്ടില്ല എന്നു പറയാൻ നിനക്കെങ്ങനെ കഴിയും? താഴ്‌വരയിൽ പതിഞ്ഞ നിന്റെ കാല്പാടുകൾ കാണുക; കുറ്റം സമ്മതിക്കുക... നിന്റെ വസ്ത്രാഞ്ചലത്തിൽ നിരപരാധരായ പാവങ്ങ ളുടെ രക്തം പുരണ്ടിരിക്കുന്നു" (ജറെ 2, 23– 34). ഇനി ഒന്നേ ചെയ്യാ നുള്ളൂ; "അവിശ്വസ്തരായ ഇസ്രായേലേ, തിരിച്ചുവരിക... അവിശ്വസ്ത രായ മക്കളേ തിരിച്ചു വരുവിൻ..." (ജറെ 3, 12,14,22). എങ്ങോട്ടാണ് തിരിച്ചു വരേണ്ടതെന്നും പ്രവാചകന്മാർ വ്യക്തമായി പഠിപ്പിക്കുന്നു ണ്ട്. "കർത്താവ് അരുളിച്ചെയുന്നു, ഇസ്രായേലേ, നീ തിരിച്ചുവരാൻ ആഗ്രഹിക്കുന്നെങ്കിൽ എന്റെ അടുത്തേക്കു വരുക" (ജറെ 4, 1).

എങ്ങനെയാണ് കർത്താവിന്റെ അടുക്കലേക്ക് തിരിച്ചുവരേണ്ടത്? എന്താണ് കർത്താവ് ആവശ്യപ്പെടുന്നത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്ത രമാണ് നീതി പ്രവർത്തിക്കാനുള്ള ആഹ്വാനമായി പ്രതിധ്വനിക്കുന്ന ത്. സാമൂഹ്യനീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ആമോസ് രണ്ടു വാക്കുകളിൽ ഈ ആഹ്വാനം ഒതുക്കിപ്പറയുന്നു. "നീതി ജലം പോലെ ഒഴുകട്ടെ. സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും." *മിഷ്പാ ത്ത്, സ്ദാഖാ* എന്ന രണ്ടു ഹീബ്രു വാക്കുകളാണ് ഇവിടെ നീതി – സത്യം എന്നു വിവർത്തനം ചെയ്യുന്നത്. സാമൂഹ്യനീതിയെക്കുറിച്ചുള്ള പഠനത്തിൽ ഈ രണ്ടു പദങ്ങൾക്ക് അതുല്യ പ്രാധാന്യമുണ്ട്.

**മിഷ്പാത്ത്:** "വിധിക്കുക" എന്നർത്ഥമുള്ള "ഫാഫാത്ത്" എന്ന ക്രിയാധാതുവിൽ നിന്നാണ് 'മിഷ്പാത്ത്' എന്ന നാമത്തിന്റെ ഉത്ഭവം. പഴയനിയമത്തിൽ 422 തവണ ഈ പദം പ്രത്യക്ഷപ്പെടുന്നുണ്ട്. സമൂ ഹത്തിൽ നിലനില്ക്കുന്ന നീതിന്യായ വ്യവസ്ഥയെയാണ് ഇതു സൂചി പ്പിക്കുന്നത്. ഓരോരുത്തർക്കും അവശ്യവും അർഹവുമായതു ലഭിക്ക ണം. അതിനു വേണ്ട നിയമങ്ങൾ ദേശത്തുണ്ടാകണം. ആ നിയമ ങ്ങൾക്കനുസരിച്ച് ഭരണം നടക്കണം. ഏതെങ്കിലും സാഹചര്യത്തിൽ ആർക്കെങ്കിലും അർഹമായതു ലഭിക്കാതെ വന്നാൽ അതിന്റെ കാരണം

കണ്ടുപിടിച്ച് പരിഹരിക്കാൻ ഭരണാധികാരികൾക്ക് കടമയുണ്ട്. നിയമനിർമ്മാണമാണ് ഈ കടമയിൽ ആദ്യത്തെ പടി. ഉടമ്പടിയുടെ പത്തു പ്രമാണങ്ങളെ അടിസ്ഥാനമാക്കി എല്ലാവർക്കും തുല്യനീതി ലഭ്യമാകത്തക്ക വിധത്തിൽ കാലാകാലങ്ങളിൽ ആവശ്യമായ നിയമനിർമ്മാണം നടത്താൻ ഭരണാധികാരികൾ കടപ്പെട്ടിരിക്കുന്നു.

നിർമ്മിക്കുന്ന നിയമങ്ങൾ നടപ്പിലാകുന്നു എന്ന് ഉറപ്പുവരുത്തുന്ന നീതിനിർവ്വഹണാധികാരവും ഭരണാധികാരികൾക്ക് ഉണ്ട്. ആർക്കെങ്കിലും അർഹമായ നീതി നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടായാൽ, നിലവിലിരിക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ നീതി നടത്തിക്കൊടുക്കാൻ കടപ്പെട്ടവരാണ് ന്യായാധിപന്മാരും കോടതികളും. ഇങ്ങനെ നീതിനിഷ്ഠമായ നിയമസംഹിതകൾ, പക്ഷം ചേരാത്ത നീതിനിർവ്വഹണം, മുഖം നോക്കാത്ത ന്യായവിധി പ്രസ്താവനയും നടപ്പിലാക്കലും. ഈ മൂന്നു ഘടകങ്ങളും പ്രവർത്തനനിരതമാകുന്ന ഒരു സമൂഹസംവിധാനമാണ് *മിഷ്പാത്ത്* എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

“ജലം പോലെ ഒഴുകട്ടെ” എന്ന വിവർത്തനം മൂലത്തിന്റെ ശക്തി മുഴുവൻ വെളിപ്പെടുത്തുന്നില്ല. സകല പ്രതിബന്ധങ്ങളെയും തകർത്തു മുന്നേറുന്ന ഒരു മലവെള്ളപ്പാച്ചിൽ പോലെയോ സുനാമിത്തിരകൾപോലെയോ നീതി ഒഴുകണം. നീതിയുടെ വഴിയിൽ ഒന്നും തടസ്സമായി നിൽക്കരുത്. ഇതാണ് ആമോസ് ആദ്യമേ ഉദ്ദേശിക്കുന്നത്. അപ്രതിഹതമായ ഒരു നീതി പ്രവാഹം - അവിടെ അനീതിയുടെ കോട്ടകൾ തകർന്നടിയും; സിംഹാസനങ്ങൾ തകിടം മറിയും; സകല പ്രതിബന്ധങ്ങളും ഇളകിയൊഴുകും.  ഇത് ഒരിക്കൽ മാത്രം സംഭവിക്കേണ്ട ഒരു പ്രക്രിയ അല്ല എന്ന് അടുത്ത വാക്കുകൾ വ്യക്തമാക്കുന്നു. ഈ പ്രവാഹം ഒരിക്കലും നിലയ്ക്കരുത്. പ്രതിബന്ധങ്ങൾ ഒരിക്കൽ തൂത്തെറിഞ്ഞാൽ പോരാ; ഇനി ഒരിക്കലും ഉയർന്നുവരാൻ പാടില്ല. സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽപോലെ ഒഴുകണം.

**സ്ദാഖാ** എന്ന ഹീബ്രുനാമമാണ് ‘സത്യം’ എന്നു വിവർത്തനം ചെയ്യുന്നത്. അനേകം ധ്വനികളുള്ള ഒരു പദമാണ് *സ്ദാഖാ.* പഴയനിയമത്തിൽ 522 തവണ ഈ പദം പ്രത്യക്ഷപ്പെടുന്നുണ്ട്. മുഖ്യമായും പ്രവാചക ഗ്രന്ഥങ്ങളിലും സങ്കീർത്തനങ്ങളിലുമാണ് ഈ പദം കാണുന്നത്. ദൈവത്തിന് പ്രീതികരമായ ഒരവസ്ഥ, അഥവാ ജീവിതം എന്ന് ഈ പദത്തെ പൊതുവിൽ വിശേഷിപ്പിക്കാം. നീതി -righteousness എന്ന് ഇംഗ്ലീഷിൽ വിവർത്തനം ചെയ്യുന്നു. ദൈവത്തിനു സ്വീകാര്യ

നായ വ്യക്തി നീതിമാനാണ്, *സദ്ദീഖ്* എന്നു വിശേഷണം. ദൈവം നല്കിയിരിക്കുന്ന പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുമ്പോഴാണ് ഒരാൾ നീതിമാനാകുന്നത്; അപ്പോഴാണ് സമൂഹത്തിൽ നീതി നടപ്പിലാകുന്നതും നിലനിൽക്കുന്നതും.

ഈ അർത്ഥത്തിൽ 'ധർമ്മനിഷ്ഠ' എന്ന വിവർത്തനമായിരിക്കും മൂലത്തോട് കൂടുതൽ വിശ്വസ്തത പുലർത്തുക. ഓരോ വ്യക്തിക്കും പ്രത്യേകമായും സമൂഹങ്ങൾ പൊതുവായും ഈ പ്രപഞ്ചത്തെ മുഴുവനും സംബന്ധിക്കുന്നതുമായ ദൈവിക പദ്ധതിയെ 'ധർമ്മം' എന്നു വിളിക്കുക കൂടുതൽ ഉചിതമാണ്. ദൈവനിശ്ചിതമായ കടമയാണ് ധർമ്മം. അതു നിലനിൽക്കുന്നിടത്തേ ശാന്തിയും സമാധാനവും വസിക്കൂ. ധർമ്മ നിഷേധമാണല്ലോ അധർമ്മം. അധർമ്മം ഉന്മൂലനം ചെയ്ത് ധർമ്മം പുനഃസ്ഥാപിക്കുകയാണ് ദൈവിക പദ്ധതി. അതിൽ പങ്കുചേരാനുള്ള മനുഷ്യന്റെ വിളിയെയും ഉത്തരവാദിത്വത്തെയുമാണ് നീതി പ്രവർത്തിക്കാനുള്ള ആഹ്വാനത്തിലൂടെ അനുസ്മരിപ്പിക്കുന്നത്.

*സ്ദാഖാ* എന്ന പദത്തെ 'സത്യം' എന്നു വിശേഷിപ്പിക്കുന്നതും അർത്ഥവത്തു തന്നെ. കാരണം ഓരോ വ്യക്തിയെയും വസ്തുവിനെയും സംഭവത്തെയും സംബന്ധിച്ച സത്യം ദൈവഹിതത്തിന്റെ ആവിഷ്കരണമായിരിക്കും. ഞാൻ സത്യസന്ധമായി ജീവിക്കുമ്പോൾ ആ ജീവിതം നീതിനിഷ്ഠമാകും; ദൈവത്തിനു സ്വീകാര്യവും പ്രീതികരവും. അങ്ങനെ സത്യവും നീതിയും അഭേദ്യമാം വിധം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

"വറ്റാത്ത നീർച്ചാൽ പോലെ" എന്ന പ്രയോഗവും മൂലത്തിൽ കൂടുതൽ ശക്തവും തീവ്രവുമാണ്. ഉരുൾപ്പൊട്ടിയൊഴുകുന്ന അതിശക്തമായൊരു പ്രവാഹം പോലെയായിരിക്കണം നീതിനിർവ്വഹണം. നിരന്തരമായി ഈ ഒഴുക്കു തുടരണം. അതാണ് ദൈവം ആഗ്രഹിക്കുന്നത്. അതില്ലാതെ ഇസ്രായേലിനു ദൈവജനമായി തുടരാനാവില്ല; ആർക്കും ദൈവതിരുമുമ്പിൽ സ്വീകാര്യനാവാൻ കഴിയില്ല. ഈ കാഴ്ചപ്പാട് ആമോസ് തന്നെ പലതവണ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്.

"എന്നെ അന്വേഷിക്കുവിൻ, നിങ്ങൾ ജീവിക്കും... നീതിയെ *(മിഷ്പാത്ത്)* നിലത്തെറിയുകയും ന്യായത്തെ *(സ്ദാഖാ)* കീഴ്മേൽ മറിക്കുകയും ചെയ്യുന്നവരേ, കർത്താവിനെ അന്വേഷിക്കുവിൻ. നിങ്ങൾ ജീവിക്കും" (ആമോസ് 5,4–7). കർത്താവിനെ അന്വേഷിക്കുക എന്നാൽ നീതി അന്വേഷിക്കുക, നീതി പ്രവർത്തിക്കുക, നീതി സ്ഥാപിക്കുക

എന്നാണർത്ഥം എന്ന് ആമോസ് വ്യക്തമാക്കുന്നു. "തിന്മയല്ല, നന്മ അന്വേഷിക്കുവിൻ... തിന്മയെ വെറുക്കുവിൻ. നന്മയെ സ്നേഹിക്കുവിൻ. നഗരകവാടത്തിൽ നീതി സ്ഥാപിക്കുവിൻ"(ആമോ 5,14–15). നീതിന്യായ കോടതിയാണ് നഗരകവാടം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഗോത്ര ഭരണകാലത്ത് ഗോത്രത്തലവന്മാർ രാവിലെ നഗരവാതില്ക്കൽ വന്നി രിക്കും. പരാതിയുള്ള ആർക്കും അവരെ സമീപിക്കാം. ഇരുകക്ഷികളു ടെയും വാദങ്ങൾ കേട്ടു പഠിച്ച് ഉചിതമായ തീരുമാനം ഉടനെ ഉണ്ടാ കും. രാജഭരണമായപ്പോഴേയ്ക്കും കോടതികൾക്കു വേറെ സംവിധാ നങ്ങളുണ്ടായെങ്കിലും 'നഗരകവാടം' എന്ന പ്രയോഗം നിലനിന്നു. നീതി നിർവ്വഹണമാണ് സമൂഹത്തിന്റെ മതാത്മകതയുടെ മാനദണ്ഡമായി പ്രവാചകൻ കണ്ടത്.

ആമോസിനു തൊട്ടുപിന്നാലെ വടക്കൻ രാജ്യമായ ഇസ്രായേലിൽ പ്രസംഗിച്ച ഹോസിയാ സ്നേഹത്തിന്റെ പ്രവാചകൻ എന്നാണറിയ പ്പെടുന്നത്. സാമൂഹ്യനീതിയേക്കാൾ സ്നേഹത്തിനു പ്രാധാന്യം നല്കു ന്നുണ്ടെങ്കിലും നീതിയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഹോസിയാ പഴുതിടുന്നില്ല. "ബലിയല്ല, സ്നേഹമാണ് ഞാൻ ആഗ്ര ഹിക്കുന്നത്. ദഹനബലികളല്ല, ദൈവജ്ഞാനമാണ് എനിക്കിഷ്ടം" (ഹോസി 6,6) എന്നുദ്ഘോഷിക്കുമ്പോൾ ദൈവ-മനുഷ്യബന്ധത്തിൽ നിലനില്ക്കേണ്ട അടിസ്ഥാനഭാവത്തിലേക്കാണ് പ്രവാചകൻ ശ്രദ്ധ ക്ഷണിക്കുന്നത്. 'സ്നേഹം' എന്നു വിവർത്തനം ചെയ്യുന്ന *ഹെസെദ്* എന്ന ഹീബ്രുവാക്ക് ഉടമ്പടിയിലൂടെ ദൈവം ഉറപ്പുവരുത്തിയിരിക്കുന്ന അചഞ്ചല സ്നേഹത്തെ സൂചിപ്പിക്കുന്നു. ഒരിക്കലും അസ്തമിക്കാ ത്ത, കുറയാത്ത, മാറ്റമില്ലാത്ത സ്നേഹം ജനത്തിന് ദൈവം വാഗ്ദാനം ചെയ്യുന്നു. അതേ ഉടമ്പടിയിലൂടെ ഈ സ്നേഹം ദൈവത്തോടും സഹ ജീവികളോടും കാത്തുസൂക്ഷിക്കാൻ ജനത്തെ ആഹ്വാനം ചെയ്യുന്നു. ഈ സ്നേഹത്തിന്റെ അവശ്യഘടകമാണ് നീതി. ഇതുണ്ടെങ്കിലേ ദൈവത്തെ അറിയാൻ കഴിയൂ. നീതി പ്രവർത്തിക്കാതെ സ്നേഹി ക്കാനോ ദൈവത്തെ അറിയാനോ കഴിയില്ല എന്നതു പ്രവാചകന്മാ രുടെ പൊതുവായ പ്രബോധനമാണ്.

"നീതി വിതയ്ക്കുവിൻ; കാരുണ്യത്തിന്റെ ഫലങ്ങൾ കൊയ്യാം" (ഹോസി 10,12) എന്ന ആഹ്വാനത്തിൽ '*സ്ദാഖാ*' എന്ന പദമാണ് നീതി എന്നു വിവർത്തനം ചെയ്യുന്നത്. *ഹെസെദ്* എന്ന പദം കാരുണ്യ മെന്നും. 6, 6ൽ കണ്ട സ്ഥിരസ്നേഹം തന്നെയാണിത്. നീതി പ്രവർത്തി ക്കുമ്പോൾ മാത്രമേ സ്നേഹവും കരുണയും യാഥാർത്ഥ്യമാകൂ. "നിന്റെ

ദൈവമായ കർത്താവിന്റെ സഹായത്തോടെ തിരിച്ചുവരുക(ഷൂബ്) നീതിയും *(ഹെസെദ്)* സ്നേഹവും *(മിഷ്പാത്ത്)* മുറുകെ പിടിക്കുക. നിന്റെ ദൈവത്തിനുവേണ്ടി കാത്തിരിക്കുക" (ഹോസി 12,6). കർത്താവിലേക്കു മടങ്ങിവരുകയെന്നാൽ നീതിയും അചഞ്ചലസ്നേഹവും ജീവിതത്തിൽ പ്രാവർത്തികമാക്കുക തന്നെയാണെന്ന് ഹോസിയ തറപ്പിച്ചു പറയുന്നു. സ്വന്തം ശക്തിയാൽ ജനത്തിന് ഇതു സാധ്യമല്ലെന്നും അതിനാൽ ദൈവം തന്നെ ഇതു ദാനമായി നല്കുമെന്നും (ഹോസി2,19) വാഗ്ദാനം ചെയ്തതിനു ശേഷമാണ് ഈ ആഹ്വാനം.

വടക്കൻ രാജ്യമായ ഇസ്രായേലിൽ ഹോസിയാ പ്രവാചകദൗത്യം നിർവ്വഹിച്ച കാലഘട്ടമായ, ബി.സി. എട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ തെക്കൻരാജ്യമായ യൂദായിൽ പ്രസംഗിച്ച രണ്ടു പ്രവാചകന്മാരാണ് ഏശയ്യായും മിക്കായും. വിശുദ്ധിയുടെ പ്രവാചകൻ എന്നാണ് ഏശയ്യാ അറിയപ്പെടുന്നതെങ്കിലും വിശുദ്ധിയുടെ അടിത്തറ നീതിയാണെന്ന് അദ്ദേഹം ഉറക്കെ പ്രഘോഷിച്ചു. ദൈവത്തിന്റെ പരമപരിശുദ്ധമായ സാന്നിദ്ധ്യത്തിലേക്ക് ഒരു ദർശനത്തിലൂടെ പ്രവേശനം ലഭിച്ച ഏശയ്യാ തന്റെയും തന്റെ സമൂഹത്തിന്റെയും പാപാവസ്ഥയെക്കുറിച്ച് ഉള്ളിലുണർന്ന അവബോധത്താൽ ഭയന്നുവിറച്ചു: "എനിക്കു ദുരിതം, ഞാൻ നശിച്ചു. എന്തെന്നാൽ ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്" (ഏശ. 6:5).

അശുദ്ധമായ ഹൃദയമാണ് അധരങ്ങളെ അശുദ്ധമാക്കുന്നത്. പാപാവസ്ഥയുടെ ആലങ്കാരികമായ ഒരു വർണ്ണനയായി ഇതിനെ കാണണം. എന്താണ് ജനത്തിന്റെ പാപാവസ്ഥയെന്ന് ആദ്യ അധ്യായത്തിൽത്തന്നെ ഏശയ്യാ വ്യക്തമായി ചിത്രീകരിക്കുന്നുണ്ട്. "തിന്മ നിറഞ്ഞ രാജ്യം. അനീതിയുടെ ഭാരം വഹിക്കുന്ന ജനം... അവർ കർത്താവിനെ പരിത്യജിച്ചു. ഇസ്രായേലിന്റെ പരിശുദ്ധനെ നിന്ദിച്ചു. എന്നിൽനിന്നു തീർത്തും അകന്നുപോയി" (ഏശ. 1, 4). ഉത്സവാഘോഷങ്ങളും ബലിയർപ്പണങ്ങളും കർത്താവിനു സ്വീകാര്യമല്ല എന്നു തറപ്പിച്ചു പറഞ്ഞതിനുശേഷം എന്താണ് ദൈവം ആഗ്രഹിക്കുന്നത്, എങ്ങനെയാണ് കർത്താവിലേക്കു മടങ്ങിവന്ന് രമ്യതപ്പെടാൻ കഴിയുക എന്ന് ഏറ്റം വ്യക്തമായ രീതിയിൽ പ്രവാചകൻ വിവരിക്കുന്നു: "നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ... അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ" (ഏശ. 1, 16).

എന്താണ് നീതിയുടെ പ്രവർത്തനം, എങ്ങനെയാണ് നീതി അന്വേഷിക്കേണ്ടത് എന്ന് ആനുകാലിക യാഥാർത്ഥ്യങ്ങളുടെയും അനുദിന ജീവിതത്തിന്റെയും വെളിച്ചത്തിൽ എണ്ണിപ്പറയുന്നു: "മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കു വേണ്ടി വാദിക്കുവിൻ" (ഏശ 1,17). സമൂഹത്തിലെ ഏറ്റം താഴേക്കിടയിലുള്ള, സംരക്ഷിക്കാനോ സഹായിക്കാനോ ആരുമില്ലാത്ത, പാവപ്പെട്ടവരുടെ പര്യായമാണ് അനാഥരും വിധവകളും. അവർക്കു നല്കുന്ന സംരക്ഷണം അവർക്കു നടത്തിക്കൊടുക്കുന്ന നീതി – അതാണ് സാമൂഹ്യനീതിയുടെ അടിത്തറയും മാനദണ്ഡവും. ഇതില്ലാത്ത യാതൊരു വിധ മതാനുഷ്ഠാനങ്ങളും ദൈവത്തിനു പ്രീതികരമാവില്ല. ജനത്തിനു പാപമോചനം നല്കുകയുമില്ല.

നഗരത്തിൽ സകല വിലങ്ങുകളും തകർത്ത് അഴിഞ്ഞാടുന്ന അനീതിയുടെ ഭീകരത ഏശയ്യാ വരച്ചുകാട്ടുന്നു: "വിശ്വസ്തനഗരം വേശ്യയായതെങ്ങനെ? അവളിൽ ഇന്നു കൊലപാതകികളാണ് വസിക്കുന്നത്. നിന്റെ വീഞ്ഞിൽ വെള്ളം കലർത്തിയിരിക്കുന്നു... നിന്റെ പ്രഭുക്കന്മാർ കലഹപ്രിയരാണ്. അവർ കള്ളന്മാരോടു കൂട്ടുചേരുന്നു. സകലരും കോഴ കൊതിക്കുന്നു. സമ്മാനത്തിന്റെ പിന്നാലെ പായുന്നു. അവർ അനാഥരുടെ പക്ഷത്തു നില്ക്കുകയോ വിധവകളുടെ അവകാശം പരിഗണിക്കുകയോ ചെയ്യുന്നില്ല" (ഏശ 1,23). അനാഥരെയും വിധവകളെയും പട്ടികയുടെ അവസാനത്തിൽ അവതരിപ്പിച്ചുകൊണ്ട് ജനത്തിൽ നിലനില്ക്കുന്ന അനീതിയുടെ കാഠിന്യം വ്യക്തമാക്കിയ ശേഷം പ്രവാചകൻ ഒരു സ്വപ്നമെന്നപോലെ പറയുന്നു; "സീയോൻ നീതി (മിഷ്പാത്ത്) കൊണ്ട് വീണ്ടെടുക്കപ്പെടും. അവിടെ അനുതപിക്കുന്ന എല്ലാവരും ധർമ്മനിഷ്ഠ (സ്ദാഖാ) കൊണ്ടും" (ഏശ 1, 27). സമൂഹത്തിൽ നിലനില്ക്കേണ്ട, നിലനിർത്തേണ്ട, അവശ്യഗുണങ്ങളാണ് നീതിയും ധർമ്മനിഷ്ഠയും. അതുണ്ടെങ്കിലേ ഇസ്രായേൽ ദൈവജനമാകൂ; അതു കൂടാതെ ആർക്കും ദൈവപ്രീതി ലഭ്യമാവില്ല.

ഇസ്രായേൽ മാത്രമല്ല സകല മനുഷ്യരും, ലോകജനതകൾ മുഴുവനും ഏറ്റം കൂടുതൽ ആഗ്രഹിക്കുന്ന ഒന്നാണല്ലോ സമാധാനം. അതിനുവേണ്ടിയുള്ള യത്നങ്ങൾ എന്നും ശക്തമായിരുന്നു. പക്ഷേ പലപ്പോഴും തെറ്റായ മാർഗങ്ങളിലൂടെയാണ് മനുഷ്യൻ സമാധാനം അന്വേഷിക്കുന്നത്. "നീ സമാധാനം ആഗ്രഹിക്കുന്നെങ്കിൽ യുദ്ധത്തിന് ഒരുങ്ങിയിരിക്കുക" (Sivis pacem, prepara bellum) എന്നൊരു റോമൻ പഴഞ്ചൊല്ലാണ് മനുഷ്യൻ ഇന്നും അനുസരിക്കുന്നതെന്നു തോന്നും.

ഇതിനെ തിരുത്തിക്കുറിക്കുന്നതായിരുന്നു പോൾ ആറാമൻ മാർപാപ്പയുടെ പ്രസിദ്ധമായ ആപ്തവാക്യം: "നീ സമാധാനം ആഗ്രഹിക്കുന്നെങ്കിൽ സമാധാനം ഒരുക്കുക" (Si vis pacem, prepara pacem). എങ്ങനെയാണ് സമാധാനത്തിന് ഒരുങ്ങുക? എങ്ങനെയാണ് ഭൂമിയിൽ ശാശ്വതമായ സമാധാനം സാധ്യമാവുക? ഇരുപത്തെട്ടു നൂറ്റാണ്ടുകൾക്കു മുമ്പേ ഏശയ്യായിലൂടെ ദൈവം ഉത്തരം നൽകിയിട്ടുണ്ട്.

"നീതിയുടെ ഫലമായിരിക്കും സമാധാനം. നീതിയുടെ പരിണിതഫലം പ്രശാന്തതയും" (ഏശ 32, 17). രണ്ടു തവണയും "സ്ദാഖാ" എന്ന ഹീബ്രു വാക്കാണ് "നീതി" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ദൈവിക നിയമമനുസരിച്ച് ദൈവത്തോടും സഹജീവികളോടും സൃഷ്ടപ്രപഞ്ചത്തോടും തന്നോടു തന്നെയും ഉള്ള കടമകൾ നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വമാണ് നീതി അഥവാ ധർമ്മനിഷ്ഠ. നീതി പ്രവർത്തിക്കാതെ സമാധാനം സാധ്യമല്ല എന്ന് എത്രയോ ദുരന്തങ്ങൾ നമുക്ക് കാട്ടിത്തരുന്നു. ഇന്നു ലോകത്തെ മുഴുവൻ ഭീതിയുടെ മുൾമുനയിൽ നിർത്തുന്ന ഇസ്ലാമിക ഭീകരവാദത്തിനു പിന്നിലും കഠിനവും ക്രൂരവുമായ നീതിനിഷേധമില്ലേ എന്ന് ആഗോള സമൂഹം നെഞ്ചിൽ കൈവച്ച് ആത്മശോധന ചെയ്യാനുള്ള കാലം അതിക്രമിച്ചു കഴിഞ്ഞു. നിഷേധിക്കപ്പെട്ട നീതി ലഭിക്കാതെ അക്രമത്തിന് അറുതിയുണ്ടാവില്ല. സമാധാനം നീതിയുടെ ഫലമാണെന്നു പഠിപ്പിക്കാൻ ഇനിയും എത്ര എശയ്യാമാർ കടന്നുവരണം!

പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ച സകല ശിക്ഷകളും ഏറ്റുവാങ്ങി ശുദ്ധീകരിക്കപ്പെട്ട ജനം ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങിവന്നു. ദൈവകോപത്തിന്റെ കാഠിന്യവും ദൈവസ്നേഹത്തിന്റെ ഊഷ്മളതയും അനുഭവിച്ചറിഞ്ഞ അവർ മടങ്ങിവന്നപ്പോൾ പഴയകാര്യങ്ങൾ വീണ്ടും മറന്നു. ദൈവകല്പനകൾ അനുസരിച്ച് നീതി പ്രവർത്തിക്കാൻ അവരെ പ്രേരിപ്പിക്കാൻ വേണ്ടി അയച്ച പ്രവാചകനാണ് "മൂന്നാം ഏശയ്യാ" എന്ന പേരിൽ ബൈബിൾ പഠിതാക്കൾ വിളിക്കുന്ന പേരില്ലാത്ത പ്രവാചകൻ. ഏശ. 56-66 ൽ അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ കാണാം.

പ്രവാചകൻ തുടങ്ങുന്നതു തന്നെ നീതിക്കുവേണ്ടിയുള്ള ആഹ്വാനത്തോടെയാണ്: "കർത്താവരുളിച്ചെയ്യുന്നു ന്യായം *(മിഷ്പാത്ത്)* പാലിക്കുവിൻ; നീതി *(സ്ദാഖാ)* പ്രവർത്തിക്കുവിൻ. ഞാൻ രക്ഷ നല്കാൻ പോകുന്നു" (ഏശ 56,1). കാലഘട്ടവും സാഹചര്യങ്ങളും മാറിയെങ്കിലും പ്രവാചകാഹ്വാനത്തിൽ മാറ്റമില്ല. കാരണം സ്ഥലകാലങ്ങൾക്കതീത

മായ, മാറ്റമില്ലാത്ത ദൈവവചനമാണ് പ്രവാചകർ പ്രഘോഷിക്കുന്നത്. കർത്താവു നല്കുന്ന രക്ഷ അനുഭവവേദ്യമാകണമെങ്കിൽ നീതി പ്രവർത്തിച്ചേ മതിയാകൂ.

മതാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മുഖംമൂടിയാക്കി അനീതിയിൽ തുടരുന്നവർക്കെതിരേ കർശനമായ താക്കീതുകൾ നല്കിയതിനു ശേഷം എന്താണ് ദൈവം ആഗ്രഹിക്കുന്നതെന്ന് പ്രവാചകൻ അക്കമിട്ടു നിരത്തുന്നു: "1. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുക. 2. നുകത്തിന്റെ കയറുകൾ അഴിക്കുക. 3. മർദ്ദിതരെ സ്വതന്ത്രരാക്കുക. 4. എല്ലാ നുകങ്ങളും ഒടിക്കുക. 5. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുക. 7. നഗ്നനെ ഉടുപ്പിക്കുക. 8. സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുക." (ഏശ 58, 6-7). എന്താണ് പ്രവാചക വീക്ഷണത്തിൽ സാമൂഹ്യനീതി എന്ന ചോദ്യത്തിന് ലഭിക്കുന്ന ഏറ്റം സമഗ്രമായ ഉത്തരമാണിത്. അന്തിമവിധിയുടെ മാനദണ്ഡമായി യേശു എടുത്തു കാണിച്ചതും (മത്താ 25, 31-46) ഇതൊക്കെത്തന്നെയാണെന്നതും ശ്രദ്ധയർഹിക്കുന്നു.

ഏശയ്യായുടെ സമകാലികനായ മിക്കാ ഇതുവരെ കണ്ട ആമോസ്, ഹോസിയാ, ഏശയ്യാ എന്നീ മൂന്നു പ്രവാചകന്മാരുടെയും സന്ദേശം ഒറ്റവാക്യത്തിൽ അവതരിപ്പിക്കുന്നുണ്ട്. ദൈവത്തെ പ്രീതിപ്പെടുത്താൻ എന്തു ചെയ്യണം എന്ന ഭക്തന്റെ ചോദ്യത്തിന് ഒരു അരുളപ്പാടുപോലെ നല്കുന്ന മറുപടിയിലാണ് സമ്യക്കായ ഈ പ്രബോധനം പ്രത്യക്ഷമാകുന്നത്. എന്തു ചോദിച്ചാലും കൊടുക്കാൻ സന്നദ്ധനാണ് ഭക്തൻ. ദഹനബലികളും പാനീയ ബലികളും എത്ര വേണമെങ്കിലും കൊടുക്കാൻ ഒരുക്കമാണ്. പോരാ, പിതാവായ അബ്രാഹത്തെപ്പോലെ സ്വന്തം മകനെപ്പോലും നരബലിയായി അർപ്പിക്കാനും തയ്യാറാണ്: "എന്റെ അതിക്രമങ്ങൾക്കു പരിഹാരമായി എന്റെ ആദ്യജാതനെ നല്കണമോ? ആത്മാവിന്റെ പാപത്തിനു പരിഹാരമായി ശരീരത്തിന്റെ ഫലം കാഴ്ചവയ്ക്കണമോ?" (മിക്കാ 6, 6-7).

ഇവിടെയാണ് ഏറ്റം ചുരുക്കത്തിൽ പ്രവാചക പ്രബോധനം അവതരിപ്പിക്കുന്നത്: "മനുഷ്യാ നല്ലതെന്തെന്ന് നിനക്കു കാണിച്ചു തന്നിട്ടുണ്ട്. നീതി *(മിഷ്പാത്ത്)* പ്രവർത്തിക്കുക. കരുണ *(ഹെസെദ്)* കാണിക്കുക. നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് ദൈവം ആഗ്രഹിക്കുന്നത്?" (മിക്കാ 6, 8) അവകാശവാദങ്ങൾ വെടിഞ്ഞ്, വലിയവനെന്ന ഭാവം ഉപേക്ഷിച്ച് ദൈവത്തിന്റെ മുമ്പിലും മനുഷ്യരുടെ ഇടയിലും യാഥാർത്ഥ്യം അംഗീ

കരിക്കുക. അതാണ് വിനയം. എല്ലാം ദൈവത്തിന്റെ ദാനമാണെന്നും സ്വന്തമെന്ന് അഹങ്കരിക്കാൻ ഒന്നുമില്ലെന്നുമുള്ള അവബോധം അന്തരാത്മാവിന്റെ ആഴങ്ങളിലേക്കു കിനിഞ്ഞിറങ്ങണം. ഞാൻ തന്നെ ദൈവത്തിന്റെ ദാനമാണ്; എനിക്കുള്ളതെല്ലാം അവിടുന്നു സൗജന്യമായി നല്കിയതു മാത്രം.

അടിസ്ഥാനപരമായ ഈ ആത്മാവബോധത്തിന്റെ പ്രവൃത്തിയിലൂടെയുള്ള പ്രകടനമാണ് നീതിയും കരുണയും. ഇതാണ്, ഇതു മാത്രമാണ് ദൈവം മനുഷ്യനിൽ നിന്നാഗ്രഹിക്കുന്നത്. എന്തെങ്കിലും ബാഹ്യവസ്തുക്കൾ നല്കി മനുഷ്യന് ദൈവപ്രീതി നേടാനാവില്ല. എല്ലാറ്റിന്റെയും സ്രഷ്ടാവും ഉടയവനുമായവന് വെറും സൃഷ്ടിയായ മനുഷ്യൻ എന്തു കാഴ്ചയാണ് നല്കുക? ദൈവം മാംസം ഭക്ഷിക്കുകയില്ല; രക്തം കുടിക്കുകയുമില്ല (ഏശ 1, 11-13). ഇപ്രകാരമുള്ള കാഴ്ചകൾ കൊടുത്ത് ദൈവപ്രീതി നേടാമെന്നത് വെറും വ്യാമോഹം മാത്രമാണ്. ദൈവം ഒന്നേ ആഗ്രഹിക്കുന്നുള്ളൂ. തന്റെ സൃഷ്ടിയും മക്കളുമായ എല്ലാവരുടെയും സന്തോഷം. അതുണ്ടാകണമെങ്കിൽ മനുഷ്യർ പരസ്പരം നീതിയോടെ വർത്തിക്കണം. ഉടമ്പടിയിലൂടെ ദൈവം ഉറപ്പു നൽകിയിരിക്കുന്ന അചഞ്ചല സ്നേഹമായിരിക്കണം നീതിയുടെ പ്രേരകശക്തി.

വഴി തെറ്റി നാശത്തിന്റെ പാതയിൽ അലയുന്ന ജനം സമൂലനാശത്തിന്റെ വക്കിലെത്തി നില്ക്കുന്നു എന്ന സംഭ്രമജനകമായ സത്യം അതിന്റെ സകല ഭീകരതയോടും കൂടെ നേരിൽക്കണ്ട്, ഹൃദയം തകർന്നു നിലവിളിച്ച പ്രവാചകനാണ് ജറെമിയാ. മടങ്ങിവരൂ, കർത്താവിന്റെയടുക്കലേക്കു മടങ്ങി വരൂ എന്ന ആ നിലവിളിക്കിടയിലും പ്രവാചകന് ഒന്നേ പറയാനുള്ളൂ. നീതി പ്രവർത്തിക്കുക: "എന്റെ അടുത്തേക്കു വരുക.... ജീവിക്കുന്നവനായ കർത്താവിന്റെ നാമത്തിൽ പരമാർത്ഥമായും നീതി *(മിഷ്പാത്ത്)* യായും സത്യസന്ധമായും *(സ്ദാഖാ)* ശപഥം ചെയ്യുക" (ജറെ 4, 1-2). അപ്പോൾ കർത്താവിന്റെ അനുഗ്രഹം ലഭിക്കും. ആസന്നമായിരിക്കുന്ന സർവ്വനാശം ഒഴിവാക്കാൻ നീതി പ്രവർത്തിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല എന്ന് പ്രവാചകൻ ആവർത്തിച്ചുദ്ബോധിപ്പിച്ചു: "ജറുസലേമിന്റെ തെരുവീഥികളിൽ ചുറ്റി നടന്ന് അന്വേഷിക്കുക. പൊതുസ്ഥലങ്ങളിൽ പരിശോധിക്കുക. നീതി *(മിഷ്പാത്ത്)* പ്രവർത്തിക്കുകയും സത്യം *(എമുനാ)* അന്വേഷിക്കുകയും ചെയ്യുന്ന ഒരുവനെയെങ്കിലും കണ്ടുമുട്ടിയാൽ ഞാൻ അവളോടു ക്ഷമിക്കാം" (ജറെ 5, 1).

പക്ഷേ ഒരുവനെപ്പോലും കണ്ടെത്താൻ കഴിഞ്ഞില്ല എന്ന ദുഃഖ സത്യത്തിനു മുമ്പിൽ വിലപിക്കാനേ പ്രവാചകനു കഴിയുന്നുള്ളു (ജറെ 4, 19–31; 8, 18–9,2; 10, 17–24; 15, 10–21). എന്നാലും ഈ ദുരന്തങ്ങൾക്കപ്പുറം പ്രവാചകൻ ശുഭമായ ഒരു ഭാവി ദർശിക്കുന്നുണ്ട്. മനുഷ്യന്റെ പ്രയത്നഫലമായുണ്ടാകുന്ന നീതി നിഷ്ഠമായൊരു സമൂഹമല്ല, ദൈവം ദാനമായി നല്കുന്ന ദൈവരാജ്യം; രക്ഷകനായി ദൈവം അയയ്ക്കുന്ന മിശിഹായിലൂടെ ഭൂമിയിൽ വിടരുന്ന ദൈവരാജ്യം. ആഹ്വാനങ്ങൾക്കപ്പുറത്ത്, ദൈവികദൃഷ്ടിയിലൂടെ ചരിത്രത്തെ ദർശിച്ച പ്രവാചകന്മാർ മനോഹരമായൊരു ചിത്രം വരച്ചുകാട്ടി. പ്രവാചക ദർശനങ്ങളിൽ വിരിയുന്ന നീതിനിഷ്ഠമായ ആ സമൂഹത്തിലേക്കാണ് നാം അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

# 21

# ഒരു നാൾ വരും

*"എന്നേക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും. നീതിയിലും സത്യത്തിലും സ്നേഹത്തിലും കാരുണ്യത്തിലും ഞാൻ നിന്നെ സ്വീകരിക്കും. വിശ്വസ്തതയിൽ ഞാൻ നിന്നെ സ്വന്തമാക്കും. കർത്താവിനെ നീ അറിയും"* (ഹോസി 2, 19).

വ്യക്തമായ പ്രബോധനങ്ങളോ, നിശിതമായ വിമർശനങ്ങളോ, സ്നേഹാർദ്രമായ ആഹ്വാനങ്ങളോ, വാത്സല്യപൂർണ്ണമായ ഉപദേശങ്ങളോ മനുഷ്യനെ നീതി പ്രവർത്തിക്കാൻ പ്രാപ്തനാക്കുന്നില്ല, അധർമ്മത്തിനറുതി വരുത്താൻ പര്യാപ്തനാക്കുന്നുമില്ല എന്ന ആഴമേറിയ അവബോധം മിക്കവാറും എല്ലാ പ്രവാചകന്മാരും വ്യക്തമാക്കുന്നുണ്ട്. തെറ്റുകളും കുറ്റങ്ങളും എടുത്തുകാട്ടി വിധി പ്രസ്താവിക്കുമ്പോഴും ആ ശിക്ഷാവിധികളും മനുഷ്യമനസ്സിലോ സമൂഹത്തിലോ, കാതലായ മാറ്റം വരുത്തുന്നില്ല എന്ന അവബോധമാണ് മറ്റൊരു ദിശയിലേക്ക് ചിന്തകളെ തിരിച്ചുവിടുന്നത്. ദൈവം തന്നെ നേരിട്ട് ഇടപെട്ടാലേ പാപപങ്കിലമായ മാനവചരിത്രത്തിന്റെ ദിശ മാറുകയുള്ളൂ. പ്രവാചകന്മാർ വിമർശകരും ഉപദേഷ്ടാക്കളും പ്രബോധകരും എന്ന നിലയിൽ നിന്നു ഭാസുരമായ ഭാവിയെ സ്വപ്നം കാണുന്ന ദാർശനികരായി മാറുന്നു. ഇവിടെ പ്രവാചകത്വം വെളിപാടു സാഹിത്യത്തിന് (apocalyptics) വഴി തുറക്കുകയും വഴിമാറുകയും ചെയ്യുന്നതായി കാണാം.

ഒരു നാൾ വരും! ഇതാണ് പ്രവാചക ദർശനം അഥവാ പ്രവാചക സ്വപ്നം. ദൈവം എല്ലാ അനീതിയും തുടച്ചു നീക്കി – അധർമ്മത്തിനറുതി വരുത്തി, നീതി ഈ ഭൂമിയിൽ പുനഃസ്ഥാപിക്കുക തന്നെ ചെയ്യും. അങ്ങനെ "എല്ലാം വളരെ നന്നായിരുന്നു" (ഉൽപ 1, 31) എന്നു കണ്ട ആ ആദ്യ അവസ്ഥയിലേക്ക് പ്രപഞ്ചത്തെ തിരിയെ കൊണ്ടുവരും. അതു മനുഷ്യപ്രയത്നത്തിന്റെ ഫലമല്ല, ദൈവത്തിന്റെ പ്രവൃത്തി തന്നെ ആയിരിക്കും; നേരിട്ടോ അല്ലെങ്കിൽ നീതിയുടെ പുനഃസ്ഥാപനത്തിനായി അയയ്ക്കുന്ന രക്ഷകനിലൂടെയോ ആയിരിക്കും ഇതു സംഭവിക്കുക എന്ന് പ്രവാചകന്മാരിലൂടെ അറിയിച്ചു. ഇതൊരു ദർശനമാണ്; ദൈവത്തിന്റെ വാഗ്ദാനത്തിൽ അടിയുറച്ച ഭാവിയെ സംബന്ധിച്ച സ്വപ്നം. എല്ലാ അക്രമങ്ങളും അവസാനിക്കും; എല്ലാ അനീതിയും അസ്തമിക്കും. എല്ലാവരും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കും അനന്തമായ സമാധാനത്തിലേക്കും ഒരിക്കലും ഒളിമങ്ങാത്ത സന്തോഷത്തിലേക്കും പ്രവേശിക്കുന്ന ഒരു നാൾ വരും. ഇതാണ് നീതിയെ സംബന്ധിച്ച പ്രവാചക സ്വപ്നം. ഹോസിയാ മുതൽ മലാക്കി വരെ അനേകം പ്രവാചകന്മാർ ഈ സ്വപ്നം കണ്ടവരാണ്; ഈ വിശ്വാസവും പ്രത്യാശയും പങ്കുവച്ചവരാണ്. അവരിൽ അഗ്രഗണ്യനായി ഹോസിയായെ കാണാനാവും.

ദൈവസ്നേഹത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന ഹോസിയായുടെ ദർശനം നീതിനിഷ്ഠമായൊരു സമൂഹത്തിന്റെ സവിശേഷതകളും സമൂഹ നിർമ്മിതിയുടെ രൂപരേഖകളും വ്യക്തമാക്കുന്നുണ്ട്. ഭാര്യാ–ഭർതൃസ്നേഹത്തിന്റെ ആർദ്രതയും വഞ്ചനയുടെ കാഠിന്യവും അത് മനുഷ്യഹൃദയത്തിൽ സൃഷ്ടിക്കുന്ന അതിരൂക്ഷമായ സംഘർഷങ്ങളും സ്വന്തം ജീവിതത്തിൽ അനുഭവിച്ചറഞ്ഞ പ്രവാചകനായിരുന്നു ഹോസിയാ. ഗാഢമായി പ്രേമിച്ച്, ഭാര്യയായി സ്വീകരിച്ച ഗോമർ തന്നെ ഉപേക്ഷിച്ച് ജാരന്മാരുടെ പിന്നാലെ പോയി വേശ്യയായി അധഃപതിച്ചതിൽ ഹൃദയം തകർന്ന പ്രവാചകൻ, അഗാധമായ സ്നേഹത്തോടെ അവളെ തേടി കണ്ടെത്തി, അടിമത്തത്തിൽ നിന്നു മോചിപ്പിച്ച് വീണ്ടും തന്റെ ഭാര്യയായി സ്വീകരിച്ചു കഴിഞ്ഞപ്പോൾ (ഹോസി 1, 1–3,5) ഹോസിയായുടെ പ്രവാചകമനസ്സിൽ തെളിഞ്ഞതാണ് ഒരിക്കലും അസ്തമിക്കാത്ത സ്നേഹത്തിന്റെ ഉറവിടമായ ദൈവത്തിന്റെ ചിത്രം. സ്വന്തം അനുഭവത്തിലൂടെ ഹോസിയാ തന്റെ ജനത്തിന്റെ ചിത്രം ഒരു കണ്ണാടിയിലെന്ന പോലെ കണ്ടു. ജനത്തിനു ദൈവം നല്കാൻ പോകുന്ന ഭാസുരമായ ഭാവി അദ്ദേഹം ആലങ്കാരികമായി ചിത്രീകരിച്ചു.

കരുത്തുറ്റ കരം നീട്ടി ഈജിപ്തിനെ പ്രഹരിച്ച്, അടിമകളായിരുന്ന ഇസ്രായേൽ ജനത്തെ മോചിപ്പിച്ച്, മരുഭൂമിയിലൂടെ ദൈവം നയിച്ച പുറപ്പാടിന്റെ കാലഘട്ടം പ്രവാചകന്മാരുടെ കാഴ്ചപ്പാടിൽ രക്ഷാചരിത്രത്തിലെ സുവർണ്ണ ദശയായിരുന്നു. അന്ന് ദൈവം അവരെ കണ്ണിലുണ്ണി പോലെ കാത്തുപരിപാലിച്ചു; പിതാവു മകനെ എന്ന പോലെ സംരക്ഷിച്ചു. അനുസരണയുള്ള ഭാര്യ ഭർത്താവിനെ എന്ന പോലെ ജനം അനുഗമിച്ചു. ആ അവസ്ഥയിലേക്ക് ദൈവം തന്നെ ജനത്തെ വീണ്ടും നയിക്കും എന്ന വാഗ്ദാനത്തോടെയാണ് ഹോസിയാ തന്റെ സ്വപ്നം അവതരിപ്പിക്കുന്നത്.

''ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്കു കൊണ്ടുവരും... അവളുടെ യുവത്വത്തിലെന്ന പോലെ, ഈജിപ്തിൽ നിന്ന് അവൾ പുറത്തു വന്നപ്പോഴെന്ന പോലെ, അവിടെ വച്ച് അവൾ എന്റെ വിളി കേൾക്കും....! അന്നു നീ എന്നെ പ്രിയതമൻ എന്നു വിളിക്കും" (ഹോസി 2, 14-15). വിവാഹ ജീവിതത്തിന്റെ സ്നേഹോഷ്മളമായ ആദ്യ നാളുകളിലെന്നതുപോലെ ഒരു രണ്ടാം മധുവിധുവിലേക്കു ദൈവം ജനത്തെ നയിക്കും. വഴിതെറ്റിയലഞ്ഞ്, ഈജിപ്തിലേതിനേക്കാൾ നികൃഷ്ടമായ അടിമത്തത്തിൽ പെട്ടുപോയവരെ വീണ്ടും വിമോചിപ്പിച്ച് തന്റെ പ്രിയജനമായി വളർത്തും. സ്വന്തം ശക്തിയാൽ അസാധ്യമായ ഒരു തിരിച്ചുവരവിനുള്ള വരം ദൈവം തന്നെ അവർക്കു നൽകും. വരൻ വധുവിനു നൽകുന്ന സ്ത്രീധനം പോലെ ആയിരിക്കും ആ തിരുവരം. അതിലൂടെ നീതിനിഷ്ഠമായ ഒരു സമൂഹം സംജാതമാകും - ഇതാണ് ഹോസിയായിലൂടെ ഇതൾ വിടരുന്ന ദർശനം.

സ്ത്രീധനമായി അഞ്ചു കാര്യങ്ങളാണ് പ്രവാചകൻ എടുത്തു പറയുന്നത്. 1. നീതി 2. സത്യം 3. സ്നേഹം 4. കാരുണ്യം 5. വിശ്വസ്തത. ഈ വരങ്ങൾ നല്കി പുനഃസ്ഥാപിക്കുന്ന വിവാഹബന്ധം ശാശ്വതമായിരിക്കും. അതിന്റെ ഫലം യഥാർത്ഥ ദൈവജ്ഞാനമായിരിക്കും: "എന്നേക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും. നീതിയിലും സത്യത്തിലും സ്നേഹത്തിലും കാരുണ്യത്തിലും ഞാൻ നിന്നെ സ്വന്തമാക്കും. കർത്താവിനെ നീ അറിയും" (ഹോസി 3, 19).

കർത്താവിൽ നിന്ന് അകന്നുപോയതാണ് ഇസ്രായേൽ അനുഭവിക്കുന്ന സകല ദുരിതങ്ങളുടെയും കാരണം. ഉടമ്പടിയുടെ പ്രമാണങ്ങൾ ലംഘിച്ചതാണ് ഈ അകൽച്ചയ്ക്കു കാരണമായത്. ഉടമ്പടി ലംഘിക്കാൻ പ്രേരകമായത് തങ്ങളുടെ കർത്താവും വിമോചകനുമായ ദൈവത്തെ അറിയാതെ പോയതാണ്. കാലക്രമത്തിൽ കർത്താവിന്റെ

സ്ഥാനത്ത് മറ്റു പലരെയും, മറ്റു പലതിനെയും പ്രതിഷ്ഠിച്ച. അവിശ്വസ്തതയുടെ പര്യായമാണ് വിഗ്രഹാരാധന. അതിനെ പരസംഗമായും വ്യഭിചാരമായും വേശ്യാവൃത്തിയായും പ്രവാചകൻ ചിത്രീകരിച്ചു. ഇനി മടങ്ങിവരണം. ദൈവം ഉപേക്ഷാപത്രം കൊടുത്ത് പറഞ്ഞയച്ചവളെ ദൈവം തന്നെ തിരിച്ചു വിളിക്കും. അതിനു പ്രാപ്തയാക്കുന്നതാണ് ദൈവം ദാനമായി നൽകുന്ന സ്ത്രീധനത്തിലെ അഞ്ചു കാര്യങ്ങൾ.

1.നീതി – ***സ്ദാഖാ*** എന്നാണ് ഹീബ്രു മൂലം. ധർമ്മനിഷ്ഠ എന്നു വിവർത്തനം ചെയ്യുന്നതാണ് കൂടുതൽ ഉചിതം. താൻ വധുവായി വീണ്ടും സ്വീകരിക്കുന്ന ജനത്തിന് ദൈവം നല്കുന്ന ആദ്യസമ്മാനമാണത്. ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ച്, സ്വന്തം ധർമ്മം നിറവേറ്റി, ദൈവത്തിനു സ്വീകാര്യവും പ്രീതികരവുമായ ഒരു ജീവിതം നയിക്കാൻ ജനത്തെ പ്രാപ്തരാക്കുന്നതു ദൈവം തന്നെ ആയിരിക്കും. അടിമകളെ മോചിപ്പിക്കാൻ നല്കുന്ന തുക മോചനദ്രവ്യം എന്നാണറിയപ്പെടുന്നത്. ആദ്യ ഭർത്താവായ കർത്താവിനെ ഉപേക്ഷിച്ച് ബാലിന്റെ അടിമയായിത്തീർന്ന ഇസ്രായേലിനു വേണ്ടി ദൈവം നല്കുന്ന മോചനത്തുകയുടെ ആദ്യഭാഗമാണ് ധർമ്മനിഷ്ഠ. അത് അവരുടെ ജീവിത വീക്ഷണങ്ങളിലും ജീവിതശൈലിയിലും കാതലായ മാറ്റങ്ങൾ വരുത്തും.

2. സത്യം – ***മിഷ്പാത്ത്*** എന്ന് ഹീബ്രുമൂലം. "നീതി" എന്നതാണ് മെച്ചമായ വിവർത്തനം. നിയമനിർമ്മാണവും നീതിനിർവ്വഹണവും വിധി പ്രസ്താവനകളും വഴി ഉറപ്പു വരുത്തേണ്ട, എല്ലാവർക്കും ലഭ്യമാകേണ്ട "നീതി"യാണ് രണ്ടാമത്തെ ദാനം. ഉരുൾപൊട്ടിയൊഴുകുന്ന മലവെള്ളം പോലെ അപ്രതിഹതമായൊരു പ്രവാഹമായിരിക്കണം ഇതെന്ന് ആമോസ് ആഹ്വാനം ചെയ്തു. മനുഷ്യന് അസാധ്യമായ ഈ നീതി നിർവ്വഹണം ദൈവം തന്നെ നടത്തും. അതാണ് സ്ത്രീധനത്തുകയായി ഉറപ്പു നൽകുന്നത്.

3. സ്നേഹം – ***ഹെസെദ്*** എന്ന് ഹീബ്രു മൂലം. ഒരിക്കലും കുറയാത്ത, അസ്തമിക്കാത്ത, അചഞ്ചല സ്നേഹമാണിവിടെ വിവക്ഷ – ഉടമ്പടിയിലൂടെ ദൈവം തന്നെ ഉറപ്പു നല്കിയിരിക്കുന്ന സ്ഥിര സ്നേഹം. ഇതു ദൈവത്തിനു ജനത്തോടുള്ള സ്നേഹം മാത്രമല്ല, ജനം ദൈവത്തിനു നല്കുന്ന മറുപടിയും ഉൾക്കൊള്ളുന്നു. ഇപ്രകാരം സ്നേഹിക്കാൻ ദൈവം തന്നെ ശക്തി നൽകും. ജനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഈ സ്നേഹത്താൽ പ്രേരിതമായിരിക്കും; ആയിരിക്കണം. ശിക്ഷയെ ഭയന്നോ സമ്മാനങ്ങൾ കൊതിച്ചോ അല്ല, ആഴമള

ക്കാനാവാത്ത സ്നേഹത്താൽ പ്രേരിതമായതാവും ഉടമ്പടിയനുസരിച്ചുള്ള ജീവിതം. ലിസ്യുവിലെ വി. കൊച്ചുത്രേസ്യാ ശിശുസഹജമായ ലാളിത്യത്തോടെ ഇതിനൊരു ഭാഷ്യം നല്കുന്നുണ്ട്: "നരകമില്ലെങ്കിലും ഞാൻ പാപം ചെയ്യില്ല; സ്വർഗ്ഗമില്ലെങ്കിലും ഞാൻ ദൈവത്തെ സ്നേഹിക്കും കാരണം ദൈവം എന്റെ അപ്പച്ചനാണ്".

4. കാരുണ്യം - ***റഹമിം*** എന്ന് ഹീബ്രു മൂലം. ഗർഭപാത്രം എന്നർത്ഥമുള്ള "*റെഹെം*" എന്ന മൂലത്തിൽ നിന്നാണ് *റഹമിം* എന്ന വാക്കിന്റെ നിഷ്പത്തി. ഗർഭസ്ഥശിശുവിനോട് അമ്മയ്ക്കുള്ള ഭാവമാണത്. തന്നെ മാത്രം ആശ്രയിച്ചു കഴിയുന്ന, തന്റെ ശരീരത്തിന്റെ തന്നെ ഭാഗമായി, ഹൃദയത്തിനു തൊട്ടു താഴെ തന്റെ ഹൃദയസ്പന്ദനത്തിന്റെ താളത്തിനൊത്തു സ്പന്ദിക്കുന്ന ഗർഭസ്ഥശിശുവിനോട് നൈസ്സർഗ്ഗികമായും മാതാവിനു തോന്നുന്ന ഭാവം. അതിനെ കരുണ, അനുകമ്പ, ദയ, ആർദ്രത, വാത്സല്യം എന്നൊക്കെ വിശേഷിപ്പിക്കാം. ഇവിടെ ദൈവത്തിന്റെ മാതൃഭാവമാണ് പ്രവാചകനിലൂടെ മറനീക്കി വെളിപ്പെടുന്നത്. ദൈവത്തിനു ജനത്തോടുള്ള ഭാവം എന്നതുപോലെ ജനത്തിനു തമ്മിൽത്തമ്മിലും ഉണ്ടായിരിക്കേണ്ട ഭാവമാണിത്. വിവാഹോടമ്പടിയുടെ ഭാഗവും സ്ത്രീധനത്തുകയിലെ നാലാമത്തെ ഇനവുമാണ് കാരുണ്യം.

5. വിശ്വസ്തത - ***എമുന*** എന്ന് ഹീബ്രു മൂലം. ഉറപ്പിക്കുക, താങ്ങി നിർത്തുക എന്നർത്ഥമുള്ള *ആമാൻ* എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ നാമം ഉത്ഭവിക്കുന്നത്. തീർച്ചയായും, ഉറപ്പായും എന്നൊക്കെ അർത്ഥം വരുന്ന "*ആമ്മേൻ*" എന്ന പദവും ഇതിൽ നിന്നു തന്നെ വരുന്നു. ഒരു പ്രസ്താവനയുടെ അവസാനം "ആമ്മേൻ" എന്നു പറഞ്ഞാൽ പിന്നെ അതിനു മാറ്റമില്ല. ഒരു വാചകത്തിന്റെ അവസാനം ഇടുന്ന പൂർണ്ണവിരാമം പോലെയാണിത്. ഇനി ഇതിനു മാറ്റമുണ്ടാവില്ല. ഇതാണ് വിശ്വസ്തത. ദൈവം ഉടമ്പടിയിലൂടെ വാഗ്ദാനം ചെയ്ത കാര്യങ്ങൾ തീർച്ചയായും പാലിക്കും; അതിനു മാറ്റമുണ്ടാവുകയില്ല. അതുപോലെ തന്നെ ജനങ്ങളും ദൈവത്തോടും പരസ്പരവും വിശ്വസ്തത പാലിക്കും. അതിനുള്ള കഴിവും ദൈവം തന്നെ സ്ത്രീധനമായി നല്കും. അവിശ്വസ്തതയായിരുന്നു ഇസ്രായേലിന്റെ മൂലപാപം. അതുതന്നെ ആയിരുന്നു അവരുടെ നിരന്തര പ്രലോഭനവും. അതിന് ദൈവം തന്നെ അറുതി വരുത്തും.

ഈ അഞ്ചു ദാനങ്ങളും വഴി സംഭവിക്കുന്നത് ഇസ്രായേൽ വീണ്ടും ദൈവത്തിന്റെ സ്വന്തം ജനമായിത്തീരും എന്നതത്രെ. ഭാര്യാ

ഭർത്താക്കന്മാർ തമ്മിൽ നിലനില്ക്കേണ്ട ദാമ്പത്യ വിശ്വസ്തതയാണ് ദൈവം മാതൃകയായി എടുത്തുകാട്ടുന്നത്. ഈ ബന്ധം അനന്തമായിരിക്കും. ഒരിക്കലും അവസാനിക്കാത്ത ശാശ്വതമായൊരു ബന്ധം. അതാണ് "എന്നേക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും" എന്ന വാഗ്ദാനത്തിലൂടെ നല്കുന്ന ഉറപ്പ്. പിന്നീട് ജറെമിയായിലൂടെയും (31, 23-40) എസെക്കിയേലിലൂടെയും (36, 22-28) വാഗ്ദാനം ചെയ്ത ശാശ്വതമായ ഉടമ്പടി ഈ സ്ത്രീധനത്തിന്റെ ഒരു വിശദീകരണമായി കാണാനാവും.

ഇതിന്റെ എല്ലാം ഉപസംഹാരമെന്ന നിലയിൽ അവസാന ദാനമായി നല്കുന്നതാണ് ദൈവജ്ഞാനം "കർത്താവിനെ നീ അറിയും" (ഹോസി 2, 19). എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം ദൈവജ്ഞാനമില്ലാത്തതാണ്. അറിയുന്നു എന്നു പറയുന്നവരും അറിയേണ്ടത് അറിയുന്നില്ല. "അറിയുക" എന്നാൽ കേവലം ബൗദ്ധികമായ ഒരറിവു മാത്രമല്ല ഉദ്ദേശിക്കുന്നത്. ഗാഢമായ പരസ്പരബന്ധത്തിലൂടെ സമ്പൂർണ്ണമായ ദാന-സ്വീകരണത്തിലൂടെ, സംജാതമാകുന്ന ആത്മബന്ധം. ഇപ്രകാരമുള്ള അറിവിന്റെ ആത്മാവ് സ്നേഹമാണ്; അവയവങ്ങൾ നീതിയും ധർമ്മനിഷ്ഠയും; പ്രചോദനം കാരുണ്യം. ഇങ്ങനെ ഒരറിവു ലഭിച്ചു കഴിയുമ്പോൾ പറുദീസയിൽ വച്ചു നഷ്ടപ്പെട്ട ആദ്യ വിശുദ്ധി വീണ്ടും ലഭിക്കും. വികലമാക്കപ്പെട്ട ദൈവിക സാദൃശ്യവും രൂപവും മനുഷ്യനിൽ വീണ്ടും നവീകരിക്കപ്പെടും. അതോടെ പറുദീസാ സംജാതമാകും. അതുതന്നെയാണ് നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും. ഇതു ദൈവം നൽകുന്ന സൗജന്യദാനമായിരിക്കും. ഇങ്ങനെ ഒരു സ്വപ്നമാണ് പ്രവാസത്തിലേക്കു പോകാൻ പാകമായിരിക്കുന്ന, കൊലയ്ക്കുഴിഞ്ഞു വച്ച ആട്ടിൻകുട്ടിയെപ്പോലുള്ള, ഇസ്രായേൽ ജനത്തിന്റെ സമൂഹ മനസ്സാക്ഷിക്കു മുമ്പിൽ ഹോസിയാ പ്രവാചകൻ വരച്ചുകാട്ടുന്നത്. ഈ ചിത്രം തുടർന്നുവന്ന പ്രാവചകന്മാർ ഏറ്റെടുത്തു; കൂടുതൽ വ്യക്തമായി ചിത്രീകരിച്ചു.

ഹോസിയായുടെ സമകാലികനായ മിക്കാ ഇപ്രകാരം ഒരു നാളയെ സ്വപ്നം കണ്ട പ്രവാചകനാണ്. അനീതി പ്രവർത്തിക്കുന്ന അക്രമികളെ നരഭോജികളായി ചിത്രീകരിച്ച, ദൈവം ആഗ്രഹിക്കുന്നത് നേർച്ചകാഴ്ചകളോ നരബലിയോ അല്ല നീതിയും കരുണയും വിനയവുമാണെന്ന് ഉദ്ബോധിപ്പിച്ച, പ്രവാചകൻ മിക്കാ. "അവർ തങ്ങളുടെ വാളുകൾ കൊഴുവായും കുന്തങ്ങൾ വാക്കത്തിയായും രൂപപ്പെടുത്തും. ജനം ജനത്തിനെതിരേ വാൾ ഉയർത്തുകയില്ല. അവർ ഓരോരുത്തരും താന്താങ്ങളുടെ, മുന്തിരിത്തോപ്പിലും അത്തിമരച്ചോട്ടിലുമായിരിക്കും" (മിക്കാ

4, 3). അന്തിമനാളുകളെക്കുറിച്ചുള്ള പ്രവാചകന്റെ ദർശനമാണിത്. സ്ഥിരമായ സമാധാനം; ഓരോരുത്തർക്കും സ്വന്തമായ വാസസ്ഥലം; ഫലപുഷ്ടമായ കൃഷിസ്ഥലം. സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും സമൃദ്ധിയുടെയും ചിത്രമാണിത്. എന്നാണ്, എപ്രകാരമാണിത് സംജാതമാവുക?

"അന്തിമനാളുകളിൽ" എന്ന അരുളപ്പാടിന്റെ തുടക്കം തന്നെ ശ്രദ്ധേയമാണ്. ദൈവം ഭൂമിയിൽ നീതി നടത്താൻ വരുന്ന, ദൈവനിശ്ചിതമായ സമയമാണ് അന്തിമനാൾ. അങ്ങനെ ഒരുനാൾ വരും എന്നു പ്രവാചകൻ ഉറച്ചു വിശ്വസിച്ചു; ഉറക്കെ പ്രഘോഷിച്ചു. എന്താണ് നീതി സ്ഥാപനത്തിന്റെ മാർഗ്ഗം? ഏതാണ് സമാധാനത്തിലേക്കുള്ള വഴി? അത് ദൈവഭവനത്തിലേക്കുള്ള വഴി തന്നെയാണ്, ജറുസലെമിനെ ദൈവത്തിന്റെ ആലയം സ്ഥിതി ചെയ്യുന്ന ഏറ്റം ഉന്നതഗിരിയായി ചിത്രീകരിക്കുന്ന സ്വർഗ്ഗത്തിന്റെ തന്നെ പ്രതീകം. അവിടേക്ക് ലോകജനതകൾ കൂട്ടം കൂട്ടമായി, തീർത്ഥാടകരായി വരും. അവർ തേടുന്നത് അത്ഭുതങ്ങളല്ല, സമ്പൽസമൃദ്ധിയോ സൗഖ്യമോ അല്ല, മറിച്ച് കർത്താവിന്റെ ഹിതം. കർത്താവിന്റെ നിയമം – അതുമാത്രം.

"ജനതകൾ അവിടേക്ക് പ്രവഹിക്കും. വരുവിൻ, നമുക്ക് കർത്താവിന്റെ ഗിരിയിലേക്ക്, യാക്കോബിന്റെ ദൈവത്തിന്റെ ഭവനത്തിലേക്ക് പോകാം. അവിടുന്ന് തന്റെ മാർഗ്ഗങ്ങൾ നമ്മെ പഠിപ്പിക്കും, നമുക്ക് അവിടുത്തെ വഴികളിലൂടെ നടക്കാം എന്നു പറഞ്ഞുകൊണ്ട് അനേകം ജനതകൾ വരും. സീയോനിൽ നിന്നു നിയമവും ജറുസലേമിൽ നിന്നു കർത്താവിന്റെ വചനവും പുറപ്പെടും" (മിക്കാ 4,2).

ഇതാണ് നീതിയുടെ വഴി. ഇതാണ് ഭൂമിയിൽ നീതി നടപ്പിലാക്കാനായി ദൈവം ഉപയോഗിക്കുന്ന മാർഗ്ഗം. ദൈവത്തെയും അവിടുത്തെ നിയമങ്ങളെയും അറിയാൻ, ദൈവം നയിക്കുന്ന വഴിയിലൂടെ നടക്കാൻ ജനഹൃദയങ്ങളിൽ ദൈവം തന്നെ അദമ്യമായ ആഗ്രഹം ജനിപ്പിക്കും. ലഭിക്കുന്ന ആന്തരിക പ്രചോദനം അനുസരിച്ച് ജനതകൾ ദൈവത്തിന്റെ തിരുഹിതം തേടി, അവിടുത്തെ വാസസ്ഥലമെന്ന് കരുതപ്പെടുന്ന ജറുസലെമിലേക്കു വരും. സത്യദൈവത്തെ അടുത്തറിയുമ്പോൾ, അവിടുത്തെ തിരുഹിതം നിരുപാധികവും പരിധികളില്ലാത്തതുമായ സ്നേഹമാണെന്നു തിരിച്ചറിയുമ്പോൾ ആ ബോധ്യങ്ങൾക്കനുസൃതമായി ജനം ജീവിക്കും. അപ്പോൾ ശാശ്വതമായ സമാധാനം സംജാതമാകും.

ഇതൊരു പ്രതീക്ഷയാണ്; ദൈവം പ്രവാചകമനസ്സിൽ വിടർത്തുന്ന സ്വപ്നം. ഇവിടെ ശ്രദ്ധേയമായൊന്നു കൂടിയുണ്ട്. ദൈവഹിതമെന്ന തീർത്ഥം തേടിവരുന്ന ഭക്തർക്ക് ജറുസലേം നല്കേണ്ടത് ഒന്നുമാത്രം: കർത്താവിന്റെ നിയമം, അഥവാ അവിടുത്തെ തിരുവചനം. നമ്മുടെ എല്ലാ തീർത്ഥാടന കേന്ദ്രങ്ങളിലും മായം ചേർക്കാത്ത, വായ്ത്തല മടക്കാത്ത, മുനയൊടിക്കാത്ത ദൈവവചനം വിളമ്പിയിരുന്നെങ്കിൽ! അടയാളങ്ങളും അത്ഭുതങ്ങളും വാഗ്ദാനം ചെയ്തും കൊട്ടിഘോഷിച്ചും. തീർത്ഥാടകരുടെ എണ്ണവും നേർച്ചകാഴ്ചകളുടെ അളവും വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതിനു പകരം കലർപ്പില്ലാത്ത സജീവവും ആത്മാവിനും ശരീരത്തിനും സമൂഹത്തിനും സൗഖ്യദായകവുമായ ദൈവവചനം പ്രഘോഷിക്കപ്പെട്ടിരുന്നെങ്കിൽ! എങ്കിൽ പ്രവാചകൻ കണ്ട സ്വപ്നം ഇന്നിവിടെ യാഥാർത്ഥ്യമാകുമായിരുന്നില്ലേ?

ശാശ്വതമായ നീതിയും സമാധാനവും സ്ഥാപിക്കാനായി ദൈവം തന്നെ ഒരു രക്ഷകനെ അയയ്ക്കും. അവൻ ബെത്‌ലെഹെമിലായിരിക്കും ജനിക്കുക എന്ന് മിക്കാ ഉദ്ഘോഷിച്ചു (മിക്കാ 5,2). “കർത്താവിന്റെ ശക്തിയോടെ, തന്റെ ദൈവമായ കർത്താവിന്റെ മഹത്വത്തോടെ, അവൻ വന്ന് തന്റെ ആടുകളെ മേയ്ക്കും. ഭൂമിയുടെ അതിർത്തിയോളം അവൻ പ്രതാപവാനാകയാൽ അവർ സുരക്ഷിതരായി വസിക്കും. അവൻ നമ്മുടെ സമാധാനമായിരിക്കും.”(മിക്കാ.5, 4). ഈ നല്ല നാളേയ്ക്കുവേണ്ടിയാണ് പ്രവാചകൻ കാത്തിരിക്കുന്നത്: “ഞാൻ കർത്താവിങ്കലേക്കു കണ്ണുകളുയർത്തും. എന്റെ രക്ഷകനായ ദൈവത്തിനുവേണ്ടി ഞാൻ കാത്തിരിക്കും. എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും”(മിക്കാ.7, 7).

ഈ കാത്തിരിപ്പ് വ്യർത്ഥമാവില്ല എന്ന ഉറച്ച വിശ്വാസവും പ്രവാചകനുണ്ട്. അതിനാൽ “വീണാലും ഞാൻ എഴുന്നേൽക്കും. ഞാൻ ഇരുട്ടിലിരുന്നാലും കർത്താവ് എന്റെ വെളിച്ചമാണ്. അവിടുന്ന് എനിക്കുവേണ്ടി വാദിക്കുകയും എനിക്ക് നീതി നടത്തിത്തരുകയും ചെയ്യുന്നതുവരെ ഞാൻ കർത്താവിന്റെ രോഷം സഹിക്കും”(മിക്കാ.7, 8–9). മനുഷ്യന്റെ പാപമാണ് നീതിയില്ലാതാക്കുന്നത്.

ആവർത്തിക്കപ്പെടുന്ന പാപം മനുഷ്യനെ, മനുഷ്യവർഗ്ഗത്തെ, വീണ്ടും വീണ്ടും പാപത്തിൽ ആഴ്ത്തുന്നു. അതിന്റെ തിക്തഫലമാണ് പെരുകുന്ന അനീതിയും അക്രമവും. ഇതിനും ദൈവം തന്നെ അറുതിവരുത്തും എന്നു പ്രവാചകൻ സ്വപ്നം കണ്ടു.

“അവിടുന്ന് തന്റെ കോപം എന്നേക്കുമായി വച്ചു പുലർത്തുന്നില്ല; എന്തെന്നാൽ അവിടുന്ന് കാരുണ്യത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് വീണ്ടും നമ്മോടു കരുണ കാണിക്കും. നമ്മുടെ അകൃത്യങ്ങളെ അവിടുന്ന് ചവിട്ടി മെതിക്കും. ആഴിയുടെ അഗാധങ്ങളിലേക്ക് നമ്മുടെ പാപങ്ങളെ തൂത്തെറിയും.”(മിക്കാ 7, 18–19). ഇതാണ് മിക്കായുടെ സ്വപ്നം. ഈ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനു വേണ്ടിയാണ് ഇസ്രായേൽ ജനം മാത്രമല്ല, ലോകജനതകൾ മുഴുവൻ കാത്തിരുന്നത്; അത് ബേത്ലെഹെമിൽ ജനിച്ച് ജറുസലെമിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തുവിൽ പൂർത്തിയായി എന്നറിയുന്നവരും അറിയാത്തവരും ഇന്നും കാത്തിരിക്കുന്നത്!

പ്രവാചകന്മാരിൽ അഗ്രഗണ്യനും മെസിയാനിക് പ്രവാചകൻ എന്നറിയപ്പെടുന്നവനുമായ ഏശയ്യായിൽ ഈ സ്വപ്നം കൂടുതൽ വ്യക്തതയാർജ്ജിക്കുന്നു. വരാനിരിക്കുന്ന രക്ഷകനായ അഭിഷിക്ത രാജാവിനെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനങ്ങളിലെല്ലാം തന്നെ ഈ സ്വപ്നം ചിറകുവിടർത്തുന്നതു കാണാം. അനീതിയുടെയും അക്രമത്തിന്റെയും, ദുഃഖത്തിന്റെയും നിരാശയുടെയും അന്ധകാരത്തിൽ കഴിയുന്നവർക്കു മുന്നിൽ മഹത്തായൊരു പ്രകാശം ഉദിക്കുന്നതു കണ്ട പ്രവാചകൻ തന്റെ ദർശനം തുടർന്നു വിവരിക്കുമ്പോൾ നീതി നിഷ്ഠമായ ഒരു സമൂഹം രൂപപ്പെടുന്നതു കാണാം: “നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു... ആധിപത്യം അവന്റെ ചുമലിലായിരിക്കും. ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്നവൻ വിളിക്കപ്പെടും... അവന്റെ ആധിപത്യം നിസ്സീമമാണ്... ..... നീതിയിലും ധർമ്മനിഷ്ഠയിലും അത് (രാജ്യം) സ്ഥാപിച്ചു പരിപാലിക്കും”(ഏശ.9, 6–7).

ഭൂമിയിൽ ശാശ്വതമായ നീതി സ്ഥാപിക്കാൻ വരുന്ന മിശിഹാ രാജാവാണ് ഏശയ്യായുടെ പ്രവചനങ്ങളിലെല്ലാം നിറഞ്ഞു നില്ക്കുന്നത്. ദൈവാത്മാവിനാൽ പൂരിതനും ആത്മാവിന്റെ വരദാനങ്ങളാൽ സമ്പൂർണ്ണനുമായ ആ രാജാവ് “ദരിദ്രരെ ധർമ്മനിഷ്ഠ(*സ്ദാഖാ*)യോടെ വിധിക്കും. ഭൂമിയിലെ എളിയവരോട് അവൻ നീതി (*മിഷ്പാത്ത്*)പൂർവ്വം വർത്തിക്കും. .... അവന്റെ മൊഴി ദുഷ്ടരെ നിഗ്രഹിക്കും. നീതി (*സ്ദാഖാ*) യും വിശ്വസ്തത(*എമുന*)യും കൊണ്ട് അവൻ അരമുറുക്കും(ഏശ.11,1–6). തദ്ഫലമായി ശാശ്വത സമാധാനം ഭൂമിയിൽ സംജാതമാകും. ആരും ആർക്കും ഒരു ദ്രോഹവും ചെയ്യുകയില്ല. പുലിയും സിംഹവും കരടിയും സർപ്പവും പോലെ ഉപദ്രവകാരികളായ ഭീകരജീവികൾ

സൗമ്യരും ശാന്തശീലരും സസ്യഭുക്കുകളുമായിത്തീരുന്നത് ഭൂമിയിൽ നിലനില്ക്കുന്ന നീതിയുടെയും സമാധാനത്തിന്റെയും പ്രതീകങ്ങളാണ്.

ഇതിനൊക്കെ അടിസ്ഥാനവും ശക്തികേന്ദ്രവുമായി വർത്തിക്കുന്നത് ദൈവജ്ഞാനമായിരിക്കും: "എന്റെ വിശുദ്ധ ഗിരിയിൽ ആരും ദ്രോഹമോ നാശമോ ചെയ്യുകയില്ല. സമുദ്രം ജലം കൊണ്ടെന്നപോലെ ഭൂമി കർത്താവിനെക്കുറിച്ചുള്ള ജ്ഞാനം കൊണ്ടു നിറയും" (ഏശ.11, 9). 'ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം' എന്ന വിവർ ത്തനം മൂലത്തിന്റെ അർത്ഥം മുഴുവൻ പ്രകടമാക്കുന്നില്ല. ദൈവത്തെക്കുറിച്ച് അറിയുന്നത് കേട്ടറിവാകാം. വായിച്ചോ മറ്റേതെങ്കിലും വിധത്തിൽ മറ്റാരിൽ നിന്നെങ്കിലും ലഭിക്കുന്ന അറിവാകാം. അതല്ല പ്രവാചകൻ പറയുന്നത്. "ദൈവത്തെ അറിയും" എന്നാണ് ഹീബ്രുമൂലം. ഇത് സ്വന്തം അനുഭവത്തിലൂടെ ലഭിക്കുന്ന അനിഷേധ്യവും സുവ്യക്തവുമായ ഒരറിവാണ്– ഈ അറിവ് ജീവിതത്തെ സമൂലം പരിവർത്തനപ്പെടുത്തും. വീക്ഷണങ്ങളും മൂല്യങ്ങളും മുൻഗണനാക്രമങ്ങളും ആഗ്രഹങ്ങളും പ്രതീക്ഷകളും എല്ലാം പുതുതായി രൂപപ്പെടുത്തുന്ന ഈ അറിവാണ് ദൈവം നല്കുന്നത്. അത് നീതിനിഷ്ഠമായ സമൂഹനിർമ്മിതിയിലേക്കു നയിക്കും.

ദൈവം തന്നെ ആയിരിക്കും ഭൂമിയിൽ നീതി സ്ഥാപിക്കുക. "അങ്ങ് പാവപ്പെട്ടവർക്കു കോട്ടയും ദരിദ്രന്റെ കഷ്ടതകളിൽ അവന് ഉറപ്പുള്ള അഭയവുമാണ്''(ഏശ.25,4). അവിടുന്ന് ''നീതിയെ (*മിഷ്പാത്ത്*) അളവുചരടും ധർമ്മനിഷ്ഠയെ (*സ്ദാഖാ*)തൂക്കുകട്ടയും ആക്കും"(ഏശ.28, 17). വിദഗ്ധശില്പിയെപ്പോലെ ദൈവം തന്നെ തന്റെ ജനത്തെ നീതിനിഷ്ഠമായൊരു നഗരമായി പണിതുയർത്തും. "അളവുചരടും തൂക്കുകട്ടയും" ജീവിതത്തിനു ദൈവം നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളെ, അഥവാ നിയമങ്ങളെ സൂചിപ്പിക്കുന്നു.

കർത്താവു തന്നെ ആയിരിക്കും വഴികാട്ടി. അത് പുറമെ നിന്ന് അടിച്ചേല്പിക്കുന്ന നിയമസംഹിതകളിലൂടെയല്ല, മറിച്ച് ഓരോ വ്യക്തിയുടെയും ഉള്ളിൽ നിക്ഷേപിക്കുന്ന ആന്തരികപ്രചോദനം വഴി ആയിരിക്കും സംഭവിക്കുക. "നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും. ഇതാണ് വഴി, ഇതിലേ പോവുക" (ഏശ. 30, 21). കർത്താവ് നീതി സ്ഥാപിക്കാനായി ഒരു രാജാവിനെ അയയ്ക്കും. അവനിലൂടെ "ഫലപുഷ്ടിയുള്ള വയലിൽ ധർമ്മനിഷ്ഠ (*മിഷ്പാത്ത്*) കുടികൊള്ളും. നീതിയുടെ (*സ്ദാഖാ*) പരിണത ഫലം സമാധാനം(*ഷാലോം*) ആയിരിക്കും"(ഏശ.32, 17).

നീതി പുഷ്പിക്കുന്നിടത്ത് സമാധാനം വിളയും. അതു ദൈവത്തിന്റെ തന്നെ പ്രവൃത്തിയായിരിക്കും. അതിനുവേണ്ടി ദൈവം തന്റെ ദാസനെ അയയ്ക്കും. "അവൻ വിശ്വസ്തതയോടെ നീതി പുലർത്തും. നീതി സ്ഥാപിക്കുന്നതുവരെ പരാജയപ്പെടുകയോ അധീരനാവുകയോ ഇല്ല" (ഏശ.42, 3-4).

ഇത് ദുർബ്ബലന്റെ ദിവാസ്വപ്നമോ പരാജിതന്റെ വ്യർത്ഥമോഹമോ അല്ല. ദൈവത്തിന്റെ മേഖലയിൽ നീതിനിഷ്ഠമായ സമൂഹം സംജാതമായി കഴിഞ്ഞു. ദൈവാത്മാവിനാൽ ആന്തരിക നേത്രങ്ങൾ പ്രകാശിതമായ പ്രവാചകൻ അതു കണ്ടു; സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. "ഇതാ ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു..... വിലാപസ്വരമോ കഠിന വേദനയുടെ നിലവിളിയോ ഇനി അവിടെ കേൾക്കുകയില്ല... അവർ പണിയുന്ന ഭവനങ്ങളിൽ അന്യർ വസിക്കുകയില്ല... ചെന്നായും കുഞ്ഞാടും ഒന്നിച്ചു മേയും. സിംഹം കാളയെപ്പോലെ വൈക്കോൽ തിന്നും..... എന്റെ വിശുദ്ധ ഗിരിയിൽ ഒരിടത്തും അവ ഉപദ്രവമോ നാശമോ ചെയ്യുകയില്ല"(ഏശ.65, 17-25). "അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും."(ഏശ. 66, 12-13). ഇതാണ് ഏശയ്യായുടെ സ്വപ്നം. ഈ നല്ല നാളെയ്ക്കായി കാത്തിരിക്കുകയാണ് പ്രവാചകനും ജനവും. ഇസ്രായേലിന്റെ ചരിത്രം മുഴുവൻ ഇപ്രകാരമൊരു കാത്തിരുപ്പായിരുന്നു - കാത്തിരിക്കുന്നവരുടെ പ്രത്യാശയ്ക്കു മങ്ങലേൽക്കുമ്പോൾ വീണ്ടും ജ്വലിപ്പിക്കാൻ ദൈവം പ്രവാചകന്മാരെ അയച്ചുകൊണ്ടേയിരുന്നു.

ലംഘിക്കപ്പെട്ട സീനായ് ഉടമ്പടിയുടെ സ്ഥാനത്ത് ദൈവം വീണ്ടും ഒരു പുതിയ ഉടമ്പടി സ്ഥാപിക്കും. അത് നിരുപാധികവും അലംഘനീയവുമായിരിക്കും. ആ ഉടമ്പടിയുടെ നിയമങ്ങൾ ബാഹ്യമായ കല്പനകളല്ല, ആന്തരികപ്രചോദനമായിരിക്കും എന്ന് ഏശയ്യായുടെ ചുവടുപിടിച്ച് കൂടുതൽ വ്യക്തമായി ജറെമിയായും തുടർന്ന് എസക്കിയേലും പ്രഖ്യാപിച്ചു.

"കർത്താവ് അരുളിച്ചെയ്യുന്നു: ഇസ്രായേൽ ഗോത്രത്തോടും യൂദാ ഗോത്രത്തോടും ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം ഇതാ വരുന്നു.... എന്റെ നിയമം അവരുടെ ഉള്ളിൽ ഞാൻ നിക്ഷേപിക്കും, അവരുടെ ഹൃദയത്തിൽ എഴുതും.... വലുപ്പചെറുപ്പമെന്യേ അവർ എല്ലാവരും എന്നെ അറിയും ... "(ജറെ.31, 31-37). ഹൃദയത്തിൽ എഴുതുന്ന പുതിയ ഉടമ്പടിയുടെ നിയമങ്ങൾ ആന്തരികശക്തിയായി വർത്തിക്കും. ദൈവത്തിന്റെ തിരുഹിതമനുസരിച്ച് നീതിനിഷ്ഠമായൊരു

ജീവിതം നയിക്കാനും അങ്ങനെ പുതിയൊരു സമൂഹം സംജാതമാകാനും ദൈവം തന്നെ ഇടവരുത്തും.

ഇതേ പ്രതീക്ഷയാണ് പ്രവാസികൾക്കു പ്രത്യാശ നല്കിയ എസക്കിയേലിലൂടെയും ദൈവം ഉണർത്തുന്നത്. "ഞാൻ നിങ്ങളുടെ മേൽ ശുദ്ധജലം തളിക്കും. നിങ്ങളുടെ എല്ലാ മാലിന്യങ്ങളിൽ നിന്നും നിങ്ങൾ ശുദ്ധീകരിക്കപ്പെടും.... ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും.... ശിലാഹൃദയം എടുത്തുമാറ്റി മാംസളഹൃദയം നല്കും. എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങളെ എന്റെ കല്പനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും"(എസെ.36, 25–28).

പുതിയ ഹൃദയത്തിൽ എഴുതിയ പുതിയ ഉടമ്പടിയുടെ നിയമങ്ങൾ, നിയമമനുസരിക്കാൻ നല്കുന്ന ആന്തരികശക്തി, മനുഷ്യനെ ഉള്ളിൽ നിന്നു പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ആത്മാവ് – ഇതെല്ലാമാണ് നീതി നിവസിക്കുന്ന പുതിയ ലോകത്തിന്റെ നിർമ്മിതിക്കായി ദൈവം ഉപയോഗിക്കുന്ന ഉപകരണങ്ങൾ. മനുഷ്യഹൃദയത്തിൽ പരിവർത്തനമുണ്ടാകുമ്പോൾ സമൂഹത്തിൽ പരിവർത്തനമുണ്ടാകും. സമൂഹം മാറണമെങ്കിൽ മനുഷ്യൻ മാറണം; ഹൃദയം മാറുമ്പോൾ അനീതിയും അക്രമവും അവസാനിക്കും. ഒരു ഹൃദയമാറ്റ ശസ്ത്രക്രിയയാണ് ജനത്തിനാവശ്യം. അതു തന്നെയാണ് പ്രവാചകന്മാരിലൂടെ ദൈവം വാഗ്ദാനം ചെയ്തത്. അതു സംഭവിക്കുന്ന ഒരു നാൾ വരും എന്നാണ് പഴയ നിയമഗ്രന്ഥങ്ങളെല്ലാം, പ്രവാചകഗ്രന്ഥങ്ങളും സങ്കീർത്തനങ്ങളും ജ്ഞാനഗ്രന്ഥങ്ങളും ഉറപ്പുവരുത്തുന്നത്.

# 22

# വിശുദ്ധ ഗിരിയിൽ വസിക്കാൻ

*"കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആർ വസിക്കും? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആർ വാസമുറപ്പിക്കും?"* (സങ്കീ. 15,1).

ജ്ഞാനഗ്രന്ഥങ്ങളിൽ, പ്രത്യേകിച്ചും സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സാമൂഹ്യ നീതിയെ സംബന്ധിച്ചുള്ള പ്രബോധനമാണ് അടുത്തതായി കാണാൻ ശ്രമിക്കുന്നത്. പ്രവാചകവീക്ഷണത്തിൽ കണ്ടതിൽ നിന്നും ഏറെ വിഭിന്നമല്ല ഈ ഗ്രന്ഥങ്ങളിൽ അവതരിപ്പിക്കുന്ന നീതിയുടെ ആശയങ്ങൾ. ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനു വിഷയമായ, ദൈവജനമെന്നു വിളിച്ചു പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഒരു ജനത്തിൽ നിലനിൽക്കേണ്ട മനോഭാവങ്ങളും ജീവിത - പ്രവർത്തന ശൈലികളുമാണ് ഇവിടെയും ശ്രദ്ധാകേന്ദ്രം. ദൈവത്തോടുള്ള ബന്ധത്തിന് ഇവിടെ കൂടുതൽ ഊന്നൽ നല്കുന്നതായി കാണാം; ആ ബന്ധത്തിൽ നിന്നാണ് സമൂഹത്തിൽ, നിലനില്ക്കേണ്ട ജീവിത ക്രമം രൂപപ്പെടേണ്ടത്.

എല്ലാവരും ഏറ്റം കൂടുതൽ ആഗ്രഹിക്കുന്നത് ജീവനാണ്; ഒരിക്കലും അസ്തമിക്കാത്ത ജീവൻ. വെറും അമർത്യത മാത്രമല്ല ഇവിടെ വിവക്ഷിക്കുന്നത്; മറിച്ച് സന്തോഷപ്രദമായ ഒരു ജീവിതമാണ്, ശാശ്വതമായ സമാധാനവും ശാന്തിയുമാണ്. ഇപ്രകാരം അളവില്ലാത്ത സന്തോഷവും അതിരുകളില്ലാത്ത സ്നേഹവും ഒരിക്കലും അസ്തമി

ക്കാത്ത ജീവനും ദൈവത്തിനു മാത്രമേ നല്കാൻ കഴിയൂ; ദൈവത്തോടൊന്നിച്ചായിരുന്നാൽ മാത്രമേ അതു ലഭിക്കൂ. അതിനാൽ മനുഷ്യന്റെ ഏറ്റം അടിസ്ഥാനപരവും തീവ്രവും മൗലികവുമായ ആഗ്രഹവും ദാഹവും ദൈവത്തോടൊന്നിച്ചായിരിക്കാൻ വേണ്ടിയാണ്, ഓരോ വ്യക്തിയും അത് വ്യക്തമായി അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും. പറുദീസായുടെയും പറുദീസാ നഷ്ടത്തിന്റെയും വിവരണങ്ങളിലൂടെ ബൈബിളിന്റെ ആദ്യ താളുകളിൽത്തന്നെ അവതരിപ്പിച്ച ഒരു പ്രമേയമാണിത്.

"നിത്യനൂതന സൗന്ദര്യമേ, നിരുപമാനന്ദമേ, എത്ര വൈകി ഞാൻ, എന്റെ ദൈവമേ, നിന്റെ സ്നേഹം അറിയാൻ, നിന്നെ സ്നേഹിക്കുവാൻ!.... നിന്നിൽ വിലയം പ്രാപിക്കും വരെ ആത്മമസ്വസ്ഥം ഹൃദയമശാന്തം, തീരം തേടും തിരയായ് അടിയൻ, തീരാദാഹവുമായ് വരുന്നു". വി. അഗസ്റ്റിന്റെ ഈ ആത്മഗതം ഓരോ മനുഷ്യന്റെയും ഏറ്റം അടിസ്ഥാനപരമായ, ഏറ്റം ആഴം ഏറിയ ആഗ്രഹവും ദാഹവുമാണ് മനോഹരമായി അവതരിപ്പിക്കുന്നത്. ഒരു വിധത്തിൽ പറഞ്ഞാൽ എല്ലാ മതങ്ങളും ഈ ഒരു അനുഭവമാണ് തേടുന്നതും വാഗ്ദാനം ചെയ്യുന്നതും. നീതിയുടെ അടിസ്ഥാനവും ഇവിടെത്തന്നെ കാണണം.

ദൈവിക സാന്നിദ്ധ്യത്തിൽ ആശ്വാസവും സന്തോഷവും തേടുന്ന മനുഷ്യൻ എന്നേക്കും ദൈവത്തോടൊന്നിച്ചായിരിക്കാൻ ആഗ്രഹിക്കുന്നു; അത് ഈ ശരീരത്തിൽ ജീവിക്കുമ്പോൾത്തന്നെ ലഭിക്കണമെന്നും ആഗ്രഹിക്കുന്നു. അതിനാൽ അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ എന്തെങ്കിലും പ്രതീകം ആവശ്യമായി വരുന്നു. അതിനായി ചില പ്രത്യേക ഇടങ്ങൾ, വസ്തുക്കൾ, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ, മുതലായവ മനുഷ്യൻ തന്നെ രൂപപ്പെടുത്തുന്നു. ഇപ്രകാരം ഒരു സംവിധാനമോ സ്ഥാപനമോ ആണ് ദൈവാലയം. ഭൂമിയിൽ, മനുഷ്യരുടെ ഇടയിൽ ദൈവം വസിക്കുന്ന ഇടമാണ് ദൈവാലയം എന്ന കാഴ്ചപ്പാടും വിശ്വാസവും ശക്തിപ്പെട്ടു. ഇപ്രകാരം ഒരു വീക്ഷണം ബൈബിളിലും കാണും.

സീനായ് മലയിൽ വച്ച് നൽകപ്പെട്ട ഉടമ്പടിയുടെ പ്രമാണങ്ങൾ ആലേഖനം ചെയ്ത കല്പലകകൾ സൂക്ഷിക്കാനായി, ദൈവത്തിന്റെ കല്പന പ്രകാരം മോശ ഒരു പെട്ടിയുണ്ടാക്കി. അതിനെ "ഉടമ്പടിയുടെ പേടകം" എന്നു വിളിച്ചു. പേടകത്തിൽ നിക്ഷിപ്തമായിരിക്കുന്ന പ്രമാണങ്ങൾ വഴി ദൈവം തന്റെ തിരുഹിതം ജനത്തെ അറിയിച്ചുകൊണ്ട് അവരുടെ മധ്യേ വസിക്കുന്നു. ആ പ്രമാണങ്ങൾ അനുസരിച്ച് ജീവി

ക്കുന്നവർക്ക് അവിടുത്തെ സ്നേഹസാന്നിദ്ധ്യം അനുഭവവേദ്യമാകും. അങ്ങനെ ഉടമ്പടിയുടെ പേടകം ദൈവത്തിന്റെ വാസസ്ഥലമായി. പേടകത്തിനു മുകളിൽ ഒരുക്കിയ പീഠം ദൈവത്തിന്റെ സിംഹാസനം അഥവാ കൃപാസനമായി. പേടകത്തിന്റെ മുകളിൽ, ഇരുവശത്തുമായി ചിറകു വിരിച്ചു നിന്ന കെരൂബുകൾ ദൈവത്തിന്റെ സേവകദൂതരും അവരുടെ ചിറകുകൾ സംരക്ഷണം നല്കുന്ന ദൈവത്തിന്റെ ചിറകുകളുമായി പരിഗണിക്കപ്പെട്ടു.

പേടകം സൂക്ഷിക്കാൻ നിർമ്മിച്ച കൂടാരം "സമാഗമകൂടാരം" എന്ന പേരിൽ അറിയപ്പെട്ടു. ദൈവവും മനുഷ്യനും കണ്ടുമുട്ടുന്ന ഇടം എന്നാണ് ധ്വനി. ആ കൂടാരം ദൈവത്തിന്റെ ഭവനമായി പരിഗണിക്കപ്പെട്ടു. മരുഭൂമിയിലൂടെയുള്ള യാത്രാവേളയിൽ പേടകവും കൂടാരവും ജനത്തിനു മുമ്പേ പോയി വഴി  കാട്ടി; പാളയം അടിക്കാൻ ഇടങ്ങൾ കാണിച്ചു കൊടുത്തു. വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചതിനു ശേഷം കൂടാരവും പേടകവും പല സ്ഥലങ്ങളിൽ മാറി മാറി സൂക്ഷിച്ചു. അവസാനം ദാവീദ് ജറുസലേം പട്ടണവും സീയോൻ കോട്ടയും ജബൂസ്യരിൽ നിന്നും പിടിച്ചെടുത്തതിനു ശേഷം പേടകം ജറുസലേമിലേക്കു കൊണ്ടുവന്നു. കൂടാരം സീയോൻ മലയിൽ പ്രതിഷ്ഠിച്ചു. തുടർന്നു വന്ന സോളമൻ കൂടാരത്തിന്റെ സ്ഥാനത്ത് ദേവാലയം നിർമ്മിച്ച് പ്രതിഷ്ഠിച്ചു. അതോടെ ജറുസലേം വിശുദ്ധഗിരിയായി; ദേവാലയം ദൈവത്തിന്റെ ഭവനം അഥവാ കൂടാരവും.

ഇനി അങ്ങോട്ട് ദൈവിക സാന്നിദ്ധ്യം തേടുന്ന ഭക്തർ ജറുസലേമിലേക്കു തീർത്ഥാടകരായി വരും. അവിടെ ദേവാലയാങ്കണത്തിൽ വസിക്കുന്നത് ജീവിത സാഫല്യമായി കരുതപ്പെട്ടു. അവിടെ എന്നേക്കും വസിക്കാൻ ഭക്തർ തീവ്രമായി ആഗ്രഹിച്ചു. സെഹിയോൻ സങ്കീർത്തനങ്ങൾ (Canticle of Zion)എന്ന പേരിൽ അറിയപ്പെടുന്ന ആറു സങ്കീർത്തനങ്ങൾ (46, 48, 76, 84, 87, 122) ദൈവത്തിന്റെ നഗരത്തിന്റെയും ദൈവഭവനത്തിന്റെയും അപദാനങ്ങൾ പ്രകീർത്തിച്ചു. എന്നേക്കും അവിടെ വസിക്കാനുള്ള ആഗ്രഹം ആവർത്തിച്ചു പാടി.

"കർത്താവിന്റെ ഭവനത്തിലേക്കു നമുക്കു പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (സങ്കീ. 122:1). "സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം! എന്റെ ആത്മാവ്  കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ഛിച്ചു തളരുന്നു....  അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്"

(സങ്കീ. 84,1-2.10) സംശയമില്ല, ദേവാലയത്തിലായിരിക്കുന്നത് ദൈവ ത്തോടൊന്നിച്ചായിരിക്കുക തന്നെയാണ്; ദേവാലയം സ്ഥിതിചെയ്യുന്ന സീയോൻ മല ദൈവത്തിന്റെ വിശുദ്ധഗിരിയും വാസസ്ഥലവും. അതാണ് ഓരോ ഭക്തന്റെയും ജീവിതാഭിലാഷം; ജീവിതലക്ഷ്യം.

ദൈവത്തോടൊന്നിച്ചായിരിക്കാൻ വേണ്ടി, വലിയ ക്ലേശങ്ങൾ സഹിച്ചും ദീർഘദൂരം യാത്ര ചെയ്തും അവർ വരും. വരുമ്പോൾ കർത്താവിനു സമർപ്പിക്കാൻ കാഴ്ചകളും കൊണ്ടുവരും. എന്നാൽ തോന്നിയതുപോലെ ഓടിക്കയറാവുന്ന ഒരു മലയല്ല ദൈവത്തിന്റെ മല; ആർക്കും നിർബ്ബാധം കടന്നു വരാവുന്ന ചന്തയല്ല ദൈവത്തിന്റെ ആല യം. ദേവാലയഗിരിയുടെ താഴെ ഒരു പ്രവേശന കവാടമുണ്ട്; അവിടെ കാവൽ നിൽക്കുന്ന പുരോഹിതരും ലേവായരുമുണ്ട്. തീർത്ഥാടകരായി വരുന്ന ഭക്തരോട് അവരാണ് ദൈവികസാന്നിധ്യം അനുഭവിക്കാൻ ആവശ്യമായ നിബന്ധനകൾ പറഞ്ഞു കൊടുക്കുന്നത്. ഈ നിബന്ധ നകളുടെ ഒരു പട്ടികയിൽ നിന്നാണ് ആരംഭത്തിൽ ഉദ്ധരിച്ചത്.

ആരാധനക്രമ ബന്ധിയെന്നും പ്രബോധക സങ്കീർത്തനമെന്നും അറിയപ്പെടുന്നതാണ് 15-ാം സങ്കീർത്തനം. ദേവാലയം സ്ഥിതി ചെയ്യുന്ന മലയിലേക്കു കയറാൻ ആർക്കാണ് അർഹതയുള്ളത് എന്ന് വിശദീകരിക്കുമ്പോൾ സാമൂഹ്യനീതിയെ സംബന്ധിച്ച ചില വ്യക്ത മായ പ്രബോധനങ്ങൾ നമുക്കു ലഭിക്കുന്നു. ഉടമ്പടിയുടെ മലയായ സീനായ് മലയിൽ ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ ജനത്തിന് വ്യക്തമാ യൊരു നിർദ്ദേശം നല്കിയിരുന്നു. മലയെ സമീപിക്കുന്നവർ മരിക്കും എന്ന മുന്നറിയിപ്പ് ദൈവിക സാന്നിധ്യത്തിലേക്കു വരാൻ ആവശ്യ മായ ജീവിതവിശുദ്ധിയെ സൂചിപ്പിച്ചിരുന്നു (പുറ. 19: 9-15. 20-23). ഈ സങ്കീർത്തനത്തിൽ ആ നിബന്ധനകൾ വ്യക്തമായി അവതരിപ്പിക്കുന്നു.

തീർത്ഥാടകരുടെ ചോദ്യത്തിന് പുരോഹിതൻ നല്കുന്ന മറുപടി എന്ന പോലെയാണ് ഈ സങ്കീർത്തനം രചിച്ചിരിക്കുന്നത്. ദേവാലയ ശുശ്രൂഷകൾക്കു മുമ്പ് ആലപിച്ചിരുന്ന ഒരു പ്രാർത്ഥനാഗാനമായിരുന്നു ഇത്. ഇന്നും കത്തോലിക്കാ ദേവാലയങ്ങളിൽ, പ്രത്യേകിച്ചും സീറോ മലബാർ സഭയിൽ, വിശുദ്ധ കുർബാനയുടെ ആമുഖമായി ഈ സങ്കീർത്തനം പാടുന്ന പതിവുണ്ട്. കുറെക്കാലം മുമ്പ് എല്ലാ കുർബ്ബാ നയിലും പാടിയിരുന്ന ഈ സങ്കീർത്തനം കാലക്രമത്തിൽ അവഗണി ക്കപ്പെട്ടതു പോലെ തോന്നും; ആരാധനാ വർഷത്തിലെ പ്രത്യേക കാല ങ്ങൾക്കനുസൃതമായി, ആ കാലങ്ങളുടെ ചൈതന്യം പ്രകടമാക്കുന്ന മറ്റു സങ്കീർത്തനങ്ങൾക്കാണ് ഇന്നു മുൻഗണന. എന്നാലും 15-ാം

സങ്കീർത്തനം തീർത്തും ഉപേക്ഷിക്കപ്പെട്ടിട്ടില്ല. ഈ സങ്കീർത്തനം അടുത്തു പരിശോധിക്കുന്നത് സാമൂഹ്യനീതിയെ സംബന്ധിച്ച സങ്കീർത്തനങ്ങളിലെ കാഴ്ചപ്പാട് മനസിലാക്കാൻ സഹായകമാകും, കാരണം നീതിയെന്ന ഒരേ ഒരാശയമാണ് സങ്കീർത്തകൻ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നത്.

ഒരാശയം വ്യക്തമാക്കാനും ഊന്നിപ്പറയാനും വേണ്ടി വ്യത്യസ്ത വാക്കുകളിൽ ആവർത്തിച്ചു പറയുക ഹെബ്രായ ഭാഷയിലെ, പ്രത്യേകിച്ചും പദ്യത്തിലെ ഒരു സവിശേഷതയാണ്. ഏകാർത്ഥ സമാന്തര വാക്യം (Synonymous parallelism) എന്നാണ് ഈ രചനാസങ്കേതം അറിയപ്പെടുക. അതുപോലെ തന്നെ, ഒരാശയം കൂടുതൽ വ്യക്തമാക്കാൻ വേണ്ടി ആ ആശയത്തിന്റെ പല വശങ്ങൾ ഒന്നൊന്നായി അവതരിപ്പിക്കുന്ന രീതിയുണ്ട്. ഇതിനെ സമന്വയ സമാന്തരവാക്യം (Synthetic parallelism) എന്നു വിളിക്കുന്നു. ഈ രണ്ടു രചനാ സങ്കേതങ്ങളും പഠനവിഷയമായ സങ്കീർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

ചോദ്യം

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആർ വസിക്കും?

അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആർ വാസമുറപ്പിക്കും?

ജറുസലെം ദേവാലയത്തെയാണ് പ്രത്യക്ഷത്തിൽ ഇവിടെ കർത്താവിന്റെ കൂടാരം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ജറുസലെം പട്ടണത്തെ, പ്രത്യേകിച്ച് സീയോൻ മലയെ, കർത്താവിന്റെ വിശുദ്ധ ഗിരിയെന്നും വിളിക്കുന്നു. ആർക്കാണ് പള്ളിയ്ക്കകത്ത് വരാൻ അനുവാദമുള്ളത്; പള്ളിപ്പറമ്പിൽ, അഥവാ കുരിശിൻതൊട്ടിയിൽ കാലുകുത്താൻ ആരാണ് യോഗ്യൻ എന്ന് സാധാരണ സംസാര ഭാഷയിലേക്കു വിവർത്തനം ചെയ്യാവുന്നതാണ് ഈ ചോദ്യം. തിരുനാളാഘോഷങ്ങൾക്കായി വരുന്ന ഭക്തജനങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ് പുരോഹിതന്റെ മറുപടിയായി തുടർന്ന് അവതരിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ.

ഉത്തരം

2–5 വാക്യങ്ങളിൽ അവതരിപ്പിക്കുന്ന നിബന്ധനകൾ എപ്രകാരം വിഭജിക്കണം എന്ന കാര്യത്തിൽ വ്യാഖ്യാതക്കളുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇസ്രായേലിന്റെ അടിസ്ഥാന പ്രമാണങ്ങളായ പത്തു കൽപ്പനകൾക്കു സമാന്തരമായി പത്തു കാര്യങ്ങളാണ് ഇവിടെ

അവതരിപ്പിക്കുന്നത് എന്നു കരുതുന്നവരുണ്ട്. എന്നാൽ മൂല ഭാഷയായ ഹീബ്രുവിൽ നൽകിയിരിക്കുന്ന ക്രമം അടുത്തു പരിശോധിച്ചാൽ ഒരു പ്രത്യേക ഘടന ദൃശ്യമാകും. ദൈവിക സാന്നിധ്യത്തിലേക്കു കടന്നു വരാൻ അനുവർത്തിക്കേണ്ടതും വർജ്ജിക്കേണ്ടതുമായ കാര്യങ്ങൾ ഇട കലർത്തി പന്ത്രണ്ട് ഘടകങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. ഇതു തന്നെ മൂന്നു കാര്യങ്ങൾ വീതം അടങ്ങുന്ന നാലു ഭാഗങ്ങളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഓരോന്നും വിശദമായി അപഗ്രഥിക്കുന്ന തിനു പകരം സമാനതയുള്ള കാര്യങ്ങൾ ഒരുമിച്ചു കാണാനാണ് അടു ത്തതായി ശ്രമിക്കുന്നത്.

A ചെയ്യേണ്ട കാര്യങ്ങൾ

1 നിഷ്കളങ്കനായി ജീവിക്കുക

2 നീതി മാത്രം പ്രവർത്തിക്കുക

3 സത്യം പറയുക

B വർജിക്കേണ്ടവ

1 പരദൂഷണം

2 ദ്രോഹം

3 അപവാദ പ്രചരണം

C ചെയ്യേണ്ടവ

1 ദുഷ്ട സംസർഗ്ഗം വെടിയുക

2 ദൈവഭക്തരെ ആദരിക്കുക

3 പ്രതിജ്ഞ നിറവേറ്റുക

D വർജിക്കേണ്ടത്

1 പ്രതിജ്ഞയിൽ നിന്നു പിന്മാറൽ

2 കടത്തിനു പലിശ

3 കൈക്കൂലി

C – 3 ഉം D – 1 ഉം ഒറ്റ പ്രമാണമായാണ് വിവർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്: “നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുന്നവൻ”. എന്നാൽ മൂലഭാഷയിൽ ഇത് ഭാവാത്മകവും നിഷേധാത്മകവുമായി രണ്ടു വിധത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

C.3. അവൻ നഷ്ടമുണ്ടായാലും പ്രതിജ്ഞ നിറവേറ്റും

D.1. അവൻ (പ്രതിജ്ഞയിൽ നിന്ന്) പിന്മാറുന്നില്ല.

ഒരേ ആശയം രണ്ടു വിധത്തിൽ അവതരിപ്പിക്കുന്നതിലൂടെ പ്രമേയത്തിന് ഊന്നൽ നൽകുന്നു.

**നിഷ്കളങ്കനായി ജീവിക്കുന്നവൻ**

ഇതൊരു ആമുഖവാക്യമാണ്. നിയമത്തിന്റെ ദൃഷ്ടിയിൽ, അതായത് ദൈവത്തിന്റെ ദൃഷ്ടിയിൽ, ഒരു കുറ്റവും കുറവും ഇല്ലാത്തവൻ എന്നു വിവക്ഷ. ബലിയർപ്പിക്കാൻ കൊണ്ടുവരുന്ന മൃഗങ്ങൾക്കുള്ള നിബന്ധന പോലെയാണിത്. മൃഗത്തെ സംബന്ധിച്ച നിബന്ധന ബാഹ്യമായ കാര്യങ്ങളെയാണ് സൂചിപ്പിക്കുന്നതെങ്കിൽ ഇവിടെ മുഖ്യമായും ആന്തരിക വിശുദ്ധിയാണ് ഉന്നം വയ്ക്കുന്നത്. കർത്താവിന്റെ സന്നിധിയിലേക്കു കടന്നുവരാൻ ജീവിത വിശുദ്ധി കൂടിയേ തീരൂ; നിയമങ്ങളെല്ലാം പൂർണ്ണമായി അനുസരിക്കണം. ഈ ആമുഖവാക്യം തുടർന്നു വിശദീകരിക്കുന്നു.

**"നീതി മാത്രം പ്രവർത്തിക്കുന്നവൻ"**

*"സ്ദാഖാ"* എന്നാണ് ഹീബ്രു മൂലം. ദൈവിക കൽപ്പനകൾ അനുസരിച്ച്, ദൈവത്തോടും മനുഷ്യരോടും പ്രപഞ്ചത്തോടും തന്നോടു തന്നെയുമുള്ള കടമകൾ എല്ലാം കണിശമായി നിർവ്വഹിക്കുക എന്നാണ് ഈ പദം അർത്ഥമാക്കുന്നത്. ഇതും ഒരു പൊതുവായ നിയമമാണ്. ഈ നിയമത്തിന്റെ വിശദാംശങ്ങൾ തുടർന്ന് ഒന്നൊന്നായി എടുത്തു പറയുന്നു. നീതി പ്രവർത്തിക്കുന്നവർക്ക് മാത്രമേ ദേവാലയഗിരിയിൽ പ്രവേശനമുള്ളൂ. "നീതി ജലം പോലെ ഒഴുകട്ടെ, ന്യായവിധി, വറ്റാത്ത നീർച്ചാൽ പോലെയും" (ആമോ. 5: 24) എന്ന പ്രവാചകാഹ്വാനത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ വാക്യം.

**"ഹൃദയം തുറന്ന് സത്യം പറയുന്നവൻ"**

പ്രവൃത്തികളുടെയെല്ലാം ഉറവിടത്തിലേക്കാണ് ഇവിടെ ശ്രദ്ധ ക്ഷണിക്കുന്നത്. ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാൾ അവയെ നയിക്കുന്ന, പ്രേരണ നല്കുന്ന മനോഭാവങ്ങളും വികാരങ്ങളുമാണ് ഇവിടെ ഉന്നം വയ്ക്കുന്നത്. ചിന്തയും വാക്കും തമ്മിൽ, ലക്ഷ്യവും പ്രവൃത്തിയും തമ്മിൽ, അകവും പുറവും തമ്മിൽ പൊരുത്തം നിലനിൽക്കണം. അതാണ് ഹൃദയം തുറന്ന് (ഹൃദയത്തിൽ നിന്ന് എന്ന് ഹീബ്രു മൂലം) എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രത്യേകിച്ച് മതാത്മക മേഖലയിലും എളുപ്പം കടന്നുകൂടാവുന്ന ഒരു തിന്മയായ കാപട്യത്തിന് ഇവിടെ തടയിടുന്നു.

മുഖംമൂടികൾ അഴിച്ചു മാറ്റി, ആയിരിക്കുന്ന അവസ്ഥയിൽ സ്വയം പ്രത്യക്ഷപ്പെടുക; ഉള്ളിലുള്ളതു മാത്രം പറയുക. ജീവിതം, വാക്കും പ്രവൃത്തിയും സത്യസന്ധമായിരിക്കണം. സത്യം തന്നെ ആയ ദൈവ ത്തിന്റെ സന്നിധിയിൽ അസത്യത്തിനു പ്രവേശനമില്ല. ഉടയാടകൾ അഴിച്ചു മാറ്റി, അരക്കച്ച മാത്രം ഉടുത്ത് ശ്രീകോവിലിൽ തൊഴാൻ വരുന്ന ഭക്തൻ ഈ പ്രമാണത്തിന്റെ അർത്ഥം ബാഹ്യമായിത്തന്നെ വ്യക്തമാക്കുന്നു. എല്ലാം കാണുന്നവന്റെ മുമ്പിൽ എനിക്ക് ഒന്നും ഒളിച്ചുവയ്ക്കാനില്ല; ഒളിച്ചുവയ്ക്കാൻ കഴിയുകയുമില്ല. ഈ പ്രമാണ ത്തിന്റെ നിഷേധമാണ് സ്വയം വിശുദ്ധരെന്നു നടിച്ചവർക്കെതിരേ യേശു കലഹിക്കാൻ കാരണം. “കപട ഭക്തരെ” എന്ന അഭിസംബോധനയിൽ ഈ പ്രമാണത്തിന്റെ പ്രാധാന്യം കാണാം. സത്യം അംഗീകരിക്കുകയും പറയുകയും ജീവിക്കുകയും ചെയ്യുന്നവർക്കേ ഇനി ഒരടി മുന്നോട്ടു വയ്ക്കാൻ അവകാശമുള്ളൂ!

### “പരദൂഷണം പറയാത്തവൻ”

സത്യം പ്രവർത്തിക്കുകയും പറയുകയും ചെയ്യുന്നവരുടെ സാമൂഹ്യ ജീവിതവും സത്യത്താൽ നയിക്കപ്പെടുന്നതാകണം. സമൂ ഹത്തിൽ കടന്നു വരുന്ന വലിയൊരു വിപത്തിനു തടയിടുന്നതാണ് ഈ കൽപ്പന. നിഷേധ ഭാവത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഈ കല്പന മനുഷ്യർക്ക് പരസ്പരം ഉണ്ടായിരിക്കേണ്ട ആദരവിനും കരുതലിനും അടിവരയിടുന്നു. അന്യരെക്കുറിച്ച് ദോഷമായി ഒന്നും പറയാതിരിക്കു ക, എന്നും പ്രസക്തമായൊരു നിർദ്ദേശമാണിത്, ഇന്നു പ്രത്യേകിച്ചും.

മലയിലെ പ്രസംഗത്തിൽ യേശു അവതരിപ്പിച്ച പുതിയ നിയമ ധാർമ്മികതയിൽ ഈ പ്രമാണം കൂടുതൽ വ്യക്തവും ശക്തവുമാകു ന്നു. “സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായാധിപ സംഘ ത്തിനു മുമ്പിൽ നിൽക്കേണ്ടി വരും; വിഡ്ഢി എന്നു വിളിക്കുന്നവൻ നരകാഗ്നിക്ക് ഇരയായിത്തീരും” (മത്തായി 5:22) സമൂഹത്തിൽ നടമാ ടുന്ന അനീതികൾക്കും അക്രമങ്ങൾക്കും ഒരു മുഖ്യകാരണം പരദൂഷ ണമാണെന്നതിൽ രണ്ടു പക്ഷത്തിനിടയില്ല. വ്യക്തിബന്ധങ്ങളിലും കുടുംബങ്ങളിലും തുടങ്ങി സമൂഹത്തെ മുഴുവൻ പരസ്പരം സംശയ ത്തിലേക്കും വിദ്വേഷത്തിലേക്കും ശത്രുതയിലേക്കും നയിക്കുന്നതിൽ പരദൂഷണത്തിനുള്ള പങ്ക് എത്രയെന്ന് നാം നിരന്തരം കണ്ടും അനുഭ വിച്ചും അറിയുന്നു.

അയൽക്കാരന്റെ തെറ്റു ചൂണ്ടിക്കാണിക്കരുത് എന്നല്ല ഇതി നർത്ഥം. ഒരു വ്യക്തിയുടെ നന്മയാണ് ആഗ്രഹിക്കുന്നതെങ്കിൽ എങ്ങ

നെയാണ് തെറ്റു തിരുത്തേണ്ടത് എന്ന് യേശു വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട് (മത്താ. 18:15-17). സഹോദരനെ തിരുത്താൻ കടമയുണ്ട്; പക്ഷേ അതു നേരിട്ടും രഹസ്യമായും ആയിരിക്കണം, സമൂഹമധ്യത്തിൽ ഒരാളെ അപഹാസ്യനാക്കി ചിത്രീകരിച്ചു കൊണ്ടല്ല. എന്നാൽ രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല, മതങ്ങൾ പോലും അപരനെതിരേ ദുഷ്പ്രചാരണം നടത്തുന്നതിൽ തെറ്റു കാണുന്നില്ല എന്ന പ്രതീതിയാണ് പലപ്പോഴും നൽകുന്നത്. ഇപ്രകാരം പ്രവർത്തിക്കുന്നവർക്ക് ദേവാലയത്തിലെന്നല്ല, പരിസരത്തു പോലും വരാൻ യോഗ്യതയില്ല എന്ന സങ്കീർത്തനത്തിന്റെ പ്രബോധനം സ്വീകരിച്ചിരുന്നെങ്കിൽ എത്രയെത്ര ദുരന്തങ്ങൾ, ശത്രുതകൾ, യുദ്ധങ്ങൾ ഒഴിവാകുമായിരുന്നു!

സ്നേഹിതനെ ദ്രോഹിക്കാതിരിക്കുക, അയല്ക്കാരനെതിരെ അപവാദം പ്രചരിപ്പിക്കുക എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ കണ്ടു കഴിഞ്ഞ ആശയങ്ങൾക്ക് കൂടുതൽ ആഴവും പരപ്പും വ്യക്തതയും നല്കുന്നു. വ്യക്തികളെ തേജോവധം ചെയ്യരുത്, സ്വഭാവഹത്യ അരുത്; സ്നേഹിതരോടു വിശ്വസ്തത പാലിക്കണം, ഒരു കാരണവശാലും ദ്രോഹിക്കരുത് എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ ജീവിതത്തിനു കൂടുതൽ വ്യക്തമായ മാർഗ്ഗദർശനം നൽകുന്നു.

**ദുഷ്ടനെ പരിഹാസ്യനായി കരുതണം** എന്ന നിർദ്ദേശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. “നാണം കെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേടും പണം മാറ്റിക്കൊള്ളും” എന്ന നമ്മുടെ പഴഞ്ചൊല്ലിനു കടകവിരുദ്ധമായ ഒരു നിലപാടാണ് ഇവിടെ ആവശ്യപ്പെടുന്നത് - സമൂഹത്തിൽ നിലനില്ക്കുന്ന സ്ഥാനമാനങ്ങളുടെ മാനദണ്ഡം തന്നെയാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്. ആരെയാണ് ആദരിക്കേണ്ടത്, ആരെയാണ് അവഗണിക്കേണ്ടത് എന്നു വീണ്ടും വ്യക്തമാക്കുന്നു. ബൈബിളിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്ന ഒരു പദമാണ് “ദുഷ്ടൻ”. നീതിമാൻ, നിഷ്കളങ്കൻ എന്നീ പദങ്ങളുടെ വിപരീത പദമാണിത്.

ജ്ഞാനഗ്രന്ഥങ്ങളിൽ, പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽ നിരവധി തവണ പ്രത്യക്ഷപ്പെടുന്ന ഈ പദത്തിന് അനേകം ധ്വനികളുണ്ട്. ഹൃദയത്തിൽ തുടങ്ങുന്ന ഒരു മനോഭാവമാണ് ദുഷ്ടത. ദുഷ്ടൻ തിന്മയെ ഗർഭം ധരിക്കുന്നു (സങ്കീ. 7:14). അതു ദൈവനിഷേധത്തിലേക്കു നയിക്കുന്നു (സങ്കീ. 10:2, 36:1) പാവങ്ങളെ പീഡിപ്പിക്കുന്നു, അന്യായമാർഗ്ഗങ്ങളിലൂടെ സമ്പത്തു വാരിക്കൂട്ടുന്നു (സങ്കീ. 17:1, 22:16). പിടിച്ചു പറിച്ച് സമൃദ്ധിയിൽ കഴിയുന്നു; ആരോഗ്യവും അധികാരവും സമൂഹത്തിൽ ഉന്നത സ്ഥാനവും അനുഭവിക്കുന്നു. അതിനാൽത്തന്നെ അഹങ്കാരം

മുറ്റി ഗർവ്വു കാട്ടുന്നു; വമ്പു പറയുന്നു (10:2, 37:16, 55:3, 73: 2–12, 75: 4–5). ദൈവം ഇല്ലെന്നു കരുതുന്ന ദുഷ്ടൻ ഈ ലോകജീവിതത്തിൽ മാത്രം ശ്രദ്ധ വയ്ക്കുന്നു. മരണാനന്തരം ഒരു ജീവിതമുണ്ടെന്നോ ദൈവ തിരുമുമ്പിൽ തന്റെ ചെയ്തികൾക്കു കണക്കു കൊടുക്കേണ്ടി വരു മെന്നോ അവൻ കരുതുന്നില്ല (17:13–14, 36:1).

സങ്കീർത്തനങ്ങൾ വരച്ചു കാട്ടുന്ന ദുഷ്ടതയുടെ ഏകദേശ രൂപ മാണിത്. ഇപ്രകാരം ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നവരെ അപഹാസ്യരായി കരുതണം. അവരോടു കൂട്ടു ചേരരുത്. അവരുടെ ചിന്താ ഗതിയിൽ പങ്കുചേരുകയോ അവരുടെ സ്ഥാനമാനങ്ങൾ കണ്ട് അത്ഭുതപ്പെടുകയോ വേണ്ടാ; അസൂയയും വേണ്ടാ. കാരണം ഇതെല്ലാം നിമിഷനേരം കൊണ്ട് നശിക്കും, അല്ല ദൈവം നശിപ്പിക്കും. ഈ ഒരു ബോധ്യവും തജ്ജന്യമായ ജീവിതശൈലിയുമാണ് ദൈവിക സാന്നി ധ്യത്തിലേക്കു കടന്നുവരാൻ ആവശ്യം.

മനോഭാവത്തിൽ നിന്നു വീണ്ടും പ്രവൃത്തിയിലേക്കു ശ്രദ്ധ ക്ഷണി ക്കുമ്പോൾ മൂന്നു കാര്യങ്ങൾക്ക് ഊന്നൽ നല്കുന്നു. **കൊടുത്ത വാക്ക് പാലിക്കണം**. അതിനു വേണ്ടി എന്തു നഷ്ടവും സഹിക്കാൻ തയ്യാ റായിരിക്കണം. എന്നാൽ എന്തു പ്രതിജ്ഞയാണ് ചെയ്യുന്നതെന്ന് നേരത്തെ ആലോചിക്കണം. തനിക്ക് അർഹതയോ ന്യായമായ സാധ്യ തയോ ഇല്ലാത്ത ഒരു പ്രതിജ്ഞയാണ് ചെയ്തതെങ്കിൽ അതു നിറ വേറ്റാൻ കടമയില്ല എന്നു മാത്രമല്ല, നിറവേറ്റുന്നത് പ്രതിജ്ഞ ചെയ്ത തിനേക്കാൾ വലിയ കുറ്റമായിരിക്കുകയും ചെയ്യും. ന്യായാധിപനായ ജെഫ്തെ മകളെ ബലികഴിച്ചതും (ന്യായ. 11: 30–40) ഹേറോദേസ് സ്നാപകനെ വധിച്ചതും (മർക്കോ. 6: 14–29) ഉദാഹരണങ്ങളാണ്. **കട ത്തിനു പലിശ ഈടാക്കരുത്** എന്നതാണ് രണ്ടാമത്തെ നിബന്ധന. ഏറെ വിവാദ വിഷയമായ ഒരു നിർദ്ദേശമാണിത്. ആധുനിക സാമ്പ ത്തിക വ്യവസ്ഥിതിയിൽ നിർണ്ണായകമായൊരു ഘടകമാണ് നിക്ഷേപം – വായ്പാ – പലിശ. ഈ സംവിധാനം നിലനിൽക്കുന്നിടത്തോളം കാലം പലിശ വാങ്ങരുത് എന്ന കല്പന പ്രായോഗികമല്ല എന്നു കരുതുന്ന തിനാലാവാം കുർബ്ബാന മധ്യേ ഈ സങ്കീർത്തനം പ്രാർത്ഥിക്കുമ്പോൾ "അന്യായപ്പലിശ" എന്നു വിശദീകരിക്കുന്നത്. ഇതു ദൈവവചനത്തിൽ മായം ചേർക്കലാണെന്ന് കരുതുന്നവരുണ്ട്. അല്ല, വചനത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കുകയാണെന്നു വിശദീകരിക്കുന്നവരുമുണ്ട്. വായ്പ വാങ്ങി വ്യാപാരം നടത്തി ലാഭമുണ്ടാക്കുന്ന ഒരു സാമ്പത്തിക സംവി ധാനം നില്ക്കുന്ന പശ്ചാത്തലത്തിലല്ല ഈ പ്രമാണം രൂപം കൊണ്ടത്.

തന്നെയുമല്ല, വ്യാപാരാവശ്യങ്ങൾക്കായി വാങ്ങുന്ന തുകയല്ല ഇവിടെ വിവക്ഷിക്കുന്നത് എന്നും ഓർക്കണം.

രോഗം, പട്ടിണി മുതലായ അത്യാവശ്യ സാഹചര്യങ്ങളിൽ വേണ്ടി വരുന്ന വായ്പയാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. അന്യന്റെ ആവശ്യങ്ങളെ സ്വത്തു സമ്പാദിക്കാനുള്ള അവസരമായി പരിഗണിച്ച് ചൂഷണം ചെയ്യുന്നതാണ് ഇവിടെ മുഖ്യമായ വിഷയം. അതോടൊപ്പം പലിശ നിരക്കും പ്രസക്തമാകുന്നു. usuary എന്നാണ് മൂലപദം പലരും വിവർത്തനം ചെയ്യുക. അത് പലിശ അതിൽത്തന്നെ നിഷിദ്ധമെന്നു കരുതുന്നതിനേക്കാൾ പലിശയുടെ നിരക്കും വാങ്ങുന്ന സാഹചര്യവും ശ്രദ്ധാകേന്ദ്രമാക്കുന്നു. അതിനാലാവും "അന്യായപ്പലിശ" എന്ന ലിറ്റർജിക്കൽ പ്രയോഗം ഉണ്ടായത്.

എന്നാലും പുതിയ നിയമത്തിൽ അവതരിപ്പിക്കുന്ന യേശുവിന്റെ കാഴ്ചപ്പാട് ഒരു പടികൂടി കടന്ന്, പലിശയെന്നല്ല, മുതൽ പോലും തിരികെ ചോദിക്കരുത് എന്ന് നിർദ്ദേശിക്കുമ്പോൾ (ലൂക്കാ 6:34–35) സാമ്പത്തിക തലത്തിലെ മനോഭാവങ്ങളും പ്രവർത്തനങ്ങളും മതാത്മകതലത്തെയും എത്രമാത്രം സ്വാധീനിക്കുന്നു എന്നു വ്യക്തമാകുന്നു. അയൽക്കാരന്റെ ആവശ്യങ്ങളും ദൈന്യതയും ചൂഷണം ചെയ്തു സമ്പത്തു സ്വരുക്കൂട്ടുന്നവർ ദുഷ്ടരുടെ പട്ടികയിലാണ് പെടുക. അവരുടെ സ്ഥാനം ദേവാലയ പരിസരത്തിനും പുറത്താണ് എന്ന സങ്കീർത്തനത്തിലെ കാഴ്ചപ്പാട് പ്രാവർത്തികമാക്കിയിരുന്നെങ്കിൽ നീതിനിഷ്ഠമായൊരു സമൂഹ നിർമ്മിതി എത്രയോ ത്വരിതപ്പെടുമായിരുന്നു; ഒരു പക്ഷേ ദേവാലയങ്ങളുടെ മോടിയും ആഘോഷങ്ങളുടെ ധാടിയും കുറയുമെങ്കിലും.

ദേവാലയ പ്രവേശനത്തിന് അവസാനമായി വയ്ക്കുന്ന നിബന്ധനയാണ് **കൈക്കൂലി വാങ്ങാതിരിക്കുക** എന്നത്. അർഹതയില്ലാത്ത ആനുകൂല്യം ലഭിക്കാൻ വേണ്ടി നൽകുന്ന തുകയാവാം കൈക്കൂലി. എന്നാൽ അതു മാത്രമല്ലല്ലോ. അർഹതപ്പെട്ടതാണെങ്കിലും അവകാശം ലഭിക്കാൻ വേണ്ടി ബന്ധപ്പെട്ടവർക്ക് നൽകാൻ നിർബന്ധിതമാകുന്ന തുകയും കൈക്കൂലിയാണല്ലോ. ശമ്പളവും കിമ്പളവും നാട്ടു നടപ്പായിരിക്കുന്ന നമ്മുടെ ഇടയിൽ ഈ പ്രമാണം എന്തേ ഇത്രമാത്രം അവഗണിക്കപ്പെടുന്നു! കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും കുറ്റകരമാണെന്ന നിയമമുണ്ടാക്കുന്നവർ തന്നെ കൈക്കൂലിക്കു കൂട്ടു നിൽക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമൂഹത്തിൽ ആരാധന തന്നെ അവഹേളനമായിത്തീരുകയല്ലേ? "കൈക്കൂലി വാങ്ങരുത്. അത്

വിജ്ഞനെ അന്ധനാക്കുകയും നീതിമാനെ കള്ളം പറയാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു" (പുറ. 23:8) എന്ന ഉടമ്പടിയുടെ നിയമസംഹിതയിൽ പറഞ്ഞു വച്ചതു തന്നെയാണ് സങ്കീർത്തനത്തിൽ ദൈവാരാധനയുമായി ബന്ധപ്പെടുത്തി അനുശാസിക്കുന്നത്.

ചുരുക്കത്തിൽ, നീതി പ്രവർത്തിക്കാത്തവർക്ക് ദൈവിക സാന്നിധ്യത്തിലേക്ക് കടന്നു വരാൻ സാധിക്കുകയില്ല. അന്തിമവിധിയുടെ മാനദണ്ഡമായി യേശു എടുത്തു കാണിച്ചതും (മത്താ. 25:31–46) മറ്റൊന്നുമല്ലല്ലോ. മരണാനന്തരമുള്ള വിധിക്കു വേണ്ടി കാത്തു നിൽക്കാതെ, ഇപ്പോൾ തന്നെ, നീതി പൂർവ്വകമായൊരു ജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്നതാവണം ആരാധനയും പ്രാർത്ഥനയും, മറ്റെല്ലാ മതാത്മക പ്രവൃത്തികളും. ദൈവവചനം വ്യക്തമായി നൽകുന്ന നിർദ്ദേശങ്ങളും താക്കീതുകളും അറിയാൻ ജനത്തിന് അവകാശമുണ്ട്; അറിയിക്കാൻ അധികാരികൾക്കു കടമയും. ഈ തലങ്ങളിൽ വരുന്ന വീഴ്ചയല്ലേ ഇന്നു നമ്മുടെ സമൂഹത്തിൽ അനീതിയുടെ ദുർഭൂതം സകലകെട്ടുകളും പൊട്ടിച്ച് അരങ്ങു തകർത്താടുന്നതിനു ഒരു പ്രധാന കാരണം?

# 23

# നീതി - മാനസാന്തരത്തിന്റെ ഫലം

*“മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ”* (ലൂക്കാ 3,8).

വാഗ്ദാനങ്ങൾക്കും പൂർത്തീകരണത്തിനും ഇടയിലാണ് അവൻ നില്ക്കുന്നത്. പഴയ ഉടമ്പടി പുതിയതിൽ പൂർത്തിയാകുന്നതിന്റെ, പഴയനിയമം പുതിയ നിയമത്തിനു വഴിമാറുന്ന നിർണ്ണായകമായ വഴിത്തിരിവിൽ നിലയുറപ്പിച്ചിരിക്കുന്ന സ്നാപകൻ. ജനനത്തിനു മുമ്പു തന്നെ ദൈവത്തിന്റെ പ്രവാചകനായി മാറ്റിവയ്ക്കപ്പെട്ടവൻ; മാതൃഗർഭത്തിലായിരിക്കേ രക്ഷകസാന്നിധ്യം തിരിച്ചറിഞ്ഞ് സന്തോഷത്താൽ കുതിച്ചുചാടിയവൻ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞവൻ. കൗമാരപ്രായം മുതൽ യൂദയാ മരുഭൂമിയുടെ കാർക്കശ്യം മുഴുവൻ അനുഭവിച്ചവൻ. നിരന്തരമായ ഉപവാസത്താൽ ശരീരത്തെ ഒതുക്കി, ഒരുക്കിയവൻ, രോമക്കുപ്പായം കൊണ്ട് പൊതിഞ്ഞ ശരീരത്തിൽ ആത്മാവിന്റെ അഗ്നി ആവാഹിച്ചെടുത്തവൻ. രക്ഷകനു വഴിയൊരുക്കാൻ വന്ന മുന്നോടി - സ്നാപകയോഹന്നാൻ.

യുഗമാറ്റത്തിനു തുടക്കം കുറിക്കുന്ന, പഴയതുമുഴുവനും സംഗ്രഹിച്ചു പുതിയതിനു വഴി തുറക്കുന്ന യുഗപുരുഷൻ. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ഏറ്റം വലിയവൻ എന്നു മനുഷ്യപുത്രൻ തന്നെ സാക്ഷ്യപ്പെടുത്തിയ (ലൂക്കാ 7,28) അതികായൻ, പുതുയുഗപ്പിറവിക്കു

കാഹളം മുഴക്കുന്ന പ്രവാചകൻ. അഗ്നിപ്രവാചകനായ ഏലിയായുടെ പുനരവതാരം എന്നു വിശ്വാസികൾ വിലയിരുത്തിയ സ്നാപകയോഹന്നാന്റെ ജീവിതവും പ്രബോധനങ്ങളും ആഹ്വാനങ്ങളും ബൈബിളിലെ സാമൂഹ്യനീതിയെക്കുറിച്ചുള്ള പഠനത്തിൽ അതുല്യപ്രാധാന്യം അർഹിക്കുന്നു. യേശുവിലൂടെ സംജാതമായ ദൈവരാജ്യത്തിന്റെ നീതിയുടെ പുതിയനിയമങ്ങൾക്ക് ഒരാമുഖം പോലെയാണ് സുവിശേഷകന്മാർ സ്നാപകവചനങ്ങൾ അവതരിപ്പിക്കുന്നത്. അതേസമയം സ്നാപകസന്ദേശം പഴയനിയമപ്രബോധനങ്ങളുടെ സാരസംഗ്രഹമായും പരിഗണിക്കാം.

നൂറ്റാണ്ടുകളായി ദൈവജനം പ്രതീക്ഷിച്ചിരുന്ന രക്ഷകന്റെ ആഗമനം ആസന്നമായിരിക്കുന്നു, അവനെ സ്വീകരിക്കാൻ ഹൃദയങ്ങളിലും സമൂഹത്തിലും വഴിയൊരുക്കുവിൻ, എന്ന സന്ദേശവുമായാണ് സ്നാപകൻ വന്നത്. അവന്റെ ജനനം മുൻകൂട്ടി അറിയിക്കുന്ന ദൈവദൂതൻ തന്നെ സ്നാപകദൗത്യത്തെക്കുറിച്ച് വ്യക്തമായ ഒരു രൂപരേഖ നല്കുന്നുണ്ട്. ആ മുന്നറിയിപ്പിൽ സാമൂഹ്യനീതിയെ സംബന്ധിച്ച നവീനവും അതേസമയം കേന്ദ്രവത്തും ആയ ഒരു സന്ദേശം കാണാം: "ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരിയെ കൊണ്ടുവരും. പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്കും തിരിച്ചുവിടാനും സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിന്റെ മുമ്പേ പോകും." (ലൂക്കാ 1, 16 –17).

ഹൃദയഐക്യം, അതാണ് കേന്ദ്രവത്തായ ആശയം. സമൂഹത്തിലെ ഏററം ചെറിയതും അടിസ്ഥാനഘടകവുമായ കുടുംബത്തിൽ തുടങ്ങണം ഈ ഐക്യം. മാതാപിതാക്കന്മാരും മക്കളും തമ്മിൽ സമ്പൂർണ്ണ അനുരഞ്ജനവും ഐക്യവും ഉണ്ടാകണം. അതിന് സമൂലമായ ഒരു ഹൃദയപരിവർത്തനം നടക്കണം. ആ പരിവർത്തനത്തിന്റെ തുടക്കം ദൈവവുമായുള്ള അനുരഞ്ജനത്തിലായിരിക്കണം. ദൈവത്തോടു രമ്യതപ്പെടുന്നവൻ സഹോദരങ്ങളോടും രമ്യതപ്പെടും; പെടണം. ഹൃദയങ്ങൾ തമ്മിൽ ഐക്യമുണ്ടാകുമ്പോൾ വീട്ടിൽ രമ്യതയുണ്ടാകും. ഇതു കുടുംബങ്ങൾ തമ്മിലുള്ള ഐക്യത്തിനു വഴിതെളിക്കും. അങ്ങനെ സമൂഹത്തിൽ മുഴുവൻ ഐക്യമുണ്ടാകും. അപ്പോൾ ആ സമൂഹം നീതിനിഷ്ഠമായ ഒരു സമൂഹമായിരിക്കും. ഇതാണ്

സ്നാപകനെ ഏല്പിച്ചിരിക്കുന്ന ദിവ്യദൗത്യം. ഹൃദയപരിവർത്തനത്തിലൂടെ അഥവാ മാനസാന്തരത്തിലൂടെ സാമൂഹ്യനീതി സംജാതമാക്കുക. ഹൃദയത്തിലും സമൂഹത്തിലും രക്ഷകന് വഴിയൊരുക്കുന്നത് ഇപ്രകാരം ഒരു മനപരിവർത്തനത്തിലൂടെ ആയിരിക്കും. ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും തിരിയുക, സമാധാനം സ്ഥാപിക്കുക.

ജനിക്കുന്നതിനു മുമ്പേ ദൂതൻ വഴി ദൈവം തനിക്കായി നിശ്ചയിച്ചിരിക്കുന്ന ദൗത്യമാണ് സ്നാപകൻ തന്റെ ജീവിതവും പ്രബോധനവും വഴി പൂർത്തിയാക്കാൻ ശ്രമിച്ചത്. മരുഭൂമിയുടെ സകല കാഠിന്യവും അനുഭവിക്കൽ തുടങ്ങി അനീതിക്കെതിരെ ശബ്ദമുയർത്തി ജീവൻ നഷ്ടപ്പെടുന്നതുവരെ ഈ ദൗത്യം അവൻ തുടർന്നു; പരിപൂർണ്ണ വിശ്വസ്തയോടെ. "ഇസ്രായേലിനു വെളിപ്പെടുന്നതുവരെ അവൻ മരുഭൂമിയിലായിരുന്നു" (ലൂക്കാ 1, 80) എന്ന നാലു വാക്കുകളിൽ ലൂക്കാ ഒതുക്കിവച്ചിരിക്കുന്നത് യോഹന്നാന്റെ അതിതീവ്രമായ പരിശീലനവും ഒരുക്കവുമാണ്. കർത്താവിനു വഴിയൊരുക്കാൻ വന്നവൻ അതിനായി സ്വയം ഒരുങ്ങേണ്ടിയിരുന്നു. ദൈവത്തിന്റെ ആത്മാവു തന്നെ അവനെ ഒരുക്കി, ശക്തിപ്പെടുത്തി. (ലൂക്കാ 1, 80).

സ്നാപകന്റെ ജീവിതം തന്നെ ആയിരുന്നു സാമൂഹ്യനീതിയെ സംബന്ധിച്ച വലിയ പാഠം. സുഖഭോഗങ്ങളുടെയും ആഡംബരങ്ങളുടെയും ആർഭാടങ്ങളുടെയും ലോകത്തു നിന്നകന്ന്, കൗമാരവും യൗവ്വനവും മരുഭൂമിയിൽ ചിലവഴിക്കുന്നതിലൂടെ സ്വന്തം ജീവിതത്തെ ഒരുക്കി ശക്തിയാർജ്ജിക്കുക മാത്രമല്ല, ശക്തവും വ്യക്തവുമായ ഒരു ജീവിതസാക്ഷ്യം നല്കുക കൂടി ചെയ്യുകയായിരുന്നു. ചാവുകടലിന്റെ വടക്കുപടിഞ്ഞാറേ തീരത്ത് ഖുമ്റാനിൽ, എസ്സീൻ സന്ന്യാസികളുടെ കൂടെ ആയിരുന്നു ആരംഭകാലത്തെങ്കിലും സ്നാപകൻ ജീവിച്ചിരുന്നത് എന്നു കരുതപ്പെടുന്നു. പിന്നീട് തികഞ്ഞ ഏകാന്തതയിൽ, ദൈവത്തിന്റെ സ്വരത്തിനു കാതോർത്തു കഴിഞ്ഞു. മരുഭൂമിയിൽ ലഭ്യമായ തുച്ഛമായ ആഹാരവും ഇതരസൗകര്യങ്ങളും ശരീരത്തിന്റെ ആസക്തികളെ നിയന്ത്രിക്കാനും പ്രലോഭനങ്ങളെ ചെറുത്തുതോല്പിക്കാനും സഹായിച്ചു. അങ്ങനെ രക്ഷകനു ജനഹൃദയങ്ങളിൽ വഴിയൊരുക്കേണ്ടവൻ അക്ഷരാർത്ഥത്തിൽ തന്നെ മരുഭൂമിയിൽ വസിച്ച് സ്വയം ഒരുങ്ങി.

ദൈവം നിശ്ചയിച്ച സമയമായപ്പോൾ സ്നാപകൻ തന്റെ ദൗത്യം ആരംഭിച്ചു.. യൂദയാ മരുഭൂമിയിൽ ജോർദാൻ നദിയുടെ തീരത്ത് അവന്റെ ശബ്ദം മുഴങ്ങി, സിംഹഗർജ്ജനം പോലെ. "വഴിയൊരുക്കു

വിൻ" എന്നതായിരുന്നു മുഖ്യസന്ദേശം. കർത്താവിന്റെ ദിനം ആസന്നമായിരിക്കുന്നു എന്നതാണ് പ്രഘോഷണത്തിന്റെ പശ്ചാത്തലം. വിധിക്കാൻ കർത്താവ് വരുന്നു. പരിവർത്തനപ്പെടാതെ, പഴയജീവിതരീതി തുടരുന്നവരുടെ മേൽ തീയും ഗന്ധകവും വർഷിക്കും - പണ്ട് സോദോം, ഗൊമോറാ നഗരങ്ങളിലെന്നതുപോലെ. കർത്താവ് അഗ്നിയിറക്കി നശിപ്പിച്ച ആ പട്ടണങ്ങളുടെ സ്ഥാനത്താണ് ഇന്ന് ചാവുകടൽ ഉള്ളത് എന്നു പണ്ഡിത മതം. സ്നാപകന്റെ വേഷം കാണുകയും ശബ്ദം കേൾക്കുകയും ചെയ്തവർ ഏലിയായെ അനുസ്മരിച്ചു; അഗ്നിപ്രവാചകന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള പ്രവചനം അവരെ സംഭീതരാക്കി. "കർത്താവിന്റെ മഹത്തും ഭീതിജനകവുമായ ദിവസം വരുന്നതിനു മുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും. ഞാൻ വന്ന് ദേശത്തെ ശാപം കൊണ്ടു നശിപ്പിക്കാതിരിക്കേണ്ടതിന് അവൻ പിതാക്കന്മാരുടെ ഹൃദയം മക്കളിലേക്കും മക്കളുടെ ഹൃദയം പിതാക്കന്മാരിലേക്കും തിരിക്കും." (മലാ 4, 5-6).

വിധിയുടെ ദിവസം ആസന്നമായിരിക്കുന്നു എന്ന വാർത്ത കേട്ട ജനങ്ങൾ ജോർദ്ദാൻ തീരത്തേക്കു വന്നു. അവർക്കു നല്കുന്ന സന്ദേശത്തിൽ സാമൂഹ്യനീതിയെ സംബന്ധിച്ച സ്നാപകവീക്ഷണത്തിന്റെ രത്നചുരുക്കം കാണാം. "അണലി സന്തതികളേ" എന്ന അഭിസംബോധന തന്നെ സന്ദേശത്തിന്റെ ദിശ സൂചിപ്പിക്കുന്നതാണ്. വക്രതയുടെയും വഞ്ചനയുടെയും പ്രതീകമായി അണലി അറിയപ്പെടാറുണ്ട്. അത് എപ്പോൾ, എവിടെ പ്രത്യക്ഷപ്പെടും എന്നു പറയാനാവില്ല. അതേ സമയം ഉഗ്രവിഷമുള്ള പാമ്പാണ് അണലി. എന്നാൽ ഈ രണ്ട് സവിശേഷതകളെക്കാൾ പ്രവാചകവചനം മറ്റൊരു കാര്യത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. അണലിക്കു കാതില്ല, അണലിക്കു മാത്രമല്ല, ഒരു പാമ്പിനും കേൾവിശക്തിയില്ല എന്ന യാഥാർത്ഥ്യമാണ് ഈ അഭിസംബോധനയിൽ മുഴങ്ങി കേൾക്കുന്നത്. ദൈവശബ്ദം കേൾക്കാതിരിക്കാൻ കാതടയ്ക്കുന്നു. അഥവാ കർത്താവിന്റെ സ്വരം ശ്രവിക്കുവാൻ സാധിക്കുന്നില്ല എന്നതാണ് ആരോപണം. വചനം ശ്രവിച്ച് മനസ്സു മാറ്റി, ജീവിതത്തിൽ പരിവർത്തനം ഉണ്ടാക്കുന്നതിനുപകരം ചില അനുഷ്ഠാനങ്ങളിൽ ഒതുങ്ങുന്ന മനോഭാവമാണ് ഇവിടെ പ്രതിക്കൂട്ടിലാകുന്നത്.

"ആസന്നമായ ക്രോധത്തിൽ നിന്നോടിയകലുക" യാണ് (മത്താ 3,7) ജനത്തിന്റെ ലക്ഷ്യം. എന്നാൽ അവരുടെ മനോഭാവവും ചെയ്തി

കളും ഈ ലക്ഷ്യം പ്രാപിക്കാൻ പര്യാപ്തമല്ല. മൂന്നുകാര്യങ്ങളാണ് നിഷേധാത്മകമായി സ്നാപകൻ എടുത്തുകാട്ടുന്നത്. 1 ഹൃദയപരിവർത്തനമില്ലാത്ത അനുഷ്ഠാനം 2. തങ്ങൾ ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും ജന്മനാ ദൈവരാജ്യത്തിന് അവകാശികളുമാണെന്ന മിഥ്യാധാരണ. 3. വിധി ഇപ്പോഴൊന്നും ഉണ്ടാവില്ല. മാനസാന്തരം അല്പം കഴിഞ്ഞായാലും മതി എന്ന ചിന്ത.

സ്നാപകസവിധത്തിൽ വെള്ളത്തിൽ മുങ്ങുന്നതാണ് അനുഷ്ഠാനം. പക്ഷേ ഏതെല്ലാം നദിയിൽ, എത്രതവണ മുങ്ങിയാലും ദൈവകോപത്തിൽനിന്നു രക്ഷപ്പെടുകയില്ല. മരുഭൂമിയിലെ കുറ്റിക്കാടുകളിൽ തീ പടരുമ്പോൾ വെള്ളം നോക്കി പായുന്ന പാമ്പിനെപ്പോലെയാണ് സ്നാപകന്റെ വാക്കുകേട്ട് ജോർദ്ദാനിൽ മുങ്ങുന്ന ജനം. ഈ മുങ്ങൽ മാത്രം ആരെയും രക്ഷിക്കുകയില്ല. അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനത്തിൽ പങ്കുചേരാൻ ശാരീരികമായി അബ്രാഹത്തിന്റെ സന്തതിയാണെന്ന് അവകാശപ്പെട്ടാൽപോരാ– അതിലുപരി അബ്രാഹത്തെപ്പോലെ വിശ്വാസവും അനുസരണയും ഉണ്ടാകണം. ഇപ്പോഴാണ് വിധി. നല്ല ഫലങ്ങൾ കായ്ക്കാത്ത വൃക്ഷങ്ങളുടെ വേരിനു കോടാലി വച്ചു കഴിഞ്ഞു. വെട്ടി തീയിലിടാൻ ഇനി വൈകില്ല. അതു സംഭവിക്കാതിരിക്കാൻ ഒന്നു മാത്രമാണ് ആവശ്യം, മാനസാന്തരത്തിനു യോജിച്ചഫലം എന്ന് ലൂക്കാ വ്യക്തമായി പറയുന്നുണ്ട്.

“ജനക്കൂട്ടം അവനോടു ചോദിച്ചു. ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഒന്ന്, ഇല്ലാത്തവനു കൊടുക്കട്ടെ' (ലൂക്കാ 3, 10–11). ഏറ്റം പ്രാഥമികമായ തലത്തിൽ തുടങ്ങണം മാനസാന്തരം. മനോഭാവത്തിലുണ്ടാകുന്ന മാറ്റം പ്രവൃത്തിയിൽ പ്രകടമാകണം. സമൂഹത്തിൽ സകലർക്കും ഏറ്റം പ്രാഥമികാവശ്യങ്ങളായ ആഹാരം, വസ്ത്രം എന്നിവ ഉറപ്പുവരുത്തുന്നതിലൂടെയാണ് മാനസാന്തരം പ്രകടമാകേണ്ടത്. രണ്ടുടുപ്പുള്ളവൻ ഒന്നുമില്ലാത്തവന് ഒന്നു കൊടുക്കണം. ആഹാരത്തിന്റെ കാര്യത്തിലും അതുതന്നെ ചെയ്യണം. അനീതിയുടെ ഉറവിടമായ ദ്രവ്യാഗ്രഹത്തിന്റെ തായ്‌വേരിനാണ് സ്നാപകൻ കത്തിവയ്ക്കുന്നത്. ആഹാരവും വസ്ത്രവുമില്ലാതെ അയല്ക്കാരൻ വിഷമിക്കുമ്പോൾ സ്വത്തു സംഭരിക്കുക കഠിന പാപമാണെന്ന് ഇവിടെ സൂചിപ്പിക്കുന്നു. കെടാത്ത അഗ്നിയിൽ എരിഞ്ഞു ചാമ്പലാകാതെ നിരന്തരം ദഹിക്കുക എന്ന ശിക്ഷയായിരിക്കും ഈ അനീതി വിളിച്ചുവരുത്തുക.

പങ്കുവയ്ക്കണം, നിർബന്ധത്തിനു വഴങ്ങിയല്ല, സ്വന്തം ഇഷ്ടം അനുസരിച്ച്, സ്വതന്ത്രമായി. അതിന് മനോഭാവം മാറിയേ മതിയാവൂ. പരിമിതമായ ഭൂവിഭവങ്ങൾ എല്ലാവർക്കുമായി ദൈവം നല്കുന്നതാണെന്നും ആവശ്യത്തിൽ കൂടുതൽ എടുക്കുന്നത് അക്ഷന്തവ്യമായ അപരാധമാണെന്നും ഉള്ള ബോധ്യമാണ് ഇവിടെ മാനസാന്തരത്തിന്റെ തുടക്കം. അയൽക്കാരന്റെ ആവശ്യം എന്റെ അവകാശത്തിന്റെ പരിധി നിർണ്ണയിക്കുന്നു. ആഹാരവും വസ്ത്രവും പങ്കിടുന്നത് ഒരു തുടക്കം മാത്രമാണ്. രണ്ടു കാര്യങ്ങൾ ഇതിലൂടെ അനുസ്മരിപ്പിക്കുന്നു. 1. എന്റെ അവകാശങ്ങൾക്കു പരിധികളും പരിമിതികളുമുണ്ട്. മതി എന്നു പറയാൻ ഞാൻ പഠിക്കണം. സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്തും അതു നല്കുമെന്നു പ്രതീക്ഷിക്കുന്ന സുഖഭോഗങ്ങളും സ്ഥാനമാനങ്ങളും മിഥ്യ മാത്രമല്ല, കനത്ത ശിക്ഷ വിളിച്ചുവരുത്തുന്ന പാപങ്ങളുമാണ്. 2. ആവശ്യം അനുഭവിക്കുന്ന അയല്ക്കാരന് എന്റെ സമൃദ്ധിയിൽ നിന്നു ഞാൻ എന്തെങ്കിലും ദാനം ചെയ്യുന്നെങ്കിൽ അത് വലിയ പ്രശംസയ്ക്കു നിദാനമാകുന്ന ഔദാര്യമല്ല. ഞാൻ നിർവ്വഹിക്കാൻ നിർബന്ധിതമായിരിക്കുന്ന കടമ മാത്രമാണ് അത്.

രാജ്യത്തിനുവേണ്ടി നികുതി പിരിക്കുന്ന ചുങ്കക്കാർക്കും ക്രമസമാധാനനില ഉറപ്പുവരുത്തുന്ന പടയാളികൾക്കും നല്കുന്ന ഉപദേശത്തിൽ നീതിയുടെ മറ്റൊരു വശം പ്രകടമാകുന്നു. "നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്. ആരെയും ഭീഷണിപ്പെടുത്തരുത്, വ്യാജമായ കുറ്റാരോപണം അരുത്, വേതനം കൊണ്ട് തൃപ്തിപ്പെടണം" (ലൂക്കാ 3, 12-14). നികുതി പിരിവും ക്രമസമാധാന പാലനവും സമൂഹത്തിന്റെ നിലനില്പിനും സുഗമമായ നടത്തിപ്പിനും ആവശ്യമാണ്. പൗരന്മാരെല്ലാം അതിനോടു സഹകരിക്കണം. എങ്കിലേ നീതി നിലനില്ക്കൂ. എന്നാൽ ഈ സംവിധാനങ്ങളൊന്നും ചൂഷണത്തിനു കാരണമാകരുത്, നീതി നിഷേധത്തിനു വഴിയൊരുക്കുകയുമരുത് എന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ തലങ്ങളിൽ സമഗ്രമായ ഒരഴിച്ചു പണിയല്ല സ്നാപകൻ ആവശ്യപ്പെടുന്നത്, മറിച്ച് അവയുടെയെല്ലാം നീതിപൂർവ്വകമായ പ്രയോഗമാണ്. നിലവിലുള്ള സംവിധാനങ്ങൾ മാറ്റാതെ തന്നെ സമഗ്രമായ നീതിപാലനം നടപ്പിലാക്കാൻ കഴിയും എന്നാണ് സ്നാപക മതം. അതിനാവശ്യം ഓരോ വ്യക്തിയിലും സംഭവിക്കേണ്ട, ആഴമേറിയ ഹൃദയപരിവർത്തനമാണ്. ഈ പരിവർത്തനത്തിനുള്ള പ്രേരകശക്തിയാകട്ടെ ദൈവരാജ്യം ആസ

ന്നമായിരിക്കുന്നു എന്ന അവബോധവും. മാനസാന്തരം വ്യക്തിജീവിതത്തിലും സമൂഹത്തിലും ദൃശ്യമായ പരിവർത്തനങ്ങൾ വരുത്തും, വരുത്തണം. അതുണ്ടാകുന്നില്ലെങ്കിൽ സമൂലനാശമായിരിക്കും സംഭവിക്കുക എന്ന് കോടാലി, വീശുമുറം, തീക്കൊള്ളി മുതലായ പ്രതീകങ്ങളിലൂടെ താക്കീതു നല്കുന്നു. ഇതെല്ലാം വഴിയൊരുക്കങ്ങൾ മാത്രമാണ്. യഥാർത്ഥ രക്ഷകൻ പിന്നാലെ വരുന്നു. അവനാണ് ശാശ്വതമായ നീതി സ്ഥാപിക്കുക.

ജീവിതസാക്ഷ്യവും ഉപദേശങ്ങളും മാത്രമായിരുന്നില്ല സ്നാപകന്റെ ദൗത്യം. അനീതിയ്ക്കെതിരേ വിട്ടുവീഴ്ചയില്ലാത്ത കടന്നാക്രമങ്ങൾക്കും സ്നാപകൻ തയ്യാറായി. അവന്റെ ശബ്ദം കേട്ട് സിംഹാസനങ്ങൾ കിടിലം കൊണ്ടു. 'നിന്റെ സഹോദരൻ ജീവിച്ചിരിക്കേ അവന്റെ ഭാര്യയെ നീ ഭാര്യയാക്കുന്നത് നിയമലംഘനമാണ്, വ്യഭിചാരമാണ്. ദൈവകോപം വിളിച്ചുവരുത്തുന്ന അനീതിയാണ്. പറഞ്ഞയയ്ക്കൂ ആ വേശ്യയെ' എന്ന് ഹേറോദേസ് അന്തിപ്പാസിനെതിരേ ഗർജ്ജിച്ച സ്നാപകൻ നീതിക്കുവേണ്ടി നിലവിളിക്കുന്ന പ്രവാചകശബ്ദത്തിന്റെ മറ്റൊരു വശം വ്യക്തമാക്കുന്നു. ദാവീദിനെതിരെ നാഥാനും ആഹാബിനെതിരെ ഏലിയായും എടുത്ത പ്രവാചകനിലപാടിന്റെ തുടർച്ച ഇവിടെ കാണാം. രാജകോപം ഭയന്ന് മാളങ്ങളിലൊളിക്കുകയോ ചുവടുമാറ്റി ചവിട്ടുകയോ ചെയ്യുന്ന ഭീരുവായിരുന്നില്ല സ്നാപകൻ. തന്റെ നിലപാടിന്റെയും പ്രഘോഷണത്തിന്റെയും ഫലം എന്തായിരിക്കും എന്നറിഞ്ഞുകൊണ്ടുതന്നെയാണ് സ്നാപകൻ രാജാവിനെ മാനസാന്തരത്തിനു വെല്ലുവിളിച്ചത്.

തന്റെ ജീവൻ അപകടത്തിലായേക്കും എന്നു ഭയന്ന ഹേറോദിയാ തന്ത്രപൂർവ്വം കരുക്കൾ നീക്കി. തടവറയിൽ കിടന്ന സ്നാപകന്റെ തല വെട്ടി തളികയിൽ വച്ചുതരണം എന്ന് മകൾ വഴി ഭർത്താവിനോടാവശ്യപ്പെടാൻ അവൾ മടിച്ചില്ല. ഒരു ആട്ടക്കാരിയുടെ വാക്കുകേട്ട് പ്രവാചകന്റെ കഴുത്തറക്കാൻ നട്ടെല്ലു നഷ്ടപ്പെട്ട ആ ഭരണാധിപൻ തയ്യാറായി. നീതിക്കുവേണ്ടി സ്നാപകൻ കൊടുക്കേണ്ടിവന്ന വില തന്റെ തല തന്നെയായിരുന്നു.

സ്നാപകൻ വരച്ചു കാട്ടുന്ന സാമൂഹ്യനീതിയുടെ രൂപരേഖ ഇവിടെ പൂർത്തിയാകുന്നു. അത്യാവശ്യകാര്യങ്ങൾ കൊണ്ടു തൃപ്തിപ്പെടുന്ന ജീവിതം. ആർഭാടങ്ങളും ആഡംബരങ്ങളും ഒഴിവാക്കി, ഏവർക്കും ഈ ഭൂമിയിൽ ജീവിക്കാനും വളരാനും അവസരം സൃഷ്ടിക്കുന്ന ലാളിത്യം. ആചാരാനുഷ്ഠാനങ്ങളിൽ അഭിരമിക്കാതെ പാരമ്പ

ര്യങ്ങളിൽ ഊറ്റം കൊള്ളാതെ, പൂർണഹൃദയത്തോടെ കർത്താവി ലേക്കു തിരിയാനും അയല്ക്കാരനെ തന്നെപ്പോലെ തന്നെ പരിഗണിച്ചു സ്നേഹിക്കാനും പരിചരിക്കാനും തയ്യാറാകുന്ന സാഹോദര്യം. അനീതിയുടെ കോട്ടകൾക്കു മുമ്പിൽ ഭയന്നു പിന്മാറാതെ ദൈവനിയമത്തിന്റെ പേരിൽ പരിവർത്തനത്തിനു വെല്ലുവിളിക്കുന്ന പ്രവാചക ധീരത. ഇതൊക്കെയാണ് സ്നാപകയോഹന്നാനിൽ നിന്ന് ഇന്നും സ്വീകരിക്കാവുന്ന സാമൂഹ്യനീതിയെ സംബന്ധിച്ച വിലപ്പെട്ട പാഠങ്ങൾ.

# 24

# ജീവിതംതന്നെ പ്രബോധനം

*"കുറുനരികൾക്കും മാളങ്ങളും ആകാശത്തിലെ പക്ഷികൾക്ക് കൂടുകളുമുണ്ട്. മനുഷ്യപുത്രന് തലചായ്ക്കാനിടമില്ല"* (ലൂക്കാ 9, 58).

സാമൂഹ്യനീതിയെ സംബന്ധിച്ച ബൈബിൾ പഠനം അതിന്റെ കേന്ദ്രത്തിൽ എത്തുന്നത് മനുഷ്യനായി അവതരിച്ച ദൈവവചനത്തിന്റെ ജീവിതത്തിലും പ്രബോധനങ്ങളിലുമാണ്. പറഞ്ഞു പഠിപ്പിക്കുന്നതിനു മുമ്പേ ജീവിച്ചുകാണിക്കുകയാണ് മനുഷ്യപുത്രനായ യേശു ചെയ്തത്. അതിനാൽ സാമൂഹ്യനീതിയെ സംബന്ധിച്ച അന്വേഷണം അവന്റെ ജീവിതത്തിൽതന്നെ തുടങ്ങണം.

യേശുവിന്റെ ജീവിതത്തിൽ സംഭവിച്ചതൊന്നും ആകസ്മികമായിരുന്നില്ല, എല്ലാം ദൈവം മുൻകൂട്ടി നിശ്ചയിച്ചതും പ്രവാചകന്മാർ വഴി അറിയിച്ചിരുന്നതുമായിരുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങിയോ, മററു മാർഗങ്ങൾ ഇല്ലാത്തതിനാലോ യേശു ഒന്നും ചെയ്തിട്ടില്ല, പറഞ്ഞിട്ടുമില്ല. ഈ നിരീക്ഷണം തുടർന്നുള്ള ചർച്ചയിൽ ഒരു നിർണായക ഘടകമായി എടുക്കണം. പിതാവിന്റെ ഹിതം ഒന്നു മാത്രമാണ് യേശുവിന്റെ ജീവിതത്തെ നയിച്ചത് (യോഹ 4, 34; ലൂക്കാ 22, 34; മത്താ 26, 53-54). വിട്ടുവീഴ്ചയില്ലാത്ത അനുസരണമായിരുന്നു ആ ജീവിതത്തിന്റെ മുഖമുദ്ര. കാലിക്കൂടുമുതൽ കാൽവരി വരെ

ദീർഘിച്ച ജീവിതം പൂർണമായും ഒരു വെളിപ്പെടുത്തലായിരുന്നു; പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെയും രക്ഷാകരപദ്ധതിയുടെയും അതിനോടുള്ള പുത്രന്റെ സമ്പൂർണ സമർപ്പണത്തിന്റെയും വെളിപ്പെടുത്തൽ. അതിൽ സാമൂഹ്യനീതിയുടെ സമഗ്രമായ ഒരു ചിത്രം കാണാം.

നസ്രത്തിലെ തച്ചനു വിവാഹനിശ്ചയം ചെയ്തിരുന്ന മറിയം എന്ന ഗ്രാമീണ കന്യകയുടെ മകനായി പിറക്കുക എന്ന തീരുമാനത്തിൽ തുടങ്ങുന്നു ഈ വെളിപ്പെടുത്തൽ. പിതാക്കന്മാരോടും പ്രവാചകന്മാർ വഴിയും മുൻകൂട്ടി അറിയിച്ചിരുന്ന രക്ഷകൻ ദാവീദിന്റെ പുത്രനായി ജനിക്കുന്ന രാജാവായിരിക്കും എന്ന് ഇസ്രായേൽ ജനം ന്യായമായും പ്രതീക്ഷിച്ചു. ദാവീദിന്റെ വംശത്തിൽ ജനിക്കുന്നത് ഈ പ്രതീക്ഷയുടെ ഭാഗികമായ പൂർത്തീകരണമായിരുന്നു. എന്നാൽ തികച്ചും അജ്ഞാതമായ, ബൈബിളിൽ ഒരിക്കൽപ്പോലും എടുത്തു പറഞ്ഞിട്ടില്ലാത്ത നസ്രത്ത് എന്ന കുഗ്രാമത്തിലെ ഒരു മരയാശാരിയുടെ മകനായിരിക്കും രക്ഷകൻ എന്ന് അവർക്ക് സ്വപ്നത്തിൽപോലും വിശ്വസിക്കാൻ കഴിയുമായിരുന്നില്ല.

യൗസേപ്പിനു നല്കിയിരിക്കുന്ന 'തച്ചൻ' എന്ന വിവർത്തനം ശരിയല്ല എന്ന് വാദിക്കുന്നവരുണ്ട്. മൂലഭാഷയായ ഗ്രീക്കിൽ തെഖ്തോൺ (teckton) എന്ന പദത്തിന് ഒരു സാധാരണ മരപ്പണിക്കാരൻ എന്നല്ല, രാജകൊട്ടാരങ്ങളും ദേവാലയങ്ങളും പ്രഭുമന്ദിരങ്ങളും പോലെ അമൂല്യഭവനങ്ങളും വസ്തുക്കളും സംവിധാനം ചെയ്യുകയും നിർമ്മിക്കുകയും ചെയ്യുന്ന 'രാജശില്പി' എന്നാണ് വിവർത്തനം ചെയ്യേണ്ടത് എന്നു കരുതുന്നവരുണ്ട്. യൗസേപ്പ് ഒരു ഗ്രാമീണ മരപ്പണിക്കാരനായിരുന്നില്ല. ഹേറോദോസ് അന്തിപ്പാസ് സെഫോറിസിൽ നിന്ന് മാറ്റി ഗലീലിയുടെ തലസ്ഥാനം പുതുതായി നിർമ്മിച്ച തിബേരിയാസ് എന്നു പേരു കൊടുത്ത പട്ടണത്തിന്റെ മുഖ്യശില്പിയായിരുന്നു എന്ന വാദം ഒരു നോവലിൽ സ്വീകാര്യമാകാമെങ്കിലും ചരിത്രത്തിന്റെ വെളിച്ചത്തിൽ തെളിയിക്കാനാവില്ല. അതിനാൽത്തന്നെ, പിതാവിന്റെ തൊഴിൽ ഏറ്റെടുത്ത് തുടർന്നുപോയ യേശുവിനെയും ഒരു സാധാരണ മരപ്പണിക്കാരനായിത്തന്നെയാണ് സുവിശേഷങ്ങൾ അവതരിപ്പിക്കുന്നത്.

ഈ തുടക്കംതന്നെ വ്യക്തമായൊരു തിരഞ്ഞെടുപ്പിന്റെ അടയാളമായിരുന്നു. മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിച്ച്, അന്യരുടെ അദ്ധ്വാനഫലത്താൽ ഉപജീവനം കഴിക്കുന്ന പരാന്നഭോജിയല്ല, സ്വയം അധ്വാനിച്ച് ജീവിക്കുന്ന ഒരു തൊഴിലാളിയായിരുന്നു യേശുവിന്റെ പിതാവും യേശുവും. നീതിയുടെ ഒരു മാനദണ്ഡം ഇവിടെ അനാവൃ

തമാകുന്നു. "നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കും" (ഉൽപ. 3, 19) എന്ന സകലമനുഷ്യരുടെയും അവസ്ഥയും ഉത്തരവാദിത്വവും വെളിപ്പെടുത്തുകയും ചെയ്തു. ഈ മാതൃകയുടെ വെളിച്ചത്തിലാണ് 'അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ' (2തെസ 3, 10) എന്ന് പൗലോസ് കല്പിക്കുന്നത്. അധ്വാനം വഴി ഉപജീവനമാർഗം കണ്ടെ ത്താൻ എല്ലാവർക്കും കടമയുണ്ട്, അവകാശവും. അതിനാവശ്യമായ സാഹചര്യങ്ങൾ ലഭ്യമാക്കുകയും സാമൂഹ്യനീതിയുടെ ഭാഗം തന്നെ.

പട്ടണത്തിനു വെളിയിൽ, മൃഗങ്ങൾക്ക് വാസസ്ഥലമായിരുന്ന ഗുഹയിൽ പിറക്കുന്നതും ഈ തിരഞ്ഞെടുപ്പിന്റെ ഭാഗം തന്നെയാണ്. "അവനെ പിള്ളക്കച്ചകൾ കൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിട ത്തി. കാരണം സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല." (ലൂക്കാ 2, 7) ദാവീദിന്റെ ജനനസ്ഥലമാണ് ബെത്‌ലഹെം. മിശിഹാ രാജാവ് ഈ പട്ടണത്തിൽ ജനിക്കും എന്ന പ്രവചനമുണ്ടായിരുന്നു (മിക്കാ 5,2). എന്നാൽ അത് ഒരു തൊഴുത്തിലായിരിക്കും എന്ന് ആർക്കും ഊഹി ക്കാൻ പോലും കഴിഞ്ഞില്ല. മനുഷ്യർ കാണുന്നതുപോലെയല്ല ദൈവം കാണുന്നതും വിലയിരുത്തുന്നതും എന്ന് തുടക്കം മുതലേ അനുസ്മ രിപ്പിക്കുന്നു. യഹൂദരുടെ രാജാവിനെ തേടിവന്ന ജ്ഞാനികൾക്കു വഴി തെറ്റി. കാരണം അവർ രാജകൊട്ടാരത്തിലാണവനെ അന്വേഷിച്ചത്. മനുഷ്യന്റെ കാഴ്ചപ്പാടിൽ ഉന്നതവും അമൂല്യവുമായി കാണുന്നത് ദൈവദൃഷ്ടിയിൽ വിലകെട്ടതായി അവതരിപ്പിക്കുന്ന ഒരു നിഷേധ ത്തിന്റെ കാഴ്ചപ്പാടും നിലപാടും തുടക്കത്തിലേ തെളിയുന്നു.

"എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക... ഹേറോദേസ് ശിശുവിനെ വധിക്കാൻ വേണ്ടി ഉടനെ അന്വേഷണം തുടങ്ങും" (മത്താ. 2, 13). ജീവൻ രക്ഷിക്കാൻ വേണ്ടി അർദ്ധരാത്രിയിൽ നാടുവിട്ടോടേണ്ടി വരുന്ന അഭയാർത്ഥിയുടെ ജീവിതം അവൻ സ്വമനസ്സാ സ്വീകരിച്ചു. രാഷ്ട്രീയാധികാരികൾക്ക് ഭീഷണിയും തജ്ജന്യമായ അവരുടെ ഭയത്തിൽ നിന്നുയരുന്ന ക്രൂര തയ്ക്ക് ഇരയും ആവുക എന്നതും രക്ഷകൻ സ്വീകരിച്ച, ദൈവം ഏല്പിച്ച ജീവിതത്തിന്റെ ഭാഗമായിരുന്നു. മനുഷ്യൻ അനുഭവിക്കുന്ന എല്ലാ പീഡനങ്ങളും ദുഃഖങ്ങളും അരക്ഷിതാവസ്ഥകളും സ്വതന്ത്രമായി ഏറ്റെടുത്തുകൊണ്ട് വീണ്ടും നീതിയുടെ പാഠം പഠിപ്പിക്കുന്നു. "ഈജി പ്തിൽ നിന്ന് ഞാൻ എന്റെ മകനെ വിളിച്ചു" (ഹോസി 11,1) എന്ന പ്രവചനം ഇവിടെ പൂർത്തിയായി; അതോടൊപ്പം സകല പീഡിതരോടും മർദ്ദിതരോടുമുള്ള താദാത്മീകരണവും.

നസ്രത്തിലേക്കു മടങ്ങിവന്നവൻ മാതാപിതാക്കന്മാർക്കു വിധേയനായി ജീവിച്ചു.(ലൂക്കാ 2, 51); പിതാവിന്റെ കൂടെ തൊഴിൽ അഭ്യസിച്ചു. ഈ തൊഴിൽ കൊണ്ടുതന്നെ ഉപജീവനം കഴിച്ചു. അങ്ങനെ തച്ചൻ, മരപ്പണിക്കാരൻ എന്ന തൊഴിൽപ്പേരും കിട്ടി. (മർക്കോ 6,3). പരസ്യജീവിതത്തിനുള്ള വിളി ലഭിക്കുന്നതു വരെ അജ്ഞാതനായ ഒരു തൊഴിലാളിയായി ജീവിച്ചുകൊണ്ട് തൊഴിലിന്റെ മഹത്വവും സാമൂഹ്യനീതി യാഥാർത്ഥ്യമാക്കുന്നതിൽ അധ്വാനത്തിനുള്ള സ്ഥാനവും സ്വന്തം ജീവിതം കൊണ്ട് പഠിപ്പിച്ചു.

ജോർദ്ദാനിൽ വച്ച് സ്നാനം സ്വീകരിച്ച യേശുവിനു മുകളിൽ സ്വർഗം തുറന്നു; പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന് അവനിൽ ആവസിച്ചു. തടുർന്ന് സ്വർഗത്തിൽ നിന്ന് പിതാവിന്റെ ശബ്ദം മുഴങ്ങി: “നീ എന്റെ പ്രിയപുത്രൻ. നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു” (മാർക്കോ 1, 11). സംശയമില്ല, ഇതു തുടക്കമായിരുന്നു. പരസ്യജീവിതത്തിന്റെ തുടക്കം. പിതാവിൽ നിന്ന് അംഗീകാരവും ആത്മാഭിഷേകവും സ്വീകരിച്ച് ദൗത്യം ആരംഭിക്കുന്ന ദൈവപുത്രൻ ആദ്യം എടുക്കുന്ന തീരുമാനവും ചെയ്യുന്ന പ്രവൃത്തിയും സാമൂഹ്യനീതിയെ സംബന്ധിച്ച് സുപ്രധാനമായൊരു കാഴ്ചപ്പാട് അവതരിപ്പിക്കുന്നു.

നാല്പതു ദിനരാത്രങ്ങളിലെ ഉപവാസം, ദൈവികസാന്നിദ്ധ്യത്തിൽ ഭാവി പദ്ധതികൾക്കു രൂപം നല്കുന്നതിനോടൊപ്പം നീതിനിഷേധിക്കപ്പെട്ട്, വിശപ്പിനും ദാഹത്തിനും ഇരയായിത്തീരുന്നവരുടെ അനുഭവങ്ങളും അവർ നേരിടുന്ന പ്രലോഭനങ്ങളും സ്വന്തം ജീവിതത്തിൽ അനുഭവിക്കുകകൂടിയായിരുന്നു. എളുപ്പമാർഗത്തിൽ അപ്പം സമ്പാദിക്കാനും അപ്പത്തെ അധികാരത്തിന്റെയും ആധിപത്യത്തിന്റെയും ആയുധമാക്കിമാറ്റാനുമുള്ള പ്രലേഭനമാണ് ഈ ഉപവാസദിനങ്ങളിൽ മുന്നിട്ടു നിന്നത്.

അപ്പം ആവശ്യമെങ്കിലും ആത്മാവിനുള്ള ആഹാരം കൂടുതൽ പ്രധാനമാണെന്ന തിരിച്ചറിവ് പ്രലോഭനത്തിനു മറുപടിയാകുന്നു; ഒപ്പം ആരും അപ്പത്തിന് അടിമയാകരുതെന്നും ആരെയും അടിമയാക്കരുതെന്നുമുള്ള പ്രബോധനവും. മനുഷ്യന്റെ ഏറ്റവും പ്രാഥമികവും അടിസ്ഥാനപരവുമായ ആവശ്യവും അവകാശവുമാണ് അപ്പം. അതിനായി എല്ലാവരും അധ്വാനിച്ചേ മതിയാകൂ. അതിനാൽ അധ്വാനിക്കാതെ അപ്പം സമ്പാദിക്കാനും അധ്വാനിച്ചാലും അപ്പം ലഭ്യമാകാതിരിക്കാനും വഴിയൊരുക്കുന്ന സകല സാമൂഹ്യസംവിധാനങ്ങളുടെയും നേരെയുള്ള

നിഷേധാത്മകമായ മറുപടിയാണ് പ്രലോഭകനു നല്കുന്നത്. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്" (മത്തായി 4,4).

വിസ്മയങ്ങളിലൂടെ അത്ഭുതപ്പെടുത്തി ജനശ്രദ്ധ പിടിച്ചുപറ്റാനും അതുവഴി ജനത്തിനുമേൽ ആധിപത്യം ഉറപ്പിക്കാനുമുള്ള പ്രലോഭനവും യേശു തിരിച്ചറിഞ്ഞു, തള്ളിപ്പറഞ്ഞു. അത്ഭുതങ്ങൾക്കുവേണ്ടിയുള്ള ദാഹവും അതിൽ പതിയിരിക്കുന്ന ചതിക്കുഴികളും തിരിച്ചറിഞ്ഞുകൊണ്ടാണ് ദൈവത്തെ പരീക്ഷിക്കരുത് എന്ന മറുപടി നല്കുന്നത് (മത്തായി 4, 7). സഹജീവികൾക്കുമേൽ ആധിപത്യം സ്ഥാപിക്കുന്ന ഭൗതികാധികാരം പൈശാചികമാണെന്ന വെളിപ്പെടുത്തലിൽ എന്നും നിലനില്ക്കുന്ന അനീതിയുടെ അടിത്തറ വെളിവാകുന്നു (മത്തായി 4, 10). ഇനി അവശേഷിക്കുന്നത് സ്നേഹത്തിന്റെ, ത്യാഗത്തിന്റെ കുരിശിന്റെ മാർഗമാണ്. അതാണ് നീതിയിലേക്കുള്ള വഴിയായി യേശു തിരഞ്ഞെടുത്തതും, നടന്നു തീർത്തതും.

താൻ ഉദ്ഘാടനം ചെയ്യുന്ന ദൈവരാജ്യത്തിന്റെ ആദ്യത്തെ അംഗങ്ങളും ശുശ്രൂഷകരും പ്രഘോഷകരും ആയി തെരഞ്ഞെടുത്തവരിൽ നിന്നും ഇപ്രകാരം ഒരു തീരുമാനവും തദനുസൃതമായ ജീവിതശൈലിയും യേശു ആവശ്യപ്പെട്ടു. ഒന്നുമില്ലാത്ത പരമദരിദ്രരായിരുന്നില്ല യേശു തിരഞ്ഞെടുത്ത ആദ്യശിഷ്യന്മാർ. വള്ളവും വലയും കൂലിക്കാരും സ്വന്തമായുണ്ടായിരുന്നു അവർക്ക്. പുരാവസ്തു ഗവേഷകർ കഫർണാമിൽ അനാവരണം ചെയ്തു പ്രദർശിപ്പിക്കുന്നതു വിശ്വസിക്കാമെങ്കിൽ, ഏകദേശം എട്ടു മുറികളുള്ള സാമാന്യം വലിയ ഒരു വീടിന്റെ ഉടമയായിരുന്നു ശിഷ്യപ്രമുഖനായ ശിമയോൻ. പിന്നീട് മെഴുകുപോലെ ഉരുകിയെങ്കിലും പാറ എന്നാണ് ഗുരു അവനെ വിളിച്ചത്. വിളികേട്ടവരെല്ലാം തങ്ങൾ ക്കുണ്ടായിരുന്നതെല്ലാം ത്യജിച്ച്, വെറും കയ്യോടെ ഗുരുവിനു പിന്നാലെ പോയി. (മർക്കോ 1, 16–20; 10, 28). ഇത് യേശു തിരഞ്ഞെടുത്ത ജീവിതശൈലിയുടെ ഭാഗമായിരുന്നു.

തന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവർ തുടക്കത്തിലേ വ്യക്തമായി ചില കാര്യങ്ങൾ അറിഞ്ഞിരിക്കണമെന്നു യേശുവിനു നിർബന്ധമുണ്ടായിരുന്നു. പണിശാല ഉപേക്ഷിച്ച് ഇറങ്ങിത്തിരിച്ചവന് നാളെയേ സംബന്ധിച്ച് ഭൗതികമായ യാതൊരു സുരക്ഷിതത്വവും ഇല്ലായിരുന്നു. പക്ഷികൾക്കും മൃഗങ്ങൾക്കുമുള്ള കൂടും മാളവും തരുന്ന സുരക്ഷിതത്വം പോലും അവനും അനുയായികൾക്കും ഉണ്ടായിരിക്കുകയില്ല. പിന്നെ എങ്ങനെ ജീവിക്കും? എന്താണൊരുറപ്പ്?

തലചായ്ക്കാൻ ഇടമില്ലാത്തവൻ ഭൂസ്വർഗങ്ങളുടെ ഉടമയാണെന്ന ബോധ്യമാണ് യേശുവിനുണ്ടായിരുന്നതും കൈമാറാൻ ശ്രമിച്ചതും. ദൈവത്തെ പിതാവേ എന്നു വിളിക്കുകയും വിളിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഈ സത്യം യേശു വെളിപ്പെടുത്തുന്നു. സകലതിന്റെയും സ്രഷ്ടാവ് തന്റെ പിതാവാണെന്നും പിതാവിനുള്ളതെല്ലാം തന്റേതുമാണെന്നും യേശു അറിഞ്ഞു. അതു വിശ്വസിക്കാൻ ശിഷ്യരെ പഠിപ്പിച്ചു; പ്രാപ്തരാക്കി. സാമൂഹ്യനീതിയുടെ ആണിക്കല്ലാണ് ഈ വിശ്വാസം. ഇതിൽ നിന്നായിരിക്കണം സാമൂഹികക്രമങ്ങളെ സംബന്ധിച്ച പദ്ധതികളും നിയമങ്ങളും രൂപപ്പെടേണ്ടത്.

സ്വന്തമായി ഒന്നുമില്ല എന്നറിയുമ്പോഴും ഒന്നിനും കുറവു വരാൻ പിതാവും പരിപാലകനുമായ ദൈവം അനുവദിക്കുകയില്ല എന്ന് യേശു അനുഭവത്തിലൂടെ കാട്ടിത്തന്നു; വാക്കുകളിലൂടെ പഠിപ്പിച്ചു. യേശുവും ശിഷ്യരും പങ്കെടുക്കുന്ന നിരവധി വിരുന്നുകൾ ഈ ദൈവികപരിപാലനയുടെ അടയാളങ്ങളായിരുന്നു. തന്നെ ക്ഷണിച്ച ആരുടെയും വിരുന്നിൽ നിന്ന് യേശു ഒഴിഞ്ഞുമാറിയില്ല. തന്നെയുമല്ല, വിരുന്നുകൾ സാമൂഹ്യനീതിയും സമാധാനവും ഐക്യവും സന്തോഷവും സ്ഥാപിക്കാനുള്ള അവസരങ്ങളും ഉപകരണങ്ങളുമായി പരിഗണിക്കുകയും ചെയ്തു. ചുങ്കക്കാരൻ മത്തായിയുടെയും ഫരിസേയൻ ശിമയോന്റെയും വിരുന്നുകളിൽ പങ്കെടുത്ത യേശു, വിരുന്നു മേശയ്ക്കു ചുറ്റും നീതിനിഷ്ഠമായ ഒരു സമൂഹത്തെ രൂപപ്പെടുത്തുകയായിരുന്നു. ആ വിരുന്നു മേശകൾ തന്നെ സമൂലപരിവർത്തനങ്ങളിലൂടെ സംജാതമാകേണ്ട സാമൂഹ്യനീതിയെക്കുറിച്ചുള്ള പ്രബോധന വേദിയാക്കി മാറ്റിയിരുന്നു (ലൂക്കാ 7, 36-50; 11, 37-54).

ധനികരുടെ പ്രൗഢിയിലോ അധികാരികളുടെ ധാർഷ്ട്യത്തിലോ അവൻ ആകൃഷ്ടനായില്ല; ഭയന്നു പിന്മാറിയതുമില്ല. പങ്കുവയ്ക്കാനുള്ള നിർദേശത്തെ പുച്ഛിച്ച ഫരിസേയർക്കെതിരേ അവനു പറയാനുണ്ടായിരുന്നത് ആസന്നമായിരിക്കുന്ന ദൈവത്തിന്റെ ക്രോധാഗ്നിയെക്കുറിച്ചായിരുന്നു. (ലൂക്കാ 16, 13-16. 19-31). സ്വരുക്കൂട്ടിവയ്ക്കുന്ന സമ്പത്തിനെ ദൈവാനുഗ്രഹത്തിന്റെയല്ല, അനീതിയുടെയും അതു വിളിച്ചു വരുത്തുന്ന ശാപത്തിന്റെയും അടയാളമായിട്ടാണ് അവൻ കണ്ടത്: "മനുഷ്യർക്ക് ഉൽകൃഷ്ടമായത്, ദൈവദൃഷ്ടിയിൽ നികൃഷ്ടമാണ്" (ലൂക്കാ 16, 15).

തന്റെ പ്രവർത്തനങ്ങളാൽ അസ്വസ്ഥനായ നാടുവാഴി വധിക്കാൻ ഒരുങ്ങുന്നു എന്നറിയിച്ച ഫരിസേയനോട് യേശുവിനു പറയാനുണ്ടാ

യിരുന്നത് ഭയന്നടിയറവയ്ക്കുന്ന വിധേയത്വത്തിന്റെ മറുപടിയായിരുന്നില്ല; "നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ..." (ലൂക്കാ 13, 31-33). നാടുവാഴിയുടെ മാത്രമല്ല ലോകം മുഴുവന്റെയും മേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു എന്നു കരുതിയ റോമിന്റെ ഭരണാധികാരിയോടും യേശുവിന്റെ സമീപനം ഇതുതന്നെയായിരുന്നു. (യോഹ 19, 11). നികുതിയെക്കുറിച്ചുള്ള ചോദ്യത്തിലൂടെ തന്നെ കുടുക്കിലാക്കാൻ വന്നവർക്കു നല്കിയ മറുപടിയിൽ ഈ നിലപാടു വ്യക്തമാക്കുന്നു. "സീസറിന്റേത് സീസറിനും ദൈവത്തിന്റേതു ദൈവത്തിനും" (മർക്കോ 12, 17). ദൈവത്തിന്റേതല്ലാതെ എന്താണ് സീസറിനുള്ളത്? ഒന്നുമില്ലെങ്കിൽ അതു സീസറിന്റെ അധികാരത്തെയും ആധിപത്യത്തെയും തള്ളിപ്പറയുന്നതിനു തുല്യമാവില്ലേ?

ഇതായിരുന്നു കേൾവിക്കാർ കണ്ടെത്തിയ നിഗമനം എന്ന് പിന്നീട് അവർ ഉയർത്തുന്ന ആരോപണം സൂചിപ്പിക്കുന്നുണ്ട്. "ഈ മനുഷ്യൻ ഞങ്ങളുടെ ജനത്തെ വഴിതെറ്റിക്കുകയും സീസറിനു നികുതി കൊടുക്കുന്നതു നിഷേധിക്കുകയും താൻ രാജാവായ ക്രിസ്തുവാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു" (ലൂക്കാ 23, 2). സകല അധികാരങ്ങളും ദൈവത്തിൽ നിന്നാണെന്നും ദൈവത്തിന്റെ അധികാരത്തെ അംഗീകരിച്ചുകൊണ്ടു മാത്രമേ ഭൗതിക അധികാരങ്ങൾക്കും അധികാരികൾക്കും നിലനിൽക്കാൻ അവകാശമുള്ളു എന്നുമായിരുന്നു യേശുവിന്റെ പ്രബോധനം. അവിടെ ത്തന്നെയാണ് സാമൂഹ്യനീതിയുടെയും ഉറവിടം.

ഇപ്രകാരമുള്ള ജീവിതവും പ്രബോധനവും സ്വാഭാവികമായും എതിർപ്പുകളെ നേരിട്ടു. ഒറ്റപ്പെടുത്തലുകളും കുറ്റാരോപണങ്ങളും തിരസ്കരണങ്ങളും വധശ്രമങ്ങളും ഉണ്ടായി. വായ്പ വാങ്ങിയ കഴുതപ്പുറത്ത് രാജാവായി ജറൂസലേമിൽ പ്രവേശിച്ചവൻ നാലു നാൾ കഴിഞ്ഞപ്പോൾ കുരിശും ചുമന്ന് നഗരത്തിനു പുറത്തേക്കു വന്നു. മറ്റൊരു ഘോഷയാത്ര - അതോ വിലാപയാത്രയോ? യേശുവിന്റെ അവസ്ഥയിൽ ദുഃഖാർത്തരായ സ്ത്രീകൾക്ക് അതൊരു വിലാപയാത്രയായിരുന്നു. യേശുവിന്റെ വിരോധികൾക്ക് ആഘോഷയാത്രയും. യാത്രയ്ക്കു മുൻപേ കൊണ്ടുപോയ ഫലകം യാത്രയുടെ യഥാർത്ഥ സ്വഭാവം വിളിച്ചറിയിച്ചു; 'നസ്രത്തിലെ യേശു, യഹൂദരുടെ രാജാവ്' അല്പം ആഴത്തിൽ കാണാൻ കഴിഞ്ഞവർക്ക് ഇത് യഥാർത്ഥത്തിൽ ഘോഷയാത്ര തന്നെയായിരുന്നു. പാപത്തിനുമേൽ ദൈവത്തിന്റെ സ്നേഹം, മരണത്തിനുമേൽ ജീവൻ, അനീതിക്കുമേൽ ദൈവികനീതി വിജയം വരിക്കുന്നതിന്റെ ആഘോഷം വിളിച്ചറിയിക്കുന്ന ഘോഷയാത്ര!

അതുവരെ മനുഷ്യൻ കരുതിവച്ചിരുന്ന മൂല്യശ്രേണികളെ തല കുത്തി നിർത്തുന്നതായിരുന്നു യേശുവിന്റെ ജീവിതം നല്കുന്ന പ്രബോധനം. എല്ലാവർക്കുമായി ദൈവം നല്കിയതാണ് ഈ ഭൂമിയും അതിലെ വിഭവങ്ങളും. സമ്പത്ത് സ്വരുക്കൂട്ടി വയ്ക്കാനുള്ളതല്ല, എല്ലാവർക്കുമായി പങ്കുവയ്ക്കാനുള്ളതാണ്. അധികാരമെന്നാൽ, ആധിപത്യമല്ല സേവനത്തിനുള്ള അവകാശവും കടമയുമാണ്. ഏറ്റം താഴെയുള്ളവരാണ് ഏറ്റം വലിയവർ. ഉണ്ണുന്നവനല്ല, വിളമ്പുന്നവനാണ് കൂടുതൽ ശ്രേഷ്ഠൻ. ജീവൻ മരണത്തേക്കാൾ ശക്തമാണ്. ദാരിദ്ര്യം ശാപമല്ല, ദൈവാനുഗ്രഹത്തിന്റെ അടയാളമാണ് എന്നിങ്ങനെ നിരവധി തിരുത്തലുകൾ നല്കുന്നതായിരുന്നു യേശുവിന്റെ ജീവിതം. അതിന്റെ പിൻബലത്തോടെയാണ് സാമൂഹ്യനീതിയെ സംബന്ധിച്ച പുതിയ പ്രബോധനങ്ങൾ യേശു നല്കിയത്. അതിലേക്ക് അടുത്തതായി ശ്രദ്ധ തിരിക്കാം.

# 25

# ദൈവരാജ്യത്തിന്റെ നീതി

*“നിങ്ങൾ അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ. അതോടൊപ്പം മറ്റുള്ളതെല്ലാം നിങ്ങൾക്കു ലഭിക്കും”* (മത്താ 6, 38).

എന്താണ് യേശു പ്രഘോഷിച്ച സുവിശേഷം എന്ന് ഒറ്റവാക്കിൽ ചോദിച്ചാൽ ഒറ്റവാക്കിൽ ഉത്തരം പറയാം. ദൈവരാജ്യം. യേശു വന്നതിന്റെ ലക്ഷ്യം ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുക എന്നതായിരുന്നു. തുടക്കം മുതൽ ഒടുക്കം വരെ യേശുവിന്റെ പ്രബോധനത്തിൽ നിറഞ്ഞുനിന്നതാണ് ദൈവരാജ്യം. സാമൂഹ്യനീതിയെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം കണ്ടെത്താൻ ശ്രമിക്കുമ്പോൾ ഈ അവബോധം അനിവാര്യമാണ്. ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കാനുള്ള ആഹ്വാനം ഈ രണ്ടു കാര്യങ്ങൾ തമ്മിലുള്ള അഭേദ്യമായ ബന്ധം എടുത്തുകാട്ടുന്നു. ദൈവരാജ്യത്തിന്റെ ഒരു സവിശേഷതയാണ് നീതി; അതിന്റെ തന്നെ സുപ്രധാനമായ ഒരു വശമാണ് സാമൂഹ്യനീതി.

ആത്മാഭിഷേകം സ്വീകരിച്ച്, മരുഭൂമിയിൽ വച്ച് പ്രലോഭകനെ പരാജയപ്പെടുത്തി, ദൈവഹിതം അതിന്റെ പൂർണതയിൽ നിറവേറ്റാനുള്ള തീരുമാനത്തോടെ ഗലീലിയിലേക്കു മടങ്ങിവന്ന യേശുവിന്റെ ആദ്യ പ്രഘോഷണം ചുരുക്കം വാക്കുകളിൽ മർക്കോസ് അവതരിപ്പിക്കുന്നത്

ഇങ്ങനെയാണ്; "അവൻ പറഞ്ഞു, സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1, 15).

യേശുവിന്റെ പ്രബോധനങ്ങളുടെ സംഗ്രഹം എന്നു വിശേഷിപ്പിക്കാവുന്ന ഈ വാക്യം രണ്ടു പ്രഖ്യാപനങ്ങളും രണ്ട് ആഹ്വാനങ്ങളും ഉൾക്കൊള്ളുന്നു. നൂറ്റാണ്ടുകളായി ഇസ്രായേൽ ജനം മാത്രമല്ല, ലോകം മുഴുവൻ ആകാംക്ഷയോടെ കാത്തിരുന്ന രക്ഷയുടെ സമയം പൂർത്തിയായി. അതിന്റെ വിശദീകരണമാണ് അടുത്ത പ്രസ്താവന. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. *എഗ്ഗിക്കെൻ* (eggiken)എന്ന ഗ്രീക്കുമൂലത്തിൽ ദൈവരാജ്യത്തിന്റെ സാമീപ്യം എന്നതിനേക്കാൾ സാന്നിദ്ധ്യത്തിനാണ് ഊന്നൽ നല്കുന്നത്. ഇതാ പടിവാതിക്കൽ എത്തിക്കഴിഞ്ഞു. ഇനിയും രാത്രികഴിഞ്ഞിട്ടില്ല എന്നു കരുതി കിടന്നുറങ്ങുന്നവനോട്, "എണീറ്റ് വാതിലും ജനലുകളും തുറക്കൂ, സൂര്യൻ ഉദിച്ചുകഴിഞ്ഞു" എന്നു പറയുന്നതുപോലെയാണിത്.

ഇതുവരെ പ്രതീക്ഷയിലായിരുന്ന ഒന്ന് ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു. തന്റെ വാക്കിലും പ്രവൃത്തിയിലും ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിയാൻ യേശു അനേകം തവണ ആഹ്വാനം ചെയ്തതിന്റെ (ലൂക്കാ 11,20; 17, 21; 6, 20) തുടക്കമാണിത്. എന്താണ് ഈ ദൈവരാജ്യം? ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നത് ദാവിദിന്റെയും സോളമന്റെയും കാലത്തെന്നതുപോലെ ഭൗതികമായ ഒരു രാജ്യത്തെയാണ്; രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ കാര്യങ്ങളിൽ സ്വയം നിർണയാധികാരമുള്ള ഒരു രാജ്യം. ആരുടെയും അടിമയാകാതെ, സമ്പൂർണസ്വാതന്ത്ര്യത്തിൽ കഴിയുന്ന ഒരവസ്ഥ. ഇതിനെ ദൈവരാജ്യം എന്നു വിളിച്ചിരുന്നു. ഇതാണ് അവർ പ്രതീക്ഷിച്ചിരുന്ന സുവിശേഷം. എന്നാൽ ഇത് മാത്രമല്ല യേശു പ്രഘോഷിക്കുന്നത്.

'ദൈവരാജ്യം' എന്ന ആശയം ഏതെങ്കിലും ഒരു പ്രദേശത്തെയോ ജനസഞ്ചയത്തെയോ അല്ല സൂചിപ്പിക്കുന്നത്. നിശ്ചലമായ ഒരു ആശയമല്ല. ചലനാത്മകമായ ഒരു യാഥാർത്ഥ്യമാണ് ദൈവരാജ്യം. ഏശ 52,7 ഈ ആശയം വ്യക്തമാക്കാൻ സഹായിക്കും. "സദ്വാർത്ത അറിയിക്കുകയും സമാധാനം വിളംബരം ചെയ്യുകയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും സീയോനോട് നിന്റെ ദൈവം ഭരിക്കുന്നു എന്നു പറയുകയും ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരം." യുദ്ധത്തിൽ തോറ്റ് മക്കളെല്ലാം അടിമകളായി നാടുകടത്തപ്പെട്ടതിന്റെ ദുഃഖത്താൽ വിലപിച്ച് കണ്ണീരൊഴുക്കുന്ന അമ്മയാണ് പ്രവാചക വീക്ഷണത്തിലെ ജെറുസലെം. വിദൂരസ്ഥമായ ബാബിലോണിൽ നിന്ന് തന്റെ

മക്കൾ എന്നു മടങ്ങിവരും എന്ന് ആകുലതയോടെ നോക്കിയിരിക്കുന്ന അമ്മയോട് പ്രവാചകൻ വഴി ദൈവം അരുളിച്ചെയ്യുന്ന വാക്കുകൾ ദൈവരാജ്യത്തെയും സുവിശേഷത്തെയും സംബന്ധിച്ച വിലപ്പെട്ട ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്.

എല്ലാം നഷ്ടപ്പെട്ടു എന്നു കരുതി കരയുന്നവർക്ക് പ്രവാചകൻ നല്കുന്ന സന്ദേശമാണ് സുവിശേഷം. യുദ്ധഭൂമിയിൽനിന്ന് പാഞ്ഞു വരുന്ന ദൂതനാണ് ഇവിടെ പ്രവാചകൻ. അവൻ വിളിച്ചു പറയുന്നത് ഒരേയൊരു കാര്യം. *'മല് ആക് യാഹ്‌വേ:* യാഹ്‌വേ രാജാവാണ് (രാജാവായിരിക്കുന്നു) – അഥവാ ദൈവം രാജാവായി വാഴുന്നു." ദൈവത്തിന്റെ നഗരമായ ജെറുസലേം കീഴടക്കുകയും ദൈവാലയം അഗ്നിക്കിരയാക്കുകയും ദൈവജനത്തെ തടവുകാരാക്കി പിടിച്ചുകൊണ്ടുപോകുകയും ചെയ്ത ബാബിലോണിനെ ദൈവം യുദ്ധത്തിൽ തോൽപ്പിച്ചിരിക്കുന്നു. അങ്ങനെ ദൈവം രാജാവായിരിക്കുന്നു. ഇതാണ് പ്രസ്താവനയുടെ അർത്ഥം. ഇനി ജനത്തെയും രാജ്യത്തെയും നയിക്കുന്നത് ബാബിലോണിന്റെ നിയമങ്ങളല്ല, ദൈവത്തിന്റെ തിരുഹിതമാണ്. ഈ പശ്ചാത്തലത്തിൽ "ദൈവരാജ്യം" എന്ന ആശയം കൂടുതൽ വ്യക്തമായി ഗ്രഹിക്കാൻ കഴിയും. ഒരു പക്ഷേ, ദൈവരാജ്യം എന്നതിനു പകരം ദൈവഭരണം എന്നു വിവർത്തനം ചെയ്യുന്നതാവും അർത്ഥം ഗ്രഹിക്കാൻ കൂടുതൽ സഹായകം.

ദൈവം ഭരിക്കുന്നു; ദൈവം തന്റെ ഹിതം ഈ ഭൂമിയിൽ നടപ്പിലാക്കുന്നു. ഇതാണ് സുവിശേഷം, അഥവാ സദ്വാർത്ത. മർക്കോസ് തന്റെ ഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നതുതന്നെ ഈ വാക്കുകൊണ്ടാണ്. "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം (മർക്കോ. 1:1). യേശുവിലൂടെ ഈ ഭൂമിയിലേക്ക് കടന്നു വന്ന യാഥാർത്ഥ്യമാണ് ദൈവരാജ്യം; ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പിലാക്കുന്നു എന്നതാണ് സുവിശേഷം. അത് ഇപ്പോൾ ഇവിടെ യേശുവിന്റെ പ്രവർത്തനങ്ങളിലും പ്രഘോഷണങ്ങളിലും യാഥാർത്ഥ്യമാകുന്നു; ദൃശ്യമാകുന്നു– ഇതാണ് പ്രസ്താവനകളുടെ അർത്ഥം. ഇതിന്റെ വെളിച്ചത്തിൽ പ്രതികരിക്കാൻ യേശു ശ്രോതാക്കളെ ആഹ്വാനം ചെയ്യുന്നു. രണ്ടു കാര്യങ്ങളാണ് ആവശ്യപ്പെടുന്നത്. അനുതപിക്കുക, വിശ്വസിക്കുക. പരസ്പരം അഭേദ്യം ബന്ധപ്പെട്ടിരിക്കുന്ന രണ്ടു കാര്യങ്ങളാണിവ. ആകയാൽ രണ്ടും അടുത്തു പരിശോധിക്കേണ്ടതുണ്ട്.

''അനുതപിക്കുവിൻ'' എന്ന വിവർത്തനം പൂർണ്ണമല്ല. *"മെതാനൊയേത്തെ"* (metenoite) എന്നാണ് ഗ്രീക്കു മൂലം. മനസു മാറു

ക, പുതിയൊരു മനോഭാവം സ്വീകരിക്കുക എന്നാണ് വാച്യാർത്ഥം. ഹൃദയ പരിവർത്തനമാണ് ഇവിടെ ആവശ്യപ്പെടുന്നത്. മാനസാന്തരപ്പെടുവിൻ എന്ന വിവർത്തനം കൂടുതൽ അർത്ഥവത്താണ്, പൂർണ്ണമല്ലെങ്കിലും. അനുതപിക്കുക എന്നാൽ തെറ്റു ചെയ്തു പോയി എന്ന് അംഗീകരിക്കുക, തെറ്റ് ഏറ്റുപറയുക, ചെയ്ത തെറ്റിനെ ഓർത്ത് ദുഃഖിക്കുക എന്നൊക്കെയാണല്ലോ അർത്ഥമാക്കുക. എന്നാൽ ഇതു മാത്രം പോരാ. ഇത് ഒരു തുടക്കം മാത്രമേ ആകുന്നുള്ളൂ. തെറ്റായ വഴിയേ സഞ്ചരിക്കുന്നു എന്നു മനസ്സിലാക്കുന്നയാൾ അത് ദുഃഖത്തോടെ ഏറ്റുപറഞ്ഞതുകൊണ്ടു മാത്രം ലക്ഷ്യസ്ഥാനത്തെത്തുകയില്ല; വഴി മാറണം. ശരിയായ വഴിയേ യാത്ര തുടങ്ങണം. ഇത് സമൂലമായ ഒരു ജീവിത പരിവർത്തനം ആയിരിക്കണം. ഹൃദയതലത്തിൽ തുടങ്ങണം ഈ പരിവർത്തനം. അതു പ്രവൃത്തിയിൽ പ്രകടമാകണം.

ഹൃദയപരിവർത്തനം എന്നാൽ പുതിയ കാഴ്ചപ്പാടു സ്വീകരിക്കുക, പുതിയ ലക്ഷ്യങ്ങൾ മുന്നിൽ കാണുക, പുതിയ മൂല്യങ്ങൾ തിരഞ്ഞെടുക്കുക, അവയ്ക്ക് അനുസൃതമായി ജീവിതം കരുപ്പിടിപ്പിക്കുക എന്നൊക്കെ അർത്ഥമുണ്ട്. ദൈവഭരണം യാഥാർത്ഥ്യമായിരിക്കുന്ന സാഹചര്യത്തിൽ അതിന് അനുയോജ്യമായ ഒരു വീക്ഷണവും ജീവിതശൈലിയും രൂപപ്പെടുത്തണം. അതു സാധ്യമാകണമെങ്കിൽ ദൃഢമായ വിശ്വാസം ആവശ്യമാണ്. അതാണ് രണ്ടാമത്തെ ആഹ്വാനത്തിന്റെ ലക്ഷ്യം. സുവിശേഷത്തിൽ വിശ്വസിക്കുക. യേശുക്രിസ്തുവിലൂടെ ദൈവം ഈ ഭൂമിയിലേക്ക് നിർണ്ണായകമാം വിധം, വ്യക്തിപരമായി, കടന്നു വന്നിരിക്കുന്നു എന്നു വിശ്വസിക്കണം.

ഈ സുവിശേഷം വ്യക്തി ജീവിതങ്ങളിലും അതിലൂടെ സമൂഹത്തിലും കാതലായ മാറ്റങ്ങൾ വരുത്തും. അപ്രകാരമുള്ള മാറ്റമാണ് ദൈവരാജ്യത്തിന്റെ നീതി കൊണ്ട് അർത്ഥമാക്കുന്നത്. യേശു ആഹ്വാനം ചെയ്യുന്നതും അതു തന്നെ. യേശുവിന്റെ വാക്കും പ്രവൃത്തിയും എല്ലാം ദൈവരാജ്യത്തിന്റെ രഹസ്യം വെളിപ്പെടുത്തുന്നതും ഈ ഭൂമിയിൽ ദൈവഭരണം യാഥാർത്ഥ്യമക്കുന്നതും ആയിരുന്നു. അതിനാൽത്തന്നെ യേശുവിന്റെ ആഹ്വാനം മലയിലെ പ്രസംഗമധ്യേ ഒറ്റ വാക്യത്തിൽ അവതരിപ്പിച്ചിരിക്കുന്നു: നിങ്ങൾ ആദ്യം ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ (മത്താ 6,33). ദൈവരാജ്യത്തിന്റെ നീതിയുടെ വിവിധ വശങ്ങൾ സുവിശേഷ ഭാഗ്യങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്. ദൈവരാജ്യത്തിൽ പ്രവേശം ലഭിക്കാൻ, അഥവാ, ദൈവരാജ്യം സ്വന്തമാക്കാൻ വ്യക്തികളിലും സമൂഹങ്ങളിലും

നിലനിൽക്കേണ്ട മനോഭാവങ്ങളാണ് ഒമ്പതു തവണ, പല പ്രതീകങ്ങ ളിലൂടെ ആവർത്തിക്കുന്നത് (മത്താ 5,3-12).

എല്ലാം ദൈവത്തിന്റേതാണെന്നും തനിക്കുള്ളതെല്ലാം ദൈവദാനം ആണെന്നും ഉള്ള വിശ്വാസമാണ് ആത്മനാ ദരിദ്രർ എന്ന വിശേഷണ ത്തിൽ മുന്നിട്ടു നിൽക്കുന്നത്. ഒന്നും തന്റെ സ്വന്തമല്ല; എല്ലാം ദൈവ ത്തിൽ നിന്നു സ്വീകരിക്കുന്നു എന്ന മനോഭാവം തനിക്കുള്ളത് ഇല്ലാത്തവരുമായി പങ്കു വയ്ക്കാൻ പ്രേരിപ്പിക്കണം. താൻ ഒന്നിന്റെയും ഉടമയല്ല, കാര്യസ്ഥൻ മാത്രമാണ്. അതിനാൽ ആവശ്യത്തിലധികം സൂക്ഷിച്ചുവയ്ക്കാൻ പാടില്ല. എല്ലാവർക്കുമായി ദൈവം നൽകുന്ന ദാന ങ്ങൾ പങ്കുവയ്ക്കാൻ ഓരോ വ്യക്തിയും കടപ്പെട്ടിരിക്കുന്നു. സാമൂ ഹ്യനീതി ഉറപ്പു വരുത്തുന്ന അടിസ്ഥാന മനോഭാവമാണിത്.

ചുറ്റുപാടും തന്റെയുള്ളിലും നിലനിൽക്കുന്ന അനീതിയെക്കുറിച്ചു മനംനൊന്തു വിലപിക്കുക, എല്ലാവരോടും ശാന്തതയോടെ പെരുമാറു ക, നീതിക്കു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുക, എല്ലാ വരോടും കരുണ ഉണ്ടായിരിക്കുക, സ്വാർത്ഥമോഹങ്ങളാൽ കലുഷി തമാകാതെ ഹൃദയം ശുദ്ധമായി കാത്തുസൂക്ഷിക്കുക, നീതി നടപ്പിലാ ക്കിക്കൊണ്ട് സമാധാനം സ്ഥാപിക്കുക, നീതിക്കു വേണ്ടി പീഡനങ്ങൾ ഏൽക്കാനും സന്നദ്ധരായിരിക്കുക എന്നിങ്ങനെ ദൈവരാജ്യം സ്വീക രിക്കാൻ ആവശ്യമായ മനോഭാവം വ്യക്തമാക്കുന്നു.

പഴയ നിയമത്തെ പൂർത്തീകരിക്കുകയും മറികടക്കുകയും ചെയ്യു ന്നതാണ് നീതിയെ സംബന്ധിച്ച യേശുവിന്റെ പ്രബോധനം. "നിങ്ങ ളുടെ നീതി ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിയെ അതി ശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്താ 5,20). എപ്രകാരമാണ് യേശു പ്രഘോഷിക്കുന്ന നീതിയുടെ നിയമങ്ങൾ പഴയ നിയമ കാഴ്ച പ്പാടിനെ മറികടക്കുന്നതെന്ന് ആറ് ഉദാഹരണങ്ങളിലൂടെ തുടർന്ന് വ്യക്തമാക്കുന്നു.

കൊല്ലരുത് എന്ന കല്പനയുടെ വ്യാഖ്യാനവും പൂർത്തീകരണവും വ്യക്തിബന്ധങ്ങളുടെ ആഴങ്ങളിലേക്ക് വിരൽചൂണ്ടുന്നു. ശാരീരികമായ കൊലപാതകം മാത്രമല്ല, ശത്രുതയും വിരോധവും വിദ്വേഷവും അപ വാദപ്രചരണവും തേജോവധവുമെല്ലാം അഞ്ചാം പ്രമാണത്തിന്റെ പരി ധിയിൽ വരുന്നു. സഹോദരനുമായി പൂർണരമ്യതയിൽ എത്തിയാലേ ഒരുവൻ ദൈവത്തിനു സ്വീകാര്യനാകൂ. അതിനു തയ്യാറല്ലെങ്കിൽ നിത്യ നാശമായിരിക്കും ഫലം(മത്താ 5, 21-30).

സമൂഹത്തിൽ ഏറ്റം ചെറുതും ഏറ്റം അടിസ്ഥാനപരവുമായ ഘടകമാണ് കുടുംബം. കുടുംബത്തിന്റെ നിലനില്പിനും പരിശുദ്ധിക്കും കേടുവരുത്തുന്ന എല്ലാ പ്രവൃത്തികളും ചിന്തകളും മുടക്കിക്കൊണ്ട് ആറാം പ്രമാണത്തെ അതിന്റെ പൂർണതയിലെത്തിക്കുന്നു(മത്താ 5, 27-32). "ആസക്തിയോടെ സ്ത്രീയെ നോക്കുന്ന പുരുഷനും (പുരുഷനെ നോക്കുന്ന സ്ത്രീയും) ഹൃദയത്തിൽ വ്യഭിചാരം ചെയ്തു കഴിഞ്ഞു" (മത്താ 5, 28) എന്ന പ്രബോധനം വീണ്ടും ഹൃദയഭാവങ്ങൾക്ക് ഊന്നൽ നല്കുന്നു.

നീതിനിഷ്ഠമായ സമൂഹനിർമ്മിതിക്ക് അവശ്യഘടകമാണ് സത്യത്തോടുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധത. അതിനാൽ സത്യം മറച്ചുവയ്ക്കുകയോ, വളച്ചൊടിക്കുകയോ, അസത്യത്തെ സത്യമായി അവതരിപ്പിക്കുകയോ ചെയ്യുന്ന സകല പ്രവൃത്തിയും സംസാരവും വിലക്കുന്നതോടൊപ്പം ആണയിടൽ തന്നെ മുടക്കിക്കൊണ്ട് എട്ടാം പ്രമാണത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുന്നു. "നിങ്ങളുടെ വാക്ക് അതെ എന്നോ അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടനിൽ നിന്നു വരുന്നു" (മത്താ 5,37).

സ്വത്തിനും ജീവനും ഉറപ്പു വരുത്തുന്ന നിയമം ആയിരുന്നു പ്രതികാര നിയമം (പുറ 21,24). എന്നാൽ ദൈവരാജ്യത്തിന്റെ നിയമം ഇതിനെ ബഹുദൂരം മറികടക്കുന്നു. പ്രതികാരം അരുത് എന്നു മാത്രമല്ല, തിന്മയെ നന്മ കൊണ്ടു ജയിക്കണം; ശത്രുവിനെ സ്നേഹിക്കണം, സഹായിക്കണം. തിരിച്ചു കിട്ടും എന്നു പ്രതീക്ഷിക്കാതെ വായ്പ കൊടുക്കണം - ഇതെല്ലാം ദൈവരാജ്യത്തിന്റെ അംഗങ്ങളാകാൻ ആവശ്യകമായ മനോഭാവവും ജീവിത ശൈലിയും ആണ്. ഇതാണ്, ഇതു മാത്രമാണ് യഥാർത്ഥ നീതിയിലേക്കു നയിക്കുന്ന മാർഗ്ഗം (മത്താ 5,38-48). ഇതിനു ലഭിക്കുന്ന പ്രതിഫലമോ? നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിരിക്കും (മത്താ. 5,45). പിതാവിന്റെ സ്വഭാവം നിങ്ങൾക്കും ഉണ്ടാകണം. അതാണ് ആറു തവണ ആവർത്തിച്ച പുതിയ ധാർമ്മികതയുടെ ഉപസംഹാരം: "സ്വർഗ്ഗസ്ഥനായ പിതാവു പരിപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48).

കേവലം സൃഷ്ടിയായ മനുഷ്യന് തന്റെ സ്രഷ്ടാവായ ദൈവത്തെപ്പോലെ പരിപൂർണ്ണനാകാൻ കഴിയുമോ? അസാധ്യം എന്നു തോന്നാവുന്ന ഈ കല്പനയുടെ അർത്ഥം വ്യക്തമാക്കുന്നതാണ് ലൂക്കാ സുവിശേഷകൻ നല്കുന്ന ഭാഷ്യം. "നിങ്ങളുടെ പിതാവ് കരു

ണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6,36). ദൈവത്തിന്റെ സർവ്വ ശക്തിയോ സർവ്വ ജ്ഞാനമോ ഒന്നുമല്ല അനുകരിക്കാനായി യേശു ആവശ്യപ്പെടുന്നത്. ഒന്നു മാത്രം – ഏവർക്കും സാധ്യവും നീതിനിഷ്ഠവുമായ സമൂഹനിർമ്മിതിക്ക് അനിവാര്യവും ആയ ഒരു കാര്യം മാത്രം – കരുണ.

യുദ്ധം ചെയ്തും അപരനെ ദ്രോഹിച്ചും നേടിയെടുക്കേണ്ട ഒന്നല്ല, കര കവിഞ്ഞൊഴുകുന്ന കരുണയുടെ പ്രകടനമാകണം സാമൂഹ്യ നീതി. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും കരുണയുണ്ടാകണം. ഇപ്രകാരം ജീവിക്കുന്ന വ്യക്തികളുടെ സമൂഹത്തിൽ തീർച്ചയായും നീതിയുണ്ടാകും. അതിലൂടെ ദൈവരാജ്യം ഇവിടെ യാഥാർത്ഥ്യമാകും; നാം ദൈവമക്കളായി മാറുകയും ചെയ്യും.

അനീതിയുടെ മൂലകാരണങ്ങളിൽ ഒന്നാണ് ദ്രവ്യാഗ്രഹം. ദ്രവ്യാഗ്രഹത്തിനു കാരണമായി നിൽക്കുന്ന സുപ്രധാനമായ രണ്ടു കാര്യങ്ങളുണ്ട്. ധനം നല്കുന്നു എന്നു കരുതപ്പെടുന്ന സുരക്ഷിതത്വബോധവും അധികാരവും. നാളെയെക്കുറിച്ചുള്ള ഉൽക്കണ്ഠയാണ് സ്വത്തു സംഭരിച്ചു വയ്ക്കാൻ പ്രേരിപ്പിക്കുന്ന ഒരു മുഖ്യകാരണം. എന്നാൽ ധനത്തിനു നല്കാൻ കഴിയുന്ന സുരക്ഷിതത്വം മിഥ്യയാണ് എന്ന് അനേകം ഉദാഹരണങ്ങളിലൂടെ യേശു പഠിപ്പിച്ചു. ധാരാളം വിളവു ലഭിച്ച ധനികനായ കർഷകൻ അറപ്പുരകൾ പൊളിച്ചു വലുതാക്കാൻ ശ്രമിക്കുന്നതിനിടയിൽ തന്റെ ജീവൻ നഷ്ടപ്പെടുന്നു എന്നു മനസ്സിലാക്കാത്ത ഭോഷനാണ് (ലൂക്കാ 12,16–21). ജീവിതം ദൈവത്തിന്റെ ദാനമാണ് എന്നും എപ്പോഴാണ് ദൈവം തിരിച്ചു വിളിക്കുക എന്നറിയില്ല എന്നും ഉള്ള യാഥാർത്ഥ്യങ്ങൾ ഓർത്തിരിക്കണം. സ്വരുക്കൂട്ടുന്ന സമ്പത്തു കൊണ്ടല്ല, ജീവിതം ധന്യമാകുന്നത് (ലൂക്കാ 12,15). സുരക്ഷിതത്വം നൽകാൻ കഴിയാത്ത ധനത്തിൽ ആശ്രയിക്കാതെ, ദൈവിക പരിപാലനയിൽ പൂർണ്ണമായി ആശ്രയിക്കുമ്പോൾ ജീവിതത്തിൽ സന്തോഷവും സമാധാനവും ഉണ്ടാകും. തനിക്കുള്ളത് ആവശ്യമനുഭവിക്കുന്നവരുമായി പങ്കു വയ്ക്കാൻ സാധിക്കും. അങ്ങനെ സമൂഹത്തിൽ നീതിയുണ്ടാകും.

ധനം വാഗ്ദാനം ചെയ്യുന്ന അധികാരവും സമൂഹത്തിലെ ഉന്നത സ്ഥാനവും ആണ് ദ്രവ്യാഗ്രഹത്തിന്റെ മറ്റൊരു കാരണം. ഈ കാഴ്ചപ്പാടിനെ പാടേ മാറ്റി മറിക്കുന്നതാണ് അധികാരത്തെപ്പറ്റിയുള്ള യേശുവിന്റെ പ്രബോധനം. വലിയവനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനാകണം; ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാ

വരുടെയും ദാസനായിരിക്കണം (മർക്കോ 10,43-44). അന്ത്യ അത്താഴ വേളയിൽ ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട് അധികാരത്തെ സംബന്ധിച്ച പുതിയ കാഴ്പ്പാട് അവതരിപ്പിച്ചു. "ഞാൻ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു" (യോഹ 13,15).

ഭൗതിക സമ്പത്ത് വരുത്തി വയ്ക്കുന്ന രണ്ടു വലിയ വിപത്തിലേക്കും യേശു ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ധനം ദൈവത്തിന്റെ സ്ഥാനത്തു കയറിയിരിക്കുന്നു എന്നതാണ് ഒരു വലിയ വിപത്ത്. സമ്പാദിക്കുന്ന സ്വത്ത് ദൈവത്തെ മറക്കാൻ പ്രേരിപ്പിക്കുന്നു; അഥവാ സമ്പത്തു തന്നെ ദൈവമായി കരുതപ്പെടുന്നു. അതിനാലാണ് ദ്രവ്യാസക്തിയെ വിഗ്രഹാരാധനയെന്നു പൗലോസ് വിശേഷിപ്പിക്കുന്നത്: "വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി" (കൊളോ 3,5). മനുഷ്യന്റെ സർവ്വ ശ്രദ്ധയും വിധേയത്വവും ആരാധനയും ആവശ്യപ്പെടുന്ന യജമാനനാണ്, യേശുവിന്റെ പ്രബോധനത്തിൽ, മാമ്മോൻ എന്ന പേരിൽ വിളിക്കുന്ന ധനം. ''ദൈവത്തെയും മാമ്മോനെയും സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ 6,24). മാമ്മോൻ എന്നതു ലൂക്കായുടെ ഭാഷ്യത്തിൽ "ധനം" എന്നാകുന്നു: "ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കാൻ നിങ്ങൾക്കു കഴിയുകയില്ല" (ലൂക്കാ 16,13). ചുരുക്കത്തിൽ ധനം മനുഷ്യനെ നിരീശ്വരനാക്കുന്നു; ഒപ്പം വിഗ്രഹാരാധകനും. എന്നാൽ അതു മാത്രമല്ല.

ദൈവത്തെ നിഷേധിക്കുന്നവൻ സഹോദരനെയും നിഷേധിക്കും. എല്ലാവരുടെയും പിതാവായി ഒരു ദൈവത്തെ അംഗീകരിക്കാത്തവർ എങ്ങനെ പരസ്പരം സഹോദരങ്ങളായി കരുതും? ഇതാണ് ദ്രവ്യാസക്തി വരുത്തിവയ്ക്കുന്ന രണ്ടാമത്തെ വിന. സഹോദരനിഷേധം. എല്ലാം തനിക്കു മാത്രമായി വാരിക്കൂട്ടാൻ ശ്രമിക്കുന്നവർ സാവധാനം സഹോദര നിഷേധത്തിൽ നിന്ന് സഹോദര വധത്തിലേക്കും നീങ്ങാം. പടിവാതിൽക്കൽ പട്ടിണി കിടന്നു മരിക്കുന്നവനെ കാണാതെ അനുദിനം വിരുന്നാഘോഷിക്കാൻ ധനം മനുഷ്യനെ പ്രാപ്തനാക്കുന്നു! അല്ല, ധനം മനുഷ്യനെ അന്ധനാക്കുന്നു. അയല്ക്കാരനു കൂടി അവകാശപ്പെട്ടതാണ് ഞാൻ സ്വന്തമായി സൂക്ഷിക്കുന്നതും അനുഭവിക്കുന്നതും എന്നു മറക്കുന്ന ധനികൻ, ആത്യന്തികമായി തന്റെ തന്നെ അറപ്പുരയിൽ ശ്വാസംമുട്ടി മരിക്കുന്നു. അവന് ദൈവവുമില്ല, സഹോദരനുമില്ല. ഈ വലിയ വിപത്ത് അനേകം ഉദാഹരണങ്ങളിലൂടെ പഠിപ്പിച്ചുകൊണ്ടാണ് യേശു സ്വതന്ത്രമനസ്സോടെ പങ്കു വയ്ക്കുന്ന സ്നേഹത്തിലൂടെ നീതിനിഷ്ഠമായ സമൂഹ നിർമ്മിതിക്ക് ആഹ്വാനം ചെയ്യുന്നത്.

ഇപ്രകാരം ഒരു ജീവിതശൈലി കരുപ്പിടിപ്പിക്കണമെങ്കിൽ വിശ്വസിക്കണം. ദൈവം പിതാവാണെന്നും ജീവൻ നൽകിയ പിതാവ് ആ ജീവനെ നില നിർത്താനും വളർത്താനും ആവശ്യമായവ നല്കുമെന്നും വിശ്വസിക്കണം. ഈ വിശ്വാസം ഉൽക്കണ്ഠ അകറ്റും. സന്തോഷവും സമാധാനവും നല്കും. പങ്കു വയ്ക്കാൻ ശക്തി തരും. അങ്ങനെ നീതി നിഷ്ഠമായ ഒരു സമൂഹം സംജാതമാകും. അതിനാൽ ഭാവിയെക്കുറിച്ച് ഉൽക്കണ്ഠ വേണ്ടാ (മത്താ. 6: 25–34).

കരുണയാൽ പ്രചോദിതമായ പങ്കുവയ്ക്കൽ ഇല്ലാത്ത പ്രാർത്ഥനയും ബലിയർപ്പണവും മറ്റ് ഭക്ത കൃത്യങ്ങളും ദൈവത്തിനു സ്വീകാര്യമാവുകയില്ല. പ്രവാചകന്മാർ നല്കിയ ഈ പ്രബോധനം യേശു കൂടുതൽ ആഴപ്പെടുത്തി. "കർത്താവേ, കർത്താവേ എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ. അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നു പോകുവിൻ" (മത്താ. 7: 21–23).

ദൈവരാജ്യത്തിൽ പ്രവേശിക്കുക എളുപ്പമായിരിക്കുകയില്ല എന്ന് യേശു വീണ്ടും വീണ്ടും അനുസ്മരിപ്പിക്കുന്നുണ്ട്. ഏതെങ്കിലും ചില നിയമങ്ങളുടെ കണിശമായ, അക്ഷരാർത്ഥത്തിലുള്ള അനുസരണം മാത്രം ആരെയും ദൈവരാജ്യത്തിന് അർഹരാക്കുകയില്ല. സൂചിക്കുഴയിലൂടെ കടക്കാൻ ശ്രമിക്കുന്ന ഒട്ടകത്തിന്റെ ഹാസ്യചിത്രം ഈ യാഥാർത്ഥ്യം അനുവാചകമനസ്സിൽ ആഴത്തിൽ പതിപ്പിക്കുന്നു. ദൈവരാജ്യപ്രവേശനത്തിനു വിഘാതമായി നില്ക്കുന്ന മുഖ്യഘടകം ദ്രവ്യാഗ്രഹം തന്നെ. നിയമങ്ങളെല്ലാം കർശനമായി അനുസരിക്കുന്നു, ഇനി എന്താണ് നിത്യജീവൻ അവകാശമാക്കാൻ താൻ ചെയ്യേണ്ടത് എന്ന ചോദ്യവുമായി വന്ന യുവാവിനു നല്കുന്ന മറുപടിയിൽ ഇതു വ്യക്തമാകുന്നു. "നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും" (മർക്കോ. 10: 21).

യഥാർത്ഥമായൊരു മാനസാന്തരം കൂടാതെ, കരുണയാൽ പ്രേരിതമായൊരു പങ്കുവയ്ക്കൽ സാധ്യമല്ല എന്ന് അനേകം ഉദാഹരണങ്ങളിലൂടെ സുവിശേഷകർ പഠിപ്പിക്കുന്നുണ്ട്. എന്നാൽ മനുഷ്യന് അസാ

ധ്യമായതു ദൈവത്തിനു സാധ്യമാണ്. ഒട്ടകത്തെ സൂചിക്കുഴയിലൂടെ കടത്താൻ ദൈവത്തിനു സാധിക്കും എന്നതിനും ഉദാഹരണങ്ങൾ സുവിശേഷങ്ങളിലുണ്ട്. എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച പത്രോസും കൂട്ടരും തന്നെ മുഖ്യ ഉദാഹരണം. ജറുസലേമിലേക്കുള്ള യാത്രയിലെ അവസാനത്തെ രംഗമായി ലൂക്കാ അവതരിപ്പിക്കുന്ന സക്കേവൂസിന്റെ മാനസാന്തരം ഈ വിഷയത്തിലേക്കു വെളിച്ചം വീശുന്നു(ലൂക്കാ 19: 1–10). രക്ഷ പ്രാപിക്കുക അസാധ്യം എന്നു കരുതിയിരുന്ന വ്യക്തിയാണ് സക്കേവൂസ്. റോമാക്കാർക്കു വേണ്ടി നികുതി പിരിക്കുക വഴി ജനദ്രോഹിയും വിദേശശക്തിയുടെ സഹകാരിയും ആയതിനാൽ യഹൂദരുടെ കാഴ്ചപ്പാടിൽ അയാൾ ദൈവരാജ്യത്തിനു പുറത്താണ്. ധനികൻ, അതും അന്യായമാർഗ്ഗത്തിലൂടെ സമ്പാദിച്ച സ്വത്തു വഴി, ധനികനായതിനാൽ യേശുവിന്റെ പ്രബോധനം അനുസരിച്ചും രക്ഷ അയാൾക്ക് അപ്രാപ്യമാണ്. എന്നാൽ മാനുഷിക ദൃഷ്ടിയിൽ അസാധ്യമായിരുന്ന ഈ സാഹചര്യത്തിൽ സമൂലമായ മാറ്റം സംഭവിക്കുന്നു. "ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു" എന്ന യേശുവിന്റെ പ്രഖ്യാപനം സക്കേവൂസ് ദൈവരാജ്യത്തിൽ പ്രവേശിച്ചിരിക്കുന്നു എന്നതിനു വ്യക്തമായ തെളിവാണ്. ഒട്ടകം സൂചിക്കുഴയിലൂടെ കടന്നു! അത് എങ്ങനെ സംഭവിച്ചു എന്നു വിശകലനം ചെയ്യുന്നത് സാമൂഹ്യനീതി യാഥാർത്ഥ്യമാക്കുന്നതിന്റെ ഒരു രൂപരേഖ കണ്ടെത്താൻ സഹായിക്കും.

യേശുവിനെ കാണാൻ സക്കേവൂസിന്റെ ഉള്ളിൽ ഉദിച്ച ആഗ്രഹത്തിലാണ് തുടക്കം. തന്റെ പട്ടണത്തിലൂടെ കടന്നുപോകുന്ന യേശുവിനെ കാണണം. പ്രതിബന്ധങ്ങൾ ഏറെയുണ്ട്. തന്റെ പൊക്കക്കുറവു തന്നെ മുഖ്യ പ്രതിബന്ധം. വെറും ശാരീരികമായ ഒരു കുറവ് എന്നതിനേക്കാൾ അയാളുടെ മൊത്തം അവസ്ഥയെ സൂചിപ്പിക്കുന്നതാണ് ഈ ഉയരക്കുറവ്. യേശുവിനു ചുറ്റും തിക്കിത്തിരക്കി നീങ്ങുന്ന ജനക്കൂട്ടവും പ്രതിബന്ധമാണ്. എന്നാൽ ഉള്ളിലുദിച്ച ആഗ്രഹത്തിന്റെ പൂർത്തീകരണത്തിനായി അയാൾ ചില സാഹസങ്ങൾക്കു മുതിരുന്നു. ജനക്കൂട്ടത്തിനു മുമ്പേ ഓടി, അത്തിമരത്തിൽ കയറി ഇരുന്നു. സ്വയം അപഹാസ്യനാക്കുന്ന പ്രവൃത്തി. പൊതുജനാഭിപ്രായം അയാൾക്കിനി ബാധകമല്ല. യേശുവിനെ കാണാൻ എന്തു സാഹസത്തിനും അയാൾ തയ്യാറാണ്. പ്രതിഫലം ഉടനെ ലഭിച്ചു. യേശു മരത്തിൻ ചുവട്ടിൽ വന്നു നിന്ന് മുകളിലേക്കു നോക്കി, കൂടെയുള്ളവരും. സക്കേവൂസ് യേശുവിനെ കണ്ടു. തൃപ്തനായി. എന്നാൽ കഥ അവിടെ അവസാനിക്കുന്നില്ല.

അടുത്ത പടിയിലേക്ക് നയിക്കുന്നത് യേശുവാണ്. "സക്കേവൂസ്, വേഗം ഇറങ്ങിവരുക. ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു." അതീവ സന്തോഷത്തോടെ സക്കേവൂസ് താഴെ ഇറങ്ങി. മുമ്പേ ഓടി. വീടിന്റെ വാതിലുകൾ മലർക്കെ തുറന്നിട്ടു. യേശുവും അനുയായികളും വീട്ടിൽ പ്രവേശിച്ചു. ഇതിൽപ്പരം എന്തു ഭാഗ്യം! യേശുവിനെ സ്വന്തം വീട്ടിൽ അതിഥിയായി സ്വീകരിക്കുക. ഇതുവരെ സ്വരുക്കൂട്ടിയ സമ്പത്തു നല്കാത്ത സന്തോഷം, നിർവൃതി, സക്കേവൂസിനുണ്ടായി. തൃപ്തിയായി. ഇനി തനിക്കു മറ്റൊന്നും വേണ്ടാ!

ഈ കണ്ടുമുട്ടലും സന്തോഷാനുഭൂതിയും സക്കേവൂസിന്റെ മനസ്സിൽ വീണ്ടും പരിവർത്തനം ഉണ്ടാക്കി. "കർത്താവേ, ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചു കൊടുക്കുന്നു." ആരും നിർബ്ബന്ധിച്ചിട്ടല്ല സക്കേവൂസ് ഈ പങ്കുവയ്ക്കലിനു തയ്യാറായത്. ഇത്രയും വലിയൊരു പങ്കുവയ്ക്കൽ ഒരു നിയമവും നിർദ്ദേശിക്കുന്നുമില്ല. സക്കേവൂസിന്റെ ഉള്ളിലുണ്ടായ പരിവർത്തനത്തിന്റെ ബാഹ്യപ്രകടനമാണ് ഇത്. മനസ്സില്ലാമനസ്സോടെ, ലുബ്ധിച്ചു നല്കുന്ന ദാനമല്ല ഇത്. പൂർണ്ണഹൃദയത്തോടെ, സന്തോഷത്തോടെ ചെയ്യുന്ന പങ്കുവയ്ക്കലാണ്. അതിനു പ്രേരിപ്പിച്ചത് അവനുണ്ടായ ആഴമേറിയ ദൈവാനുഭവം. ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിന്റെ രഹസ്യം ഇവിടെ വെളിപ്പെടുന്നു. യേശുവിന്റെ മറുപടി ഇതു വ്യക്തമാക്കുന്നു. "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാഹത്തിന്റെ പുത്രനാണ്" (ലൂക്കാ 19: 9).

ഹൃദയപരിവർത്തനത്തിലൂടെ സംജാതമാകുന്ന സാമൂഹ്യനീതിയുടെ ഉത്തമോദാഹരണമാണ് സക്കേവൂസിന്റെ പങ്കുവയ്ക്കൽ. ദൈവരാജ്യാനുഭവത്തിന്റെ അർത്ഥം അല്പമൊന്ന് അറിഞ്ഞപ്പോഴേയ്ക്കും ഇതുവരെ നേടിയത് എല്ലാം വ്യർത്ഥമായിരുന്നു എന്ന് സക്കേവൂസ് തിരിച്ചറിഞ്ഞു. ദൈവം നൽകുന്ന ആന്തരിക പ്രചോദനം അനുസരിക്കാനും പ്രതിബന്ധങ്ങളെ സാഹസികമായി തന്നെ മറികടക്കാനും ശ്രമിച്ചതു വഴിയാണ് സക്കേവൂസ് ഈ അനുഭവത്തിൽ എത്തിച്ചേർന്നത്.

നിധി ഒളിഞ്ഞിരിക്കുന്ന വയൽ കണ്ടെത്തിയ കർഷകനും അമൂല്യരത്നം കണ്ടെത്തിയ വ്യാപാരിയും ചെയ്യുന്നതും ഇതു തന്നെയാണ് (മത്താ 13,44-46). തങ്ങൾ സമ്പാദിച്ചതെല്ലാം വിൽക്കാൻ അവരെ പ്രേരിപ്പിക്കുന്നതും ഈ കണ്ടെത്തലാണ്. ദൈവരാജ്യം എന്തെന്നും അതിൽ പ്രവേശിക്കുക എത്ര ഭാഗ്യകരമെന്നും അറിയുമ്പോൾ പിന്നെ സമ്പത്തു സ്വരുക്കൂട്ടാൻ ആഗ്രഹമുണ്ടാവുകയില്ല.

ദൈവരാജ്യാനുഭവം സ്വന്തമാക്കാൻ എന്തു വില കൊടുത്താലും അധികമാവില്ല. ത്യജിക്കുന്നതിനേക്കാൾ എത്രയോ വലുതാണ് ലഭിക്കുന്നത് എന്ന തിരിച്ചറിവാണ് യഥാർത്ഥമായ ഹൃദയ പരിവർത്ത നത്തിലേക്കു നയിക്കുന്നത്. ഹൃദയപരിവർത്തനം വ്യക്തമായ തീരു മാനങ്ങളിലേക്കു നയിക്കും; നയിക്കണം. അതു സമൂഹത്തിനു മുമ്പിൽ ചോദ്യചിഹ്നങ്ങൾ ഉയർത്തിയേക്കാം. സ്വന്തമായി കരുതിയിരുന്നവ പങ്കുവയ്ക്കുന്നവനെ വിഡ്ഢിയായി ലോകം മുദ്ര കുത്തിയേക്കാം. യേശുവിന്റെ ഉപദേശങ്ങൾ കേട്ട യഹൂദനേതാക്കൾ പരിഹസി ച്ചതുപോലെ: "പണക്കൊതിയരായ ഫരിസേയർ ഇതെല്ലാം കേട്ടപ്പോൾ അവനെ പുച്ഛിച്ചു." അതിനു യേശു നല്കുന്ന മറുപടി ഏറെ ശ്രദ്ധേയ മാണ്: "മനുഷ്യരുടെ മുമ്പിൽ നിങ്ങൾ നിങ്ങളെത്തന്നെ നീതീകരിക്കു ന്നു. എന്നാൽ ദൈവം നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നു. മനു ഷ്യർക്ക് ഉൽകൃഷ്ടമായത് ദൈവത്തിനു നികൃഷ്ടമാണ്" (ലൂക്കാ 16, 14-15).

ദൈവത്തിന്റെ കണ്ണിലൂടെ തന്നെത്തന്നെയും സമൂഹത്തെയും നോക്കിക്കാണണം. ദൈവദൃഷ്ടിയിൽ ഉൽകൃഷ്ടമായൊരു ജീവിതം നയിക്കണം. അതിന് അവശ്യം വേണ്ട ഒന്നാണ് പങ്കുവയ്ക്കുന്ന സ്നേഹം. അതാണ് നീതിനിഷ്ഠമായ ഒരു സമൂഹത്തിന്റെ നിർമ്മിതി ക്കായി യേശു കാട്ടിത്തരുന്ന മാർഗ്ഗം. ഇപ്പോൾ എടുക്കുന്ന തീരുമാന മാണ് നിത്യജീവിതത്തെ സംബന്ധിച്ചു നിർണ്ണായകം എന്ന് അസന്ദി ഗ്ദ്ധമായ ഭാഷയിൽ യേശു പഠിപ്പിച്ചു. പ്രത്യേകിച്ചും അന്തിമവിധിയുടെ ചിത്രീകരണത്തിലൂടെ: "ഈ എളിയവരിൽ ഒരുവനു നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്.... ചെയ്യാതി രുന്നത്" (മത്താ 25,31-46).

അനശ്വരമായ സ്വർഗ്ഗഭാഗ്യത്തെക്കുറിച്ചുള്ള അവബോധമാണ് നീതിപൂർവ്വകമായ ജീവിതത്തിന് യേശു എടുത്തു കാട്ടുന്ന പ്രേരക ശക്തി. എന്നേക്കും ദൈവത്തോടൊന്നിച്ച് സന്തോഷമായി ജീവിക്കാൻ വിളി ലഭിച്ചവരാണ് ഓരോ മനുഷ്യവ്യക്തിയും. എന്നാൽ ഈ ലക്ഷ്യം പ്രാപിക്കണമെങ്കിൽ ഇന്ന്, ഈ ഭൂമിയിൽ എല്ലാവരെയും, പ്രത്യേകിച്ച് ആവശ്യം അനുഭവിക്കുന്നവരെയും സ്നേഹിക്കുകയും കരുണയോടെ വീക്ഷിക്കുകയും കഴിവിനൊത്ത് സഹായിക്കുകയും ചെയ്യാൻ തയ്യാ റാകണം. ഈ നിബന്ധനയിൽ നിന്ന് ആർക്കും ഒഴിഞ്ഞു മാറാനാ വില്ല.

ജീവിതവും മരണവും സ്വർഗ്ഗവും നരകവും മുന്നിൽ വച്ചുകൊണ്ടാണ് യേശു ദൈവരാജ്യത്തിലേക്ക് ആഹ്വാനം ചെയ്യുന്നത്. തിരഞ്ഞെടുക്കാനുള്ള അവകാശവും ഉത്തരവാദിത്വവും ഓരോ വ്യക്തിക്കും സമൂഹത്തിനും ഉണ്ട്. കരയുന്ന സഹോദരങ്ങളുടെ കണ്ണീരൊപ്പാൻ ഇന്നു തയ്യാറാകാത്തവർ നാളെ കരയും; ആരും അവരുടെ കണ്ണീരുതുടയ്ക്കാൻ ഉണ്ടാവില്ല. പാവപ്പെട്ടവർക്കു ചെയ്യുന്ന സേവനം തന്നെയാണ് ദൈവസേവനം എന്ന യേശുവിന്റെ പ്രബോധനം നമ്മെ, വ്യക്തികളെയും സമൂഹങ്ങളെയും, കർശനമായ ഒരു ആത്മപരിശോധനയ്ക്കു പ്രേരിപ്പിക്കുന്നുണ്ട്.

പടുത്തുയർത്തുന്ന കൂറ്റൻ മാളികകളുടെ, അത് സ്വകാര്യ ഭവനങ്ങളോ, ആരാധനാലയങ്ങളോ ആകട്ടെ, വലുപ്പത്തിലും മനോഹാരിതയിലും ആകൃഷ്ടനാകുന്നവനല്ല യേശുവിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവം. ലക്ഷക്കണക്കിനു മനുഷ്യർ മനുഷ്യോചിതമായ വീടുകളില്ലാതെ, ചേരികളിലും കടത്തിണ്ണകളിലും വഴിവക്കിലും കഴിയുമ്പോൾ അവരെ ശ്രദ്ധിക്കാതെ മനോഹരമായ മാളികകളിൽ കർത്താവിനെ കണ്ടെത്താൻ കഴിയുമോ? പെരുന്നാളുകളും ഉത്സവങ്ങളും മറ്റ് കലാപരിപാടികളും ആഘോഷിക്കാൻ സ്വതന്ത്രമായും, ചിലപ്പോൾ നിർബ്ബന്ധമായും പിരിവു നടത്തുന്നവർ വിശപ്പില്ലാത്തവന് വിരുന്നു നല്കുന്ന ഊട്ടുസദ്യകളിലൂടെ കർത്താവിന്റെ കണ്ണിൽ പൊടിയിടാം എന്നു കരുതുന്നെങ്കിൽ അതു വ്യർത്ഥമാണ്.

സാമൂഹ്യനീതിയെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം സമഗ്രമായി അവതരിപ്പിക്കുന്ന ഒരു ഉപമയാണ് അന്തിമ വിധിയുടെ വിവരണം. ദൈവരാജ്യത്തിന്റെ ആവിർഭാവം ഉദ്ഘോഷിച്ചുകൊണ്ട് തുടങ്ങിയ പ്രബോധനങ്ങൾ അവസാനിപ്പിക്കുന്നത് ഈ ദൃശ്യത്തോടെയാണ്: “ഇവർ നിത്യ ശിക്ഷയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും” (മത്താ 25,46). സമൃദ്ധിയുടെയും സമ്പത്തിന്റെയും സുഖാനുഭൂതികളുടെയും സുവിശേഷം പ്രഘോഷിക്കുന്ന പലരും ഈ യാഥാർത്ഥ്യം മറന്നു പോകുന്നതായി തോന്നും. ഉള്ളതു മുഴുവൻ പങ്കുവച്ചാൽ പിന്നെ എവിടെയാണു സമ്പന്നൻ ഉണ്ടാവുക? ഉണ്ടായിട്ടും പങ്കുവയ്ക്കാൻ തയ്യാറാകുന്നില്ലെങ്കിൽ എങ്ങനെ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയും? ഒട്ടകവും സൂചിക്കുഴയും സ്വകാര്യവ്യക്തികൾക്കു മാത്രമല്ല, സഭാസമൂഹങ്ങൾക്കും സ്ഥാപനങ്ങൾക്കും നേതാക്കൾക്കും എല്ലാം ഒരു വെല്ലുവിളിയായി നിലകൊള്ളുന്നത് കാണാതെ പോകരുത്.

# 26

# അവർക്ക് എല്ലാം പൊതുസ്വത്തായിരുന്നു

*"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു"* (അപ്പ 4, 32).

യേശുവിന്റെ മഹത്വീകരണത്തിനുശേഷം പരിശുദ്ധാത്മാവ് രൂപംനല്കി നയിച്ച ആദിമസഭയുടെ ഭാവവും പ്രബോധനങ്ങളും പ്രവർത്തനങ്ങളും അപ്പസ്തോലപ്രവർത്തനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽനിന്ന് സാമൂഹ്യനീതിയെ സംബന്ധിച്ച് ആദിമസഭയിൽ നിലനിന്ന കാഴ്ചപ്പാട് വായിച്ചെടുക്കാനാകും. എപ്രകാരമാണ് ശിഷ്യസമൂഹം യേശുവിന്റെ പ്രബോധനം സ്വീകരിച്ച് പ്രാവർത്തികമാക്കിയത് എന്നതിന്റെ വിവരണം ഇവിടെ കാണാം. ഈ മാതൃക ഇന്നും പ്രസക്തവും പ്രചോദനാത്മകവും ആണെന്നതിൽ സംശയത്തിന് ഇടയില്ല.

പന്തക്കുസ്താദിവസം കൊടുങ്കാറ്റിന്റെ ഊറ്റത്തോടെ, ഉരുക്കി ശുദ്ധീകരിക്കുന്ന തീനാവുകളുടെ രൂപത്തിൽ ശിഷ്യരുടെമേൽ ആവസിച്ച പരിശുദ്ധാത്മാവ് ഒരു നിമിഷാർദ്ധത്തിൽ അവരെ പുതിയ മനുഷ്യരാക്കി മാറ്റി. യഹൂദരെ ഭയന്ന്, കതകടച്ച്, ഒളിച്ചിരുന്നവർ ധീരതയോടെ പുറത്തുവന്നു. നിരക്ഷരരായ മത്സ്യത്തൊഴിലാളികൾ എന്നു കരുതപ്പെട്ടവരുടെ നാവിൽനിന്ന് യേശുവിലൂടെ ദൈവം നല്കുന്ന രക്ഷയെക്കുറിച്ചുള്ള സന്ദേശം അനർഗളം ഒഴുകി. വാക്കുകൾക്കു മൂർച്ച;

ആശയങ്ങൾക്കു വ്യക്തത. ആഹ്വാനങ്ങൾ അടിയന്തര സ്വഭാവമുള്ളവ. 'നിങ്ങൾ കുരിശിൽ തറച്ചു കൊന്നവനെ ദൈവം ഉയിർപ്പിച്ചു. അവന്റെ നാമത്തിൽ മാത്രമാണ് രക്ഷ. ആ രക്ഷ ഇന്നു ലഭ്യമായിരിക്കുന്നു എന്ന തിന്റെ അടയാളമാണ് ഇപ്പോൾ കാണുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ'.

പത്രോസിന്റെ വാക്കുകൾ കേൾവിക്കാരുടെ ഹൃദയങ്ങളെ ആഴ ത്തിൽ സ്പർശിച്ചു. തങ്ങളുടെ പാപത്തെക്കുറിച്ച് അവർക്ക് ആഴമായ ബോധ്യമുണ്ടായി. പൂർണമായൊരു ഹൃദയപരിവർത്തനം അവരിൽ ദൃശ്യമായി. തങ്ങൾ എന്തുചെയ്യണം എന്ന ചോദ്യത്തിന് പത്രോസ് വ്യക്തമായ ഉത്തരം നല്കി. 'നിങ്ങൾ മാനസാന്തരപ്പെടുവിൻ. പാപ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീക രിക്കുവിൻ' (അപ്പ 2, 37-39). അവർ അനുസരിച്ചു. മൂവായിരത്തോളം പേർ അന്നുതന്നെ സ്നാനം സ്വീകരിച്ചു. അങ്ങനെ ഒരു പുതിയ സമൂ ഹത്തിന്റെ രൂപീകരണം ആരംഭിച്ചു. ആ സമൂഹത്തിന്റെ സവിശേഷത കളിൽ സാമൂഹ്യനീതിയുടെ സ്വഭാവം വ്യക്തമാകുന്നുണ്ട്.

"അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമു റിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ 2, 42). ക്രിസ്തീയ സമൂഹത്തിന്റെ വിശ്വാസവും ധാർമ്മികതയും ആദ്ധ്യാത്മികതയും വ്യക്തമാക്കുന്നതാണ് ഈ കൊച്ചുവാക്യം. നാലു കാര്യങ്ങളാണ് പ്രത്യേകം എടുത്തുപറയുന്നത്. അപ്പസ്തോലന്മാരുടെ പ്രബോധനമാണ് ആദ്യത്തേത്. യേശുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യങ്ങളുടെ ആവിഷ്കരണമാണ് മുഖ്യമായും ആ പ്രബോ ധനങ്ങളുടെ ഉള്ളടക്കം. എന്തു വിശ്വസിക്കണം, ആ വിശ്വാസം എങ്ങനെ വ്യക്തികളെയും സമൂഹങ്ങളെയും രൂപപ്പെടുത്തണം എന്ന് ഉദ്ബോധിപ്പിക്കുന്നു.

ആ ഉദ്ബോധനത്തിനുള്ള മറുപടിയും പ്രതികരണവും അനന്ത രഫലവുമാണ് തുടർന്നു പറയുന്ന മൂന്നു കാര്യങ്ങൾ. അതിൽ ആദ്യമേ വരുന്നത് 'കൂട്ടായ്മ'യാണ്. പങ്കുവയ്ക്കൽ അഥവാ പങ്കുചേരൽ എന്നാണ് ഗ്രീക്കുമൂലമായ 'കൊയ്നൊണിയാ' (koinonia) എന്ന വാക്കി നർത്ഥം. ഒന്നും സ്വന്തമായി മാറ്റിവയ്ക്കാതെ പങ്കുവയ്ക്കുന്നതിനെ യാണിതു സൂചിപ്പിക്കുക. അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗി ച്ചത് ഒരു പങ്കുവയ്ക്കലായിരുന്നു. തങ്ങൾക്കുണ്ടായ അനുഭവങ്ങൾ, കേട്ടതും വിശ്വസിച്ചതുമായ കാര്യങ്ങൾ അവർ ഹൃദയം തുറന്നു പങ്കു വച്ചു. അത് കേൾവിക്കാരുടെ ഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു.

അവരും സമാനമായൊരു പങ്കുവയ്ക്കലിനു തയ്യാറായി. കേട്ടതും വിശ്വസിച്ചതുമായ വചനങ്ങൾ മാത്രമല്ല, ലഭിച്ചതും ആർജ്ജിച്ചതും സൂക്ഷിച്ചുവയ്ക്കുന്നതുമായ ഭൗതികസമ്പത്തും ഈ പങ്കുവയ്ക്കലിന്റെ വിഷയമായിരുന്നു. ഇപ്രകാരമുള്ള പങ്കുവയ്ക്കൽ പുതിയ സമൂഹത്തിന് അടിത്തറ പാകി, സാക്ഷ്യത്തിന് വിശ്വസനീയത നല്കി.

അപ്പം മുറിക്കലാണ് മൂന്നാമതായി എടുത്തു പറയുന്ന സ്വഭാവ സവിശേഷത. അന്ത്യാത്താഴവേളയിൽ യേശു നല്കിയ കല്പനയനുസരിച്ചും അവിടുത്തെ ഓർമ്മയാചരിച്ചും കൊണ്ട് നടത്തിയിരുന്ന അപ്പം മുറിക്കൽ ശുശ്രൂഷയായിരുന്നു ക്രിസ്തീയ സമൂഹത്തിന്റെ കേന്ദ്രം. ഊട്ടുമേശയ്ക്കു ചുറ്റും ഒരുമിച്ചുകൂടി ഭക്ഷണം പങ്കിട്ടനുഭവിച്ച് യേശുവിന്റെ ഓർമ്മ ആചരിച്ചവർ ഒറ്റ സമൂഹമായി; ഒരു ഹൃദയവും ഒരു മനവും മാത്രമുള്ളവർ. ഐക്യത്തിന്റെ ഉറവിടം, ഊട്ടിയുറപ്പിക്കുന്ന ശക്തികേന്ദ്രം, അതായിരുന്നു അപ്പം മുറിക്കൽ.

ഈ പശ്ചാത്തലത്തിലാണ് നാലാമത്തെ ഘടകമായ പ്രാർത്ഥനയും അവതരിപ്പിച്ചിരിക്കുന്നത്. വിശ്വസിച്ചും പരസ്പരം സ്നേഹിച്ചും പങ്കുവച്ചും യേശുവിന്റെ ഓർമ്മ ആചരിക്കുന്ന സമൂഹമാണ് ഒരുമിച്ചു പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയിലൂടെ ദൈവത്തെ പിതാവായും യേശുവിനെ രക്ഷകനും ജ്യേഷ്ഠസഹോദരനുമായും ഏററുപറയുന്നവർ പരസ്പരം സഹോദരങ്ങളാണെന്ന ബോധ്യം വളർന്നു. ഇത് നീതിനിഷ്ഠമായൊരു സമൂഹനിർമ്മിതിയിലേക്കു നയിച്ചു. ഇതിന്റെ വ്യക്തമായ ഒരു വിവരണമാണ് ഗ്രന്ഥകർത്താവായ ലൂക്കാ തുടർന്നു നല്കുന്നത്.

“വിശ്വസിച്ചവർ ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏകമനസോടെ താത്പര്യപൂർവ്വം, അനുദിനം ദേവാലയത്തിൽ ഒരുമിച്ചു കൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു”(അപ്പ 2, 44-46). യഥാർത്ഥമായ ഹൃദയപരിവർത്തനത്തിലൂടെ സംജാതമാകുന്ന നീതിനിഷ്ഠമായ ഒരു സമൂഹത്തിന്റെ രൂപരേഖ ഇവിടെ ലൂക്കാ വരച്ചുകാട്ടുന്നു.

ഇവിടെ ആരുടെയും നിർബന്ധമില്ല. ശകാരമോ, ഭീഷണിയോ, ബലപ്രയോഗമോ ഒന്നുമില്ല. ആന്തരികമായൊരു പ്രചോദനമാണ് ഇപ്രകാരമൊരു സമൂഹനിർമ്മിതിക്കു കാരണമായത്. ആ പ്രചോദനത്തെ

യാണ് *മെത്താനോയിയാ* അഥവാ മനപരിവർത്തനം എന്നു വിശേഷിപ്പിക്കുന്നത്. ഇപ്രകാരം ഒരു പങ്കുവയ്ക്കലിൽ നഷ്ടബോധമില്ല; സ്വന്തമായുണ്ടായിരുന്നത് കൈവിട്ടുപോയി എന്ന ദുഃഖമോ ഇച്ഛാഭംഗമോ ഇല്ല. പങ്കുവയ്ക്കാനും അങ്ങനെ ഒരു സ്നേഹസമൂഹത്തിന്റെ ഭാഗമാകാനും സാധിച്ചതിലുള്ള സന്തോഷം മാത്രം. ഈ സന്തോഷമായിരുന്നു ആദിമ ക്രൈസ്തവസമൂഹത്തിന്റെ മുഖമുദ്ര. ഹൃദയലാളിത്യവും ആഹ്ളാദവും അവരുടെ ഊട്ടുമേശയിലെ കൂട്ടായ്മയിൽ പ്രകടമായിരുന്നു. അതുതന്നെയാകണം അനുദിനം അവരുടെ സംഖ്യ വർദ്ധിച്ചുവരാൻ  കാരണം(അപ്പ 2, 47).

ക്രിസ്തീയസമൂഹത്തിന്റെ നിരന്തരവും ആശ്ചര്യകരവുമായ വളർച്ചയെക്കുറിച്ച് വി. ഗ്രന്ഥകാരൻ നല്കുന്ന സൂചനകൾ വീണ്ടും സാമൂഹ്യനീതിയുടെ സ്വഭാവവും അതിനു ക്രിസ്തീയ സമൂഹം നല്കിയിരുന്ന പ്രാധാന്യവും എടുത്തുകാട്ടുന്നുണ്ട്. "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുവകകൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു. അപ്പസ്തോലന്മാർ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് വലിയ ശക്തിയോടെ സാക്ഷ്യം നല്കി. അവരെല്ലാവരുടെയും മേൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു. അവരുടെയിടയിൽ ദാരിദ്ര്യദുഃഖം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല"(അപ്പ 4,32-34).

ദൈവം ആഗ്രഹിച്ചതും യേശു പ്രഘോഷിച്ചതുമായ ഒരു ആദർശ സമൂഹത്തിന്റെ ചിത്രം ഇവിടെ ഇതൾ വിരിയുന്നു. എല്ലാം പൊതുസ്വത്തായിരുന്നു. പ്രപഞ്ചസൃഷ്ടിയുടെ ലക്ഷ്യത്തെയും ഈ ഭൂമിയിൽ മനുഷ്യനുള്ള സ്ഥാനത്തെയും പറ്റി ഉൽപത്തി പുസ്തകത്തിന്റെ ആദ്യഅധ്യായങ്ങളിൽത്തന്നെ എടുത്തുകാട്ടിയതാണ് പൊതുസമ്പത്തിനെക്കുറിച്ചുള്ള ഈ പ്രബോധനം. ദൈവം സൃഷ്ടിച്ച് എല്ലാവർക്കുമായി നല്കിയിരിക്കുന്ന ഈ ഭൂമിയും അതിലെ വിഭവങ്ങളും ആർക്കും തന്റേതുമാത്രം എന്നു കരുതി സ്വന്തമാക്കാൻ അനുവാദമില്ല. "ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്"(ലേവ്യ 25, 23) എന്ന പ്രഖ്യാപനത്തിൽ ഈ സത്യം വ്യക്തമാകുന്നു. ഇതുതന്നെയാണ് യേശു പഠിപ്പിച്ചതും ശിഷ്യന്മാർ പ്രഘോഷിച്ചതും ആദിമ ക്രൈസ്തവർ  പ്രാവർത്തികമാക്കിയതും.

സാമൂഹ്യനീതിയുടെ അടിസ്ഥാനഘടകങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടുന്ന സ്വകാര്യസ്വത്തുടമസ്ഥാവകാശമാണ് ഇവിടെ പരിമിതപ്പെടുത്തലിനും പുനർനിർവചനത്തിനും വിധേയമാകുന്നത്. ഈ

ഭൂമിയും അതിലെ വിഭവങ്ങളും എല്ലാം ആത്യന്തികമായി സ്രഷ്ടാവായ ദൈവത്തിന്റേതാണ്. അവിടുത്തെ സൃഷ്ടികൾക്കെല്ലാം അവിടെ ജീവിക്കാനും ജീവസന്ധാരണത്തിനാവശ്യമായ വക കണ്ടെത്താനും അവകാശമുണ്ട്. ഈ അവകാശത്തെ മാത്രമേ സ്വകാര്യസ്വത്തുടമസ്ഥാവകാശമായി കരുതാനാവൂ. അപ്പോൾ എന്റെ അയല്ക്കാരന്റെ ആവശ്യമാണ് എന്റെ അവകാശത്തിന്റെ പരിധി എന്നു വരുന്നു. ഇതു തന്നെയാണ് ധനവാനും ലാസറും, ഭോഷനായ ധനികൻ തുടങ്ങി നിരവധി ഉപമകളിലൂടെയും ഉപമകളില്ലാതെ നേരിട്ടും യേശു പഠിപ്പിച്ചത്. വിറ്റ് ദാനം ചെയ്യാൻ തയ്യാറാകാത്ത ധനികന്റെ മുമ്പിൽ സൂചിക്കുഴയിലൂടെ കടക്കാൻ ശ്രമിക്കുന്ന ഒട്ടകത്തിന്റെ ചിത്രം അവതരിപ്പിക്കുമ്പോൾ സംശയത്തിന് പഴുതടയ്ക്കുന്നു.

ദാരിദ്ര്യദുഃഖം അനുഭവിക്കുന്ന ആരും ഉണ്ടാകരുത്. ദൈവം സൃഷ്ടിച്ച ഈ ഭൂമിയിൽ ആരും പട്ടിണി കിടക്കാൻ ഇടയാകരുത്. മാനുഷ്യോജിതമായി ജീവിക്കാൻ ആവശ്യമായതു കിട്ടാതെവരാൻ ആർക്കും ഇടയാകരുത്. സ്വതന്ത്രമായ പങ്കുവയ്ക്കലിലൂടെ ഇപ്രകാരം ഒരു സംവിധാനം സംജാതമാകണം. ഈ കൂട്ടായ്മയുടെ പശ്ചാത്തലത്തിലാണ് അപ്പസ്തോലന്മാരുടെ സാക്ഷ്യവും സുവിശേഷപ്രഘോഷണവും അർത്ഥവത്തും സ്വീകാര്യവുമാകുന്നത്. അനുഭവത്തിന്റെ ദൃശ്യമായ സാക്ഷ്യം അനേകരിൽ ബോധ്യം ജനിപ്പിക്കുന്നു. അങ്ങനെ സ്നേഹസമൂഹമായി സഭ വളരുന്നു.

എന്നാൽ ഈ പങ്കുവയ്ക്കലിന് കോട്ടം തട്ടുന്നതായും ലൂക്കാ പറയുന്നുണ്ട്. ഏതാണ്ട് ആരംഭത്തിൽത്തന്നെ പങ്കുവയ്ക്കലിൽ വീഴ്ചകൾ സംഭവിച്ചു. അനനിയാസ് – സഫീറാ ദമ്പതികളുടെ ദുരന്തകഥ വിവരിക്കുന്നതിലൂടെ വി. ഗ്രന്ഥകാരൻ നല്കുന്ന സന്ദേശം കാണാതെ പോകരുത്. സൈപ്രസുകാരൻ ബാർണബാസ് തന്റെ വയൽ വിറ്റുകിട്ടിയ പണം മുഴുവൻ അപ്പസ്തോലന്മാരെ ഏല്പിച്ചതിന്റെ മാതൃക അവതരിപ്പിച്ചതിനുശേഷമാണ് കൂട്ടായ്മയിൽ വന്ന വീഴ്ചയെക്കുറിച്ച് വിവരിക്കുന്നത് (അപ്പ 4,35–5,11).

ആരും നിർബന്ധിച്ചിട്ടല്ല അനനിയാസും സഫീറായും തങ്ങളുടെ പറമ്പു വിറ്റതും, തുക അപ്പസ്തോലന്മാരെ ഏല്പിച്ചതും. എന്നാൽ വിറ്റുകിട്ടിയ തുകയുടെ ഒരു ഭാഗം സ്വന്തമായി മാറ്റിവച്ചിട്ട്, മുഴുവൻ നല്കുന്നു എന്ന ഭാവേന ബാക്കിതുക ഏല്പിച്ചത് വലിയൊരു വിനയായി. പത്രോസിന്റെ ചോദ്യം ചെയ്യലും വിധിപ്രസ്താവവും അവർ ചെയ്ത പ്രവൃത്തി പരിശുദ്ധാത്മാവിനെതിരേ ചെയ്ത കഠിനമായ തെറ്റാ

യിരുന്നു എന്നു പ്രഖ്യാപിക്കുന്നു. വില്ക്കുന്നതിനു മുമ്പ് പറമ്പും വിറ്റുകിട്ടിയ തുകയും അവർക്ക് സ്വന്തമായിരുന്നു. ആരും അതിനെ ചോദ്യം ചെയ്യുന്നില്ല; വില്ക്കാൻ നിർബന്ധിക്കുന്നുമില്ല. എന്നാൽ ഇവിടെ സംഭവിക്കുന്നത് കാപട്യമാണ്. സത്യം മറച്ചുവച്ച് വിശുദ്ധി യുടെ മുഖംമൂടി അണിയുന്ന നുണ. അതാണ് ശിക്ഷാർഹമായിത്തീരു ന്നത്. അനനിയാസും പിന്നാലെ സഫീറായും മരിച്ചുവീഴുന്നത് അവർ ചെയ്ത തെറ്റിന്റെ കാഠിന്യം എടുത്തുകാട്ടുന്നു.

പങ്കുവയ്ക്കുന്ന കൂട്ടായ്മയിൽ വരുത്തിയ വീഴ്ചയെ അതീവഗൗ രവത്തോടെയാണ് ആദിമസഭ വീക്ഷിച്ചത് എന്നതിന് വ്യക്തമായൊരു ഉദാഹരണമാണിത്. എന്നാൽ സാമൂഹ്യനീതി പ്രാവർത്തികമാക്കുന്ന തിൽ വേറെയും വീഴ്ചകളുണ്ടായി. യഹൂദരും വിജാതീയരും യേശു വിനെ സ്വീകരിച്ച് സഭയുടെ അംഗങ്ങളായി. സഭയിൽ ഉച്ചനീചത്വം ഉണ്ടാകരുതായിരുന്നു. എന്നാൽ അരുതാത്തതു സംഭവിച്ചു. യഹൂദ ക്രൈസ്തവർ വിജാതീയ ക്രൈസ്തവരേക്കാൾ ശ്രേഷ്ഠരായി പരിഗ ണിക്കപ്പെടാൻ തുടങ്ങി. അവർക്കു മുഖ്യപരിഗണന ലഭിച്ചതിൽ മുഖ്യ ഘടകം സാമ്പത്തികമായിരുന്നു.

ആദിമസമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരായി ആരുമില്ലാ യിരുന്നു എന്ന പ്രസ്താവനയ്ക്ക് കാലക്രമത്തിൽ ഉണ്ടായ ഒരു അപ വാദമോ തിരുത്തലോ പോലെയാണ് ഭക്ഷണവിതരണത്തിലെ അപാ കത ലൂക്കാ ചൂണ്ടിക്കാണിക്കുന്നത്. 'പ്രതിദിനമുള്ള സഹായവിതര ണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നുവെന്ന് ഗ്രീക്കു കാർ പിറുപിറുത്തു"(അപ്പ 6,1). ഈ സംഭവം അടിയന്തര ശ്രദ്ധ അർഹി ക്കുന്നത്ര ഗൗരവമുള്ളതായാണ് അപ്പസ്തോലർ കരുതിയത്. വചന പ്രഘോഷണത്തിനു ഭംഗം വരാതെ തന്നെ ഭക്ഷണവിതരണം കാര്യ ക്ഷമവും നീതിനിഷ്ഠവുമായ രീതിയിൽ നടക്കണം. അതിനുവേണ്ടി യാണ് 'ഡീക്കന്മാർ' എന്ന പേരിൽ സഭയിൽ ഒരു പുതിയ ശുശ്രൂഷ ആരംഭിച്ചത്. എന്നാൽ അവരും വചനപ്രഘോഷണത്തിനു പ്രാധാന്യം നല്കുന്നതായി സ്റ്റീഫന്റെയും ഫിലിപ്പിന്റെയും ഉദാഹരണങ്ങളിൽ നിന്നു കാണാം. സത്യസന്ധവും വിട്ടുവീഴ്ചയില്ലാത്തതുമായ വചന പ്രഘോഷണമാണ് മാനസാന്തരത്തിലേക്ക് നയിക്കുന്നത്. അതു തന്നെയാണ് സാമൂഹ്യനീതിയുടെ ഉപകരണമായി അപ്പസ്തോല പ്രവർത്തനങ്ങളിലെ വിവരണങ്ങൾ എടുത്തുകാട്ടുന്നത്.

പങ്കുവയ്ക്കലിലൂടെ മാത്രം ദാരിദ്ര്യം ഉന്മൂലനം ചെയ്യപ്പെടുകയി ല്ല. എല്ലാവരും വിറ്റു പങ്കുവച്ചു ഭക്ഷിക്കാൻ ശ്രമിക്കുമ്പോൾ ദാരിദ്ര്യ

മായിരിക്കുമല്ലോ ഫലം. തന്നെയുമല്ല, എല്ലാവരും വില്ക്കാൻ തയ്യാറാകുന്നിടത്ത് ആരാണ് വാങ്ങാനുണ്ടാകുക? അതിനാൽ വിറ്റു പങ്കുവയ്ക്കൽ എപ്പോഴും പ്രായോഗികമോ ഫലപ്രദമോ ആയ മാർഗമായിരിക്കണം എന്നില്ല. അതേസമയം എന്റേത് എന്നു പറഞ്ഞ് പങ്കുവയ്ക്കാൻ തയ്യാറാകാതെ മാറ്റിവയ്ക്കുന്നതു അനീതിയുടെ ഒരു മുഖ്യകാരണമാകുന്നു. ആത്യന്തികമായി നമ്മൾ ആരും ഉടമസ്ഥരല്ല, കാര്യസ്ഥർ മാത്രമാണെന്നും എന്നെ ഏല്പിച്ചിരിക്കുന്നവ ആവശ്യം അനുഭവിക്കുന്നവരുമായി പങ്കുവയ്ക്കാൻ കടപ്പെട്ടിരിക്കുന്നു എന്നുമുള്ള ബോധ്യമാണ് അപ്പസ്തോലപ്രവർത്തനങ്ങളിലെ വിവരണങ്ങളിലൂടെ ലഭിക്കുന്നത്.

ഇപ്രകാരം ഒരു പങ്കുവയ്ക്കലിന് യഥാർത്ഥ മാനസാന്തരം ഉണ്ടാകണം. സ്വരുക്കൂട്ടിവയ്ക്കുന്ന സമ്പത്തിനെ പരമമൂല്യമായി കരുതാതെ, ദൈവപരിപാലനയിൽ ആശ്രയിക്കാനും ഉത്തരവാദിത്വബോധത്തോടെ ജീവിക്കാനും ഈ മാനസാന്തരം അനിവാര്യമാണ്. വചനപ്രഘോഷണവും അപ്പം മുറിക്കലും പ്രാർത്ഥനകളും പങ്കുവയ്ക്കുന്ന കൂട്ടായ്മയിലേക്കു നയിക്കണം. പങ്കുവയ്ക്കാൻ തയ്യാറാകാത്തവർക്ക് ഈ സ്നേഹസമൂഹത്തിൽ സ്ഥാനമില്ല എന്ന തിരിച്ചറിവും ഉണ്ടാകണം. അതില്ലാതെ പോകുന്നതല്ലേ ഇന്ന് ക്രിസ്തീയവിശ്വാസികൾക്കിടയിൽപ്പോലും വലിയ ഉച്ചനീചത്വവും ചൂഷണവും വഞ്ചനയും നിലനില്ക്കാൻ കാരണം? അനനിയാസിന്റെയും സഫീറായുടെയും ഉദാഹരണം ലൂക്കാ എടുത്തു കാട്ടുന്നത് വെറുതെയല്ല എന്ന് ഓർക്കണം.

സാമൂഹ്യനീതിയെ ഊട്ടിയുറപ്പിക്കുന്ന കൂട്ടായ്മയുടെ കേന്ദ്രമാണ് ഊട്ടുമേശ. അതിലേക്കാണ് അടുത്തതായി നാം ശ്രദ്ധ തിരിക്കുന്നത്, പ്രത്യേകിച്ചും വി. പൗലോസിന്റെ ലേഖനങ്ങളുടെ വെളിച്ചത്തിൽ.

# 27

## ഊട്ടുമേശ - കൂട്ടായ്മയുടെ കേന്ദ്രം

*"ഓരോരുത്തരും ആത്മശോധന ചെയ്തതിനു ശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും"* (1കോറി11,28-23).

നിത്യജീവന്റെ ഔഷധമായ വി. കുർബാന നിത്യനാശം വരുത്തിവയ്ക്കുന്ന മാരകവിഷമായിത്തീരാം എന്ന് വി. പൗലോസ് നല്കുന്ന താക്കീത് സാമൂഹ്യനീതിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രബോധനത്തിലേക്കു വെളിച്ചം വീശുന്നു. പഴയനിയമ ഗ്രന്ഥങ്ങളിലും യേശുവിന്റെ പ്രബോധനങ്ങളിലും ആദിമ സഭയുടെ വിശ്വാസ ആചാരങ്ങളിലും പ്രകടമായ സാമൂഹ്യനീതിയുടെ വിവിധ മാനങ്ങൾ പൗലോസിന്റെ ലേഖനങ്ങളിൽ ഉടനീളം ദൃശ്യമാണ്. ആ പ്രബോധനങ്ങളുടെയെല്ലാം അടിത്തറയും ഉച്ചകോടിയും ആയി നില്ക്കുന്നതാണ് മേലുദ്ധരിച്ച വചനങ്ങൾ ഉൾക്കൊള്ളുന്ന, വി. കുർബ്ബാനയെക്കുറിച്ചുള്ള പ്രബോധനം(1കോറി 11,17-34). അതിനാൽ സാമൂഹ്യനീതിയെ സംബന്ധിച്ച പൗലോസിന്റെ പഠനങ്ങളിലേക്കുള്ള ഒരു പ്രവേശികയായി ഈ വചനഭാഗം സ്വീകരിക്കാം.

പൗലോസ് തന്നെ സ്ഥാപിച്ചതാണ് കോറിന്തോസിലെ സഭ. സുവിശേഷ പ്രഘോഷണത്തിനും സഭയെ പടുത്തുയർത്തുന്നതിനും വേണ്ടി ഏറ്റം കൂടുതൽ സമയം ചിലവഴിച്ചതും ലേഖനങ്ങൾ എഴുതിയതും കോറിന്തോസിനു വേണ്ടിയാണ്. കോറിന്തോസുകാർക്ക് എന്ന ശീർഷകത്തിൽ ഇന്നു ലഭ്യമായിരിക്കുന്ന രണ്ടു ലേഖനങ്ങളുണ്ട്. മൊത്തം 29 അദ്ധ്യായങ്ങൾ. ഇതിനു പുറമേ ഒന്നോ രണ്ടോ ലേഖനങ്ങൾ കൂടി കോറിന്തോസിലെ സഭയ്ക്ക് എഴുതിയെന്ന സൂചനകൾ ഈ ലേഖനങ്ങളിലുണ്ട് (ഉദാ: 2കോറി 2, 4). അങ്ങനെ പൗലോസിന്റേതായി അറിയപ്പെടുന്ന ലേഖനങ്ങളുടെ മൂന്നിലൊന്നിൽ കൂടുതൽ കോറിന്തോസുകാർക്ക് എഴുതിയതാണ്. മറ്റു ലേഖനങ്ങളിൽ നിന്ന് വ്യത്യസ്തമായി കോറിന്തോസുകാർക്കുള്ള ലേഖനങ്ങളിൽ സഭ നേരിടുന്ന അനേകം പ്രശ്നങ്ങൾ ചർച്ചചെയ്യുകയും നിർദ്ദേശങ്ങളും താക്കീതുകളും നല്കുകയും ചെയ്യുന്നതും കാണാം.

കോറിന്തോസിലെ സഭ നേരിട്ട പ്രശ്നങ്ങളിൽ ഏറ്റം ഗുരുതരമായ ഒന്നായിരുന്നു സഭയിലുണ്ടായ ഭിന്നിപ്പ്. തുടക്കത്തിൽ തന്നെ അപ്പസ്തോലൻ ഇതിനെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. "സഹോദരരേ, നിങ്ങൾ എല്ലാവരും സ്വരച്ചേർച്ചയോടും ഐക്യത്തോടും ഏക മനസ്സോടും ഏകാഭിപ്രായത്തിൽ വർത്തിക്കണമെന്ന് യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു... നിങ്ങളുടെ ഇടയിൽ തർക്കങ്ങൾ ഉണ്ടെന്ന്... എന്നെ അറിയിച്ചിരിക്കുന്നു"(1കോറി 1,10-11). സഭയിൽ ഭിന്നിപ്പിനു കാരണമായ പലതിനെയും പറ്റി പരാമർശിക്കുകയും വിശദീകരിക്കുകയും ചെയ്തതിനുശേഷം ഏറ്റം പ്രധാനപ്പെട്ട പ്രബോധനത്തിലേക്കു കടക്കുന്നത് തീർത്തും നിഷേധാത്മകമായ ഒരു ആമുഖവാക്യത്തോടെയാണ്.

"ഇനി പറയാൻ പോകുന്ന കാര്യങ്ങളിൽ ഞാൻ നിങ്ങളെ പ്രശംസിക്കുന്നില്ല" (1കോറി 1,17). വി.കുർബ്ബാനയെക്കുറിച്ചുള്ള പ്രബോധനമാണ് ഇപ്രകാരം ഒരാമുഖത്തോടെ തുടങ്ങുന്നത്. പുതിയ നിയമത്തിൽ വി. കുർബ്ബാനയെക്കുറിച്ചുള്ള ഏറ്റം പുരാതനവും ആധികാരികവുമായി ഈ വിവരണത്തെ (1കോറി 11:17-34) ബൈബിൾ പഠിതാക്കളും ദൈവശാസ്ത്രജ്ഞരും പരിഗണിക്കുന്നു. അത്താഴവിരുന്നിന്റെ പശ്ചാത്തലത്തിലാണ് ആദിമക്രൈസ്തവർ യേശുവിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് വി. കുർബ്ബാന ആഘോഷിച്ചിരുന്നത്. സ്വന്തമായി ദേവാലയങ്ങളൊന്നും ഇല്ലാതിരുന്ന ആദിമ ക്രൈസ്തവർ ചെറുസമൂഹങ്ങളായി വീടുകളിൽ സമ്മേളിക്കുകയും യേശുവിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് അപ്പംമുറി

ക്കൽ ശുശ്രൂഷയിൽ പങ്കുചേരുകയും ചെയ്തിരുന്നു എന്ന് ആദിമ സമൂഹത്തിന്റെ ചിത്രം സംക്ഷിപ്തമായി അവതരിപ്പിക്കുന്ന ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പ 2,46).

ശിഷ്യന്മാരോടൊന്നിച്ച് അവസാനമായി നടത്തിയ അത്താഴവിരുന്നിനിടയിലാണല്ലോ യേശു വിശുദ്ധ കുർബ്ബാന സ്ഥാപിച്ചത്. ശിഷ്യരുടെ പാദങ്ങൾ കഴുകി വിനീത നേതൃത്വത്തിന്റെ പാഠം നല്കിയതിനു ശേഷമാണ് യേശു അപ്പം മുറിച്ചു പങ്കുവച്ചത്. അതു തന്റെ ശരീരവും രക്തവും പങ്കുവയ്ക്കലാണെന്നും തന്റെ ഓർമ്മയ്ക്കായി ശിഷ്യന്മാർ ഇതു തുടരണമെന്നും ഗുരു അനുശാസിച്ചു.(യോഹ 13,1–16; ലൂക്കാ 22:,14–23). ഇതനുസരിച്ചാണ് അന്നു മുതൽ ഇന്നുവരെ ക്രിസ്ത്യാനികൾ വി. കുർബ്ബാന അർപ്പിക്കുന്നതും ആഘോഷിക്കുന്നതും.

ആഴ്ചയുടെ ആദ്യദിവസം സായാഹ്നത്തിലാണ് ഇപ്രകാരം അപ്പം മുറിക്കലിനായി ക്രിസ്ത്യാനികൾ വീടുകളിൽ ഒരുമിച്ചുകൂടിയിരുന്നത്. ക്രിസ്ത്യാനികൾ എല്ലാവരും യേശുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിച്ചവർ ആയിരുന്നെങ്കിലും ഭൗതിക സമ്പത്തു പങ്കുവയ്ക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും അത്രതന്നെ പ്രാവർത്തിക മാക്കിയിരുന്നില്ല. അവരുടെ ഇടയിൽ സമ്പന്നരും ദരിദ്രരും ഉണ്ടായിരുന്നു. എന്നാലും അപ്പം മുറിക്കാൻ എല്ലാവരും ഒരുമിച്ചു കൂടും. എല്ലാവർക്കും സമ്മേളിക്കാൻ മാത്രം സൗകര്യമുള്ള വലിയ വീടുകളിലാവും അവർ ഒന്നിച്ചു കൂടുക. ഭക്ഷണത്തിനായി ഒരുമിച്ചു വരുന്നവർ പങ്കുവയ്ക്കാനായി ഭക്ഷണസാധനങ്ങളും കൊണ്ടുവരുക പതിവായിരുന്നു. കൊണ്ടു വരുന്ന ഭക്ഷണം സമാഹരിച്ച് എല്ലാവരും ഒരുമിച്ചു പങ്കു വച്ചു ഭക്ഷിക്കുകയായിരുന്നു പതിവ്. ഇത് സ്നേഹത്തിന്റെ പ്രകടനമായിരുന്നു– തന്നെത്തന്നെ മുറിച്ചു പങ്കുവച്ചു ഭക്ഷണമായി നല്കുന്ന യേശുവിലൂടെ പ്രകടമായ ദൈവസ്നേഹത്തിന്റെയും ആ സ്നേഹത്തിൽ ഒരു കൂട്ടായ്മയായി (*"കൊയിനൊണിയാ"* എന്നു ഗ്രീക്കിൽ) മാറുന്ന സമൂഹങ്ങൾ തമ്മിൽ നിലനില്ക്കുന്ന, നിലനില്ക്കേണ്ട, സഹോദര സ്നേഹത്തിന്റെയും. അങ്ങനെ ഈ അത്താഴ വിരുന്നുകൾ കൂട്ടായ്മ ഊട്ടി ഉറപ്പിക്കുന്ന അവസരങ്ങളായി. അതിനാൽതന്നെ 'സ്നേഹവിരുന്ന്' എന്ന അർത്ഥത്തിൽ *'ആഗാപ്പേ'* എന്ന് ഈ സമ്മേളനങ്ങൾ അറിയപ്പെട്ടിരുന്നു.

യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റു പറയുന്ന വിശ്വാസവും അവന്റെ ജീവിതത്തിന്റെയും അനുശാസനങ്ങളുടെയും അനുസ്മരണവും ആവശ്യമായവ പങ്കുവയ്ക്കുന്നതിലൂടെ പ്രകടമാക്കുന്ന

സമ്മേളനമായിരുന്നു ഈ അപ്പം മുറിക്കൽ ശുശ്രൂഷ. എന്നാൽ കാല ക്രമത്തിൽ ഈ കൂട്ടായ്മയിൽ വിള്ളലുകളുണ്ടായി. സമ്പന്നരുടെ വീടു കൾക്ക് പല അകത്തളങ്ങളും ഇടനാഴികളും നടുമുറ്റങ്ങളും ഉണ്ടായി രുന്നു. വീടിന്റെ ഈ ഘടന തന്നെ വിരുന്നുകാർക്കിടയിൽ വിവേചന ത്തിനു കാരണമായി. വീട്ടുകാരും സമ്പന്നരായ പ്രമുഖ വ്യക്തികളും വീടിന്റെ ഏറ്റം പ്രധാനപ്പെട്ട ഉൾമുറിയിലോ വിശാലമായ ശാലയിലോ ആയിരിക്കും സമ്മേളിക്കുക. വിരുന്നുകാരുടെ സാമ്പത്തിക ശേഷിയും സമൂഹത്തിലെ സ്ഥാനവും അനുസരിച്ച് ഇടനാഴികളിലും മുറ്റത്തും പിന്നാമ്പുറങ്ങളിലും ഒക്കെയായി നിലത്തിരുന്നും നിന്നും സമ്മേളന ത്തിൽ പങ്കെടുക്കേണ്ടി വന്നു.

കൂടെ കൊണ്ടുവരുന്ന ഭക്ഷണസാധനങ്ങളിലും വ്യത്യാസങ്ങളു ണ്ടായി. ആദ്യമാദ്യം എല്ലാവരും ഒരുമിച്ച് പങ്കുവച്ചിരുന്നിടത്ത് ചെറിയ ഗ്രൂപ്പുകൾ രൂപം കൊണ്ടു. സമ്പന്നർ തങ്ങളുടെ വിരുന്ന് സമൃദ്ധമായി ഭക്ഷിച്ച് ആഘോഷിച്ചപ്പോൾ ദരിദ്രർക്കു തങ്ങൾ കൊണ്ടുവന്ന തുച്ഛ മായ ആഹാരം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ഇത് ഉള്ളവരും ഇല്ലാ ത്തവരും തമ്മിലുള്ള വ്യത്യാസം പ്രകടമാക്കി. വിശുദ്ധ കുർബ്ബാനതന്നെ അനൈക്യത്തിന്റെയും അസമത്വത്തിന്റെയും ദൃശ്യമായ പ്രകടനമായി. "തൽഫലമായി ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉന്മത്തനായും ഇരിക്കുന്നു"(1കോറി 11:21).

ഇവിടെയാണ് പൗലോസിന്റെ ധാർമ്മിക രോഷം അഗ്നിപർവ്വതം പോലെ പൊട്ടിത്തെറിക്കുന്നത്. "എന്ത്? തിന്നാനും കുടിക്കാനും നിങ്ങൾക്കു വീടുകളില്ലേ? അതോ നിങ്ങൾ ദൈവത്തിന്റെ സഭയെ അവ ഗണിക്കുകയും ഒന്നുമില്ലാത്തവരെ അവഹേളിക്കുകയും ചെയ്യു ന്നുവോ?"(1കോറി 11:22). നിശിതമായ ഈ വിമർശനത്തിനു ശേഷമാണ് യേശു എപ്രകാരം വി. കുർബ്ബാന സ്ഥാപിച്ചുവെന്നും എന്താണതിന്റെ അർത്ഥമെന്നും എങ്ങനെയാണ് കുർബ്ബാനയിൽ പങ്കെടുക്കേണ്ടതെന്നും പഠിപ്പിക്കുന്നത് (1 കോറി 11, 23-26). അതിനു ശേഷം താക്കീതുകളും നിർദ്ദേശങ്ങളും ഭീഷണികളും ആവർത്തിക്കുന്നു.

"തന്മൂലം ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റു ചെയ്യുന്നു" (1 കോറി 11, 27). എന്താണ് യേശുവിന്റെ വിരുന്നിൽ പങ്കെ ടുക്കാൻ ഒരുവനെ അയോഗ്യനാക്കുന്നത്? പൗലോസിന്റെ പ്രബോധ നത്തിൽ സംശയത്തിനിടയില്ല. ഓരോരുത്തരും ആത്മശോധന ചെയ്യ

ണം. “എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും” (11,29).

യോഗ്യത പരിശോധിക്കുക, ആത്മശോധന ചെയ്യുക, ശരീരത്തെ വിവേചിച്ചറിയുക എന്നിങ്ങനെ മൂന്നു കാര്യങ്ങൾ അപ്പസ്തോലൻ എടുത്തു പറയുന്നു. എന്താണ് ഇതിന് അർത്ഥം? “ശരീരത്തെ വിവേചിച്ചറിയുക” എന്നതിൽ തുടങ്ങാം. ആദ്യ വീക്ഷണത്തിൽ യേശുവിന്റെ ശരീരമായി മാറിയ അപ്പത്തെയാണ് ഈ പ്രസ്താവന സൂചിപ്പിക്കുന്നത് എന്നതിൽ സംശയമില്ല. വി. കുർബ്ബാനയിൽ സംഭവിക്കുന്ന സത്താഭേദത്തെയാവും അപ്പോൾ ഇതു സൂചിപ്പിക്കുക. വിരുന്നിനിടയിൽ തിന്നുന്ന അപ്പവും കുടിക്കുന്ന വീഞ്ഞും ഇവിടെ യേശുവിന്റെ ശരീരരക്തങ്ങളായി മാറിയ വസ്തുക്കളിൽ നിന്നു വേർതിരിച്ചറിയണം. യേശുവിന്റെ അന്ത്യവിരുന്നിലും വ്യത്യാസമുണ്ടായിരുന്നു. എന്നാൽ അതു മാത്രമാണോ അപ്പസ്തോലൻ വിവക്ഷിക്കുന്നത്?

“യേശുവിന്റെ ശരീരം” എന്ന പ്രയോഗത്തിന് പൗലോസ് അപ്പസ്തോലൻ കൂടുതൽ വ്യാപകവും അഗാധവും ആയ അർത്ഥം നല്കുന്നുണ്ട്. യേശുവിൽ വിശ്വസിച്ച് മാമ്മോദീസാ വഴി സഭയുടെ അംഗങ്ങളായവരുടെ സമൂഹത്തെ ഒരു ശരീരത്തോടാണ് അപ്പസ്തോലൻ ഉപമിക്കുന്നത്. ‘യേശുവിന്റെ മൗതിക ശരീരം’ (mystical body) എന്ന് പിൽക്കാലത്ത് ദൈവശാസ്ത്രജ്ഞർ ഇതിനെ വിശേഷിപ്പിച്ചു. ഇതേ പേരിൽ ഒരു ചാക്രിക ലേഖനം തന്നെ പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ (mystici corporis) പുറപ്പെടുവിക്കുകയുണ്ടായി. “ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങളുണ്ട്.... നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളും ആണ്” (1കോറി 12, 12-27). ചർച്ചാവിഷയമായ പ്രമേയത്തിലേക്ക് അപ്പസ്തോലൻ തന്നെ വെളിച്ചം പകരുന്നുണ്ട് ഈ വാക്യങ്ങളിൽ. അത്താഴമേശയിലെ ഉച്ചനീചത്വത്തെ അതി കഠിനമായ വീഴ്ചയായി വിലയിരുത്തുന്നതിനു തൊട്ടുപിന്നാലെയാണ് ക്രിസ്തുവിന്റെ ശരീരത്തെക്കുറിച്ചുള്ള ഈ പ്രബോധനം എന്നതു പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

സ്നേഹവിരുന്നിൽ പങ്കെടുക്കുന്നവർ തങ്ങൾ ഭക്ഷിക്കുന്നത് യേശുവിന്റെ ശരീരമായി മാറിയ അപ്പം ആണെന്നു വിശ്വസിച്ചാൽ പോരാ, മറിച്ച് തന്നോടൊത്ത് ഭക്ഷിക്കുന്നവരും ഭക്ഷണം കിട്ടാതെ വിശന്നു വലയുന്നവരും എല്ലാം യേശുവിന്റെ തന്നെ ശരീരത്തിലെ അവയവങ്ങൾ ആണെന്നു തിരിച്ചറിയണം. അപ്പോൾ മാത്രമേ ഊട്ടു

മേശയിലെ ഉച്ചനീചത്വത്തിന്റെ കാഠിന്യം വ്യക്തമാകൂ! ഞാൻ തിന്നു കുടിച്ചു മദിക്കുമ്പോൾ എന്റെ അയൽക്കാരൻ പട്ടിണി കിടക്കുന്നെങ്കിൽ അതിന്റെ പേരിൽ എനിക്കു ലഭിക്കാൻ പോകുന്നത് നിത്യശിക്ഷയിൽ കുറഞ്ഞ ഒന്നുമല്ല എന്ന അപ്പസ്തോലന്റെ പ്രബോധനം സാമൂഹ്യ നീതിയുടെ അടിത്തറയിലേക്കും ഉറവിടത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ യേശു നൽകിയ പാഠം അപ്പസ്തോലൻ ഉപമ കൂടാതെ പച്ച യാഥാർത്ഥ്യമായി അവതരിപ്പിക്കുന്നു. ഇവിടെ തുടങ്ങണം സാമൂഹ്യനീതിയെക്കുറിച്ചുള്ള പൗലോസിന്റെ പ്രബോധനത്തെ സംബന്ധിച്ച അന്വേഷണം.

ഇന്നും എന്നും ഏറെ പ്രസക്തമാണ് പൗലോസ് അപ്പസ്തോലന്റെ ഈ നിരീക്ഷണവും പ്രബോധനവും. യേശുവിലുള്ള വിശ്വാസമാണ് ക്രൈസ്തവ സമൂഹത്തിന്റെ അടിസ്ഥാനവും ആരംഭവും. വിശ്വാസത്തിൽ ഐക്യപ്പെടുന്നവർ ഒറ്റ സമൂഹമാകുന്നു. ഒരു ശരീരംപോലെ പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്ന സമൂഹം. ഇവിടെ ഓരോ വ്യക്തിയും ശരീരത്തിലെ ഓരോ അവയവം പോലെയാണ്. ക്രിസ്തുവാണ് ഈ ശരീരത്തിന്റെ ശിരസ്. വിശ്വാസികൾ അവയവങ്ങളും (എഫേ 2, 22; 4, 15; 5, 29-30; 1കോറി 12, 27; റോമാ 12, 5-6). ഈ അവബോധത്തിൽ നിന്നാണ് സാമൂഹ്യനീതിയെ സംബന്ധിച്ച ഉൾക്കാഴ്ചകൾ ഉണരുന്നത്. ഒരു ശരീരത്തിലെ അവയവങ്ങൾപോലെ നാമെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സകല മനുഷ്യരും ഈ അവബോധത്തിലേക്ക് ഉണരുമ്പോൾ തികച്ചും നീതിനിഷ്ഠമായ ഒരു മനുഷ്യസമൂഹം സംജാതമാകും. അതിലേക്കു നയിക്കുന്ന ഏറ്റം ഉന്നതവും ഉത്കൃഷ്ടവും ഫലദായകവും ആയ മാർഗ്ഗമാണ് ഊട്ടുമേശയിലെ കൂട്ടായ്മയെന്ന സ്നേഹവിരുന്ന്, വി. കുർബ്ബാന.

ഈ യാഥാർത്ഥ്യം മറന്നതും കൂട്ടായ്മയ്ക്കു കോട്ടം വരുത്തിയതുമാണ് കോറിന്തോസിലെ സഭയ്ക്കെതിരെ ശക്തമായ താക്കീതുകൾ നല്കാൻ പൗലോസിനെ പ്രേരിപ്പിച്ചത്. കോറിന്തോസുകാർ ഈ താക്കീതുകൾ എത്രമാത്രം ക്രിയാത്മകമായി സ്വീകരിച്ചു എന്നറിയില്ല. എന്നാൽ യേശുവിന്റെ അന്ത്യ അത്താഴവിരുന്നിന്റെ ഓർമ്മ ആചരിച്ചു കൊണ്ട് ഇന്നു ക്രൈസ്തവർ ആഘോഷിക്കുന്ന വി. കുർബ്ബാനയിൽ ഈ നിർദ്ദേശങ്ങളും താക്കീതുകളും എത്രമാത്രം പരിഗണിക്കപ്പെടുന്നു എന്നന്വേഷിക്കുന്നത് ഉപകാരപ്രദമാകും.

അത്താഴമേശയിൽ വച്ച് യേശു സ്ഥാപിച്ചതും ആദിമ സമൂഹം ഭവനം തോറും അപ്പംമുറിക്കൽ ശുശ്രൂഷയായി ആചരിച്ചതും ആയ

വി. കുർബ്ബാന കാലക്രമത്തിൽ പ്രത്യേക ഘടനകളും പ്രാർത്ഥനകളും ആചാരാനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്ന ഒരു ചടങ്ങായി. പ്രാർത്ഥന കളുടെ കണിശതയും ആചാരാനുഷ്ഠാനങ്ങളുടെ വിശദാംശങ്ങളും വേഷഭൂഷാദികളുടെ നിറവും രൂപവും വലുപ്പവും ഒക്കെ ശ്രദ്ധാകേന്ദ്ര മായി തീർന്നു.

പല സംസ്കാരങ്ങളിൽ നിന്നു രൂപം കൊണ്ട പല രീതികളിലുള്ള ആചാരങ്ങളുണ്ടായി. പിന്നെപ്പിന്നെ ഈ പ്രാർത്ഥനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ശ്രദ്ധാകേന്ദ്രമായി. ഊട്ടുമേശ കർത്താവിന്റെ ബലി പീഠമാണോ കബറിടമാണോ, കുർബ്ബാന ജനാഭിമുഖം വേണമോ അതോ പുരോഹിതനും ജനവും ഒരേ ദിക്കിലേക്കു നോക്കി അർപ്പി ക്കണമോ കുർബ്ബാന ബലിയാണോ അതോ വിരുന്നാണോ എന്നിങ്ങ നെയുള്ള വിചിന്തനങ്ങൾക്കും വിവാദങ്ങൾക്കും ഇടയിൽ യേശു കല്പി ച്ചതും പൗലോസ് അനുശാസിച്ചതും ആയ പ്രധാന കാര്യങ്ങൾ വിസ്മ രിക്കപ്പെട്ടു. യേശുവിന്റെ അവസാനത്തെ അത്താഴത്തിന്റെ ഓർമ്മയാ ചരിച്ചുകൊണ്ട് വിശ്വാസികളുടെ കൊച്ചു കൊച്ചു കൂട്ടായ്മകൾ ആഘോഷിക്കുന്ന സ്നേഹവിരുന്ന് ആണെന്ന കാര്യം മറന്നു; പകരം താളമേളങ്ങളുടെയും ഗാനാലാപനങ്ങളുടെയും മധ്യേ അവതരിപ്പിക്ക പ്പെടുന്ന ഒരു സംഗീത നാടകംപോലെ ആയി എന്നു കുറ്റപ്പെടുത്തി യാൽ അതു മുഴുവൻ തെറ്റാണെന്നു പറയാനാകുമോ?

ദരിദ്രന്റെ സമ്പത്ത് പല വിധത്തിൽ തട്ടിയെടുത്ത് ധനികരായ വർ തങ്ങൾ വഞ്ചിച്ച ദരിദ്രരോടൊത്ത് ഒരേ കുർബ്ബാനയിൽ പങ്കുചേരു ന്നതിൽ ഒരു അപാകതയും ആരും കാണാതായി. അന്യായ പലിശ ഈടാക്കുന്ന ധനമിടപാടുകാരും ബ്ലേഡ് കമ്പനി ഉടമകളും വിഷം മദ്യ മാക്കി വിറ്റ് സമ്പന്നരാകുന്ന മദ്യവ്യാപാരികളും ഇവയുടെയെല്ലാം ഇര കളും ഒരേ കുർബ്ബാനയിൽ പങ്കെടുത്ത്, അപ്പം തിന്നു തൃപ്തരാകു ന്നു. തന്നെയുമല്ല യേശുവിന്റെ അത്താഴ വിരുന്നു തന്നെ പല വിധ ത്തിൽ ആചരിക്കുകയും താളമേളങ്ങളുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് അവയ്ക്കു നിരക്കുകൾ നിശ്ചയിക്കുകയും ചെയ്യുമ്പോൾ വിശുദ്ധ വസ്തു ഒരു കച്ചവട ചരക്കാക്കി മാറ്റുകയല്ലേ എന്ന് ദോഷൈക ദൃക്കു കൾ ചോദിച്ചാൽ ഉത്തരം പറയുക എളുപ്പമായിരിക്കുകയില്ല.

അതിനാൽ പുരോഹിതരും ജനവും യേശുവിന്റെ ഊട്ടുശാലയി ലേക്കു മടങ്ങണം. കാൽകഴുകൽ ആണ്ടിൽ ഒരിക്കൽ അഭിനയിക്കുന്ന ഒരു നാടകീയ കൃത്യമാകാതെ മനോഭാവത്തിന്റെ ഭാഗമാകണം. വിശ്വാസം മാത്രമല്ല, ഭൗതിക സമ്പത്തും പങ്കുവയ്ക്കാൻ തയ്യാറാകാ

ത്തവർക്ക് ഈ ദിവ്യ ഭോജനത്തിൽ പങ്കുചേരാൻ അർഹതയില്ലെന്നു മാത്രമല്ല, അങ്ങനെയുള്ള പങ്കുചേരൽ നിത്യനാശം വരുത്തി വയ്ക്കുന്ന മാരകപാപമാണ് എന്ന സത്യം ഉറക്കെ പ്രഘോഷിക്കാൻ സഭാ സമൂഹത്തിനു കഴിയണം. അതല്ലേ വി. പൗലോസ് കോറിന്തോസുകാരോട് പറഞ്ഞത്? ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുന്നവർ മാരകമായ വിഷമാണ് കഴിക്കുന്നതെന്ന അവബോധം പുരോഹിതരും ജനങ്ങളും അടങ്ങുന്ന വിശ്വാസ സമൂഹത്തിൽ സംജാതമാകുമ്പോൾ സാമൂഹ്യ നീതിയും യാഥാർത്ഥ്യമാകും. അതിനുള്ള ആഹ്വാനമാണ് ഊട്ടുമേശ യിൽനിന്ന് ഒരു വിപ്ലവ കാഹളമായി മുഴങ്ങുന്നത്.

# 28

# ധനമോഹം അനീതിയുടെ ഉറവിടം

*"ഉള്ളതു കൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ്. കാരണം നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടു പോകാനും നമുക്ക് സാധിക്കുകയില്ല. ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ട് നമുക്ക് തൃപ്തിപ്പെടാം. ധനവാന്മാരാകണമെന്ന് ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും മനുഷ്യനെ അധഃപതനത്തിലേക്കും നാശത്തിലേക്കും തള്ളിയിടുന്ന നിരവധി വ്യാമോഹങ്ങളിലും നിപതിക്കുന്നു. എന്തെന്നാൽ ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചു പോകാനും ഒട്ടേറെ വ്യഥകളിൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും ഇടയായിട്ടുണ്ട്"* (1തിമോ 6,6-10).

വി. പൗലോസിന്റേതായി സഭ അംഗീകരിച്ചിട്ടുള്ള 13 ലേഖനങ്ങളാണ് ബൈബിളിൽ ഉള്ളത്. ഹെബ്രായർക്കുള്ള ലേഖനം പൗലോസ് എഴുതിയതായി ഒരു കാലത്ത് കരുതപ്പെട്ടിരുന്നെങ്കിലും ആധുനിക ബൈബിൾ ഗവേഷണങ്ങൾ നല്കുന്ന അറിവുകളുടെ പശ്ചാത്തലത്തിൽ ആ ലേഖനം പൗലോസിന്റേതായി ഇന്ന് പരിഗണിക്കപ്പെടുന്നില്ല. ഈ പതിമൂന്നു ലേഖനങ്ങളിൽ എട്ടെണ്ണം (റോമാ 1,-2, കോറി; ഗലാ; ഫിലി; 1,2 തെസ, ഫിലെ) പൗലോസ് തന്നെ എഴുതിയതോ പറഞ്ഞു

കൊടുത്ത് എഴുതിച്ചതോ ആണെന്നതിൽ ആർക്കും സംശയമില്ല. അതിനാൽ ഇവയെ പ്രോട്ടോ പോളൈൻ ലേഖനങ്ങൾ എന്ന് ബൈബിൾ പഠിതാക്കൾ വിശേഷിപ്പിക്കുന്നു; ശേഷിക്കുന്ന അഞ്ചെണ്ണം (എഫേ, കൊളോ; 1-2 തിമോ; തിത്തോ) ഡ്യുറ്റെറോ പോളൈൻ ലേഖനങ്ങളെന്നും. രണ്ടാമത്തെ വിഭാഗത്തെക്കുറിച്ച് തർക്കം നില നിൽക്കുന്നതിനാൽ ആണ് ഈ വിശേഷണം. എന്നാൽ ഈ 13 ലേഖനങ്ങളും പൗലോസിന്റേതു തന്നെ എന്നാണ് കത്തോലിക്കാ സഭയുടെ നിലപാട്. അതിനാൽ സാമൂഹ്യ നീതിയെക്കുറിച്ചുള്ള പൗലോസിന്റെ വീക്ഷണം അന്വേഷിക്കുമ്പോൾ ഈ ലേഖനങ്ങളെല്ലാം തുല്യ പ്രാധാന്യത്തോടെ പരിഗണിക്കണം.

പഠന വിഷയത്തിലേക്കു വെളിച്ചം വീശുന്ന ഒരു സംക്ഷിപ്ത വിവരണം ആണ് ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മെത്രാനായി പൗലോസ്തന്നെ അഭിഷേകിച്ച് നിയോഗിച്ച പ്രേഷ്ഠശിഷ്യൻ തിമോത്തിക്ക് എഴുതിയ ആദ്യ ലേഖനത്തിൽ സഭാ ശ്രേഷ്ഠൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിക്കുന്നു. അവയിൽ സുപ്രധാനമായ ഒന്നാണ് സാമൂഹിക-സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ. മറ്റു ക്രിസ്തീയ സമൂഹങ്ങളിൽ എന്ന പോലെ തിമോത്തിയെ ശുശ്രൂഷകൾക്കായി ഏല്പിച്ചിരിക്കുന്ന സമൂഹങ്ങളിലും പല തരത്തിലുള്ള ഭിന്നതകളും തർക്കങ്ങളും നിലവിൽ വന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതായി പൗലോസ് കാണുന്നത് സാമ്പത്തിക കാര്യങ്ങളിൽ കടന്നുവന്ന ഉച്ചനീചത്വങ്ങളും അനീതികളും ആണ്. ഇവയ്ക്കെല്ലാം മൂല കാരണം ആയി പൗലോസ് ധനമോഹത്തെ എടുത്തു കാട്ടുന്നു. "ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം" (1തിമോ 6,10).

ഈ ഭൂമിയും അതിലെ വിഭവങ്ങളും എല്ലാ മനുഷ്യരുടെയും മററു ജീവജാലങ്ങളുടെയും ജീവസന്ധാരണത്തിനായി ദൈവം സൃഷ്ടിച്ച് സൗജന്യമായി നല്കിയിരിക്കുന്നു എന്ന ബൈബിളിന്റെ പൊതുവായ പ്രബോധനത്തിൽ ഊന്നിനിന്നാണ് അപ്പസ്തോലൻ എഴുതുന്നത്. ഇവിടെ എല്ലാവർക്കും ജീവിക്കണം, പൂർണ്ണതയിലേക്കു വളരണം. ഇതു ദൈവം തന്നെ നല്കിയിരിക്കുന്ന, ഉടമ്പടിയുടെ പ്രമാണങ്ങളിലൂടെ ഉറപ്പു വരുത്തിയിരിക്കുന്ന അവകാശമാണ്; അതോടൊപ്പം കടമയും. യേശുവിൽ പൂർത്തിയായ പുതിയ നിയമം ഇതിന് ഊന്നൽ നല്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം "ധനമോഹം" എന്ന തിന്മയെ അപഗ്രഥിക്കാൻ.

ഓരോരുത്തർക്കും അർഹമായതു നല്കാൻ സാമൂഹ്യ നീതി ആവശ്യപ്പെടുന്നു. എല്ലാ മനുഷ്യരുടെയും ജീവജാലങ്ങളുടെയും അവകാശങ്ങൾ ഇവിടെ പരിഗണിക്കപ്പെടണം; നിറവേറ്റപ്പെടണം. അർഹമായതു ലഭിക്കാതിരിക്കുന്നതും അനർഹമായതു സ്വന്തമാക്കുന്നതും അനീതിയത്രെ. അർഹമായവ അനേകർക്കു ലഭിക്കാതിരിക്കാൻ മുഖ്യ കാരണം ചുരുക്കം പേർ അനർഹമായതു സ്വരുക്കൂട്ടുന്നതാണ്. പരിമിതമായ വിഭവങ്ങൾ ചുരുക്കം പേർ വാരിക്കൂട്ടാൻ ശ്രമിക്കുമ്പോൾ അനേകർക്ക് നീതി നിഷേധിക്കപ്പെടുന്നു. ഇപ്രകാരം അനേകരെ അനീതിക്ക് ഇരയാക്കുന്നത് ധനമോഹമാണെന്നും എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം അതു തന്നെയെന്നും അപ്പസ്തോലൻ സമർത്ഥിക്കുന്നു.

മതി എന്നു പറയാൻ പഠിക്കുകയാണ് നീതിയിലേക്കുള്ള പാതയിൽ ആദ്യത്തെ പടി. വിശപ്പടക്കാൻ ആഹാരവും നഗ്നത മറയ്ക്കാനും തണുപ്പകറ്റാനും വേണ്ട വസ്ത്രവും ഉണ്ടെങ്കിൽ മതി എന്നു പറയാൻ പഠിക്കണം. (1തിമോ 6,8). ഇത് അക്ഷരാർത്ഥത്തിൽ തന്നെ എടുക്കണം എന്നു ശഠിക്കേണ്ടതില്ല. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ എന്നു കരുതിയാൽ മതിയാവും. ഈ ആവശ്യങ്ങൾ നിറവേറ്റാനുള്ള വക ഭൂമിയിൽ കണ്ടെത്താൻ എല്ലാവർക്കും കഴിയും; കഴിയണം. അതിന് ആവശ്യമായ മനോഭാവങ്ങളും ജീവിത ശൈലികളും, അവ ഉറപ്പു വരുത്താൻ വേണ്ട നിയമങ്ങളും രൂപപ്പെടണം. ഈ പ്രക്രിയയിൽ ധനമോഹം തടസ്സമായി നിൽക്കുന്നു. തനിക്കുള്ള അവകാശങ്ങളുടെ പരിമിതികളും അന്യരുടെ അവകാശങ്ങളും അംഗീകരിക്കാതെ കഴിയുന്നത്ര സമ്പാദിക്കാൻ ശ്രമിക്കുന്നതാണ് ധനമോഹം.

ഭാവി സുരക്ഷിതമാക്കുക, സമൂഹത്തിൽ വലിയ സ്ഥാനമാനങ്ങൾ നേടുക, മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിച്ച് വലിയവനായി തീരുക തുടങ്ങി അനേകം ലക്ഷ്യങ്ങളുണ്ടാകാം ധനമോഹത്തിനു പിന്നിൽ. എന്നാൽ ഭൗതിക സമ്പത്ത് എത്ര ലഭിച്ചാലും മനുഷ്യൻ അതുകൊണ്ടു മാത്രം സംതൃപ്തനാവുകയില്ല  എന്നതിന് ചരിത്രം സാക്ഷി. ഒരു പക്ഷേ ഇന്നത്തേതു പോലെ ധനമോഹം മനുഷ്യനെ കീഴടക്കുകയും ഉച്ചനീചത്വങ്ങൾ വർദ്ധിപ്പിക്കുകയും ധനം ചുരുക്കം കൈകളിൽ ഒതുങ്ങുകയും ചെയ്ത ഒരു കാലം എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയിക്കുന്നവർ ഉണ്ട്.

ധനവാൻ പ്രത്യക്ഷത്തിൽ സ്വതന്ത്രനും അധികാരമുള്ളവനും മാന്യനും ആയി കാണപ്പെടാമെങ്കിലും  യഥാർത്ഥത്തിൽ ധനത്തിന്റെ

തന്നെ അടിമയാണെന്ന കാര്യം ബൈബിൾ എടുത്തു കാട്ടുന്നുണ്ട്. ധനം മനുഷ്യനെ ദൈവത്തിൽ നിന്നും അയല്ക്കാരിൽ നിന്നും അകറ്റി, സ്വാർത്ഥതയുടെ ഏകാന്ത തടവറയിൽ അടച്ചിടുന്നു. ഉപ്പുവെള്ളം കുടിച്ച് ദാഹം ശമിപ്പിക്കാൻ ശ്രമിക്കുന്നതു പോലുള്ള ഒരു വിരോധാഭാസമാണ് ധനാർജ്ജനത്തിലൂടെ സുരക്ഷിതത്വം തേടുന്നത്. മനുഷ്യന് ആവശ്യമായ ഉപഭോഗവസ്തുവും ക്രയവിക്രയ മാധ്യമവും എന്ന നിലയിൽ നിന്ന് ധനം ആധിപത്യം സ്ഥാപിക്കുന്ന ഒരു ശക്തിയായി പരിണമിക്കുന്നു. ഇവിടെയാണ് ധനമോഹത്തിന്റെ യഥാർത്ഥ സ്വഭാവവും അതു വരുത്തിവയ്ക്കുന്ന ദുരന്തങ്ങളും പ്രകടമാകുന്നത്.

യേശുവിന്റെ പ്രബോധനങ്ങളിൽ മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്ന പൈശാചിക ശക്തിയാണ് ധനം. ധനസമ്പാദനത്തിനുള്ള വ്യഗ്രതയെ വിഗ്രഹാരാധന ആയിട്ടാണ് യേശു അവതരിപ്പിച്ചത്. മനുഷ്യന്റെ സമ്പൂർണ്ണ വിധേയത്വവും ആരാധനയും ആവശ്യപ്പെടുന്ന വിഗ്രഹമായി ധനം കരുതപ്പെടുന്നു. അതുകൊണ്ടാണല്ലോ "ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കാൻ നിങ്ങൾക്കു കഴിയുകയില്ല" (ലൂക്കാ 16: 13) എന്നു പഠിപ്പിച്ചത്. ഇവിടെ ദൈവത്തിനു പകരം ആരാധന ആവശ്യപ്പെടുന്ന വിഗ്രഹമായി അവതരിപ്പിക്കുന്ന ധനത്തെ "മാമ്മോൻ" എന്നാണ് യേശു (മത്താ 6,24) വിശേഷിപ്പിക്കുന്നത്. അപ്പോൾ ധനം അഥവാ സമ്പത്ത് ഒരു ക്രയവിക്രയ മാധ്യമമോ ഭാവി സുരക്ഷിതമാക്കുന്ന നിക്ഷേപമോ എന്നതിൽ കവിഞ്ഞ് ദൈവവിരോധിയും ദൈവത്തിന് അർഹമായ അനുസരണവും ആരാധനയും അവകാശപ്പെടുന്ന ഒരു വ്യക്തിയും ആയി മാറുന്നു. "മാമ്മോൻ" എന്നത് സാത്താന്റെ തന്നെ പര്യായമാണെന്നതും മറക്കാതിരിക്കാം.

ഈ വീക്ഷണമാണ് പൗലോസ് തന്റെ ലേഖനങ്ങളിൽ പലേടത്തായി അവതരിപ്പിക്കുന്നത്. അതിൽ ഏറ്റം വ്യക്തമായതു കൊളോസിയർക്കെഴുതിയ ലേഖനത്തിൽ കാണാം. ക്രിസ്തുവിശ്വാസികൾ പാലിക്കേണ്ട ജീവിത നിയമങ്ങൾ സമ്യക്കായി അവതരിപ്പിക്കുന്നതിന് ഇടയിലാണ് ദ്രവ്യാഗ്രഹത്തെക്കുറിച്ചുള്ള പരാമർശം. വിശ്വാസസത്യങ്ങൾ സംക്ഷിപ്തമായി അവതരിപ്പിച്ചതിന്റെ പശ്ചാത്തലത്തിലാണ് ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നത്. "ആകയാൽ നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം - അസന്മാർഗ്ഗികത, അശുദ്ധി, മനക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം നശിപ്പിക്കുവിൻ" (കൊളോ 3,5). ദൈവകോപം വിളിച്ചു വരുത്തുന്ന തിന്മകളാണ് ഇവയെല്ലാം എന്ന് അപ്പസ്തോലൻ തുടർന്ന് അനുസ്മരിപ്പിക്കുന്നു.

അവശ്യം ഒഴിവാക്കേണ്ട, അഥവാ നശിപ്പിക്കേണ്ട അഞ്ചു തിന്മകളുടെ പട്ടികയിൽ അവസാനത്തേതാണ് ദ്രവ്യാഗ്രഹം. പല കാര്യങ്ങൾ പട്ടികയായി നിരത്തുമ്പോൾ പട്ടികയുടെ ആരംഭത്തിലും അതിലുപരി അവസാനത്തിലും അവതരിപ്പിക്കുന്നവയ്ക്ക് ഊന്നൽ നല്കുന്നതായി കാണാം. അതിനാൽ ക്രിസ്തുശിഷ്യർ അവശ്യം ഒഴിവാക്കേണ്ട ഏറ്റം വലിയ തിന്മയാണ് ദ്രവ്യാഗ്രഹം അഥവാ ധനമോഹം. കാരണം ദൈവത്തിനു പകരം ധനത്തെ ആരാധിക്കലാണത്.

ഇസ്രായേൽ ജനവുമായി സീനായ് മലയിൽ വച്ച് ദൈവം ചെയ്ത ഉടമ്പടിയുടെ ആദ്യത്തേതും ഏറ്റം അടിസ്ഥാനപരവും ആയ പ്രമാണമാണ് ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നത്. "ദാസ്യ ഭവനമായ ഈജീപ്തിൽ നിന്ന് നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദൈവങ്ങൾ നിനക്കുണ്ടാകരുത്" (പുറ 20,1-3). ഇതിന്റെ തന്നെ വിശദീകരണമായി വേണം തുടർന്നു വരുന്ന വിഗ്രഹ നിർമ്മാണത്തിനുള്ള വിലക്ക് കാണാൻ. ഇതിന്റെ പ്രാധാന്യം എടുത്തു കാട്ടാനായി വിഗ്രഹ വിലക്ക് രണ്ടാം പ്രമാണമായി കാണുന്നവർ ഉണ്ട്. എന്നാൽ ദൈവത്തെ ആരാധിക്കണം, വിഗ്രഹങ്ങളെ ആരാധിക്കരുത് എന്ന കല്പനയും വിലക്കും ഒരേ കാര്യം വ്യക്തമാക്കുന്നതാണെന്നതിൽ സംശയമില്ല. അപ്പോൾ എന്താണ് വിഗ്രഹം, എന്താണ് വിഗ്രഹാരാധന എന്ന ചോദ്യം ഉയരുന്നു.

പ്രമാണത്തിന്റെ അവതരണത്തിൽ കാണുന്ന വൈരുദ്ധ്യം തന്നെ ഉത്തരം കണ്ടെത്താൻ സഹായിക്കും. ആരാണ് ദൈവം എന്ന് ആദ്യമേ നിർവ്വചിക്കുന്നു. ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് വാഗ്ദത്ത ഭൂമിയുടെ സ്വാതന്ത്ര്യത്തിലേക്കു നയിച്ചവനാണ് ഇസ്രായേൽ ആരാധിക്കാൻ കടപ്പെട്ടിരിക്കുന്ന, കർത്താവ് (യാഹ്‌വേ) എന്ന പേരിൽ അറിയപ്പെടുന്ന ദൈവം. ആ ദൈവമാണ് ജനത്തിനു മോചനം നല്കുന്നതും സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നതും. ദൈവം നല്കുന്ന സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കാൻ ഈ പ്രമാണങ്ങൾ അനുസരിച്ചേ മതിയാകൂ. വിമോചകനല്ലാത്ത മറ്റെന്തിനെയെങ്കിലും, അത് പ്രത്യയശാസ്ത്രമോ, ആശയാദർശങ്ങളോ എന്തുമാകട്ടെ, ആരാധിച്ചാൽ ആരാധിക്കുന്നവൻ അതിന്റെ അടിമയായിത്തീരും.

എന്താണ് ആരാധന എന്ന ചോദ്യവും പ്രസക്തമാണ്. സ്തുതിക്കുക, പുകഴ്ത്തുക, കീർത്തനങ്ങൾ ആലപിക്കുക, ധൂപാർച്ചന നടത്തുക, ബലി അർപ്പിക്കുക എന്നിങ്ങനെ അനേകം ആചാരാനുഷ്ഠാന

ങ്ങൾ ആരാധനയുടെ ബാഹ്യ പ്രകടനങ്ങൾ ആണ്. എന്നാൽ ഇതൊന്നുമല്ല ആരാധന. ആത്മസമർപ്പണമാണ് ആരാധനയുടെ കാതൽ. നീയാണ് എന്റെ ഉറവിടവും ലക്ഷ്യവും; ഞാനും എനിക്കുള്ളതും നിന്റെ ദാനം മാത്രമാണ്; എന്നെയും എനിക്കുള്ള സകലതിനെയും ഞാൻ നിനക്ക് അടിയറ വയ്ക്കുന്നു. നീയാണെന്റെ നാഥൻ. നിന്നിൽ മാത്രമാണ് എനിക്കു ജീവനും നിലനിൽപ്പും സ്ഥായിയായ സന്തോഷവും. ഇപ്രകാരം ഒരു മനോഭാവവും വിധേയത്വവും ആണ് ആരാധനയുടെ അന്തഃസത്ത. ഇതു പ്രകടമാക്കുന്നതാണ് ബാഹ്യാചാരങ്ങളെല്ലാം.

ഇപ്രകാരം ഒരു ആരാധന ആർക്കു സമർപ്പിക്കുന്നുവോ അയാൾക്ക് അല്ലെങ്കിൽ അതിന് ആരാധകർ സ്വയം അടിമയാക്കുന്നു. എന്നാൽ ദൈവം ആരെയും അടിമയാക്കുന്നവൻ അല്ല. വിടുതൽ നല്കുന്നവനാണ് ഉടമ്പടിയുടെ ദൈവമായ കർത്താവ്. വിമോചകനായ ദൈവത്തെ ആരാധിക്കുന്നവൻ അതിനാൽത്തന്നെ സ്വതന്ത്രനാകുന്നു. മറ്റാർക്കും, ഒന്നിനും, അവനെ അടിമയാക്കാൻ കഴിയുകയില്ല. ഈ അടിസ്ഥാന ബോധ്യത്തിൽ നിന്നാണ് ദ്രവ്യാഗ്രഹത്തെക്കുറിച്ചുള്ള പൗലോസിന്റെ പ്രബോധനം ഉരുത്തിരിയുന്നത്. സത്യദൈവത്തെ ആരാധിക്കുന്നവർ സ്വതന്ത്രരായിരിക്കും. ഇപ്രകാരം ഒരു സ്വാതന്ത്ര്യമാണ് ദൈവം യേശുവിലൂടെ നല്കുന്നത്. എന്തുകൊണ്ട് വിഗ്രഹാരാധന വിലക്കുന്നു എന്നതും ശ്രദ്ധയർഹിക്കന്നു. ദൈവം അസൂയാലു, അഥവാ അസഹിഷ്ണു ആണെന്നും മറ്റാരെയും ആരാധിക്കാൻ അനുവദിക്കുന്നില്ല എന്നും പറയുന്നത് ദൈവത്തിന്റെ സ്വാർത്ഥതയും നഷ്ടഭീതിയും ആയി വ്യാഖ്യാനിക്കുന്നവർ ഉണ്ട്. ദൈവത്തിന് എന്തെങ്കിലും കുറവു വരും എന്ന ഭയമല്ല, തന്റെ തന്നെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച്, തന്റെ ശ്വാസത്താൽ ജീവൻ നൽകി വളർത്തുന്ന മനുഷ്യൻ മറ്റെന്തിനെയെങ്കിലും ദൈവമായി ആരാധിക്കാൻ തുടങ്ങിയാൽ അവൻ അതിന്റെ അടിമയാകും, താൻ നിക്ഷേപിച്ച ദൈവിക ജീവൻ അവനു നഷ്ടപ്പെടും എന്ന യാഥാർത്ഥ്യമാണ് വിഗ്രഹാരാധന വിലക്കുന്നതിനു പിന്നിലുള്ളത്.

ഈ പശ്ചാത്തലത്തിൽ മനുഷ്യനെ ദൈവത്തിൽ നിന്നകറ്റി അടിമത്വത്തിലേക്കു നയിക്കുകയും നിത്യ നാശത്തിലേക്കു തള്ളിയിടുകയും ചെയ്യുന്ന തിന്മയുടെ ശക്തിയാണ് ദ്രവ്യാഗ്രഹത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് എന്നു കാണാം. അതുകൊണ്ടാണ് ധനത്തെ വിഗ്രഹം (മാമ്മോൻ) ആയും ധനമോഹത്തെ വിഗ്രഹാരാധനയായും ചിത്രീകരിക്കുന്നത്. അപ്പോൾ എന്താണ് ധനത്തിന്റെ ലക്ഷ്യം? അതെ

ങ്ങനെ ഉപയോഗിക്കണം? ധനാർജ്ജനം തന്നെ പാപാമാണെന്നു വരുമോ?

ധനമല്ല, മനുഷ്യനെ അടിമയാക്കുന്ന ആസക്തിയാണ് തിന്മയിലേക്കു നയിക്കുന്നത്. ദൈവം സൃഷ്ടിച്ച് സൗജന്യമായി നൽകുന്ന ഈ ഭൂമി തന്നെയാണ് ഏറ്റം വലിയ ധനം. ഭൂമിയിൽ അധ്വാനിച്ച് ഉപജീവനത്തിന് ആവശ്യമായവ കണ്ടെത്താൻ എല്ലാവർക്കും അവകാശവും കടമയും ഉണ്ട് എന്ന് അപ്പസ്തോലൻ മിക്കവാറും എല്ലാ ലേഖനങ്ങളിലും അനുസ്മരിപ്പിക്കുന്നുണ്ട്. അധ്വാനിച്ച് ഉപജീവനം കഴിക്കണം. മാത്രമല്ല അധ്വാനത്തിന്റെ ഫലം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തയ്യാറാവുകയും വേണം. അങ്ങനെ എല്ലാവർക്കും ജീവ സന്ധാരണത്തിന് ആവശ്യമായവ കുറവു കൂടാതെ ലഭ്യമാകണം. സാമൂഹ്യനീതിക്ക് അടിസ്ഥാനമായി പൗലോസ് അപ്പസ്തോലൻ നിർദ്ദേശിക്കുന്നതാണിത്. അധ്വാനിക്കുന്നവർക്ക് അർഹമായതു ലഭിക്കാതിരിക്കുന്നതും അധ്വാനിക്കാതെ അലസരായി കഴിയുന്നതും ഒരുപോലെ വർജ്ജിക്കേണ്ട തിന്മകളായി പൗലോസ് കരുതുന്നു. പൗലോസിന്റെ ആദ്യത്തെ ലേഖനമായി അറിയപ്പെടുന്ന, തെസലോനിക്കായിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനം പ്രായോഗിക നിർദ്ദേശമായി അധ്വാനത്തിനുള്ള കടമ എടുത്തു കാട്ടുന്നുണ്ട്: "സ്നേഹത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുവിൻ... സ്വന്തം കൈകൊണ്ട് അധ്വാനിക്കുവിൻ" (1തെസ 4,10-11). ഇതൊക്കെ അപ്പസ്തോലൻ അവരെ നേരിട്ട് ഉദ്ബോധിപ്പിച്ചിരുന്നു എന്ന് തുടർന്ന് അനുസ്മരിപ്പിക്കുന്നു.

എന്നാൽ കർത്താവിന്റെ രണ്ടാം വരവ് ഉടനെയുണ്ടാകും എന്ന തെറ്റിദ്ധാരണയിൽ, അധ്വാനിക്കാതെ അലസരായി രണ്ടാം വരവും കാത്തു കഴിയുന്നവർക്കെതിരേ ശക്തമായ താക്കീതുകളും നിർദ്ദേശങ്ങളുമാണ് അപ്പസ്തോലൻ നൽകുന്നത്. "അലസതയിലും ഞങ്ങളിൽ നിന്നു സ്വീകരിച്ച പാരമ്പര്യത്തിന് ഇണങ്ങാത്ത രീതിയിലും ജീവിക്കുന്ന ഏതൊരു സഹോദരനിൽ നിന്നും ഒഴിഞ്ഞു നില്ക്കണമെന്ന്.... ഞാൻ കല്പിക്കുന്നു.... അധ്വാനിക്കാത്തവർ ഭക്ഷിക്കാതിരിക്കട്ടെ. എല്ലാ കാര്യങ്ങളിലും ഇടപെടുകയും എന്നാൽ ഒരു പ്രവൃത്തിയും ചെയ്യാതെ അലസരായി കഴിയുകയും ചെയ്യുന്ന ചിലർ നിങ്ങളുടെ ഇടയിലുണ്ടെന്നു ഞങ്ങൾ കേൾക്കുന്നു.... അവനെ പ്രത്യേകം ശ്രദ്ധിക്കുക... അവനുമായി ഇടപെടാതിരിക്കുക"(2തെസ 3,6-16). ക്രിസ്തീയ സമൂഹത്തിൽ നിന്നു മാറ്റി നിർത്താൻ മാത്രം ഗൗരവതരമായ കുറ്റമാണ് അലസതയും അദ്ധ്വാനിക്കാനുള്ള വിമുഖതയും എന്ന അപ്പ

സ്തോലന്റെ നിലപാട് സാമൂഹ്യ നീതിയെ സംബന്ധിച്ച് വിലപ്പെട്ട ഉൾക്കാഴ്ചകളാണ് നല്കുന്നത്. ഇതിന്റെ ആനുകാലിക പ്രസക്തി വിശ ദീകരണം കൂടാതെ തന്നെ വ്യക്തമാണല്ലോ?

മറ്റുള്ളവരുടെ അദ്ധ്വാനഫലം മോഷ്ടിക്കരുത്. മാത്രമല്ല, സ്വന്തം ആവശ്യങ്ങൾ നിർവ്വഹിച്ചതിനുശേഷം പങ്കുവയ്ക്കാൻ എന്തെങ്കിലും മിച്ചം ഉണ്ടാകത്തക്ക രീതിയിൽ കഠിനാധ്വാനം ചെയ്യണം എന്നും അപ്പ സ്തോലൻ ഉദ്ബോധിപ്പിക്കുന്നു: "മോഷ്ടാവ് ഇനിമേൽ മോഷ്ടിക്കരു ത്. അവൻ ഇല്ലാത്തവനുമായി പങ്കുവയ്ക്കാൻ എന്തെങ്കിലും സമ്പാദി ക്കുന്നതിനു വേണ്ടി സ്വന്തം കൈകൊണ്ട് മാന്യമായ ജോലി ചെയ്യട്ടെ" (എഫേ 4,27–28). ഇപ്രകാരം പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെ ഉത്തമ മാതൃകയായി ഫിലിപ്പിയിലെ സഭയെ എടുത്തു കാട്ടുന്നു (ഫിലി 4,10–20). പരസ്പരം സഹായിക്കുന്ന ഒരു കൂട്ടായ്മയായിരിക്കണം ക്രിസ്തീയ സമൂഹം എന്ന കാര്യത്തിൽ പൗലോസിനു നിർബ്ബന്ധമുണ്ട്: "പരസ്പരം ഭാരം വഹിച്ചുകൊണ്ട് നിങ്ങൾ ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കുവിൻ... നന്മ ചെയ്യുന്നതിൽ നമുക്ക് മടുപ്പു തോന്നിതിരി ക്കട്ടെ"(ഗലാ 6,1–10). "സത്യസന്ധമായ ഏതൊരു ജോലിക്കും സന്ന ദ്ധരായിരിക്കാൻ"(തീത്തോ 3,1) വിശ്വാസികളെ ഉദ്ബോധിപ്പിക്കണം എന്ന് ക്രേത്തേയിലെ മെത്രാനായി നിയോഗിച്ച തീത്തോസിനെ പൗലോസ് ചുമതലപ്പെടുത്തുമ്പോഴും ഇതേ വീക്ഷണം പ്രകടമാകുന്നു.

പൗലോസിന്റെ ലേഖനങ്ങളിൽ ഏറ്റം ചെറുതും വ്യക്തിപരവുമാ യതാണ് ഫിലെമോന് എഴുതിയ ലേഖനം. ഒളിച്ചോടി തന്റെയടുക്കൽ അഭയം തേടിയ ഒണേസിമോസ് എന്ന അടിമയെ ഉടമയുടെ അടു ത്തേക്ക് തിരിച്ചയയ്ക്കുമ്പോൾ കൂടെ കൊടുത്തയയ്ക്കുന്ന ഈ കത്ത് സാമൂഹ്യനീതിയുടെ മറ്റൊരു മാനം വ്യക്തമാക്കുന്നു. ക്രിസ്തുവിൽ വിശ്വസിച്ച് സഭയുടെ അംഗമാകുന്ന എല്ലാവരും ഒരുപോലെ സ്വത ന്ത്രരും പരസ്പരം സഹോദരങ്ങളുമാണ്; എന്നാൽ അതേസമയം പാപ ത്തിന്റെ ദാസ്യത്തിൽ നിന്നു തങ്ങളെ മോചിപ്പിച്ചു സ്വന്തമാക്കിയ ക്രിസ്തുവിന്റെ അടിമകളുമാണ് എന്ന് പൗലോസ് ഫിലെമോനെ അനു സ്മരിപ്പിക്കുന്നു. തിരിച്ചയയ്ക്കുന്ന ഒണേസിമോസിനെ ഇനി അടിമ യായല്ല, സഹോദരനായി സ്വീകരിക്കണം. "ഇനി ഒരു ദാസനായിട്ടല്ല, അതിലുപരി ലൗകികമായും കർത്താവിലും എനിക്കും അതിലേറെ നിനക്കും പ്രിയപ്പെട്ട ഒരു സഹോദരനായി അവനെ ലഭിച്ചിരിക്കുന്നു" (ഫിലെ 16).

സാഹോദര്യം - അതാണ് സാമൂഹ്യനീതിയുടെ അടിത്തറ. പരസ്പരം അംഗീകരിക്കുന്ന, സ്വീകരിക്കുന്ന, സ്നേഹിക്കുന്ന, പങ്കുവയ്ക്കുന്ന സഹോദരങ്ങളുടെ കൂട്ടായ്മയാണ് ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭ. സകല മനുഷ്യരും ഈ കൂട്ടായ്മയിലേക്കു ക്ഷണിക്കപ്പെട്ടിരിക്കുന്നു. പങ്കുവയ്ക്കുന്ന സ്നേഹമാണ് അവരുടെ മുഖമുദ്ര. ഇക്കാര്യം കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനത്തിൽ വളരെ വ്യക്തമായി വിശദീകരിച്ച് പഠിപ്പിക്കുന്നുണ്ട്.

വിശുദ്ധർക്കുവേണ്ടിയുള്ള ധനശേഖരണം - ഉദാരമായ ദാനം - എന്ന പ്രമേയം വിശദമായി ചർച്ച ചെയ്യാൻ വേണ്ടി രണ്ട് അദ്ധ്യായങ്ങൾ (2കോറി 8,9)മാറ്റി വച്ചിരിക്കുന്നു. പൗലോസ് എല്ലാ സഭകളിലും ചെയ്തിരുന്നതാണ് ദരിദ്രരെ സഹായിക്കാൻ വേണ്ടിയുള്ള ധനശേഖരണം. ഇവിടെ ഈ പ്രവൃത്തിയുടെ സാമൂഹികവും ദൈവശാസ്ത്രപരവുമായ മാനങ്ങൾ വി. ഗ്രന്ഥത്തിൽ നിന്നുള്ള ഉദാഹരണത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിക്കുന്നു. വലിയ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന ജറുസലെമിലെ സഭയ്ക്കു വേണ്ടിയാണ് ഈ ധനശേഖരണം. ഓരോരുത്തരും തങ്ങളുടെ കഴിവനുസരിച്ചുള്ള തുക ശേഖരിച്ചു വയ്ക്കണം. അത് ദൂതന്മാർ വഴിയോ, പൗലോസ് നേരിട്ടോ ആവശ്യമനുഭവിക്കുന്നവർക്ക് എത്തിച്ചു കൊടുക്കാം. ഈ പങ്കുവയ്ക്കൽ ക്രിസ്ത്യാനിയുടെ കടമയാണ്.

മക്കെദോനിയായിലെ വിശ്വാസികൾ തങ്ങളുടെ കഠിനമായ പീഡനങ്ങളുടെയും തീവ്രമായ വേദനകളുടെയും മധ്യത്തിൽ നിന്നു കൊണ്ടു തന്നെ ഉദാരമായ സംഭാവന നല്കാൻ തയ്യാറായതിന്റെ മാതൃക എടുത്തു കാട്ടിക്കൊണ്ടാണ് അപ്പസ്തോലൻ കോറിന്തോസിലെ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നത്(2കോറി 8,1-7). മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ ഇസ്രായേൽ ജനത്തിനുണ്ടായ ഒരനുഭവം (പുറ 16,16 -21) ഇവിടെ പ്രചോദനാത്മകമാകുന്നു. അനുദിനാഹാരമായി ദൈവം നല്കിയ മന്ന "അധികം സമ്പാദിച്ചവന് ഒന്നും മിച്ചമുണ്ടായില്ല; അല്പം ശേഖരിച്ചവന് കുറവുമുണ്ടായില്ല"(2കോറി 8,15). അതുപോലെ എല്ലാവർക്കും ആവശ്യമായതു ലഭിക്കാൻ വേണ്ടി ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ തയ്യാറാകണം. യേശു തന്നെയാണ് ഇവിടെ മാതൃക:

"അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി - തന്റെ ദാരിദ്ര്യത്താൽ നിങ്ങളെ സമ്പന്നരാക്കാൻ വേണ്ടിത്തന്നെ... താൽപര്യത്തോടെയാണ് നല്കുന്നതെങ്കിൽ ഒരുവന്റെ കഴിവനുസരിച്ചുള്ള ദാനം ദൈവം സ്വീകരിക്കും. കഴിവില്ലായ്മ കണക്കാക്കേണ്ട

തില്ല. മറ്റുള്ളവർ കഷ്ടപ്പെടരുതെന്നും നിങ്ങൾ കഷ്ടപ്പെടണം എന്നുമല്ല ഞാൻ അർത്ഥമാക്കുന്നത്. അവരുടെ സമൃദ്ധിയിൽ നിന്ന് നിങ്ങളുടെ കുറവു നികത്തപ്പെടുന്നതിന് നിങ്ങളുടെ ഇപ്പോഴത്തെ സമൃദ്ധിയിൽ നിന്ന് അവരുടെ കുറവു നികത്തണമെന്നും അപ്രകാരം സമത്വമുണ്ടാകണമെന്നുമാണ്" (2കോറി 8,9-14). സ്നേഹപൂർവ്വമുള്ള പങ്കുവയ്ക്കലിലൂടെ സമത്വമുണ്ടാകണം. അങ്ങനെ നീതിനിഷ്ഠമായ ഒരു സമൂഹം സംജാതമാകണം. അതിനാൽ ഉദാരമായി നല്കുക. ഓരോരുത്തർക്കും ആവശ്യമായതു ദൈവം നല്കും എന്ന് അപ്പസ്തോലൻ തുടർന്ന് അനുസ്മരിപ്പിക്കുന്നു.

"സത്യമിതാണ്. അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും. ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും..... വൈമനസ്യത്തോടെയോ നിർബ്ബന്ധത്തിനു വഴങ്ങിയോ ആകരുത്. സന്തോഷപൂർവ്വം നല്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്.... നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം... സമൃദ്ധമായി നല്കാൻ കഴിവുള്ളവനാണ് ദൈവം.... നിങ്ങളുടെ നീതിയുടെ വിളവ് സമൃദ്ധമാക്കുകയും ചെയ്യും" (2കോറി 9,6-14). ഒരു വിശദീകരണവും ആവശ്യമില്ലാത്തത്ര വ്യക്തമാണ് അപ്പസ്തോലന്റെ പ്രബോധനം. ഇതു തന്നെയാണ്, ഇതു മാത്രമാണ്. സാമൂഹ്യനീതിയ്ക്കായി, യേശുവിന്റെയും പഴയ നിയമത്തിന്റെയും പ്രബോധനങ്ങളുടെ വെളിച്ചത്തിൽ പൗലോസ് അവതരിപ്പിക്കുന്ന സാമൂഹ്യനീതിയുടെ മാർഗ്ഗം.

ധനമോഹം വിഗ്രഹാരാധനയാണെന്നും പങ്കുവയ്ക്കാതെ സമ്പത്ത് സ്വരുക്കൂട്ടുന്നത് അനീതിയാണെന്നും പഠിപ്പിക്കുമ്പോൾ ആ പ്രബോധനത്തിന് അനുസ്യൂതമായൊരു ജീവിതവീക്ഷണവും സമൂഹക്രമവും ജീവിത ശൈലിയും രൂപപ്പെടുത്തുന്നവരാണ് ക്രൈസ്തവർ എന്ന് പൗലോസ് ഉദ്ബോധിപ്പിക്കുന്നു. ആർജ്ജിച്ച സ്വത്തിന്റെ അളവ് ആർക്കും അംഗീകാരത്തിനും ആദരവിനും ഇടയാകരുത്; മറിച്ച് അന്യായമായി സമ്പാദിക്കുന്നതും സ്വന്തമായി സൂക്ഷിച്ചു വയ്ക്കുന്നതും ദൈവകോപത്തിനും നിത്യനാശത്തിനും കാരണമായിത്തീരും എന്ന് സ്വന്തം ജീവിതവും പ്രബോധനങ്ങളും വഴി ഉച്ചത്തിൽ പ്രഘോഷിക്കാൻ സമൂഹത്തിനും അംഗങ്ങൾക്കും കടമയുണ്ട്. ഇതിൽ വരുത്തുന്ന വീഴ്ചകളെ ഗൗരവമായിത്തന്നെ കാണണം എന്ന് വി. പൗലോസിന്റെ ലേഖനങ്ങൾ ഓർമ്മപ്പെടുത്തുന്നു.

ദൈവാരാധന അർത്ഥവത്തും ദൈവഹിതാനുസൃതവും ആകണമെങ്കിൽ ഈ പങ്കുവയ്ക്കൽ അനിവാര്യമാണ്. ഊട്ടുമേശ കൂട്ടായ്മയുടെ

ഉറവിടമായതു പോലെതന്നെ ദൈവാരാധന സാമൂഹ്യനീതിയുടെ പ്രചോദന കേന്ദ്രമാകണം. അയല്ക്കാരൻ പട്ടിണി കിടക്കുമ്പോൾ വിരുന്നാഘോഷിക്കുന്നവൻ നരകത്തിലേക്കുള്ള യാത്ര ഉറപ്പാക്കുകയാണെന്ന് ആരാധകർ തിരിച്ചറിയണം. സ്വന്തമാക്കിയ ഭൗതിക സമ്പത്തിന്റെ അളവല്ല, പങ്കുവയ്ക്കുന്ന സ്നേഹത്തിലെ ആർജ്ജവത്വമാണ് ദൈവം പരിഗണിക്കുന്നത്. ഈ പങ്കുവയ്ക്കൽ തന്നെയാണ് ആരാധനയുടെ മുഖ്യലക്ഷണം. കാതോലിക ലേഖനങ്ങളിൽ, പ്രത്യേകിച്ചും യാക്കോബിന്റെ ലേഖനത്തിൽ ഈ പ്രമേയം കൂടുതൽ ശക്തമായി അവതരിപ്പിക്കുന്നുണ്ട്. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

# 29

# നീതി തന്നെ ഭക്തി

*"പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക; ലോകത്തിന്റെ കളങ്കമേല്ക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക"* (യാക്കോ 1, 27).

സാർവ്വത്രിക സഭയെ ലക്ഷ്യംവച്ച് എഴുതപ്പെട്ട, കാതോലിക ലേഖനങ്ങൾ എന്നറിയപ്പെടുന്ന ഏഴു ലേഖനങ്ങൾ പുതിയ നിയമത്തിലുണ്ട്. അവയിൽ ആദ്യത്തേതാണ് യാക്കോബിന്റെ ലേഖനം. ആരാണ് ഈ യാക്കോബ് എന്ന കാര്യത്തിൽ ബൈബിൾ വ്യാഖ്യാതക്കളുടെ ഇടയിൽ തകർക്കമുണ്ട്. സെബദി പുത്രനും യോഹന്നാന്റെ സഹോദരനുമായ യാക്കോബല്ല അത് എന്നതിൽ സംശയമില്ല. ഹൽപൈയുടെ പുത്രൻ എന്നറിയപ്പെടുന്നവനും അപ്പസ്തോലന്മാരിൽ ഒരുവനുമായിരുന്ന യാക്കോബാണ് ഇതെന്നു കരുതുന്നവരുണ്ട്. എന്നാൽ ഇതു രണ്ടുമല്ല, യേശുവിന്റെ സഹോദരൻ എന്നറിയപ്പെട്ടിരുന്നവനും ജറുസലെം സഭയുടെ നേതാവുമായിരുന്ന യാക്കോബാണ് ഈ ലേഖനകർത്താവ് എന്ന അഭിപ്രായത്തിനു കൂടുതൽ സാധ്യതയുണ്ട്.

ആദിമസഭയിൽ വലിയ പ്രാധാന്യമുള്ള ഒരു വ്യക്തിയായിരുന്നു ഈ യാക്കോബ് എന്നതിന് പുതിയനിയമത്തിൽ തന്നെ വേണ്ടുവോളം സാക്ഷ്യങ്ങളുണ്ട്. സഭയുടെ നേതൃസ്തംഭങ്ങളായി കരുതപ്പെട്ടിരുന്ന

മൂവരിൽ പൗലോസ് ആദ്യം പേരെടുത്തുപറയുന്നത് ഈ യാക്കോബിന്റേതാണ്. പത്രോസും യോഹന്നാനും പിന്നാലെ മാത്രം വരുന്നു(ഗലാ. 2,9). വിജാതീയരോടു സുവിശേഷം പ്രസംഗിക്കുന്നതിനെക്കുറിച്ചുണ്ടായ തർക്കങ്ങൾ  വിശകലനം ചെയ്തു തീർപ്പുകല്പിക്കാൻ ജറൂസലെമിൽ കൂടിയ സമ്മേളനത്തിൽ നിർണ്ണായകമായ വിധിതീർപ്പു പ്രസ്താവിച്ചതും ഈ യാക്കോബുതന്നെയാണ് (അപ്പ 15, 13–21). ഫ്ളാവിയൂസ് ജൊസേഫൂസ് 'യഹൂദരുടെ പുരാതന ചരിത്രം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നതനുസരിച്ച് ഈ യാക്കോബിനെ യഹൂദർ ജറൂസലെമിൽ വച്ച് ഏ. ഡി. 62ൽ കല്ലെറിഞ്ഞു കൊന്നു. വി. ഗ്രന്ഥകർത്താവു നല്കുന്ന പ്രബോധനത്തിന്റെ പ്രാധാന്യം വ്യക്തമാക്കാൻ വേണ്ടിയാണ് ആദിമസഭയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ച് ഇത്രയും പ്രതിപാദിച്ചത്.

അഞ്ച് അധ്യായങ്ങളിലായി 108 വാകൃങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ലേഖനത്തിന്റെ മുഖ്യവിഷയമാണ് സാമൂഹ്യനീതി. വിശ്വാസവും ഭക്തിയും ആരാധനയും മരണാനന്തരജീവിതവും നിത്യമായ ശിക്ഷയും സമ്മാനവും എല്ലാം സാമൂഹ്യനീതിയുമായി ബന്ധപ്പെടുത്തിയാണ് ലേഖനകർത്താവ് അവതരിപ്പിക്കുന്നത്. ഏതാനും ചില പ്രാർത്ഥനകൾ ഉരുവിടുന്നതിലോ കർമ്മാനുഷ്ഠാനങ്ങളിലോ ഒതുങ്ങി നില്ക്കുന്നതല്ല യഥാർത്ഥ ദൈവഭക്തിയെന്ന് യാക്കോബ് പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

ക്രൈസ്തവസമൂഹത്തിൽ ഒരിക്കലും സംഭവിക്കരുതാത്ത ഉച്ചനീചത്വവും അനീതിയും ക്രമേണ കടന്നുവന്നു. അതിനെതിരേ, വിശ്വാസത്തിന്റെ വെളിച്ചത്തിൽത്തന്നെ അതിശക്തമായ നിലപാടാണ് യാക്കോബ്  സ്വീകരിക്കുന്നത്. ബൈബിളിൽ പൊതുവേയും യേശുവിന്റെയും പൗലോസിന്റേയും പ്രബോധനങ്ങളിൽ പ്രത്യേകിച്ചും കാണുന്നതാണ് സാമൂഹ്യനീതിയിലുള്ള ഈ ഊന്നൽ. ദൈവത്തിന്റെ സ്വഭാവം തന്നെയാണ് ഈ ഊന്നലിനു കാരണമായി നില്ക്കുന്നത്. ദൈവത്തിന്റെ ഛായയും സാദൃശ്യവും വഹിക്കുന്നവരാണ് ഓരോ മനുഷ്യവ്യക്തികളും. സകല മനുഷ്യരുടെയും മഹത്വവും അവകാശങ്ങളും ദൈവം തന്നെ സംരക്ഷിക്കുന്നു. ആബേലിനെ വധിച്ച കായേൻ മുതലിങ്ങോട്ട് സകല മർദ്ദകർക്കും ചൂഷകർക്കും എതിരായിട്ടാണ് ദൈവം ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. ദരിദ്രരുടെയും അടിമകളാക്കപ്പെട്ടവരുടെയും പക്ഷം ചേരുന്ന ദൈവചിത്രമാണ് ബൈബിൾ അവതരിപ്പിക്കുന്നത്. നസ്രത്തിലെ യേശു ആ പക്ഷംചേരലിന്റെ ദൃശ്യമായ ആവിഷ്കരണവും.

ഈ പശ്ചാത്തലത്തിൽ വേണം ദൈവഭക്തിയും ആരാധനയും മനസ്സിലാക്കാൻ. "ദരിദ്രന്റെ സമ്പത്ത് തട്ടിയെടുത്ത് ബലിയർപ്പിക്കുന്നവൻ പിതാവിന്റെ മുന്നിൽവച്ച് പുത്രനെ കൊല്ലുന്നവനെപ്പോലെയാണ്" (പ്രഭാ 34, 20) എന്ന പ്രബോധനം ഈ പക്ഷംചേരലിന്റെ വ്യക്തമായ സാക്ഷ്യമാണ്. ഇതുതന്നെയാണ് യാക്കോബും പറയുന്നത്. ഭക്തി എന്നത് വിശ്വാസവും വിനയവും വിധേയത്വവും ആരാധനയും പ്രകടമാക്കുന്ന മനോഭാവമാണ്. എന്നാൽ പലപ്പോഴും ദൈവഭക്തിയിൽ ആനന്ദിക്കുകയും ആശ്വസിക്കുകയും ചെയ്യുന്നവർ സഹജീവികളെ കാണാതെ പോകുന്നു. ദൈവത്തെ പ്രസാദിപ്പിക്കാൻ തീർത്ഥാടനങ്ങളും തിരുനാളാഘോഷങ്ങളും നടത്തുന്നവർ, ദൈവത്തിനു വസിക്കാൻ അതിമനോഹരമായ ആലയങ്ങൾ പണിയുന്നവർ ദൈവത്തിന്റെ യഥാർത്ഥ വസതികളായ മനുഷ്യരെ കാണാതെ പോകുന്നു. ദരിദ്രരോടു താദാത്മ്യപ്പെടുകയും അവരിലൂടെ സഹായം ആവശ്യപ്പെടുകയും ചെയ്യുന്ന ദൈവം (മത്താ 25, 31–46) അവഗണിക്കപ്പെടുന്നു. ഈ സാഹചര്യത്തിലാണ് ദൈവഭക്തിയുടെ ഒരു നിർവ്വചനം യാക്കോബു നല്കുന്നത്.

സഹായിക്കാൻ ആരുമില്ലാത്തവരാണ് അനാഥരും വിധവകളും. ദരിദ്രരുടെ പ്രതീകവും പ്രതിനിധികളും ആകുന്നവർ. അവരോടു ചേർന്നു നില്ക്കുക, അവരെ സംരക്ഷിക്കുക, സഹായിക്കുക ഇതായിരിക്കണം ദൈവഭക്തിയുടെ ഏറ്റവും വ്യക്തവുമായ പ്രകടനം. അതോടൊപ്പം ലോകത്തിന്റെ കളങ്കമേശാതെ തങ്ങളെത്തന്നെ കാത്തുസൂക്ഷിക്കുകയും വേണം. ആസക്തികളാൽ കലുഷിതമായ മനോഭാവമാണ് ലോകത്തിന്റെ കളങ്കമായി ചിത്രീകരിക്കുന്നത്. അത് ഭോഗാസക്തിയാകാം; വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തിയാകാം. വാരിക്കൂട്ടാനും പ്രൗഢി പ്രകടിപ്പിക്കാനുമുള്ള ശ്രമമാകാം. ഈ മനോഭാവം ദൈവഭക്തിക്കു ചേർന്നതല്ല എന്ന പ്രബോധനം നമ്മുടെ മനോഭാവങ്ങളെയും ജീവിതശൈലിയെയും കർശനമായ ഒരു പരിശോധനയ്ക്കു വിധേയമാക്കാൻ നിർബന്ധിക്കുന്നു. ദൈവമഹത്വത്തിനു വേണ്ടി നടത്തുന്ന ഭക്തിപ്രകടനങ്ങൾ പലതും ദൈവത്തെ അവഹേളിക്കുകയും നിത്യശിക്ഷ വിളിച്ചുവരുത്തുകയും ചെയ്യുന്ന പാപമാണെന്നു തിരിച്ചറിയാൻ യഥാർത്ഥ ഭക്തിയുടെ ഈ നിർവചനം പ്രേരിപ്പിക്കുന്നു.

ക്രിസ്തുവിശ്വാസികളുടെ ഇടയിൽ ഒരിക്കലും ഉണ്ടാവരുതാത്ത ഉച്ചനീചത്വങ്ങളിലേക്കാണ് വി. ഗ്രന്ഥകാരൻ അടുത്തതായി ശ്രദ്ധക്ഷണിക്കുന്നത്. ദരിദ്രരെ അവഗണിക്കുകയും ധനികരെ ആദരിക്കു

കയും ചെയ്യുന്ന മനോഭാവം ഇവിടെ നിശിതമായ വിമർശനത്തിന് ഇരയാകുന്നു (2, 1–3). ധനികരെ ആദരവോടെ വീക്ഷിക്കുന്നവർ മറക്കരുതാത്ത ചില കാര്യങ്ങളുണ്ട്. എങ്ങനെയാണ് ഒരാൾ ധനികനായത്? എന്താണ് ഈ ധനികന്റെ മനോഭാവം? എന്തു നിലപാടാണ് ധനികർ ദരിദ്രരോടും സഭാസമൂഹത്തോടും വച്ചുപുലർത്തുന്നത്? പാവപ്പെട്ടവനെ അപമാനിക്കുകയും ധനികനെ ആദരിക്കുകയും ചെയ്യുന്നവർ മറക്കരുതാത്ത ചില കാര്യങ്ങൾ ലേഖനകർത്താവ് എടുത്തുപറയുന്നു: "നിങ്ങളെ പീഡിപ്പിക്കുന്നതു സമ്പന്നരല്ലേ? നിങ്ങളെ ന്യായാസനങ്ങളുടെ മുന്നിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോകുന്നത് അവരല്ലേ? നിങ്ങൾക്കു നല്കിയിരിക്കുന്ന ധന്യമായ ആ നാമത്തെ ദുഷിപ്പിക്കുന്നത് അവരല്ലേ?"(2, 6–7). പക്ഷപാതം അരുത്, എല്ലാവരെയും ആദരിക്കണം, പാവങ്ങൾക്കു പ്രത്യേക പരിഗണനയും സംരക്ഷണവും നൽകണം. ഇതാണ് നിയമത്തിന്റെ പൂർത്തീകരണമായ കാരുണ്യം. കാരുണ്യം കാണിക്കാത്തവൻ ശിക്ഷാവിധിയും നിത്യനാശവും നേരിടേണ്ടിവരും എന്ന് തുടർന്ന് ഉദ്ബോധിപ്പിക്കുന്നു(2, 7–13). ഇപ്രകാരം ഒരു ജീവിതവീക്ഷണവും ജീവിതശൈലിയും കരുപ്പിടിപ്പിക്കാൻ പ്രേരിപ്പിക്കുന്നതാവണം വിശ്വാസം. പക്ഷേ അവിടെയും ഗ്രന്ഥകാരൻ വീഴ്ചകളും അപാകതകളും കാണുന്നു.

നിത്യരക്ഷ പ്രാപിക്കാൻ വിശ്വാസം അനിവാര്യമാണെന്ന പ്രബോധനം ബൈബിൾ മുഴുവൻ നിറഞ്ഞുനില്ക്കുന്നു. "വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്" (എഫേ 2,8) എന്ന വി. പൗലോസിന്റെ പ്രബോധനം വിശ്വാസത്തിന്റെ അതുല്യപ്രാധാന്യത്തെ എടുത്തുകാട്ടുന്നു. അബ്രാഹത്തിന്റെ വിശ്വാസം മാതൃകയായി ചൂണ്ടിക്കാട്ടുന്നതും (റോമ 4) വിശ്വാസത്തിന്റെ പ്രാധാന്യത്തിനു തെളിവാണ്. "വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല" (ഹെബ്രാ 11,6) എന്ന പ്രഖ്യാപനവും ഈ ദിശയിലേക്കു തന്നെയാണ് വിരൽചൂണ്ടുന്നത്. ഇപ്രകാരമുള്ള പ്രബോധനങ്ങളെ ആധാരമാക്കി, പ്രോട്ടസ്റ്റന്റു നവീകരണത്തിന്റെ മുഖ്യനായകനായ മാർട്ടിൻ ലൂഥർ രക്ഷയുടെ അടിസ്ഥാനശിലകളായി മൂന്നു കാര്യങ്ങൾ എടുത്തുകാട്ടി: കൃപയാൽ മാത്രമാണ് രക്ഷ, വിശ്വാസം വഴി മാത്രമാണ് കൃപ ലഭിക്കുന്നത്, ബൈബിൾ മാത്രമാണ് വിശ്വാസത്തിന്റെ അടിസ്ഥാനം.

ലൂഥർ തന്റെ നവീകരണത്തിന്റെ അടിത്തൂണുകളായി എടുത്തുകാട്ടുന്നതിനു മുൻപുതന്നെ ഇപ്രകാരം ഒരു വീക്ഷണം നിലവിലുണ്ടാ

യിരുന്നു. ബൈബിളിന്റെ ഭാഗികമായ വീക്ഷണത്തിലൂടെയാണ് ഈ വീക്ഷണം നിലവിൽ വന്നത്. മനുഷ്യന്റെ പ്രവൃത്തി ഒന്നിനും ഉപകരിക്കുന്നില്ല, കാരണം ഉത്ഭവത്തിൽ തന്നെ മനുഷ്യൻ സ്വഭാവേന പാപിയാണ്. അതിനാൽ കൃപയും വിശ്വാസവും വഴി മാത്രമേ രക്ഷ ലഭിക്കൂ. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല എന്നൊരു വ്യാഖ്യാനം ആദിമസഭയിൽത്തന്നെ നിലനിന്നു. അതിനാൽ മനുഷ്യന്റെ ഭൗതിക കാര്യങ്ങളിലും അയല്ക്കാരന്റെ ആവശ്യങ്ങളിലും ശ്രദ്ധിക്കേണ്ടതില്ല. വിശ്വാസം മാത്രം മതി എന്ന നിലപാടിനെ ചോദ്യം ചെയ്യുകയും തള്ളിപ്പറയുകയുമാണ് യാക്കോബു ചെയ്യുന്നത്.

"വിശ്വാസമുണ്ട് എന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ പറ്റുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോവുക, തീ കായുക, വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്" (2, 14-17).

രക്ഷ ദൈവത്തിന്റെ കൃപാദാനമാണ്. എന്നാൽ ഓരോ വ്യക്തിയും ക്രിയാത്മകമായി കൃപ സ്വീകരിക്കണം. മനുഷ്യന്റെ സഹകരണം കൂടാതെ രക്ഷ ലഭ്യമാകില്ല. അതുപോലെതന്നെ വിശ്വാസമില്ലാതെ രക്ഷ സാധ്യമല്ല എന്ന് അംഗീകരിക്കുമ്പോഴും വിശ്വാസം പ്രവൃത്തിയിലേക്കു നയിക്കണം എന്നതു മറക്കരുത്. പ്രവൃത്തിയിലൂടെ പ്രകടമാകുന്ന വിശ്വാസമാണ് രക്ഷണീയമാകുന്നത്. വിശ്വാസത്തിന് അടിസ്ഥാനമായി നില്ക്കുന്നത് എഴുതപ്പെട്ട ദൈവവചനമായ ബൈബിൾ മാത്രമല്ല, സഭയുടെ ആധികാരികവും ഔദ്യോഗികവുമായ പാരമ്പര്യവും പ്രബോധനവും കൂടിയാണ്. അതിനാൽ പ്രവൃത്തികൂടാതെയുള്ള വിശ്വാസത്തിന് ആരെയും രക്ഷിക്കാൻ കഴിയുകയില്ല.

പ്രവൃത്തിയില്ലാത്തിടത്ത് വിശ്വാസം നിർജ്ജീവമായിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. ഭക്തിയുടെ കാര്യത്തിൽ എന്നതുപോലെ വിശ്വാസത്തിന്റെ കാര്യത്തിലും പ്രവർത്തനത്തിന് അതുല്യപ്രാധാന്യമുണ്ട്. പ്രവർത്തനം എന്നു പറയുന്നത് സഹോദരസ്നേഹത്താൽ പ്രചോദിതമായ നീതിയുടെ പ്രവർത്തനത്തെയാണ് സൂചിപ്പിക്കുന്നത് എന്നത് ഭക്ഷണത്തിന്റെയും വസ്ത്രത്തി

ന്റെയും ഉദാഹരണത്തിലൂടെ വ്യക്തമാകുന്നു. രക്ഷ പ്രാപിക്കാൻ വിശ്വാസം ആവശ്യമാണ്. വിശ്വാസം സ്നേഹത്തിലേക്കു നയിക്കണം. സ്നേഹമാകട്ടെ പാവപ്പെട്ടവരോടു പക്ഷം ചേരാനും ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാനും പ്രേരിപ്പിക്കണം. ഇത് ഒരു ഔദാര്യമല്ല, കടമയാണ്. നീതിയടെ പ്രവർത്തനങ്ങളിലൂടെ പ്രകടമാകുന്ന വിശ്വാസം മാത്രമേ രക്ഷണീയമാകൂ! "ആത്മാവില്ലാത്ത ശരീരം പോലെ പ്രവൃത്തികൂടാതെയുള്ള വിശ്വാസവും മൃതമാണ്" (2,26).

അംബരചുംബികളായ ദേവാലയഗോപുരങ്ങൾക്കു തൊട്ടുതാഴെ കാണുന്ന ദരിദ്രരുടെ ചേരികൾ ഈ വീക്ഷണത്തിൽ വിലയിരുത്തപ്പെടണം. ഗോപുരങ്ങൾക്കു മുകളിൽ സ്ഥാപിച്ചിരിക്കുന്ന കുരിശുകൾ വിശ്വാസത്തിന്റെ ശവക്കല്ലറകളെയാണ് വിളിച്ചറിയിക്കുന്നത് എന്ന് ആരെങ്കിലും ആരോപിച്ചാൽ ഉത്തരം പറയാൻ നാം ബാധ്യസ്ഥരല്ലേ? വിശ്വാസപ്രഘോഷണത്തിനായി നടത്തുന്ന പടുകൂറ്റൻ റാലികളും റെക്കോർഡുകൾ തേടുന്ന പ്രകടനങ്ങളും എല്ലാം വിശ്വാസത്തിന്റെ നിർജ്ജീവ ശരീരമാണോ പ്രകടിപ്പിക്കുന്നത് എന്നും ആത്മശോധന ചെയ്യാൻ ഈ തിരുവചനങ്ങൾ നമ്മെ നിർബന്ധിക്കുന്നു.

ലൗകിക സമ്പത്തിന്റെ ഉത്പാദനം, വിതരണം, ഉപയോഗം എന്നീ പ്രക്രിയകളിലാണ് മുഖ്യമായും സാമൂഹ്യനീതി നിലനില്ക്കുന്നത്, നിലനില്ക്കേണ്ടത്. എന്നാൽ ഭൗതിക സമ്പത്ത് ചുരുക്കം പേരുടെ കൈകളിൽ ഒതുങ്ങാനും ഭൂരിഭാഗം ജനങ്ങളെയും ദാരിദ്ര്യത്തിലേക്കു തള്ളിയിടാനും അവസരമൊരുക്കുന്ന നിയമങ്ങൾ നിലനില്ക്കുന്നു. ഇതിനെതിരേയാണ് യാക്കോബ് ഏറ്റവും ശക്തവും തീവ്രവുമായ ഭാഷയിൽ പ്രതികരിക്കുന്നത്.

"ധനവാന്മാരേ, നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ചത്തിൽ നിലവിളിക്കുവിൻ. നിങ്ങളുടെ സമ്പത്തു ക്ഷയിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ വസ്ത്രങ്ങൾ പുഴു അരിച്ചുപോയി. നിങ്ങളുടെ സ്വർണത്തിനും വെള്ളിക്കും കറ പിടിച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കെതിരായ സാക്ഷ്യമായിരിക്കും. തീപോലെ അതു നിങ്ങളുടെ മാംസത്തെ തിന്നുകളയും. അവസാനനാളുകളിലേക്കാണ് നിങ്ങൾ സമ്പത്തു ശേഖരിച്ചു വച്ചത് (5, 1-3).

പങ്കുവയ്ക്കാതെ സൂക്ഷിച്ചുവയ്ക്കുന്ന സമ്പത്ത് നിത്യനാശത്തിനു കാരണമാകും എന്ന താക്കീത് അനീതിയ്ക്കെതിരേയുള്ള മുന്നറിയിപ്പും നീതി പ്രവർത്തിക്കാനുള്ള ആഹ്വാനവുമായി കാണണം. ലേഖനം എഴു

തപ്പെടുന്ന കാലത്തെ സമ്പത്തിന്റെ മൂന്ന് ഉദാഹരണങ്ങളാണ് എടുത്തു കാട്ടുന്നത്. സമ്പത്തിന്റെയും പ്രൗഢിയുടെയും അടയാളമായിരുന്ന വില പിടിപ്പുള്ള വസ്ത്രങ്ങൾ. അതുപോലെ തന്നെ സ്വർണ്ണവും വെള്ളിയും. ഭാവി സുരക്ഷിതമാക്കുകയും സമൂഹത്തിൽ ഉന്നതസ്ഥാനം നല്കു കയും ചെയ്യും എന്നു കരുതിയിരുന്ന ഈ നീക്കിയിരുപ്പുകളെല്ലാം അനീ തിയുടെ തെളിവായ തൊണ്ടിമുതലായി പരിഗണിക്കപ്പെടും എന്ന് തുടർന്നു പ്രഖ്യാപിക്കുന്നു:

"നിങ്ങളുടെ നിലങ്ങളിൽനിന്നു വിളവു ശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ നിലവിളിക്കുന്നു. കൊയ്ത്തു കാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണപുടങ്ങളിൽ എത്തിയിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഢംബരപൂർവ്വം സുഖലോ ലുപരായി ജീവിച്ചു. കൊലയുടെ ദിവസങ്ങളിലേക്ക് നിങ്ങളുടെ ഹൃദ യങ്ങളെ കൊഴുപ്പിച്ചിരിക്കുന്നു. നീതിമാൻ നിങ്ങളെ എതിർത്തു നിന്നി ല്ല. എന്നിട്ടും നിങ്ങൾ അവനെ കുറ്റം വിധിക്കുകയും കൊല്ലുകയും ചെയ്തു" (യാക്കോ 5, 4-6). ഏതു നീതിമാനെയാണ് ഇവിടെ സൂചി പ്പിക്കുന്നത് എന്നതിൽ തർക്കമുണ്ട്. നിരപരാധനെന്നു തെളിഞ്ഞ നീതി മാനായ യേശുവിനെ മരണശിക്ഷ വിധിച്ച് കുരിശിൽ തറച്ചു കൊന്ന തിനെയാണ് സൂചിപ്പിക്കുന്നത് എന്ന് കരുതുന്നവരുണ്ട്. എന്നാൽ ലേഖ നത്തിന്റെ പൊതുവായ സാഹചര്യവും ഇവിടെ പ്രതിപാദിക്കുന്ന പ്രത്യേക വിഷയവും പരിഗണിക്കുമ്പോൾ വേറൊരു സൂചന ദൃശ്യമാ കുന്നു. അനീതിക്ക് ഇരയാകുന്ന ദരിദ്രർ തന്നെയാണ് ഈ നീതിമാ ന്മാർ. സമ്പത്ത് ന്യായമായ വിധം വിതരണം ചെയ്യാത്തതിനാൽ സംഭ വിക്കുന്ന പട്ടിണി മരണങ്ങൾ യഥാർത്ഥത്തിൽ കൊലപാതകമാണെന്ന് ഇവിടെ സൂചിപ്പിക്കുന്നു. പഴയ നിയമ പ്രവാചകന്മാരുടെ, പ്രത്യേകിച്ചും ആമോസ്, ഏശയ്യാ, മിക്കാ എന്നിവരുടെ തീക്ഷ്ണമായ ശൈലിയാണ് യാക്കോബ് അവലംബിക്കുന്നത്. (ഉദാ മിക്കാ 3, 1-3, ആമോ 2, 6-7, ഏശ 5, 8-24).

വേലക്കാർക്ക് അർഹമായ കൂലി നിഷേധിച്ച് സ്വരുക്കൂട്ടുന്ന മിച്ച മൂല്യത്തിലൂടെ ധനികരാകുന്നവർക്കെതിരെയാണ് യാക്കോബ് ആഞ്ഞ ടിക്കുന്നത്. "ഹൃദയം കൊഴുപ്പിക്കുക" എന്നത് ഭയാനകമായൊരു പ്രയോഗമാണ്. പ്രാധാന്യമുള്ള ചില അവസരങ്ങളിലെ വിരുന്നിനു രുചി കരമായ മാംസം ലഭ്യമാക്കാൻവേണ്ടി ചില മൃഗങ്ങളെ പ്രത്യേകമായ ആഹാരം നല്കി വളർത്താറുണ്ട്. Corn Beaf എന്ന് ഇംഗ്ലീഷിൽ പറ യുന്നതിന് സമാനമായൊന്ന്. ഈ അർത്ഥത്തിലാണ് ധൂർത്തപുത്രൻ

മടങ്ങിവന്നപ്പോൾ 'കൊഴുത്ത' കാളയെ കൊല്ലാൻ പിതാവ് കല്പിക്കുന്നത്. വലിയ ആഹ്ളാദത്തിന്റെയും ആഘോഷത്തിന്റെയും അവസരത്തിൽ വിളമ്പാനാണ് കൊഴുപ്പിക്കുന്നത്. ഇപ്പോൾ മാന്യന്മാരും അധികാരികളുമായി കരുതപ്പെടുന്ന ധനികർക്കുവേണ്ടി കഠിനമായ ശിക്ഷാവിധി പ്രത്യേകം ഒരുക്കിയിരിക്കുന്നു എന്ന് യാക്കോബ് അറിയിക്കുന്നു.

അതോടൊപ്പം ഒരാൾ ധനികനാകുന്നതിന്റെ സാമൂഹ്യ-സാമ്പത്തിക വശങ്ങളിലേക്കും ഈ പ്രഖ്യാപനം വിരൽചൂണ്ടുന്നുണ്ട്. ദൈവം സൃഷ്ടിച്ച ഭൂമിയും മനുഷ്യന്റെ അധ്വാനവുമാണ് സമ്പത്തിനു നിദാനം. ഭൂമിയും അതിലെ വിഭവങ്ങളും ഒരു മനുഷ്യന്റെയും സ്വന്തമല്ല, അത് എല്ലാവർക്കുമായി ദൈവം നല്കിയിരിക്കുന്നതാണ്. മനുഷ്യന് ഉടമസ്ഥാവകാശമില്ല, ഉപഭോഗാവകാശം മാത്രമേയുള്ളൂ. ഭൂവിഭവങ്ങൾ സമ്പത്തായി മാറുന്നത് അധ്വാനത്തിന്റെ ഫലമാണ്. അതിനാൽ വേലക്കാരനു ന്യായമായി ലഭിക്കേണ്ടതു നല്കാതെ മാറ്റിവച്ചുണ്ടാക്കുന്ന ധനം അതിൽത്തന്നെ അനീതിയുടെ ഫലമാണെന്നു വരുന്നു. അധ്വാനം പലവിധമാകാം എന്ന് അംഗീകരിക്കുമ്പോഴും വേലക്കാർക്ക് അർഹമായതു നല്കണം എന്ന ദൈവിക - സ്വാഭാവിക - നിയമം മറക്കാനാവില്ല. വേലയ്ക്ക് അർഹമായ കൂലി നല്കാതിരിക്കുന്നതും അധ്വാനിക്കാതെ വേതനം പിടിച്ചുവാങ്ങുന്നതും ഒരുപോലെ കുറ്റകരവും ശിക്ഷാർഹവുമാണെന്ന ഈ പ്രബോധനം ഇന്നും എന്നും ഒരുപോലെ പ്രസക്തമാണ്.

സ്നേഹത്തിന്റെ ഫലമാകണം സാമൂഹ്യനീതി എന്ന പ്രബോധനത്തിനാണ് യോഹന്നാന്റെ ലേഖനം പ്രാധാന്യം നല്കുന്നത്. "ദൈവം സ്നേഹമാകുന്നു" (1യോഹ 4, 8.16) എന്നു നിർവചിച്ച അപ്പസ്തോലൻ സ്നേഹത്തെ ഏറ്റം പ്രധാനപ്പെട്ട കല്പനയായി എടുത്തു കാട്ടുന്നു. ഇത് യേശുവിന്റെ തന്നെ പ്രബോധനമാണെന്നതിൽ തർക്കമില്ല. എന്നാൽ ദൈവസ്നേഹത്തിനു ലേഖനകർത്താവു നല്കുന്ന പുതിയ നിർവ്വചനവും സഹോദരസ്നേഹവുമായി അതിനുള്ള ബന്ധവും സാമൂഹ്യരീതിയെക്കുറിച്ചുള്ള വീക്ഷണം കൂടുതൽ വ്യക്തമാക്കുന്നു.

"നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം. പ്രിയപ്പെട്ടവരേ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു" (1യോഹ 4, 10-11). അനുഭവിച്ചറിയുന്ന ദൈവസ്നേഹത്തിന് മനുഷ്യൻ നല്കുന്ന മറുപടിയാണ്

സ്നേഹം. അതേ സമയം ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവിടുത്തെ കല്പനകൾ അനുസരിക്കുകയാണെന്നും ആ കല്പനകളെല്ലാം പരസ്പരം സ്നേഹിക്കുക എന്ന ഏക കല്പനയിൽ ഒതുങ്ങുന്നുവെന്നും യോഹന്നാൻ പഠിപ്പിക്കുന്നു (1യോഹ 3, 23). "ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാൻ സാധിക്കാത്തവന് കാണപ്പെടാത്ത സഹോദരനെ  സ്നേഹിക്കാൻ സാധിക്കുകയില്ല.... ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം" (1യോഹ 4, 20-21).

ഈ സ്നേഹം വാക്കിൽ ഒതുങ്ങിയാൽ പോരാ, പ്രവൃത്തിയിലൂടെ പ്രകടമാകണം. "ലൗകിക സമ്പത്തുണ്ടായിരിക്കേ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരേ ഹൃദയം അടയ്ക്കുന്നവെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുമക്കളേ വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്, പ്രവൃത്തിയിലും സത്യത്തിലുമാണ്" (1യോഹ 3, 17-18). സഹോദരനെ സ്നേഹിക്കാതിരിക്കുന്നത്, കഴിവുണ്ടായിട്ടും സഹായിക്കാതിരിക്കുന്നത് വെറുക്കുന്നതിനു തുല്യമാണെന്നും അത് കൊലപാതകത്തിനു സമമാണെന്നും പഠിപ്പിച്ച ശേഷമാണ് യോഹന്നാൻ ഈ നിർദേശം നല്കുന്നത്. "സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. കൊലപാതകിയിൽ ജീവൻ വസിക്കുന്നില്ല" (1യോഹ 3,15).

സാമൂഹ്യനീതിയെക്കുറിച്ച് യാക്കോബിന്റെയും യോഹന്നാന്റെയും ലേഖനങ്ങൾ അവതരിപ്പിക്കുന്ന പ്രബോധനങ്ങൾ ഇതര ബൈബിൾ ഗ്രന്ഥങ്ങളുടേതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല. അവയെല്ലാം കൂടുതൽ നിശിതവും തീവ്രവുമായി ഈ ലേഖനങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ദൈവിക ജീവനിൽ പങ്കുചേരുക, അങ്ങനെ നിത്യരക്ഷ പ്രാപിക്കുക- അതാണ് എല്ലാ മനുഷ്യരുടേയും ആത്യന്തികമായ ദൈവനിശ്ചിത ലക്ഷ്യം. രക്ഷ പ്രാപിക്കാൻ വിശ്വാസം കൂടിയേ തീരൂ. അതേസമയം വിശ്വാസം നീതിയുടെ പ്രവർത്തനങ്ങളിലൂടെ പ്രകടമാകണം. ദൈവഭക്തിയും  സാമൂഹ്യനീതിയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

ഏറ്റം പ്രധാനപ്പെട്ടതും സകല നിയമങ്ങളുടെയും അടിസ്ഥാനവും കാതലുമായ പ്രമാണമാണ് സ്നേഹം. എന്നാൽ സ്നേഹം വെറും ഒരു വികാരമോ ഇഷ്ടപ്പെട്ടവരോട് മാത്രം കാണിക്കുന്ന താത്പര്യമോ അല്ല,

ഉള്ളും ഉള്ളതും ആവശ്യക്കാരനുമായി പങ്കുവയ്ക്കുന്നതാണ്. ദൈവം യേശുക്രിസ്തുവിലൂടെ തന്നെത്തന്നെ പൂർണമായി നമുക്കു നല്കി. അതുപോലെ നാമും സഹോദരങ്ങൾക്കായി സ്വയം ദാനം ചെയ്യാൻ തയ്യാറാവണം. “ഞാൻ നിങ്ങളെ സ്നേഹിച്ചുതപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ” (യോഹ 13, 34) എന്ന യേശുവിന്റെ പുതിയ കല്പനതന്നെയാണ് നീതിയുടെ മാർഗമായി പഠനവിഷയമാക്കിയ ലേഖനങ്ങൾ എടുത്തു കാണിക്കുന്നത്. ഈ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ഭക്തിയും ആചാരാനുഷ്ഠാനങ്ങളും ജീവിതശൈലികളും സ്ഥാപനങ്ങളുടെ നടത്തിപ്പും സാമൂഹ്യജീവിതക്രമവും എല്ലാം ഒരു പുനർവിചിന്തനത്തിനു വിധേയമാക്കണം. എങ്കിലേ ബൈബിൾ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി സാധ്യമാകൂ.

# 30

## ഉപസംഹാരം - നവയുഗദർശനം

*"ഒരു പുതിയ ആകാശവും ഭൂമിയും ഞാൻ കണ്ടു... ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്ത് വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും..... അവിടുന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി"* (വെളി 21, 1-4).

സാമൂഹ്യനീതിയെക്കുറിച്ച് ബൈബിളിന്റെ താളുകളിൽക്കൂടിയുള്ള അന്വേഷണം ഇവിടെ പരിസമാപ്തിയിൽ എത്തുകയാണ്. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്ന മഹാവാക്യത്തോടെ ആരംഭിച്ച ബൈബിൾ വിവരണങ്ങൾ "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു" എന്ന സാക്ഷ്യത്തോടെ സമാപിക്കുന്നു. മനുഷ്യന്റെ പാപം മൂലം വികൃതമാക്കപ്പെട്ട പ്രപഞ്ചം വീണ്ടും ആദ്യശോഭ വീണ്ടെടുത്ത് വിശുദ്ധീകരിക്കപ്പെടുന്നതിന്റെ സുദീർഘമായ ചരിത്രമാണ് 73 പുസ്തകങ്ങളിലൂടെ ചുരുളഴിയുന്നത്.

നുണയിലൂടെ ആരംഭിച്ച പതനത്തിൽ നിന്ന് സത്യത്തിലൂടെ മനുഷ്യൻ വീണ്ടെടുക്കപ്പെടുന്നു. ഈ വീണ്ടെടുപ്പിന്റെയും പുനസ്ഥാപനത്തിന്റെയും ചിത്രമാണ് അനേകം പ്രതീകങ്ങളുടെയും അടയാളങ്ങളുടെയും സഹായത്തോടെ വെളിപാടുഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന

ത്. ബൈബിളലെ അവസാനത്തെ പുസ്തകം മാത്രമല്ല വെളിപാട്; മറ്റ് 72 ഗ്രന്ഥങ്ങളിൽ അവതരിപ്പിച്ച സത്യത്തിന്റെ ഒരു സാരസംഗ്രഹവും സംക്ഷിപ്തവിവരണവും ഇതുൾക്കൊള്ളുന്നു. അതിനാൽത്തന്നെ സാമൂഹ്യനീതിയെക്കുറിച്ചുള്ള പഠനത്തിന്റെ ഉപസംഹാരവും ഈ പുസ്തകത്തിൽ കാണാം. ഈ ലോകവും അതിന്റെ ചരിത്രവും പൂർണമായും തിന്മയ്ക്ക് അധീനമായിരിക്കുന്നു. മനുഷ്യപ്രയത്നം കൊണ്ടു മാത്രം ഇനി അതിനെ വീണ്ടെടുക്കാനാവില്ല എന്ന ഒരവബോധത്തിലേക്കാണ് പഴയനിയമകാലത്തിന്റെ അവസാനത്തോടെ എത്തിച്ചേർന്നത്. പ്രവാചകന്മാർ നിർദേശിച്ച മാനസാന്തരം പൂർണമായും സംഭവിച്ചില്ല. ജ്ഞാനികൾ ആവശ്യപ്പെട്ട സമ്പൂർണ അനുസരണവും ഉണ്ടായില്ല. ഇനി ഒന്നേ അവശേഷിക്കുന്നുള്ളൂ. ദൈവം നേരിട്ട് ചരിത്രത്തിൽ ഇടപെടണം. തിന്മയ്ക്കധീനമായ ഈ ലോകത്തെ തച്ചുടച്ചു പുതുക്കി വാർത്തെടുക്കണം. സമൂലമായ ഒരു പുനർസൃഷ്ടി സംഭവിച്ചാലേ നീതി നടപ്പിലാകൂ, രക്ഷ ലഭിക്കൂ. ദൈവം വൈകാതെ ഇപ്രകാരമൊരു പുതിയ സൃഷ്ടി നടത്തും എന്ന് പ്രതീക്ഷ നല്കുന്ന ഗ്രന്ഥങ്ങളെ വെളിപാട് സാഹിത്യശാഖയിലാണ് ബൈബിൾ പഠിതാക്കൾ പെടുത്തുന്നത്. ഏശ 24-27; 35; 65, 17-25; ജറെ 4, 23-31;31, 31-40; എസെ 37;ദാനി 7-12;ജോയേൽ; ആമോസ് 8; സെഫാ; സഖ 14 തുടങ്ങിയ പഴയനിയമഭാഗങ്ങളിൽ ഈ സാഹിത്യരൂപത്തിന്റെ സ്വാധീനം കാണാം. അതുപോലെ തന്നെ മത്താ 24-25; മർക്കോ 13; 1 തെസ 4, 13 -18; 1 കോറി 15 തുടങ്ങിയ പുതിയ നിയമഭാഗങ്ങളിലും ഈ യുഗാന്ത ദർശനം ദൃശ്യമാണ്. എന്നാൽ വെളിപാടു പുസ്തകത്തിലാണ് ഈ സാഹിത്യരൂപവും അതുവഴി നല്കപ്പെടുന്ന യുഗാന്ത ദർശനവും ഏറ്റം വ്യക്തമാകുന്നത്.

സാമൂഹ്യനീതിയെക്കുറിച്ച് ഇതുവരെ നാം കണ്ട കാര്യങ്ങൾ, വെളിപാടു പുസ്തകത്തിന്റെ സഹായത്തോടെ ഇപ്രകാരം ഉപസംഹരിക്കാം. ദൈവവിരുദ്ധമായി പ്രവർത്തിക്കുന്ന, അതേസമയം ദൈവത്തിന്റെ സൃഷ്ടിയും അഹങ്കാരം മൂലം അധപ്പതിച്ച് ദൈവശത്രുവായി വർത്തിക്കുന്ന, സാത്താൻ എന്നും പിശാച് എന്നും വിശേഷിപ്പിക്കുന്ന തിന്മയുടെ ശകതിയാണ് മനുഷ്യർ അനുഭവിക്കുന്ന സകല തിന്മകളുടെയും മൂലകാരണം. ആ തിന്മകളിൽ സുപ്രധാനമായ ഒന്നാണ് സമൂഹത്തിൽ നിലനില്ക്കുന്ന അനീതി. സാത്താൻ മനുഷ്യനെ അസത്യത്തിൽ തളച്ചിട്ടിരിക്കുന്നു. ഈ അടിമത്തത്തിന്റെ ദൃശ്യമായ പ്രകടനം സമൂഹത്തിലെ അനീതികളിൽ കാണാം.

ആരംഭം മുതലേ നുണയനും നുണയുടെ പിതാവുമായ സാത്താൻ അസത്യത്തെ സത്യമായി അവതരിപ്പിച്ച് മനുഷ്യനെ അടിമയാക്കുന്നു. ഈ അടിമത്തത്തിൽ നിന്നുള്ള മോചനമാണ് ബൈബിൾ വരച്ചുകാട്ടുന്ന രക്ഷാചരിത്രം. അബ്രാഹത്തിന്റെ വിളിയിലൂടെ ഈ ചരിത്രം ആരംഭിക്കുന്നു. ദൈവം തന്നെത്തന്നെയും തന്റെ രക്ഷാകരപദ്ധതിയെയും മനുഷ്യന് പടിപടിയായി വെളിപ്പെടുത്തി. സീനായ് ഉടമ്പടി ഈ പാതയിലെ ഒരു നിർണായക സംഭവമാണ്. ദൈവമനുഷ്യബന്ധങ്ങളിൽ നിലനിൽക്കേണ്ട നീതിയുടെ മാനങ്ങൾ ഉടമ്പടിയിലൂടെ, പ്രമാണങ്ങളിലൂടെ വെളിപ്പെടുത്തി. ആ പ്രമാണങ്ങളുടെ വിശദീകരണങ്ങൾ ജ്ഞാനികളും പ്രവാചകന്മാരും വഴി നല്കി.

എന്നാൽ പാപംമൂലം ബലഹീനമാക്കപ്പെട്ട മനുഷ്യപ്രകൃതിക്ക് ഈ നിയമങ്ങൾ പൂർണമായി ഗ്രഹിക്കാനോ ജീവിക്കാനോ സാധിക്കുകയില്ല. ആഗ്രഹിക്കുന്ന നന്മ ചെയ്യാൻ കഴിയാതെ, ആഗ്രഹിക്കാത്ത തിന്മ ചെയ്യാൻ നിർബന്ധിതനാകുന്ന മനുഷ്യന് (റോമ 7, 13-25) ദൈവം മോചനം നല്കും. അതിനായാണ് ദൈവം മനുഷ്യനായി, നസ്രത്തിലെ യേശുവായി അവതരിച്ചത്. യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും പ്രബോധനങ്ങളും നീതിനിഷ്ഠമായ ഒരു സമൂഹത്തിന് അടിത്തറയിടുകയും രൂപരേഖ നല്കുകയും ചെയ്യുന്നു. യേശുവഴി ഈ ഭൂമിയിൽ തുടക്കം കുറിച്ച നീതിനിഷ്ഠമായ സമൂഹം ദൈവരാജ്യമെന്നാണ് അറിയപ്പെടുക. യേശു ഈ ഭൂമിയിൽ ഉദ്ഘാടനം ചെയ്ത ദൈവരാജ്യം ഇവിടെ നിലനിന്ന, തിന്മയിൽ അടിയുറച്ച, സാത്താന്റെ രാജ്യവുമായി സംഘട്ടനത്തിൽ ഏർപ്പെടുന്നു. ഈ ഭൂമിയുടെ ആധിപത്യത്തിനുവേണ്ടിയുള്ള, നന്മയും തിന്മയും തമ്മിൽ, യേശുവും സാത്താനും തമ്മിൽ നടക്കുന്ന യുദ്ധമായിട്ടാണ് വെളിപാടുഗ്രന്ഥകാരൻ ചരിത്രത്തെ അവതരിപ്പിക്കുന്നത്.

പ്രത്യക്ഷത്തിൽ തിന്മയ്ക്കാണ് കൂടുതൽ ശക്തി. ഏഴു തലയും പത്തു കൊമ്പുമുള്ള ഭീകരസർപ്പം, ആകാശത്തിലെ നക്ഷത്രങ്ങളെ വാരിക്കൂട്ടി ഭൂമിയിലേക്ക് എറിയാൻ മാത്രം ശക്തമാണ് തിന്മ. എന്നാൽ യേശുവാകട്ടെ ബലിചെയ്യപ്പെട്ടിട്ടും എണീറ്റു നില്ക്കുന്ന കുഞ്ഞാടിനെപ്പോലെ സൗമ്യനും ദുർബലനും. യേശുവിന്റെ സഭയോ, ഗർഭിണിയായ സ്ത്രീയെപ്പോലെ ദുർബല. ഇത് നാം ജീവിക്കുന്ന ലോകത്തിന്റെ തന്നെ ചിത്രമാണ്. നുണയെ നേരായി പ്രചരിപ്പിക്കുന്ന മാധ്യമങ്ങളും ഈ ഭൂമിയെത്തന്നെ പലവട്ടം ചുട്ടുചാമ്പലാക്കാൻ മാത്രം കഴിവുള്ള നശീകരണായുധങ്ങളും സ്വന്തമാക്കിയിരിക്കുന്ന തിന്മയുടെ ശക്തിയെ

എതിരിടാൻ മറുഭാഗത്ത്, പ്രത്യക്ഷത്തിൽ ദുർബ്ബലമായ ആയുധങ്ങളേയുള്ളൂ - ദൈവവചനം. എന്നാൽ യാഥാർത്ഥ്യം പ്രത്യക്ഷത്തിനു വിരുദ്ധമാണെന്ന് വെളിപാടുഗ്രന്ഥം പഠിപ്പിക്കുന്നു.

സ്നേഹം വിദ്വേഷത്തെക്കാളും, ജീവൻ മരണത്തേക്കാളും സത്യം അസത്യത്തേക്കാളും ശക്തമാണ്. ഇവിടെ ആത്യന്തികമായ പോരാട്ടം നടക്കുന്നത് ചില മനുഷ്യർ തമ്മിലോ സമൂഹങ്ങൾ തമ്മിലോ അല്ലാ, നന്മയും തിന്മയും തമ്മിലാണ്. ദൈവവും സാത്താനും തമ്മിൽ. അതിനാൽത്തന്നെ വിജയം ആർക്കായിരിക്കും എന്ന കാര്യത്തിൽ സംശയം വേണ്ടാ. പക്ഷേ ഒന്നുണ്ട്. ദൈവത്തോട്, സത്യത്തോട് ചേർന്നുനില്ക്കുന്നവർ സഹിക്കേണ്ടിവരും. അസത്യത്തിന്റെ പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് തള്ളിപ്പറയണം. നീതിക്കുവേണ്ടി പീഡനമേല്ക്കാനും ജീവൻ പോലും ത്യജിക്കാനും സന്നദ്ധരായിരിക്കണം. ഇപ്രകാരം തിന്മയ്ക്കെതിരേ യേശുവിനോട് ചേർന്നു നിൽക്കുന്നവരാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുക. ദൈവരാജ്യാനുഭവം സ്വന്തമാക്കുക.

നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം യുഗാന്തം വരെ തുടരും; അടിക്കടി രൂക്ഷവും ക്രൂരവുമായിക്കൊണ്ടിരിക്കും. എന്നാൽ ദൈവം തന്നെ തിന്മയ്ക്ക് അറുതിവരുത്തും. നുണയുടെ ഉറവിടവും പ്രചാരകരും പ്രയോക്താക്കളും ഒന്നടങ്കം ഉന്മൂലനം ചെയ്യപ്പെടും. അതാണ് വെളിപാടു ഗ്രന്ഥം വരച്ചുകാട്ടുന്ന യുഗാന്തദർശനം. അവിടെ അനീതിയും അസത്യവുമുണ്ടാകില്ല. വേദനയും വിലാപവും മരണവുമുണ്ടാവില്ല. ദൈവം തന്നെ എല്ലാം നവീകരിക്കുമ്പോൾ ഒരിക്കലും അസ്തമിക്കാത്ത സന്തോഷത്തിന്റെ നിമിഷം - നിത്യത തീർക്കുന്ന ആനന്ദനിമിഷം സംജാതമാകും. അതു ദൈവത്തിന്റെ തന്നെ പ്രവൃത്തി ആയിരിക്കും. ഇതാണ് വെളിപാടു പുസ്തകത്തിലൂടെ അവസാനമായി ദൈവം വച്ചുനീട്ടുന്ന നീതിനിഷ്ഠമായ സമൂഹം.

ദുർബലന്റെ ദിവാസ്വപ്നമല്ലിത്. ഭീരുവിന്റെ മനക്കോട്ടയുമല്ല. ദൈവത്തിന്റെ തന്നെ വാഗ്ദാനമാണ്; എന്നാൽ ഈ യുഗാന്തസന്തോഷത്തിൽ പങ്കുചേരാൻ അവശ്യം പാലിക്കേണ്ട ഒരു നിബന്ധനയുണ്ട്. വിശ്വാസം - വിശ്വസ്തത. യേശുവിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തിൽ വിശ്വസിക്കുക. അവന്റെ കല്പനകൾ വിശ്വസ്തതയോടെ അനുസരിക്കുക. അതാണ് സാമൂഹ്യനീതിയുടെ ആത്യന്തികമാർഗം. പോരാ, ഏകമാർഗം. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (യോഹ 13,34). അവനിൽ വിശ്വസിക്കുകയും അവനെ അനുസരിക്കുകയും ചെയ്തുകൊണ്ട് അവനോടു

ചേർന്നു നില്ക്കുന്നവരാണ് നിരന്തരം പ്രാർത്ഥിക്കുന്നത്: "കർത്താവായ യേശുവേ വരണമേ!" - *മാറാൻ ആത്താ* - (വെളി 22,20).

ഇതു വിശ്വാസികളുടെ പ്രാർത്ഥനയാണ്; മാത്രമല്ല ഈ പ്രപഞ്ചത്തിന്റെ തന്നെ പ്രാർത്ഥനയാണ് (റോമാ 8, 22); നീതിക്കുവേണ്ടിയുള്ള നിലവിളി നെടുവീർപ്പുകളായി ഉയരുന്ന, പരിശുദ്ധാത്മാവിനാൽ പ്രേരിതമായ (റോമാ 8,26) പ്രാർത്ഥന. നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവും പ്രാർത്ഥനയും നിലവിളിയും സമരങ്ങളും സഹനങ്ങളും ഒന്നും വ്യർത്ഥമാകില്ല. കാരണം നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവും മനുഷ്യഹൃദയത്തിൽ നിറച്ചവൻ തന്നെയാണ് പറയുന്നത്: "ഇതാ ഞാൻ വേഗം വരുന്നുന്നു" (വെളി 22,20) പരിശുദ്ധാത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിഞ്ഞ ദൈവം തന്നെയാണ് ഒരിക്കും നിരാശപ്പെടുത്താത്ത ഈ പ്രത്യാശ നമുക്കു നല്കുന്നത്(റോമ 5,5). അവിടുന്നു നല്കുന്ന വാഗ്ദാനത്തിൽ ഉറച്ചുവിശ്വസിച്ച് (2പത്രോ 3,13) പ്രത്യാശയോടെ, സ്നേഹത്തോടെ നമുക്കും പറയാം: ***മാറാൻ ആത്താ!***

കർത്താവായ യേശുവേ വരണമേ!